# കേരള നിയമസഭാ നടപടികൾ

**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**2018 മാർച്ച് 9, വെള്ളി**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 171 – നമ്പർ 8

വില : ₹ 50

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

2018 മാർച്ച് 9, വെള്ളി

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

526/20

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം.എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*

I **ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ... 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ... 34

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...34

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...102

II **പ്രത്യേക അറിയിപ്പ്** ...446

III **തിരുത്തിയ ഉത്തരം** ...446

IV **അടിയന്തരപ്രമേയം** ...446

ലൈറ്റ് മെട്രോ പദ്ധതി

(അവതരണാനുമതി നിഷേധിച്ചു)

V **ശ്രദ്ധ ക്ഷണിക്കൽ**

1. പ്രവാസി മലയാളികളുടെ പുനരധിവാസ പദ്ധതി

—ശ്രീ. കെ. വി. അബ്ദുൾ ഖാദർ ...465

2. ഭിന്നലിംഗക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നിയമനിർമ്മാണം

—ഡോ. എം. കെ. മുനീർ ...466

VI **സബ്മിഷൻ**

1. എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ്

—ശ്രീ. കെ. രാജൻ ...475

2. വളാഞ്ചേരി- വട്ടപ്പാറ വാഹനാപകടം

—പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ...477

3. കുന്നത്തൂർ താലൂക്ക് ഓഫീസിലെ തസ്തികകൾ

—ശ്രീ. കോവൂർ കുഞ്ഞുമോൻ ...478

4. കടൽഭിത്തി പുനർനിർമ്മാണം

—ശ്രീ. വി.എസ്. ശിവകുമാർ ...480

*പേജ്*

5. നെൽകൃഷി വികസനം

—ശ്രീ. കെ. ദാസൻ ...482

6. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് നവീകരണം

—ശ്രീ. ജോൺ ഫെർണാണ്ടസ് ...485

7. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി

—ശ്രീ. റോഷി അഗസ്റ്റിൻ ...487

8. ഹൈഡൽ ടൂറിസം പദ്ധതി

—ശ്രീ. ഡി. കെ. മുരളി ...489

**VII നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കാനുള്ള അനുവാദം** ...490

**VIII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന** ...491

**IX അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

(1) <u>റിപ്പോർട്ട് പരിഗണന</u>

അനൗദ്യോഗികാംഗങ്ങളുടെ ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് ...491

(2) <u>ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ</u>

(i) 2016-ലെ കേരള മോട്ടോർ വാഹന അപകട ഇരകൾക്കുള്ള അടിയന്തര സമാശ്വാസനിധി രൂപീകരണ ബിൽ

—ശ്രീ. എസ്. രാജേന്ദ്രൻ ...491

(ii) 2018-ലെ കേരള ഐ.ടി. മേഖലയിലെ ജീവനക്കാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

—ശ്രീ. പി. ടി. തോമസ് ...496

*പേജ്*

(3) <u>അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച</u>

(i) 2017-ലെ കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ് രൂപീകരണ ബിൽ

— ശ്രീ. കെ. കൃഷ്ണൻകുട്ടി ...504

(ii) 2016-ലെ കേരള നിർദ്ധനരായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കൽ ബിൽ

—ശ്രീമതി യു. പ്രതിഭ ഹരി ...510

**അനുബന്ധം**

25-1-2018-ലെ നക്ഷത്രചിഹ്നമിട്ട 84-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ...515

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

*2018 മാർച്ച് 9, വെള്ളി*

വാല്യം 171] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

നിയമസഭ 2018 മാർച്ച് മാസം 9-ാം തീയതി വെള്ളിയാഴ്ച രാവിലെ 08.30 -ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ..... ചോദ്യം നമ്പർ *211

### ഇറച്ചിക്കോഴി ഉല്പന്നങ്ങളുടെ ഇറക്കുമതി

1(*211) ശ്രീ. കെ. കൃഷ്ണൻകുട്ടി:

ശ്രീ. സി. കെ. നാണു:

ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമേരിക്കയിൽ നിന്നും കോഴിയിറച്ചിയും ഇറച്ചിക്കോഴി ഉല്പന്നങ്ങളും ഇറക്കുമതി ചെയ്യാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയ സാഹചര്യത്തിൽ ഇത് സംസ്ഥാനത്തെ ഇറച്ചിക്കോഴി കർഷകരെ പ്രതികൂലമായി ബാധിക്കാതിരിക്കുവാൻ എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇറക്കുമതി ചെയ്യുന്ന ശീതീകരിച്ചതും ജനിതകമാറ്റം വരുത്തിയ തീറ്റകൾ നൽകി വളർത്തിയതുമായ കോഴികളുടെ ഇറച്ചി ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാകാനുള്ള സാധ്യതയുണ്ടോ; ഇത് പ്രതിരോധിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) കോഴിയിറച്ചിയുടെ ആഭ്യന്തര ഉത്പാദനം, വിപണനം, വില നിയന്ത്രണം, ഗുണമേന്മ എന്നിവ ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ്, കുടുംബശ്രീ, കെപ്കോ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി ഇറച്ചിക്കോഴിവളർത്തൽ നടപ്പാക്കിവരുന്നു. കുടുംബശ്രീ യൂണിറ്റുകൾ വഴി വളർത്തുന്ന കോഴികൾ വിപണന പ്രായമെത്തുമ്പോൾ കിലോഗ്രാമിന് 85 രൂപ നിരക്കിൽ കെപ്കോ മുഖേന വാങ്ങി വിപണനം നടത്താനാണ് ധാരണയായിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ 1000 കോഴികൾ വീതമുള്ള 10 യൂണിറ്റുകൾ വീതം ആകെ 20 യൂണിറ്റുകൾ പൈലറ്റ് പ്രോജക്ടായി നിലവിൽ നടപ്പാക്കിവരുന്നു. ഘട്ടംഘട്ടമായി വരുന്ന 4 വർഷങ്ങളിൽ മൊത്തം 5000 യൂണിറ്റുകൾ സംസ്ഥാനത്തൊട്ടാകെ ആരംഭിക്കുവാനാണ് ലക്ഷ്യമിടുന്നത്.

ഇറക്കുമതി ചെയ്ത കോഴിയിറച്ചി ആഭ്യന്തര വിപണിയെക്കാൾ കുറഞ്ഞ വിലയ്ക്ക് വില്ക്കുകയാണെങ്കിൽ ആഭ്യന്തര ഉൽപ്പാദകരെ പ്രതികൂലമായി ബാധിക്കും. ഇത് ഇന്ത്യയൊട്ടാകെയുള്ള കോഴി വളർത്തൽ കർഷകരെ ബാധിക്കുന്നതാണ്. ഇങ്ങനെ സംഭവിക്കുകയാണെങ്കിൽ ഇറക്കുമതി ചെയ്യുന്ന കോഴിയിറച്ചിക്ക് ഉയർന്ന നികുതി ഏർപ്പെടുത്തി തദ്ദേശീയ കർഷകരെ സഹായിക്കേണ്ടിവരും.

കോഴിയിറച്ചിയുടെ ആഭ്യന്തര ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി പുതിയ പ്രോസസ്സിംഗ് പ്ലാന്റ്, ഹാച്ചറികൾ, കൊല്ലം, കോഴിക്കോട് ജില്ലകളിൽ പുതിയ ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ, ഫാമുകളുടെ നവീകരണം തുടങ്ങിയവയ്ക്ക് കെപ്കോ തുടക്കമിട്ടിട്ടുണ്ട്.

(ബി) ഇറക്കുമതി ചെയ്യുന്ന കോഴിയിറച്ചി വിപണിയിൽ എത്തുന്നതിനുമുൻപ് സാങ്കേതിക വിദഗ്ധർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി റിസ്ക് അനാലിസിസ് നടത്തുന്നതാണ്. ആയതിനാൽ ഇക്കാര്യത്തിൽ ആശങ്കപ്പെടേണ്ടതില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ നികുതി ഏർപ്പെടുത്താൻ സാധിക്കുന്നതാണെന്ന് പറഞ്ഞു. അങ്ങനെ നികുതി ഏർപ്പെടുത്താൻ നമുക്ക് സാധിക്കില്ല. WTO-യുടെ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലും RCEP ഒപ്പിട്ടാലും നമുക്ക് നികുതി ഏർപ്പെടുത്താനുള്ള അധികാരമില്ല. കേന്ദ്ര ഗവൺമെന്റിന് മാത്രമാണ് അത് സംബന്ധിച്ച് എന്തെങ്കിലും ചെയ്യാൻ കഴിയുന്നത്. WTO-യുടെ കഴിഞ്ഞ ചർച്ചയിൽ അതും ഒഴിവാക്കിക്കൊടുത്തു. നികുതി ഒഴിവാക്കി കൊടുത്തുകൊണ്ട് കൃഷിക്കാരെ രക്ഷിക്കുമെന്ന് പറയുന്നതിൽ അർത്ഥമില്ല. ജനിതകമാറ്റം വരുത്തിയ

തീറ്റകൾ കോഴിക്ക് കൊടുക്കുന്നതും ഫ്രീസറിൽവച്ച കോഴിയും ഹാനികരമാണെന്നു കണ്ട് യൂറോപ്പിൽ ഈ ഇറച്ചി നിരോധിച്ചുകഴിഞ്ഞു. അത്തരത്തിലുള്ള ഒരു നടപടിക്ക് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ഇത് തടയണം. ലക്ഷക്കണക്കിനാളുകളുടെ ഉപജീവനമാർഗ്ഗമാണ് ഇതുവഴി ഇല്ലാതാകുന്നത്. കേരളത്തിൽ തന്നെ എത്രയോ ആളുകൾ കോഴിഫാം തുടങ്ങിയിട്ടുണ്ട്. അതെല്ലാം നശിക്കാൻ പോകുന്നു. ഇന്ന് ഞാൻ കോഫി ഹൗസിൽ ചോദിച്ചപ്പോൾ 148 രൂപയ്ക്കാണ് അവർ കോഴി ഇറച്ചി വാങ്ങുന്നത്. അത് 89 രൂപയ്ക്ക് ഇവിടത്തെ ഹോട്ടലുകാർക്ക് ലഭിച്ചാൽ കോഴി വ്യവസായം മുഴുവൻ തകരും. ആ ഒരു അവസ്ഥയിൽ സംസ്ഥാനങ്ങളെയൊക്കെ കൂട്ടിയോജിപ്പിച്ചു കൊണ്ട് കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്താൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കെ. രാജു: സർ, RCEP (Regional Comprehensive Economic Partnership) കരാർ പല മേഖലകളെയും കാര്യമായി ബാധിക്കുന്നു. പാലിന്റെ മേഖലയായാലും മറ്റ് കാർഷിക ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട മേഖലയായാലും അതുപോലെതന്നെ കോഴിയിറച്ചി, കോഴിമുട്ട ഇതിനെയെല്ലാം കാര്യമായി ബാധിക്കും. അതുകൊണ്ടുതന്നെ കേരളത്തിന്റെ പ്രതിഷേധം കത്ത് മുഖേനയും നേരിട്ടും കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. RCEP കരാർ ഒപ്പിടാൻ പാടില്ലെന്ന നിലയിലുള്ള പ്രതിഷേധം അറിയിക്കാനുള്ള കത്തും കൊടുത്തിട്ടുണ്ട്. ആ നിലയിലല്ല കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുത്ത് മുന്നോട്ട് പോകുന്നതെന്ന് നമുക്കറിയാം. ഇത് നമ്മുടെ കർഷകരെ വളരെ ദോഷകരമായി ബാധിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഇതിനെല്ലാം ഒരു പരിഹാരം എന്നുപറയുന്നത് കോഴിയിറച്ചിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത നേടാനുള്ള പരിശ്രമത്തിലേയ്ക്ക് നമ്മൾ പോകുക എന്നതാണ്. അതല്ലാതെ വിദേശത്തുനിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കോഴിയിറച്ചി കൊണ്ടുവന്നാൽ അത് പലതരത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കും. അതുകൊണ്ട് കോഴിയിറച്ചി വിപണിയിലെത്തുന്നതിനുമുമ്പ്, കർഷകന്റെ കയ്യിലെത്തുന്നതിനുമുമ്പ് വിദഗ്ദ്ധരെ ക്കൊണ്ട് അത് പരിശോധിപ്പിക്കുന്നതിനുള്ള ഒരു സ്കീമാണ് നാം ഉണ്ടാക്കേണ്ടത്. അത് സംബന്ധിച്ചാണ് ഞാൻ ഒരു നിർദ്ദേശം വച്ചത്. കേന്ദ്ര ഗവൺമെന്റുതന്നെ അക്കാര്യത്തിൽ നടപടി സ്വീകരിക്കണം. ഇന്ത്യയിലെ കർഷകരെ രക്ഷിക്കാൻ വേണ്ടി വിദേശത്തുനിന്ന് ആഭ്യന്തര വിപണിയിൽ ഉള്ളതിനേക്കാൾ വിലകുറച്ച് ഇറക്കുമതി ചെയ്യുന്ന കോഴിയിറച്ചിക്ക് കൂടുതൽ നികുതി ഏർപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകണം. അതാണ് ഞാൻ സൂചിപ്പിച്ചത്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> സർ, ആന്റി ഡമ്പിംഗ് ഡ്യൂട്ടി പാടില്ലെന്നു തന്നെയാണ് ഇപ്പോഴുള്ള എഗ്രിമെന്റിലും WTO-യുടെ അവസാനത്തെ ചർച്ചയിലും പറഞ്ഞിട്ടുള്ളത്. അവർക്കാണെങ്കിൽ യു.എസ്. ഫാം ബില്ലിന്റെ അടിസ്ഥാനത്തിൽ ധാരാളം സബ്സിഡി കൊടുക്കുന്നുണ്ട്. ആ സബ്സിഡി വച്ചിട്ട് ഇവിടെ 50 രൂപയ്ക്ക് കോഴിയെ വിറ്റാലും അവർക്ക് ലാഭമാണ്. അങ്ങനെയുള്ള ഒരു മത്സരം വരുമ്പോൾ നമുക്ക് പിടിച്ചുനിൽക്കാൻ പ്രയാസമാണ്. മറ്റു സംസ്ഥാനങ്ങളെയെല്ലാം കൂട്ടിയോജിപ്പിച്ച് ചെറുത്തുനില്പ് സംഘടിപ്പിക്കാൻവേണ്ടി നമ്മുടെ ഗവൺമെന്റ് മുൻകയ്യെടുക്കുമോ എന്നാണ് അറിയേണ്ടത്?

<u>ശ്രീ. കെ. രാജു:</u> സർ, RCEP കരാർ കർഷകരെ ബാധിക്കുമെന്നുള്ളതുകൊണ്ട് അതിനെ എതിർക്കുന്ന സംസ്ഥാനങ്ങളിൽ ഈ മേഖല കൈകാര്യം ചെയ്യുന്ന വകുപ്പുമന്ത്രിമാരുടെ ഒരു യോഗം വിളിച്ചുകൂട്ടണമെന്നുള്ള ഒരാലോചനയുണ്ട്. ഇക്കാര്യത്തിൽ രാജ്യത്താകമാനം വലിയൊരു പ്രതിരോധം ഉയർന്നുവന്നാൽ മാത്രമേ അതിന് കഴിയൂ. അങ്ങനെയൊരു പ്രതിരോധത്തിന് നമ്മളായിരിക്കണം മുൻകയ്യെടുക്കേണ്ടത്. ഇന്നത്തെ സ്ഥിതിയിൽ ചിലപ്പോൾ നമ്മൾ മാത്രമേ കാണൂ എന്നുള്ളതും മനസ്സിലാക്കണമെന്നാണ് ശ്രീ. കെ. കൃഷ്ണൻകുട്ടിയോട് അറിയിക്കാനുള്ളത്.

<u>ശ്രീ. സി. കെ. നാണു:</u> സർ, കേരളത്തിൽ ലക്ഷക്കണക്കിന് കോഴികളെ വളർത്തുന്ന, കോഴിക്കച്ചവടം ചെയ്യുന്ന വ്യാപാരികൾ തിരുവനന്തപുരത്തുവന്ന് ഗവൺമെന്റിന് മുമ്പാകെ നിവേദനങ്ങൾ നൽകിയിരിക്കുകയാണ്. ഇത് വളരെ അപകടകരമായ സ്ഥിതിയാണ്. നമ്മുടെ നാട്ടിൽ വലിയ വിദ്യാഭ്യാസ യോഗ്യതയില്ലാത്ത പാവപ്പെട്ട കുറേ ആളുകളാണ് കോഴി വളർത്തലിലും കച്ചവടത്തിലുമൊക്കെ ഏർപ്പെടുന്നത്.എത്രയോ വർഷങ്ങളായി അവർ ചെയ്തുവരുന്ന കാര്യമാണ്. ഇത് ഒരു ഇടിത്തീപോലെയാണ് അവരുടെ നേർക്ക് വരുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ, തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഇതുമായി ബന്ധപ്പെട്ട മന്ത്രിമാർ സംഘടിച്ച് കേന്ദ്ര ഗവൺമെന്റിന്റെ മുമ്പാകെ ഈ ഇറക്കുമതി നിരോധിക്കാൻ എന്തെങ്കിലും വഴിയുണ്ടോയെന്ന് ആരാഞ്ഞു. ഇത് എത്ര ദിവസം ഫ്രിഡ്ജിൽ വച്ചിട്ടാണ് കേരളത്തിലേയ്ക്ക് വരുന്നത്; പലതരത്തിലുള്ള രോഗങ്ങളാണ് അതുണ്ടാക്കുന്നത്. നെൽകൃഷിയെ തകർത്ത വിദേശത്ത് നിന്നുവരുന്ന പലതരത്തിലുള്ള വളങ്ങളുണ്ടായിരുന്നു. അവ നിരോധിക്കാൻ നമ്മൾ സന്നദ്ധരായി. അതുപോലെ ഇതും ഇന്ത്യയിലേയ്ക്ക് കടക്കാതിരിക്കാൻ എങ്ങനെ സാധിക്കുമെന്നതിനെപ്പറ്റി ആലോചിച്ച് ശക്തമായ നീക്കം നടത്തണം. അതിന് ഗവൺമെന്റ് സന്നദ്ധമാകുമോ?

ശ്രീ. കെ. രാജു: സർ, ഇന്ത്യയിലേയ്ക്കുള്ള കയറ്റുമതിയും ഇറക്കുമതിയുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന നയത്തിനെ ആശ്രയിച്ചുമാത്രമേ ഒരു തീരുമാനമുണ്ടാകൂ എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കർഷകരുടെ രക്ഷയ്ക്കുവേണ്ടി പ്രത്യേകിച്ച് കേരളത്തിലെ കർഷകർക്കുവേണ്ടി, പരമാവധി അവരെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള സമീപനങ്ങൾ ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുമുണ്ടാകും. ഏറ്റവും മെച്ചപ്പെട്ട, നല്ല ഗുണനിലവാരമുള്ള കോഴിയിറച്ചി ലഭ്യമാക്കാൻ നമുക്ക് കഴിയണം. കേരളത്തിലെ 90% ആളുകളും കോഴിയിറച്ചി കഴിക്കുന്നവരാണ് എന്നാൽ കോഴിയെ വളർത്തുമോ എന്ന് ചോദിച്ചാൽ പഴയതുപോലെ ആരും കോഴിയെ വളർത്തുന്നില്ല. പണ്ട് ഒരു വീട്ടിൽ അഞ്ചോ പത്തോ കോഴികളെങ്കിലും കാണുമായിരുന്നു. ഇന്നിപ്പോൾ കോഴി വളർത്തലിൽ നിന്ന് പിന്നോട്ട് പോയിട്ടുണ്ട്. അപ്പോൾ വ്യാപകമായി എല്ലാ വീട്ടിലും അഞ്ചോ പത്തോ കോഴികളെ വളർത്താവുന്നതാണ്.അതുപോലെതന്നെ ഈ മേഖലയിലേയ്ക്ക് കടന്നുവന്നിട്ടുള്ള ചെറുകിട സംരംഭകരുണ്ട്. അവരെ നിലനിർത്താൻ കഴിയത്തക്ക രീതിയിലുള്ള എല്ലാ സഹായങ്ങളും സംസ്ഥാന ഗവൺമെന്റ് ചെയ്യും. ഈ രംഗത്ത് സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ടാണ് 'കേരള ചിക്കൻ' എന്ന പേരിൽ കുടുംബശ്രീയുമായി ചേർന്നുകൊണ്ട് ഒരു പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചത്. 5000 യൂണിറ്റുകൾ ആരംഭിക്കുന്നതിനുവേണ്ടിയാണ് പരിശ്രമിക്കുന്നത്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ലോകത്തിൽ ഏറ്റവും കൂടുതൽ കോഴികളെ ഉല്പാദിപ്പിക്കുന്നത് അമേരിക്ക, ബ്രസീൽ, ഇന്ത്യ, ചൈന എന്നീ രാജ്യങ്ങളാണ്. അമേരിക്കയിൽ നിന്നുള്ള കോഴികളെ മറ്റ് യൂറോപ്യൻ രാജ്യങ്ങളിൽ ഇറക്കുമതി ചെയ്യുന്നില്ല. യൂറോപ്യൻ രാജ്യങ്ങളിൽ ഇത് നിരോധിച്ചിരിക്കുകയാണ്. അമേരിക്കക്കാർ കോഴിയുടെ ചെസ്റ്റ് മാത്രമേ കഴിക്കൂ; കോഴിക്കാലുകൾ കഴിക്കില്ല. അപ്പോൾ പതിനായിരക്കണക്കിന് ടൺ കോഴിക്കാലുകൾ ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുകയാണ്. ഇന്ത്യയിലെ ബി.ജെ.പി. ഗവൺമെന്റിന്റെ ഇറക്കുമതി നയം ഈ മേഖലയിൽ വലിയ പ്രത്യാഘാതമുണ്ടാക്കിയിട്ടുണ്ട്. പതിനായിരക്കണക്കിന് കോഴി കർഷകർ ഇന്ന് ആശങ്കയിലും ഉത്കണ്ഠയിലുമാണ്. ഈ ആശങ്കയും ഉത്കണ്ഠയും പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ?

ശ്രീ. കെ. രാജു: സർ, ആർ.സി.ഇ.പി കരാറിൽ ഒപ്പിട്ടുകഴിഞ്ഞാൽ ആ കരാറുമായി ബന്ധപെട്ട രാജ്യങ്ങളിൽ നിന്നും ഇവിടേയ്ക്ക് കോഴിയിറച്ചി യഥേഷ്ടം ഇറക്കുമതി ചെയ്യാൻ കഴിയും. അതല്ലാതെ നിലവിലുള്ള കേന്ദ്ര നയമനുസരിച്ച്, ഉദാരവൽക്കരണ നയം സ്വീകരിച്ചതിന്റെ ഭാഗമായി മറ്റുരാജ്യങ്ങളിൽനിന്ന്

സ്വതന്ത്രമായി അവർക്ക് ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യാം. ഇപ്പോൾ അങ്ങനെ ഇറക്കുമതി ചെയ്യുകയാണ്. വൻകിട കുത്തക മുതലാളിമാരെ സഹായിക്കുന്ന നയമാണ് കേന്ദ്ര ഗവൺമെന്റ് പിന്തുടർന്നത്. അതിന്റെ ഭാഗമായുള്ള നയങ്ങളും ആ നയങ്ങൾക്കെതിരായിട്ടുള്ള എതിർപ്പും ചെറുത്തുനിൽപ്പുമെല്ലാം കേരളത്തിലും അതുപോലെതന്നെ ഇന്ത്യയുടെ പല ഭാഗത്തും കമ്മ്യൂണിസ്റ്റുകാരും ഇടതുപക്ഷക്കാരും പുരോഗമന ചിന്താഗതിക്കാരുമെല്ലാം കൊണ്ടു വന്നപ്പോൾ അതിനെ കുറ്റം പറഞ്ഞയാളുകൾ നമ്മുടെ നാട്ടിലുണ്ട്. പക്ഷെ ഇന്നിപ്പോൾ അതിന്റെ ഫലം യഥാർത്ഥത്തിൽ ജനങ്ങൾ അനുഭവിച്ചു തുടങ്ങി. തീർച്ചയായും കേരളത്തിൽ കോഴി കൃഷിയിലേർപ്പെട്ടിരിക്കുന്ന ആളുകളെ സഹായിക്കുന്നതിന് എന്തെല്ലാം ചെയ്യാൻ കഴിയുമോ അതെല്ലാം ആലോചിച്ച് ചെയ്യും. നേരത്തെ സൂചിപ്പിച്ചതുപോലെ, കേന്ദ്ര ഗവൺമെന്റിന്റെ ഈ നയത്തിനെതിരായി സംസ്ഥാനങ്ങളെയൊക്കെ യോജിപ്പിച്ചുകൊണ്ടുള്ള ഒരു നീക്കത്തിന് മുൻകയ്യെടുക്കാനാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ:</u> സർ, കേരളത്തിന്റെ ദേശീയ ഭക്ഷണമാണ് കോഴിയിറച്ചി. ആ കോഴിയിറച്ചി വിദേശത്തുനിന്നും ഇറക്കുമതി ചെയ്ത് കുറഞ്ഞ വിലയ്ക്ക് നൽകിയാൽ എല്ലാവരും വാങ്ങും. കാരണം ഹോട്ടൽ ഉടമകളുടെ സംഘടന ഇത്തരം കമ്പനികളുമായി എഗ്രിമെന്റിലെത്തുകയാണ്. ഏറ്റവും കുറഞ്ഞ വിലയ്ക്ക് ചിക്കൻ എത്തിച്ചുകൊടുക്കാമെന്നു പറഞ്ഞാൽ അവരതു വാങ്ങിക്കും. എന്താണ് പാചകം ചെയ്തു തരുന്നതെന്ന് കഴിക്കുന്ന നമ്മളറിയുന്നില്ല. വിലകുറച്ചു കിട്ടുന്ന സാധനം വാങ്ങുന്നത് സ്വാഭാവികമാണ്. അതാരുടെയും കുറ്റമല്ല. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താം, മറ്റു സംസ്ഥാനങ്ങളെ വിളിച്ചുവരുത്താം, എന്നൊക്കെ പറയുമ്പോൾ അങ്ങുതന്നെ പറഞ്ഞ ഒരു കാര്യമുണ്ട്. അതിൽ ആരൊക്കെ കൂടുമെന്നറിഞ്ഞുകൂട! 'പോത്തിന്റെ ചെവിയിൽ വേദം ഓതിക്കളയാം എന്നിട്ട് ഞാൻ ശരിയാക്കിത്തരാം' എന്ന് നമ്മൾ ചിന്തിക്കേണ്ട. കേരളത്തിൽ ഏറ്റവും കൂടുതൽ ആവശ്യമുള്ള ഒരു സാധനമാണ് ചിക്കൻ. കോഴിയിറച്ചി ഇവിടത്തന്നെ ഉല്പാദിപ്പിക്കാനും കുറഞ്ഞ വിലയ്ക്ക് വിപണനം ചെയ്യാനും കഴിയുന്ന പല പൊതുമേഖലാ സ്ഥാപനങ്ങളുമുണ്ട്. കെപ്കൊ അതുപോലൊരു സ്ഥാപനമാണ്. അതിപ്പോൾ കുറെക്കാലമായി നിലാവത്ത് അഴിച്ചുവിട്ട കോഴിയെപ്പോലെ നടക്കുകയാണ്. അതിനെയും കുടുംബശ്രീയെയും ഉപയോഗപ്പെടുത്തി വ്യാപകമായി കോഴിക്കൂടുകൾ സ്ഥാപിച്ച് കൃഷിചെയ്യാം. കാസർഗോഡ് മുതൽ പാറശ്ശാല വരെ കോഴി കൃഷി ചെയ്യാൻ ആളുകളെ പ്രോത്സാഹിപ്പിക്കുക. എന്റെ നിയോജകമണ്ഡലത്തിലെ ഒരു വീട്ടിൽ ചെന്നപ്പോൾ ഒരു നല്ല കൂടിരിക്കുന്നു. ഇതെന്താണെന്ന് ചോദിച്ചപ്പോൾ കോഴിക്കൂടാണെന്നും,

കാശടച്ച് വാങ്ങിയതാണെന്നും പറഞ്ഞു. അങ്ങയുടെ നിയോജകമണ്ഡലത്തിനടുത്തു തന്നെയാണ്. അങ്ങേയ്ക്ക് വേണമെങ്കിൽ പരിശോധിക്കാം. കെപ്കോയിൽനിന്ന് 15 കോഴികളെ കാശ് കൊടുത്തു വാങ്ങിച്ചു. അതിൽ 2 കോഴി മാത്രമേ മുട്ടയിട്ടുള്ളു. കൊടുത്ത കോഴികളിൽത്തന്നെകുഴപ്പമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിമാരടക്കം കോഴിയെ വിതരണം ചെയ്യുന്നത് സൗജന്യമായിട്ടാണ്. സൗജന്യമായിട്ട് കൊടുക്കുന്നതിന് വിലയില്ല. സർക്കാർ സൗജന്യമായി 15 കോഴികളെവരെ ഒരു വീട്ടിൽ കൊടുത്തിട്ടുണ്ട്. അതിൽ എത്ര കോഴികൾ ജീവനോടെയുണ്ട്? പ്ലാസ്റ്റിക് കവറിലിട്ട് കൊണ്ടുപോകുമ്പോൾത്തന്നെ അതിൽ രണ്ടുമൂന്നെണ്ണം ചാകും. കെപ്കോ പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് ഏത് രാജ്യവുമായും കിടപിടിക്കാവുന്ന ഒരു മത്സരം കാഴ്ചവയ്ക്കാൻ അങ്ങയുടെ വകുപ്പിനെ സന്നദ്ധമാക്കാൻ കുടുംബശ്രീ പോലുള്ള ഏജൻസികളുമായി സഹകരിച്ച് ശക്തമായ നീക്കംനടത്താൻ എന്തുചെയ്യും എന്നാണെന്റെ ചോദ്യം ?

ശ്രീ. കെ. രാജു: സർ, സംസ്ഥാന സർക്കാർ ഒരു പൊതു സംരംഭമായ കേരള പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, അതുപോലെതന്നെ കുടുംബശ്രീ മിഷൻ എന്നിവയുമായി ചേർന്നുകൊണ്ട് കേരള ചിക്കൻ ഉല്പാദിപ്പിക്കുന്ന വിപുലമായ പദ്ധതിക്കാണ് തുടക്കംകുറിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി അതുമായി ബന്ധപ്പെട്ട ചർച്ച നടത്തിക്കഴിഞ്ഞു. 'പൈലറ്റ് പ്രോജക്റ്റ് 'എന്ന രീതിയിൽ 20 യൂണിറ്റുകൾ കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ ആരംഭിച്ചു. ആ യൂണിറ്റുകൾ വളരെ ഭംഗിയായി, ഫലപ്രദമായി നടക്കുന്നു. മാത്രമല്ല, ഒരു യൂണിറ്റിൽ ഒരു ദിവസം പ്രായമുള്ള 1000 കോഴിക്കുഞ്ഞുങ്ങളെയാണ് കൊടുക്കുന്നത്. 45 ദിവസം കഴിയുമ്പോൾ ആ കോഴിക്കുഞ്ഞുങ്ങൾ ഇറച്ചി പ്രായമാകുകയും അവയെ തിരിച്ചു വാങ്ങുകയും ചെയ്യുന്നു. അതിപ്പോൾ ഫലപ്രദമായി കണ്ടുതുടങ്ങി. കാരണം കുടുംബശ്രീ യൂണിറ്റുകൾ അതേറ്റെടുത്തു കഴിഞ്ഞു. അവർക്ക് കുടുംബശ്രീ മിഷനിൽ നിന്നും ഒരു ലക്ഷം രൂപയുടെ ലോൺ 4% പലിശയ്ക്കാണ് കൊടുക്കുന്നത്. അപ്പോൾ അവർക്ക് ഷെഡ്ഡ് കെട്ടുന്നതിനും അതുപോലെതന്നെ ആദ്യ 45 ദിവസത്തേയ്ക്കുള്ള തീറ്റയ്ക്കുമൊക്കെ ഈ പണം ഉപയോഗിക്കുവാൻ കഴിയും. പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനാണ് ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ അവർക്ക് കൈമാറുന്നത്. കോഴിക്കുഞ്ഞിന് ഒരു നിശ്ചിത വിലയുണ്ട്. 45 ദിവസം കഴിഞ്ഞ് അതിന്റെ ശരീരതൂക്കം കണക്കാക്കി കിലോയ്ക്ക് 85 രൂപ നിരക്കിലാണ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ തിരിച്ചു വാങ്ങുന്നത്. അത് വലിയ ആകർഷണമാണെന്നുള്ളതു കൊണ്ട് കൂടുതൽ ആളുകൾ ഈ മേഖലയിലേക്ക് വരുന്നുണ്ട്. 480-ലധികം യൂണിറ്റുകൾ ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. അവർക്ക് എറണാകുളത്തുവച്ച്

ട്രെയിനിംഗ് നടന്നു. ആദ്യ ഗഡു എന്നുള്ള രീതിയിൽ അവർക്ക് ഈ ലോണിന്റെ വിതരണം നടത്തിക്കഴിഞ്ഞു. ഗവൺമെന്റ് പ്ലാൻ ചെയ്യുന്നതുപോലെ 5000 യൂണിറ്റുകൾ രൂപീകരിക്കുവാൻ കഴിഞ്ഞാൽ ഈ രംഗത്ത് വളരെയധികം മുന്നേറ്റമുണ്ടാക്കാൻ കഴിയും. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ ലിമിറ്റഡ്, പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾകൂടി വിചാരിച്ചെങ്കിൽ മാത്രമേ ഈ പ്രോസസ്സ് നടത്തി വിപണനം നടത്താൻ കഴിയുകയുള്ളൂ. അങ്ങനെ ആ ശൃംഖല സജ്ജമാക്കാനുള്ള കർമ്മ പദ്ധതിയാണ് ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ളത്. 'കേരള ചിക്കൻ പദ്ധതി' ഒരു മാതൃകാ പദ്ധതിയായിട്ടുതന്നെ നടപ്പാക്കും. വിജയകരമായി നടപ്പാക്കാൻ കഴിയുമെന്നുള്ള പ്രതീക്ഷയാണ് ആ കാര്യത്തിലുള്ളത്.

<u>ശ്രീ. കെ. എം. ഷാജി:</u> സർ, ലക്ഷങ്ങളുടെ ഉപജീവന മാർഗ്ഗമെന്നത് ഒരു ഗുരുതരമായ പ്രശ്നം തന്നെയാണ്. പക്ഷെ അതിനേക്കാൾ പ്രധാനമാണ് കോടിക്കണക്കിന് ആളുകളുടെ ജീവൻ. ഇത്തരം ഇറക്കുമതി യൂറോപ്യൻ രാജ്യങ്ങളിൽ മാത്രമല്ല നിരോധിച്ചത്. കുവൈറ്റ്, ഖത്തർ, ഒമാൻ എന്നീ ഗൾഫ് രാജ്യങ്ങളിലും നിരോധിച്ചു. അവർ കൃത്യമായി പറഞ്ഞത് ആരോഗ്യ പ്രശ്നങ്ങൾ മാത്രമാണ്. ഉപജീവനത്തിനെക്കാൾ വലിയ പ്രശ്നമായി വരാൻ പോകുന്നത് ആരോഗ്യ പ്രശ്നമാണ്. അതുകൊണ്ട് കേരളത്തിന്റെ ഒരു പൊതുവികാരമായി കേന്ദ്ര സർക്കാരിനെ അറിയിക്കണം. നടക്കുമോ ഇല്ലയോ എന്ന് നോക്കിയിട്ടല്ലല്ലോ പ്രതിരോധം സൃഷ്ടിക്കുക. അതുകൊണ്ട് അതിനുള്ള ഒരു ശ്രമം നടത്താൻ സർക്കാർ വളരെ ഗൗരവതരമായി ശ്രമിക്കണം.

<u>ശ്രീ. കെ. രാജു:</u> സർ, കേരള ചിക്കനെ സംബന്ധിച്ച് പറയുമ്പോൾ, ആരോഗ്യത്തിന് ഹാനികരമല്ലാത്ത നിലയിൽ കേരള ചിക്കൻ ഉല്പാദിപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കാൻ കഴിയും. അതേസമയം അന്യരാജ്യത്തു നിന്നും വരുന്ന ഈ ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചെങ്കിൽ മാത്രമേ അതിന്റെ ഗുണനിലവാരം നിലനിർത്താൻ കഴിയൂ. അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റിൽ അതിനാവശ്യമായ സമ്മർദ്ദം ചെലുത്തുകയെന്നുള്ളതേയുള്ളൂ മാർഗ്ഗം. അതിന് ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

<u>ശ്രീമതി പി. അയിഷാ പോറ്റി:</u> സർ, കെപ്കോവഴി ഏതൊക്കെ പദ്ധതികളാണ് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്; അത് കേരളത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുമോ? ഇതിനോടനുബന്ധിച്ചുള്ള കോഴിത്തീറ്റ എപ്പോഴും അന്യസ്ഥലങ്ങളിൽ നിന്നാണ് ഇങ്ങോട്ട് കൊണ്ടുവരുന്നത്. അവർ അതിന്റെ കുത്തകകളാകുമ്പോൾ, ചോദിക്കുന്ന വില കൊടുത്ത്

വാങ്ങിക്കുമെന്ന് ഒരു സംഘടനയുടെ പരിപാടിയിൽ പങ്കെടുത്തപ്പോൾ പറഞ്ഞ് കേട്ടതാണ്. അതുകൊണ്ട് പോഷകഗുണമുള്ള തീറ്റ കേരളത്തിൽ തന്നെ ഉല്പാദിപ്പിച്ച് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. രാജു: സർ, കെപ്കോ അഥവാ കേരള പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ഈ രംഗത്തും നിരവധിയായിട്ടുള്ള പദ്ധതികൾ നടപ്പാക്കുന്നുണ്ട്. അതിലൊന്നാണ് ആശ്രയ പദ്ധതി. അത് വിധവകൾക്ക് വേണ്ടിയുള്ള പദ്ധതിയാണ്. നമ്മുടെ ഓരോ പഞ്ചായത്തിലും വിധവകളായിട്ടുള്ളവരുടെ എണ്ണത്തിനനുസരിച്ച് 10 കോഴിയും കോഴിത്തീറ്റയും ആവശ്യമായിട്ടുള്ള മരുന്നും കൊടുക്കുന്ന ഒരു പദ്ധതിയാണ് ആശ്രയ പദ്ധതി. ആ പദ്ധതിയനുസരിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 26128 വിധവകൾക്ക് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നുള്ള നിലയിൽ വിവിധ പഞ്ചായത്തുകളിലായി കോഴികളെ വിതരണം ചെയ്തിട്ടുണ്ട്. അതുപോലെതന്നെ മറ്റൊരു പദ്ധതിയാണ് 'കോഴി വളർത്തൽ ഗ്രാമം പദ്ധതി'. ആ പദ്ധതിയനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ 500 വനിതകൾക്കാണ് കോഴികളെ വിതരണം ചെയ്യുന്നത്. അതനുസരിച്ച് സംസ്ഥാനത്തൊട്ടാകെ 9500 വനിതകൾക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. കോഴിവളർത്തൽ ഗ്രാമം പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ 660 വനിതകൾക്കാണ് ഈ ആനുകൂല്യങ്ങൾ നൽകുന്നത്. 5 കോഴി, 2 കിലോ കോഴിത്തീറ്റ, 50 രൂപയുടെ മരുന്ന് എന്നിവ 15724 വനിതകൾക്ക് ഇതിനോടകം തന്നെ നൽകിയിട്ടുണ്ട്. മറ്റൊന്നാണ് 'കെപ്കൊ വനിതാ മിത്രം പദ്ധതി'. തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തിലെ 1000 കുടുംബശ്രീ വനിതകൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം നൽകുന്നത്. കഴിഞ്ഞ വർഷം 12,994 വനിതകൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ട്. മറ്റൊരു പദ്ധതിയാണ് സ്കൂളുകൾ വഴി നടപ്പാക്കുന്ന 'കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്'. 6-ാം ക്ലാസ്സ് മുതൽ 9-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികളാണ് അതിന്റെ ഗുണഭോക്താക്കൾ. 5 കോഴി, 5 കിലോ കോഴിത്തീറ്റ, 50 രൂപയുടെ മരുന്ന് ഇതാണ് ഒരു വിദ്യാർത്ഥിക്ക് നൽകുന്നത്. ആ പദ്ധതിയനുസരിച്ച് 31137 വിദ്യാർത്ഥികൾക്ക് കഴിഞ്ഞ വർഷം കോഴികളെ വിതരണം ചെയ്യുകയുണ്ടായി. കോഴിത്തീറ്റയും കാലിത്തീറ്റയും, അതിന് വേണ്ടിവരുന്ന അസംസ്കൃത സാധനങ്ങളിൽ കൂടുതലും മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. കൂടുതലും അല്ല മിക്കവാറുമെല്ലാം മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമാണ് കൊണ്ടുവരുന്നത്. അതുകൊണ്ട് കാലിത്തീറ്റയ്ക്കും കോഴിത്തീറ്റയ്ക്കും വില കൂടുകയാണ്. സ്വാഭാവികമായും കർഷകരെ അത് ബാധിക്കുന്നുണ്ട്. നല്ല ഗുണമേന്മയുള്ള കോഴിത്തീറ്റ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

## സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

2(*212) ശ്രീ. കെ. രാജൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എത്രത്തോളം സഫലീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) ദാരിദ്ര്യരേഖയ്ക്ക് തൊട്ടുമുകളിലുള്ളതും എന്നാൽ ഉയർന്ന ചികിത്സാ ചെലവ് താങ്ങാൻ കഴിയാത്തതുമായ നിർദ്ധന കുടുംബങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സീനിയർ സിറ്റിസൺ ഹെൽത്ത് ഇൻഷ്വറൻസ് സ്കീം എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) ഉണ്ട്. ആർ.എസ്.ബി.വൈ./ചിസ് പദ്ധതിയിലൂടെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/സ്വകാര്യ ആശുപത്രികളിൽനിന്നും വർഷത്തിൽ ഒരു കുടുംബത്തിന് 30,000 രൂപയുടെ സൗജന്യ കിടത്തി ചികിത്സ ലഭിക്കുന്നതാണ്. ആർ.എസ്.ബി.വൈ/ചിസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ നിലവിൽ 34.85 ലക്ഷം കുടുംബങ്ങളാണ് അംഗങ്ങളായിട്ടുള്ളത്. ഏകദേശം 1.18 കോടി ജനങ്ങൾ ഈ പദ്ധതി ആനുകൂല്യത്തിന് അർഹരാണ്. സംസ്ഥാനത്ത് ആകെയുള്ള കുടുംബങ്ങളുടെ 43 ശതമാനം ഈ പദ്ധതിയിൽ അംഗങ്ങളായിക്കഴിഞ്ഞു. പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കുടുംബങ്ങളിൽനിന്നും 2008 വർഷം മുതൽ 47.58 ലക്ഷം വ്യക്തികൾക്ക് 1709.83 കോടി രൂപയുടെ ചികിത്സാ ആനുകൂല്യം (2018 ജനുവരി 31 വരെ) ആർ.എസ്.ബി.വൈ./ചിസ് പദ്ധതിയിലൂടെ നൽകുവാൻ സാധിച്ചു.

ഇതിനുപുറമെ ചിസ് പ്ലസ് എന്ന സംസ്ഥാന സർക്കാരിന്റെ മാത്രമായ പദ്ധതി പ്രകാരം കാൻസർ, ഹൃദ്രോഗം, വൃക്ക സംബന്ധമായ അസുഖങ്ങൾ, കരൾ, തലച്ചോർ എന്നിവയെ ബാധിക്കുന്ന രോഗങ്ങൾ, അപകടംമൂലമുള്ള ട്രോമാ കെയർ എന്നിവയ്ക്ക് 70,000 രൂപയുടെ അധിക ചികിത്സാ സഹായം സർക്കാർ മെഡിക്കൽ

കോളേജുകൾ, ജില്ലാ ആശുപത്രികൾ, തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികൾ, റീജിയണൽ കാൻസർ സെന്റർ തിരുവനന്തപുരം, മലബാർ കാൻസർ സെന്റർ തലശ്ശേരി, ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & ടെക്നോളജി തിരുവനന്തപുരം മുതലായ ഗവേഷണ സ്ഥാപനങ്ങൾ മുഖേന നൽകി വരുന്നുണ്ട്.

ആർ.എസ്.ബി.വൈ./ചിസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായവരുടെ വർഷം തിരിച്ചുള്ള പട്ടികയും ചികിത്സാ ആനുകൂല്യം ലഭിച്ചവരുടെ വിശദമായ പട്ടികയും ചിസ് പ്ലസ് ചികിത്സ ആനുകൂല്യം ലഭിച്ച വ്യക്തികളുടെ വർഷംതിരിച്ചുള്ള പട്ടികയും അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ആർ.എസ്.ബി.വൈ./ചിസ് പദ്ധതിയിൽ സർക്കാർ/സ്വകാര്യ ആശുപത്രികളിലൂടെ ഒരു വർഷത്തിൽ ഒരു കുടുംബത്തിന് 30,000 രൂപയുടെ സൗജന്യ കിടത്തി ചികിത്സ ലഭിക്കുന്നതാണ്.

ആർ.സ്.ബി.വൈ. പദ്ധതിയിൽ നിലവിൽ 20.54 ലക്ഷം കുടുംബങ്ങളും ചിസ് പദ്ധതിയിൽ 14.30 ലക്ഷം കുടുംബങ്ങളുമടക്കം ആകെ 34.85 ലക്ഷം കുടുംബങ്ങൾ നിലവിൽ പദ്ധതിയിൽ അംഗങ്ങളാണ്. ഇത് സംസ്ഥാനത്തെ ആകെയുള്ള കുടുംബങ്ങളുടെ 43 ശതമാനത്തോളം വരും.

2008-ൽ പദ്ധതി ആരംഭിച്ചതുമുതൽ നാളിതുവരെ ഒരു തടസ്സവും കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പദ്ധതി ആനുകൂല്യം നൽകിയ ഏക സംസ്ഥാനമാണ് കേരളം.

(സി) ഉണ്ട്. ആർ.എസ്.ബി.വൈ. പദ്ധതി വിഭാവനം ചെയ്യുന്ന ആനുകൂല്യങ്ങൾ കൂടുതൽ വിഭാഗങ്ങളിലേയ്ക്ക് എത്തിക്കുവാനായി തെരഞ്ഞെടുക്കപ്പെട്ട ക്ഷേമനിധി അംഗങ്ങൾ 1,000 രൂപയോ അതിൽ കുറവോ മാസ പെൻഷൻ കിട്ടുന്ന ഇ.പി.എഫ്. പെൻഷണേഴ്സ്, എ.എ.വൈ. (മഞ്ഞ നിറം), മുൻഗണന (പിങ്ക് നിറം), ചികിത്സാർത്ഥം സ്റ്റേറ്റ് പ്രയോറിറ്റി/ബി.പി.എൽ- ആക്കി മാറ്റിയ വെള്ള/നീല റേഷൻ കാർഡ് ഉടമകൾ ഉൾപ്പെട്ട കുടുംബങ്ങൾക്കുമായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ചിസ്).

ആർ.എസ്.ബി.വൈ./ചിസ് പദ്ധതിയിൽ അർഹരായ വിഭാഗങ്ങളുടെ വിശദമായ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ഉണ്ട്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി 2017 ഏപ്രിൽ മാസം 1 മുതൽ ആർ.എസ്.ബി.വൈ./ചിസ് പദ്ധതിയിൽ അംഗമായിട്ടുള്ള 60 വയസ്സിനും അതിനുമുകളിൽ പ്രായമുള്ള ഓരോ മുതിർന്ന വ്യക്തിക്കും 30,000 രൂപയുടെ അധിക സൗജന്യ ചികിത്സ ലഭിക്കുന്ന പദ്ധതിയാണ് എസ്.ചിസ് അഥവാ സീനിയർ സിറ്റിസൺസ് ഹെൽത്ത് ഇൻഷ്വറൻസ് സ്കീം. നടപ്പു സാമ്പത്തിക വർഷം ഈ പദ്ധതിയിൽ 1735567 ആർ.എസ്.ബി.വൈ./ചിസ് കുടുംബങ്ങളിലെ 2204202 മുതിർന്ന പൗരന്മാർക്ക് ആനുകൂല്യം ലഭിക്കുന്നുണ്ട്.

മി. സ്പീക്കർ: ശ്രീ. കെ. രാജൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീമതി ഇ. എസ്. ബിജിമോൾക്ക് ചോദ്യം ചോദിക്കാവുന്നതാണ്.

ശ്രീ. കെ. രാജനുവേണ്ടി (ശ്രീമതി ഇ. എസ്. ബിജിമോൾ): സർ, വളരെ മാതൃകാപരമായി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി. എന്നാൽ ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് കാർഡ് പുതുക്കുന്നതിൽ കാലതാമസം ഉണ്ടാകുകയോ വിട്ടുപോകുകയോ ചെയ്തിട്ടുണ്ടെങ്കിൽ സമയബന്ധിതമായി കാർഡ് പുതുക്കി നൽകുന്നതിനുള്ള ഉത്തരവ് നൽകുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഈ പദ്ധതിയിൽ അർഹമായ കുടുംബങ്ങൾക്കെല്ലാം കാർഡ് നൽകി വരുന്നുണ്ട്. ഇതുവരെയും കാർഡ് ലഭിക്കാത്ത കുടുംബങ്ങൾക്ക് ജൂൺമാസംവരെ കാർഡ് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, കാർഡ് പുതുക്കാൻ കാലതാമസമുണ്ടായവർക്കും കാർഡ് നഷ്ടപ്പെട്ടുപോയവർക്കും പുതുക്കി നൽകുമോ എന്നതായിരുന്നു എന്റെ ചോദ്യം. പല സന്ദർഭങ്ങളിലും ആശുപത്രിയിൽ എത്തിക്കഴിഞ്ഞിട്ടായിരിക്കും കാർഡ് പുതുക്കിയിട്ടില്ലെന്ന കാര്യം അവരുടെ ശ്രദ്ധയിൽപ്പെടുന്നത്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ കാർഡ് പുതുക്കി കൊടുക്കുമോ എന്നുള്ളതാണ് ചോദ്യം. ടി പദ്ധതിയനുസരിച്ചുള്ള തുക കൃത്യസമയത്ത് ആശുപത്രികൾക്ക് ലഭിക്കാത്തതുകൊണ്ട് പല ആശുപത്രികളും ആർ.എസ്.ബി.വൈ. പദ്ധതിയിൽ നിന്നും പിൻമാറി പോകുന്നുണ്ട്. പുതിയ ആശുപത്രികളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും കുടിശ്ശികയുള്ള തുക കൊടുത്തുതീർക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഈ പദ്ധതിയിൽ അർഹരായിട്ടുള്ള കുടുംബങ്ങൾക്കെല്ലാം കാർഡ് നൽകുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാവർക്കും ജൂൺ മാസത്തിനുള്ളിൽ കാർഡ് നൽകിയിരിക്കും. ഇതിൽ രജിസ്റ്റർ ചെയ്യാത്ത കുടുംബങ്ങളുണ്ടെങ്കിൽ ജൂൺ മാസത്തിനുശേഷം രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ നടപടികളും അടുത്ത വർഷത്തേയ്ക്ക് ആനുകൂല്യം കിട്ടാവുന്ന നിലയിലുള്ള നടപടികളുമാണ് ഇതിന്റെ ഭാഗമായി സ്വീകരിക്കുക. ഇതുസംബന്ധിച്ച് enlist ചെയ്ത ആശുപത്രികളുണ്ട്. എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ പരാതി നൽകിയാൽ പരിശോധിച്ച് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കും.

ശ്രീ. ജി. എസ്. ജയലാൽ: സർ, ആർ.എസ്.ബി.വൈ./ചിസ് പദ്ധതികളിലുൾപ്പെട്ട കാർഡുകൾ പുതുക്കുന്നത് സംബന്ധിച്ച വിഷയം ഉണ്ട്. ഈ കാർഡുകൾ വർഷാവർഷം പുതുക്കുന്ന രീതി മാറ്റി മൂന്ന് വർഷത്തിലൊരിക്കൽ പുതുക്കുന്നതാക്കി മാറ്റുന്നതിന് സാധിക്കുമോ; ദിനംപ്രതി വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവുകൾ സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്തതാണെന്ന വസ്തുത കഴിഞ്ഞ ദിവസം സുപ്രീം കോടതിതന്നെ പരാമർശിക്കുകയുണ്ടായി. രാജ്യത്തെ അവസ്ഥ അതാണ്. പല ആശുപത്രികളും നിലവിലുള്ള ചെലവിന്റെ ആയിരം ശതമാനത്തിലധികം തുക ഈടാക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകളും നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയുടെ പരാമർശവും നമ്മുടെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഈ അവസ്ഥയിൽ, നമ്മുടെ രാജ്യത്തെ 43 ശതമാനം ആളുകൾ ആശ്രയിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ തുക അപര്യാപ്തമാണെന്ന വസ്തുത ബോധ്യപ്പെട്ട സാഹചര്യത്തിൽ അത് വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, എല്ലാ വർഷവും ആർ.എസ്.ബി.വൈ./ചിസ് പദ്ധതികളിലുൾപ്പെട്ട കാർഡുകൾ പുതുക്കുകയെന്നതാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നിലപാട്. ആർ.എസ്.ബി.വൈ. കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഈ പദ്ധതിയിൽ 8 വിഭാഗങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതിയിലൂടെ 30,000 രൂപയാണ് ഒരു കുടുംബത്തിലെ ഓരോ അംഗത്തിനും അനുവദിക്കുന്നത്. ഇതിന്റെ 60 ശതമാനം കേന്ദ്രസർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരുമാണ് നൽകുന്നത്. പ്രസ്തുത പദ്ധതിയുടെ വൈപുല്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് ചിസ് എന്ന പ്രത്യേക ആനുകൂല്യം ഇതിനോടനുബന്ധമായി നൽകുന്നത്. ചിസ് വിഭാഗത്തിൽ 54 വിഭാഗങ്ങളെ ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ചിസ് വഴിയുള്ള ആനുകൂല്യം നൂറ് ശതമാനവും സംസ്ഥാന വിഹിതമാണ്. ഇതെല്ലാം പരിഗണിച്ചുകൊണ്ടുള്ള ഒരു നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിക്കാൻ സാധിക്കുക. അതുകൊണ്ട് വർഷത്തിൽ ഒരു

തവണ പുതുക്കുകയെന്ന നിലപാടിൽ ഇപ്പോൾ മാറ്റം വരുത്താൻ സാധിക്കുകയില്ല, അതുതന്നെയാണ് തുടരുന്നത്. ഇതിന്റെ പ്രായോഗിക പ്രശ്നങ്ങൾ പരിശോധിച്ച് ഭാവിയിൽ എന്ത് ചെയ്യാമെന്നത് സംബന്ധിച്ച് ആലോചിക്കാം. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ചികിത്സാ ചെലവ് വർദ്ധിക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. അതിനനുസൃതമായി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയെന്ന നിലപാട് ഇപ്പോൾ സ്വീകരിക്കാൻ സാധിക്കുകയില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക നിലകൂടി പരിഗണിച്ചുകൊണ്ടുമാത്രമേ ഇക്കാര്യം ചെയ്യാൻ സാധിക്കുകയുകയുള്ളൂ. ഈ പദ്ധതിയുടെ ഭൂരിഭാഗം ചെലവും സംസ്ഥാന ഗവൺമെന്റാണ് വഹിക്കുന്നതെന്ന സ്ഥിതികൂടി പരിഗണിക്കേണ്ടതുണ്ട്. കേന്ദ്ര സർക്കാരിനോട് ഇത് വർദ്ധിപ്പിച്ച് നൽകുന്നതിനെക്കുറിച്ചുള്ള ആവശ്യവും നമുക്ക് ഉന്നയിക്കാവുന്നതാണ്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, കേരളത്തിന്റെ വർദ്ധിച്ചുവരുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ ആശ്വാസകരമാണ് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സമീപനവും വളരെ അഭിനന്ദനം അർഹിക്കുന്നതാണ്. എന്നാൽ ഈ പദ്ധതിയിൽ പത്ത് ബെഡ്ഡുകളുള്ള എല്ലാ പ്രൈവറ്റ് ആശുപത്രികൾക്കും എംപാനൽ ചെയ്യുന്നതിനുള്ള അനുവാദമുണ്ട്. എന്നാൽ പണം ലഭിക്കാനുള്ള ചെറിയ കാലതാമസം നിമിത്തം പ്രൈവറ്റ് ആശുപത്രികൾ ഈ സ്കീമിൽനിന്നും മാറിനിൽക്കുകയാണ്. ഇത് പരിഹരിക്കാൻ എന്തെങ്കിലും പ്രത്യേക നിർദ്ദേശങ്ങൾ/നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ഇപ്പോൾ സ്വകാര്യ ആശുപത്രികളും ലിസ്റ്റ് ചെയ്ത ആശുപത്രികളിൽപ്പെടും. എന്തെങ്കിലും പ്രത്യേക പ്രശ്നങ്ങളുണ്ടെങ്കിൽ അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അത് എങ്ങനെ പരിഹരിക്കാം എന്നുള്ളതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: സർ, സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി രജിസ്റ്റർ ചെയ്യുന്നതിന് അപേക്ഷ നൽകിയാൽ അത് കേന്ദ്രസർക്കാരിൽ എത്തിയശേഷമാണ് രജിസ്റ്റർചെയ്ത് വരുന്നത്. ഇതിന്റെ സങ്കീർണ്ണതയും കാലതാമസവും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ഞാൻ നേരത്തെ പറഞ്ഞ ഉത്തരത്തിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഇപ്പോൾ ഇതിന് സമാനമായ ഒരു പദ്ധതിയും സംസ്ഥാനത്തില്ല. ഇത്രയധികം കുടുംബങ്ങൾ ഉപയോഗിക്കുന്ന മറ്റൊരു

പദ്ധതിയുമില്ല. അതുകൊണ്ട് ഇത് പരമാവധി സുഗമമായി നടത്താനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. ഇത്തരം പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഒരു പരാതിയും ഗവൺമെന്റിന്റെ മുന്നിൽ വന്നിട്ടില്ല. പരാതി വന്നാൽ തീർച്ചയായും പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും. ജനങ്ങളെ പരമാവധി സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. അത് പരമാവധി നിറവേറ്റുന്നതിനാവശ്യമായ നിലപാട് ഇക്കാര്യത്തിൽ സ്വീകരിക്കുന്നതാണ്. ഓരോ വർഷം കഴിയുന്തോറും ഇതിലെ കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചുവരുകയാണ്. അവർക്കെല്ലാം അവസരം കൊടുക്കുന്നതോടൊപ്പം ചികിത്സാ സഹായവും നൽകിവരുന്നുണ്ട്.

ഡോ. എൻ. ജയരാജ്: സർ, 48 വിഭാഗങ്ങളിൽ വരുന്ന കുടുംബങ്ങളുടെ ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട നിലവിലെ ആംആദ്മി ബീമ യോജന, നേരത്തെ ലേബർ കമ്മീഷണറേറ്റ് മുഖേനയാണ് നടപ്പാക്കിയിരുന്നത്. ഈ പദ്ധതി കേരളത്തിൽ നടപ്പാക്കുന്നത് ഏത് രീതിയിലാണ്; ചിയാകുമായി ക്ലബ്ബ് ചെയ്താണോ ഈ പദ്ധതി മുന്നോട്ട് പോകുന്നത്; അതിന്റെ നടപടിക്രമങ്ങൾ എങ്ങനെയാണെന്ന് വിശദമാക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള ഒരു ഏജൻസിയാണ് ചിയാക്. ആ ഏജൻസി വഴിയാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്. വളരെ ഫലപ്രദമായിത്തന്നെ സംസ്ഥാനത്ത് ഇത് നടപ്പാക്കിവരുന്നുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട വിഷയം നേരത്തെ ഇവിടെ പറഞ്ഞു. പലപ്പോഴും സമയബന്ധിതമായി കാർഡ് പുതുക്കേണ്ട സമയം സാധാരണക്കാരായ ആളുകൾക്ക് അറിയാത്തതുകൊണ്ട് ആശുപത്രിയിൽ ചികിത്സയുമായി ബന്ധപ്പെട്ട് പോകുമ്പോഴാണ് കാർഡ് പുതുക്കേണ്ട സമയം കഴിഞ്ഞിരിക്കുന്നുവെന്ന് മനസ്സിലാകുന്നത്. അതുകൊണ്ട് കാർഡ് രജിസ്റ്റർ ചെയ്യുന്ന സമയത്ത് മൊബൈൽ നമ്പരുമായി ബന്ധിപ്പിച്ചുകൊണ്ട്, കാർഡിന്റെ കാലാവധി കഴിയുന്നതിന്റെ ഏകദേശം ഒരു മാസം മുമ്പ് ഒന്നോരണ്ടോ റിമൈൻഡർ കൊടുക്കാൻ സാധിക്കുന്ന രീതിയിൽ ഒരു സംവിധാനം കൊണ്ടുവരുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രശ്നം ഉദിക്കുന്നില്ല. വർഷം കഴിയുന്തോറും ഇതിനകത്ത് അംഗങ്ങളായി ചേരുന്ന കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ വ്യവസ്ഥ പ്രകാരം വർഷത്തിൽ ഒരു തവണയാണ് ഇത് പുതുക്കുന്നത്.

അതിനുള്ള സൗകര്യങ്ങളുണ്ട്. അതുകൊണ്ട് പുതുക്കാൻ കഴിയാത്ത ഒരു സാഹചര്യവും ഉദിക്കുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൂടി ബന്ധപ്പെടുത്തി ഇതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. നല്ല നിലയിൽ തന്നെ പുതുക്കൽ നടപടി തുടരുകയാണ്. രജിസ്റ്റർ ചെയ്ത ആളുകൾക്ക് കാർഡ് നൽകുന്നതിന് ജൂൺ മാസം വരെ അവധി നൽകിയിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിലും രജിസ്ട്രേഷന്റെ നടപടികൾ തുടർന്നുകൊണ്ടിരിക്കും. അതിന് സമയപരിധി നിശ്ചയിച്ച് രജിസ്ട്രേഷൻ നടപടികൾ അർഹതപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും കിട്ടത്തക്ക നിലയിൽ തുടരുക എന്നുതന്നെയാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരോഗ്യ വകുപ്പിന്റെ കീഴിലല്ല എന്നുള്ളതുതന്നെ ഒരു പോരായ്മയാണ്. കേന്ദ്ര ഗവൺമെന്റ് പദ്ധതിയാണ്. സംസ്ഥാന ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണെന്ന് ഞാൻ പറയുന്നില്ല. ഇപ്പോൾ മാത്രമല്ല, നേരത്തെയും അങ്ങനെതന്നെയായിരുന്നു. യഥാർത്ഥത്തിൽ അത് ആരോഗ്യ വകുപ്പിന്റെ കീഴിൽ വരേണ്ടതാണ്. നമ്മുടെ സംസ്ഥാനം ഗുരുതരമായ രോഗങ്ങളുടെ പിടിയിലാണ്. സ്വകാര്യ ആശുപത്രിയായാലും ഗവൺമെന്റ് ആശുപത്രിയായാലും മഹാഭൂരിപക്ഷം ആളുകൾക്കും പിടിച്ചുനിൽക്കാൻ കഴിയാത്ത രീതിയിൽ ചികിത്സാ ചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. രോഗഗ്രസ്തമായ വലിയൊരു സമൂഹമുള്ള പ്രദേശമായി കേരളം മാറിയിരിക്കുകയാണ്. നൂറ് ശതമാനം സാക്ഷരത കൈവരിച്ചതുപോലെ നൂറ് ശതമാനം ഇൻഷ്വറൻസ് കവറേജുള്ള ഒരു സംസ്ഥാനമായി കേരളത്തെ മാറ്റാൻവേണ്ടിയുള്ള പദ്ധതി ആവിഷ്കരിക്കുമോ; ഇപ്പോൾ ധാരാളം സ്വകാര്യ ഇൻഷ്വറൻസ് ഏജൻസികളും സംസ്ഥാന ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള ഏജൻസികളുമൊക്കെ ഇൻഷ്വറൻസ് രംഗത്തുണ്ട്. ഇവരെയെല്ലാം വിളിച്ചുചേർത്ത് കേരളത്തിലെ മുഴുവൻ ആളുകളെയും കവർ ചെയ്ത് അവരവരുടെ കഴിവനുസരിച്ച് ഏത് ചികിത്സയും ചെയ്യാൻ സാധിക്കുന്ന രീതിയിലുള്ള, സമഗ്രമായ ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ കഴിയുമോ; കാരണം നമ്മുടെ ആരോഗ്യ പ്രശ്നങ്ങൾ മാത്രമല്ല ഭക്ഷണരീതിയും ഗുരുതരമാണ്. എണ്ണയിൽ മായം ചേർക്കുന്നതുകൊണ്ടുണ്ടാകുന്ന ഗുരുതരമായ രോഗങ്ങൾ പരിഗണിച്ച് ഇങ്ങനെ ഒരു കാര്യത്തെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, കേരളത്തിന്റെ പ്രത്യേകതകൾ പരിഗണിച്ച് കൂടുതൽ കുടുംബങ്ങൾക്ക് എല്ലാ പരിരക്ഷയും ലഭിക്കത്തക്ക നിലപാടാണ് ഇതുപോലുള്ള പദ്ധതികളിലൂടെ ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. ഇപ്പോൾ ആർ.എസ്.ബി.വൈ., ചിസ് പദ്ധതിയുടെ ഭാഗമായി ഇതിൽ ഉൾപ്പെടാതെ

നിൽക്കുന്ന പുതിയ വിഭാഗങ്ങളെ ഓരോ ഘട്ടത്തിലും ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം എട്ട് പുതിയ വിഭാഗങ്ങളെ ഇതിനകത്ത് ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ ഈ പദ്ധതി മാത്രമല്ല, വ്യത്യസ്തമായ പദ്ധതികളുണ്ട്. കേരളത്തിലെ എല്ലാ ജനങ്ങൾക്കും ബാധകമാകത്തക്ക നിലയിലുള്ള സമ്പൂർണ്ണ ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിക്കുന്നതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്. തീർച്ചയായും ഇത് ഒരു നിർദ്ദേശമായി പരിഗണിച്ച് ഇതിന്റെ സാധ്യത ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. എ. എം. ആരിഫ്: സർ, ഓരോ വർഷവും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് പുതുക്കുന്നതിനുള്ള സംവിധാനങ്ങൾ പല പ്രദേശങ്ങളിലും വലിയ ജനാവലി കാരണം ബുദ്ധിമുട്ടനുഭവിക്കുകയാണ്. പലപ്പോഴും തിക്കിലും തിരക്കിലുംപെട്ട് വലിയ അപകടങ്ങൾ തന്നെ ഉണ്ടാവുകയാണ്. അവർക്കുതന്നെ ഒരു ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തേണ്ടതുണ്ടെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. ഇങ്ങനെയുള്ള പ്രശ്നം നിലനിൽക്കുമ്പോൾ കാർഡ് പുതുക്കുന്നതിന് തിക്കും തിരക്കും ഒഴിവാക്കുന്ന രൂപത്തിലുള്ള ഒരു ക്രമീകരണമുണ്ടാക്കാൻ കഴിയുമോ; നേരിട്ട് ഹാജരാകണമെന്നുള്ളതാണ് ഇതിലെ പ്രധാനപ്പെട്ട വിഷയം. പലപ്പോഴും പലകാരണങ്ങളാൽ നിശ്ചിത ദിവസം ഹാജരാകാൻ കഴിയാത്തവർക്ക് പ്രായോഗികമായി വലിയ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. കാർഡ് പുതുക്കുന്നതിന് ഓൺലൈൻ സംവിധാനമോ അല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസികളുടെ സഹായത്തോടുകൂടിയോ സൗകര്യപ്രദമായ മറ്റൊരു ദിവസം നൽകാനും അതോടൊപ്പം കാർഡ് നഷ്ടപ്പെട്ടുപോയവർക്ക് അത് പുതുക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഫലപ്രദമായ രീതിയിൽ നടപ്പാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, സാധാരണക്കാരായ ജനങ്ങൾ എത്രത്തോളം ഈ പദ്ധതി സ്വീകരിക്കുന്നുവെന്നതിന്റെ തെളിവാണ് ഇത് രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി അനുഭവപ്പെടുന്ന തിരക്ക്. ആ തിരക്കിൽപ്പെട്ട് എന്തെങ്കിലും സംഭവിച്ചതായി കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്തെങ്കിലും ബുദ്ധിമുട്ട് വരുകയാണെങ്കിൽ അത് പരിശോധിക്കാവുന്നതാണ്. ഇത് കുറച്ചുകൂടി സുഗമമായി നടപ്പാക്കുന്നതിന് എന്തെങ്കിലും മാർഗ്ഗമുണ്ടോയെന്നതിനെക്കുറിച്ച് ആലോചിക്കാം. ഈ പദ്ധതിപ്രകാരം ഫിസിക്കൽ വെരിഫിക്കേഷൻ വേണ്ടതുണ്ട്. അതുകൊണ്ടാണ് നേരിട്ടുവന്ന് രജിസ്റ്റർ ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നത്. ആരുടെയും രജിസ്ട്രേഷൻ നഷ്ടപ്പെട്ടുപോകില്ല. രജിസ്ട്രേഷൻ

കാർഡ് എവിടെയെങ്കിലും നഷ്ടപ്പെട്ടുപോയ വിവരം റിപ്പോർട്ട് ചെയ്താൽ അത് അവർക്ക് ലഭ്യമാക്കുന്നതിനും പുതുക്കി നൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: *213-ാം നമ്പർ ചോദ്യവും *223-ാം നമ്പർ ചോദ്യവും ക്ലബ്ബ് ചെയ്യാൻ ആവശ്യപ്പെട്ടിരുന്നു. *213-ാം നമ്പർ ചോദ്യം പട്ടികവർഗ്ഗക്കാരുമായി ബന്ധപ്പെട്ട പ്രത്യേക ചോദ്യമായതിനാൽ ക്ലബ്ബിംഗ് അനുവദിക്കുന്നില്ല.

**പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ**

3(*213) ശ്രീ. ആന്റണി ജോൺ
ശ്രീ. ജോർജ് എം. തോമസ്
പ്രൊഫ. കെ. യു. അരുണൻ
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരുടെ സാമ്പത്തിക സാമൂഹിക ദുർബലാവസ്ഥ പരിഹരിക്കാനായി മികച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) മാതൃക റെസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവ അഖിലേന്ത്യാ നിലവാരത്തിലേക്കുയർത്താനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) വീടുകളിൽ നിന്ന് നിത്യേന വന്നു പഠിക്കുന്ന വിദ്യാർത്ഥികളുടെ പഠന മികവിനായി സാമൂഹ്യ പഠനമുറി സ്ഥാപിക്കാനുദ്ദേശിക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

(എ & ബി) സമൂഹത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന പട്ടിക വർഗ്ഗക്കാരുടെ സാമ്പത്തിക സാമൂഹിക ദുർബലാവസ്ഥ പരിഹരിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മികച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പദ്ധതികളിലൂടെ പട്ടികവർഗ്ഗക്കാർക്ക് മികച്ച വിദ്യാഭ്യാസം നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. പട്ടികവർഗ്ഗ വികസന വകുപ്പിന്റെകീഴിലുള്ള സ്ഥാപനങ്ങളിൽ മികച്ച വിദ്യാഭ്യാസ സൗകര്യം ഒരുക്കിയും വിവിധ ഇനം

സ്കോളർഷിപ്പുകളും ഗ്രാന്റുകളും വിദ്യാർത്ഥികൾക്ക് നൽകിയും വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചുമാണ് ടി ലക്ഷ്യം സാക്ഷാത്കരിക്കുന്നത്.

1. മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ-20 എണ്ണം

വകുപ്പിന് കീഴിലുള്ള 20 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലായി ആകെ 5726 വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു. ആയതിൽ 2603 ആൺകുട്ടികളും 3123 പെൺകുട്ടികളും ഉൾപ്പെടുന്നു. 12 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ പ്ലസ് വൺ, പ്ലസ് ടു ബാച്ചുകളുണ്ട്. 2016-17 അദ്ധ്യയന വർഷം മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി.-ക്ക് 100 ശതമാനവും പ്ലസ് ടു പരീക്ഷയിൽ 88 ശതമാനവും വിജയം ലഭിച്ചു.

കിഫ്ബി മുഖേന രണ്ട് എം.ആർ.എസ്-കൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ആയതിൽ കണ്ണൂർ ജില്ലയിൽ ആറളത്ത് 18.60 കോടി രൂപ ചെലവഴിച്ച് എം.ആർ.എസ്. നിർമ്മിക്കുന്നതിനുള്ള കിഫ്ബിയുടെ അന്തിമ അനുമതിയും ഫണ്ടും ലഭ്യമായിട്ടുണ്ട്. ടി പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കുറ്റിച്ചൽ എന്ന സ്ഥലത്ത് അനുവദിച്ച എം.ആർ.എസ്. നിർമ്മിക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.

2. ഹോസ്റ്റലുകൾ

a) പ്രീ-മെട്രിക് ഹോസ്റ്റലുകൾ - 106

b) പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ - 4

വകുപ്പിനുകീഴിൽ 106 പ്രീമെട്രിക് ഹോസ്റ്റലുകളും 4 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും നിലവിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ നെടുമങ്ങാട്, കാസർഗോഡ് എന്നീ സ്ഥലങ്ങളിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും ആയത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. നിലവിൽ പെൺകുട്ടികളുടെ 45 ഹോസ്റ്റലുകളും ആൺകുട്ടികളുടെ 59 ഹോസ്റ്റലുകളും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പൊതുവായി രണ്ട് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു. ടി ഹോസ്റ്റലുകളിൽ ആകെ 6878 കുട്ടികൾ താമസിച്ചു പഠനം നടത്തുന്നു. നാല് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ 198 കുട്ടികൾ താമസിച്ച് പഠിക്കുന്നു.

കിഫ്ബി മുഖേന 5 പ്രീമെട്രിക് ഹോസ്റ്റലുകളും 2 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും ഒരു യൂത്ത് ഹോസ്റ്റലും നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിൽ 4 പ്രീമെട്രിക് ഹോസ്റ്റലുകളും 2 പോസ്റ്റ്മെട്രിക്

ഹോസ്റ്റലുകളും ഒരു യൂത്ത് ഹോസ്റ്റലും നിർമ്മിക്കുന്നതിനുള്ള കിഫ്ബിയുടെ അന്തിമ അനുമതിയും ഫണ്ടും ലഭ്യമായിട്ടുണ്ട്.

3. മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ-

(a) നഴ്സറി സ്കൂളുകൾ - 13 എണ്ണം

കുട്ടികളുടെ എണ്ണം - 258

കുട്ടികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ

ലംപ്സംഗ്രാന്റ് - 190

പ്രതിദിന ഭക്ഷണ അലവൻസ് - 40

യൂണിഫോം (രണ്ട് ജോഡി) - 500

(b) വികാസ്‌വാടി/കിന്റർഗാർട്ടൻ/ബാലവാടി

കുട്ടികളുടെ എണ്ണം - 298

കുട്ടികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ

ലംപ്സംഗ്രാന്റ് - 190

പ്രതിദിന ഭക്ഷണ അലവൻസ്- 40

യൂണിഫോം(രണ്ട് ജോഡി) - 500

(c) പെരിപ്പതറ്റിക്/ഏകാദ്ധ്യാപക സ്ഥാപനങ്ങൾ /ബാലവിജ്ഞാന കേന്ദ്രങ്ങൾ (1 മുതൽ 4 വരെയുള്ള ക്ലാസ്സുകൾ)

ഏകാദ്ധ്യാപക സ്കൂളുകൾ - 23

പെരിപ്പതറ്റിക് സെന്ററുകൾ - 7

ബാല വിജ്ഞാന കേന്ദ്രങ്ങൾ - 3

ആകെ കുട്ടികളുടെ എണ്ണം - 527

കുട്ടികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ

ലംപ്സംഗ്രാന്റ് - 630

സ്റ്റൈപ്പന്റ് - 160

പ്രതിദിന ഭക്ഷണ അലവൻസ്- 40

യൂണിഫോം (രണ്ട് ജോഡി)- 500

(d) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് - 2 എണ്ണം

തിരുവനന്തപുരം (കുട്ടമല) - 1

ഇടുക്കി (നാട്ടുകാണി) - 1

58 അപ്രന്റീസുകൾ പ്രസ്തുത സ്ഥാപനങ്ങളിൽ പരിശീലനംനേടി വരുന്നുണ്ട്.

പരിശീലനാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

ലംപ്സംഗ്രാന്റ് (ഒന്നാം വർഷം) - 750

ലംപ്സംഗ്രാന്റ് (രണ്ടാം വർഷം) - 630

പ്രതിമാസ സ്റ്റൈപ്പന്റ് - 630

ഇടുക്കിയിലുള്ള നാട്ടുകാണി ഐ.ടി.ഐ.-ലേക്ക് അക്കാദമിക് ബ്ലോക്ക്, ഹോസ്റ്റൽ ബ്ലോക്ക് എന്നിവ കിഫ്ബി മുഖേന നിർമ്മിക്കുന്നതിന് അന്തിമ അനുമതിയും ഫണ്ടും ലഭ്യമായിട്ടുണ്ട്.

4) വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

തയ്യൽ പരിശീലന കേന്ദ്രം - 8 എണ്ണം

ഫാഷൻ ഡിസൈനിംഗ് & ഗാർമെന്റ്സ് മേക്കിംഗ്- 2 എണ്ണം

ഉൽപ്പാദന പരിശീലന കേന്ദ്രം - 1 എണ്ണം

പരിശീലനം നേടുന്നവരുടെ എണ്ണം -136

ആനുകൂല്യങ്ങൾ

ലംപ്സംഗ്രാന്റ് (ഒന്നാം വർഷം) - 820

ലംപ്സംഗ്രാന്റ് (രണ്ടാം വർഷം) - 630

പ്രതിമാസ സ്റ്റൈപ്പന്റ് - 630

വിവിധ സ്കോളർഷിപ്പുകളുടെ വിവരം

(1) എസ്.എസ്.എൽ.സി. വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നുണ്ട്.

| നമ്പർ | എൽ.പി. വിഭാഗം | ലംപ്സം ഗ്രാന്റ് | പ്രതിമാസ സ്റ്റൈപ്പന്റ് |
|---|---|---|---|
| 1 | 1 മുതൽ 4 വരെ | 320 | 130 |
| 2 | യു.പി. വിഭാഗം 5 മുതൽ 7 വരെ | 630 | 160 |
| 3 | ഹൈസ്കൂൾ വിഭാഗം | 940 | 190 |

(2) 9, 10 ക്ലാസ്സുകളിൽ പഠിക്കുന്നതും കുടുംബവാർഷിക വരുമാനം 2 ലക്ഷത്തിൽ താഴെയുള്ളതുമായ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യം കൂടാതെ കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും നൽകുന്നു. പ്രതിവർഷം 1,500 രൂപ സ്കോളർഷിപ്പ് ഇനത്തിലും 750 രൂപ ബുക്സ് തുടങ്ങിയ പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റ് ഇനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 3500 രൂപയും 1000 രൂപയും നൽകുന്നു.

(3) 10-ാം ക്ലാസ് പഠനം പൂർത്തിയാക്കി പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ സർക്കാർ അംഗീകരിച്ച ഫീസ്, ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് ഉൾപ്പെടെയുള്ള മുഴുവൻ വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകി വരുന്നു.

അഞ്ചാം ക്ലാസ് മുതൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ നടത്തി ആനുകൂല്യം നൽകുന്ന 'അയ്യങ്കാളി മെമ്മോറിയിൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി' കുട്ടികൾക്ക് ട്യൂഷൻ പഠിക്കുന്നതിന് 'ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി', ട്രൈബൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 'വസ്ത്ര വിതരണ പദ്ധതി', വകുപ്പിന്റെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ബോർഡിംഗ് ഗ്രാന്റ്, സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം, സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കുള്ള പഠന യാത്രയായ ഭാരത ദർശൻ, പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ് എന്നീ പദ്ധതികളും നടത്തിവരുന്നു.

കൂടാതെ മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാരംഭ ചെലവിനത്തിൽ 5,000 രൂപവീതം ധനസഹായം നൽകുന്നു.

<u>സംസ്ഥാനത്തിന് പുറത്തുള്ള പഠനം</u>

സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിച്ചുവരുന്നതും കുടുംബ വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വരുന്നുണ്ട്. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ചുവരുന്നു.

വിദേശ പഠനം

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്നുണ്ട്.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായുള്ള പ്രത്യേക പദ്ധതികൾ

1. ഗോത്രബന്ധു

പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം ലഘൂകരിക്കുക, പട്ടികവർഗ്ഗത്തിൽപ്പെട്ട ആഭ്യസ്തവിദ്യർക്ക് ജോലി നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതിയാണിത്.

വയനാട് ജില്ലയിലെ 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട റ്റി.റ്റി.സി./ബി.എഡ്. പാസ്സായവരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടവരെ മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുണ്ട്.

അട്ടപ്പാടിയിലെ 26 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2. സാമൂഹ്യ പഠന മുറി

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും മികച്ച രീതിയിലുള്ള ട്യൂഷൻ നൽകി കൊഴിഞ്ഞുപോക്ക് തടയുന്നതിനും ഊരുകളിൽ സാമൂഹിക പഠനമുറി പ്രവർത്തിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 100 പഠനമുറികളാണ് നടപ്പുവർഷം ആരംഭിക്കുന്നത്. 42 പഠനമുറികളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 58 എണ്ണത്തിന്റെ പ്രവൃത്തി മാർച്ച് മാസംതന്നെ പൂർത്തീകരിക്കുന്നതാണ്. ഫെസിലിറ്റേറ്ററായി പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി നിയോഗിക്കുന്നു. പ്രതിമാസം 15000 രൂപ വേതനം നൽകുന്നതാണ്. 2017-18 വർഷം ഫെസിലിറ്റേറ്ററിന്റെ ഓണറേറിയം ഉൾപ്പെടെ അധിക സൗകര്യങ്ങളായ കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫർണിച്ചർ, വായന സാമഗ്രികൾ, ലഘുഭക്ഷണം തുടങ്ങിയവയ്ക്കുള്ള ചെലവുകൾ 6.2 ലക്ഷം രൂപയ്ക്കുള്ളിൽ നിജപ്പെടുത്തിക്കൊണ്ട് ഭരണാനുമതി

ലഭ്യമായിട്ടുണ്ട്. 2018-19 വർഷം 500 സാമൂഹ്യ പഠനമുറികൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി 100 എണ്ണം പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

3. <u>ഗോത്രസാരഥി</u>

പട്ടികവർഗ്ഗ ഊരുകൾ ദുർഘട വനപ്രദേശത്തോ മതിയായ വാഹന സൗകര്യമില്ലാത്ത ഒറ്റപ്പെട്ട ഉൾപ്രദേശങ്ങളിലോ ആണ് സ്ഥിതി ചെയ്യുന്നത്. അത്തരത്തിലുള്ള പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോകുന്നതിന് സൗകര്യമൊരുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 298 സ്കൂളുകളിലെ 16004 വിദ്യാർത്ഥികൾക്കാണ് ടി സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്.

4. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതുപ്രവേശന പരീക്ഷാ പരിശീലനം

5. ലാപ്ടോപ്പ്-തെരഞ്ഞെടുത്ത പ്രൊഫഷണൽ കോഴ്സുകൾക്ക് രണ്ടാം വർഷം പഠിക്കുന്ന 225 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു.

6. അട്ടപ്പാടിയിൽ നാലാം ക്ലാസിൽ പഠിക്കുന്ന 100 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നവോദയ സ്കൂളിലും സൈനിക സ്കൂളിലും പ്രവേശനം ലഭിക്കുന്നതിനുള്ള പരിശീലനം വകുപ്പ് നേരിട്ട് നടത്തിവരുന്നു.

**മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള വികസന പദ്ധതികൾ**

1. <u>സ്മാർട്ട് ക്ലാസ്റൂം</u>

വകുപ്പിനുകീഴിലുള്ള 18 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ ആധുനിക പഠനരീതിയുടെ ഭാഗമായി പഠന പ്രക്രിയ ആയാസരഹിതവും ആനന്ദകരവുമാക്കുന്നതിനായി 30 സ്മാർട്ട് ക്ലാസ്റൂം സജ്ജീകരിച്ചിട്ടുണ്ട്.

2. <u>കമ്പ്യൂട്ടർ ലാബ്</u>

വകുപ്പിനുകീഴിലുള്ള 11 എം.ആർ.എസ്-കളിൽ ഒരേ സമയം 40 കുട്ടികൾക്ക് ഉപയോഗപ്രദമായ രീതിയിൽ കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ചിട്ടുണ്ട്.

3. സയൻസ് ലാബ്

വകുപ്പിനുകീഴിലുള്ള 18 എം.ആർ.എസ്.-കളിൽ സയൻസ് ലാബ് സജ്ജീകരിച്ചിട്ടുണ്ട്.

4. ലാംഗ്വേജ് ലാബ്

വകുപ്പിനുകീഴിലുള്ള 5 എം.ആർ.എസ്.-കളിൽ ലാംഗ്വേജ് ലാബ് സജ്ജീകരിച്ചിട്ടുണ്ട്.

5. സ്കൂൾ റേഡിയോ

മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥികളുടെ ആത്മവിശ്വാസം, വ്യക്തിത്വം, ആശയ വിനിമയം എന്നിവ വളർത്തിയെടുക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

6. കരിയർ ഗൈഡൻസ് & കൗൺസിലിംഗ്

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും ഹോസ്റ്റലുകളിലും ഹൈസ്കൂൾ മുതൽ പ്ലസ് ടു തലം വരെ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് അനുയോജ്യമായ മേഖലയിൽ തുടർപഠനം നടത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്ന പദ്ധതി നടപ്പാക്കിവരുന്നു. ടി മേഖലയിലെ വിദഗ്ധരായ അദ്ധ്യാപകരാണ് വിദ്യാർത്ഥികൾക്ക് അനുയോജ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നത്. കൂടാതെ വിദ്യാർത്ഥികളിൽ ശുഭാപ്തി വിശ്വാസം, ജീവിതമൂല്യങ്ങൾ എന്നിവ വളർത്തുന്നതിനും സ്വഭാവ രൂപീകരണം നടത്തുന്നതിനുമായി കൗൺസിലിംഗ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.എസ്.എൽ.സി., പ്ലസ് ടു വാർഷിക പരീക്ഷയ്ക്ക് തയ്യാറെടുക്കുമ്പോഴുണ്ടാകുന്ന വിദ്യാർത്ഥികളുടെ മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനും പ്രത്യേക കൗൺസിലിംഗ് നടത്തിവരുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള എം.ആർ.എസ്.-കളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ വിവിധ രീതിയിലുള്ള സ്വഭാവ വൈകാരിക മാനസിക പ്രശ്നങ്ങൾക്ക് വിദഗ്ധ പരിചരണം ഉറപ്പുവരുത്തുന്നതിനായി ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ എന്ന പദ്ധതി നടപ്പാക്കിവരുന്നു.

7. <u>സി.സി.ടി.വി.</u>

എം.ആർ.എസ്.-കളിലെയും ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

8. <u>സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി</u>

13 എം.ആർ.എസ്.-കളിൽ സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

9. <u>എം.ആർ.എസ്.-കളുടെ അടുക്കള നവീകരിക്കുന്നതിനുള്ള പദ്ധതി</u>

എം.ആർ.എസ്.-കളിലെ വിദ്യാർത്ഥികൾക്ക് ആരോഗ്യപ്രദവും രുചികരവുമായ ഭക്ഷണം പാചകം ചെയ്യുന്നതിനായാണ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

10. <u>മൾട്ടി പർപ്പസ് സിന്തറ്റിക് കോർട്ട്</u>

എം.ആർ.എസ്.-കളിലെ വിദ്യാർത്ഥികൾക്ക് ബാസ്കറ്റ് ബോൾ, വോളിബോൾ, ഷട്ടിൽ, ബാഡ്മിന്റൺ, ടെന്നീസ്, ഹാന്റ്ബോൾ, ഖോഖോ, കബഡി എന്നീ കളികളുടെ പരിശീലനത്തിനായി മൾട്ടി പർപ്പസ് സിന്തറ്റിക് കോർട്ട് സ്ഥാപിക്കുന്നു.

11. <u>മിനി മാസ്റ്റ് ലൈറ്റ്</u>

18 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

12. <u>ഖര-ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്</u>

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും ഖര-ദ്രവ മാലിന്യങ്ങൾ സംസ്കരണം ചെയ്യുന്നതിനാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

13. <u>വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പദ്ധതി</u>

ഞാറനീലി സി.ബി.എസ്.ഇ. സ്കൂളിൽ വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പദ്ധതി നടപ്പിലായി വരുന്നു.

14. ജലശുദ്ധീകരണ പദ്ധതി

18 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ പാചകത്തിനും കുടിവെള്ളത്തിനുമായി ശുദ്ധജലം ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

15. നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി

13 എം.ആർ.എസ്.-കളിലെയും 39 പ്രീ-മെട്രിക് ഹോസ്റ്റലുകളിലെയും ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റലിലെയും വിദ്യാർത്ഥിനികളുടെ ശുചിത്വം ഉറപ്പു വരുത്തുന്നതിനായി ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(സി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനനിലവാരം വർദ്ധിപ്പിക്കുന്നതിനും അവരുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് സാമൂഹ്യ പഠനമുറി. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന സൗകര്യങ്ങൾ ഏറ്റവും കുറഞ്ഞ 100 കോളനികളിലാണ് നടപ്പുസാമ്പത്തിക വർഷം ടി പദ്ധതി നടപ്പാക്കുന്നത്. ഒരു പഠന കേന്ദ്രത്തിൽ 30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന സൗകര്യങ്ങൾ ഒരുക്കുന്നതിന് കോളനികളിലെ കമ്മ്യൂണിറ്റി ഹാളുകളോ മറ്റ് സമാന ഇടങ്ങളോ ആണ് ടി പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ടി കോളനികളിൽ തന്നെയുള്ള റ്റി.റ്റി.സി., ബി.എഡ്. തുടങ്ങിയ വിദ്യാഭ്യാസ യോഗ്യതകളുള്ള അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാരെയാണ് പ്രതിമാസം 15,000 രൂപ നിരക്കിൽ ഫെസിലിറ്റേറ്റർമാരായി നിയമിച്ചിട്ടുള്ളത്. ടി ഫെസിലിറ്റേറ്റർമാർക്ക് DIET വയനാട് കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ രണ്ട് ദിവസത്തെ വിദഗ്ദ്ധ പരിശീലന പരിപാടി തിരുവനന്തപുരം, വയനാട് എന്നീ സ്ഥലങ്ങളിൽ വച്ച് നടത്തിയിട്ടുണ്ട്. കൂടാതെ ടി കേന്ദ്രങ്ങളിൽ ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ -2, യു.പി.എസ്. -2, എൽ.ഇ.ഡി. മോണിറ്റർ -1, എൽ.ഇ.ഡി. ഡിസ്പ്ലേ - 1, കമ്പ്യൂട്ടർ ടേബിൾ - 1, രണ്ട് വിദ്യാർത്ഥികൾക്ക് വീതം ഇരിക്കുവാൻ കഴിയുന്ന കസേരയോടുകൂടിയ 15 സ്റ്റഡി ടേബിളുകൾ, വൈറ്റ് ബോർഡ് -1, ഇന്റർനെറ്റ് സൗകര്യം എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഇത് കൂടാതെ വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം, ചായ, പത്രം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ നൽകുന്നതിനുമാണ് ടി പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ളത്. 2017-18 വർഷം തെരഞ്ഞെടുത്ത 100 പഠന മുറികളുടെ പ്രവർത്തനം മാർച്ച് മാസത്തിൽതന്നെ ആരംഭിക്കുന്നതാണ്.

ശ്രീ. ആന്റണി ജോൺ: സർ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനുവേണ്ടി ഈ സർക്കാർ ഒട്ടേറെ പദ്ധതികൾ

ആവിഷ്കരിച്ചിട്ടുണ്ട്. രാജ്യത്തിനുതന്നെ മാതൃകയാക്കാൻ കഴിയുന്ന നിരവധി പദ്ധതികൾ ആവിഷ്കരിച്ച സർക്കാരിനെയും വകുപ്പുമന്ത്രിയെയും പ്രത്യേകം അഭിനന്ദിക്കുകയാണ്. ആദിവാസി ഊരുകളിലെ കുട്ടികൾ ഇടയ്ക്കുവച്ച് പഠനം നിർത്തിപ്പോകുന്ന അവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി എന്തെല്ലാം കാര്യങ്ങൾ ചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; കുട്ടികൾക്ക് ഏറെ ഉപകാരപ്രദമായ ഗോത്രസാരഥി പദ്ധതി കൂടുതൽ കുട്ടികളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള ഒരു ഇടപെടൽ നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, കുട്ടികളും പഠിപ്പിക്കുന്ന അദ്ധ്യാപകരും തമ്മിലുള്ള ആശയവിനിമയത്തിലും സംവേദനത്തിലുമുണ്ടാകുന്ന പ്രശ്നമാണ് ആദിവാസി മേഖയിലുള്ള പ്രധാന പ്രശ്നം. യഥാർത്ഥത്തിൽ ഗോത്രഭാഷ അറിയാവുന്ന അദ്ധ്യാപകനല്ല പഠിപ്പിക്കുന്നത്. പഠിക്കാൻ വരുന്ന കുട്ടികൾക്ക് അദ്ധ്യാപകർ പറയുന്നതിന്റെ അർത്ഥം മനസ്സിലാകുകയില്ല. അങ്ങനെ ക്ലാസ് റൂമുകൾ അരോചകമായി മാറുകയാണ്. അത്തരം ക്ലാസ് റൂമുകൾ സജീവമാക്കുന്നതിനാണ് മെന്റർ ടീച്ചർമാരെ നിശ്ചയിക്കുന്നത്. ഗോത്രഭാഷ അറിയാവുന്ന അദ്ധ്യാപകരെ നിശ്ചയിക്കുമ്പോൾ ക്ലാസ് റൂം സജീവമാകുകയും കൊഴിഞ്ഞുപോക്ക് ഇല്ലാതാകുകയും ചെയ്യും. കൂടാതെ ഇതോടനുബന്ധിച്ച് കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് സാമൂഹ്യ പഠനമുറി ഏർപ്പെടുത്തുകയുംകൂടി ചെയ്യുമ്പോൾ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കാനും വിദ്യാഭ്യാസ നിലവാരം ഉയർത്താനും തൊഴിലില്ലായ്മ പരിഹരിക്കാനും സാധിക്കും.

<u>ശ്രീ. ആന്റണി ജോൺ</u>: സർ, ആദിവാസി വിഭാഗത്തിൽപ്പെട്ട ഒട്ടേറെ കുട്ടികൾക്ക് ഉന്നത വിദ്യാസം നേടിയിട്ടും ജോലി ലഭിക്കാത്ത ഒരവസ്ഥ കണ്ടുവരുന്നുണ്ട്. ഉന്നത വിദ്യാഭ്യാസം നേടിയ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സ്വന്തമായി സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി എന്തെല്ലാം സഹായങ്ങൾ നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, നിരവധി തൊഴിൽ സംരംഭക പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. അത് ഈ ഉത്തരത്തിന്റെ ഭാഗമായി സൂചിപ്പിച്ചിട്ടുള്ളതുകൊണ്ട് വിശദാംശത്തിലേക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മാത്രമല്ല, അഭ്യസ്തവിദ്യരായ ആദിവാസി കുട്ടികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള ശക്തമായ നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചട്ടം 300 അനുസരിച്ചുള്ള ഒരു പ്രസ്താവനയുണ്ട്. ബൃഹത്തായിട്ടുള്ള പദ്ധതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിക്കും. എന്തായാലും ഒരു പുതിയ ഉണർവ് ഈ മേഖലയിൽ ഉണ്ടാകും

എന്നുമാത്രമല്ല, ആദിവാസി മേഖലയിൽ ഇപ്പോൾ രൂപം കൊള്ളുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേരളം ഇന്ത്യക്കൊരു മാതൃക സൃഷ്ടിക്കും എന്നുകൂടി ഞാൻ ഈ സഭയ്ക്ക് ഉറപ്പുനൽകുകയാണ്.

ശ്രീ. ജോർജ് എം. തോമസ്: സർ, ആദിവാസികളുടെ കായികശേഷി വികസിപ്പിക്കുന്നതിനുവേണ്ടി കഴിഞ്ഞ വർഷം കോടഞ്ചേരിയിൽ ഒരു വോളിബോൾ ക്യാമ്പ് നടത്തിയിരുന്നു. ജനറൽ വിഭാഗത്തിൽപ്പെടുന്ന കുട്ടികളേക്കാൾ മികച്ച പ്രകടനമാണ് ആദിവാസി കുട്ടികൾ കാഴ്ചവച്ചത്. ആദിവാസി കുട്ടികൾക്ക് വോളിബോൾ, ബാസ്കറ്റ് ബോൾ ഉൾപ്പെടെയുള്ള കായിക മേഖലയിൽ പരിശീലനം നേടുന്നതിനുവേണ്ടി സമ്മർ കോച്ചിംഗ് ക്യാമ്പും അതുപോലെ രണ്ടോ മൂന്നോ ചെറിയ കോളനികൾ കൂടിച്ചേർന്നുകൊണ്ട് ആവശ്യമായ ഗ്രൗണ്ട് സംവിധാനങ്ങളും ഒരുക്കാൻ ഗവൺമെന്റ് തയ്യാറാണോ; ഉണ്ടെങ്കിൽ കോഴിക്കോട് ജില്ലയിലെ വട്ടച്ചിറ കോളനിക്ക് മുൻഗണന കൊടുക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇക്കാര്യം പരിശോധിക്കാം. കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിന് ഗവണ്മെന്റ് മുമ്പ് ആവിഷ്കരിച്ച ഒരു പ്രത്യേക പദ്ധതിയാണ് 'കളിക്കളം'. അത് ഇപ്പോഴും ഫലപ്രദമായി മുമ്പോട്ട് പോകുന്നുണ്ട്. യഥാർത്ഥത്തിൽ സ്റ്റേറ്റ് അടിസ്ഥാനത്തിലുള്ള മൽസരങ്ങളിൽ പങ്കെടുക്കാൻ സാധിക്കാത്ത ആദിവാസി കുട്ടികൾക്കാണ് 'കളിക്കളം' ആവിഷ്കരിച്ചിരിക്കുന്നത്. അതിൽ 100 മീറ്റർ, 400 മീറ്റർ, 800 മീറ്റർ, 4X400 മീറ്റർ ഓട്ടം, ട്രിപ്പിൾ ജമ്പ്, ഹൈജമ്പ്, ലോംഗ് ജമ്പ്, ഷോട്ട്പുട്ട്, സ്വിമ്മിംഗ്, ജാവലിൻത്രോ, ഡിസ്കസ് ത്രോ, ആർച്ചറി എന്നിവയോടൊപ്പം ആദിവാസി മേഖലയിൽ മാത്രം കാണുന്ന ചില കളികളുമുണ്ട്. അതുകൂടി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഇത് ഏർപ്പെടുത്തിയിട്ടുള്ളത്. കളിക്കളവുമായി ബന്ധപ്പെട്ട് ഈ കുട്ടികൾ അപാരമായ കഴിവാണ് പ്രകടിപ്പിക്കുന്നത്. ഇതിന് ഇനിയും ശക്തമായ ഇടപെടൽ നടത്തും. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യങ്ങൾ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതായിരിക്കും.

പ്രൊഫ. കെ. യു. അരുണൻ: സർ, നമ്മൾ ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്ന വിഷയം ബംഗാളി എഴുത്തുകാരി മഹാശ്വേതാ ദേവി ഒരു കഥയിലൂടെ പറഞ്ഞിട്ടുണ്ട്. അതിൽ ഒരു കുട്ടി ഹോസ്റ്റലിൽ താമസിക്കുന്നിടത്തിരുന്ന് എഴുതുകയാണ്, 'അച്ഛാ, എനിക്കിവിടെ ഭക്ഷണവും വസ്ത്രവും ഇഷ്ടംപോലെ പുസ്തകങ്ങളും കിട്ടുന്നുണ്ട്. പക്ഷെ ഡൈനിംഗ് ഹാളിൽ ഒരു കോർണറിലാണ് എന്റെ സ്ഥാനം. എന്റെ കിടപ്പുമുറി ഒറ്റയ്ക്കാണ് '. ഇക്കാര്യത്തിൽ

മനഃശാസ്ത്രപരമായ ഒരു ബോധവൽക്കരണം രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും നൽകണം. യൂണിവേഴ്സിറ്റിതലത്തിൽ കുട്ടികൾക്ക് റെമഡിയൽ കോഴ്സ് എടുക്കുന്നുണ്ട്. 'ഈ ക്ലാസ്സിലെ എസ്.സി./എസ്.ടി. കുട്ടികളൊക്കെ എഴുന്നേറ്റ് നിൽക്കൂ, നിങ്ങൾക്ക് ക്ലാസ്സെടുക്കുന്നതിന് നൂറ് രൂപ കൊണ്ടുവരണം ' എന്നാണ് അദ്ധ്യാപകർ ക്ലാസ്സുകളിൽ ചെന്ന് പറയുന്നത്. നമ്മുടെ കുട്ടികളെയും വിദ്യാഭ്യാസ മണ്ഡലത്തെയും പി. കേശവദേവിന്റെ നോവലിലെ കഥാപാത്രമായ പപ്പു, 'പട്ടികളെ' എന്ന് വിശേഷിപ്പിച്ചിട്ടാണ് ക്ലാസ്സിൽനിന്ന് പുറത്തുചാടിയത്. സാംസ്കാരികവും ശാസ്ത്രീയവും മനഃശാസ്ത്രപരവുമായ സമീപനത്തിന്റെ ഉടച്ചുവാർക്കലിലൂടെ മാത്രമേ നമ്മളിവിടെ സംസാരിച്ചുകൊണ്ടിരിക്കുന്ന വിഷയത്തെ സംബന്ധിച്ച് വിദ്യാഭ്യാസ മണ്ഡലത്തെ ബോധവൽക്കരിക്കാൻ സാധിക്കുകയുള്ളൂ. നിത്യേന വീടുകളിൽനിന്ന് വന്നു പഠിക്കുന്ന വിദ്യാർത്ഥികളുടെ പഠന മികവിനായി സാമൂഹ്യ പഠനമുറി സ്ഥാപിക്കാനും ആ രൂപത്തിലുള്ള ഒരു നവീകരണത്തിനും വിദ്യാഭ്യാസ വകുപ്പുമന്ത്രി തയ്യാറാകുമോ; ആദരണീയനായ മന്ത്രി ശ്രീ. എ. കെ. ബാലൻ ഇക്കാര്യത്തിൽ മുന്നോട്ടുവരുമോ? നിത്യജീവിതത്തിലും കോളേജുതലത്തിലുമുണ്ടായ അനുഭവങ്ങളുടെ വെളിച്ചത്തിലാണ് വികാര വായ്പോടുകൂടി ഞാൻ ഇത് അവതരിപ്പിച്ചത്. സ്റ്റൈപ്പന്റ് വാങ്ങാനുള്ള കുട്ടികളെല്ലാം ക്ലാസ്സ് കഴിഞ്ഞതിനുശേഷം മാത്രമേ വരികയുള്ളൂ. കാരണം, അവർ അധഃസ്ഥിതരാണെന്നുള്ള വിവരം മറ്റുള്ള കുട്ടികൾ അറിഞ്ഞെങ്കിലോ എന്ന ഭയമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു സാമൂഹിക ബോധവൽക്കരണം വളരെ അത്യാവശ്യമാണെന്ന് വിനയപൂർവ്വം അപേക്ഷിക്കുകയാണ്.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, സാഹിത്യ കൃതികളിൽ എന്താണ് പറഞ്ഞിട്ടുള്ളതെന്ന് ഞാൻ വായിച്ചിട്ടില്ലാത്തതിനാൽ അതിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച് അറിയില്ല. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനും അത് സമയബന്ധിതമായി കൊടുക്കുന്നതിനും ചില പ്രശ്നങ്ങളുണ്ടെന്നുള്ളത് ശരിയാണ്. അതിൽ ചിലതാണ് കുട്ടികൾ എസ്.സി.-എസ്.ടി. വിഭാഗത്തിൽപ്പെട്ടതാണെന്ന് പറയാത്തത്. എല്ലാ കുട്ടികളും പോയതിനുശേഷമാണ് ഇവർ വിദ്യാഭ്യാസ ആനുകൂല്യത്തിനായി ക്ലാർക്ക് യജമാനന്റെ മുന്നിൽ പോയി നിൽക്കുന്നതെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. അത് ഒഴിവാക്കാനാണ് ശ്രീ. വി. എസ്. അച്യുതാനന്ദൻ

ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കുട്ടികളുടെ വിദ്യാഭ്യാസ ആനുകൂല്യം നേരിട്ട് ബാങ്കിലേയ്ക്ക് എത്തിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപംകൊടുത്തത്. ആ പദ്ധതി ഇപ്പോൾ വിജയകരമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധികാരികളുടെ മുമ്പിൽ പോയി ഓച്ചാനിച്ച് നിൽക്കേണ്ട ആവശ്യം കുട്ടികൾക്ക് ഉണ്ടാകുകയില്ല. വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റമാണ് ഉണ്ടായിട്ടുള്ളത്. ഉദാഹരണത്തിന്, വിദ്യാഭ്യാസ സൗകര്യങ്ങളും പഠന സൗകര്യങ്ങളും നല്ല ഭക്ഷണവും ട്യൂഷനും കൊടുത്താൽ ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾ നല്ല രീതിയിൽ വളരും. എം.ആർ.എസ്സുകളുടെ സ്ഥിതി അതാണ്. റെമഡിയൽ കോഴ്സുകളും മനഃശാസ്ത്രപരമായ ഉടച്ചുവാർക്കലിന്റെയും കാര്യം മനസ്സിലാക്കി കൊണ്ടുള്ള പരിപാടികൾ പട്ടികവർഗ്ഗ വിഭാഗ വകുപ്പ് ആസൂത്രണം ചെയ്തിട്ടുണ്ട്.

<u>ശ്രീ. ഡി. കെ. മുരളി:</u> സർ, ഗോത്രവർഗ്ഗ മേഖലയിൽ ഒരു പുത്തൻ ഉണർവ്വുണ്ടാക്കാൻ കഴിഞ്ഞതിൽ അങ്ങയേയും ഗവൺമെന്റിനേയും അഭിനന്ദിക്കുകയാണ്. സാമൂഹ്യ പഠനമുറി പദ്ധതിയിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനം ഏതെല്ലാം തരത്തിൽ മെച്ചപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; ഈ പദ്ധതി എല്ലാ പട്ടികവർഗ്ഗ ഊരുകളിലും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? എം.ആർ.എസ്.-കളിൽ കോൺട്രാക്ട് വ്യവസ്ഥയിൽ അദ്ധ്യാപക നിയമനം നടത്തുന്നത് വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. അവിടെ താമസിച്ച് പഠിപ്പിക്കാൻ അദ്ധ്യാപകർ തയ്യാറാകുന്നില്ല. അതിന് പരിഹാരം കാണുമെന്ന് അങ്ങ് മുമ്പ് പ്രസ്താവിച്ചിരുന്നു. അതിന്റെ നടപടികൾ എന്തായി?

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, എം.ആർ.എസ്.-ന്റെ കാര്യം പറഞ്ഞത് ശരിയാണ്. കോൺട്രാക്ട് അടിസ്ഥാനത്തിലാണ് അദ്ധ്യാപകരെ നിയമിക്കുന്നത്. ആവശ്യത്തിന് സ്റ്റാഫില്ലെന്നുള്ളത് സത്യമാണ്. പക്ഷെ, കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന അദ്ധ്യാപകർ നല്ല രീതിയിൽ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നുണ്ട്. ഒരു രൂപത്തിലുള്ള അഴകൊഴമ്പൻ സമീപനവും അവർ കാണിക്കുന്നില്ല. അതിന്റെ ഭാഗമായാണ് 100 ശതമാനം വിജയം ഉണ്ടാക്കാൻ കഴിയുന്നത്. ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കാളും മെച്ചമാണ് മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം. അതുകൊണ്ട് കോൺട്രാക്ട് അടിസ്ഥാനത്തിൽ പഠിപ്പിക്കുന്ന എന്നുള്ളതുകൊണ്ട് ഒരു ബുദ്ധിമുട്ടും അവിടെ വരുന്നില്ല. പക്ഷെ, ഇത് മാറ്റുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കും. പി.എസ്.സി. മുഖേന ആവശ്യമുള്ള സ്റ്റാഫിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ

വകുപ്പുമന്ത്രിക്ക് കത്ത് കൊടുത്തിട്ടുണ്ട്. സാമൂഹ്യ പഠനമുറി ഒരു മാതൃകയായി എടുക്കുകയാണ്. ഈ വർഷം 100 പഠനമുറിയാണ് എടുത്തിട്ടുള്ളത്. അതിൽ 45 പഠനമുറികൾ ആരംഭിച്ചുകഴിഞ്ഞു. പഠനമുറി എല്ലാ ഊരുകളിലേയ്ക്കും എത്തിക്കുക സാധ്യമല്ല. കാരണം, ആയിരക്കണക്കിന് ഊരുകളാണുള്ളത്. വളരെ പിന്നോക്കം നിൽക്കുന്ന പ്രത്യേകിച്ച്, പ്രിമിറ്റീവായിട്ടുള്ള വിഭാഗങ്ങളുള്ള ആദിവാസി മേഖലകളിലാണ് ഇത് കേന്ദ്രീകരിക്കുന്നത്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, കേരളത്തിലെ പട്ടികവർഗ്ഗക്കാരിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗമാണ് കാട്ടുനായ്ക്കർ വിഭാഗം. ആ വിഭാഗത്തിലെ കുട്ടികൾക്ക് പഠിക്കുന്നതിന് കേരളത്തിൽ ആകെയുള്ള റെസിഡൻഷ്യൽ സ്കൂളായ രാജീവ് ഗാന്ധി ട്രൈബൽ റെസിഡൻഷ്യൽ സ്കൂൾ എന്റെ നിയോജകമണ്ഡലമായ നൂൽപ്പുഴയിലാണ് സ്ഥിതിചെയ്യുന്നത്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ഹയർ സെക്കണ്ടറി ഉൾപ്പെടെ അവിടെയുണ്ട്. അവിടെ പെൺകുട്ടികൾക്കുള്ള ഹോസ്റ്റലിന്റെ പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു. മറ്റുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് അവിടെയുണ്ട്. കുട്ടികളെ സ്പോർട്സ് പരിശീലിപ്പിക്കുന്നതിനുള്ള ഗ്രൗണ്ടും ആൺകുട്ടികൾക്കുള്ള ഹോസ്റ്റലും അവിടെയില്ല. അദ്ധ്യാപകർ അവിടെത്തന്നെ താമസിച്ച് പഠിപ്പിക്കണമെന്നാണ് ഇതിന്റെ നോംസിൽ പറയുന്നത്. അദ്ധ്യാപകർക്ക് താമസിക്കുന്നതിനുള്ള ക്വാർട്ടേഴ്സ് സൗകര്യങ്ങളില്ല. ഈ വിഭാഗത്തിന് അനുയോജ്യമായ സ്കൂൾ എന്ന നിലയ്ക്ക് ഇതിനാവശ്യമായ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, നേരത്തെ സൂചിപ്പിച്ചതുപോലെ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ, കാടർ, കുറുമ്പർ എന്നീ വിഭാഗങ്ങൾ ഉൾപ്പെടുന്നതാണ് പ്രിമിറ്റീവ്/പ്രാക്തന ആദിവാസി വിഭാഗങ്ങൾ. അവർ പഠിക്കുന്ന സ്കൂളുകളിലെല്ലാം പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. രാജീവ് ഗാന്ധി മെമ്മോറിയൽ സ്കൂളിലും പൊതുവിൽ നല്ല സൗകര്യങ്ങളാണുള്ളത്. അതിൽ ആകെയുള്ള കുറവ് ആൺകുട്ടികളുടെ ഹോസ്റ്റലിന്റെ അപര്യാപ്തതയാണ്. അത് പരിഹരിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതായിരിക്കും. അവിടെ പ്രത്യേകിച്ച് എന്തെങ്കിലും ശ്രദ്ധിക്കേണ്ടതുണ്ടെങ്കിൽ ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചാൽ ഇടപെടുന്നതായിരിക്കും.

<u>ശ്രീ. ബി. സത്യൻ:</u> സർ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ എം.ആർ.എസ്. വളരെ മാതൃകാപരമായ കാര്യങ്ങളാണ് ചെയ്യുന്നത്. അവിടെ വിദ്യാഭ്യാസ വിജയം 100 ശതമാനമാണ്. അക്കാദമിക്-നോൺ-അക്കാദമിക്

കാര്യങ്ങളൊക്കെ വളരെ മെച്ചപ്പെട്ട രീതിയിലാണ് പോകുന്നത്. എന്നാൽ അവർക്ക് നൽകുന്ന ഭക്ഷണത്തിന്റെ കാര്യത്തിലാണ് അങ്ങയുടെ ശ്രദ്ധ കൊണ്ടുവരുന്നത്. ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം പട്ടികജാതി പട്ടികവർഗ്ഗ ഹോസ്റ്റലുകൾ സന്ദർശിച്ചിരുന്നു. ആ സന്ദർഭത്തിൽ അവർക്ക് നൽകുന്ന ഭക്ഷണത്തിന്റെയും വസ്ത്രങ്ങളുടെയും മറ്റ് അടിസ്ഥാനപരമായ കാര്യങ്ങളുടെയും അവരുടെ കലാ-കായിക കാര്യങ്ങളുടെയും വിവരങ്ങളാണ് ലഭിച്ചത്. അവരുടെ ആഗ്രഹമനുസരിച്ച് ഭക്ഷണം നൽകാനും അനുബന്ധമായി മറ്റ് കാര്യങ്ങൾ ചെയ്യുന്നതിനുമുള്ള സൗകര്യങ്ങളുടെ പ്രയാസം അവർ പറയുന്നുണ്ട്. കുഞ്ഞുങ്ങൾക്ക് യോജിച്ച ഭക്ഷണമാണ് അവിടെ നൽകുന്നതെങ്കിലും അവർ ആഗ്രഹിക്കുന്ന തരത്തിലുള്ള ഭക്ഷണ രീതിയിലല്ല തയ്യാറാക്കി കൊടുക്കുന്നത്. ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന കുട്ടികളുടെ ഭാഗത്തുനിന്നും അങ്ങനെയുള്ള ധാരാളം വിഷയങ്ങൾ വരുന്നുണ്ട്. അതിനൊരു നിർദ്ദേശം നൽകുമോ?

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ഈ പറഞ്ഞതിൽ ഒരു പ്രശ്നം ശരിയാണ്. ആദിവാസി മേഖലയിൽനിന്ന് വരുന്ന കുട്ടികളുടെ ഭക്ഷണരീതി നമ്മുടെ ഭക്ഷണരീതിയല്ല. അവരുടെ പാരമ്പര്യ ഭക്ഷണമായ ചോളം, ചാമ, മുത്താറി തുടങ്ങിയവ ആവശ്യത്തിനനുസരിച്ച് നമുക്ക് ഹോസ്റ്റലുകളിലും റേഷൻ കടകളിലും എത്തിച്ചുകൊടുക്കാൻ സാധിക്കില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പ്രത്യേക താൽപ്പര്യമെടുത്തുകൊണ്ട് പാരമ്പര്യ കൃഷികൾ ശക്തിപ്പെടുത്തുന്നതിനും എല്ലാ ഭൂമിയിലും, പ്രത്യേകിച്ച് ആദിവാസികൾക്ക് ലഭ്യമായിട്ടുള്ള ഭൂമിയിൽ പാരമ്പര്യ കൃഷി നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടുകൊണ്ട് ഇത്തരം ഭക്ഷണങ്ങൾ കോളനികളിൽ എത്തിക്കുന്നതിന് ഇപ്പോൾ ഒരു പ്രത്യേക സംവിധാനം ഒരുക്കുകയാണ്. പാലക്കാടൻ മട്ട പോലുള്ള അരിയൊന്നും അവർ കഴിക്കുകയില്ല. പച്ചരി മാത്രമേ കഴിക്കുകയുള്ളൂ. പച്ചരി ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഞാൻ ഇപ്പോൾ കാസർഗോഡ് പോയിരുന്നു. കുട്ടികളൊക്കെ നന്നായി ഭക്ഷണം കഴിക്കുന്നുണ്ട്. ആഴ്ചയിൽ 4 ദിവസം അവർക്ക് നോൺ-വെജിറ്റേറിയൻ ഭക്ഷണവും 3 ദിവസം വെജിറ്റേറിയൻ ഭക്ഷണവുമാണ് നൽകുന്നത്. മാസത്തിലൊരിക്കൽ പായസംകൂടി വേണമെന്ന് അവർ പറഞ്ഞു. അതും കൊടുക്കാമെന്ന് പറഞ്ഞു. ഒരു മാസത്തിൽ അവർക്ക് ബിരിയാണിയും പായസവും കൊടുക്കും. ആഴ്ചയിൽ 4 ദിവസം പരമാവധി നോൺ-വെജിറ്റേറിയനും 3 ദിവസം വെജിറ്റേറിയനുമാണ് കൊടുക്കുന്നത്. അവർ ആഗ്രഹിക്കുന്ന രൂപത്തിലുള്ള മെനു രൂപപ്പെടുത്തുന്നതിനുള്ള നടപടി ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ, പട്ടികവർഗ്ഗ വകുപ്പുമായി ചേർന്നുകൊണ്ട് അട്ടപ്പാടി മേഖലയിൽ 'മില്ലറ്റ് വില്ലേജ്' പദ്ധതി ആരംഭിക്കുകയും 1200 ഏക്കർ സ്ഥലത്ത് ആദിവാസികളുടെ പരമ്പരാഗത ഭക്ഷണമായ റാഗി, ചോളം, ചാമ തുടങ്ങിയവയുടെ കൃഷി ആരംഭിക്കുകയും ചെയ്തു. എന്നാൽ ഈ വർഷമുണ്ടായ വരൾച്ചമൂലം അതിൽ കുറെയേറെ സ്ഥലത്ത് കൃഷി നശിച്ചുപോയെങ്കിലും അതിന് വലിയൊരു തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ട്. അടുത്ത വർഷം മുതൽ കൃത്യസമയത്ത് കൃഷി ആരംഭിക്കുകയാണെങ്കിൽ അട്ടപ്പാടി മേഖലയിലെ ആദിവാസികൾക്ക് കഴിക്കാനാവശ്യമായ മില്ലറ്റ് അവിടെ ഉത്പാദിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**മിനിമം വേതനം**

4 (*214) ശ്രീ.കെ. ആൻസലൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനിമം വേതനം പുതുക്കാനായി നിശ്ചയിച്ചിട്ടുള്ള അഞ്ചുവർഷകാലാവധി കഴിഞ്ഞിട്ടും മുൻസർക്കാർ മിനിമം വേതനം പുതുക്കി നിശ്ചയിക്കാതിരുന്ന തൊഴിൽ മേഖലകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത മേഖലകളിലെ മിനിമം വേതനം പുതുക്കുന്നതിനായി അടിയന്തരമായി നടപടി സ്വീകരിക്കാൻവേണ്ട ഇടപെടൽ നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) തൊഴിലാളികൾക്ക് സർക്കാർ നിശ്ചയിക്കുന്ന മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ഡി) വേതന സുരക്ഷാ പദ്ധതിയുടെ വിശദാംശം അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) മുൻസർക്കാരിന്റെ കാലത്ത് അഞ്ച് വർഷ കാലാവധി കഴിഞ്ഞിട്ടും മിനിമം വേതനം പുതുക്കി നിശ്ചയിക്കാതിരുന്ന തൊഴിൽ മേഖലകൾ ചുവടെ ചേർക്കുന്നു:

1. ഹോസ്റ്റൽസ്
2. ഐസ് ഫാക്ടറീസ്
3. സെയിൽസ് പ്രൊമോഷൻ ഓഫ് ഫാർമസ്യൂട്ടിക്കൽസ്
4. മുള, ചൂരൽ വ്യവസായം
5. ആന പരിപാലനം
6. സ്വർണ്ണം, വെള്ളി ആഭരണ നിർമ്മാണം
7. പ്രിന്റിംഗ് പ്രസ്
8. മെഡിക്കൽ ഷോപ്പ്
9. ആയുർവേദിക് & അലോപ്പതിക് മെഡിസിൻസ്
10. ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ്
11. ഗാർഹിക തൊഴിൽ
12. അഗ്രിക്കൾച്ചറൽ ഓപ്പറേഷൻസ്
13. പേപ്പർ പ്രൊഡക്ഷൻ
14. ഹിൽ പ്രൊഡ്യൂസ് ഇൻഡസ്ട്രി
15. സെക്യൂരിറ്റി സർവ്വീസ്
16. ഓയിൽ മിൽ സെക്ടർ
17. ലൈറ്റ് മോട്ടോർ വെഹിക്കിൾ
18. ബീഡി & സിഗാർ ഉത്പാദന വ്യവസായം
19. മൈനർ പോർട്ട്സ്
20. ലിക്വർ ട്രേഡിംഗ് & ലിക്വർ വെന്റിംഗ്
21. ഫോറസ്റ്റ്
22. സ്ക്രീൻ പ്രിന്റിംഗ്

23. ഫർണീച്ചർ ഇൻഡസ്ട്രി
24. റൈസ് മിൽ/ഫ്ലോർ മിൽ & ദാൽ മിൽ
25. റബ്ബർ പ്രോഡക്ട്സ് ഇൻഡസ്ട്രി
26. സ്റ്റോൺ ബ്രേക്കിംഗ്/സ്റ്റോൺ ക്രഷിംഗ്, കൺസ്ട്രക്ഷൻ ഓർ മെയിന്റനൻസ് ഓഫ് റോഡ്സ് ഓർ ഇൻ ബിൽഡിംഗ് ഓപ്പറേഷൻസ്
27. സ്വീപ്പിംഗ് & ക്ലീനിംഗ്
28. ടോഡി ടാപ്പിംഗ്
29. മാനുഫാക്ചറിംഗ് & സെയിൽ ഓഫ് അംബ്രല
30. സിനിമാ തിയേറ്റർ
31. ഡ്രൈയിംഗ് ഓഫ് കോക്കനട്ട് ഫോർ മേക്കിംഗ് ദം കൊപ്ര
32. ഗാർമെന്റ് മേക്കിംഗ്
33. ഹാന്റ്ലൂം ഇൻഡസ്ട്രി ഫോർ ഡെയ്‌ലി & പീസ് റേറ്റഡ് എംപ്ലോയീസ്
34. മൈനർ എഞ്ചിനീയറിംഗ്
35. ബ്ലോക്ക് റബ്ബർ ഫാക്ടറീസ്
36. ഫിഷ് പീലിംഗ്, ഫിഷ് കാനിംഗ്, ഫിഷ് ഫ്രീസിംഗ് & എക്സ്പോർട്ടിംഗ് ഓഫ് സീഫുഡ്സ്
37. ഹാന്റ്ലൂം ഇൻഡസ്ട്രി ഫോർ മന്ത്‌ലി പെയ്ഡ് എംപ്ലോയീസ്
38. ഖാദി ഇൻഡസ്ട്രി
39. എൽ.പി. ഗ്യാസ് ഏജൻസീസ്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എൻഫോഴ്സ്മെന്റ് വിഭാഗം ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാരെ ഉൾപ്പെടുത്തി പരിശോധനകൾ നടത്തിവരുന്നു. കടകളിലും വാണിജ്യ

സ്ഥാപനങ്ങളിലും കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടി സ്വീകരിക്കുന്നുണ്ട്. മിനിമം വേതനം നൽകാത്ത കേസ്സുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമ ലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾ സെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്.

(ഡി) വിവിധ തൊഴിൽ മേഖലകളിലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും വേതനം ബാങ്ക് അക്കൗണ്ടിലൂടെ ലഭ്യമാക്കി വേതന സുരക്ഷയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് വേതന സുരക്ഷാ പദ്ധതി. വേതന സുരക്ഷാ പദ്ധതിയിൽ ചേർന്നിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അവരുടെ ശമ്പളം ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നതോടൊപ്പം വേജ് സ്ലിപ്പും ഓൺലൈനായി ലഭ്യമാകുന്നു. നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് സ്ഥാപന പരിശോധന കൂടാതെതന്നെ പരിശോധിക്കുന്നതിന് സാധിക്കുന്നു.

സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പ് നടപ്പിലാക്കിയ വേതന സുരക്ഷാ പദ്ധതിയിലൂടെ നാളിതുവരെ ഏകദേശം 6756 സ്ഥാപനങ്ങളിൽനിന്നും 164126 തൊഴിലാളികൾക്ക് 1583 കോടി രൂപയോളം വിതരണം ചെയ്തിട്ടുണ്ട്.

**ജലനിധി പദ്ധതിയിലൂടെ കൈവരിച്ച നേട്ടങ്ങളും പുരോഗതിയും**

5 (*215) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) ജലനിധി പദ്ധതിയിലൂടെ കൈവരിച്ച നേട്ടങ്ങളും പ്രവർത്തന പുരോഗതിയും വ്യക്തമാക്കുമോ;

(സി) ജലനിധി പദ്ധതിയുടെ ഒന്നാംഘട്ട പദ്ധതികളിലെ മൂന്നിലൊന്നോളം ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനക്ഷമമല്ലെന്ന് സി.എ.ജി. റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ഒന്നാംഘട്ട പദ്ധതികളിൽ പ്രവർത്തനക്ഷമമല്ലാത്തവ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) ഉണ്ട്.

ജലനിധി പഞ്ചായത്തുകളിലെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ജല സംരക്ഷണത്തിനായി ജലനിധി, കിണറുകളിൽ point recharge, roof water harvesting, ചെറുകിട തടയണകൾ (small checkdams), Gabion structure, Radial Arm, നീർക്കുഴികൾ, ഓവ്ചാൽ നിർമ്മാണം, ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented Cross Bar), മണ്ണുസംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നീ പ്രവർത്തനങ്ങളും ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിവരുന്നു. പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശുദ്ധീകരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിച്ചുവരുന്നു.

(ബി) 2018 ഫെബ്രുവരി 28 വരെ കൈവരിച്ച നേട്ടങ്ങളുടെയും പ്രവർത്തന പുരോഗിതയുടെയും സംക്ഷിപ്ത രൂപം താഴെ ചേർക്കുന്നു.

- പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പഞ്ചായത്തുകളുടെ എണ്ണം : 115
- പദ്ധതിയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതികളുടെ എണ്ണം : 2175
- 2018 ഫെബ്രുവരി 28 വരെ പൂർത്തീകരിച്ച് ജലവിതരണം നടത്തിയ കുടിവെള്ള പദ്ധതികളുടെ എണ്ണം - 1757
- ഇതുവഴി കുടിവെള്ളം വീടുകളിൽ ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ എണ്ണം : 720590
- പദ്ധതിയുടെ അടങ്കൽ തുക : 1358.82 കോടി രൂപ
- 31-1-2018 വരെ ചെലവഴിച്ച തുക : 1070.48 കോടി രൂപ

(സി) 2015-ൽ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നടത്തിയ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ഒന്നാംഘട്ട ജലനിധിയിൽ നടപ്പിലാക്കിയ 3710 കുടിവെള്ള പദ്ധതികളിൽ 35% (1298 എണ്ണം) ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനക്ഷമമല്ല. സ്രോതസ്സുകളുടെ അപര്യാപ്തത, ജലത്തിന്റെ ഗുണനിലവാര പ്രശ്നം, ഗുണഭോക്തൃ സമിതികളുടെ പരിമിതി എന്നിവയാണ് പ്രധാനമായും പദ്ധതികളുടെ പ്രവർത്തനം ഭാഗികമായോ പൂർണ്ണമായോ നിലയ്ക്കാൻ കാരണമായി കണ്ടെത്തിയിട്ടുള്ളത്.

(ഡി) ഒന്നാംഘട്ടത്തിൽ ഉൾപ്പെടുന്ന പദ്ധതികളിൽ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനക്ഷമമല്ലാത്ത പദ്ധതികൾ പുനരുദ്ധരിക്കുന്നതിന് 2018-19 വർഷത്തിലേക്കുള്ള ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് ഉപയോഗിച്ച് പഞ്ചായത്തുകളുടെയും ഗുണഭോക്തൃ സമിതികളുടെയും സാമ്പത്തിക പങ്കാളിത്തത്തോടെ ഈ പദ്ധതികൾ പുനരുദ്ധരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ജലനിധി സ്വീകരിച്ചുവരുന്നു.

**ക്ഷീര മേഖലയുടെ ആധുനികവത്കരണം**

6 (*216) ശ്രീ. ഡി. കെ. മുരളി:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര മേഖലയുടെ ആധുനികവത്ക്കരണത്തിനും അതുവഴി യുവജനങ്ങളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) കറവപ്പശുക്കളെ വിതരണം ചെയ്യുന്ന മിൽക്ക് ഷെഡ്ഡ് വികസന പദ്ധതിയിൽ അന്തരീക്ഷ താപനിലയിലുണ്ടാകുന്ന വ്യതിയാനത്തെ പ്രതിരോധിക്കുന്നതിനുള്ള ആധുനിക കാലിത്തൊഴുത്തുകൾ നിർമ്മിക്കുന്നതിന് ക്ഷീരകർഷകർക്ക് ഒരു ലക്ഷം രൂപവീതം നൽകുന്നു. കറവ മാട്ടുകളോടൊപ്പം അതിന്റെ ഉടമകളായ കർഷകരേയും കുടുംബത്തിലെ അംഗങ്ങളേയും ഇൻഷ്വർ ചെയ്യുന്ന പുതിയ പദ്ധതി ഈ വർഷം നടപ്പിലാക്കിയിരിക്കുകയാണ്. 20 പശുക്കളടങ്ങുന്ന ഹൈടെക് ഡെയറി ഫാം തുടങ്ങുന്നതിനുള്ള പദ്ധതി

നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഹൈടെക് രീതിയിൽ തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനുള്ള ഹൈഡ്രോപോണിക് മെഷീനുകൾ കർഷകർക്ക് വിതരണം ചെയ്തുവരുന്നു. ക്ഷീര സഹകരണ സംഘങ്ങളിൽ ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകളും ഇൻഫർമേഷൻ കിയോസ്കുകളും സ്ഥാപിക്കുന്ന പദ്ധതി അന്തിമ ഘട്ടത്തിലാണ്. ക്ഷീര സഹകരണ സംഘങ്ങളുടെ ജിയോമാപ്പിംഗ് പദ്ധതി പൂർത്തിയായിവരുന്നു. ക്ഷീരസംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്ന പദ്ധതി അന്തിമഘട്ടത്തിലാണ്.

ഇൻഷ്വറൻസ് പരിരക്ഷയും ആം ആദ്മി ബീമായോജന വഴി ക്ഷീര കർഷകരുടെ മക്കൾക്ക് പ്രതിവർഷ സ്കോളർഷിപ്പ്, കറവ മാടുകൾക്ക് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ, ദത്തെടുത്ത കിടാരികൾക്ക് കാലിത്തീറ്റയും സൗജന്യ ഇൻഷ്വറൻസും ബയോഗ്യാസ് പ്ലാന്റ്, തൊഴുത്ത് നിർമ്മാണം എന്നിവയ്ക്ക് ധനസഹായം, കുറഞ്ഞ നിരക്കിൽ മൃഗചികിത്സയും മരുന്നും പാരമ്പര്യ മൃഗചികിത്സ, സൗജന്യ വന്ധ്യതാ നിവാരണ ക്ലിനിക്കുകൾ, അകിടുരോഗ നിർണ്ണയ നിവാരണ പദ്ധതികൾ, ബാങ്ക് ലോൺ പലിശ സബ്സിഡി, റിവോൾവിംഗ് ഫണ്ട്, ആധുനികവത്കരണത്തിന്റെ ഭാഗമായി കാറ്റിൽഷെഡ്/ഫാം നവീകരണത്തിന് ധനസഹായം എന്നിവ നൽകിവരുന്നു. കർഷകരെ സംരക്ഷിക്കുന്നതിനായി എല്ലാ പത്തു ദിവസം കൂടുമ്പോഴും പാൽവില കൃത്യമായി ക്ഷീര സംഘങ്ങൾക്ക് കൈമാറുകയും മിൽമയുടെയും മേഖല യൂണിയനുകളുടെയും പ്രവർത്തന ലാഭം പ്രോത്സാഹന വിലയായും കാലിത്തീറ്റ സബ്സിഡിയായും അതത് സമയങ്ങളിൽ ക്ഷീര സംഘങ്ങൾക്ക് കൈമാറുകയും ചെയ്തുവരുന്നു. അതോടൊപ്പം മിൽമ വിൽക്കുന്ന ഓരോ ലിറ്റർ പാലിൽനിന്നും 31 പൈസവിതം ക്ഷീര കർഷക ക്ഷേമനിധിയിൽ നിക്ഷേപിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കാൻ ക്ഷീര വികസന വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതതായി ക്ഷീര സഹകരണ സംഘങ്ങൾ രൂപീകരിക്കുക, പ്രവർത്തനരഹിതമായ ക്ഷീരസഹകരണ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുക, മാനേജീരിയൽ ഗ്രാന്റ്, ഏകീകൃത സോഫ്റ്റ്‌വെയർ, ക്ഷീരസംഘങ്ങളുടെ ജിയോ മാപ്പിംഗ് എന്നിവ നടപ്പിലാക്കിവരുന്നു. സാധ്യതയുള്ള ക്ഷീര സംഘങ്ങളിൽ മിൽമയുടെ മേഖലാ യൂണിയനുകൾ ഉൽപ്പന്നങ്ങൾ ഹോൾസെയിൽ നിരക്കിൽ നൽകിക്കൊണ്ട് വിൽപ്പന നടത്തുന്നതിനായുള്ള വിപണന കേന്ദ്രങ്ങൾ നടത്തിവരുന്നു. യഥാസമയം കുത്തിവയ്പിനാവശ്യമായ കൃത്രിമ ബീജധാന സെന്ററുകൾ എറണാകുളം, മലബാർ യൂണിയനുകൾ സംഘങ്ങളുമായി ബന്ധപ്പെടുത്തി നടത്തുകയും കർഷകരുടെ വീട്ടിലെത്തി കുത്തിവയ്പ് സൗകര്യങ്ങൾ നൽകിവരികയും ചെയ്യുന്നു. ക്ഷീര കർഷകർക്ക് ആവശ്യമായ പച്ചപ്പുല്ല്, വൈക്കോൽ എന്നിവ ക്ഷീരസംഘങ്ങൾ കർഷകർക്ക് ആവശ്യാനുസരണം എത്തിച്ചുനൽകുന്നു.

## കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക ശാക്തീകരണം

7 (*217) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലം പൊതു സ്വത്ത് എന്നതിന് പകരം വിലകൊടുത്തു വാങ്ങേണ്ട ചരക്കായി പരിഗണിക്കുന്ന കേന്ദ്രനയത്തിന്റെ സ്ഥാനത്ത് ഗുണനിലവാരമുള്ള കുടിവെള്ളം ഓരോ പൗരന്റെയും അവകാശമാക്കിത്തീർക്കാൻ സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കുള്ള കേന്ദ്ര സഹായത്തിൽ കുറവുവന്നത് കാരണം കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത കുടിവെള്ള പദ്ധതികൾ മുടങ്ങിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതികൾ പ്രാവർത്തികമാക്കാനായി എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) എല്ലാ വീട്ടിലും പൈപ്പ് വഴി കുടിവെള്ളം എത്തിക്കുക എന്ന കേരള വാട്ടർ അതോറിറ്റിയുടെ പ്രഖ്യാപിത ലക്ഷ്യം നിറവേറ്റാനായി ലോക ബാങ്കിൽ നിന്നോ കേന്ദ്ര സർക്കാരിൽനിന്നോ സഹായമോ വായ്പയോ ലഭിക്കുന്നുണ്ടോ;

(ഡി) കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക ശാക്തീകരണത്തിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) കുടിവെള്ളം ഒരു സേവന മേഖലയായി പരിഗണിച്ച് സബ്സിഡൈസ്ഡ് നിരക്കിലാണ് ഇപ്പോൾ കുടിവെള്ളം നൽകുന്നത്. പൊതുടാപ്പുകളിൽക്കൂടി വിതരണം ചെയ്യുന്ന കുടിവെള്ളം ഏതൊരു പൗരനും വിലകൊടുക്കാതെ ഉപയോഗിക്കാവുന്നതാണ്. ഇതുകൂടാതെ മിതമായ വെള്ളക്കരം ഒടുക്കി ഗാർഹിക കണക്ഷനുകളും ബി.പി.എൽ. വിഭാഗത്തിൽ ദ്വൈമാസം 15 കിലോലിറ്റർ ജലം സൗജന്യമായും നൽകുന്നുണ്ട്.

കേരളത്തിലെ എല്ലാ പൗരന്മാർക്കും കുടിവെള്ളമെത്തിക്കുക എന്ന ഉദ്ദേശത്തോടെ സർക്കാർ വർഷംതോറും ബജറ്റിൽ കുടിവെള്ള പദ്ധതികൾക്കായി തുക വകയിരുത്തുന്നു. 2016-17-ൽ 672.50 കോടി രൂപ, 2017-18-ൽ 678.85 കോടി രൂപ, 2018-19-ൽ 776.43 കോടി രൂപ വിവിധ കുടിവെള്ള പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട്.

(ബി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കുള്ള കേന്ദ്ര സഹായത്തിൽ കുറവ് വന്നതുകാരണം കേരള വാട്ടർ അതോറിറ്റി കേന്ദ്ര സഹായത്തോടെ ഏറ്റെടുത്ത പദ്ധതികളുടെ നിർവ്വഹണത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഏറ്റെടുത്ത പദ്ധതികളുടെ പൂർത്തിയായ പ്രവൃത്തികൾക്ക് നൽകുവാനുള്ള ബിൽ തുക മുടങ്ങിയ വകയിൽ കരാറുകാർക്ക് ഏകദേശം 200 കോടി രൂപ കുടിശ്ശിക നൽകുവാനുണ്ട്. കരാറുകാർ കേരള വാട്ടർ അതോറിറ്റിയുടെ പ്രവൃത്തികൾ നടപ്പാക്കുന്നതിന് മടിക്കുന്നതുകാരണം പദ്ധതികൾ പൂർത്തിയാക്കി ജനങ്ങൾക്ക് പ്രയോജനം ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്.

ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കുള്ള കേന്ദ്ര സഹായത്തിലുണ്ടായ കുറവ് കാരണം 55 ഗ്രാമീണ കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം നിർത്തിവച്ചിരിക്കുകയാണ്. ഇപ്രകാരം നിർത്തിവച്ച പദ്ധതികൾ അനുയോജ്യമായ മറ്റേതെങ്കിലും ഫണ്ടിംഗ് ഏജൻസിയിൽനിന്നും ഫണ്ട് ഉറപ്പാക്കുന്നമുറയ്ക്ക് ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രമിച്ചുവരുന്നു.

കേന്ദ്ര സഹായത്തിലെ കുറവ് നികത്തുന്നതിലേക്കായി 2018-19 വർഷത്തെ സംസ്ഥാന ബജറ്റിൽ NRDWP പദ്ധതികൾക്കായി പുതുക്കിയ ശീർഷകത്തിൽ അധികമായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി ഗ്രാമീണ മേഖലയിലെ കുടിവെള്ള പദ്ധതികൾക്കായി കേന്ദ്ര സർക്കാരിന്റെ ധനസഹായം കഴിഞ്ഞ വർഷങ്ങളെക്കാൾ കുറഞ്ഞതോതിൽ ലഭിക്കുന്നുണ്ട്.

(ഡി) 2016-17 ബജറ്റ് പ്രഖ്യാപനം അനുസരിച്ച് വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമായി മാറ്റുകയും ചെയ്തു.

എല്ലാ വർഷവും പുതിയ രണ്ട് ലക്ഷം വാട്ടർ കണക്ഷനുകൾ നൽകുവാനാണ് വാട്ടർ അതോറിറ്റി ലക്ഷ്യമിടുന്നത്. ഇതുവഴി വരുമാന വർദ്ധനവ് ഉദ്ദേശിക്കുന്നു.

വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയും ഉപഭോക്താക്കൾക്ക് തവണവ്യവസ്ഥകൾ നൽകിയും വരുമാനം വർദ്ധിപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ 2016-17 സാമ്പത്തിക വർഷം മുൻവർഷത്തേക്കാൾ 67 കോടി രൂപ വെള്ളക്കരം ഇനത്തിൽ അധികമായി പിരിച്ചെടുത്തു.

പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജലവിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനുംവേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുവേണ്ടി കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ വിവിധ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ജലചോർച്ചമൂലമുണ്ടാകുന്ന നഷ്ടം കുറച്ച് വരുമാനം വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം**

8 (*218) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പ്രസ്തുത വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടത്തുന്ന ഇടപെടലുകൾ വിശദമാക്കുമോ;

(ബി) 2017-18 സാമ്പത്തിക വർഷം വായ്പാ വിതരണത്തിലും തിരിച്ചടവിലും കോർപ്പറേഷൻ ഉണ്ടാക്കിയ നേട്ടം വിശദമാക്കുമോ;

(സി) കോർപ്പറേഷന്റെ നിലവിലെ അംഗീകൃത മൂലധനം എത്രയാണെന്നറിയിക്കുമോ; അത് ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് ഉപഭോക്താക്കൾക്ക് ബോധവത്ക്കരണം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; 'ഒപ്പം' എന്ന പേരിൽ പ്രചരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

പട്ടികജാതിപട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന സ്വയംതൊഴിൽ പദ്ധതികൾക്കും മൈക്രോ ഫിനാൻസ് പദ്ധതിക്കും വാഹനങ്ങൾ വാങ്ങുന്നതിനും വിവാഹം, വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കും വായ്പ നൽകിവരുന്നു. 50,000 രൂപ മുതൽ 10 ലക്ഷം രൂപ വരെ കുറഞ്ഞ പലിശ നിരക്കിലാണ് വായ്പകൾ നൽകുന്നത്. ഈ വർഷം പുതുതായി കുടുംബശ്രീയുമായി ചേർന്ന് കോർപ്പറേഷന്റെ ചരിത്രത്തിൽ ആദ്യമായി വനിതകളുടെ ഗ്രൂപ്പുകൾക്ക് ജാമ്യമില്ലാതെ വായ്പ നൽകുന്ന മൈക്രോ ഫിനാൻസ് പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

ഭൂമിയുടെ വില വർദ്ധനവിനനുസരിച്ച് പരിഷ്കരിച്ച കൃഷിഭൂമി വായ്പാ പദ്ധതി, സബ്സിഡിയോടുകൂടിയുള്ള വിദേശ തൊഴിൽ വായ്പാ പദ്ധതി, പെട്രോളിയം ഡീലർമാർക്കുള്ള വായ്പയുടെ രണ്ടാംഘട്ടം, സർക്കാർ ഉദ്യോഗസ്ഥർക്കുള്ള കാർലോൺ പദ്ധതി, പട്ടികജാതി ഗുണഭോക്താക്കൾക്കുള്ള ഭവന പുനരുദ്ധാരണ വായ്പാ പദ്ധതി, വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന പട്ടികവിഭാഗക്കാർക്കുള്ള പദ്ധതി എന്നിവയും കോർപ്പറേഷൻ പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമെ ഓരോ ജില്ലയിലും ഒരു പട്ടികവർഗ്ഗ കോളനിവീതം ദത്തെടുക്കുവാനും ഉദ്ദേശിക്കുന്നു.

(ബി) വായ്പാ വിതരണത്തിൽ ലക്ഷ്യമിട്ട 60 കോടി രൂപയിൽ 2018 ഫെബ്രുവരി അവസാനത്തോടെ 53.02 കോടി രൂപ (88.37%) വിതരണം ചെയ്തിട്ടുണ്ട്. വായ്പാ തിരിച്ചടവിൽ 50 കോടി രൂപ ലക്ഷ്യമിട്ടപ്പോൾ 2018 ഫെബ്രുവരി 28 വരെയുള്ള കണക്കനുസരിച്ച് 47.23 കോടി രൂപയുടെ (94.50%) നേട്ടം കൈവരിച്ചിട്ടുണ്ട്.

(സി) കോർപ്പറേഷന്റെ നിലവിലെ അംഗീകൃത മൂലധനം 150 കോടി രൂപയാണ്. അംഗീകൃത മൂലധനം 200 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ഡി) 1972-ൽ രൂപീകൃതമായ കോർപ്പറേഷന് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ ജനസംഖ്യയുടെ ഏകദേശം 5% വരുന്ന 180000 ഗുണഭോക്താക്കൾക്ക് മാത്രമേ സേവനം ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. അതിനാൽ നിർദ്ദിഷ്ട ജനവിഭാഗത്തിന് കോർപ്പറേഷന്റെ പദ്ധതികളെക്കുറിച്ച് കൂടുതൽ അവബോധമുണ്ടാക്കുന്നതിന് കോർപ്പറേഷൻ ഇപ്പോൾ ആവിഷ്കരിച്ചിട്ടുള്ള 'ഒപ്പം' എന്ന പരിപാടി പ്രകാരം വിപുലമായ ബോധവത്കരണം നടത്തുന്നുണ്ട്. സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖർ ഓരോ പദ്ധതികളെയുംകുറിച്ച് നൽകുന്ന വിശദീകരണം മുമ്പ് കോർപ്പറേഷനിൽനിന്നും വായ്പയെടുത്ത് മെച്ചപ്പെട്ട ജീവിത നിലവാരം കൈവരിച്ച ഗുണഭോക്താക്കളുടെ വിജയകഥകൾ എന്നിവ ഉൾപ്പെടുത്തിയ വീഡിയോ അവതരണവും ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

2018 ഏപ്രിൽ മാസം മുതൽ ജനപ്രതിനിധികൾ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘടനകൾ, എസ്.സി./എസ്.ടി. പ്രൊമോട്ടർമാർ, കുടുംബശ്രീ പ്രവർത്തകർ, പട്ടികജാതി-പട്ടികവർഗ്ഗ വികസന പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും പഞ്ചായത്തുതലത്തിലും വീഡിയോ അവതരണം ഉൾപ്പെടുത്തിയുള്ള പരിശീലനം സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

## വനത്തിനുള്ളിലെ സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർ

9 (*219) ശ്രീമതി സി. കെ. ആശ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിനുള്ളിലെ സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്രവികസനത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗം ആൾക്കാരുടെ ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ച് വരുന്നുവെന്നറിയിക്കുമോ;

(സി) ഇവരുടെ പ്രാദേശികമായ വാസസ്ഥലം നശിപ്പിക്കുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) വനത്തിൽ ജീവിക്കുന്ന പട്ടിക വർഗ്ഗക്കാർക്ക് അഗതി മന്ദിരങ്ങൾ നിർമ്മിച്ചുനൽകുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

I. അടിസ്ഥാന സൗകര്യ വികസനം

ഹാംലെറ്റ് വികസന പദ്ധതി

പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥയും ക്ലേശഘടകങ്ങളെയും മുൻനിർത്തി 2013-14 സാമ്പത്തിക വർഷം മുതൽ 2015-16 വർഷംവരെ തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വീടുകളുടെ പുനരുദ്ധാരണം, കക്കൂസ്, കുളിമുറി എന്നിവയുടെ നിർമ്മാണം, വീട് വൈദ്യുതീകരണം, മേൽക്കൂര കോൺക്രീറ്റ്, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, റോഡ് നിർമ്മാണം, പാലത്തിന്റെ നിർമ്മാണം, അങ്കണവാടി റിപ്പയർ, മഴവെള്ള സംഭരണി നിർമ്മാണം, വാലായ്മാപുര നിർമ്മാണം, മൃഗസംരക്ഷണം, കൃഷി വികസനം, മണ്ണ് സംരക്ഷണം, സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ, സ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ ഉടങ്ങിയവ ടി പദ്ധതിയിൽപ്പെടുന്നു.

എ.റ്റി.എസ്.പി. സമഗ്ര വികസന പദ്ധതി

പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനത്തിനുവേണ്ടി 2014-15 വർഷം 134 കോളനികളിലും 2015-16 സാമ്പത്തിക വർഷം 50 പട്ടികവർഗ്ഗ കോളനികളിലും പദ്ധതി നടപ്പിലാക്കിവരുന്നു.

അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി

എ.റ്റി.എസ്.പി. സമഗ്ര വികസന പദ്ധതിയും ഹാംലെറ്റ് വികസന പദ്ധതിയും സംയോജിപ്പിച്ച് 2017-18 വർഷം മുതൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കിവരുന്നു. തെരഞ്ഞെടുത്ത 107 സങ്കേതങ്ങളിൽ അക്രെഡിറ്റഡ് ഏജൻസികൾ മുഖേന ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

II. ഗോത്രസാരഥി പദ്ധതി

വനത്തിനുള്ളിലും ദുർഘട പ്രദേശങ്ങളിലും എത്തിച്ചേരാൻ കഴിയാത്ത പ്രദേശങ്ങളിലും താമസിക്കുന്ന വിദ്യാർത്ഥികൾക്ക് ഗതാഗത സൗകര്യം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്.

III. ഗോത്രബന്ധു

എൽ.പി. ക്ലാസ്സുകളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക എന്ന ലക്ഷ്യത്തോടെ റ്റി.റ്റി.സി./ബി.എഡ്. വിദ്യാഭ്യാസ യോഗ്യതയുള്ളവരും ഗോത്രഭാഷയുടെയും അറിവിന്റെയും അടിസ്ഥാനത്തിൽ 241 പട്ടികവർഗ്ഗ യുവതീ-യുവാക്കളെ വയനാട് ജില്ലയിലെ പ്രൈമറി സ്കൂളുകളിൽ അദ്ധ്യാപകരായി നിയമിച്ചു.

IV. മൊബൈൽ മെഡിക്കൽ യൂണിറ്റ്

എല്ലാ പട്ടികവർഗ്ഗക്കാർക്കും ആധുനിക വൈദ്യസഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി കൊല്ലം, ഇടുക്കി, പാലക്കാട്, കാസർഗോഡ്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ 6 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം, എറണാകുളം എന്നീ ജില്ലകളിൽക്കൂടി പുതിയതായി 8 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ താമസംവിനാ ആരംഭിക്കുന്നതാണ്.

V. പുനരധിവാസം

വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായി രൂപീകരിച്ച ആദിവാസി പുനരധിവാസ മിഷൻ മുഖേന,

ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുക, പുനരധിവസിക്കപ്പെട്ട സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുകയും ജീവനോപാധികൾ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് .

VI. വനാവകാശ നിയമം

വനാവകാശ നിയമപ്രകാരം വ്യക്തിഗത അവകാശങ്ങൾ, സാമൂഹിക അവകാശങ്ങൾ, വികസന അവകാശങ്ങൾ എന്നിവ ആദിവാസി പുനരധിവാസ മിഷൻ മുഖേന നൽകിവരുന്നു.

VII. കോർപ്പസ് ഫണ്ട്

പ്രോജക്ടധിഷ്ഠിത സമീപനം ഉൾക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം നൽകി നടപ്പിലാക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. സ്വയംതൊഴിൽ, നൈപുണ്യ വികസനം, ജല മലിനീകരണം തടയൽ, ശുചിത്വം, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വൈദ്യുതീകരണം, എത്തിപ്പെടാൻ പ്രയാസമേറിയ സ്ഥലങ്ങളിൽ നടപ്പാതകൾ, പാലങ്ങൾ, റോഡ് എന്നിവ നിർമ്മിച്ച് വിനിമയ സൗകര്യം മെച്ചപ്പെടുത്തുക, സാങ്കേതികവിദ്യ കൈമാറ്റവും, വിവരങ്ങൾ നൽകുന്നതിനായി ബന്ധപ്പെട്ട പ്രോജക്ടുകളും വാർത്താ വിനിമയവും, വിദ്യാഭ്യാസവും ആരോഗ്യ ശുചിത്വ അഭിവൃദ്ധി, സോഫ്റ്റ് സ്കില്ലുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസത്തിന്റെ വികസനം, വിവിധ പ്രവൃത്തികളിൽ തൊഴിലധിഷ്ഠിത പരിശീലനം, പട്ടികവർഗ്ഗ ഉപസമിതിയിലെ പ്രത്യേക കേന്ദ്രസഹായം ഉപയോഗിച്ചുള്ള പദ്ധതിയിലെ വിടവ് നികത്തൽ, അംഗീകൃത സർക്കാർ ഏജൻസികളെയും ഗവേഷണ സ്ഥാപനങ്ങളെയും ഉപയോഗപ്പെടുത്തി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിയ പരിപാടികളുടെ വിലയിരുത്തൽ തുടങ്ങിയ പ്രോജക്ടുകൾക്ക് തുക നൽകുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം.

VIII. തൊഴിൽ നൈപുണ്യ വികസനം

സംസ്ഥാനത്ത് പട്ടികവർഗ്ഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി സ്വയംതൊഴിലിനും വൈദഗ്ധ്യ പരിശീലനത്തിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആയതിന് പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം എന്ന ശീർഷകം നിലവിലുണ്ട്. കൂടാതെ കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ആർട്ടിക്കിൾ 275 (1) എസ്.സി.എ. ടു ടി.എസ്.എസ്. എന്നീ പദ്ധിതികളിലുൾപ്പെടുത്തി നൈപുണ്യ വികസന പദ്ധതികളും സംരംഭകത്വ വികസന പരിപാടികളും നടപ്പിലാക്കിവരുന്നു.

(ബി) പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുംവേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി
2. ജനനി ജന്മരക്ഷാ പദ്ധതി
3. അരിവാൾ രോഗികൾക്കുള്ള സാമ്പത്തിക സഹായം
4. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ
5. ഒ.പി. ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും
6. Auxilary Nurse & Mid-wifery Centre
7. ഭക്ഷ്യ സഹായ പദ്ധതി
8. പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് ദുർബല ഗോത്രവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടിയുള്ള പദ്ധതി നടത്തിപ്പ് (പി.വി.ടി.ജി. പദ്ധതി)
9. പട്ടികവർഗ്ഗക്കാർക്ക് ഭക്ഷ്യ സഹായ പദ്ധതി
10. പോഷാകാഹാരക്കുറവ് പരിഹരിക്കുന്നതിനായി കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി
11. ഹാംലെറ്റ് വികസന പദ്ധതി
12. ഭവനരഹിതരായവർക്ക് ഭവന നിർമ്മാണ പദ്ധതി
13. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പ് പദ്ധതികൾ
14. ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി
15. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി
16. സമ്പൂർണ്ണ കുടിവെള്ള പദ്ധതി
17. ജീവനോപാധി പ്രവർത്തനങ്ങൾ/സ്വയംതൊഴിൽ പദ്ധതികൾ
18. അടിസ്ഥാന സൗകര്യ വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി

19. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ഒരുക്കുന്നതിന് ഗോത്രസാരഥി പദ്ധതി

20. വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനായി സാമൂഹ്യ പഠനമുറി, ഗോത്രബന്ധു പദ്ധതികൾ

21. പട്ടികവർഗ്ഗ പെൺകുട്ടികളുടെ ശാക്തീകരണത്തിനായി ഗോത്ര വാത്സല്യനിധി പദ്ധതി

22. തൊഴിലവസരം സൃഷ്ടിക്കുന്നതിനായി വിവിധ നൈപുണ്യ വികസന പരിശീലനം

23. പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി.

(സി) പട്ടികവർഗ്ഗക്കാരുടെ വാസസ്ഥലം നശിപ്പിക്കുകയോ അവരുടെ ഭൂമിയെയോ പരിസര പ്രദേശത്തെയോ അവരുടെ കൈവശത്തിൽനിന്നും അന്യായമാക്കി നീക്കം ചെയ്യുകയോ അല്ലെങ്കിൽ ഏതെങ്കിലും ഭൂമിയിന്മേലോ പരിസര പ്രദേശത്തിന്മേലോ അവരുടെ അവകാശങ്ങൾ അനുഭവിക്കുന്നതിൽ കൈകടത്തുകയോ ചെയ്താൽ പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ നിയമം 1989) നിയമ പ്രകാരം കുറ്റക്കാർക്കെതിരെ കേസ്സെടുത്ത് നടപടി കൈക്കൊള്ളുന്നതിന് വ്യവസ്ഥയുണ്ട്. ഇത്തരത്തിലുള്ള കേസ്സുകൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം ടി നിയമപ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

(ഡി) അഗതി മന്ദിരങ്ങൾ നിലവിൽ നിർമ്മിച്ചുനൽകുന്നില്ല.

**ക്ഷീരമേഖലയുടെ പ്രോത്സാഹനത്തിന് പദ്ധതികൾ**

10 (*220) <u>ശ്രീ. ബി. ഡി. ദേവസ്സി :</u>
<u>ശ്രീ. വി. അബ്ദുറഹിമാൻ :</u>
<u>ശ്രീ. ജെയിംസ് മാത്യു :</u>
<u>ശ്രീ. കാരാട്ട് റസാഖ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടണമെന്ന ലക്ഷ്യത്തോടെ പ്രവർത്തനം നടത്തുമ്പോൾ, സംസ്ഥാനത്തെ സവിശേഷ സാഹചര്യത്തിൽ പാൽ ഉൽപാദനത്തിനുണ്ടാകുന്ന അധിക ചെലവ് പരിഗണിച്ച് , പ്രോത്സാഹന തുക നൽകുന്നതിന് ഒരു ലക്ഷം രൂപയെന്ന വരുമാന പരിധി നിശ്ചയിച്ചത് ഒഴിവാക്കുന്ന കാര്യം പരിശോധിക്കുമോ;

(ബി) അന്യസംസ്ഥാനത്തുനിന്ന് രാസവസ്തുക്കൾ കലർത്തിയും നിശ്ചിത ഗുണനിലവാരം പുലർത്താതെയും പാൽ കൊണ്ടുവന്ന് കുറഞ്ഞ വിലയ്ക്ക് നൽകുന്നത് സംസ്ഥാനത്തെ ക്ഷീരകർഷകർക്കും ക്ഷീരമേഖലക്ക് ആകെയും പ്രതികൂലമാകുമെന്നതിനാൽ ഇത് നിയന്ത്രിക്കാൻവേണ്ട ഇടപെടൽ നടത്തുവാൻ ക്ഷീര വികസന വകുപ്പിന് സാധ്യമാകുമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തുചെയ്യാനാകുമെന്ന് അറിയിക്കാമോ;

(സി) മിതമായ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കാനും തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനും സംഭരണ സൗകര്യങ്ങളും കോൾഡ് സ്റ്റോറേജ് സംവിധാനവും കാര്യക്ഷമമാക്കുന്നതിനും പദ്ധതിയുണ്ടെങ്കിൽ വിശദാംശം നൽകുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ക്ഷീര വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾക്ക് വരുമാന പരിധി ബാധകമല്ല. ജനകീയാസൂത്രണ പദ്ധതിക്കാണ് വരുമാന പരിധി നിശ്ചയിച്ചിട്ടുള്ളത്. ഈ പരിധി 14-2-2018-ലെ സ.ഉ. (കൈ.) നമ്പർ 22/2018/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം അഞ്ച് ലക്ഷമാക്കി ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്.

(ബി) നിലവിൽ ക്ഷീര വികസന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പാൽ പരിശോധനയ്ക്കുള്ള അധികാരം മാത്രമാണുള്ളത്. പരിശോധനയിൽ മായം കണ്ടെത്തിയാൽ നിലവിൽ ഭക്ഷ്യസുരക്ഷാ വകുപ്പാണ് നിയമപരമായ നടപടി സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ നിലവിൽ ക്ഷീര വികസന വകുപ്പിന് നിയമനടപടി സ്വീകരിക്കാനുള്ള അധികാരമില്ല. അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പാലക്കാട് മീനാക്ഷിപുരത്തും വാളയാർ, കുമിളി എന്നിവിടങ്ങളിലും പാൽ പരിശോധനാ ലാബുകൾ സ്ഥാപിച്ച് പരിശോധന നടത്തുന്നുണ്ട്. രാസവസ്തുക്കൾ കലർത്തിയതായും ഗുണനിലവാരമില്ലാത്തതായും കണ്ടെത്തുന്ന കേസ്സുകൾ അതാത് ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥർക്ക് കൈമാറുന്നു.

(സി) ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് അവർ അളക്കുന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപ ക്രമത്തിൽ കാലിത്തീറ്റ സബ്സിഡി അതത് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. ഇതുകൂടാതെ ജനകീയാസൂത്രണ പദ്ധതി പ്രകാരം

ക്ഷീരസംഘത്തിൽ അളക്കുന്ന പാലിന് ലിറ്ററിന് 4 രൂപ വരെ പരമാവധി കാലിത്തീറ്റ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനായി വകുപ്പിലൂടെ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽകൃഷിക്ക് ഹെക്ടറിന് 20,000 രൂപ വരെയുള്ള ധനസഹായത്തിന് പുറമെ തീറ്റപ്പുൽ കൃഷിക്കുള്ള ജലസേചനം, യന്ത്രവൽക്കരണം എന്നിവയ്ക്കായും ധനസഹായം നൽകുന്നുണ്ട്. കൂടാതെ തരിശ് ഭൂമിയിൽ തീറ്റപ്പുൽകൃഷി നടത്തുന്നതിനായും പ്രത്യേക പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ക്ഷീരസംഘങ്ങളിൽ പാൽ സംഭരണ സൗകര്യം മെച്ചപ്പെടുത്തുന്നതിന് വിവിധതരം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. പുതിയതായി രജിസ്റ്റർ ചെയ്യുന്ന സംഘങ്ങൾക്കുള്ള ധനസഹായം സംഘങ്ങളിൽ മിൽക്ക് കളക്ഷൻ റൂം/സ്റ്റോറേജ് റൂം പണിയുന്നതിനുള്ള ധനസഹായം, കർഷകർക്കായി ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ നിർമ്മിക്കുന്നതിനുള്ള ധനസഹായം, ക്ഷീര സംഘങ്ങൾക്കുള്ള ആവശ്യാധിഷ്ഠിത ധനസഹായം എന്നിവ ഇതിൽപ്പെടുന്നു. കൂടാതെ FSSA - 2006 പ്രകാരം ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങളും മറ്റും നടത്തുന്നതിന് പ്രത്യേക ധനസഹായം അനുവദിക്കുന്നുണ്ട്. ക്ഷീരസംഘങ്ങളിൽ പാൽ സംസ്കരണം, ചില്ലിംഗ്, പാക്കിംഗ്, കോൾഡ് സ്റ്റോറേജുകൾ പുതിയതായി സ്ഥാപിക്കുക, അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുക എന്നിവയ്ക്കായി ധനസഹായം നൽകിവരുന്നുണ്ട്. ഈ ഇനത്തിൽ ക്ഷീര സംഘങ്ങൾക്ക് നൽകുന്നതിനായി 200 ലക്ഷം രൂപ പ്രത്യേകം വകയിരുത്തിയിട്ടുണ്ട്.

മിൽമയ്ക്കും മേഖലാ യൂണിയനുകൾക്കും ഉണ്ടാകുന്ന പ്രവർത്തന ലാഭം പ്രോത്സാഹന വിലയായും കാലിത്തീറ്റ സബ്സിഡിയായും അതതു സമയങ്ങളിൽ ക്ഷീര സംഘങ്ങൾവഴി കർഷകർക്ക് കൈമാറി വരുന്നു. നിലവിൽ കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷൻ കാലിത്തീറ്റയ്ക്ക് 50 കിലോ ചാക്കൊന്നിന് 100 രൂപ വീതം വേനൽക്കാല ഡിസ്കൗണ്ട് നൽകിവരുന്നു.

ക്ഷീരകർഷകർക്ക് മിതമായ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിനുവേണ്ടി കേരളാ ഫീഡ്സിന് തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിൽ പ്രതിദിനം 650 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ പ്രതിദിനം 300 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും കോഴിക്കോട് ജില്ലയിലെ തിരുവാങ്ങൂരിൽ 300 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും പ്രവർത്തിച്ചുവരുന്നു.

## ഗോ സമൃദ്ധി പദ്ധതി

11 (*221) ശ്രീമതി ഗീതാ ഗോപി:
ശ്രീ. സി. ദിവാകരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയായ ഗോസമൃദ്ധി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തം എപ്രകാരമെന്ന് വ്യക്തമാക്കുമോ;

(സി) എത്ര കന്നുകാലികളെ നാളിതുവരെ ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തെന്ന് വ്യക്തമാക്കുമോ;

(ഡി) ഇൻഷ്വറൻസ് പ്രീമിയത്തിന്റെ എത്ര ശതമാനം വിഹിതമാണ് ഗുണഭോക്താവ് അടക്കേണ്ടത് എന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) 2017-18 സാമ്പത്തിക വർഷം മുതൽ കന്നുകാലികളുടെ മരണംമൂലവും ഉൽപ്പാദനശേഷി നഷ്ടപ്പെടുന്നതുമൂലവും കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് ലക്ഷ്യമിട്ട് വിഭാവന ചെയ്തിരിക്കുന്ന കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയാണ് ഗോസമൃദ്ധി (2017-18). ക്ഷീരകർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ മരണം, ഉൽപ്പാദന-പ്രത്യുല്പാദനക്ഷമത നഷ്ടപ്പെടുന്നതുമൂലം ഉണ്ടാകുന്ന നഷ്ടം എന്നിവയിൽനിന്നും സംരക്ഷണം ഉറപ്പുവരുത്തുവാൻ കഴിയുമെന്നതാണ് ഇതിന്റെ പ്രത്യേകത. 2017-18 സാമ്പത്തിക വർഷം ഗോസമൃദ്ധി പദ്ധതിക്ക് 5 കോടി രൂപ സംസ്ഥാന വിഹിതമായി അനുവദിച്ചിട്ടുണ്ട്. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ റിസ്ക് മാനേജ്മെന്റ് ആന്റ് ലൈവ്സ്റ്റോക്ക് ഇൻഷ്വറൻസ് എന്ന ഘടകത്തിൽ കേന്ദ്ര വിഹിതമായി 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും സംയോജിപ്പിച്ചാണ് സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷം ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നത്. ആയതുമൂലം GST ഒഴിവാക്കികിട്ടിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ 1-2-2018-ലെ ഉത്തരവ് നമ്പർ - F No. 26/106 (2)/Policy/2015-L1-NLM പ്രകാരം സെൻട്രൽ സെക്ടർ ഇൻഷ്വറൻസ് സ്കീമുകൾക്ക് GST അടയ്ക്കേണ്ടതില്ല.

ഗോസമൃദ്ധി പദ്ധതിയുടെ നിർവ്വഹണ സൗകര്യാർത്ഥം മൃഗസംരക്ഷണ വകുപ്പ് സ്വന്തമായി ഒരു ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ആയതുമൂലം ഈ പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിവരവും ചെലവിനങ്ങളും

തൽസമയം (real time) നിരീക്ഷിക്കുവാൻ സാധിക്കുകയും പദ്ധതി ഏറ്റവും സുതാര്യമായി നടപ്പിലാക്കുവാനും കർഷകർക്ക് നഷ്ടപരിഹാരം താമസംവിനാ ലഭ്യമാക്കുവാനും കഴിയുന്നു. ഈ സാമ്പത്തിക വർഷം ഈ പദ്ധതി പ്രകാരം 6000 കന്നുകാലികളെ ഇൻഷ്വർ ചെയ്യുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. നാളിതുവരെ 19901 ഉരുക്കളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഉരുക്കളെ ഇൻഷ്വർ ചെയ്യുന്നതിനുള്ള പരമാവധി വില 50,000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഉരുക്കളുടെ വിലയുടെ 3% ആണ് പ്രീമിയം നിരക്ക്. ആയതിൽ പൊതുവിഭാഗത്തിന് പ്രീമിയം തുകയുടെ 50% സബ്ഡിയുടെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് പ്രീമിയം തുകയുടെ 70% സബ്സിഡിയും സർക്കാർ നൽകിവരുന്നു.

(ബി) സംസ്ഥാന സർക്കാർ - 5 കോടി രൂപ

കേന്ദ്ര സർക്കാർ - 50 ലക്ഷം രൂപ

(സി) നാളിതുവരെ 19901 ഉരുക്കളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

(ഡി) ജനറൽ വിഭാഗം - പ്രീമിയം തുകയുടെ 50%

എസ്.സി./എസ്.ടി. വിഭാഗം - പ്രീമിയം തുകയുടെ 30%.

**ജലനിധി രണ്ടാംഘട്ടം**

12 (*222) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി രണ്ടാംഘട്ടത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജലനിധി ഒന്നാംഘട്ടത്തിൽ നടപ്പാക്കിയ പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വരൾച്ചക്കാലത്ത് കുടിവെള്ള പ്രശ്നം പരിഹരിക്കാൻ ഈ പദ്ധതികൾക്ക് ക്ഷമതയില്ലാതെ പോയതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(സി) ജലനിധിയും കേരള വാട്ടർ അതോറിറ്റിയും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ വില താരതമ്യപ്പെടുത്തി അറിയിക്കുമോ;

(ഡി) കേരള വാട്ടർ അതോറിറ്റി ഏതെങ്കിലും വിതരണ ശൃംഖല കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിക്ക് കൈമാറുന്നുണ്ടോ; എങ്കിൽ ഇത് കുടിവെള്ളത്തിന്റെ വിലയേയും പൊതുടാപ്പുകളേയും എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) സാനിറ്റേഷൻ രംഗത്ത് കെ.ആർ.ഡബ്ല്യു.എസ്.എ. കാര്യക്ഷമമായി ഇടപെടുന്നുണ്ടോ;വിശദാംശം അറിയിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) രണ്ടാംഘട്ട ജലനിധി പദ്ധതിയുടെ നടത്തിപ്പ് കാലാവധി 2012 ജനുവരി മുതൽ 2018 ഡിസംബർ വരെയാണ്. പദ്ധതി 115 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു. ജലനിധി രണ്ടാംഘട്ടത്തിന്റെ പുരോഗതി പഞ്ചായത്തു തലത്തിലും മേഖലാടിസ്ഥാനത്തിലും സംസ്ഥാനതലത്തിലും വിലയിരുത്തുന്നുണ്ട്. പദ്ധതി പ്രകാരം ഏറ്റെടുത്ത 2175 കുടിവെള്ള പദ്ധതികളിൽ 1757 എണ്ണം 28-2-2018 വരെയുള്ള കണക്കനുസരിച്ച് പണി പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് തുടർ നടത്തിപ്പിനായി നൽകിയിട്ടുണ്ട്. ബാക്കിയുള്ള എല്ലാ പദ്ധതികളും പദ്ധതി കാലയളവിൽത്തന്നെ പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ ജലനിധി സ്വീകരിച്ചിട്ടുണ്ട്.

(ബി) ജലനിധി ഒന്നാംഘട്ട പദ്ധതികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ 2015-ൽ നടത്തിയ പെർഫോമൻസ് ആഡിറ്റ് പ്രകാരം 65% പദ്ധതികളും ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ 35% ഭാഗീകമായോ പൂർണ്ണമായോ പ്രവർത്തനം നിലച്ചതായി കണ്ടെത്തിയിട്ടുമുണ്ട്. ആയതിന്റെ പ്രധാന കാരണങ്ങൾ ചുവടെ ചേർക്കുന്നു:

- സ്രോതസ്സിന്റെ ജലലഭ്യതക്കുറവ്
- ജലവിതരണ ശൃംഖലയുടെ തകരാർ
- ഗുണനിലവാര പ്രശ്നങ്ങൾ
- സമിതി അംഗങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ

(സി) ജലനിധി പദ്ധതിയുടെ പൂർണ്ണമായ നടത്തിപ്പ് ഗുണഭോക്തൃ സമിതികൾക്കാണ്. തുടർ നടത്തിപ്പിനായുള്ള എല്ലാ തീരുമാനങ്ങളും (വെള്ളക്കരം നിശ്ചയിക്കുന്നതുൾപ്പെടെ) എടുക്കുന്നതും നടപ്പാക്കുന്നതും സംബന്ധിച്ച പൂർണ്ണ അവകാശം ഗുണഭോക്തൃ സമിതികൾക്കാണ്. ജലനിധിക്ക് കേരള വാട്ടർ അതോറിറ്റി ബൾക്ക് സപ്ലൈ വഴി കിലോ ലിറ്ററിന് 6 രൂപ നിരക്കിലാണ് കുടിവെള്ളം വിതരണം ചെയ്യുന്നത്. കേരള വാട്ടർ അതോറിറ്റി ഗുണഭോക്താക്കളിൽനിന്ന് ഏറ്റവും കുറഞ്ഞ ഉപഭോഗത്തിന് കിലോ ലിറ്ററിന് 4 രൂപ മുതൽ കൂടിയ ഉപഭോഗത്തിന് 40 രൂപ വരെ ഈടാക്കുന്നുണ്ട്.

(ഡി) ഉണ്ട്. ജലനിധി പദ്ധതിയുടെ നിയമാവലി അനുസരിച്ച് കുടിവെള്ളത്തിന്റെ വിലയും പൊതുടാപ്പുകളുടെ പ്രവർത്തനവും അതാത് പദ്ധതികളുടെ സ്കീം ലെവൽ കമ്മിറ്റിയാണ് തീരുമാനിക്കുന്നത്.

(ഇ) ഉണ്ട്. ജലനിധി പഞ്ചായത്തുകളിൽ 36376 ഗാർഹിക ശുചിത്വ കക്കൂസുകൾ നിർമ്മിച്ച് കെ.ആർ.ഡബ്ല്യൂ.എസ്.എ., കേരള സർക്കാരിന്റെ ODF പ്രവർത്തനങ്ങളിൽ പങ്കാളിയായി. കൂടാതെ സാമൂഹികാടിസ്ഥാനത്തിലുള്ള ശുചിത്വ സൗകര്യങ്ങളും കെ.ആർ.ഡബ്ല്യൂ.എസ്.എ. പഞ്ചായത്തുകളിൽ നടപ്പാക്കുന്നുണ്ട്. 8288 ശുചിത്വ സൗകര്യ യൂണിറ്റുകൾ (പൊതു കക്കൂസ്, പൊതു ബയോഗ്യാസ്, ഗാർഹിക ബയോഗ്യാസ്, ഗാർഹിക ഖര, ദ്രാവക, മാലിന്യ സംസ്കരണ യൂണിറ്റുകൾ, ഡ്രെയിനേജ് മുതലായവ) നാളിതുവരെ ജലനിധി പദ്ധതിയിലൂടെ നിർമ്മിച്ച് നൽകിയിട്ടുണ്ട്. 3.59 ലക്ഷം ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിരുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതി**

13 (*223) ശ്രീ. റോജി എം. ജോൺ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പദ്ധതികളുടെ അടിസ്ഥാനത്തിൽ അവരുടെ വിദ്യാഭ്യാസ കാര്യത്തിൽ എന്തുമാത്രം പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞുവെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് മുഖാന്തരം എത്ര വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുവാൻ കഴിഞ്ഞു;

(ഡി) മത്സരപരീക്ഷാ പരിശീലനത്തിനുള്ള എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ മുഖേനയും സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകൾ മുഖേനയും ഉണ്ടാക്കിയിട്ടുള്ള മാറ്റം വിശദമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>):

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഇതര വിഭാഗത്തിനൊപ്പമെത്തിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

<u>പട്ടികജാതി വികസന വകുപ്പ്</u>

1. പ്രീ-മെട്രിക് വിദ്യാഭ്യാസ ധനസഹായം
2. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ധനസഹായം
3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്
4. സെക്കണ്ടറി എഡ്യൂക്കേഷൻ എയ്ഡ്
5. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്
6. 9, 10 ക്ലാസ്സുകളിലെ പ്രീ-മെട്രിക് സ്കോളർഷിപ്പ്
7. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്
8. പ്രൊഫഷണൽ കോഴ്സുകളടക്കം ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് വിദ്യാദ്യാസ ആനുകൂല്യങ്ങൾ
9. ലാപ്ടോപ്പ് ധനസഹായം, മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം
10. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം (മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾ)
11. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ആനുകൂല്യം
12. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്
13. മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി
14. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം
15. പ്രത്യേക പ്രോത്സാഹന സമ്മാനം

16. ബുക്ക് ബാങ്ക് സ്കീം
17. മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ/എം.ആർ.എസ്.
18. പ്രീ-മെട്രിക് ഹോസ്റ്റൽ
19. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ
20. ഐ.റ്റി.ഐ.-കൾ
21. പി.ഇ.റ്റി.സി.
22. CREST
23. നഴ്സറികൾ
24. ICSETS
25. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം
26. മെഡിക്കൽ കോളേജ് പാലക്കാട്
27. പഠനമുറി
28. വിദേശ പഠന സഹായം

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള നഴ്സറി സ്കൂളുകളിലെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് നൽകുന്നു. പെരിപ്പതെറ്റിക്, ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ കുട്ടികൾക്കും സർക്കാർ സ്കൂളുകളിലെ പ്രീ-മെട്രിക് തലത്തിലുള്ള വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകിവരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റും നൽകുന്നു. പത്താം ക്ലാസ്സിന് മുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് "പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സ്കീം" എന്ന പദ്ധതി മുഖേന വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്തുവരുന്നു.

അഞ്ചാം ക്ലാസ്സ് മുതൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ നടത്തി ആനുകൂല്യം നൽകുന്ന 'അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി', കുട്ടികൾക്ക് ട്യൂഷൻ പഠിക്കുന്നതിന് 'ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി', ട്രൈബൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 'വസ്ത്ര വിതരണ പദ്ധതി', വകുപ്പിന്റെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 'ബോർഡിംഗ്

ഗ്രാന്റ്, സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം, സ്കൂൾ /കോളേജ് വിദ്യാർത്ഥികൾക്കുള്ള പഠന യാത്രയായ ഭാരത ദർശൻ, പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ് എന്നീ പദ്ധതികളും നടത്തിവരുന്നു.

കൂടാതെ മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാരംഭ ചെലവിനത്തിൽ ധനസഹായം നൽകുന്നു.

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് സ്കോളർഷിപ്പ് നൽകുന്നു.

<u>വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനായി വികാസ് വാടികൾ, കിന്റർ ഗാർട്ടൻ, ബാലവാടികൾ, നഴ്സറി സ്കൂളുകൾ, ബാലവിജ്ഞാന കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിക്കുന്നു. വിദൂര കോളനികളിലെ കുട്ടികൾക്ക് 1 മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാഭ്യാസത്തിനായി പെരിപ്പതെറ്റിക് സെന്ററുകളും ഏകാധ്യാപക വിദ്യാലയങ്ങളും പ്രവർത്തിക്കുന്നു. വകുപ്പിനു കീഴിൽ രണ്ട് ഐ.റ്റി.ഐ.-കളും ഒരു ഉത്പാദന പരിശീലന കേന്ദ്രവും സാങ്കേതിക തൊഴിലുകളിൽ പരിശീലനം നൽകുന്നതിന് 10 മാതൃകാ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.

വകുപ്പിനു കീഴിൽ 106 പ്രീ-മെട്രിക് ഹോസ്റ്റലുകളും മൂന്ന് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിക്കുന്നു.

<u>വിദ്യാഭ്യാസ ഉന്നമനത്തിനായുള്ള പ്രത്യേക പരിപാടികൾ</u>

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷാ പരിശീലനം നൽകിവരുന്നു.

പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ ട്യൂഷൻ നൽകുന്നതിലേക്കായി സാമൂഹ്യ പഠനമുറി പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ വകുപ്പ് നടപ്പിലാക്കുന്നു. 100 സാമൂഹ്യ പഠനമുറികൾ പദ്ധതിയുടെ ഭാഗമായി ഈ സാമ്പത്തികവർഷം നടപ്പിലാക്കുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പട്ടികവർഗ്ഗത്തിൽ തന്നെയുള്ള റ്റി.റ്റി.സി., ബി.എഡ്. പാസ്സായ യുവതീ-യുവാക്കളെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി ആദ്യഘട്ടമായി വയനാട് ജില്ലയിൽ നടപ്പിലാക്കി.

വിദൂരവും വനപ്രദേശങ്ങളിലുമുള്ള കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തുന്ന 'ഗോത്രസാരഥി പദ്ധതി'യും വകുപ്പ് നടപ്പിലാക്കിവരുന്നു.

അട്ടപ്പാടിയിൽ നിന്നുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2016-17 വർഷം മുതൽ സൈനിക സ്കൂൾ, നവോദയ വിദ്യാലയം, എം.ആർ.എസ്.-കൾ, കേന്ദ്രീയ വിദ്യാലയം എന്നിവിടങ്ങളിൽ പ്രവേശനത്തിനായി പരീക്ഷാ പരിശീലനം 'CARSEL' എന്ന സ്ഥാപനം മുഖേന നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനും സഹായം നൽകുന്നതിനുമായി "പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം" എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഡെസ്ക് ടോപ് എഞ്ചിനീയറിംഗ്, നെറ്റ്വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ്‌വെയർ & സോഫ്റ്റ്‌വെയർ മെയിന്റനൻസ് തുടങ്ങിയ ഐ.റ്റി. മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിന് വകുപ്പിന്റെ കീഴിൽ ഒരു സെന്റർ ഓഫ് എക്സലൻസ് തിരുവനന്തപുരത്ത് ആരംഭിക്കുന്ന പദ്ധതിയും പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് അട്ടപ്പാടിയിൽ 'അപ്പാരൽ പാർക്ക്' ആരംഭിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ (NTTF) മുഖേന വിവിധ സാങ്കേതിക വിഷയങ്ങളിൽ പരിശീലനം, സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി (CBPST) മുഖേന പ്ലാസ്റ്റിക് നിർമ്മാണ മേഖലയിൽ പരിശീലനം, ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (ECIL) മുഖേന അട്ടപ്പാടിയിൽ ഡി.സി.എ. കോഴ്സ് പരിശീലനം, എത്തിയോസ് (Atheos) എന്ന സ്ഥാപനം മുഖേന ഹോട്ടൽ മാനേജ്മെന്റിൽ പരിശീലനം, സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (C-DIT) മുഖേന മീഡിയ ടെക്നോളജിയിൽ പരിശീലനം നൽകുന്ന വിവിധ പദ്ധതികളും നടപ്പിലാക്കിവരുന്നു

(ബി) പട്ടികജാതി വിദ്യാർത്ഥികളെ വിദ്യാഭ്യാസ മേഖലയിൽ മുൻപന്തിയിൽ എത്തിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കികൊടുക്കുന്നതിനാണ് പട്ടികജാതി വികസനവകുപ്പ് മുഖേന വിദ്യാഭ്യാസ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. പട്ടികജാതി വിദ്യാർത്ഥികളുടെ പഠന പുരോഗതി വകുപ്പ് വിലയിരുത്താറുണ്ട്. എസ്.എസ്.എൽ.സി. റിസൾട്ടിലും പ്ലസ് ടു റിസൾട്ടിലും

വലിയ തോതിൽ വർദ്ധന നേടുന്നതിന് ഇതിനകം കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ പ്രശസ്തമായ യൂണിവേഴ്സിറ്റികളിൽ ഉപരിപഠനത്തിന് വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നുമുണ്ട്. ജോബ് ഫെയറുകളിൽ ഐ.റ്റി.ഐ പഠിതാക്കൾക്ക് പ്ലേസ്മെന്റ് ലഭിക്കുന്നുമുണ്ട്.

സംസ്ഥാനത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ കാര്യത്തിലുണ്ടായ പുരോഗതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സംസ്ഥാനത്തെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 2017-18 വർഷം ആകെ 16144 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസം നടത്തിവരുന്നു. ആയതിൽ 8737 പേർ ഹയർസെക്കണ്ടറിക്കും 303 പേർ വിവിധ മെഡിക്കൽ കോഴ്സുകൾക്കും 453 പേർ എഞ്ചിനീയറിംഗിനും 4388 പേർ ഡിഗ്രി കോഴ്സുകളിലും 545 പേർ പി.ജി. കോഴ്സുകളിലും 10 പേർ പി.എച്ച്.ഡി-ക്കും 1708 പേർ മറ്റ് പോസ്റ്റ്മെട്രിക് കോഴ്സുകളിലുമായി ഉന്നത വിദ്യാഭ്യാസം നടത്തിവരുന്നു. കൂടാതെ മൂന്ന് പട്ടികവർഗ്ഗ വിദ്യാർത്ഥികൾ വിദേശത്ത് പോസ്റ്റ്മെട്രിക് തലത്തിലുള്ള വിവിധ കോഴ്സുകളിലായി ഉന്നത പഠനം നടത്തിവരുന്നു. രണ്ട് പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പൈലറ്റ് ട്രെയിനിംഗ് കോഴ്സിന് പഠനം നടത്തിവരുന്നു. മൂന്ന് വിദ്യാർത്ഥികൾ പൈലറ്റ് ട്രെയിനിംഗ് കോഴ്സ് പൂർത്തിയാക്കി ടി മേഖലയിൽ ജോലിയിൽ പ്രവേശിച്ചിട്ടുമുണ്ട്.

2016-17 വർഷം സംസ്ഥാനത്തെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ 8457 പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ 6981 വിദ്യാർത്ഥികൾ വിജയിക്കുകയും ആയതിൽ 30 പേർക്ക് എല്ലാ വിഷയങ്ങൾക്കും A+-ഉം 67 വിദ്യാർത്ഥികൾക്ക് എല്ലാ വിഷയങ്ങൾക്കും A ഗ്രേഡും ലഭ്യമായിട്ടുണ്ട്.

2016-17 വർഷം സംസ്ഥാനത്തെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി ഹയർ സെക്കണ്ടറി പരീക്ഷ എഴുതിയ 4654 വിദ്യാർത്ഥികളിൽ 2908 വിദ്യാർത്ഥികൾ വിജയിക്കുകയും 74 വിദ്യാർത്ഥികൾക്ക് എല്ലാ വിഷയങ്ങൾക്കും A+/A ഗ്രേഡ് ലഭിച്ചിട്ടുണ്ട്.

2016-17 വർഷം വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന വിവിധ എം.ആർ.എസ്.-കളിലായി എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ 580 പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ എല്ലാ വിദ്യാർത്ഥികളും വിജയിക്കുകയും (100%) ആയതിൽ നാല് പേർക്ക് എല്ലാ വിഷയങ്ങൾക്കും A+ ലഭ്യമാകുകയും ചെയ്തു.

2016-17 വർഷം വകുപ്പിനുകീഴിലുള്ള വിവിധ എം.ആർ.എസ്.-കളിലായി ഹയർ സെക്കണ്ടറി പരീക്ഷ എഴുതിയ 576 വിദ്യാർത്ഥികളിൽ 504 വിദ്യാർത്ഥികൾ വിജയിക്കുകയും മൂന്ന് വിദ്യാർത്ഥികൾക്ക് എല്ലാ വിഷയങ്ങൾക്കും A+ ഗ്രേഡ് ലഭിക്കുകയും ചെയ്തു.

2016-17 -ൽ 61 വിദ്യാർത്ഥികൾക്ക് പരിശിലനം നൽകിയതിൽ 24 പേർക്ക് എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്.

അട്ടപ്പാടിയിൽ നിന്നുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 'CARSEL' എന്ന സ്ഥാപനം മുഖേന പരിശീലനം നൽകിയതിൽ നാല് വിദ്യാർത്ഥികൾക്ക് കഴക്കൂട്ടം സൈനിക സ്കൂളിൽ പ്രവേശനം ലഭ്യമായിട്ടുണ്ട്.

നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ (NTTF) മുഖേന 351 പേർക്ക് പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തി. സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി (CBPST) മുഖേന പ്ലാസ്റ്റിക് നിർമ്മാണ മേഖലയിൽ 50 പേർക്ക് പരിശീലനത്തിലൂടെ പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തി. ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (ECIL) മുഖേന അട്ടപ്പാടിയിൽ ഡിസിഎ കോഴ്സ് പരിശീലനം നൽകി 21 പേർക്ക് പ്ലെയ്സ്മെന്റ് ലഭ്യമാക്കി. എത്തിയോസ് (Atheos) എന്ന സ്ഥാപനം മുഖേന ഹോട്ടൽ മാനേജ്മെന്റിൽ 125 പേർക്ക് പരിശീലനം നൽകി പ്ലെയ്സ്മെന്റ് നടപടി സ്വീകരിച്ചുവരുന്നു.

(സി) അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് പദ്ധതി പ്രകാരം 4293 അപേക്ഷകർക്ക് പട്ടികജാതി വികസന വകുപ്പ് മുഖേന ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് ഈ അദ്ധ്യയന വർഷം ആകെ 1200 കുട്ടികൾക്ക് അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് മുഖാന്തരം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് സ്കീം പദ്ധതിക്കായി 60 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ വിവിധ മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനായി പട്ടികജാതി വികസന വകുപ്പിനുകീഴിൽ തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലകളിലായി നാല്

പി.ഇ.റ്റി.സി.-കൾ പ്രവർത്തിച്ചുവരുന്നു. എൽ.ഡി.സി., ലാസ്റ്റ് ഗ്രേഡ് സർവന്റ്, സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പോലുള്ള പരീക്ഷകൾക്ക് തീവ്രപരിശീലനമാണ് പി.ഇ.റ്റി.സി.-കളിൽ നൽകിവരുന്നത്. കൂടാതെ ബാങ്കിംഗ് മേഖലയിൽ ജോലി നേടിയെടുക്കുന്നതിന് IBPS, Bank PO തുടങ്ങിയ പരീക്ഷകൾക്കും പരിശീലനം നൽകിവരുന്നു.

അഖിലേന്ത്യാ സിവിൽ സർവ്വീസിലേക്കുള്ള മത്സര പരീക്ഷകൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിതമായൊരു സ്വയംഭരണ സ്ഥാപനമാണ് ഐ.സി.എസ്.ഇ.റ്റി.എസ് (ICSETS). സംസ്ഥാന തലത്തിൽ നടത്തുന്ന പ്രാഥമിക സെലക്ഷൻ പരീക്ഷയിൽ പാസ്സാകുന്ന എസ്.സി./എസ്.റ്റി. വിഭാഗം വിദ്യാർത്ഥികൾക്ക് സൗജന്യ താമസ സൗകര്യം, മികച്ച ലൈബ്രറി സംവിധാനം എന്നിവ ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും അനുവദിച്ച് ഒരു വർഷത്തെ പരിശീലനം നൽകുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളോ സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകളോ പ്രവർത്തിക്കുന്നില്ല.

എന്നാൽ സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ വഴി എൻട്രൻസ് പരീക്ഷകൾക്കും വിവിധ തസ്തികകളിൽ പി.എസ്.സി. ക്ഷണിക്കുന്ന ഒഴിവുകളിലേക്കുള്ള മത്സര പരീക്ഷകൾക്കും പരിശീലനം നൽകിവരുന്നുണ്ട്. വയനാട് ജില്ലയിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 'അമൃത്' എന്ന സ്ഥാപനം മുഖേനയാണ് പി.എസ്.സി. പരിശീലനം നൽകുന്നത്.

**നീലക്കുറിഞ്ഞി പൂക്കുന്ന സമയത്ത് തിരക്ക് നിയന്ത്രണ സംവിധാനം**

14 (*224) <u>ശ്രീ. ഇ. കെ. വിജയൻ:</u>
<u>ശ്രീ. ചിറ്റയം ഗോപകുമാർ:</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>
<u>ശ്രീ. കെ. രാജൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീലക്കുറിഞ്ഞി പൂക്കുന്ന സമയത്ത് ഉണ്ടാകാൻ സാദ്ധ്യതയുള്ള ടൂറിസ്റ്റുകളുടെ വൻതിരക്ക് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കൂടുതൽ പേർക്ക് കുറിഞ്ഞിപ്പൂക്കൾ കാണുന്നതിന് സൗകര്യമൊരുക്കുമോ;

(സി) തിരക്ക് ഒഴിവാക്കുന്നതിനായി ഇരവിപുരം നാഷണൽ പാർക്കിന് പുറമെ കുറിഞ്ഞി പൂക്കാനിടയുള്ള മറ്റ് സ്ഥലങ്ങൾ കൂടി അടയാളപ്പെടുത്തി സന്ദർശകരെ അത്തരം സ്ഥലങ്ങളിലേക്കും നയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) നീലക്കുറിഞ്ഞി പൂക്കുന്ന സമയത്ത് ടൂറിസ്റ്റുകളുടെ തിരക്ക് നിയന്ത്രിക്കുന്നതിനും അതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിക്കേണ്ട മുൻകരുതലുകളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനുമായി വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 4-10-2017-ന് ഒരു അവലോകന യോഗം ചേരുകയുണ്ടായി. ഈ യോഗത്തിൽ, മൂന്നാറിൽ നിലവിലുള്ള സംവിധാനങ്ങളെ വിലയിരുത്തുകയും പോരായ്മകൾ പരിഹരിക്കുന്നതിനെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. കുറിഞ്ഞി പൂക്കുമ്പോൾ എത്തുന്ന വിനോദ സഞ്ചാരികളുടെ സൗകര്യാർത്ഥം ഇരവികുളം ദേശീയോദ്യാനത്തിൽ പ്രവേശിക്കുന്നതിനുള്ള ടിക്കറ്റ് ബുക്ക് ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചു. കൂടാതെ നീലക്കുറിഞ്ഞി പൂക്കുന്ന സമയത്ത് ഉണ്ടാകാൻ സാധ്യതയുള്ള ടൂറിസ്റ്റുകളുടെ തിരക്ക് നിയന്ത്രിക്കുന്നതിനും വിവിധ വകുപ്പുകൾ ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങൾ സംബന്ധിച്ചും ചർച്ച ചെയ്യുന്നതിനായി 11-10-2017-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ടി യോഗത്തിൽ വനം, ടൂറിസം, തദ്ദേശസ്വയംഭരണം, റവന്യൂ, ആഭ്യന്തരം, ഗതാഗതം, ആരോഗ്യം, വൈദ്യുതി, പൊതുമരാമത്ത്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകൾക്ക് വകുപ്പുതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് നിർദ്ദേശം നൽകുകയുമുണ്ടായി. കുറിഞ്ഞി പൂക്കുന്ന കാലയളവിൽ മൂന്നാറിൽ ഒരേസമയം ഉൾക്കൊള്ളാവുന്ന പരമാവധി സഞ്ചാരികളെക്കുറിച്ചും തിരക്ക് നിയന്ത്രിക്കുന്നതിന് ആവശ്യമായ ഗതാഗത നിയന്ത്രണത്തെക്കുറിച്ചും പഠിക്കുന്നതിന് NATPAC -നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കുറിഞ്ഞി പൂക്കുന്ന സമയത്ത് മൂന്നാറിൽ എത്തിച്ചേരുന്ന വിനോദസഞ്ചാരികൾക്ക് പരമാവധി സൗകര്യമൊരുക്കുന്നതിന് മുഖ്യമന്ത്രിയുടേയും വനം വകുപ്പുമന്ത്രിയുടേയും അദ്ധ്യക്ഷതയിൽ ചേർന്ന യോഗങ്ങളിൽ തീരുമാനിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ ഏർപ്പെടുത്തേണ്ട സൗകര്യങ്ങളെക്കുറിച്ചും ക്രമീകരണങ്ങളെക്കുറിച്ചും യോഗത്തിൽ തീരുമാനമായിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഇരവികുളം ദേശീയോദ്യാനത്തിലെ ടൂറിസം സോണിൽ ഉപയോഗിക്കുന്നതിനായി വനം വകുപ്പിന്റെ കൈവശമുള്ള ബസ്സുകളുടെ എണ്ണം ഏഴിൽനിന്നും 10 ആയി വർദ്ധിപ്പിക്കുന്നതിനും ഇരവികുളം ദേശീയോദ്യാനത്തിൽ പ്രവേശനത്തിലുള്ള 50%

ടിക്കറ്റുകൾ ഓൺലൈനായി നൽകുന്നതിനും ടൂറിസ്റ്റുകൾക്ക് പാർക്കിൽ പ്രവേശിക്കുന്നതിനുള്ള സമയം ഒരു മണിക്കൂർകൂടി ദീർഘിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഈ പ്രദേശത്ത് ഉൾക്കൊള്ളാൻ കഴിയുന്ന പരമാവധി സന്ദർശകരുടെ എണ്ണത്തെക്കുറിച്ചും ഏർപ്പെടുത്തേണ്ട ഗതാഗത ക്രമീകരണത്തെക്കുറിച്ചും പഠനം നടത്തി റിപ്പോർട്ട് നൽകുവാൻ NATPAC-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിനോദ സഞ്ചാരികൾക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) 4-10-2017-ന് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അവലോകന യോഗത്തിൽ സഞ്ചാരികൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഒരുക്കണമെന്നും രാജമലയിലെ തിരക്ക് ഒഴിവാക്കുവാനായി രാജമലയിൽ പ്രവേശിക്കുവാൻ കഴിയാത്ത സഞ്ചാരികൾക്ക് നീലക്കുറിഞ്ഞി കാണുന്നതിന്, അത് പൂക്കുന്ന സമീപ പ്രദേശങ്ങൾകൂടി കണ്ടെത്തണമെന്നും അവിടെ അതിനുള്ള സൗകര്യം ഒരുക്കണമെന്നും വനം വകുപ്പുമന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം

15 (*225) ശ്രീ. ആർ. രാജേഷ്:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെയിടയിൽ തോൽവിയുടെയും കൊഴിഞ്ഞുപോക്കിന്റെയും നിരക്ക് താരതമ്യേന കൂടുതലായതിനാൽ ഇത് പരിഹരിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി വിദ്യാർത്ഥികളുടെ വീടുകളോടുചേർന്ന് പഠനമുറി നിർമ്മിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കുമോ;

(സി) പട്ടികജാതി കുട്ടികൾക്കായുള്ള പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ മുൻ സർക്കാരിന്റെ കാലത്ത് ഉണ്ടായിരുന്ന പരിതാപകരമായ സ്ഥിതി പരിഹരിച്ച് ആധുനിക സൗകര്യങ്ങളോടെ പഠനസൗകര്യം ഏർപ്പെടുത്താനും മികച്ച ഭക്ഷണം ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പ്രീ-മെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് മലയാളം ഒഴികെയുള്ള വിഷയങ്ങൾക്ക് ട്യൂഷൻ നൽകുന്നുണ്ട്. പൊസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ റെസിഡന്റ് ട്യൂട്ടറേയും നിയമിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് പഠനത്തിൽ താൽപ്പര്യം വർദ്ധിപ്പിച്ച് കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പ്രീ-മെട്രികുതലത്തിൽ ലംപ്സം ഗ്രാന്റിനുപുറമെ പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് എന്നിവ അനുവദിച്ചുവരുന്നു. പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കുന്നവർക്ക് പ്രത്യേക പ്രോത്സാഹന സമ്മാനവും ഏർപ്പെടുത്തിയിട്ടുണ്ട്. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ CREST മുഖേന റിസൾട്ട് മെച്ചപ്പെടുത്തുന്നതിനുള്ള പ്രത്യേക കോച്ചിംഗ് ലഭ്യമാക്കുന്നുണ്ട്. ബി-ടെക് വിദ്യാർത്ഥികൾക്ക് റെമഡിയൽ കോച്ചിംഗ് നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) പട്ടികജാതി വിദ്യാർത്ഥികളുടെ വീടുകളോടുചേർന്ന് പഠനമുറി നിർമ്മിക്കാനുള്ള പദ്ധതിക്ക് സ.ഉ. (പി) നമ്പർ 13/2017/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷം ഒരാൾക്ക് രണ്ട് ലക്ഷം രൂപ നിരക്കിൽ 5000 പഠനമുറി നിർമ്മിക്കുന്നതിന് ഭൗതിക ലക്ഷ്യം നിശ്ചയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന നടപടി ജില്ലാതലത്തിൽ ആരംഭിച്ചിട്ടുണ്ട്. ദുർബല വിഭാഗം ഗുണഭോക്താക്കൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനും പഠനമുറി നിർമ്മിക്കുന്നതിന് സ്ഥലപരിമിതിയുള്ള ഗുണഭോക്താക്കൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വീടിനുമുകളിൽ പഠനമുറി നിർമ്മിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. നാളിതുവരെ 1300 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ഒന്നാംഗഡു തുക അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) വകുപ്പിനുകീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും നവീകരിച്ച് നല്ല പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിന് ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് മികച്ച ഭക്ഷണവും നൽകിവരുന്നു. ഈ സർക്കാർ വന്നശേഷം വിദ്യാർത്ഥികളുടെ മെസ് ചാർജ്, പ്രീമെട്രിക് തലത്തിൽ 2,000 രൂപയിൽനിന്ന് 2,500 രൂപയായും പോസ്റ്റ് മെട്രിക് തലത്തിൽ 2,300 രൂപയിൽനിന്ന് 2,875 രൂപയായും വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

**തൊഴിൽ നയം**

16 (*226) ശ്രീ.ബി. സത്യൻ:
ശ്രീ. പി. ടി. എം. റഹീം :
ശ്രീ. കെ. ബാബു.
ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നവലിബറൽ നയങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഫലമായി സംഘടിത അസംഘടിത മേഖലകളിൽ നിന്ന് പുറത്താകുന്ന തൊഴിലാളികൾക്ക് പരിരക്ഷ നൽകാൻ സംസ്ഥാന സർക്കാരിന്റെ കരട് തൊഴിൽ നയത്തിലുള്ള പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ടുള്ള രജിസ്ട്രേഷൻ, ലൈസൻസ് നടപടിക്രമങ്ങൾ ലഘൂകരിക്കാനും ഓൺലൈനാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ;

(സി) സ്വയംതൊഴിൽ പ്രോത്സാഹിപ്പിക്കാൻ വകുപ്പ് നടത്തുന്ന ഉദ്യമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) മൾട്ടി പർപ്പസ് ജോബ് ക്ലബ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സംഘടിത അസംഘടിത മേഖലകളിലെ തൊഴിലാളികൾക്ക് പരിരക്ഷ നൽകുന്ന നയമാണ് കരട് തൊഴിൽ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സമസ്ത മേഖലകളിലെയും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യ സുരക്ഷയും ഉറപ്പുവരുത്തുകയാണ് സംസ്ഥാന തൊഴിൽ നയം ലക്ഷ്യമിടുന്നത്.

(ബി) ഉണ്ട്.

(സി) എംപ്ലോയ്മെന്റ് വകുപ്പ് മുഖേന കെസ്റു, മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്, ശരണ്യ, കൈവല്യ എന്നീ നാല് സ്വയംതൊഴിൽ പദ്ധതികൾ നടപ്പാക്കിവരുന്നു.

സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വകുപ്പിനെ സമീപിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും സ്വയംതൊഴിൽ വിഭാഗം ഒരു ഗസറ്റഡ് ഓഫീസറുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നു. സാമ്പത്തിക

രംഗത്തും വിവരസാങ്കേതികവിദ്യയിലും സംഭവിച്ചുകൊണ്ടിരിക്കുന്ന നൂതന പ്രവണതകൾക്കനുസരിച്ച് യുവജനങ്ങളിലെ സംരംഭക സന്നദ്ധത വളർത്തിയെടുക്കുന്നതിന് ആവശ്യമായ എല്ലാ നിർദ്ദേശങ്ങളും സഹായവും വകുപ്പ് നൽകിവരുന്നു.

സ്റ്റാർട്ടപ്പ് സംരംഭകത്വം കരിയറായി തെരഞ്ഞെടുക്കുന്ന പ്രവണത യുവാക്കളിൽ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരള യൂണിവേഴ്സിറ്റിയുടെയും സാങ്കേതിക സർവ്വകലാശാലയുടെയും കീഴിലുള്ള എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായി വ്യവസായ സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. കോഴിക്കോട് മേഖലയിൽ പേരാമ്പ്ര ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സ്റ്റാർട്ടപ്പ് സംരംഭകത്വ പരിശീലന പരിപാടി നൽകുകയുണ്ടായി. സംരംഭകത്വ അഭിരുചിയുള്ള വിദ്യാർത്ഥികൾക്കും യുവാക്കൾക്കും ഏറെ പ്രയോജനപ്രദമായ രീതിയിലുള്ള മൊഡ്യൂളുകൾ തയ്യാറാക്കി അവരെ തൊഴിലന്വേഷകൻ എന്ന നിലയിൽനിന്നും തൊഴിൽദായകരായി പരിവർത്തനം ചെയ്യുന്നതിന് നടത്തുന്ന ഇത്തരം പരിശീലന പരിപാടികൾക്ക് വൻപ്രചാരണം ലഭിച്ചിരുന്നു.

സ്വയംതൊഴിൽ പദ്ധതികളെക്കുറിച്ച് വ്യക്തമായ അവബോധം ഉണ്ടാക്കുന്നതിന് ഭിന്നശേഷിക്കാർക്കായി ആവിഷ്കരിച്ചിട്ടുള്ള 'കൈവല്യ' പദ്ധതിയിൽ (ആവശ്യമുള്ളപക്ഷം സഹായികളെക്കൂടി ഉൾപ്പെടുത്തി) ശില്പശാലകളും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കുന്നുണ്ട്. ഡിസംബർ 3 ലോകഭിന്നശേഷി ദിനാചരണത്തോടനുബന്ധിച്ച് എറണാകുളം ജില്ലയിൽ 'അതിജീവനം' എന്ന പേരിൽ സംഘടിപ്പിച്ച പ്രദർശന വിപണന മേള ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി.

സ്വയംതൊഴിൽ പദ്ധതികളുടെ ഗുണഭോക്താക്കളുടെ/സംരംഭകരുടെ ഉൽപ്പന്നങ്ങളുടെ വിപണനമേളകൾ, ഓണം, ക്രിസ്തുമസ് തുടങ്ങിയ ആഘോഷാവസരങ്ങളിൽ സംഘടിപ്പിക്കാറുണ്ട്.

(ഡി) കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്കുവേണ്ടി വകുപ്പ് നടത്തുന്ന വിവിധോദ്ദേശ്യ സേവന കേന്ദ്രങ്ങളും അവയുടെകീഴിൽ പ്രവർത്തിക്കുന്ന തൊഴിൽരഹിതർ നടത്തുന്ന ജോബ് ക്ലബ്ബുകളുമാണ് പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. അപേക്ഷകർ കേരളത്തിലെ ഏതെങ്കിലും എംപ്ലോയമെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളവരുമായിരിക്കണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിലും പ്രവൃത്തി കാര്യക്ഷമതാ പരിശീലനം സിദ്ധിച്ചവർക്കും ഈ

പദ്ധതിയുടെ ഗുണഭോക്താക്കളാകാവുന്നതാണ്. എന്നാൽ ആകെ ഗുണഭോക്താക്കളിൽ ഇത്തരക്കാർ 10 ശതമാനത്തിൽ കൂടാൻ പാടുള്ളതല്ല. വാർഷിക കുടുംബ വരുമാനം 1,00,000 രൂപയിൽ കവിയാൻ പാടില്ല.

ഒരു ജോബ് ക്ലബ്ബിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും അംഗങ്ങളാകാവുന്നതാണ്. എന്നാൽ ഹോംനഴ്സ്, ഹോംമെയ്ഡ് എന്നീ ക്ലബ്ബുകളിലേക്ക് വനിതകൾക്ക് മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ.

പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർക്കും തൊഴിൽരഹിത വേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്നവർക്കും മുൻഗണന ഉണ്ടായിരിക്കും. കൂടാതെ സംസ്ഥാന വ്യവസായ പരിശീലന വകുപ്പ് പരമ്പരാഗത തൊഴിലാളികൾക്ക് നൽകുന്ന "പ്രവൃത്തി കാര്യക്ഷമതാ സർട്ടിഫിക്കറ്റ്" കരസ്ഥമാക്കിയിട്ടുള്ളവർക്കും സംസ്ഥാന ഐ.റ്റി.ഐ., ഐ.റ്റി.സി., പോളിടെക്നിക്ക് എന്നിവയിൽ ഏതിലെങ്കിലുംനിന്ന് വിവിധ ട്രേഡുകളിൽ പരിശീലനം നേടിയവർക്കും ജനശിക്ഷൺ സൻസ്ഥാൻ, റൂഡ് സെറ്റ് എന്നിവിടങ്ങളിൽനിന്ന് തൊഴിൽ പരിശീലനം നേടിയവർക്കും ബിരുദധാരികളായ വനിതകൾക്കും മുൻഗണന നൽകുന്നതാണ്. എല്ലാ പ്രവൃത്തി ദിവസങ്ങളിലും പദ്ധതികളുടെ അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ പരിശോധനയ്ക്കുശേഷം ജില്ലാ കമ്മിറ്റിക്ക് സമർപ്പിക്കുന്നു. ജില്ലാ കമ്മിറ്റി പരിശോധിച്ച് അപേക്ഷകർ അനുയോജ്യരാണോ, പ്രോജക്ട് നടപ്പിലാക്കാൻ കഴിയുന്നതാണോ എന്നീ കാര്യങ്ങൾ പരിശോധിച്ച്, അംഗീകരിച്ച അപേക്ഷകൾ ധനകാര്യ സ്ഥാപനങ്ങളിലേക്ക് ശിപാർശ ചെയ്യുന്നു. ഒരു ക്ലബ്ബിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ ലഭിക്കുന്നു. ഓരോ ക്ലബിനും വായ്പാതുകയുടെ 25% സബ്സിഡി (പരമാവധി 2 ലക്ഷം രൂപ) നൽകുന്നു. പ്രോജക്ട് നടത്തിപ്പിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി വായ്പാത്തുകയുടെ 10% ഓരോ അംഗവും തങ്ങളുടെ വിഹിതമായി ആദ്യംതന്നെ നിക്ഷേപിക്കേണ്ടതാണ്.

**തൊഴിൽ പരിശീലന കേന്ദ്രങ്ങളെ മികവുറ്റതാക്കാൻ നടപടി**

17 (*227) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ പരിശീലന കേന്ദ്രങ്ങളെ മികവുറ്റവയാക്കി മാറ്റാൻ നടത്തുന്ന ഇടപെടൽ വിശദമാക്കാമോ;

(ബി) പത്ത് ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; ഐ.ടി.ഐ.-കൾക്ക് ഐ.എസ്.ഒ. അംഗീകാരം നേടാനുള്ള ലക്ഷ്യം സാധ്യമായിട്ടുണ്ടോ;

(സി) തൊഴിൽസാധ്യത കൂടിയ ട്രേഡുകൾ ആരംഭിക്കാൻ നടപടിയുണ്ടോ;

(ഡി) പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ അവസരങ്ങൾ തുറന്ന് കൊടുക്കാനായി എല്ലാ ജില്ലകളിലും നടത്തിയ തൊഴിൽ മേളകൾ എത്ര മാത്രം പ്രയോജനപ്രദമായിരുന്നു എന്ന് വിശദമാക്കാമോ;

(ഇ) ഐ.ടി.ഐ.-കളിൽ പ്രവർത്തിക്കുന്ന പ്ലേസ്മെന്റ് സെല്ലിന്റെ പ്രവർത്തനം വിശദമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>):

(എ) സർക്കാരിനുകീഴിലുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളെ മികവുറ്റവയാക്കി മാറ്റാൻ താഴെപറയുന്ന നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. <u>ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നത്</u>

   10 ഐ.ടി.ഐ.-കളെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.-കളായി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ തിരുവനന്തപുരം ജില്ലയിലെ ഗവ. ഐ.ടി.ഐ. ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ. ഐ.ടി.ഐ., കോഴിക്കോട് എന്നിവയെ ഇന്റർനാഷണൽ ഐ.ടി.ഐ. ആക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

2. <u>ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ</u>

   മികച്ച ഗുണമേന്മയും ഫലപ്രാപ്തിയും ലക്ഷ്യമാക്കിയുള്ള പ്രവർത്തനം ഉറപ്പാക്കുന്നതിനായി വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-കളെ മികച്ച നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടുകൂടി 34 സർക്കാർ ഐ.ടി.ഐ.-കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. കൂടാതെ കോഴിക്കോട് (വനിത) ഐ.ടി.ഐ.-യിൽ പരിശീലന സംബന്ധമായ നൂതന ഐ.എസ്.ഒ. 29993-2017 സർട്ടിഫിക്കേഷനായുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

3. <u>വെർച്വൽ ക്ലാസ് റൂം പദ്ധതി</u>

സംസ്ഥാനത്തെ 34 ഐ.ടി.ഐ.-കളിൽ വെർച്വൽ ക്ലാസ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

4. <u>3 ഡി ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡ്</u>

മെക്കാനിക്കൽ മോട്ടോർ വെഹിക്കിൾ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, ഫിറ്റർ, ടർണർ, മെഷിനിസ്റ്റ് എന്നീ ട്രേഡുകളിലെ തിയറി വിഷയങ്ങൾ, വിവിധ ട്രേഡുകളിലെ എഞ്ചിനീയറിംഗ് ഡ്രായിംഗ് വിഷയം തുടങ്ങിയവ 3 ഡി ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡിലൂടെ പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

5. <u>ഐ.ടി.ഐ. വെബ്സൈറ്റ്</u>

വകുപ്പിന് കീഴിലുള്ള 74 സർക്കാർ ഐ.ടി.ഐ.-കൾക്ക് പ്രത്യേകം ഔദ്യോഗിക വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ട്.

6. <u>പ്രമുഖ വ്യാവസായിക സ്ഥാപനങ്ങളുമായുള്ള സഹകരണം</u>

ഐ.ടി.ഐ.-കളിലെ പരിശീലനാർത്ഥികൾക്ക് ആധുനിക സാങ്കേതിക വിദ്യയിൽ പരിജ്ഞാനം ലഭ്യമാക്കുന്നതിനും അതുവഴി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി വിവിധ കമ്പനികളുമായി വിവിധ ഐ.ടി.ഐ.-കൾ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

7. <u>കാലഹരണപ്പെട്ട ട്രേഡുകളുടെ റീവാമ്പിംഗ്</u>

ഐ.ടി.ഐ.-കളിൽ നിലവിലുള്ളതും കാലഹരണപ്പെട്ടതുമായ ട്രേഡുകൾ റീവാമ്പ് ചെയ്ത് തൊഴിൽ സാധ്യതയുള്ളതും നൂതനവുമായ പുതിയ ട്രേഡുകൾ കാലാകാലങ്ങളിൽ ആവിഷ്കരിക്കുന്നുണ്ട്.

8. <u>പ്ലേസ്മെന്റ് സെൽ</u>

വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന ട്രെയിനികൾക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനായി പ്ലേസ്മെന്റ് സെല്ലുകൾ സർക്കാർ ഐ.ടി.ഐ.-കളിൽ രൂപീകരിച്ചിട്ടുണ്ട്.

9. <u>സംരംഭകത്വ വികസന ക്ലബ്ബ്</u>

വ്യാവസായിക വകുപ്പുമായി സംയോജിച്ച് ഭൂരിഭാഗം ഐ.ടി.ഐ.-കളിലും സംരംഭകത്വ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സംരംഭകത്വ സംസ്കാരം പരിശീലനാർത്ഥികളിൽ വളർത്തുക എന്നതാണ് ഈ ക്ലബ്ബുകൾ മുഖേന ലക്ഷ്യമിടുന്നത്.

10. വകുപ്പിലെ സ്റ്റേറ്റ് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (SPIU) മുഖേന നടത്തുന്ന ഐ.ടി.ഐ.-കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്തെ 7 ഐ.ടി.ഐ.-കളിൽ ധനുവച്ചപുരം, കൊല്ലം (വനിതാ), പള്ളിക്കത്തോട്, മലമ്പുഴ, ആര്യനാട്, കൊയിലാണ്ടി, കൽപ്പറ്റ നടപ്പിലാക്കിയിട്ടുണ്ട്. കളമശ്ശേരി സർക്കാർ ഐ.ടി.ഐ.-യെ മോഡൽ ഐ.ടി.ഐ. ആയി ഉയർത്തുന്ന കേന്ദ്രാവഷ്കൃത പദ്ധതി പ്രകാരം കളമശ്ശേരി ഐ.ടി.ഐ.-യിൽ കെട്ടിട നിർമ്മാണവും ഉപകരണ സംഭരണവും നടന്നുവരുന്നു.

11. 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ 5 വനിതാ ഐ.ടി.ഐ.കളുടെ പദവി ഉയർത്തുമെന്നും 10 രണ്ടാം ഗ്രേഡ് ഐ.ടി.ഐ.-കളെ ഒന്നാം ഗ്രേഡ് ഐ.ടി.ഐ.-കളാക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ അടുത്ത സാമ്പത്തിക വർഷം എല്ലാ ജില്ലകളിലെ ഐ.ടി.ഐ.-കളിലും ഇ-ഓഫീസ് നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.

12. <u>കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (KASE) മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ</u>

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. <u>സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)</u>

i. നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ പ്രവർത്തിച്ചുവരുന്നു.

ii. സെക്യൂരിറ്റി മേഖലയിൽ നൈപുണ്യ വികസനത്തിനായി ഡൽഹി ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന Pragmatic Educational Society-യുമായി സഹകരിച്ച് CATS (Centre for Advanced Training in Security) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ പ്രവർത്തിച്ചുവരുന്നു.

iii. ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ ESPOIR (Enlighten Skills Program for Oil & Rig) എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തിച്ചുവരുന്നു.

iv. സദ്ഭാവന ഗ്രൂപ്പുമായി സഹകരിച്ച് ടീച്ചിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ CRETT (Centre for Research in Education and Teacher Training) കോഴിക്കോട് ജില്ലയിലെ വെള്ളിപറമ്പിലെ സദ്ഭാവന ക്യാമ്പസിൽ പ്രവർത്തിച്ചുവരുന്നു.

v. ഐ.ടി. ഇതര മേഖലകളിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള പരിശീലനം നൽകുന്നതിനായി എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ (EDI), അഹമ്മദാബാദ് എന്ന സ്ഥാപനവുമായി ചേർന്ന് സെന്റർ ഫോർ എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (CEED) എന്ന പേരിൽ മികവിന്റെ കേന്ദ്രം എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തിച്ചുവരുന്നു.

vi. ആരോഗ്യ പരിപാലനത്തിൽ തങ്ങൾക്കുള്ള അറിവും വൈഭവവും മത്സരക്ഷമതയും ഉയർത്തി മെച്ചപ്പെട്ട കരിയർ സാധ്യമാകുന്നതിന് നഴ്സിംഗ് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിന് അന്തർദ്ദേശീയ തലത്തിൽ വികസിപ്പിച്ചെടുത്ത ഒരു വിദ്യാഭ്യാസ പരിശീലന പദ്ധതി എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന നഴ്സിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ കേയ്സ് ഗ്ലോബൽ നഴ്സിംഗ് ലീഡർഷിപ്പ് അക്കാഡമി (KGNLA) മുഖേന നടപ്പിലാക്കുന്നു.

2. <u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)</u>

അന്താരാഷ്ട്ര നിലവാരത്തിൽ കൺസ്ട്രക്ഷൻ മേഖലയിലെ വിവിധ ട്രേഡുകളിൽ കോഴ്സുകളും പരിശീലന പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിച്ച് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ അക്കാഡമി (IIIC) ചവറയിൽ പ്രവർത്തനസജ്ജമാകുന്നു.

3. <u>കൗശൽ കേന്ദ്രകൾ</u>

ഗ്രാമീണ മേഖലയിലെ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവസമൂഹത്തിന് തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തുന്നതിന് പ്രാപ്തരാക്കുവാൻ കൗശൽ കേന്ദ്രയിലൂടെ ലക്ഷ്യമിടുന്നു. നിലവിൽ കൊല്ലം ജില്ലയിലെ ചവറയിലും കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറയിലും പാലക്കാട് ജില്ലയിലെ കുറ്റനാട്ടും കൗശൽ കേന്ദ്രകൾ പ്രവർത്തിച്ചുവരുന്നു.

4. അക്രഡിറ്റേഷൻ

ബാങ്കിംഗ് ആന്റ് ഫിനാൻസ്, സയന്റിഫിക് ഇലക്ട്രോളിസിസ്, ഹൈടെക് ഓട്ടോമേഷൻ, പെട്രോളിയം, ബ്യൂട്ടി & വെൽനെസ്സ്, ടൂറിസം & ഹോസ്പിറ്റാലിറ്റി, മൾട്ടിമീഡിയ & ആനിമേഷൻ, ഫിസിയോതെറാപ്പി, ആയുർവേദ, മറൈൻ ആർകിടെക്ചർ ഡിസൈൻ, എഞ്ചിനീയറിംഗ് എന്നീ മേഖലകളിൽ KASE ഇതിനകം അക്രഡിറ്റേഷൻ നൽകിയിട്ടുണ്ട്. നിലവിൽ 17 സ്ഥാപനങ്ങൾ വഴി 15 വ്യത്യസ്ത മേഖലകളിൽ 52 അക്രഡിറ്റഡ് കോഴ്സുകൾ നടന്നുവരുന്നു.

5. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ

പരമ്പരാഗതരീതിയും ആധുനിക രീതിയും സംയോജിപ്പിച്ച് ഡിസൈൻ മേഖലയിൽ സർഗ്ഗശേഷിയുള്ള സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID) എന്ന സ്ഥാപനം കൊല്ലം ജില്ലയിലെ ചന്ദനത്തോപ്പിൽ പ്രവർത്തിക്കുന്നു.

6. എംപ്ലോയബിലിറ്റി സെന്ററുകൾ

തൊഴിലന്വേഷകരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ നേടിയെടുക്കുവാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കേരള അക്കാദമി ഫൊർ സ്കിൽസ് എക്സലൻസ് ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന നൈപുണ്യ വികസന പദ്ധതി നടത്തിവരുന്നു. നിലവിൽ കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

7. കരിയർ ഡെവലപ്മെന്റ് സെന്റർ (CDC)

തൊഴിൽ അന്വേഷകർക്ക് നിശ്ചിത പ്രായപരിധിക്കകം അഭിരുചിയുള്ള കോഴ്സുകളിൽ പ്രവേശനം നേടുകയും യോഗ്യതയ്ക്കനുസരിച്ച് തൊഴിൽ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ സുപ്രധാന ലക്ഷ്യം. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-മായി സഹകരിച്ച് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപിച്ചുവരുന്നു. കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും

പാലക്കാട് ജില്ലയിലെ ചിറ്റൂരിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിൽ കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) 10 ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിലേക്കായി 228,92,31,600 (ഇരുന്നൂറ്റി ഇരുപത്തിയെട്ട് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി മുപ്പത്തിഒന്നായിരത്തി അറുന്നൂറ് രൂപ മാത്രം) രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുവേണ്ടി ലഭിച്ചിട്ടുള്ള ശിപാർശകൾ പരിശോധിച്ച് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയിട്ടുള്ള കേരളാ അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സ്വീകരിച്ചുവരുന്നു. KASE ലഭ്യമാക്കുന്ന DPR കിഫ്ബിയുടെ മുൻപാകെ സമർപ്പിച്ച് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് തുടർപ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും. 34 സർക്കാർ ഐ.ടി.ഐ.-കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. കൂടാതെ കോഴിക്കോട് (വനിത) ഐ.ടി.ഐ.-യിൽ പരിശീലന സംബന്ധമായ നൂതന ഐ.എസ്.ഒ. 29993-2017 -നായുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

(സി) കാലഹരണപ്പെട്ടതും തൊഴിൽസാധ്യത കുറഞ്ഞതുമായ കോഴ്സുകൾ നിർത്തലാക്കി പകം നൂതനവും തൊഴിൽസാധ്യത കൂടിയതുമായ ട്രേഡുകൾ വ്യാവസായിക പരിശീലന വകുപ്പിൽ ആരംഭിക്കുന്നതിന്റെ ഭാഗമായി 2015 വർഷം തൊഴിൽ സാധ്യത കുറഞ്ഞ 34 ട്രേഡുകളിലെ 74 യൂണിറ്റുകൾ നിർത്തലാക്കി പകരം തൊഴിൽസാധ്യത കൂടിയ 29 ട്രേഡുകളിലായി 74 യൂണിറ്റും 2017 വർഷം തൊഴിൽസാധ്യത കുറഞ്ഞ 129 ട്രേഡുകളിലെ 271 യൂണിറ്റുകൾ നിർത്തലാക്കി പകരം തൊഴിൽസാധ്യത കൂടിയ 51 ട്രേഡുകളിലായി 271 യൂണിറ്റും ആരംഭിച്ചിട്ടുണ്ട്.

(ഡി) 2017 നവംബർ, ഡിസംബർ മാസങ്ങളിലായി സംസ്ഥാനത്തെ 14 ജില്ലകളിലും തൊഴിൽ മേളകൾ സംഘടിപ്പിക്കുകയുണ്ടായി. 683 കമ്പനികൾ പങ്കെടുത്ത ടി മേളയിൽ 10729 തൊഴിലവസരങ്ങൾ ഉണ്ടാവുകയും 22148 ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും ചെയ്തു. അതിൽനിന്നും 10218 ട്രെയിനികളെ നിയമനത്തിനായി ഷോർട്ട്ലിസ്റ്റ് ചെയ്തു.

(ഇ) വ്യാവസായിക പരിശീലന വകുപ്പിനുകീഴിലുള്ള പ്ലേസ്മെന്റ് സെല്ലുകളുടെ പ്രവർത്തന ചുമതല അതത് ഐ.ടി.ഐ.-കളിലെ ഉദ്യോഗസ്ഥർക്കാണ്

നൽകിയിട്ടുള്ളത്. സർക്കാർ ഐ.ടി.ഐ.-കളിൽനിന്നും വിവിധ ട്രേഡുകളിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കിവയർക്കും അവസാന വർഷം പരിശീലനം നടത്തിവരുന്ന ട്രെയിനികൾക്കും തൊഴിൽ സാധ്യത ഉറപ്പാക്കുന്നതിന് ക്യാമ്പസ് ഇന്റർവ്യൂ നടത്തി പ്ലേസ്മെന്റ് നൽകുന്നതിന് ഐ.ടി.ഐ.-കളിൽ പ്രവർത്തിച്ചുവരുന്ന പ്ലേസ്മെന്റ് സെൽ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഐ.ടി.ഐ.-കളിൽ രജിസ്റ്റർ ചെയ്യുന്ന വിവിധ കമ്പനികൾ ആവശ്യപ്പെടുന്നമുറയ്ക്ക് ബന്ധപ്പെട്ട ട്രേഡിലുള്ള ട്രെയിനികളുടെ ലിസ്റ്റ് കമ്പനികൾക്ക് നൽകുകയും കമ്പനികൾ നേരിട്ട് ഇന്റർവ്യൂ നടത്തി പ്ലേസ്മെന്റ് നൽകുകയും ചെയ്യുന്നു. ഇത്തരത്തിൽ 2017-ൽ 2830 ട്രെയിനികൾക്ക് പ്ലേസ്മെന്റ് നൽകിയിട്ടുണ്ട്.

**പട്ടികജാതി വിദ്യാർത്ഥികളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ**

18 (*228) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് സെൻട്രൽ സ്കൂളിലോ ഉന്നത നിലവാരം പുലർത്തുന്ന മറ്റ് സ്കൂളുകളിലോ പ്രവേശനം നൽകി പഠിപ്പിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ;വിശദമാക്കുമോ;

(സി) പട്ടികജാതി വിദ്യാർത്ഥികൾക്കായി നിലവിൽ നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇവയുടെ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഡി) പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക്,പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നിലവാരം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ)

1. ബി.ടെക്. വിദ്യാർത്ഥികൾക്കുള്ള റെമഡിയൽ കോച്ചിംഗ് പദ്ധതി
2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായുള്ള വാത്സല്യനിധി പദ്ധതി
3. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനുള്ള ധനസഹായം.

(ബി) ഇല്ല. പ്ലസ്ടു കഴിഞ്ഞ വിദ്യാർത്ഥികൾക്ക്, ദേശീയതലത്തിലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം തേടുന്നതിന് ക്രെസ്റ്റ് മുഖേന പരിശീലനം നൽകുന്നുണ്ട്.

(സി)

1. പ്രീമെട്രിക് വിദ്യാഭ്യാസ ധനസഹായം
2. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ ആനുകൂല്യം
3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്
4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് (100% CSS)
5. 9, 10 ക്ലാസ്സുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ്
6. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്
7. സ്റ്റെതസ്കോപ്പ് ധനസഹായം
8. ലാപ്ടോപ് ധനസഹായം
9. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രാരംഭ ചെലവ്
10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം
11. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്
12. മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി

13. മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി
14. പ്രത്യേക പ്രോത്സാഹന സമ്മാനം
15. ബുക്ക് ബാങ്ക് സ്കീം (100% CSS)
16. മോഡൽ റെസിഡൻഷ്യൽ സ്കൂൾ
17. പ്രീ-മെട്രിക് ഹോസ്റ്റൽ
18. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ
19. ഐ.റ്റി.ഐ.-കൾ
20. പി.ഇ.റ്റി.സി.
21. ക്രെസ്റ്റ്
22. നഴ്സറികൾ
23. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി
24. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം
25. മെഡിക്കൽ കോളേജ്, പാലക്കാട്
26. ഇതര സംസ്ഥാനത്ത് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്ന പദ്ധതി
27. വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 23-7-2016-ലെ സ.ഉ.(പി) നം. 4/16/പ.ജ.പ.വ.വി.വ ഉത്തരവുപ്രകാരം പ്രീമെട്രിക്, പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യത്തിൽ 25% വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(ഡി) വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി കെട്ടിടങ്ങൾ നവീകരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## ലഹരി മാഫിയകളെ ഇല്ലാതാക്കുന്നതിന് നടപടി

19 (*229) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാടൻ കഞ്ചാവ് മുതൽ കൊക്കെയിൻ വരെയുള്ള ലഹരി മരുന്നുകളുടെ ഉപയോഗം വർദ്ധിക്കുന്നത് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ അറിയിക്കുമോ;

(ബി) രാജ്യാന്തര ലഹരി വിപണിയുമായി കേരളത്തിലെ മാഫിയയ്ക്കുള്ള ബന്ധം ഇവിടെ ലഭിക്കുന്ന ലഹരി ഉൽപ്പന്നങ്ങളുടെ വൈവിധ്യത്തിൽ നിന്ന് വ്യക്തമാണെങ്കിലും പ്രസ്തുത ലഹരിമാഫിയകളെ അമർച്ച ചെയ്യുന്നതിനുള്ള സർക്കാർ ശ്രമങ്ങൾ ഫലപ്രദമാകാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) സ്കൂൾ വിദ്യാർത്ഥികളുടെ ഇടയിൽ പുകയില ഉൽപ്പന്നങ്ങളുടെ ഉപയോഗം വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ;

(ഡി) കലാലയങ്ങളിൽ അക്കാദമികമായ പ്രവർത്തനങ്ങളിൽ ശ്രദ്ധ ചെലുത്താതെ വിദ്യാർത്ഥികൾ ലഹരി വ്യാപാരത്തിനായി മാത്രം അഡ്മിഷൻ നേടുന്ന കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) മയക്കുമരുന്ന് കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. മദ്യത്തെ അപേക്ഷിച്ച് മയക്കുമരുന്ന് കൈവശംവച്ച് കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യവും മയക്കുമരുന്നിൽനിന്ന് ലഹരി കൂടുതലായി ലഭിക്കുന്നതുമാകാം ഇതിന് കാരണം.

(ബി) കഞ്ചാവ്, മയക്കുമരുന്ന് എന്നിവയുടെ വിപണനവും വ്യാപനവും തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും പ്രത്യേകിച്ച് കിഴക്ക്, വടക്ക്-കിഴക്ക് സംസ്ഥാനങ്ങളിൽനിന്നും കടത്തിക്കൊണ്ടുവരുന്ന കഞ്ചാവ് കേരളത്തിന്റെ അടുത്തുകിടക്കുന്ന തമിഴ്നാടിന്റെ അതിർത്തി പ്രദേശങ്ങളിൽ ശേഖരിച്ച് റെയിൽ/റോഡ് മാർഗ്ഗവും കാൽനടയായും സംസ്ഥാനത്തിന്റെ വിവിധ

ഭാഗങ്ങളിലേയ്ക്ക് കടത്തുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ഇത് തടയുന്നതിന് കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് സംയുക്ത യോഗങ്ങൾകൂടി വിവരങ്ങൾ കൈമാറി കർശന നടപടികളെടുത്തുവരുന്നു. കൂടാതെ സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. വകുപ്പുകളുമായി സംയുക്ത പരിശോധനകളും ബോർഡർ പട്രോളിംഗും എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള പ്രത്യേക സ്ക്വാഡുകളും ഷാഡോ സംവിധാനങ്ങളും മയക്കുമരുന്ന് വിപണം ഉൻമൂലനം ചെയ്യുന്നതിന് ശക്തമായ നടപടിയെടുത്ത് വരുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി കഴിഞ്ഞ മാസം ഗൾഫിലേക്ക് കടത്തുന്നതിന് കൊണ്ടുവന്ന 30 കോടി രൂപ വിലയുള്ള 5.020 കി.ഗ്രാം എം.ഡി.എം.എ. എന്ന മാരകമായ മയക്കുമരുന്ന് കൊച്ചിയിൽവച്ച് എക്സൈസ് വിഭാഗം പിടികൂടി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്താരാഷ്ട്ര മാഫിയ ബന്ധം സംബന്ധിച്ച് കൂടുതൽ അന്വേഷണങ്ങൾ നടന്നുവരുന്നു. ലഹരി മാഫിയകളെ അമർച്ച ചെയ്യുന്നതിന് അതിശക്തവും ഫലപ്രദമായതുമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥികളുടെ ഇടയിൽ ഇത്തരം ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതും വിദ്യാർത്ഥികളെ ഇത്തരം പദാർത്ഥങ്ങളുടെ വാഹകരായി ഉപയോഗിക്കുന്നതും കണ്ടെത്തുന്നതിന് സ്കൂൾ പരിസരങ്ങളിൽ എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.ടി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. വിദ്യാർത്ഥികളെ ലഹരി പദാർത്ഥങ്ങളുടെ വാഹകരാക്കിയതിനും മയക്കുമരുന്ന് നൽകിയതിനും 2012 ജനുവരി മുതൽ 2018 ജനുവരി 31 വരെ എക്സൈസ് വകുപ്പ് 295 കേസ്സുകൾ രജിസ്റ്റർ ചെയ്ത് പരമാവധി ശിക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

'വിമുക്തി' മിഷന്റെ ഭാഗമായി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമായി നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. നാളിതുവരെ 1385-ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. ലഹരിക്കെതിരെ കായിക ലഹരി എന്ന സന്ദേശം പ്രചരിപ്പിച്ച് കുട്ടികളെയും യുവാക്കളെയും കായിക രംഗത്തേക്ക് കൈപിടിച്ച് നയിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കായലുകളുടെ സംരക്ഷണം**

20 (*230) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ.നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്താംകോട്ട, വേമ്പനാട്, അഷ്ടമുടി തുടങ്ങിയ കായലുകൾ കയ്യേറ്റം കൊണ്ടും മാലിന്യ നിക്ഷേപംകൊണ്ടും നേരിടുന്ന ഗുരുതരമായ പ്രശ്നം പരിഹരിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) ശാസ്താംകോട്ട കായലിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നിർദേശങ്ങളാണ് സർക്കാരിന്റെ മുന്നിലുള്ളത്; ഈ നിർദേശങ്ങളും പഠനങ്ങളും നടപ്പിലാക്കാൻ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ശാസ്താംകോട്ട കായലിൽ നിന്നും ശുദ്ധജലം വിതരണം നടത്തുന്ന പഞ്ചായത്ത്,മുനിസിപ്പാലിറ്റി,കോർപ്പറേഷൻ എന്നിവയുടെ തനതുഫണ്ടിൽ നിന്ന് ഒരു വിഹിതം നീക്കിവച്ച് ഈ കായലിന്റെ വികസനത്തിന് ഫണ്ട് സ്വരൂപിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) കായൽ സംരക്ഷണ സമിതി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ;

(ഇ) ജൈവ, അജൈവ മാലിന്യങ്ങൾ പുറന്തള്ളുന്ന ഹൗസ് ബോട്ടുകൾ ഉൾപ്പെടെയുള്ളവയെ കർശനമായി നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) റാംസർ തടാകങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള കേരളത്തിലെ പ്രധാനപ്പെട്ട മൂന്ന് തടാകങ്ങളായ ശാസ്താംകോട്ട, വേമ്പനാട്, അഷ്ടമുടി എന്നിവയുടെ സമഗ്രമായ പുനരുജ്ജീവനം സാധ്യമാക്കുന്ന പദ്ധതികൾ ഉൾക്കൊള്ളുന്ന അഞ്ച് വർഷത്തേക്കുള്ള ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ തടാകങ്ങൾ നേരിടുന്ന കയ്യേറ്റങ്ങളുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രസ്തുത കായലുകൾക്ക് സമീപമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, തദ്ദേശവാസികൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടിയുള്ള പ്രവർത്തനം അനിവാര്യമാണ്.

(ബി) ശാസ്താംകോട്ട കായലിന്റെ സംരക്ഷണം, ജലലഭ്യത ഉറപ്പുവരുത്തുക, പാരിസ്ഥിതിക ആവാസ വ്യവസ്ഥ നിലനിർത്തുക എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് കോഴിക്കോട് ആസ്ഥാനമായ സെന്റർ ഫൊർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് എന്ന സ്ഥാപനം "മാനേജ്മെന്റ് ആക്ഷൻ പ്ലാൻ" തയ്യാറാക്കിയിട്ടുണ്ട്. ഇതോടൊപ്പം കായലിലെ ജലലഭ്യത കുറയുന്നത് പരിഗണിച്ച് കല്ലടയാറ്റിൽ കടപുഴയിൽ ഒരു റെഗുലേറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടായിരുന്നുവെങ്കിലും തദ്ദേശീയമായി ചില കേന്ദ്രങ്ങളിൽ നിന്നുണ്ടായ ആശങ്കകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചില്ല.

(സി) തൽക്കാലം പരിഗണനയിലില്ല.

(ഡി) സംസ്ഥാനത്തെ കായലുകളുടെ സംരക്ഷണം ലക്ഷ്യമിട്ട് മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാന തണ്ണീർത്തട അതോറിറ്റി, കേരള രൂപീകരിച്ചിട്ടുണ്ട്. ഓരോ കായലിനും പ്രത്യേക സംരക്ഷണ സമിതി രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ജൈവ, അജൈവ മാലിന്യങ്ങൾ പുറന്തള്ളുന്ന ഹൗസ് ബോട്ടുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക എന്ന ഉദ്ദേശം മുൻനിർത്തി നിശ്ചിത മാനദണ്ഡങ്ങളുള്ള ഹൗസ് ബോട്ടുകൾക്ക് അനുമതി നൽകുന്നതായിരിക്കും ഉചിതമെന്ന് മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ 15-2-2018-ന് ചേർന്ന ഗവേണിംഗ് ബോഡി യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന തണ്ണീർത്തട അതോറിറ്റി വഴി ഹൗസ് ബോട്ടുകളുടെ ആധിക്യം സംബന്ധിച്ച് ഒരു സംവഹന ശേഷി പഠനം എത്രയുംവേഗം നടത്താനും തീരുമാനിച്ചിട്ടുണ്ട്.

**ഗോത്രബന്ധു പദ്ധതി**

21 (*231) <u>ശ്രീ. ജോർജ് എം. തോമസ്</u>:
<u>ശ്രീ. ഒ. ആർ. കേളു</u>:
<u>ശ്രീ. ആന്റണി ജോൺ</u>:
<u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്;

(ബി) സ്കൂളുകളിൽനിന്നും ഇടയ്ക്കുവച്ച് പഠനം നിർത്തി പോകുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി 'ഗോത്രബന്ധു' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനൊപ്പം വിദ്യാസമ്പന്നരായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് തൊഴിൽ നൽകുന്നതിനും ഈ പദ്ധതി എപ്രകാരം പ്രയോജനപ്പെടുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി സ്കോളർഷിപ്പുകൾ, ഗ്രാന്റുകൾ എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പ് നൽകിവരുന്നു. വകുപ്പിനുകീഴിൽ പ്രീമെട്രിക്-പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഐ.റ്റി.ഐ.-കൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, പ്രീ-പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയും പ്രവർത്തിക്കുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളിലെ കുട്ടികളുടെ വ്യക്തിത്വ വികസനത്തിനായും വിദ്യാഭ്യാസ ഉന്നമനത്തിനായും പ്രത്യേക പദ്ധതികളും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

സ്കോളർഷിപ്പുകൾ, ഗ്രാന്റുകൾ

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള നഴ്സറി സ്കൂളുകളിലെ കുട്ടികൾക്ക് ലംപ്സംഗ്രാന്റ് നൽകുന്നു. പെരിപ്പതറ്റിക്, ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ കുട്ടികൾക്കും സർക്കാർ സ്കൂളുകളിലെ പ്രീമെട്രിക് തലത്തിലുള്ള വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകിവരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റും നൽകുന്നു.

പത്താം ക്ലാസിന് മുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് "പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് സ്കീം" എന്ന പദ്ധതി മുഖേന വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്തുവരുന്നു. ആയതിൽ സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ളവർക്ക് സംസ്ഥാന സർക്കാരിന്റെ നിബന്ധനകൾ പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യവും കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹതയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ടി സ്കീമിന്റെ കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള അർഹമായ വിദ്യാഭ്യാസാനുകൂല്യവും നൽകിവരുന്നു.

സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് അർഹതയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ സംസ്ഥാനത്തിനകത്ത് മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് വരുമാന പരിധിയില്ലാതെ മുഴുവൻ ഫീസും വാർഷിക ലംപ്സംഗ്രാന്റും പ്രതിമാസ സ്റ്റൈപ്പന്റും നൽകിവരുന്നു. സർക്കാർ/സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകൾക്കും പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നു. കോളേജ് ഹോസ്റ്റലുകളിലും മറ്റ് അംഗീകൃത ഹോസ്റ്റലുകളിലും താമസിച്ച് പഠിക്കുന്നവർക്ക് പ്രതിമാസ സ്റ്റൈപ്പന്റിനുപകരം യഥാർത്ഥ താമസ ഭക്ഷണ ചെലവും പോക്കറ്റ് മണിയും നൽകുന്നു. സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസിനത്തിൽ പരമാവധി 3,500 രൂപ അനുവദിച്ചുവരുന്നു. സ്ഥാപനത്തിനോടൊപ്പം ഹോസ്റ്റൽ സൗകര്യമില്ലാത്തതും രണ്ടര ലക്ഷം രൂപയ്ക്ക് താഴെ കുടുംബ വാർഷിക വരുമാനവുമുള്ള വിദ്യാർത്ഥികൾക്ക് സ്വകാര്യ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നതിന് പ്രതിമാസം 3,000 രൂപ അനുവദിച്ച് നൽകുന്നുണ്ട്.

<u>സംസ്ഥാനത്തിന് പുറത്തുള്ള പഠനം</u>

സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ് മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിച്ചുവരുന്നതും കുടുംബ വാർഷിക വരുമാനം രണ്ടരലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വരുന്നുണ്ട്. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിനുപുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ച് വരുന്നുണ്ട്.

<u>വിദേശ പഠനം</u>

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്നുണ്ട്.

അഞ്ചാം ക്ലാസ് മുതൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ നടത്തി ആനുകൂല്യം നൽകുന്ന 'അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി', കുട്ടികൾക്ക് ട്യൂഷൻ പഠിക്കുന്നതിന് 'ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി', ട്രൈബൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 'വസ്ത്ര വിതരണ പദ്ധതി', വകുപ്പിന്റെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 'ബോർഡിംഗ് ഗ്രാന്റ്', സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം,

സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കുള്ള പഠന യാത്രയായ ഭാരത ദർശൻ, പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ് എന്നീ പദ്ധതികളും നടത്തിവരുന്നു.

കൂടാതെ മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാരംഭ ചെലവിനത്തിൽ ധനസഹായം നൽകുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ

പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനായി വികാസ് വാടികൾ, കിന്റർ ഗാർട്ടൻ, ബാലവാടികൾ, നഴ്സറി സ്കൂളുകൾ, ബാല വിജ്ഞാന കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിക്കുന്നു. വിദൂര കോളനികളിലെ കുട്ടികൾക്ക് 1 മുതൽ 4-ാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസത്തിനായി പെരിപ്പതറ്റിക് സെന്ററുകളും ഏകാദ്ധ്യാപക വിദ്യാലയങ്ങളും പ്രവർത്തിക്കുന്നു. വകുപ്പിനുകീഴിൽ രണ്ട് ഐ.റ്റി.ഐ.-കളും ഒരു ഉത്പാദന പരിശീലന കേന്ദ്രവും സാങ്കേതിക തൊഴിലുകളിൽ പരിശീലനം നൽകുന്നതിന് 10 മാതൃകാ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.

വകുപ്പിനുകിഴിൽ 106 പ്രീമെട്രിക് ഹോസ്റ്റലുകളും മൂന്ന് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും 20 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത എം.ആർ.എസ്-കളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ് പഠന പദ്ധതി, സ്പെഷ്യൽ ട്യൂഷൻ പദ്ധതി, SPC, NSS, NCC, ശാസ്ത്രബോധിനി എന്നീ പദ്ധതികളും 'സർഗ്ഗോത്സവം' എന്ന പേരിൽ സംസ്ഥാനതല കലാമേളയും 'കളിക്കളം' എന്ന പേരിൽ സംസ്ഥാനതല കായിക മേളയും നടത്തുന്നു. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ/മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ എന്നിവിടങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നടത്തുന്നതിന് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ടി സ്ഥാപനങ്ങളിലെ വിദ്യാർത്ഥിനികളുടെ ആരോഗ്യ ക്ഷേമ പ്രവർത്തനങ്ങൾക്കും ആരോഗ്യ പ്രശ്നങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ബോധവത്കരണം നൽകുന്നതിനും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ നിയമിച്ചിട്ടുണ്ട്.

വകുപ്പിനുകീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ടോയ്ലെറ്റുകൾ, ശുദ്ധജല വിതരണം, ചുറ്റുമതിൽ നിർമ്മാണം, ട്രസ്സ് വർക്ക്, സെക്യൂരിറ്റി റൂം, കുഴൽക്കിണർ എന്നിവയുടെ നിർമ്മാണം നടന്നുവരുന്നു.

ഭൗതിക സൗകര്യങ്ങളുടെ വികസനത്തിന്റെ ഭാഗമായി കുട്ടികൾക്ക് ആവശ്യമായ ബെഞ്ച്, ഡസ്ക്, പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും വ്യക്തിത്വ വികസനത്തിന് സഹായകമാകുന്ന ലൈബ്രറി സൗകര്യം, കമ്പ്യൂട്ടർ ലാബുകൾ, കായിക പരിശീലനത്തിനുള്ള ഉപകരണങ്ങൾ എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്.

എം.ആർ.എസ്.-കളിൽ ആധുനിക രീതിയിലുള്ള സ്മാർട്ട് ക്ലാസ് റൂമുകൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ പരിസ്ഥിതി സൗഹൃദ വികസനം മുൻനിർത്തി സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചുവരുന്നു.

കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേക്കായി സി.സി.റ്റി.വി. സംവിധാനവും പ്രാവർത്തികമാക്കിയിട്ടുണ്ട്.

കിഫ്ബി (KIIFB) മുഖേന രണ്ട് എം.ആർ.എസ്.-കളും അഞ്ച് പ്രീമെട്രിക് ഹോസ്റ്റലുകളും രണ്ട് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും ഒരു യൂത്ത് ഹോസ്റ്റലും നാട്ടുകാണി ഐ.റ്റി.ഐ.-യ്ക്ക് അക്കാഡമിക് ബ്ലോക്കും ഹോസ്റ്റലും നിർമ്മിക്കുന്നതിനുമായി 100 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ പെൺകുട്ടികൾക്ക് വേണ്ടിയുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

വകുപ്പിനുകീഴിലുള്ള പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളെ യൂണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

വിദ്യാഭ്യാസ ഉന്നമനത്തിനായുള്ള പ്രത്യേക പരിപാടികൾ

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷാ പരിശീലനം നൽകിവരുന്നു. കൂടാതെ സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷാ പരിശീലനവും വകുപ്പ് മുഖേന നൽകിവരുന്നു. സാങ്കേതിക കോഴ്സ് പരിശീലനവും എം.ബി.ബി.എസ്., എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പൊതു പ്രവേശന പരീക്ഷാ പരിശീലനവും വർഷംതോറും നൽകിവരുന്നു. തെരഞ്ഞെടുക്കപ്പെട്ട പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പുകൾ വിതരണം ചെയ്യുന്നു.

പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ ട്യൂഷൻ നൽകുന്നതിലേക്കായി സാമൂഹ്യ പഠനമുറി പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ വകുപ്പ് നടപ്പിലാക്കുന്നു. 100 സാമൂഹ്യ പഠനമുറികൾ പദ്ധതിയുടെ ഭാഗമായി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പട്ടികവർഗ്ഗത്തിൽ തന്നെയുള്ള റ്റി.റ്റി.സി., ബി.എഡ്. പാസ്സായ യുവതീ-യുവാക്കളെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി ആദ്യഘട്ടമായി വയനാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം ജില്ലയിലെ 241 സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഓരോ മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. അട്ടപ്പാടിയിലെ 26 സ്കൂളുകളിൽ ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

വിദൂരവും വനപ്രദേശങ്ങളിലുമുള്ള കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തുന്ന 'ഗോത്രസാരഥി' പദ്ധതിയും വകുപ്പ് നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനംചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽനിന്നും മോചിതരാക്കുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി സാക്ഷരതാ മിഷൻ മുഖേന പട്ടികവർഗ്ഗ കോളനികളിൽ "സമഗ്ര" ആദിവാസി സാക്ഷരതാ പദ്ധതി നടപ്പിലാക്കിവരുന്നു.

അട്ടപ്പാടിയിൽ നിന്നുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2016-17 വർഷം മുതൽ സൈനിക സ്കൂൾ, നവോദയ വിദ്യാലയം, എം.ആർ.എസ്സുകൾ, കേന്ദ്രീയ വിദ്യാലയം എന്നിവിടങ്ങളിൽ പ്രവേശനത്തിനായി പരീക്ഷാ പരിശീലനം 'CARSEL' എന്ന സ്ഥാപനം മുഖേന നടപ്പിലാക്കിവരുന്നുണ്ട്.

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനും സഹായം നൽകുന്നതിനുമായി "പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം" എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഡെസ്ക് ടോപ്പ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ്, മൾട്ടിമീഡിയ, ഹാർഡ്‌വെയർ & സോഫ്റ്റ്‌വെയർ മെയിന്റനൻസ് തുടങ്ങി ഐ.റ്റി. മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിന് വകുപ്പിന്റെകീഴിൽ ഒരു സെന്റർ ഓഫ് എക്സലൻസ് തിരുവനന്തപുരത്ത് ആരംഭിക്കുന്ന പദ്ധതിയും പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് അട്ടപ്പാടിയിൽ അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ (NTTF) മുഖേന വിവിധ സാങ്കേതിക വിഷയങ്ങളിൽ പരിശീലനം, സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി (CBPST) മുഖേന പ്ലാസ്റ്റിക് നിർമ്മാണ മേഖലയിൽ പരിശീലനം, ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (ECIL) മുഖേന അട്ടപ്പാടിയിൽ ഡി.സി.എ. കോഴ്സ് പരിശീലനം, എത്തിയോസ് (Atheos) എന്ന സ്ഥാപനം മുഖേന ഹോട്ടൽ മാനേജ്മെന്റിൽ പരിശീലനം, സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജിയിൽ പരിശീലനം നൽകുന്ന വിവിധ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) സ്കൂളുകളിൽനിന്നും ഇടയ്ക്കുവച്ച് പഠനം നിർത്തിപ്പോകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻ ബത്തേരി താലൂക്കുകളിലായി 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2017-18 അദ്ധ്യയനവർഷം ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ പ്രൈമറി ക്ലാസ്സുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ എന്നിവ ലക്ഷ്യംവച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി./ ബി.എഡ്/ഡി.എഡ്. പാസ്സായ അഭ്യസ്തവിദ്യരിൽനിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് "ഗോത്രബന്ധു" പദ്ധതി.

(സി) ഗോത്രബന്ധു പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരെ നിയമിക്കുന്നതുമൂലം ഗോത്രഭാഷയിൽ അദ്ധ്യയനം നടത്തുന്നതിനാൽ ഗോത്ര മേഖലയിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഗോത്രബന്ധു പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരെ നിയമിക്കുന്നതിനായി തെരഞ്ഞെടുക്കുന്ന വിദ്യാലയം സ്ഥിതിചെയ്യുന്ന പ്രദേശത്തെ മുഖ്യ പിന്നാക്ക ഗോത്രവർഗ്ഗം ഏതാണോ ആ വിഭാഗത്തിലെ ടി.ടി.സി./ബി.എഡ്/ഡി.എഡ്. പാസ്സായ ഗോത്ര ഭാഷ, സംസ്കാരം, ഗോത്രവർഗ്ഗ കലാരൂപങ്ങൾ എന്നിവയിൽ പ്രാവീണ്യം ഉള്ളവരെയാണ് ടി പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരായി നിയമിക്കുന്നത്. ആയതിനാൽ വിദ്യാസമ്പന്നരായ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് തൊഴിൽ ലഭിക്കുന്നതിന് ടി പദ്ധതി വളരെയധികം പ്രയോജനകരമാകുന്നു.

(ഡി) ഗോത്രബന്ധു പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചുവരുന്നു.

## നീലക്കുറിഞ്ഞി സങ്കേതത്തിലെ കയ്യേറ്റം

22 (*232) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീലക്കുറിഞ്ഞി സങ്കേതത്തിന്റെ വിസ്തൃതി പുനഃപരിശോധിക്കുവാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) സങ്കേതത്തിലെ കൈയേറ്റം സംബന്ധിച്ച കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി നിയോഗിച്ച മന്ത്രിമാർ എന്തെങ്കിലും നിഗമനത്തിൽ എത്തിച്ചേർന്നിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) നീലക്കുറിഞ്ഞി സങ്കേതത്തിന്റെ കൃത്യമായ വിസ്തൃതി ഇതുവരെയും നിർണ്ണയിച്ചിട്ടില്ല. അതുകൊണ്ട് വിസ്തൃതി പുനഃപരിശോധിക്കാൻ തീരുമാനമെടുത്തിട്ടില്ല. നീലക്കുറിഞ്ഞി സാങ്കേതത്തിന്റെ പ്രാഥമിക വിജ്ഞാപനം (ഇന്റൻഷൻ നോട്ടിഫിക്കേഷൻ) മാത്രമേ നിലവിൽ വന്നിട്ടുള്ളൂ. പ്രാഥമിക വിജ്ഞാപനത്തിൽ സാങ്ച്വറിയായി പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്ന പ്രദേശം അടയാളപ്പെടുത്തുന്നതിന് റോഡുകളും നദികളും പർവ്വത ശിഖരങ്ങളും മറ്റ് തിരിച്ചറിയാവുന്ന അതിരുകളുമാണ് രേഖപ്പെടുത്താറുള്ളത്. വട്ടവട വില്ലേജിൽ ബ്ലോക്ക്-62, കൊട്ടക്കാമ്പൂർ വില്ലേജിൽ ബ്ലോക്ക്-58 എന്നിവയാണ് വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശങ്ങളെങ്കിലും അവയുടെ അതിരുകളൊന്നും വ്യക്തമായി അളന്നുതിരിച്ചിട്ടില്ല. സെറ്റിൽമെന്റ് ഓഫീസർ കൂടിയായ ദേവികുളം സബ് കളക്ടർ ഭൂമി അളന്നുതിരിച്ച് അവകാശവാദങ്ങൾ തീർപ്പാക്കിയശേഷമേ ഇക്കാര്യത്തിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുവാൻ കഴിയുകയുള്ളൂ. അപ്പോൾ മാത്രമേ കൃത്യമായ വിസ്തൃതി അറിയാനും കഴിയുകയുള്ളൂ. നീലക്കുറിഞ്ഞി സങ്കേതത്തിനായി വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശത്ത് പട്ടയഭൂമി എത്രയുണ്ട്, കയ്യേറ്റഭൂമി എത്രയുണ്ട്, കൈവശസ്ഥലത്ത് വീടോ സ്ഥാപനങ്ങളോ ഉണ്ടോ, ടി പ്രദേശത്ത് ഏതെല്ലാം തരത്തിലുള്ള മരങ്ങൾ ഉണ്ട് തുടങ്ങിയവയിൽ വ്യക്തത വരുത്തുന്നതിലേക്കായി സർവ്വേ നടപടികൾ അടിയന്തരമായി തീർപ്പാക്കുവാനും ടി സർവ്വേ നടപടികൾ സുഗമമാക്കുന്നതിനും വേഗത്തിലാക്കുന്നതിനും റവന്യൂ, വനം,

പോലീസ് വകുപ്പ് ഉദ്യോഗസ്ഥരുടെ സഹകരണത്തോടുകൂടിയുള്ള നടപടി സ്വീകരിക്കുന്നതിനും സെറ്റിൽമെന്റ് ഓഫീസർ/ദേവികുളം സബ് കളക്ടർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ 23-11-2017-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി&സി) നീലക്കുറിഞ്ഞി സങ്കേതം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി പ്രസ്തുത സ്ഥലം നേരിൽ സന്ദർശിക്കുന്നതിനും ബന്ധപ്പെട്ടവരുടെ ഒരു യോഗം നടത്തുന്നതിനും റവന്യൂ, വനം, വൈദ്യുതി വകുപ്പുമന്ത്രിമാരെ നിയോഗിച്ചിരുന്നു. പ്രസ്തുത മന്ത്രിമാർ 11-12-2017-ൽ കുറിഞ്ഞിമല സന്ദർശിക്കുകയും 12-12-2017-ൽ വിവിധ ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികൾ, കർഷക പ്രതിനിധികൾ തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിൽ റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഈ വിഷയം സംബന്ധിച്ച് മുഖ്യമന്ത്രിക്ക് ഓരോ മന്ത്രിമാരും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സമൂഹ അടുക്കള പദ്ധതിയുടെ പ്രവർത്തനം**

23 (*233) ശ്രീ. വി. ടി. ബൽറാം:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ശിശുമരണങ്ങൾ തടയുവാൻ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിയ സമൂഹ അടുക്കള പദ്ധതിയുടെ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നുണ്ടോ;

(ബി) അട്ടപ്പാടിയിൽ എത്ര ഊരുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്;

(സി) ഇതിലേക്കുള്ള ഭക്ഷ്യസാധനങ്ങൾ വാങ്ങി നൽകേണ്ടത് ആരുടെ ചുമതലയാണ്;കൃത്യമായ രീതിയിൽ ഇത് വാങ്ങി നൽകുവാൻ കഴിഞ്ഞിട്ടുണ്ടോ;ഇല്ലെങ്കിൽ എന്തുകൊണ്ടെന്നറിയിക്കാമോ;

(ഡി) അട്ടപ്പാടിയിൽ പല പദ്ധതികളിലായി കോടിക്കണക്കിന് രൂപ മുടക്കിയിട്ടും പട്ടിണിയും ദാരിദ്ര്യവും യാതൊരു മാറ്റവുമില്ലാതെ തുടരുന്ന സാഹചര്യം എന്തുകൊണ്ടാണ് ഉണ്ടായതെന്നതിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തുമോയെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) അട്ടപ്പാടിയിൽ പോഷകാഹാരക്കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സമൂഹ അടുക്കള. സമൂഹ അടുക്കളയ്ക്ക് ആവശ്യമായ ഫണ്ട് പട്ടികവർഗ്ഗ വികസന വകുപ്പും സാമൂഹ്യനീതി വകുപ്പും സംയുക്തമായാണ് നൽകുന്നത്. ടി പദ്ധതി 2013 സെപ്റ്റംബർ 7-ാം തീയതി മുതൽ അട്ടപ്പാടി ഐ.സി.ഡി.എസ്. പ്രോജക്ടിന് കീഴിൽ അങ്കണവാടികളിലായി ആരംഭിച്ചു. ഐ.സി.ഡി.എസ്. ഗുണഭോക്താക്കൾക്ക് പുറമേ ഭിന്നശേഷിയുള്ളവർക്കും കിടപ്പിലായവർക്കും വൃദ്ധർക്കുമായി ഈ പദ്ധതി വിപുലീകരിച്ചു. സമൂഹ അടുക്കളയുടെ സുഗമമായ നടത്തിപ്പിലേക്കായി, പദ്ധതിയുടെ പൂർണ്ണ ചുമതല കുടുംബശ്രീ മിഷനെ ഏൽപ്പിച്ച് ഉത്തരവായിരുന്നു. 2014-15 വർഷം മുതൽ കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 53 എണ്ണമാണ് പ്രവർത്തിച്ചിരുന്നത്. ഈ സർക്കാർ ഈ പദ്ധതി 189 ഊരുകളിലേക്ക് വ്യാപിപ്പിക്കുകയുണ്ടായി. ഇപ്പോൾ അട്ടപ്പാടിയിലെ 193 കേന്ദ്രങ്ങളിൽ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കിടപ്പുരോഗികൾ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, കൗമാരപ്രായക്കാർ, വയോജനങ്ങൾ, വിധവകൾ, ആറ് വയസ്സ് വരെയുള്ള കുട്ടികൾ എന്നിവരാണ് കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയുടെ ഗുണഭോക്താക്കൾ.

(ബി) അട്ടപ്പാടിയിലെ പുതൂർ, അഗളി, ഷോളയൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ 192 ഊരുകളിൽ 189 ഊരുകളിലാണ് കമ്മ്യൂണിറ്റി കിച്ചൺ പരിപാടി നടപ്പിലാക്കിവരുന്നത്.

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | ആകെ ഊരുകളുടെ എണ്ണം | കമ്മ്യൂണിറ്റി കിച്ചൺ നടപ്പിലാക്കുന്ന ഊരുകളുടെ എണ്ണം | കമ്മ്യൂണിറ്റി കിച്ചൺ നടപ്പിലാക്കുന്ന സെന്ററുകളുടെ എണ്ണം |
|---|---|---|---|---|
| 1 | അഗളി | 74 | 73 | 74 |
| 2 | ഷോളയൂർ | 52 | 51 | 52 |
| 3 | പുതൂർ | 47 | 46 | 48 |
| 4 | കുറുംബ ഊരുകൾ | 19 | 19 | 19 |
| | ആകെ | 192 | 189 | 193 |

(സി) ഊരുസമിതിയുടെ നേതൃത്വത്തിലാണ് സമൂഹ അടുക്കളകൾ പ്രവർത്തിക്കുന്നത്. ഊര് സമിതിയുടെകീഴിലുള്ള കുടുംബശ്രീകൾ ഓരോരുത്തരും ഓരോ മാസവും മാറിമാറി നടത്തിപ്പ് ചുമതല വഹിക്കുന്നു. അയൽക്കൂട്ടങ്ങൾ സിവിൽ സപ്ലൈസ് - മാവേലി സ്റ്റോറുകളിൽനിന്നും പലവ്യഞ്ജന സാധനങ്ങളും പച്ചക്കറികളും വിറകും വാങ്ങി ഭക്ഷണം പാകംചെയ്ത് വിതരണം ചെയ്യുന്നു. ഭക്ഷണത്തിന്റെ മെനു തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും അയൽക്കൂട്ടങ്ങൾ തന്നെയാണ്. കമ്മ്യൂണിറ്റി കിച്ചണുകളുടെ വിലയിരുത്തലിന്റെ ചുമതല അതത് ഊരുസമിതി(എ.ഡി.എസ്.)കൾക്കാണ്. പച്ചക്കറികൾ ലഭ്യമാകുന്ന സമയത്ത് അയൽക്കൂട്ടങ്ങൾ നേരിട്ട് കണ്ടെത്തുകയും അല്ലാത്ത സമയങ്ങളിൽ പൊതു കടകളിൽനിന്നും ഊരുകളിലെ കുടുംബശ്രീ ആനിമേറ്റർ, ഊരുസമിതി (സ്പെഷ്യൽ എ.ഡി.എസ്.) അംഗങ്ങൾ, അയൽക്കൂട്ടത്തിലെ ഭക്ഷണം പാകം ചെയ്യുന്ന അംഗങ്ങൾ എന്നിവർ വാങ്ങുകയുമാണ് ചെയ്യുന്നത്. ഇതിനാവശ്യമായ അരിയും ചെറുധാന്യങ്ങളും കറിക്കൂട്ടുകളും അയൽക്കൂട്ടം സപ്ലൈകോയിൽനിന്നും ഇന്റെൻഡ് നൽകിവാങ്ങുന്നു. ഭക്ഷ്യധാന്യങ്ങൾ കൃത്യമായ രീതിയിൽ വാങ്ങുന്നുണ്ട്.

(ഡി) അട്ടപ്പാടിയിൽ പട്ടിണിയും ദാരിദ്ര്യവും മാറ്റമില്ലാതെ തുടരുന്നു എന്നത് വസ്തുതയല്ല. പട്ടികവർഗ്ഗ വികസന വകുപ്പ്, പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിൽ വിദ്യാഭ്യാസം, ആരോഗ്യം, ജീവനോപാധി പ്രവർത്തനങ്ങൾ, ഭവനം, ഭക്ഷണ സഹായ പദ്ധതി, അടിസ്ഥാന സൗകര്യ വികസനം മുതലായ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ ഗണ്യമായ രീതിയിൽ പുരോഗതി ഉണ്ടായിട്ടുണ്ട്.

### എക്സൈസ് ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്താൻ നടപടി

24 (*234) ശ്രീ. വി. ജോയി:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. കെ. ദാസൻ:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ ആധുനീകരണത്തിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) മദ്യം, മയക്കുമരുന്ന്, പുകയില ഉല്പന്നങ്ങൾ എന്നിവയുടെ അയൽ സംസ്ഥാനങ്ങൾ വഴിയുള്ള കടത്ത് അവസാനിപ്പിക്കുന്നതിനായി ചെക്ക്പോസ്റ്റുകൾ ശക്തിപ്പെടുത്താൻ കൈക്കൊണ്ട നടപടികൾ അറിയിക്കാമോ;

(സി) എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്താൻ സാധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) :

(എ) 7 ഡിവിഷൻ ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുകയും 138 റെയ്ഞ്ച് ഓഫീസുകൾ കമ്പ്യൂട്ടർവത്കരിക്കുന്നതിലേക്കായി കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രധാനപ്പെട്ട 10 ചെക്ക് പോസ്റ്റുകൾ കമ്പ്യൂട്ടർവത്കരിച്ചു. ക്രൈം & ക്രിമിനൽ ട്രാക്കിംഗ് സോഫ്റ്റ്‌വെയർ സ്ഥാപിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. 7 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ ശീതീകരിച്ച കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിച്ചിട്ടുണ്ട്. വനിതാ കുറ്റവാളികളെ നിരീക്ഷിക്കുന്നതിനായും കുറ്റകൃത്യങ്ങൾ തടയുന്നതിനായും വനിതാ പട്രോളിംഗ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിൽ കാലതാമസം കൂടാതെ സാമ്പിൾ ശേഖരിച്ച് ഫലം നൽകുന്നതിലേക്കായി മൂന്ന് മേഖലകളിലുമായി ഓരോ മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബുകൾ രൂപീകരിച്ചു. വകുപ്പിൽനിന്നും നൽകിവരുന്ന 17 സേവനങ്ങൾക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേക്കായി 12 പുതിയ വാഹനങ്ങൾ വിതരണം ചെയ്തു. എക്സൈസ് വകുപ്പിന്റെ ആധുനികവത്കരണത്തിനായി 14 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തി, 25 ചെക്ക് പോസ്റ്റുകളിൽ സോളാർ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നിയമവിരുദ്ധവും നിരോധിക്കപ്പെട്ടതുമായ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയും മയക്കുമരുന്നിന്റെ ഉപഭോഗവും വിതരണവും തടയുന്നതിന് ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു.

(സി) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലേക്കായി ചുവടെപ്പറയും പ്രകാരം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | |
|---|---|
| എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ | 8 |
| എക്സൈസ് ഇൻസ്പെക്ടർ | 6 |
| പ്രിവന്റീവ് ഓഫീസർ | 16 |
| സിവിൽ എക്സൈസ് ഓഫീസർ | 64 |
| വനിത സിവിൽ എക്സൈസ് ഓഫീസർ | 138 |
| ഡ്രൈവർ | 8 |
| ജൂനിയർ സയന്റിഫിക് ഓഫീസർ | 1 |
| ലാബ് അസിസ്റ്റന്റ് | 1 |
| പി.റ്റി.എസ്. | 2 |
| **ആകെ** | **244** |

ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലേക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. വഴി 675 നിയമനങ്ങളും എംപ്ലോയമെന്റ് എക്സ്ചേഞ്ച് വഴി 13 നിയമനങ്ങളും നടത്തിയിട്ടുണ്ട്. നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിനായി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ

25 (*235) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്രവർഗ്ഗങ്ങളുടെ ആരോഗ്യം, വിദ്യാഭ്യാസം, ജീവിതോപാധി, ഭക്ഷണം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി തയ്യാറാക്കുവാൻ കേന്ദ്രസർക്കാർ സംസ്ഥാനത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാർ പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതികളെന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിലൂടെ പ്രാക്തന ഗോത്രവർഗ്ഗങ്ങളുടെ ആരോഗ്യം, വിദ്യാഭ്യാസം, ജീവനോപാധി, ഭക്ഷണം എന്നീ രംഗങ്ങളിൽ ഉണ്ടായിട്ടുള്ള നേട്ടം വിശദമാക്കുമോ;

(ഇ) അനുവദിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സംസ്ഥാന സർക്കാർ കേന്ദ്രത്തിന് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) വിനിയോഗ സർട്ടിഫിക്കറ്റ് നൽകാത്തതുമൂലം ഈ വിഭാഗത്തിന് അനുവദിച്ച കേന്ദ്ര ഫണ്ട് ലഭ്യമാകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) 2011-12-ൽ സംസ്ഥാന സർക്കാർ നൽകിയ പ്രോജക്ട് പ്രൊപ്പോസൽ അംഗീകരിച്ച് പദ്ധതി നിർവ്വഹണം 2015-16 വരെ നടപ്പിലാക്കിയിരുന്നു.

(ബി) 2011-12-ൽ പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനും സമഗ്ര പുരോഗതിക്കുംവേണ്ടി 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയായ 148 കോടി രൂപ ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ള പി.വി.ടി.ജി. പ്രോജക്ടിനായി (2011-2016) 133.20 കോടി രൂപ കേന്ദ്ര ധനസഹായവും 7.83 കോടി രൂപ സംസ്ഥാന സഹായവും ഉൾപ്പെടെ ആകെ 141.03 കോടി രൂപ ലഭിച്ചിരുന്നു. കൂടാതെ ടി വിഭാഗത്തിന്റെ ഉന്നമനത്തിനായി കേന്ദ്ര സർക്കാരിന്റെ 100 ശതമാനം ധനസഹായത്തിൽ ഉൾപ്പെടുത്തി പി.വി.ടി.ജി. പ്രോജക്ടിന്റെ ഭാഗമായി നടപ്പിൽ വരുത്തിയ സി.സി.ഡി. (കൺസർവേഷൻ-കം-ഡെവലപ്മെന്റ്) പദ്ധതിക്കായി 12.10 കോടി രൂപയും ലഭിച്ചിരുന്നു.

(സി) പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതിയെന്ന നിലയിൽ 2108 വീടുകളുടെ നിർമ്മാണം, ഭക്ഷ്യ സുരക്ഷ, റോഡ് നിർമ്മാണം, കുടിവെള്ള പദ്ധതികൾ, മണ്ണ് ജലസംരക്ഷണം, കോളനികളുടെ വൈദ്യുതീകരണം, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, പ്രത്യേക അങ്കണവാടികൾ, പെരിപ്പതറ്റിക് സെന്ററുകൾ തുടങ്ങിയവയാണ് പി.വി.ടി.ജി. പ്രോജക്ടിനായുള്ള ഫണ്ട് ഉപയോഗിച്ച് നടപ്പിൽവരുത്തിയിട്ടുള്ള പദ്ധതികൾ. ഇതോടൊപ്പം സി.സി.ഡി. പ്രോജക്ടിന് കീഴിൽ വീട് നിർമ്മാണം, ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ള പദ്ധതി, കാർഷിക ജീവനോപാധി തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) പി.വി.ടി.ജി. പദ്ധതിയിലൂടെ 7 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ സേവനം, ഏകാദ്ധ്യാപക സ്കൂളുകളിലൂടെ പി.വി.ടി.ജി. വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ അടിസ്ഥാന വിദ്യാഭ്യാസം, ഹെൽത്ത് വോളണ്ടിയർമാർ മുഖേന അവശ്യ മരുന്നുകളുടെ വിതരണം, പ്രൈമറി ഹെൽത്ത് സെന്ററുകളുടെ സഹായത്തോടെ 611 കോളനികളിൽ 2134 മെഡിക്കൽ ക്യാമ്പുകളുടെ സംഘാടനം തുടങ്ങിയവ ആരോഗ്യ വിദ്യാഭ്യാസ മേഖലയിലെ പ്രധാന നേട്ടങ്ങളാണ്. ഗോത്ര വിഭാഗങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്തുന്നതിനായും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായും നിശ്ചിത അളവിൽ ഭക്ഷ്യധാന്യങ്ങളും മറ്റും വിതരണം നടത്താൻ കഴിഞ്ഞുവെന്നതാണ് പദ്ധതിയുടെ മറ്റൊരു നേട്ടം. ഈ സ്കീമുകളിലൂടെയെല്ലാം സംസ്ഥാനത്തെ പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ട 8101 കുടുംബങ്ങൾക്ക് നേരിട്ട് പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ഇ&എഫ്) അനുവദിച്ച തുകകൾ പൂർണ്ണമായും ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**റബ്ബർ ഉപയോഗിച്ച് തടയണ നിർമ്മാണം**

26 (*236) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:
ശ്രീ. എം. ഉമ്മർ:
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ ഉപയോഗിച്ചുള്ള തടയണകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം ജലസേചന വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇതിനാവശ്യമായ സാങ്കേതികവിദ്യയും മറ്റ് വിവരങ്ങളും ജലസേചന വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(സി) വരൾച്ച നേരിടുന്നതിനും റബ്ബർ കർഷകരെ സഹായിക്കുന്നതിനും ഇത്തരം ചെക്ക് ഡാമുകൾ നിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) റബ്ബർ ഉപയോഗിച്ചുള്ള തടയണകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം ദുരന്ത നിവാരണ വകുപ്പ് പരിഗണിച്ച് വന്നിരുന്നതും തുടർനടപടികൾക്കായി ജലവിഭവ വകുപ്പിന് 16-2-2013-ൽ ഫയൽ കൈമാറിയിട്ടുള്ളതുമാണ്.

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള സാങ്കേതിക സഹായത്തിന് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഇന്ത്യൻ റബ്ബർ മാനുഫാക്ചറിംഗ് റിസർച്ച് അസോസിയേഷനുമായി (ഐ.ആർ.എം.ആർ.എ.) ദുരന്ത നിവാരണ വകുപ്പ് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(സി) തുടർനടപടികൾ പരിഗണനയിലാണ്.

**ക്ഷീര സഹകരണ സംഘങ്ങളുടെ ആധുനികവത്കരണം**

27 (*237) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. സി. ദിവാകരൻ :
ശ്രീ .ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ക്ഷീര സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ക്ഷീര സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവല്ക്കരണത്തിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പാൽ വില ചാർട്ട് നവീകരിച്ചപ്പോൾ ക്ഷീര സംഘങ്ങളുടെ മാർജിൻ വർദ്ധിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ക്ഷീരസംഘം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ക്ഷീര സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനായി കർഷകർ ഉത്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിച്ച് ന്യായമായ വില ലഭ്യമാക്കുകയും ക്ഷീര സഹകരണ സംഘങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയവ രൂപീകരിച്ചും നിലവിലുള്ളവയുടെ പ്രവർത്തനം വിപുലീകരിച്ചും ക്ഷീര സഹകരണ സംഘങ്ങളുടെ ശൃംഖല ശക്തിപ്പെടുത്തുന്നതിനും വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

മിൽമയുടെ മേഖല യൂണിയനുകൾ സംഘങ്ങൾക്ക് കമ്പ്യൂട്ടർവത്കരണം, ആട്ടോമാറ്റിക് മിൽക് കളക്ഷൻ യൂണിറ്റുകൾ, കെട്ടിടനിർമ്മാണം, ബൾക്ക് മിൽക്

കൂളിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, കർഷകർക്ക് ആട്ടോമാറ്റിക് ഡ്രിങ്കിംഗ് ബൗളുകൾ നൽകൽ, യന്ത്രവൽകൃത കറവയന്ത്രങ്ങൾ നൽകൽ, പ്രവർത്തന ഫണ്ടിനായി ധനസഹായം എന്നിവ നൽകിവരുന്നുണ്ട്. ക്ഷീര സംഘങ്ങളെയും ഡയറികളെയും ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്ക്, പാൽ സൊസൈറ്റികളിലെ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ എന്നീ മേഖലകളിൽ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ക്ഷീര സംഘങ്ങളുടെ ആധുനികവത്കരണം, ആട്ടോമേഷൻ എന്നിവയ്ക്കായി 2017-18-ൽ 25.85 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ക്ഷീരസംഘങ്ങൾക്ക് പാൽ സംഭരണമുറി, ഗോഡൗൺ, ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ, ഓട്ടോമാറ്റിക് മിൽക് കളക്ഷൻ യൂണിറ്റ്, ഇൻഫർമേഷൻ കിയോസ്ക്, ക്ഷീര സംഘങ്ങളിൽ ഭക്ഷ്യ സുരക്ഷാ നിയമം അനുശാസിക്കുന്ന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ധനസഹായം, പുതിയ സംഘം രൂപീകരണം, പുനരുദ്ധാരണം, ഭക്ഷ്യ സുരക്ഷാ നിയമത്തിന് അനുസൃതമായ പരിശീലന പരിപാടികൾ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് പ്രധാനമായും ഈ തുക വിനിയോഗിക്കുന്നത്.

(സി) ക്ഷീര സഹകരണ സംഘങ്ങളിൽ കർഷകർ അളക്കുന്ന പാലിന് അതിൽ അടങ്ങിയിരിക്കുന്ന കൊഴുപ്പിന്റെയും കൊഴുപ്പിതര ഖരപദാർത്ഥങ്ങളുടെയും അടിസ്ഥാനത്തിൽ (ദ്വിമുഖ വില സമ്പ്രദായം) ആണ് വില നിശ്ചയിക്കുന്നത്. 2017 ഫെബ്രുവരി 11-ാം തീയതി പാൽവില ചാർട്ട് പരിഷ്കരിച്ചപ്പോൾ മിൽമ വിൽക്കുന്ന പാലിന് ലിറ്ററിന് 4 രൂപ വർദ്ധിപ്പിച്ചു. വർദ്ധനയ്ക്ക് മുമ്പ് 3.5% കൊഴുപ്പും 8.5% കൊഴുപ്പിതര ഖര പദാർത്ഥങ്ങളുള്ള (SNF) പാലിന് ലിറ്ററിന് 29.37 രൂപ വില കർഷകന് ലഭിച്ചിരുന്നു. വില വർദ്ധനയ്ക്കുശേഷം ഇതേ ഗുണനിലവാരമുള്ള പാലിന് 33.04 രൂപ വില ലഭിക്കും. കർഷകന് 3.67 രൂപയുടെ വില അധികമായി ലഭിക്കും. അതായത് 91.75 ശതമാനവും കർഷകർക്ക് ലഭിക്കുംവിധമാണ് പാൽവില പരിഷ്കരിച്ചത്.

(ഡി) 1-1-2014 പ്രാബല്യത്തിൽ 4-1-2016-ന് സംസ്ഥാനത്തെ ക്ഷീര സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും പരിഷ്കരിച്ചിട്ടുണ്ട്. 14-1-2016 മുതൽ ക്ഷീര സഹകരണ സംഘം ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുകയുണ്ടായി.

**വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടി**

28 (*238) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എം. സ്വരാജ് :
ശ്രീ. എം. നൗഷാദ് :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പകുതിയിലധികം ജനങ്ങൾക്ക് പൈപ്പ് ലൈനിലൂടെ കുടിവെള്ളമെത്തിക്കുന്ന കേരള വാട്ടർ അതോറിറ്റി കുടിവെള്ളം വിതരണം ചെയ്യുന്നതിലൂടെയുള്ള വരവും പ്രവർത്തന ചെലവും തമ്മിലുള്ള വിടവ് കുറയ്ക്കാനായി എന്ത് മാർഗ്ഗമാണ് സ്വീകരിക്കുന്നത്;

(ബി) നിലവിലുള്ള വൻകുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുവാൻ നടപടിയെടുക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റിയെ സാമ്പത്തികമായും സ്ഥാപനപരമായും ശാക്തീകരിച്ച് എല്ലാ വീടുകളിലും കുടിവെള്ളം എന്ന ലക്ഷ്യസാക്ഷാൽക്കാരത്തിന് ഉള്ള പരിപാടി എന്താണ്; വിശദമാക്കാമോ;

(ഡി) ജലചോർച്ച തടയാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) കേരള വാട്ടർ അതോറിറ്റി കുടിവെള്ളം വിതരണം ചെയ്യുന്നതിലൂടെയുള്ള വരവും പ്രവർത്തനച്ചെലവും തമ്മിലുള്ള വിടവ് കുറയ്ക്കുന്നതിന് റവന്യൂ വർദ്ധിപ്പിക്കുവാൻവേണ്ടി കൃത്യമായ ബില്ലിംഗും കളക്ഷനും നടത്തുന്നു. കാർഷിക, ഗാർഹികേതര കണക്ഷനുകളിൽ കുടിശ്ശിക വരുത്തിയവരുടെ കണക്ഷനുകൾ ഡിസ്കണക്ട് ചെയ്ത് റവന്യൂ റിക്കവറി നടത്തി കുടിശ്ശിക ഈടാക്കിയും ഗവൺമെന്റ് സ്ഥാപനങ്ങളുടെ വെള്ളക്കരം കുടിശ്ശിക സർചാർജ് ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ പിഴപ്പലിശ ഇളവും വരുത്തി അടപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാറ്റിസ്ഥാപിച്ച് ജലചോർച്ച കുറയ്ക്കുവാനും അതുവഴി റവന്യൂ നഷ്ടം ഒഴിവാക്കുവാനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കാലപ്പഴക്കത്താൽ കാര്യക്ഷമത കുറഞ്ഞ മോട്ടോറുകളും പമ്പുസെറ്റുകളും മാറ്റിസ്ഥാപിച്ച് കാര്യക്ഷമത വർദ്ധപ്പിച്ച് വരുമാന വർദ്ധനവ് പ്രതീക്ഷിക്കുന്നു. ജലത്തിന്റെ ദുരുപയോഗം പമാവധി കുറയ്ക്കുന്നതിന് കേടായ മീറ്ററുകൾ മാറ്റിസ്ഥാപിച്ച് ഉപയോഗത്തിനനുസരിച്ച് ബില്ലിംഗ് നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) എടുക്കുന്നതാണ്.

(സി) 2016-17 ബജറ്റ് പ്രഖ്യാപനം അനുസരിച്ച് വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമായി മാറ്റുകയും ചെയ്തു.

എല്ലാവർഷവും പുതിയ 2 ലക്ഷം വാട്ടർ കണക്ഷനുകൾ നൽകുവാനാണ് വാട്ടർ അതോറിറ്റി ലക്ഷ്യമിടുന്നത്. ഇതുവഴി വരുമാന വർദ്ധനവ് ഉദ്ദേശിക്കുന്നു.

വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയും ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥകൾ നൽകിയും വരുമാനം വർദ്ധിപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ 2016-17 സാമ്പത്തിക വർഷം മുൻ വർഷത്തെക്കാൾ 67 കോടി രൂപ വെള്ളക്കരം ഇനത്തിൽ അധികമായി പിരിച്ചെടുത്തു.

പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജലവിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനുംവേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുവേണ്ടി കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ വിവിധ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ജലചോർച്ച മൂലമുണ്ടാകുന്ന നഷ്ടം കുറച്ച് വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. ഇവയൊക്കെയാണ് കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക ശാക്തീകരണത്തിനായി സ്വീകരിക്കുന്ന നടപടികൾ.

(ഡി) പൈപ്പ്ലൈനുകളിലുണ്ടാകുന്ന ലീക്കുകൾ സമയബന്ധിതമായി പരിഹരിക്കാൻ ബ്ലൂബ്രിഗേഡ് സംവിധാനം ജില്ലാ ആസ്ഥാനങ്ങളിലും പ്രധാന പദ്ധതികളിലും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ പൈപ്പ്ലൈൻ ചോർച്ചയും മറ്റ് പരാതികളും സമയബന്ധിതമായി പരിഹരിക്കാൻ 24x7 അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു കേന്ദ്രീകൃത കൺട്രോൾ റൂം ഹെഡ് ഓഫീസിൽ പ്രവർത്തിക്കുന്നു. ബജറ്റ് വിഹിതത്തിലൂടെയും ജനപ്രതിനിധികളുടെ പ്രാദേശിക വികസന ഫണ്ടിലൂടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തികളിലൂടെയും കാലഹരണപ്പെട്ട പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കാറുണ്ട്. ജലചോർച്ച തടയുന്നതിനായി പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പൈപ്പുകളുടെ ചോർച്ച പരിഹരിച്ചുവരുന്നു.

**ആദിവാസികൾക്ക് ഭക്ഷണം നൽകാൻ പദ്ധതി**

29 (*239) ശ്രീ. കെ. എം. ഷാജി:

ഡോ. എം. കെ. മുനീർ:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിൽ ദാരിദ്ര്യവും പട്ടിണിയും നിലനിൽക്കുന്ന എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആദിവാസികളുടെ സംരക്ഷണത്തിനും ഭക്ഷണത്തിനുമായി മുൻസർക്കാർ നടപ്പിലാക്കിയ സാമൂഹിക അടുക്കള പദ്ധതി നിലവിലുണ്ടോ;

(സി) മൂന്നുനേരവും ഊരുകളിൽ ഭക്ഷണം നൽകുന്ന പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആദിവാസി മേഖലകളിൽ വ്യാപകമായി ദാരിദ്ര്യവും പട്ടിണിയും നിലനിൽക്കുന്നു എന്ന് പറയുന്നത് ശരിയല്ല.

(ബി) അട്ടപ്പാടി മേഖലയിലുണ്ടായ നവജാത ശിശു മരണങ്ങളുടെ പശ്ചാത്തലത്തിൽ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി ആരംഭിച്ച ഒരു പദ്ധതിയാണ് കമ്മ്യൂണിറ്റി കിച്ചൻ. അട്ടപ്പാടിയിലെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി 2013 സെപ്റ്റംബർ 7-ാം തീയതി മുതൽ അട്ടപ്പാടി ഐ.സി.ഡി.എസ്. പ്രോജക്റ്റിനുകീഴിൽ അങ്കണവാടികളിലായി ആരംഭിച്ചു. ഐ.സി.ഡി.എസ്. ഗുണഭോക്താക്കൾക്കുപുറമേ ഭിന്നശേഷിയുള്ളവർക്കും കിടപ്പിലായവർക്കും വൃദ്ധർക്കുമായി ഈ പദ്ധതി വിപുലീകരിച്ചു നടപ്പിലാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 53 എണ്ണമാണ് പ്രവർത്തിച്ചിരുന്നത്. ഈ സർക്കാർ 189 ഊരുകളിലേക്ക് വ്യാപിപ്പിക്കുകയുണ്ടായി. ഇപ്പോൾ അട്ടപ്പാടിയിലെ 193 കേന്ദ്രങ്ങളിൽ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) നിലവിൽ അട്ടപ്പാടിക്ക് പുറമെ വയനാടിലെ പട്ടികവർഗ്ഗ മേഖലകളിൽ കമ്മ്യൂണിറ്റി കിച്ചൻ പരിപാടി വ്യാപിപ്പിക്കുന്നുണ്ട്.

## പട്ടികജാതി പെൺകുട്ടികൾക്കായി 'വാത്സല്യനിധി' പദ്ധതി

30 (*240) ശ്രീ. കെ. കുഞ്ഞിരാമൻ :

ശ്രീ. ബി. സത്യൻ :

ശ്രീമതി യു. പ്രതിഭ ഹരി :

ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി 'വാത്സല്യനിധി' പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഇതിൻപ്രകാരം ഗുണഭോക്താവിന് എത്ര രൂപയാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(സി) പെൺകുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യരക്ഷ എന്നിവയ്ക്കായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതിക്കായി 2018-19 ലെ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഉണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത മാതാപിതാക്കളുടെ 1-4-2017 മുതൽ ജനിക്കുന്ന പെൺകുട്ടികൾക്കാണ് വാത്സല്യനിധി എന്ന ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക.

നാലു ഗഡുക്കളായി താഴെ പറയുന്ന ഘട്ടങ്ങളിൽ 1,38,000 രൂപ പ്രീമിയം അടയ്ക്കും.

| ഘട്ടങ്ങൾ | തുക |
|---|---|
| പെൺകുട്ടി ജനിച്ച് 9 മാസത്തിൽ അധികരിക്കാത്തത് | ആദ്യ ഗഡു 39,000 |
| 5 വയസ് പൂർത്തിയായതും പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയതും | രണ്ടാം ഗഡു 36,000 |

| | |
|---|---|
| 10 വയസ് പൂർത്തിയായതും 5-ാം തരം പ്രവേശനം നേടിയതും | മൂന്നാം ഗഡു 33,000 |
| 15 വയസ് പൂർത്തിയായതും 10-ാം തരം പാസ്സായതും | നാലാം ഗഡു 30,000 |

ഇതിൻപ്രകാരം പെൺകുട്ടിക്ക് 18 വയസ് പൂർത്തിയാകുമ്പോൾ 3,00,000 രൂപയോ അതിൽക്കൂടുതലോ രൂപ ലഭിക്കും. രക്ഷിതാക്കൾക്കും ഒരു സഹോദരനും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. കുടുംബത്തിലെ വരുമാനദായകനായ വ്യക്തിയുടെ മരണത്തിന് 2 ലക്ഷം രൂപയും അപകട മരണമാണെങ്കിൽ 4 ലക്ഷം രൂപയും ലഭിക്കും.

(സി) ടി പദ്ധതിപ്രകാരം ആദ്യഗഡുവായ 39,000 രൂപ നിക്ഷേപിക്കുന്നത് പെൺകുട്ടി ജനിച്ച് 9 മാസം അധികരിക്കാത്ത കാലയളവിലാണ്. നിർബന്ധിത പ്രതിരോധ വാക്സിനേഷനുകൾ എടുത്തിരിക്കുകയും വേണം. ഇതിലൂടെ കുട്ടിയുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നു. തുടർന്ന് രണ്ടാം ഗഡു 36,000 രൂപ 5 വയസ് പൂർത്തിയാകുകയും പ്രൈമറി സ്കൂളിൽ പ്രവേശനം നേടുകയുംചെയ്ത കുട്ടികൾക്ക്, മൂന്നാം ഗഡു 33,000 രൂപ 10 വയസ് പൂർത്തിയായതും 5-ാം തരം പ്രവേശനം നേടിയതും ആയ കുട്ടികൾക്ക്, 4-ാം ഗഡു 30,000 രൂപ 15 വയസ് പൂർത്തിയായതും 10-ാം തരം പാസ്സായതുമായ കുട്ടികൾക്കാണ്. ഇതിലൂടെ പെൺകുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിയും ഉറപ്പുവരുത്തുന്നു.

(ഡി) 2018-19 സാമ്പത്തിക വർഷം 'വാത്സല്യനിധി' പദ്ധതിക്കായി 11 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ചികിത്സാ ധനസഹായത്തിനായുള്ള നടപടിക്രമങ്ങൾ

1 (2186) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ചികിത്സാ ധനസഹായത്തിനായുള്ള നടപടിക്രമങ്ങൾ ഓൺലൈൻ രീതിയിലേക്ക് മാറ്റിയതുമൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിനും ഓൺലൈൻ ആയി അപ്‍ലോഡ് ചെയ്യുന്നതിനുമുള്ള സാങ്കേതിക ക്രമീകരണങ്ങൾ ബ്ലോക്ക് പട്ടികജാതി ഓഫീസുകളിൽ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) അക്ഷയ സെന്ററുകൾ ഈ അപേക്ഷകൾ ഓൺലൈനായി അപ്‍ലോഡ് ചെയ്യുന്നതിന് വൻതുക ഫീസ് ഈടാക്കുന്നതുമൂലം പാവപ്പെട്ട പട്ടികജാതിക്കാർ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) എം.എൽ.എ.-മാർ മുഖേന നൽകുന്ന അപേക്ഷകൾ സെക്രട്ടേറിയറ്റിൽത്തന്നെ ഓൺലൈനായി പ്രോസസ്സ് ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഓൺലൈനായി ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നത് സംബന്ധിച്ച ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ ഓൺലൈൻ പദ്ധതി നടപ്പാക്കിത്തുടങ്ങിയിട്ടില്ല.

(ബി) ഇല്ല. നിലവിൽ അക്ഷയ കേന്ദ്രങ്ങളിൽനിന്നും സൗജന്യമായും, വ്യക്തികൾക്ക് സ്വന്തം ചെലവിൽ online-ആയും t-grants അപേക്ഷകൾ നൽകാവുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അക്ഷയ കേന്ദ്രങ്ങളിൽ വൻതുക ഇക്കാര്യത്തിൽ ഈടാക്കുന്നില്ല. സേവനം സൗജന്യമാണ്.

(ഡി) നിലവിൽ പരിഗണനയിലില്ല. ചികിത്സാ ധനസഹായം അനുവദിക്കുന്നതിൽ കാലാകാലങ്ങളായി ഉണ്ടായ കാലതാമസം ഒഴിവാക്കാൻ നടപ്പിലാക്കിയ t-grants പദ്ധതിയിൽ പ്രസ്തുത ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നത് കാലവിളംബം നേരിടാൻ ഇടയാകും.

**പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനായി വകയിരുത്തിയ തുക**

2 (2187) ശ്രീ. എ . പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ പട്ടികവർഗ്ഗ വികസനത്തിനായി എന്ത് തുക വകയിരുത്തിയിരുന്നുവെന്നും അതിൽ എന്ത് തുക 2017 ഡിസംബർ 31 വരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) പട്ടികജാതി വികസനത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്ന തുക എത്രയാണ്; അതിൽ എന്ത് തുക 2017 ഡിസംബർ 31 വരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി വിഹിതം കാലേക്കൂട്ടി ചെലവഴിക്കുന്നതിനും അനുവദിച്ച തുക ലാപ്സ് ആകുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനും വകുപ്പിലുണ്ടാക്കിയിട്ടുള്ള സംവിധാനം എന്താണ്;

(ഡി) സംസ്ഥാനത്തെ കടുത്ത സാമ്പത്തിക പ്രതിസന്ധി പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും വിഘാതം സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വികസനത്തിനായി 2017-18 സാമ്പത്തിക വർഷം വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും (ഡിസംബർ 31 വരെ) ചുവടെ ചേർക്കുന്നു.

| വകുപ്പുകൾ | വകയിരുത്തിയ തുക (തുക കോടിയിൽ ) | ചെലവഴിച്ച തുക (തുക കോടിയിൽ ) |
|---|---|---|
| പട്ടികവർഗ്ഗ വികസന വകുപ്പ് | 583.64 | 229.39 |
| തദ്ദേശ സ്വയംഭരണ വകുപ്പ് | 176.02 | 52.29 |
| ഗ്രാമവികസന വകുപ്പ് | 75.99 | 7.99 |
| പി.ഡബ്ല്യൂ.ഡി | 48 | 8.61 |
| എൻ.ആർ.എൽ.എം. | 6.37 | 0 |
| കിർത്താഡ്സ് | 2.9 | 0.93 |
| ആകെ | 892.92 | 299.22 |

(ബി) പട്ടികജാതി വികസനത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതമായി സംസ്ഥാന പദ്ധതികൾക്കായി 1427.60 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 461.50 കോടി രൂപയും ഗ്രാന്റ്-ഇൻ-എയ്ഡായി എൽ.എസ്.ജി.ഡി.-ക്ക് 1172.05 കോടി രൂപയും വകയിരുത്തിയിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ഡിസംബർ 31 വരെ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന സംസ്ഥാനതല ക്ഷേമ പദ്ധതികൾക്കായി 515.22 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 175.43 കോടി രൂപയും തദ്ദേശയ സ്വയംഭരണ വകുപ്പുമുഖേന നടപ്പിലാക്കുന്ന എസ്.സി.പി. പദ്ധതികൾക്കായി 321.10 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) പട്ടികവർഗ്ഗക്കാർക്കായി ആവിഷ്കരിച്ച പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും ഫണ്ട് ലാപ്സാകാതിരിക്കുന്നതിനുംവേണ്ടി ഡയറക്ടറേറ്റ് തലത്തിൽ വീഡിയോ കോൺഫറൻസുകളും ഫീൽഡ് ഓഫീസർമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതി അവലോകന യോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട്. ഡയറക്ടറേറ്റിലെ നിയന്ത്രണോദ്യോഗസ്ഥർ ജില്ലാ ഓഫീസുകൾ സന്ദർശിച്ച് പദ്ധതി അവലോകനം നടത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ടും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും വിലയിരുത്തുന്നുണ്ട്.

ഇതിനുപുറമെ സംസ്ഥാനതലത്തിൽ മന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി വിലയിരുത്തി വരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ടി.എസ്.പി. ഫണ്ട് ലാപ്സാകാതിരിക്കാൻ ജില്ലാ ആസൂത്രണ സമിതി യോഗങ്ങളിൽ അവലോകനം നടത്താറുണ്ട്.

പട്ടികജാതി വിഭാഗത്തിലെ ക്ഷേമ പദ്ധതികൾക്കായി ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള തുക മുഴുവൻ ചെലവഴിക്കുന്നത് ഉറപ്പുവരുത്തുന്നതിനായി ഓരോ പദ്ധതിയുടെയും പുരോഗതി മാസംതോറും ജില്ലാ ഓഫീസർമാരുടെ മീറ്റിംഗിൽ അവലോകനം ചെയ്യുന്നു. കൂടാതെ ഡയറക്ടറേറ്റ് തലത്തിൽ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട ഏജൻസികളുടെ മീറ്റിംഗ് വിളിച്ച് പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ചും ടി പദ്ധതികളിൽവന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ മാറ്റിനൽകുന്നതിനും ആവശ്യമായ നടപടി കൈക്കൊള്ളുന്നു. വകുപ്പുമന്ത്രി ആഴ്ചതോറും ബന്ധപ്പെട്ട പദ്ധതികളുടെ റിവ്യൂമീറ്റിംഗ് നടത്തി പദ്ധതി പൂർത്തീകരണത്തിനായി നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പട്ടികവർഗ്ഗ ക്ഷേമ ഫണ്ട്**

3 (2188) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിൽ ആദിവാസി മേഖലയിലെ ജനങ്ങൾക്ക് ഉപകാരപ്രദമായി പട്ടികവർഗ്ഗക്ഷേമ ഫണ്ടുപയോഗിച്ച് കിടത്തിചികിത്സാ സൗകര്യത്തോടുകൂടിയ ഒരു ചികിത്സാ കേന്ദ്രം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അനുകൂല നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇക്കാര്യം ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

**'പഠനമുറി' സഹായപദ്ധതി നടപ്പിലാക്കൽ**

4 (2189) <u>ശ്രീ. എ. പി. അനിൽ കുമാർ:</u>

<u>ശ്രീ. ഹൈബി ഈഡൻ:</u>

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>

<u>ശ്രീ. അനിൽ അക്കര :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18- ൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച പഠനമുറി സഹായ പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഇതിനകം എത്ര പഠനമുറികൾ സ്ഥാപിക്കുവാൻ കഴിഞ്ഞുവെന്നും അതിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയൊന്നും വിശദമാക്കുമോ ;

(സി) ഒരു കിടപ്പുമുറി മാത്രമുള്ള വീടുകൾ, ഒന്നിൽ കൂടുതൽ ഹൈസ്കൂൾവിദ്യാർത്ഥികളുള്ള വീടുകൾ എന്ന മുൻഗണനാക്രമത്തിലാണോ പഠന മുറിക്കുള്ള അർഹരെ തെരെഞ്ഞെടുത്തതെന്ന് വ്യക്തമാക്കുമോ;

(ഡി) പഠന മുറി ലഭ്യമാക്കിയശേഷം കുട്ടികളുടെ പഠന നിലവാരത്തിലുണ്ടായ മാറ്റം പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പരിശോധിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) 30-12-2017-ലെ സ.ഉ.(പി) നം. 13/2017 പജ.പവ വിവ നമ്പർ ഉത്തരവ് പ്രകാരം പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പുവർഷം 5000 പഠനമുറി നിർമ്മിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന നടപടി അവസാനഘട്ടത്തിലാണ്. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ 1398 പേർക്ക് ഒന്നാം ഗഡു തുക വിതരണം ചെയ്യുന്നതിനായി 4,19,40,000 രൂപ അനുവദിച്ചിട്ടുണ്ട്.

പദ്ധതിപ്രകാരം നിലവിലുള്ള 600 sq. feet വരെയുള്ള വീടിനൊപ്പം 120 sq. feet റൂം നിർമ്മിക്കുന്നതിനും കോൺക്രീറ്റ് ചെയ്യുന്നതിനും പ്ലാസ്റ്ററിംഗ് നടത്തുന്നതിനും തറ ടൈൽ പാകുന്നതിനും വൈദ്യുതീകരിച്ച് ലൈറ്റ്, ഫാൻ

എന്നിവ സ്ഥാപിക്കുന്നതിനും പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഭിത്തി അലമാര സ്ഥാപിക്കുന്നതിനുമായി ഒരു യൂണിറ്റിന് 2,00,000 രൂപ ധനസഹായമായി നൽകുന്നു. ടി തുക നിശ്ചിത നാല് ഗഡുക്കളായി (15%, 30%, 40%, 15%) ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടുവഴി വിതരണം ചെയ്യുന്നു.

(സി) പദ്ധതിപ്രകാരം തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

- താഴ്ന്ന വരുമാനക്കാർ
- 10-ാം ക്ലാസ്സിൽ പഠിക്കുന്നവർ
- ഒരു കിടപ്പുമുറി മാത്രമുള്ള വീടുകൾ
- വിധവ/വിഭാര്യൻ ഉള്ള കുടുംബത്തിലെ കുട്ടികൾ
- മാരകമായ രോഗം ബാധിച്ചവരുള്ള കുടുംബങ്ങളിലെ കുട്ടികൾ
- കഴിഞ്ഞ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾ
- പെൺകുട്ടികൾ മാത്രമുള്ള കുടുംബം
- ദുർബല വിഭാഗങ്ങൾക്കും പ്രത്യേക പരിഗണന നിൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. 2017-18 വർഷം ആരംഭിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയിലൂടെ കുട്ടികളുടെ പഠന നിലവാരത്തിലുണ്ടാകുന്ന പുരോഗതി വിലയിരുത്തുന്നതാണ്.

**ഭൂമി വാങ്ങി നൽകുന്ന പദ്ധതി**

5 (2190) <u>ശ്രീ. ആർ. രാമചന്ദ്രൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം കരുനാഗപ്പള്ളി താലൂക്കിൽ എത്ര കുടുംബങ്ങൾക്ക് 2017-18 സാമ്പത്തിക വർഷത്തിൽ ഭൂമി വാങ്ങുന്നതിന് സഹായം ലഭിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം ഒരു കുടുംബത്തിന് പരമാവധി എത്ര രൂപ ധനസഹായം ലഭിക്കുമെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കുടുംബങ്ങൾക്ക് എങ്ങനെ മുൻഗണന നൽകുന്നുവെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി താലൂക്കിൽ ബ്ലോക്ക് പരിധിയിൽ 26 കുടുംബങ്ങൾക്കും മുനിസിപ്പാലിറ്റിയിൽ അഞ്ച് കുടുംബങ്ങൾക്കും 2017-18 സാമ്പത്തിക വർഷം ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ഈ പദ്ധതിപ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു കുടുംബത്തിന് പരമാവധി അഞ്ച് സെന്റിന് 3,75,000 രൂപ നിരക്കിലും മുനിസിപ്പാലിറ്റിയിൽ മൂന്ന് സെന്റിന് 4,50,000 രൂപ നിരക്കിലും കോർപ്പറേഷനിൽ ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപ നിരക്കിലും ധനസഹായം അനുവദിച്ചുവരുന്നു.

(സി) ഗ്രാമസഭാ ലിസ്റ്റ് അനുസരിച്ചുള്ള മുൻഗണനാക്രമത്തിലാണ് ധനസഹായം അനുവദിച്ച് നൽകുന്നത്. ഗ്രാമസഭാ ലിസ്റ്റ് ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ നേരിട്ട് അപേക്ഷ ക്ഷണിച്ച് നറുക്കെടുപ്പിലൂടെ ലിസ്റ്റ് തയ്യാറാക്കുന്നു.

**വിശപ്പ് രഹിത ആദിവാസി ഊരുകൾ**

6 (2191) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത ആദിവാസി ഊരുകൾ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി നിലവിലുള്ള പരിപാടികൾ വിശദമാക്കാമോ;

(ബി) അട്ടപ്പാടി ആദിവാസി ഊരുകളിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൻ പരിപാടിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(സി) ഈ പദ്ധതിയിലൂടെ ഓരോ ഊരിലും എത്ര ആദിവാസികൾക്ക് എത്രനേരം ഭക്ഷണം ലഭ്യമാക്കുന്നുവെന്നും 2016-17, 2017-18 വർഷങ്ങളിൽ ഇതിനായി എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ; ഇത് മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുമോ;

(ഡി) ഈ പദ്ധതിയുടെ നടത്തിപ്പിൽ ആദിവാസികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ നടത്തിയ ക്രമീകരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വിശപ്പുരഹിത ആദിവാസി ഊരുകൾ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി ഭൂരിപക്ഷം പട്ടികവർഗ്ഗക്കാർക്കും ബി.പി.എൽ. കാർഡ് ലഭ്യമാക്കിയിട്ടുണ്ട്. ഇതുമൂലം ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നു. പ്രതികൂല സാഹചര്യങ്ങളിൽ ഭക്ഷ്യദൗർഭല്യം ഉണ്ടാകാതിരിക്കാൻ മൺസൂൺകാലത്ത് ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ സഹായ പദ്ധതിയിലൂടെ ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നു. ഇതിനുപുറമേ ഓണക്കാലത്ത് ഭക്ഷ്യധാന്യങ്ങളടങ്ങിയ ഓണക്കിറ്റ് വിതരണം ചെയ്യുന്നു. പോഷകാഹാര കുറവ് അനുഭവപ്പെടുന്ന മേഖലകളിലും കിടപ്പുരോഗികൾക്കും പോഷകാഹാര കിറ്റുകൾ വിതരണം നടത്തുന്നുണ്ട്.

(ബി) അട്ടപ്പാടി മേഖലയിലുണ്ടായ നവജാത ശിശു മരണങ്ങളുടെ പശ്ചാത്തലത്തിൽ അട്ടപ്പാടിയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കിയ പദ്ധതിയാണ് സമൂഹ അടുക്കള. പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനോടൊപ്പം കൂട്ടായ്മ സൃഷ്ടിക്കാനും ഇതിലൂടെ സാധ്യമാകുന്നു. 2014-15 വർഷം മുതൽ കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കിവരുന്നു. സമൂഹ അടുക്കളയ്ക്ക് ആവശ്യമായ ഫണ്ട് പട്ടികവർഗ്ഗ വികസന വകുപ്പും സാമൂഹ്യ നീതിവകുപ്പും സംയുക്തമായാണ് നൽകുന്നത്. 2016 -17 സാമ്പത്തിക വർഷം 7.99 കോടി രൂപ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിക്കായി ചെലവഴിച്ചു. 2017-18 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 11,07,77,700 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി വഴി 172 ഊരുകളിലായി 15302 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചുവരുന്നു. നിലവിൽ 193 കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. ഒരാൾക്ക് ഒരു നേരം മുപ്പത് രൂപ എന്ന നിരക്കിൽ (130 ഗ്രാം ധാന്യം, 80 ഗ്രാം പയറുവർഗ്ഗങ്ങൾ, 5 ഗ്രാം എണ്ണ, 5 ഗ്രാം പലവ്യഞ്ജനങ്ങൾ, പച്ചക്കറികൾ, ഇലക്കറികൾ എന്നിവ ഉൾപ്പെടുത്തി) ഭക്ഷണം വിതരണം ചെയ്യുന്നു. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കിടപ്പുരോഗികൾ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, കൗമാരപ്രായക്കാർ, വയോജനങ്ങൾ, വിധവകൾ, ആറ് വയസ്സുവരെ പ്രായമുള്ള കുട്ടികൾ എന്നിവരാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കൾ. 2016-17 സാമ്പത്തിക വർഷം 7.99 കോടി രൂപ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിക്കായി ചെലവഴിച്ചു. 2017-18 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 11,07,77,700

രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി മറ്റ് ജില്ലകളിൽ വ്യാപിപ്പിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല.

(ഡി) പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തംകൂടി ഉറപ്പുവരുത്തിയാണ് കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കി വരുന്നത്. ഊര് സമിതിയുടെ നേതൃത്വത്തിലാണ് സമൂഹ അടുക്കളകൾ പ്രവർത്തിക്കുന്നത്. ഊര് സമിതിയുടെ കീഴിലുള്ള കുടുംബശ്രീകൾ ഓരോരുത്തരും ഓരോ മാസവും മാറിമാറി നടത്തിപ്പ് ചുമതല വഹിക്കുന്നു. പച്ചക്കറികൾ ഊരിൽ കൃഷി ചെയ്യുന്നതോ ആയത് ലഭ്യമാകാത്ത സമയങ്ങളിൽ തൊട്ടടുത്തുള്ള കടകളിൽനിന്നും വാങ്ങുന്നു. കൂടാതെ വിറക് കുടംബശ്രീ അംഗങ്ങൾ ശേഖരിച്ചുകൊണ്ടുവരികയും ചെയ്യുന്നു. ഇതിനാവശ്യമായ തുക പച്ചക്കറിക്ക് മൂന്ന് രൂപയും വിറകിന് രണ്ട് രൂപയും ഭക്ഷണം പാകം ചെയ്തു നൽകുന്നതിന് മൂന്ന് രൂപ വീതവും ഒരാൾക്ക് എന്ന നിലയിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് നൽകുന്നതാണ്. ഇതിനാവശ്യമായ അരിയും ചെറുധാന്യങ്ങളും കറിക്കൂട്ടുകളും അയൽക്കൂട്ടം സപ്ലൈകോയിൽ നിന്നും ഇന്റെൻഡ് നൽകി വാങ്ങുന്നു.

**ആദിവാസി ക്ഷേമത്തിനായി ചെലവഴിച്ച തുക**

7 (2192) <u>ശ്രീ. അബ്ദുൽ ഹമീദ്. പി. :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആദിവാസി ക്ഷേമത്തിനായി ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസി ക്ഷേമത്തിനായി കേന്ദ്രസർക്കാരിൽനിന്നും എത്ര തുക ലഭിച്ചുവെന്നും അതിൽ എത്ര ചെലവഴിച്ചുവെന്നുമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസി ക്ഷേമത്തിനായി 2016-17 സാമ്പത്തികവർഷം 687.49 കോടി രൂപയും 2017-18 സാമ്പത്തിക വർഷം ഇതുവരെ 462.30 കോടി രൂപയും ചെലവഴിച്ചു. തുകയുടെ വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ആദിവാസി ക്ഷേമത്തിനായി കേന്ദ്ര സർക്കാരിൽനിന്നും 2016-17 സാമ്പത്തിക വർഷം 5422.07 ലക്ഷം രൂപ അനുവദിച്ചു. ഇത് പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം 4213.01 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ 3563.53 ലക്ഷം രൂപ ചെലവഴിച്ചു. ബാക്കിയുള്ള തുക ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ആദിവാസി ക്ഷേമപദ്ധതികളിലെ ഗുണഭോക്തൃവിഹിതം**

8 (2193) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലകളിൽ നടപ്പിലാക്കുന്ന ക്ഷേമപദ്ധതികളിലും ജലസേചന പദ്ധതികളിലും ഗുണഭോക്തൃവിഹിതം ആവശ്യമുള്ള പദ്ധതികളിൽ ഇത് അടയ്ക്കുന്നതിന് ആദിവാസികൾക്ക് കഴിയാത്ത സാഹചര്യം ബോധ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഗുണഭോക്തൃവിഹിതം അടയ്ക്കാത്തതുകൊണ്ട് ക്ഷേമപദ്ധതികളിൽ നിന്നോ മറ്റ് സർക്കാർ പദ്ധതികളിൽ നിന്നോ ഇവരെ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) പട്ടികജാതി വികസന വകുപ്പിന്റെ ആനുകൂല്യങ്ങൾക്ക് ഗുണഭോക്തൃ വിഹിതം അടയ്ക്കേണ്ടതില്ല. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആനുകൂല്യങ്ങൾക്ക് ഗുണഭോക്തൃ വിഹിതം അടയ്ക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഈ നടപടിക്രമം പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിൽ കോർപ്പസ് ഫണ്ട്**

9(2194) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ കോർപ്പസ് ഫണ്ട് വഴി എത്ര വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഇനത്തിൽ എത്ര ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ പട്ടികജാതി കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു:

1. ചയ്യോം-വാഴപന്തൽ ചക്ലിയ കോളനി റോഡ് ടാറിംഗ് - കിനാനൂർ കരിന്തളം (പ്രവൃത്തി നടന്നുവരുന്നു.)

2. കാട്ടിപ്പള്ളം എസ്.സി. കോളനി റോഡ് ടാറിംഗ് - മൂളിയാർ പഞ്ചായത്ത് (പ്രവൃത്തി നടന്നുവരുന്നു.)

3. കോട്ടക്കാർ കബീരി എസ്.സി. കോളനി റോഡ് ടാറിംഗ് - കുമ്പള ഗ്രാമപഞ്ചായത്ത് (പൂർത്തീകരിച്ചു.)

4. കാടമന മുജീർക്കാവ് എസ്.സി. കോളനി റോഡ് ടാറിംഗ് - ബദിയടുക്ക ഗ്രാമപഞ്ചായത്ത് (പൂർത്തീകരിച്ചു.)

5. കൊർനഡുക്ക -മദനഡുക്ക എസ്.സി. കോളനി റോഡ് ടാറിംഗ് - പുത്തിഗെ ഗ്രാമപഞ്ചായത്ത് (പൂർത്തീകരിച്ചു.)

6. മുണ്ടാന്തടുക്ക ഊജംപദവ് എസ്.സി. കോളനി റോഡ് ടാറിംഗ് - പുത്തിഗെ ഗ്രാമപഞ്ചായത്ത് (പൂർത്തീകരിച്ചു.)

7. പയം എസ്.സി. കോളനി മിനി വാട്ടർ സപ്ലൈ സ്കീം - മൂളിയാർ - ഗ്രാമപഞ്ചായത്ത് (പ്രവൃത്തി നടന്നുവരുന്നു.)

8. തൈര-വടക്കെപ്പള്ളം പട്ടികജാതി കോളനി കുടിവെള്ള പദ്ധതി - ചെമ്മനാട് ഗ്രാമപഞ്ചായത്ത് (പൂർത്തീകരിച്ചു. വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല.)

മേൽപ്രവൃത്തികൾക്കായി നാളിതുവരെ 45,98,782 രൂപ ചെലവഴിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 1,94,90,000 രൂപയും 2017-18 സാമ്പത്തിക വർഷം 1,51,90,010 രൂപയും ചെലവഴിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം

10(2195) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്;

(ബി) ഇതിനായി ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 170 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ഈ ഇനത്തിൽ ആകെ 91,25,000 രൂപ വിതരണം നടത്തിയിട്ടുണ്ട്.

## പട്ടികജാതി വിദ്യാർത്ഥികളുടെ വിദേശപഠനം

11(2196) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിർദ്ധനരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

വിദേശത്ത് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ സ.ഉ. (കൈ)നമ്പർ 81/17/പജപവവിവ. തീയതി 4-10-2017 ആയി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വികസന വകുപ്പുവഴി ആനുകൂല്യം അനുവദിച്ചുവരുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിന് പുതിയ പദ്ധതികൾ

12 (2197) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിന് ഈ സർക്കാർ നടപ്പിലാക്കിയ പുതിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികൾ മുഖേന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമൂഹികവും വിദ്യഭ്യാസപരവും സാമ്പത്തികവുമായ ഉയർച്ച കൈവരിക്കാൻ കഴിഞ്ഞതായി കരുതുന്നുണ്ടോ; വിശദമാക്കാമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രയോജനം പൂർണ്ണമായും പ്രസ്തുത വിഭാഗത്തിന് ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പട്ടികജാതി ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5000 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് എല്ലാ പഠന സൗകര്യങ്ങളോടുംകൂടിയ ഒരു മുറി അവരുടെ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിനുള്ള 'പഠനമുറി' എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.
2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ജനനം മുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്ര വികസനത്തിനുമായിട്ടുള്ള ഇൻഷ്വറൻസ് ലിങ്ക്ഡ് പദ്ധതിയായ വാത്സല്യ നിധിക്ക് അംഗീകാരം നൽകുകയും 2017-18 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.
3. ബി.ആർക്, എംഫിൽ, പി.എച്ച്.ഡി. എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുകൂടി ലാപ്ടോപ് വാങ്ങുന്നതിനുള്ള ധനസഹായ പദ്ധതി നടപ്പിലാക്കിവരുന്നു.
4. പട്ടികജാതി വകുപ്പിനുകീഴിലുള്ള ഐ.റ്റി.ഐ.-കളിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്നതിന്റെ ഭാഗമായി ഒരു മുട്ടയും ഒരു ഗ്ലാസ് പാലും നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

5. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
6. പട്ടികജാതി വിഭാഗത്തിൽപ്പെട്ട നഴ്സിംഗ് പൂർത്തിയാക്കിയ യുവതീയുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ പ്രതിമാസം 15,000 രൂപ ധനസഹായത്തോടെ നഴ്സിംഗ് പരിശീലനം നൽകുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.
7. 280 സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി അംബേദ്കർ ഗ്രാമം പദ്ധതി ആരംഭിച്ചു.
8. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പാക്കി.

പട്ടികവർഗ്ഗ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. സാമൂഹിക പഠനമുറി - (6.21 കോടി) പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ഊരുകളിൽ സാമൂഹിക പഠനമുറി പ്രവർത്തിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ (ആണോ/പെണ്ണോ) തെരഞ്ഞെടുത്ത് മാസം തോറും 15,000 രൂപ ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി നിയോഗിച്ചുവരുന്നു. 100 സാമൂഹിക പഠനമുറികളാണ് നടപ്പുവർഷം നിർമ്മിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്.
   34 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.
2. ഗോത്രബന്ധു (4 കോടി)-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുള്ള പ്രൈമറി സ്കൂളുകളിൽ അവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റ്റി.റ്റി.സി., ബി.എഡ്. യോഗ്യതയുള്ള പ്രദേശത്തെ ഒരു യുവ വിദ്യാസമ്പന്നനെ ആദിവാസി ഭാഷയുടെയും മലയാള ഭാഷയുടെയും അറിവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന പദ്ധതിപ്രകാരം 241 പേരെ തെരഞ്ഞെടുത്ത് വയനാട് ജില്ലയിൽ വിവിധ സ്കൂളുകളിൽ നിയമനം നടത്തി പദ്ധതി നടപ്പിലാക്കി വരുന്നു.
3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം - (100 കോടി)

(എ) അടിസ്ഥാന സൗകര്യങ്ങൾ

അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തുന്നതിലേക്കായി അടിസ്ഥാന സൗകര്യങ്ങളിൽ പിന്നോക്കാവസ്ഥയിലുള്ള 101 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) എം.ജി. എൻ.ആർ.ഇ.ജി.എസ്. - തൊഴിലിനുള്ള വേതനം

എം.ജി. എൻ.ആർ.ഇ.ജി.എസ്. പദ്ധതിപ്രകാരം കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾക്കുകൂടി ലഭ്യമാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

(സി) പി.കെ. കാളൻ കുടുംബസഹായ പദ്ധതി

പി.കെ. കാളൻ കുടുംബസഹായ പദ്ധതിപ്രകാരം ചിന്നിച്ചിതറി താമസിക്കുന്ന കുടുംബങ്ങളുടെ വിവരശേഖരം നടത്തിവരുന്നു.

1. ഗോത്ര വാത്സല്യനിധി (2 കോടി) : പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ എൽ.ഐ.സി.യുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2014 ഏപ്രിൽ മുതൽ ജനിച്ച 800 പെൺകുട്ടികളെ തെരഞ്ഞെടുത്തിട്ടുണ്ട്.
2. വയനാട് ഗോത്രഭാഷ പഠനകേന്ദ്രം.
3. ആരോഗ്യ വിദ്യാഭ്യാസ പരിപാടി: തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരിവിരുദ്ധ പ്രചരണ പരിപാടി നടപ്പിലാക്കിവരുന്നു.
4. പോഷകാഹാരക്കുറവ്, ശിശുമരണ-മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി, ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.
5. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ആധുനിക വൈദ്യസഹായം എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി ആറ് ജില്ലകളിൽ മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 8 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ കൂടി ആരംഭിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.
6. സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി എല്ലാ പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങളും വൈദ്യുതീകരിച്ചുവരുന്നു.

KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് എം.ആർ.എസ്./ ഹോസ്റ്റലുകളുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ പ്രസ്തുത വിഭാഗത്തിന്റെ സാമൂഹികവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ ഉന്നമനത്തിന് കാരണമായിട്ടുണ്ട്. പഠനമുറി, വാത്സല്യനിധി തുടങ്ങി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമുഖേന നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ പ്രസ്തുത വിഭാഗത്തിന്റെ സാമൂഹികവും വിദ്യാഭ്യാസപരവുമായ ഉന്നമനം ലക്ഷ്യമിടുന്നു.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രയോജനം എല്ലാ പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കും ലഭ്യമാക്കുന്നതിന് സമയബന്ധിതമായി ടി പദ്ധതിക്കുള്ള പ്രൊപ്പോസലുകൾ കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും അനുവദിക്കുന്ന തുക പ്രസ്തുത വിഭാഗങ്ങൾക്കായി പദ്ധതികൾ ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കി വരികയും ചെയ്യുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ

13 (2198) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് സാമ്പത്തികമായും മറ്റും ലഭിക്കേണ്ട ആനുകൂല്യങ്ങൾ അർഹതപ്പെട്ടവരുടെ കൈയ്യിൽ എത്തുന്നുണ്ട് എന്ന് ഉറപ്പ് വരുത്താൻ എന്തെല്ലാം കാര്യങ്ങൾ ആണ് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിന് വകുപ്പ് നടപ്പിലാക്കിവരുന്ന എല്ലാ വ്യക്തിഗതാനുകൂല്യ പദ്ധതികളും ജാതി സർട്ടിഫിക്കറ്റ് പരിശോധിച്ച് അർഹത ഉറപ്പുവരുത്തി നടപ്പിലാക്കിവരുന്നു. കൂടാതെ പട്ടികജാതിക്കാർ താമസിക്കുന്ന പ്രദേശങ്ങളിൽ വൈദ്യുതീകരണം, റോഡ്, കുടിവെള്ള പദ്ധതി, മറ്റ് നിർമ്മാണ പ്രവൃത്തികൾ എന്നിവ ഫീസിബിലിറ്റി പരിശോധിച്ച് ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസറുടെ ശിപാർശയോടെ നടപ്പിലാക്കിവരുന്നു. എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടിലൂടെ വിതരണം ചെയ്യുന്നു.

പട്ടിവർഗ്ഗക്കാർക്കായി ആവിഷ്കരിച്ച പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും ആനുകൂല്യങ്ങൾ അർഹതപ്പെട്ടവരുടെ കയ്യിൽ എത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും താഴെപ്പറയുന്ന നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു:

- പദ്ധതികൾക്ക് ഊരുകൂട്ടം നിർദ്ദേശിക്കുന്ന ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിവരുന്നത്.

- സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾ അർഹതപ്പെട്ട പട്ടികവർഗ്ഗക്കാർക്കുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ പട്ടികവർഗ്ഗ മേഖലയിൽ ഏറ്റവും താഴെത്തട്ടിൽ പ്രവർത്തിച്ചുവരുന്ന പ്രൊമോട്ടർമാർ മുതൽ ജില്ലാ ഓഫീസർമാർ വരെ പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ നിർവ്വഹിച്ചു വരുന്നു.

- സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗക്കാർക്ക് നിലവിലുള്ള എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടുകൾ വഴിയാണ് നൽകിവരുന്നത്.

- പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുതന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിട്ടർ ചെയ്യുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായി സ്ഥലം എം.എൽ.എ.-മാർ ഉൾപ്പെടുന്ന കമ്മിറ്റിയും ഡിസ്ട്രിക് ഡെവലപ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. ഇതിനുപുറമെ സംസ്ഥാനതലത്തിൽ മന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി വിലയിരുത്തിവരുന്നു.

17-7-2012 -ലെ സ.ഉ. (സാധാ.) നമ്പർ 1013/2012/പജപവവിവ പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായും രൂപീകരിച്ച കമ്മിറ്റി സംസ്ഥാനതലത്തിൽ പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതികനേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ടും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗവും വിലയിരുത്തിവരുന്നു. ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു.

## നിർദ്ധനരായ പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം

14 (2199) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർദ്ധനരായ പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ;

(ബി) പ്രസ്തുത ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും പദ്ധതി പ്രകാരം ഒരാൾക്ക് എത്ര രൂപയാണ് ധനസഹായമായി ലഭിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയ്ക്കായി എത്ര രൂപയാണ് നടപ്പുസാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) അർഹരായ കൂടുതൽ പേർക്ക് ഇത് ലഭ്യമാക്കുന്നതിന് എസ്.സി. പ്രൊമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) കുടുബവാർഷിക വരുമാനം 1,00,000 രൂപയിൽ അധികരിക്കാത്ത പട്ടികജാതി കുടുംബങ്ങളിൽപ്പെട്ട പാവപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായമായി ഒരാൾക്ക് 75,000 രൂപ എന്ന നിരക്കിൽ ധനസഹായം പട്ടികജാതി വികസന വകുപ്പുവഴി അനുവദിച്ചുവരുന്നു.

(സി) ഈ പദ്ധതിക്കായി നടപ്പു സാമ്പത്തികവർഷം ബജറ്റിൽ 55 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) എസ്.സി. പ്രൊമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്.

## അട്ടപ്പാടിയിൽ സമഗ്ര ആദിവാസി വികസന പദ്ധതി

15 (2200) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ സമഗ്ര ആദിവാസി വികസന പദ്ധതിയുടെ തലപ്പത്ത് ഒരു ഐ.എ.എസ്. ഓഫീസറെ നിയമിക്കുമെന്ന് സർക്കാർ ഉറപ്പ് നൽകിയിരുന്നോ; പ്രസ്തുത ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) ഐ.റ്റി.ഡി.പി. -യുടെ തലപ്പത്തുനിന്ന് നിലവിലുള്ള ഉദ്യോഗസ്ഥനെ മാറ്റിയിട്ടുണ്ടോ; എങ്കിൽ ആർക്കാണ് ചുമതല;

(സി) ഐ.റ്റി.ഡി.പി.- യുടെ പ്രവർത്തനം ഏതൊക്കെ മേഖലകളിലാണ്; അട്ടപ്പാടിയിൽ നാട്ടുകാരുടെ മർദ്ദനത്തെ തുടർന്ന് മരണമടഞ്ഞ മധുവിനെപോലുള്ളവർക്ക് ഭക്ഷണം നൽകുവാൻ ഊരുകളിൽ സമൂഹ അടുക്കള ഐ.റ്റി.ഡി.പി.-യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചിരുന്നോ;

(ഡി) എങ്കിൽ മധു ഭക്ഷണത്തിനായി കാട് വിട്ട് നാട്ടിലിറങ്ങാനുണ്ടായ സാഹചര്യം പരിശോധിക്കുമോ?

ഉത്തരം

(എ&ബി) അട്ടപ്പാടിയിൽ സമഗ്ര ആദിവാസി വികസന പദ്ധതിയുടെ നോഡൽ ഓഫീസറായി നിലവിൽ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെ തന്നെയാണ് നിയമിച്ചിട്ടുള്ളത്.

(സി) അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ സാമൂഹികം, സാമ്പത്തികം, വിദ്യാഭ്യാസം, ആരോഗ്യം, സ്വയംതൊഴിൽ, വരുമാനദായകം തുടങ്ങി അവരുടെ സമഗ്ര പുരോഗതിക്കുതകുന്ന പദ്ധതികൾ ലക്ഷ്യംവയ്ക്കുന്ന മേഖലകളിലാണ് വകുപ്പ് പ്രവർത്തനം നടത്തിവരുന്നത്. വകുപ്പിന്റെകീഴിൽ സമൂഹ അടുക്കള പ്രവർത്തിച്ചിരുന്നു. സമൂഹ അടുക്കളയിൽ വന്നിരുന്ന എല്ലാ പട്ടികവർഗ്ഗക്കാർക്കും ഭക്ഷണം നൽകിയിരുന്നു. കൂടാതെ വകുപ്പിന്റെ ഭക്ഷ്യധാന്യ പദ്ധതിപ്രകാരം മധുവിന്റെ കുടുംബത്തിന് അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തിരുന്നു. ഇതിനുപുറമേ പട്ടികവർഗ്ഗക്കാർക്ക് റേഷൻകട വഴി ലഭിക്കേണ്ട ഭക്ഷ്യധാന്യങ്ങളും നൽകിയിരുന്നു. ഇപ്രകാരം മധുവിന്റെ കുടുംബത്തിന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായിട്ടില്ല.

(ഡി) മാനസിക രോഗിയായിരുന്ന മധു ബന്ധുക്കളിൽനിന്നും അകന്നുമാറി സർക്കാർ വകുപ്പുകളുടെ ഫീൽഡുതല ഉദ്യോഗസ്ഥർക്കോ ക്ഷേമപ്രവർത്തകർക്കോ പിടിതരാതെ വനത്തിനുള്ളിൽ ഒറ്റപ്പെട്ടാണ് താമസിച്ചിരുന്നത്. കാടുവിട്ട് നാട്ടിലിറങ്ങിയോ എന്ന കാര്യം വ്യക്തമല്ല.

## കിർത്താഡ്സിന്റെ പ്രവർത്തനം

16 (2201) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിർത്താഡ്സിന്റെ പ്രവർത്തനം വിശദീകരിക്കാമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ ഏതൊക്കെ നിർദ്ദേശങ്ങളാണ് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ സർക്കാരിന് മുമ്പാകെ സമർപ്പിച്ചിരിക്കുന്നത്; വിശദീകരിക്കാമോ;

(സി) കിർത്താഡ്സിന്റെ നേതൃത്വത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര യുവാക്കൾക്ക് പരിശീലനങ്ങൾ നൽകാൻ സാധിച്ചിട്ടുണ്ട്?

### ഉത്തരം

(എ) കിർത്താഡ്സിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) പട്ടികജാതി ഗവേഷണ പരിശീലന പ്രവർത്തനങ്ങൾക്ക് കിർത്താഡ്സിന് ഫണ്ട് ലഭ്യമല്ല. പട്ടികവർഗ്ഗ ജനതയുടെ ഗവേഷണ, വികസന പഠന പരിശീലന പരിപാടികളാണ് വകുപ്പിന്റെ പ്രധാന പ്രവർത്തനമേഖല. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ കിർത്താഡ്സ് സമർപ്പിച്ച റിപ്പോർട്ടുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി) ട്രൈബൽ സബ് പ്ലാൻ (ടി.എസ്.പി) ഫണ്ട് ഉപയോഗിച്ച് പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാത്രമായുള്ള പരിശീലന പരിപാടികളാണ് കിർത്താഡ്സ് നടത്തുന്നത്. കഴിഞ്ഞ രണ്ട് വർഷങ്ങളിൽ 406 യുവാക്കൾക്കും 516 യുവതികൾക്കും വിവിധ മേഖലകളിൽ പരിശീലനം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പട്ടികജാതിക്കാർക്കായുള്ള ഫണ്ടുകളുടെ ചെലവ്**

17 (2202) ശ്രീ. വി. ഡി.സതീശൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്കായി നടപ്പിലാക്കുന്ന പല പദ്ധതികളും പാതിവഴിയിൽ നിലയ്ക്കുന്നതും അവർക്ക് അതിന്റെ പൂർണ്ണ പ്രയോജനം ലഭിക്കാതെ പോകുന്നതും പദ്ധതി നടത്തിപ്പിലെ വീഴ്ചയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) പട്ടികജാതിക്കാർക്കായുള്ള ഫണ്ടുകൾ ചെലവഴിക്കുന്നത് നിയന്ത്രിക്കുന്നതിന് നിയമ നിർമ്മാണം നടത്തണമെന്ന് ആസൂത്രണബോർഡ് വർക്കിംഗ് ഗ്രൂപ്പ് ശിപാർശ നൽകിയിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. വകുപ്പുമുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ട്. എന്നാൽ തുടർ പദ്ധതികളും വിവിധ ഏജൻസികൾ വഴിയും പി.ഡബ്ല്യൂ.ഡി. വഴിയും നടത്തുന്ന നിർമ്മാണ പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികളും അതത് സാമ്പത്തികവർഷം പൂർത്തിയാകാത്ത സാഹചര്യം സംജാതമാകയാൽ തുടർവർഷങ്ങളിൽ പദ്ധതി നിർവ്വഹണം തീർക്കുന്നുണ്ട്.

(ബി&സി) പട്ടികജാതിക്കാർക്കുള്ള ഫണ്ടുകൾ ചെലവഴിക്കുന്നത് നിയന്ത്രിക്കാൻ നിയമനിർമ്മാണത്തിന് ശിപാർശ ലഭിച്ചിട്ടില്ല.

**വാമനപുരത്തെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

18 (2203) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി വാമനപുരം മണ്ഡലത്തിലെ ഏതൊക്കെ കോളനികളെയാണ് തെരഞ്ഞെടുത്തിരുന്നതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഏതൊക്കെ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പൂർത്തീകരിക്കാത്തവ ഏതൊക്കെയെന്നും എന്താണ് കാരണമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലത്ത് സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ, നെടുന്തേരികുന്ന്, പാങ്ങോട് അംബേദ്കർ കോളനി എന്നിവയാണ് തെരഞ്ഞെടുത്തിരുന്നത്.

(ബി&സി) പാങ്ങോട് അംബേദ്കർ കോളനിയിൽ എസ്റ്റിമേറ്റ് അംഗീകരിച്ച് യഥാസമയം പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിനാൽ പദ്ധതി നടപ്പിലായിട്ടില്ല. നെടുന്തേരികുന്ന് കോളനിയിൽ കുടിവെള്ള പദ്ധതി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. മറ്റുള്ള പ്രവൃത്തികൾ മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കാൻ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടികജാതിക്കാരുടെ ആരോഗ്യ നിലവാരം**

19 (2204) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതിക്കാരുടെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആരോഗ്യ സുരക്ഷാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, മസ്തിഷ്കരോഗം, മുതലായ ഗുരുതരമായ രോഗം പിടിപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതിക്കാർക്ക് എന്തെല്ലാം ചികിത്സാ ധനസഹായങ്ങളാണ് നൽകി വരുന്നത്;

(സി) ഇവർക്ക് വിദഗ്ദ്ധ ചികിത്സ നൽകുന്നതിനായി പ്രത്യേകം ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) സർക്കാർ ആവിഷ്കരിച്ച സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിൽ പട്ടികജാതിക്കാർക്കും ആനുകൂല്യം ലഭിക്കുന്നതാണ്.

(ബി) വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരമാവധി 1,00,000 രൂപ വരെ ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു.

(സി) ഇല്ല.

## എസ്.സി.പി./റ്റി.എസ്.പി. സ്കീമുകൾ

20 (2205) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ പൊതു സ്കീമുകളുടെ ഭാഗമായി എസ്.സി.പി/റ്റി.എസ്.പി. കമ്പോണന്റായി കേന്ദ്രം എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര തുക ഇതിനകം ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) അനുവദിച്ച തുകയും ചെലവും ഉൾപ്പെടെ സ്കീമുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) 2017-18 മുതൽ കേന്ദ്രസർക്കാർ പദ്ധതിയിനത്തിൽ തുക വകയിരുത്തിയിരുന്നില്ല. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2016-17 സാമ്പത്തിക വർഷം 6927.64 ലക്ഷം രൂപയുടെയും 2017-18 വർഷം 2666.4 ലക്ഷം രൂപയുടെയും കേന്ദ്ര ധനസഹായം ലഭിച്ചിട്ടുണ്ട്. ടി തുകകൾ ഇതിനോടകം പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

2016-17, 2017-18 വർഷങ്ങളിൽ പട്ടികവർഗ്ഗ ഉപപദ്ധതിയിൽ (റ്റി.എസ്.പി.) ഉൾപ്പെടുത്തി കേന്ദ്രാവിഷ്കൃത പദ്ധതികളിൽ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വർഷം തിരിച്ച വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി (2016-17 &2017-18) കേന്ദ്ര ധനസഹായമായി അനുവദിച്ച തുകയുടെയും ചെലവ് ഉൾപ്പെടെയുള്ള സ്കീമുകളുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

1. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ എസ്.സി. സ്റ്റുഡന്റ്സ് (100% css)
2. 2016-17 -4267.20 ലക്ഷം (Arrear of previous years)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. 2017-18 - 1608.40 ലക്ഷം (Arrear of previous years) ടി പദ്ധതിക്കായി 2016-17, 2017-18 വർഷങ്ങളിൽ ലഭിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

4. പ്രീമെട്രിക് സ്കോളർഷിപ്പ് ഫോർ എസ്.സി. സ്റ്റുഡന്റ്സ് സ്റ്റഡിയിംഗ് ഇൻ 9, 10 ക്ലാസസ് (100% css)

5. 2016-17 - 1654.25 ലക്ഷം 2017-18 - Nil ടി പദ്ധതിക്കായി 2016-17 വർഷം ലഭിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

6. പ്രത്യേക പദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്രസഹായം (100% css)2016-17 - 550.73 ലക്ഷം 2017-18 - 483 ലക്ഷം ടി പദ്ധതിക്കായി 2016-17, 2017-18 വർഷങ്ങളിൽ ലഭിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

7. അതിക്രമം തടയൽ നിയമം (50% css)2016-17 - 455.46 ലക്ഷം 2017-18 - 575 ലക്ഷം

ടി പദ്ധതിക്കായി 2016-17, 2017- 18 വർഷങ്ങളിൽ ലഭിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

**അംബേദ്കർ ഗ്രാമം പദ്ധതി**

21 (2206) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിലെ മതുക്കര പട്ടികജാതി കോളനിയിൽ അംബേദ്കർ ഗ്രാമ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഓരോ പ്രവൃത്തിയിലും ഇതുവരെയുള്ള പുരോഗതി സംബന്ധിച്ച് വിശദാംശങ്ങൾ നൽകാമോ;

(സി) നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മതുക്കര പട്ടികജാതി കോളനിയിൽ അംബേദ്കർ ഗ്രാമ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. സബ്സെന്റർ നിർമ്മാണം
2. വിജ്ഞാൻവാടി
3. കുടിവെള്ള വിതരണം
4. വാട്ടർ ടാങ്ക്
5. കിണർ പുനരുദ്ധാരണം
6. വായനശാല നവീകരണം
7. കുളിക്കടവ് നിർമ്മാണം
8. ബസ് സ്റ്റോപ്പ് സംരക്ഷണഭിത്തി നിർമ്മാണം
9. സോളാർ സ്ട്രീറ്റ് ലൈറ്റ്
10. ഭവന പുനരുദ്ധാരണം.

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭവന പുനരുദ്ധാരണം ആരംഭിച്ചു. ആകെ 26 വീടുകളിൽ എട്ടെണ്ണം പൂർത്തിയാവുകയും മൂന്നെണ്ണം ഭാഗികമായി പൂർത്തിയാവുകയും ചെയ്തു.

(സി) 2018 ആഗസ്റ്റ് 31-ന് മുമ്പായി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ ജില്ലാതലത്തിൽ മീറ്റിംഗ് കൂടി ഏജൻസികൾക്ക് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടികജാതി വിഭാഗത്തിനായി വകയിരുത്തിയ തുക**

22 (2207) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2017-18 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വിഭാഗത്തിനായി എത്ര കോടി രൂപയാണ് വകയിരുത്തിയിരുന്നത്;

(ബി) ഇതിൽ ഇതുവരെ എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതമായി സംസ്ഥാന പദ്ധതികൾക്കായി 1427.60 കോടി രൂപയും തദ്ദേശ സ്വയംഭരണ വകുപ്പിന് 1172.05 കോടി രൂപയും വകയിരുത്തിയിരുന്നു.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ ഫെബ്രുവരി 25 വരെ പട്ടികജാതി വികസന വകുപ്പുമുഖേന നടപ്പിലാക്കുന്ന സംസ്ഥാനതല ക്ഷേമപദ്ധതികൾക്കായി 809.65 കോടി രൂപയും തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയിലേക്ക് 581.94 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**പട്ടികജാതി സമൂഹത്തിൽപ്പെട്ട വീടില്ലാത്തവർക്ക് വീട് നൽകുന്ന പദ്ധതി**

23 (2208) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സമൂഹത്തിൽപ്പെട്ട വീടില്ലാത്തവർക്ക് വീട് നൽകുന്നതിനായി എത്ര തുകയാണ് 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയത്; ഇതിൽ എത്ര കോടി രൂപ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര വീടുകൾ പൂർത്തീകരിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വിഭാഗക്കാർക്ക് ഭവനനിർമ്മാണ ധനസഹായ പദ്ധതി നടപ്പിലാക്കുന്നതിന് 400 കോടി രൂപയാണ് നടപ്പുവർഷം വകയിരുത്തിയിട്ടുള്ളത്. ഇതിൽ നാളിതുവരെ 300.75 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 2017-18 വർഷം അനുവദിച്ച 7000 വീടുകളിൽ നിലവിൽ 136 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 2007-08 മുതൽ 2016-17 വർഷംവരെ അനുവദിച്ച വീടുകളിൽ പണി പൂർത്തിയാകാതെ വിവിധ ഘട്ടങ്ങളിൽ അവശേഷിച്ച 25773 സ്പിൽഓവർ വീടുകളിൽ 7376 വീടുകൾ നടപ്പുവർഷം നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനനിർമ്മാണ ധനസഹായം

24 (2209) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം ഭവനരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് 2017-18-ൽ ധനസഹായം അനുവദിച്ച നൽകിയിട്ടുണ്ട്;

(ബി) ഭവനനിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിന് എത്രപേർക്ക് 2017-18 ൽ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി)ഭവന നിർമ്മാണത്തിനും ഭൂമി വാങ്ങുന്നതിനും 2017-18-ൽ എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 വർഷം ഭൗതിക ലക്ഷ്യമായി നിശ്ചയിച്ച 7000 പുതിയ വീടുകൾ നിർമ്മിക്കുന്നതിലേയ്ക്കായി ലഭ്യമായ അപേക്ഷകളിൽ 6926 പേർക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് ഇതിനകം അനുമതി നൽകിയിട്ടുണ്ട്.

(ബി) 2017-18 വർഷം ഭൂമി വാങ്ങുന്ന പദ്ധതിപ്രകാരം 3808 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(സി) നടപ്പുവർഷം ഭൂമി വാങ്ങുന്നതിനായി 180 കോടി രൂപയും ഭവനനിർമ്മാണത്തിനായി 400 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

## വാത്സല്യനിധി പദ്ധതി

25 (2210) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാത്സല്യനിധി പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷം എത്ര തുകയാണ് വകയിരുത്തിയിരുന്നത്; ഇതിൽ ഇതുവരെ എത്രശതമാനം ചെലവഴിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനായി നടപ്പിലാക്കിവരുന്ന വാത്സല്യനിധി പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-I ആയും* അനുബന്ധം-II ആയും*ചേർക്കുന്നു.

(ബി) 2017-18 സാമ്പത്തിക വർഷം വാത്സല്യനിധി പദ്ധതിക്കായി പട്ടികജാതി വികസന വകുപ്പിന് 10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പുതുതായി പെൺകുട്ടികൾ ജനിക്കുന്ന മുറയ്ക്ക് ആനുകൂല്യം അനുവദിക്കു പദ്ധതിയാണിത്. ഇതിൽനിന്നും 26-2-2018 വരെ 43 ശതമാനം ചെലവ് വന്നിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് 2 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വകയിരുത്തിയ 100 ശതമാനം തുകയും ചെലവഴിച്ചിട്ടുണ്ട്.

**ഗോത്രവാത്സല്യ നിധി പദ്ധതി**

26 (2211) <u>ശ്രീ. പുരുഷൻ കടലുണ്ടി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ വിഭാഗത്തിലെ പെൺകുട്ടികൾക്കായി ആരംഭിക്കുന്ന 'ഗോത്രവാത്സല്യ നിധി' പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പദ്ധതി എപ്പോൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതി ലക്ഷ്യമാക്കി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഗോത്രവാത്സല്യ നിധി പദ്ധതി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി 2017-18 സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതാണ്. പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി അടങ്ങുന്ന സ.ഉ. (സാധാ) നമ്പർ 213/2018/പജപവവിവ. തീയതി 2-2-2018 ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### ഗോത്രബന്ധു പദ്ധതി

27 (2212) <u>ശ്രീ. സി. ദിവാകരൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്രബന്ധു പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഗോത്രബന്ധു പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഗോത്രബന്ധു പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വയനാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഒന്നുമുതൽ നാലാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളുടെ ഇടയിലെ കൊഴിഞ്ഞുപോക്ക് തടഞ്ഞ് വിദ്യാലയങ്ങളിൽ എത്തിക്കുകയും വിദ്യാഭ്യാസ ഉന്നമനത്തിനായി പഠന പ്രവർത്തന നിർവ്വഹണത്തിൽ ഒന്നാം ക്ലാസ്സിലെ ടീച്ചറോടൊപ്പം നിന്ന് ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ സഹായിക്കുകയും സ്കൂളിലെ മറ്റ് വിദ്യാർത്ഥികൾക്കൊപ്പം ഈ വിദ്യാർത്ഥികളെ ഇടപഴകിക്കാനുള്ള വേദിയൊരുക്കുകയും സഹഅദ്ധ്യാപകർക്ക് ഗോത്രഭാഷ, സംസ്കാരം, ഗോത്രവർഗ്ഗ കലാരൂപങ്ങൾ എന്നിവയിൽ ധാരണ നൽകുകയും പട്ടികവർഗ്ഗ വിഭാഗത്തിൽ ടി.ടി.സി./ബി.എഡ് പാസ്സായ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിൽ നൽകുകയും ചെയ്യുക എന്നതാണ് ഗോത്രബന്ധു പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

(സി) ഈ സാമ്പത്തിക വർഷം അട്ടപ്പാടിയിൽ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു.

### പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസസ്ഥലം

28 (2213) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയില്ലാത്ത പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വാസസ്ഥലം കണ്ടെത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം എത്ര കോടി രൂപ

വകയിരുത്തിയിരുന്നു; ഇതിൽ എത്ര കോടി ചെലവഴിക്കാൻ സാധിച്ചു എന്ന് വ്യക്തമാകാമോ ;

(ബി) 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്ത് ഇതുവരെ ഭൂമിയില്ലാത്ത എത്ര പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വാസസ്ഥലം നൽകാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭൂമിയില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസസ്ഥലം കണ്ടെത്തുന്നതിനായും പുനരധിവാസ പ്രവർത്തനങ്ങൾക്കുമായി 2017-18 സാമ്പത്തിക വർഷം 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 33.31 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതിയും ലഭ്യമായിട്ടുണ്ട്. ഇതിൽ 14.33 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്ത് 136 പേർക്ക് ഭൂമി വാങ്ങി നൽകുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. 93 പേർക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ഇതിനുപുറമെ 667 പേർക്ക് നിക്ഷിപ്ത വനഭൂമി വിതരണം ചെയ്തിട്ടുണ്ട്.

**സാമൂഹ്യ പഠനമുറി പദ്ധതി**

29 (2214) <u>ശ്രീ. പി. ഉണ്ണി :</u>
<u>ശ്രീ. യു. ആർ. പ്രദീപ് :</u>
<u>ശ്രീ. പി. ടി. എ. റഹീം :</u>
<u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവരുടെ വാസകേന്ദ്രങ്ങളിൽ വിദ്യാഭ്യാസത്തിന് അനുയോജ്യമായ സാഹചര്യം ഒരുക്കുന്നതിനായി സാമൂഹ്യ പഠന മുറി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം പഠന സൗകര്യങ്ങളാണ് ഈ പദ്ധതി പ്രകാരം സജ്ജമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) 2017-18 കാലയളവിൽ ഇപ്രകാരമുള്ള എത്ര പഠന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്; കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രയോജനകരമാകുംവിധം പുതിയ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഒരു പഠന കേന്ദ്രത്തിൽ 30 പട്ടികവർഗ്ഗ പഠിതാക്കൾക്ക് പഠന സൗകര്യങ്ങൾ ഒരുക്കുന്നതിന് കോളനികളിലെ കമ്മ്യൂണിറ്റി ഹാളുകളും മറ്റ് സമാന ഇടങ്ങളും കണ്ടെത്തിയിട്ടുണ്ട്. കോളനികളിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ഫെസിലിറ്റേറ്റർമാരായി തെരഞ്ഞെടുത്ത് പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ടി കേന്ദ്രങ്ങളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഒരു സാമൂഹ്യ പഠനമുറിക്ക് ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ (2 എണ്ണം), യു.പി.എസ്. (2 എണ്ണം), വൈറ്റ് ബോർഡ് (1), എൽ.ഇ.ഡി. മോണിറ്റർ (1), എൽ.ഇ.ഡി. ഡിസ്പ്ലേ (1), കമ്പ്യൂട്ടർ ടേബിൾ (1), രണ്ട് വിദ്യാർത്ഥികൾക്ക് വീതം ഇരിക്കുവാൻ കഴിയുന്ന കസേരയോടുകൂടിയ 15 സ്റ്റഡി ടേബിളുകൾ എന്ന കണക്കിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം, പഠന സാമഗ്രികൾ, ഇന്റർനെറ്റ് സൗകര്യം, പുസ്തകങ്ങൾ തുടങ്ങിയ അധിക സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

(സി) സാമൂഹ്യ പഠനമുറി സ്ഥാപിക്കുന്നതിനായി 100 കേന്ദ്രങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിൽ 42 എണ്ണത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം ടി പദ്ധതി കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രയോജനമാകുംവിധം പുതിയ കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**പട്ടികജാതി വികസന കോർപ്പറേഷൻ പദ്ധതികൾ**

30 (2215) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന കോർപ്പറേഷൻ പട്ടികജാതി കോളനികൾ ദത്തെടുത്ത് വികസിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) കുടുംബശ്രീയുമായി ചേർന്ന് വനിതാ ഗ്രൂപ്പുകൾക്ക് മൈക്രോഫൈനാൻസിംഗ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ഭൂരഹിത കർഷകത്തൊഴിലാളികളെ ഭൂഉടമകളാക്കുന്ന പദ്ധതിപ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) വിദേശത്ത് തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവരുടെ പുനഃരധിവാസത്തിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) കോർപ്പറേഷന്റെ ചരിത്രത്തിൽ ആദ്യമായി കുടുംബശ്രീയുമായി ചേർന്ന് വനിതകളുടെ ഗ്രൂപ്പുകൾക്ക് ജാമ്യമില്ലാതെ വായ്പ നൽകുന്നതിനായി മൈക്രോ ഫിനാൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) " കൃഷിഭൂമി വായ്പ പദ്ധതി" പ്രകാരം പട്ടികജാതിയിൽപ്പെട്ട ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് 30 സെന്റ് കൃഷിഭൂമി വാങ്ങുന്നതിനായി പരമാവധി 4 ലക്ഷം രൂപ വായ്പ നൽകുന്നു.

(ഡി) ഇല്ല. എന്നാൽ വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു വായ്പാ പദ്ധതി കോർപ്പറേഷൻ പരിഗണിച്ചുവരുന്നു.

## അതിരപ്പിള്ളി പഞ്ചായത്തിലെ ഷോളയാർ പട്ടികവർഗ്ഗ സൊസൈറ്റിയുടെ സ്ഥലം

31 (2216) <u>ശ്രീ. ബി. ഡി. ദേവസ്സി :</u> താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി പഞ്ചായത്തിലെ ഷോളയാർ പട്ടികവർഗ്ഗ സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള 100 ഏക്കറിലധികം വരുന്ന സ്ഥലത്ത്, അനുയോജ്യമായ പ്രോജക്ട് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

സഹകരണ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിനായി ധനസഹായം

32 (2217) <u>ശ്രീ. ഹൈബി ഈഡൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയുടെ എത്ര ശതമാനം ഇതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര പെൺകുട്ടികളുടെ വിവാഹം നടത്താൻ സാധിച്ചിട്ടുണ്ട്?

ഉത്തരം

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ 2,50,00,000 രൂപ വകയിരുത്തിയിരുന്നു. അതിൽ 72 ശതമാനം തുക ഇതുവരെ ചെലവഴിച്ചു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി 358 പെൺകുട്ടികളുടെ വിവാഹം നടത്തുവാൻ സഹായം അനുവദിച്ചു.

## 2017-18 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിനായി വകയിരുത്തിയ തുക

33 (2218) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിനായി എത്ര കോടി രൂപയാണ് വകയിരുത്തിയിരുന്നത്;

(ബി) ഇതിൽ നാളിതുവരെ എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) 2017-18 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പിന് സംസ്ഥാന പദ്ധതി വിഹിതമായി 583.63 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ നാളിതുവരെ 352.57 കോടി രൂപ (60.41%) ചെലവഴിച്ചു. വിശദവിവരം അനുബന്ധമായി * ചേർത്തിട്ടുണ്ട്.

## ടി-ഗ്രാൻസ് സ്സോഫ്റ്റ്വെയർ സംവിധാനം

34 (2219) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രിയുടെ ചികിത്സാ സഹായ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായുള്ള അപേക്ഷകൾ ടി-ഗ്രാൻസ് എന്ന സോഫ്റ്റ്വെയർ സംവിധാനത്തിലൂടെ ഓൺലൈനായി സമർപ്പിക്കുവാനുള്ള സൗകര്യം അക്ഷയ സെന്ററുകളിൽ ലഭ്യമാണോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ അപേക്ഷകൾ ഓൺലൈനായി അയയ്ക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് അക്ഷയ സെന്ററുകളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന് അക്ഷയ സെന്ററുകൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) അക്ഷയ സെന്ററുകൾ വഴി ചികിത്സാ ധനസഹായ അപേക്ഷകൾ ഓൺലൈനായി അയയ്ക്കുമ്പോൾ ഫീസ് അടയ്ക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ടി-ഗ്രാൻസ് സേവനം അക്ഷയ സെന്റുകളിൽ സൗജന്യമായി ലഭ്യമാണ്.

എന്നാൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ ഈ പദ്ധതി നടപ്പിലാക്കിത്തുടങ്ങിയിട്ടില്ല.

(ബി) ചുമതലപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകന് സൗജന്യമായ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. ഒരു അപേക്ഷ ഓൺലൈനായി അപ്‌ലോഡ് ചെയ്യുന്നതിന് 40 രൂപ + ജി.എസ്.റ്റി. എന്ന ക്രമത്തിൽ അക്ഷയ സെന്ററുകൾക്ക് പട്ടികജാതി വികസന വകുപ്പ് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

(സി) ഫീസ് അടയ്ക്കേണ്ടതില്ല.

**ആദിവാസി മേഖലയിലെ ശിശുമരണങ്ങൾ**

35 (2220) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിൽ ശിശുമരണങ്ങൾ വർദ്ധിക്കുന്നതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവയുടെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ആദിവാസി മേഖലയിൽ എത്ര ശിശുമരണങ്ങൾ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ സംഭവിച്ചു എന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ആദിവാസിമേഖലയിൽ ആകെ 150 ശിശുമരണങ്ങളാണ് സംഭവിച്ചിട്ടുള്ളത്.

| 2013 | 2014 | 2015 | 2016 | 2017 |
|---|---|---|---|---|
| 42 | 26 | 29 | 26 | 27 |

**ചികിത്സാ സഹായം**

36 (2221) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചികിത്സാ സഹായത്തിനായി കാസർഗോഡ് ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇവർക്കായി എത്ര കോടി രൂപയുടെ സഹായധനം വിതരണം ചെയ്തിട്ടുണ്ടെന്ന് മണ്ഡലംതിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവരിൽ നിന്നും ആകെ 1320 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഇവർക്കായി 1,88,78,350 രൂപ വിതരണം ചെയ്തിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മണ്ഡലം | ലഭ്യമായ അപേക്ഷകളുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|
| 1 | മഞ്ചേശ്വരം | 254 | 3323000 |
| 2 | കാസർഗോഡ് | 329 | 4805500 |
| 3 | കാഞ്ഞങ്ങാട് | 241 | 3631000 |
| 4 | ഉദുമ | 194 | 2517350 |
| 5 | തൃക്കരിപ്പൂർ | 302 | 4601500 |
| ആകെ | | 1320 | 18878350 |

പട്ടികവർഗ്ഗ വിഭാഗത്തിൽ ആകെ 846 അപേക്ഷകൾ ലഭിച്ചു. മണ്ഡലം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | മണ്ഡലം | അപേക്ഷകരുടെ എണ്ണം | തുക |
|---|---|---|---|
| 1 | മഞ്ചേശ്വരം | 88 | 818105 |
| 2 | തൃക്കരിപ്പൂർ | 93 | 816173 |
| 3 | ഉദുമ | 216 | 1219023 |
| 4 | കാസർഗോഡ് | 175 | 917207 |
| 5 | കാഞ്ഞങ്ങാട് | 274 | 1420019 |
| ആകെ | | 846 | 5190527 |

## പട്ടികജാതി/പട്ടികവർഗ്ഗ മേഖലകളിൽ കണ്ടുവരുന്ന ആരോഗ്യപ്രശ്നങ്ങൾ

37 (2222) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ മേഖലകളിൽ (കോളനികൾ/വനമേഖല ഉൾപ്പെടെ) കണ്ടുവരുന്ന ആരോഗ്യപ്രശ്നങ്ങളും, മറ്റുപ്രധാന പ്രശ്നങ്ങളും പരിഹരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖലയിൽ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റുപ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനുമായി (അവരനുഭവിക്കുന്ന പ്രശ്നങ്ങളും നടത്തിയപരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച വിശദാംശമടക്കം) ഈ സർക്കാർ നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ എത്ര തുക ചെലവാക്കി എന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി)സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ഭാഗമായി പട്ടികജാതി വികസന വകുപ്പ് ബോധവൽക്കരണ പ്രവർത്തനവും മെഡിക്കൽ ക്യാമ്പുകളും നടത്താറുണ്ട്. കൂടാതെ ആരോഗ്യ വകുപ്പിൽ നിന്നും മഴക്കാല പകർച്ച രോഗനിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. 29 പ്രത്യേക ഹോമിയോ ക്ലിനിക്കുകൾ വിവിധ സങ്കേതങ്ങളിലായി പ്രവർത്തിക്കുന്നുണ്ട്. പട്ടികജാതി

വികസന വകുപ്പ്, ആയൂർവ്വേദ വകുപ്പ്, ഹോമിയോ വകുപ്പ് എന്നീ വകുപ്പുകൾ സംയുക്തമായി ' ഹരികിരണം' എന്ന പദ്ധതി തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ നടത്തിയിട്ടുണ്ട്. ഇതിനുപുറമേ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായമായി 1,00,000 രൂപ വരെ നൽകി വരുന്നു.

- സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിപ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. ഐ.ടി.ഡി. പ്രോജക്ടാഫീസർമാർ/പട്ടികവർഗ്ഗ വികസന ആഫീസർമാർ മുഖേനയും വകുപ്പ് അദ്ധ്യക്ഷൻ മുഖേനയും ചികിത്സാ ധനസഹായം നൽകുന്നു. കൂടാതെ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വിവിധ രോഗങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവ്വേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവ്വേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ഇടുക്കി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. HLL (Hindustan Lifecare Limited) മുഖേന വകുപ്പിന് കീഴിൽ മലപ്പുറം, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

- കൂടാതെ കൊല്ലം, ഇടുക്കി, പാലക്കാട്, കാസർഗോഡ്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ KMSCL (Kerala Medical Services Corporation Limited) മുഖേന ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ പുതുതായി മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനും വയനാട്, പാലക്കാട് എന്നിവിടങ്ങളിൽ ഓരോ യൂണിറ്റുകൂടി ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

- അട്ടപ്പാടി മേഖലയിൽ പോഷകാഹാരക്കുറവുമൂലമുള്ള അസുഖങ്ങളുടെ ചികിത്സയ്ക്കായി മൂന്ന് NRC (Nutrition Rehabilitation Centre) കളും പ്രവർത്തിക്കുന്നു.

- സിക്കിൾസെൽ അനീമിയ രോഗികൾക്ക് മരുന്ന്, മറ്റ് ജീവനോപാധികൾ എന്നിവ വാങ്ങുന്നതിലേയ്ക്കായി പ്രതിമാസം 2,500 രൂപ വീതം സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം 1,000 രൂപ വീതം 18 മാസത്തേക്ക് നൽകുന്ന ജനനി ജന്മരക്ഷാ പദ്ധതിയും പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു.

- കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യ സഹായ പദ്ധതി, അട്ടപ്പാടി മേഖലയിൽ പാകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

- സാമൂഹ്യനീതി വകുപ്പിൻകീഴിൽ അങ്കണവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകിവരുന്നു. പ്രീ സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവയും വിതരണം ചെയ്യുന്നു. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായി സബല കിറ്റുകൾ വിതരണം ചെയ്യുന്നു. പോക്ഷകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം നടപ്പിലാക്കിവരുന്നു. കുട്ടികൾക്കായി അമൃതം ന്യൂട്രിമിക്സ് ഗർഭിണികൾക്കും കുട്ടികൾക്കും അയൺ ഫോളിക് ആസിഡ് ഗുളികകൾ എന്നിവയും വിതരണം ചെയ്യുന്നു.

- അട്ടപ്പാടിയിലെ പരമ്പരാഗത കൃഷിരീതികളെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കൃഷിവകുപ്പുമായി സഹകരിച്ച് "മില്ലറ്റ് വില്ലേജ്" എന്ന പദ്ധതി നടപ്പിലാക്കുന്നു.

(സി) 2016-17 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്ന പദ്ധതി 45,99,28,104 രൂപയും 2017-18 സാമ്പത്തിക വർഷം 28-2-2017 വരെ 35,74,94,500 രൂപയും ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലകളിൽ മേൽ പരാമർശിത പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

1. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി - 33.86 കോടി

2. ജനനി ജന്മരക്ഷാ പദ്ധതി -13.06 കോടി

3. അരിവാൾ രോഗികൾക്കുള്ള സമാശ്വാസ സഹായം - 3.34 കോടി

4. ഭവന നിർമ്മാണവും പുനരുദ്ധാരണവും - 329.71 കോടി

5. റോഡ് -14.54 കോടി

6. ഭൂമി വാങ്ങിനൽകുന്ന പദ്ധതി -25.27 കോടി

7. ഭക്ഷ്യസഹായ പദ്ധതി - 40.86.

8. അഗതി മന്ദിരങ്ങൾ - 2.65 കോടി

9. കമ്മ്യൂണിറ്റി കിച്ചൺ - 14.94 കോടി

10. കുടിവെള്ള പദ്ധതി - 2.80 കോടി

11. വൈദ്യുതീകരണം - 15.42 കോടി

12. അതിക്രമം തടയൽ നിയമം നടപ്പിലാക്കൽ - 54 ലക്ഷം

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കായി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ**

38 (2223) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിചെയ്യുന്ന സ്ത്രീകൾക്കായി എത്ര വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ പണിയാൻ സാധിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിക്കായി ഈ സാമ്പത്തിക വർഷം വകയിരുത്തിയ തുകയുടെ എത്ര ശതമാനം ഇതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലി ചെയ്യുന്ന സ്ത്രീകൾക്കായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിലായി മൂന്ന് വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിക്കാനാണ് 2017-18 സാമ്പത്തിക വർഷം

ലക്ഷ്യമിട്ടിരുന്നത്. തിരുവനന്തപുരത്ത് പേരൂർക്കടയിൽ കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ ഉടമസ്ഥതയിലുള്ള രണ്ടേക്കർ സ്ഥലത്ത് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ആയതിനായി കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതുപ്രകാരം ഹോസ്റ്റൽ നിർമ്മാണത്തിന് 5,45,58,846 രൂപയുടെ ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. കോഴിക്കോട് കുന്ദമംഗലത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പതിനഞ്ച് സെന്റ് സ്ഥലത്ത് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൊച്ചിയിൽ സ്ഥലം കണ്ടെത്തിയിട്ടില്ല. ഭൂമി ലഭ്യമാകുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) Expenditure ആയിട്ടില്ല. പ്രവൃത്തിയുടെ പുരോഗതിയ്ക്കനുസരിച്ച് പി.ഡബ്ല്യൂ.ഡി. നോംസ് പ്രകാരം ഫണ്ട് റിലീസ് ചെയ്യുന്നതാണ്.

**കോഴിക്കോട് ജില്ലയിൽ ഹോസ്റ്റൽ**

39 (2224) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി കോഴിക്കോട് ജില്ലയിൽ ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ കുന്ദമംഗലത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 15 സെന്റ് സ്ഥലത്ത് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലി ചെയ്യുന്ന സ്ത്രീകൾക്കായി പ്രധാനപ്പെട്ട നഗരങ്ങളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായാണ് കുന്ദമംഗലത്ത് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കുന്നത്. ഇതിനായി കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി 4,61,45,492 രൂപയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും സമർപ്പിച്ചിട്ടുണ്ട്.

**ജപ്തി നടപടികൾ നേരിടുന്നവർക്ക് കടാശ്വാസ പദ്ധതികൾ**

40 (2225) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ വിവിധ ആവശ്യങ്ങൾക്കായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്ത്, ആയത് തിരിച്ചടയ്ക്കാൻ സാധിക്കാതെ ജപ്തിനടപടികൾ നേരിടുന്ന എത്ര കേസ്സുകൾ നിലവിലുണ്ട്;

(ബി) ഇതിൽ പട്ടികജാതിക്കാരുടേത് എത്രയെണ്ണമെന്നും പട്ടികവർഗ്ഗക്കാരുടേത് എത്രയെണ്ണമെന്നും അറിയിക്കുമോ;

(സി) ജപ്തിനടപടികൾ നേരിടുന്നവരെ സഹായിക്കാൻ എന്തെങ്കിലും കടാശ്വാസ പദ്ധതികൾ നിലവിലുണ്ടോ: ഇല്ലെങ്കിൽ എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി)

പട്ടികജാതി വിഭാഗം

പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ വീഴ്ചവരുത്തി ജപ്തിനടപടികൾ നേരിടുന്ന 3500 കേസ്സുകൾ നിലവിലുണ്ട്. മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശികയായി ജപ്തി നടപടികൾ നേരിടുന്നവരുടെ വിവരം ശേഖരിച്ചിട്ടില്ല.

പട്ടികവർഗ്ഗ വിഭാഗം

വിവിധ ആവശ്യങ്ങൾക്കായി പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത്, തിരിച്ചടയ്ക്കാതെ ജപ്തിനടപടികൾ നേരിടുന്ന പട്ടികവർഗ്ഗത്തിൽപ്പെട്ട 51 ഗുണഭോക്താക്കളുണ്ട്.

(സി) പട്ടികജാതി വിഭാഗം

പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ

വായ്പകളിൽ മുതലുംപലിശയും പിഴപ്പലിശയും ഉൾപ്പെടെ കുടിശ്ശികയായ ഒരു ലക്ഷം രൂപ വരെ എഴുതിതള്ളുന്നതിന് 30-3-2015-ലെ സ.ഉ.(പി) നമ്പർ 24/2015/പ.ജ.പ.വ.വി.വ നമ്പർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനുപുറമെ മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതിപ്രകാരം മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ച വായ്പകളിൽ കടാശ്വാസം അനുവദിക്കുന്നതിനും മുതലും മുതലിന്റെ പകുതിയും തിരിച്ചടച്ച കേസ്സുകളിൽ ഇരട്ടിയെത്തുന്നതുവരെയുള്ള തുക 24 പ്രതിമാസ ഗഡുക്കളായി ക്രമീകരിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗം

ജപ്തി നടപടികൾ നേരിടുന്നവരെ സഹായിക്കാൻ സർക്കാരിന്റെ വിവിധ കടാശ്വാസ പദ്ധതികൾ നിലവിലുണ്ട്.

സംസ്ഥാന സർക്കാരിന്റെകീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും അഞ്ച് ലക്ഷം രൂപവരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഒന്നരയിരട്ടിയെങ്കിലും തിരിച്ചടച്ചിട്ടുള്ളവർക്ക് മുതലിന്റെ ഇരട്ടിയെത്തുന്നതുവരെയുള്ള കുടിശ്ശികത്തുക പലിശയും പിഴപ്പലിശയും ഒഴിവാക്കി. 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് സർക്കാർ ഉത്തരവ് (പി) നമ്പർ 118/2016/ധന തീയതി 20-8-2016 പ്രകാരം മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി നിലവിലുണ്ട്.

കൂടാതെ പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 1-4-2006 മുതൽ 31-3-2014 വരെയുള്ള കാലത്ത് തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വായ്പകളിൽ ഒരു ലക്ഷം രൂപവരെയുള്ള ഇളവ് സ.ഉ.(അ) നമ്പർ 71/2015/പജപവവിവ. തീയതി 1-10-2015 പ്രകാരം അനുവദിച്ചിട്ടുണ്ട്.

**ജപ്തിഭീഷണി നേരിടുന്ന പട്ടികജാതി/പട്ടികവർഗ്ഗക്കാർ**

41 (2226) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണത്തിനുള്ള ഭൂമിവാങ്ങുന്നതിനും ഭവന നിർമ്മാണത്തിനും കൃഷി ഭൂമി വാങ്ങുന്നതിനും പെൺമക്കളുടെ വിവാഹത്തിനുമായി കിടപ്പാടത്തിന്റെ ആധാരം പണയപ്പെടുത്തി സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും, കോർപ്പറേഷനുകളിൽ നിന്നും വായ്പ എടുത്ത് തിരിച്ചടയ്ക്കാൻ കഴിയാതെ ജപ്തി ഭീഷണിയും, കുടിയിറക്ക് ഭീഷണിയും നേരിടുന്ന

പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കുമോ;

(ബി) ജപ്തിഭീഷണി നേരിടുന്ന പ്രസ്തുത വിഭാഗക്കാരെ സഹായിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അത്തരം വായ്പകൾ എഴുതിത്തള്ളുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) ശേഖരിച്ചിട്ടില്ല. നിലവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഒരു ലക്ഷം രൂപവരെയുള്ള കടബാധ്യത എഴുതിത്തള്ളുന്നതിന് പദ്ധതി നിലവിലുണ്ട്. 31-3-2010-നകം വായ്പാ തിരിച്ചടവ് കാലാവധി അവസാനിച്ചതും സഹകരണ ബാങ്കുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വാങ്ങിയതുമായ വായ്പാ കുടിശ്ശികയുള്ളവർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുക. പട്ടികവർഗ്ഗ വിഭാഗത്തിൽ 31-3-2014-ൽ വായ്പാ തിരിച്ചടവ് കാലാവധി കഴിഞ്ഞ വായ്പകൾക്കും മേൽ ആനുകൂല്യം ലഭിക്കുന്നതാണ്.

**പട്ടികവിഭാഗത്തിൽപ്പെടുന്നവർക്കായി വായ്പ**

42 (2227) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് സംസ്ഥാന സർക്കാർ 2017-18 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന തുകയെത്രയെന്നും ഇതിന് ആനുപാതികമായി കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട തുകയെത്രയെന്നും അറിയിക്കുമോ;

(ബി) ഇതിൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും അനുവദിച്ച തുക എത്ര വീതമാണ്;

(സി) കേന്ദ്ര വിഹിതത്തിൽ കുറവുണ്ടായെങ്കിൽ കാരണം വിശദമാക്കുമോ;

(ഡി) ഇപ്പോൾ സ്ഥാപനത്തിന്റെ അംഗീകൃത മൂലധനവും അടച്ചു തീർന്ന മൂലധനവും തുല്യമായതിനാൽ പ്രവർത്തന മൂലധനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ട്; ഇത് ചെയ്യാത്തതിനാലാണ് കേന്ദ്ര ഫണ്ട് നഷ്ടപ്പെടുന്നത് എന്നത് പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന് സംസ്ഥാന സർക്കാർ 2017-18 വർഷത്തെ ബജറ്റിൽ SCSP ഇനത്തിൽ 25.00 കോടി രൂപയും TSP ഇനത്തിൽ 25.50 ലക്ഷം രൂപയുമാണ് ഉൾപ്പെടുത്തിയിരുന്നത്. ഇതിന് ആനുപാതികമായി കേന്ദ്രത്തിൽനിന്നും SCSP ഇനത്തിൽ 24.02 കോടി രൂപയും TSP ഇനത്തിൽ 24.50 ലക്ഷം രൂപയും ലഭിക്കേണ്ടതാണ്.

(ബി) ഇതിൽ SCSP ഇനത്തിൽ 7.72 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ share capital പരിധി ഉയർത്തിയശേഷം മാത്രമേ ബാക്കിത്തുക അനുവദിക്കാനാവൂ. ഈ പരിധി കൂട്ടുന്നതിനുള്ള തീരുമാനമെടുക്കുന്ന മുറയ്ക്ക് ബാക്കിത്തുക അനുവദിക്കുന്നതാണ്. എന്നാൽ നാളിതുവരെ കേന്ദ്ര സഹായമൊന്നുംതന്നെ ലഭിച്ചിട്ടില്ല.

(സി) കോർപ്പറേഷന്റെ നിലവിലെ അംഗീകൃത മൂലധനം 150 കോടിയിൽ നിന്നും വർദ്ധിപ്പിക്കേണ്ടതുണ്ടെന്നുള്ളതാണ് കേന്ദ്രവിഹിതം ലഭിക്കാതിരിക്കാനുള്ള കാരണം. അംഗീകൃത മൂലധനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) അംഗീകൃത മൂലധനം 200 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിനായി നിശ്ചിത സമയത്തിനകം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കായംകുളം മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ ഭവനങ്ങൾ**

43 (2228) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ പലകാരണങ്ങളാൽ പണി പൂർത്തീകരിക്കാത്ത വീടുകൾ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കായംകുളം മണ്ഡലത്തിൽ ഇത്തരം എത്ര വീടുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; ഇത്തരം വീടുകൾ കണ്ടെത്തി പണി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)കായംകുളം മണ്ഡലത്തിൽ നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

പട്ടികവർഗ്ഗ വിഭാഗം

| ക്രമ നമ്പർ | പഞ്ചായത്ത് | എണ്ണം |
|---|---|---|
| 1 | കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് | 2 |
| 2 | പത്തിയൂർ ഗ്രാമപഞ്ചായത്ത് | 5 |
| 3 | വെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്ത് | 2 |
| 4 | കായംകുളം മുനിസിപ്പാലിറ്റി | 6 |
| | ആകെ | 15 |

ടി വീടുകൾ Life Mission പദ്ധതിയിൽ ഉൾപ്പെടുത്തി പണി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽ പൂർത്തീകരിക്കാനുള്ള 50 വീടുകൾ സ്പിൽഓവർ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി വീടൊന്നിന് 4 ലക്ഷം രൂപയ്ക്ക് ആനുപാതികമായ നിരക്കിലാണ് തുടർന്നുള്ള ഗഡുക്കൾ അനുവദിച്ചിട്ടുള്ളത്.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ ഭവന നിർമ്മാണ ധനസഹായം**

44 (2229) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷം ഭവനനിർമ്മാണ ധനസഹായം പദ്ധതിയിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി വിഭാഗക്കാർക്ക് തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) മേൽ പദ്ധതിപ്രകാരം ആലത്തൂർ മണ്ഡലത്തിൽ 2017-18 ൽ എത്ര തുക അനുവദിച്ചു എന്നുള്ളതിന്റെ വിശദാംശം നൽകാമോ?

ഉത്തരം

(എ) 76 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ സഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ആലത്തൂർ മണ്ഡലത്തിൽ ഭവന നിർമ്മാണ ധനസഹായത്തിനായി തെരഞ്ഞെടുത്ത 76 ഗുണഭോക്താക്കൾക്കായി 61,90,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

**ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾ**

45 (2230) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ഭവനരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭവനരഹിതരായ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കായംകുളം മണ്ഡലത്തിൽ നിലവിൽ 146 ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുണ്ട്.

(ബി) ഗ്രാമപ്രദേശത്ത് രണ്ട് സെന്റും നഗരപ്രദേശങ്ങളിൽ കുറഞ്ഞത് ഒന്നര സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട ഭവനരഹിതർക്കാണ് വ്യവസ്ഥകൾക്കുവിധേയമായി മുൻഗണനാക്രമത്തിൽ ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നത്. 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി 7000 വീടുകൾ നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുപരിയായി, 2018-19 വർഷം ഭവനരഹിതരായ എല്ലാ കുടുംബങ്ങൾക്കും ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതികളിൽ പ്രസ്തുത ഭവനരഹിതരെ ഉൾപ്പെടുത്താവുന്നതാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവനപദ്ധതി

46 (2231) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവനപദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സ്വന്തമായി സ്ഥലവും, വീടുമില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ കാലാവധി പൂർത്തിയാക്കുന്നതോടെ സംസ്ഥാനത്ത് സ്ഥലവും വീടുമില്ലാത്ത പട്ടിജാതി-പട്ടികവർഗ്ഗക്കാരുണ്ടാകില്ലെന്ന പ്രഖ്യാപനത്തിലേക്കുള്ള പുരോഗതി എത്രമാത്രം പ്രാവർത്തികമാക്കിയെന്ന് വ്യക്തമാക്കുമോ;

(ഡി) വിവിധ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം പൂർത്തീകരിക്കാനാകാത്ത പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവനനിർമ്മാണം പുനരാരംഭിക്കുന്നതിൽ കൈവരിച്ച പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

പട്ടികജാതി വിഭാഗം

2007-08 മുതൽ അനുവദിച്ചിട്ടുള്ളതും എന്നാൽ 31-3-2017-ന് പ്രവൃത്തി പൂർത്തിയാകാത്തതുമായ 25773 സ്പിൽ ഓവർ വീടുകളിൽ 7376-ഉം 2017-18-ൽ അനുവദിച്ച 7000 വീടുകളിൽ 136-ഉം വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗം

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വികസന വകുപ്പ് മുഖേന സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ ഹൗസിംഗ്, എ.റ്റി.എസ്.പി. ഭവന പദ്ധതി, ഹഡ്കോ ഭവന പദ്ധതി, വി.കെ.വൈ. ഭവന പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2011-12 മുതൽ 2016-17 വരെ അനുവദിച്ചു നൽകിയ 24314 വീടുകളിൽ നാളിതുവരെ 6823 വീടുകൾ പൂർത്തീകരിക്കുകയും ശേഷിക്കുന്ന 17491 വീടുകൾ വിവിധ ഘട്ടങ്ങളിലായി പണി പുരോഗമിച്ചുവരികയും ചെയ്യുന്നു. ഇവയിൽ 2015-16 വരെ അനുവദിച്ച 12928 വീടുകൾ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇത്തരം ഭവനനിർമ്മാണ പദ്ധതികളുടെ പുരോഗതി എല്ലാ മാസവും വിലയിരുത്തുകയും ലക്ഷ്യസാക്ഷാത്കാരം ത്വരിതഗതിയിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(ബി)

| പട്ടികജാതി | പട്ടികവർഗ്ഗം |
|---|---|
| ഭൂരഹിതർ - 43282<br>ഭവനരഹിതർ - 48154 | ഭവന ഭൂ രഹിതർ - 26770<br>സ്വന്തമായി ഭൂമിയുള്ള ഭവന രഹിതർ<br>- 15176 |

(സി) സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതരും ഭവന രഹിതരുമായ പട്ടികജാതി കുടുംബങ്ങൾക്കും വാസയോഗ്യമായ ഭവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2016-17 വർഷം 14946 വീടുകളും 2017-18 വർഷം 7000 പുതിയ വീടുകളും വകുപ്പിന്റെ ഭവനനിർമ്മാണ ധനസഹായ പദ്ധതിപ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ 7487 പേർക്ക് ഭൂമി നൽകുന്ന പദ്ധതിപ്രകാരം ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ് മിഷൻ) പ്രകാരം സ്വന്തമായി ഭൂമിയുള്ളവർക്ക് 4 ലക്ഷം രൂപ നിരക്കിൽ വീട് നിർമ്മിക്കുന്നതിനും ഭൂമിയും വീടും ഇല്ലാത്ത കുടുംബങ്ങൾക്ക് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭവന സമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതിനുമാണ് ലക്ഷ്യമിടുന്നത്. 2015-16 വർഷം വരെയുള്ള സ്പിൽഓവർ പദ്ധതികളും ലൈഫ് മിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സമാന രീതിയിൽത്തന്നെ ഭവന ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിക്കുന്നതിനുള്ള ഊർജ്ജിത നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതോടെ പ്രഖ്യാപിതലക്ഷ്യം കൈവരിക്കും.

(ഡി) പട്ടികജാതി വികസന വകുപ്പ് മുഖേന 2007-08 വർഷം മുതൽ 2015-16 വർഷംവരെ അനുവദിച്ചതിൽ 31-3-2016-ന് പണി പൂർത്തിയാകാതെ അവശേഷിച്ച 16363 വീടുകളിൽ 4567 വീടുകൾ 2016-17 വർഷവും 2007-08 മുതൽ 2016-17 വർഷംവരെ അനുവദിച്ചതിൽ 31-3-2017-ന് പൂർത്തിയാകാതെ അവശേഷിച്ച 25773 വീടുകളിൽ 7376 വീടുകൾ 2017-18 വർഷവും പൂർത്തീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ 12928 പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള വീടുകളിൽ 746 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

**ഭൂരഹിതരായും വീടില്ലാത്തവരുമായ ആദിവാസികൾ/പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം**

47 (2232) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ഭൂരഹിതരായും വീടില്ലാത്തവരുമായ ആദിവാസികൾ/പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം ആയിട്ട് എത്രപേരുണ്ടായിരുന്നുവെന്നുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ ഇവരിൽ എത്ര പേർക്ക് വീടും /ഭൂമിയും വീടും(വിഭാഗം തിരിച്ച്) നൽകി വിശദാംശം ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത വിഭാഗങ്ങളിലുള്ള എത്ര പേർക്ക് പ്രസ്തുത സഹായം ലഭ്യമാക്കിയെന്ന വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ 45225 പട്ടികജാതി വിഭാഗക്കാരും 12435 പട്ടികവർഗ്ഗക്കാരും ഭൂരഹിതരായുണ്ടായിരുന്നു.

ഭവനരഹിതരായ 26210 പട്ടികജാതി വിഭാഗക്കാരും സ്വന്തമായി ഭൂമിയുള്ളവരിൽ ഭവനരഹിതരായ 15149 പട്ടികവർഗ്ഗ വിഭാഗക്കാരും ഉണ്ടായിരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വകുപ്പിൽ ആകെ 21946 വീടുകൾ അനുവദിക്കുകയും അതിൽ 6455 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു. ഇതിനുപുറമേ ഈ സർക്കാർ വരുമ്പോൾ spill over ആയി ഉണ്ടായിരുന്ന 16360 വീടുകളിൽ 6953 വീടുകളും പൂർത്തീകരിച്ചു.

ഭവനരഹിതരായ 6709 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിവിധ പദ്ധതിയിലുൾപ്പെടുത്തി പുതിയ വീടുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഭൂമി വാങ്ങി നൽകുന്ന പദ്ധതിയിൽപ്പെടുത്തി 248 ഗുണഭോക്താക്കൾക്കായി 81.983 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. 34 പേർക്ക് ഭൂമി വാങ്ങി നൽകുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി 667 പേർക്കായി 1847 ഏക്കർ ഭൂമി വിതരണം നടത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം ഇത്തരത്തിൽ 915 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭൂമി വിതരണം നടത്തിയിട്ടുണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 30063 പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിനും 24887 പേർക്ക് ഭവന നിർമ്മാണത്തിനും ആനുകൂല്യം നൽകിയിട്ടുണ്ട്. 30063 വീടുകളിൽ 16360 വീടുകൾ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ spill over ആയി ഉണ്ടായിരുന്നു. ഈ വീടുകൾ പണി കഴിപ്പിക്കുന്നതിനും ആനുകൂല്യം അനുവദിച്ചു.

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന വിവിധ പദ്ധതികളിൽപ്പെടുത്തി 2011-12 മുതൽ 2015-16 വരെ 17605 വീടുകൾ അനുവദിക്കുകയും 2695 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി spill over ആയി വന്നിരുന്നു. കൂടാതെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി ആകെ 509 പേർക്ക് 178.4 ഏക്കർ ഭൂമി വാങ്ങി നൽകുകയും വനാവകാശ നിയമപ്രകാരം 3378 പേർക്ക് 12574 ഏക്കർ ഭൂമിയിന്മേൽ വ്യക്തിഗത കൈവശാവകാശം നൽകുകയും ചെയ്തു.

**പറമ്പിക്കുളം, നെല്ലിയാമ്പതി മേഖലയിലെ വനഭൂമി**

48 (2233) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം, നെല്ലിയാമ്പതി വനമേഖലയിലെ ആദിവാസി വിഭാഗത്തിലുള്ള എത്ര കുടുംബങ്ങൾക്കാണ് വനാവകാശ നിയമപ്രകാരം ഭൂമി നൽകാനുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇവർക്ക് ഭൂമി നൽകാൻ ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പറമ്പിക്കുളം, നെല്ലിയാമ്പതി വനമേഖലയിലെ ആദിവാസി വിഭാഗത്തിലുള്ള 175 കുടുംബങ്ങൾക്കാണ് വനാവകാശ നിയമപ്രകാരം ഭൂമി നൽകാനുള്ളത്.

(ബി) ഭൂരഹിതർക്ക് ഭൂമി നൽകുന്ന പദ്ധതി, വനാവകാശ നിയമം, പുനരധിവാസ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ടി കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മണലൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി

49 (2234) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി മണലൂർ മണ്ഡലത്തിലെ ചൂണ്ടൽ പഞ്ചായത്തിലെ പെരുമല എസ്.സി. കോളനിയിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) 18-1-2018-ന് ഉദ്ഘാടനം കഴിഞ്ഞ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

(ബി) പ്രവൃത്തികൾ എത്രയുംവേഗം ആരംഭിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കൊച്ചിൻ ദേവസ്വം ബോർഡ് വകയായതിനാൽ പ്രസ്തുത സ്ഥലം വിട്ടുനൽകുന്നതിന് ബോർഡ് അധികൃതരോട് അഭ്യർത്ഥിച്ചിട്ടുള്ളതും ദേവസ്വം ബോർഡ് എഞ്ചിനീയർ സ്ഥല പരിശോധന നടത്തിയിട്ടുള്ളതുമാണ്. സ്ഥലം ഉടൻ കൈമാറ്റം ചെയ്ത് നൽകാമെന്ന് അറിയിച്ചിട്ടുമുണ്ട്. കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം ഒരു സ്വകാര്യ വ്യക്തിയിൽ നിന്നുള്ള ഇഷ്ടദാനമാണ്. നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി സ്ഥലം കൈമാറി ലഭിക്കേണ്ടതുണ്ട്.

## വർക്കല മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

50 (2235) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി വർക്കല നിയോജകമണ്ഡലത്തിൽ നവീകരണത്തിനായി തെരഞ്ഞെടുത്ത കോളനികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനികളുടെ നവീകരണത്തിന് എത്ര രൂപയാണ് ചെലവഴിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി അനുസരിച്ച് ഒരു പട്ടികജാതി കോളനി നവീകരിക്കുന്നതിന് എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി വർക്കല നിയോജകമണ്ഡലത്തിൽ നിന്നും ഇ. പി. കോളനി, പുളിയറക്കോണം, കൈപ്പടക്കോണം എന്നീ കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി&സി) അംബേദ്കർ ഗ്രാമം പദ്ധതി അനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ഓരോ കോളനിക്കും പരമാവധി ഒരു കോടി രൂപാവീതം വിനിയോഗിക്കാവുന്നതാണ്.

**പുനലൂർ മണ്ഡലത്തിലെ കരുപ്പോട്ടിക്കോണം കോളനി**

51 (2236) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ ഇടമുളക്കൽ ഗ്രാമപഞ്ചായത്തിലെ ഇടയം കരുപ്പോട്ടിക്കോണം കോളനിയുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 20-12-2017 ൽ പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ നൽകിയ ഉത്തരവ് പ്രകാരം പ്രസ്തുത കോളനിയിലെ പണി പൂർത്തിയാക്കാത്ത വീടുകളുടെ നിർമ്മാണം,പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ വിവിധ ധനസഹായമുപയോഗിച്ച് പൂർത്തീകരിക്കണമെന്ന് ഉത്തരവായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പിൽ വരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കോളനിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. കോളനിയിൽ ടാർ/കോൺക്രീറ്റ് റോഡ്, വൈദ്യുതി എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ്. കൂടാതെ അങ്കണവാടി പ്രവർത്തിക്കുന്നുമുണ്ട്.

(ബി) ഇപ്രകാരമുള്ള ഉത്തരവ് ലഭിച്ചിട്ടില്ല.

(സി) 2012-13 വർഷത്തെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി 99,63,892 രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

## അട്ടപ്പാടി ബ്ലോക്കിലെ പട്ടികവർഗ്ഗ കോളനികളുടെ വികസനം

52(2237) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനത്തിനായി നടപ്പിലാക്കിയ മാതൃകാ കോളനികൾ, ഹാംലെറ്റ് വികസന പദ്ധതികൾ എന്നിവയ്ക്കായി 2016-17, 2017-18 എന്നീ വർഷങ്ങളിൽ എന്ത് തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുകയിൽ നിന്നും അട്ടപ്പാടി ബ്ലോക്കിലെ വികസന പദ്ധതികൾക്ക് അനുവദിച്ച തുകയുടെ വിശദാംശം നൽകുമോ;

(സി) അട്ടപ്പാടി ബ്ലോക്കിലെ ഏതെല്ലാം പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മോഡൽ കോളനികൾക്കായി 2016-17, 2017-18 വർഷങ്ങളിൽ തുക അനുവദിച്ചിട്ടില്ല. ഹാംലെറ്റ് വികസന പദ്ധതിക്കായി അനുവദിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി & സി) 2016-17, 2017-18 വർഷങ്ങളിൽ തുക അനുവദിച്ചിട്ടില്ല.

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ താമസിക്കുന്ന കോളനികൾ/സങ്കേതങ്ങൾ

53 (2238) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ താമസിക്കുന്ന എത്ര കോളനികൾ/സങ്കേതങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ജില്ലയിൽ എത്ര മോഡൽ കോളനികൾ നിലവിലുണ്ടെന്നും ഇവിടേക്കായി എത്ര കോടി രൂപ ചെലവാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർ താമസിക്കുന്ന കോളനികൾ/സങ്കേതങ്ങൾ ഇപ്രകാരമാണ്.

| | | |
|---|---|---|
| പട്ടികജാതി സങ്കേതങ്ങൾ | - | 540 |
| പട്ടികവർഗ്ഗ സങ്കേതങ്ങൾ | - | 1262 |

(ബി) അംബേദ്കർ ഗ്രാമവികസന പരിപാടിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ 10 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. നാളിതുവരെ 400 കോടി രൂപ ഈ കോളനികൾക്കായി അനുവദിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ മോഡൽ കോളനികൾ നിലവിലില്ല.

**നിലമ്പൂരിലെ ആദിവാസി സെറ്റിൽമെന്റുകൾ**

54 (2239) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ താലൂക്കിൽ എത്ര ആദിവാസികളുണ്ടെന്ന് പ്രദേശംതിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ;

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ എത്ര ആദിവാസി സെറ്റിൽമെന്റുകളുണ്ടെന്ന് അറിയിക്കുമോ; ഓരോ കോളനിയിലെയും ആദിവാസി കുടുംബങ്ങളുടെ എണ്ണം ലഭ്യമാക്കുമോ;

(സി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ആദിവാസി കോളനികളിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും പരിഗണനയിലിരിക്കുന്നതുമായ പദ്ധതികളുടെ തുകയുൾപ്പെടെയുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഉച്ചക്കുളം, തീക്കടി കോളനി ഉൾപ്പെടെയുള്ള ഹാംലറ്റ് പദ്ധതികളുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ;

(ഇ) ഇതുമായി ബന്ധപ്പെട്ട ഫയൽ നടപടികളിലെ കാലതാമസം ഒഴിവാക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ താലൂക്കിൽ ആകെ 14013 പട്ടികവർഗ്ഗക്കാരുണ്ട്. പ്രദേശം തിരിച്ചുള്ള കണക്ക് അനുബന്ധമായി * ചേർക്കുന്നു.

(ബി) നിലമ്പൂർ നിയോജക മണ്ഡലത്തിൽ 171 ആദിവാസി സെറ്റിൽമെന്റുകളുണ്ട്. ഓരോ കോളനിയിലെയും ആദിവാസി കുടുംബങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ആദിവാസി കോളനികളിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും പരിഗണനയിലിരിക്കുന്നതുമായ പദ്ധതികളുടെ വിശദാംശം അനുബന്ധം - III+ ആയി ചേർക്കുന്നു.

(ഡി) ഉച്ചക്കുളം, തീക്കടി കോളനികളെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലുൾപ്പെടുത്തി ടി കോളനികളിൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(ഇ) ഡി.പി.ആർ. തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട ഏജൻസി നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് അടിയന്തരമായി ലഭ്യമാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## കരുനാഗപ്പള്ളി മണ്ഡലത്തിൽ സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി

55 (2240) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഏതെല്ലാം ഗ്രാമങ്ങളെയാണ് സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി വികസന പ്രവൃത്തികൾ നടത്തിവരുന്നത്; പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസി ഏതാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കോളനികളുടെ വികസനം ഏതുഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇവിടെ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ഡി) എത്രയും വേഗം പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ-ഡി) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ നിന്നും സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിൽ കോളനികൾ ഒന്നുംതന്നെ ഉൾപ്പെടുത്തിയിട്ടില്ല.

**അയിത്തം**

56 (2241) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിത്തം കൽപ്പിച്ച് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹിക ജീവിതത്തെയും സഞ്ചാര സ്വാതന്ത്ര്യത്തേയും തടസ്സപ്പെടുത്തുന്നതായ പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(ബി) വടയമ്പാടിയിലുണ്ടായ സഞ്ചാര സ്വാതന്ത്ര്യം സംബന്ധിച്ച വിഷയത്തിലും അശാന്തനെന്ന കലാകാരന്റെ മൃതദേഹം ലളിതകലാ അക്കാദമിയുടെ ഡർബാർ ഹാളിൽ പൊതുദർശനത്തിനുവക്കുന്നത് തടസ്സപ്പെടുത്തിയ സംഭവത്തിലും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വടയമ്പാടി ഭജനമഠം മൈതാനം, കുന്നത്തുനാട് താലൂക്കിലെ ഐക്കരനാട് വില്ലേജിലെ സർവ്വേ നമ്പർ 44 റീ സർവ്വേ നമ്പർ 233/24-ൽപ്പെട്ട 95 സെന്റ് ഭൂമി അടങ്ങുന്നതാണ്. റവന്യൂ പുറമ്പോക്കായിരുന്ന ടി സ്ഥലം ഭജനമഠം പട്ടികജാതി കോളനിയിലെ ജനങ്ങളും മറ്റ് നാട്ടുകാരും പൊതു ആവശ്യങ്ങൾക്കായി ഉപയോഗിച്ചു വന്നിരുന്നതാണ്. എന്നാൽ 1981 ജൂലൈ 9-ാം തീയതി ടി ഭൂമിക്ക് പട്ടയം ലഭിച്ചു എന്ന വാദം ഉയർത്തി വടയമ്പാടി ക്ഷേത്ര ഭരണസമിതി 2017 മാർച്ച് മാസത്തിൽ ഈ മൈതാനത്തിന് ചുറ്റുമതിൽ കെട്ടിയിരുന്നു.

ആയതിനെതിരെ കോളനിയിലെ ജനങ്ങളും ടി മൈതാനം ഉപയോഗിച്ചിരുന്ന മറ്റ് പൊതുജനങ്ങളും പ്രതിഷേധിക്കുകയും പൊതുമൈതാനമാണെന്ന നിലപാട് ഉയർത്തുകയും ചെയ്തു. ഇതിന്റെ ഭാഗമായി ആക്ഷൻ കൗൺസിൽ രൂപീകരിക്കുകയും 2017 ഏപ്രിൽ 14-ന് ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ മതിൽ പൊളിക്കുകയും ചെയ്തു.

തുടർന്ന് കോടതിവിധിയുടെ അടിസ്ഥാനത്തിൽ മതിൽ കെട്ടുവാൻ ക്ഷേത്ര ഭരണസമിതി വീണ്ടും ശ്രമിച്ചപ്പോൾ ആക്ഷൻ കൗൺസിൽ സമരപ്പന്തൽ സ്ഥാപിച്ച് സമരം നടത്തി വരികയായിരുന്നു.

2018-ലെ ക്ഷേത്ര ഉത്സവത്തോടനുബന്ധിച്ച് ക്ഷേത്രഭരണസമിതിയുടെ ആവശ്യപ്രകാരം ടി സമരപ്പന്തൽ പൊളിച്ചുമാറ്റുന്നതിന് എറണാകുളം ജില്ലാ കളക്ടർ പോലീസിന് നിർദ്ദേശം നൽകുകയും സമരപ്പന്തൽ പൊളിച്ചുമാറ്റുകയും ചെയ്തു. ഇതിൽ പ്രതിഷേധിച്ച് വിവിധ ജാതി സംഘടനകൾ വടയമ്പാടിയിൽ സമര പരിപാടികൾ നടത്തുകയുണ്ടായി. സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ചുള്ള തർക്കം കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ കോടതിവിധി വരുന്നതുവരെ ഈ വിഷയത്തിൽ വകുപ്പിന്റെ ഭാഗത്തുനിന്നും മറ്റ് നടപടികൾ സ്വീകരിക്കുവാൻ കഴിയാത്തതാണ്. മതിൽ കെട്ടിയതിലൂടെ മൈതാനത്ത് പ്രവേശിക്കുന്നതിനുള്ള തടസ്സം നേരിട്ടുവെങ്കിലും നിലവിൽ മതിൽ പൊളിച്ചുനീക്കിയിട്ടുള്ളതിനാൽ മൈതാനത്ത് പ്രവേശിക്കുന്നതിന് തടസ്സമില്ലാത്തതാണ്.

പ്രശസ്ത ചിത്രകാരനും ശിൽപ്പിയുമായ അശാന്തന്റെ മൃതദേഹം സാംസ്കാരിക സ്ഥാപനമായ ദർബാർ ഹാളിലെ ഗ്യാലറിയുടെ മുറ്റത്ത് പൊതുദർശനത്തിന് വയ്ക്കുവാൻ കേരള ലളിതകലാ അക്കാദമി തീരുമാനിക്കുകയും മൃതദേഹം അവിടെ എത്തുമ്പോൾ എതിർഭാഗത്തുള്ള ക്ഷേത്ര ഭാരവാഹികൾ എന്ന പേരിൽ ചിലർ വന്ന് ക്ഷേത്രപരിസരത്തുകൂടെ മൃതദേഹം കൊണ്ടുപോകുന്നത് തടയുവാൻ ശ്രമിക്കുകയും ഏതാനും ആളുകൾ അക്കാദമി സെക്രട്ടറിയെ ആക്ഷേപിക്കുകയും ചെയ്തത് സംബന്ധിച്ച് എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 317/18 സെക്ഷൻ 143, 147, 427, 294 (ബി), 506, R/W 149 IPC പ്രകാരം കേസ്സെടുത്തിട്ടുള്ളതും പ്രതികൾ ജാമ്യത്തിൽ പോയിട്ടുള്ളതുമാണ്. അശാന്തന്റെ മൃതദേഹത്തോട് അനാദരവ് കാണിച്ചത് സംബന്ധിച്ച് അതിക്രമം തടയൽ നിയമപ്രകാരം നടപടി സ്വീകരിക്കുവാൻ ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ആദിവാസികളുടെ ക്ഷേമം

57 (2242) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് കടുകുമണ്ണ ട്രൈബൽ ഹാംലെറ്റിലെ പാവപ്പെട്ട ആദിവാസി യുവാവ് മധുവിനെ വിശപ്പടക്കുവാൻ അരി മോഷ്ടിച്ചുവെന്ന കാരണത്താൽ കെട്ടിയിട്ട് മർദ്ദിച്ച് കൊന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആദിവാസി യുവാവിന്റെ മരണത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ആദിവാസികൾക്ക് ആവശ്യമായ ഭക്ഷ്യസാധനങ്ങൾ എത്തിച്ച് നൽകുന്നതിന് സർക്കാർ സംവിധാനങ്ങൾക്ക് സാധിക്കുന്നില്ല എന്നതിന്റെ തെളിവായി ഈ യുവാവിന്റെ മരണത്തെ വിലയിരുത്തുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ആദിവാസി യുവാവിന്റെ മരണത്തിന്റെ പശ്ചാത്തലത്തിൽ ഈ മേഖലയിലെ ട്രൈബൽ ഉദ്യോഗസ്ഥരുടെ അനാസ്ഥ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ഈ മേഖലയിലെ ആദിവാസികളുടെ ക്ഷേമത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മധുവിനെ ഒരു സംഘം ആളുകൾ മർദ്ദിച്ച് കൊലപ്പെടുത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അട്ടപ്പാടിയിൽ കടുകുമണ്ണ ഊരിൽ മല്ലി W/o(Late) മല്ലൻ എന്നിവരുടെ മകൻ ഏകദേശം 27 വയസ്സുള്ള മധു എന്ന മാനസികാസ്വാസ്ഥ്യമുള്ള യുവാവിനെ മോഷണകുറ്റം ആരോപിച്ച് ഒരു സംഘം ആളുകൾ 22-2-2018-ന് ഉച്ചയ്ക്ക് 2 മണിയോടെ കാട്ടിൽ ഇയാൾ താമസിക്കുന്ന സ്ഥലത്തുചെന്ന് പിടിച്ചുകെട്ടി മർദ്ദിക്കുകയും പിന്നീട് മുക്കാലി എന്ന സ്ഥലത്തുവച്ച് പോലീസിൽ ഏൽപ്പിക്കുകയും ചെയ്തിരുന്നു. അഗളി പോലീസ് സ്റ്റേഷനിൽ എത്തുന്നതിന് മുമ്പുതന്നെ അവശനായിരുന്ന മധുവിനെ അഗളി സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ

എത്തിച്ചുവെങ്കിലും മരണമടഞ്ഞിരുന്നു. മാനസിക അസ്വാസ്ഥ്യമുള്ള മധുവിനെ ഇതിനു മുമ്പ് ചികിത്സയ്ക്ക് വിധേയനാക്കുവാൻ ശ്രമിച്ചെങ്കിലും ടിയാൻ വീട്ടിൽ പോകാത്തതിനാൽ ബന്ധുക്കൾ ആരും വരാൻ തയ്യാറല്ലായിരുന്നു. മധു സ്വന്തം വീട്ടിൽനിന്നും അകന്ന് കഴിയുന്നതിനാലും സ്ഥിരമായി ഒരു സ്ഥലത്തല്ല താമസിക്കുന്നത് എന്നതിനാലും ഭക്ഷ്യവസ്തുക്കൾ നൽകുന്നതിനും പ്രയാസമായിരുന്നു. ടിയാന്റെ സഹോദരി സരസു മേലെ തുടുക്കിയിലെ അങ്കണവാടിയിൽ ടീച്ചറാണ്. മറ്റൊരു സഹോദരി ചന്ദ്രികയുടെ ഭർത്താവ് മണ്ണാർക്കാട് സ്റ്റാറ്റിസ്റ്റിക്സ് അസിസ്റ്റന്റാണ്. മധു സഹോദരി ചന്ദ്രികയുടെ വീട്ടിൽ വന്ന് ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോകുമായിരുന്നുവെങ്കിലും ആരോടും സംസാരിക്കാറില്ലായിരുന്നു. ഇതേ സമയം പ്രതിപ്പട്ടികയിൽ ഉണ്ടായിരുന്ന 16 പേരെയും അഗളി പോലീസ് വിവിധ സ്ഥലങ്ങളിൽ നിന്നായി അറസ്റ്റ് ചെയ്യുകയും കോടതി റിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്കെതിരായ അതിക്രമങ്ങൾ തടയൽ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് മധുവിന്റെ ആശ്രിതർക്ക് അർഹതപ്പെട്ട തുക 8,25,000 ന്റെ ആദ്യ ഗഡുവായ 4,25,000 ന്റെ ട്രഷറി ചെക്ക് മധുവിന്റെ അമ്മയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല. മധുവിന്റെ വീട്ടിലേയ്ക്ക് സ്ഥിരമായി റേഷൻ സംവിധാനം വഴിയും ഭക്ഷ്യസഹായ പദ്ധതി വഴിയും ആവശ്യമായ ഭക്ഷണ സാമഗ്രികൾ പതിവായി എത്തിക്കുന്നുണ്ട്. ഇതിനു പുറമേ കമ്മ്യൂണിറ്റി കിച്ചൺ പരിപാടിയിൽ സ്ഥിരമായി ഒരു നേരം പാകം ചെയ്ത ഭക്ഷണം നൽകുന്ന പദ്ധതിയും ഇവിടെ നടത്തിവരുന്നുണ്ട്. എന്നാൽ മധു കുറെക്കാലമായി സ്വന്തം വീട്ടിൽ പോകാതിരിക്കയാലും, വിവിധ വകുപ്പുകളുടെ ഫീൽഡുതല നിരീക്ഷണത്തിന് പിടികൊടുക്കാതെ ഉൾവനത്തിൽ മാറി മാറി താമസിച്ച് വരുന്നതിനാലും ഭക്ഷ്യസാധനങ്ങൾ പ്രായോഗികമായി എത്തിക്കുന്നത് പ്രയാസകരമാണ്.

(ഡി) ശ്രദ്ധയിൽ വന്നിട്ടില്ല. അത്തരമൊരു പ്രശ്നം ഉയർന്നാൽ പരിശോധിക്കുന്നതാണ്.

(ഇ) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നേരെയുള്ള അതിക്രമം**

58 (2243) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നേരെയുള്ള അതിക്രമം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇതിനുള്ള സാഹചര്യമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) അഗളി, കടുകുമണ്ണ ഊരിൽ മധു എന്ന യുവാവ് ആൾക്കൂട്ടത്തിന്റെ മർദ്ദനമേറ്റ് മരണപ്പെട്ട സംഭവം സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തിയോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) ആദിവാസി സമൂഹങ്ങൾക്കായി കോടിക്കണക്കിന് രൂപ ഓരോ വർഷവും ക്ഷേമപ്രവർത്തനങ്ങൾക്കായി ചെലവാക്കുന്നതായി രേഖയുണ്ടെങ്കിലും, അവയൊന്നുംതന്നെ ആദിവാസി വിഭാഗത്തിലെത്തുന്നില്ലായെന്ന ആക്ഷേപം നിലനിൽക്കെ, വിശന്ന് ഭക്ഷണത്തിനായി ആദിവാസി യുവാവ് മോഷണം നടത്തേണ്ട സാഹചര്യം ഉണ്ടായത് പരിശോധിക്കുമോ; വിശദമാക്കാമോ;

(ഡി)കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും ഭക്ഷ്യപാക്കേജ് ഏറ്റവും കൂടുതൽ അനുവദിച്ചിട്ടുള്ള അട്ടപ്പാടിയിൽ കുറമ്പൻ വിഭാഗത്തിൽപ്പെട്ട യുവാവിന് വിശപ്പടക്കാൻ ശ്രമിച്ച അവസരത്തിൽ മരണപ്പെടാൻ ഇടയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആദിവാസി സംരക്ഷണത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) മധുവിന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകിയോ; ടിയാന്റെ മരണത്തിൽ സംസ്ഥാന സർക്കാരിന് ഉത്തരവാദിത്വമുണ്ടെന്ന ആക്ഷേപമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഉയർന്ന നഷ്ടപരിഹാരം നല്കുന്ന കാര്യം പരിഗണിക്കുമോ;വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മധു എന്ന യുവാവ് ആൾക്കൂട്ടത്തിന്റെ മർദ്ദനമേറ്റ് മരണപ്പെട്ട സംഭവം സംബന്ധിച്ച് അട്ടപ്പാടി പ്രോജക്ട് ഓഫീസർ വിവരാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അട്ടപ്പാടിയിൽ കടുകുമണ്ണ ഊരിൽ മല്ലി W/o(Late) മല്ലൻ എന്നിവരുടെ മകൻ മധു (27 വയസ്സ്) മാനസികാസ്വാസ്ഥ്യമുള്ള ആളായിരുന്നു. ടിയാന് വീട് ഉണ്ടായിരുന്നെങ്കിലും വീട്ടിൽ താമസിക്കാറില്ലായിരുന്നു. തൊട്ടടുത്തുള്ള വനത്തിലായിരുന്നു മധു താമസിച്ചിരുന്നത്.

മാനസികാസ്വാസ്ഥ്യമുള്ള യുവാവിനെ മോഷണക്കുറ്റം ആരോപിച്ച് ഒരു സംഘം ആളുകൾ 22.02.2018-ന് ഉച്ചയ്ക്ക് 2 മണിയോടെ കാട്ടിൽ ഇയാൾ താമസിക്കുന്ന സ്ഥലത്ത് ചെന്ന് പിടിച്ചുകെട്ടി മർദ്ദിക്കുകയും പിന്നീട് മുക്കാലി എന്ന സ്ഥലത്തുവച്ച് പോലീസിൽ ഏൽപ്പിക്കുകയും ചെയ്തിരുന്നു. അഗളി പോലീസ് സ്റ്റേഷനിൽ എത്തുന്നതിന് മുമ്പുതന്നെ അവശനായിരുന്ന മധുവിനെ അഗളി സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ എത്തിച്ചുവെങ്കിലും മരണമടഞ്ഞിരുന്നു.

മധുവിന്റെ കുടുംബം മുക്കാലി ചിണ്ടക്കി ഊരിൽ താരതമ്യേന മെച്ചപ്പെട്ട ജീവിതമാണ് നയിക്കുന്നത്. ടിയാന്റെ സഹോദരി സരസു മേലെ തുടുക്കിയിലെ അങ്കണവാടിയിൽ ടീച്ചറാണ്. മറ്റൊരു സഹോദരി ചന്ദ്രികയുടെ ഭർത്താവ് മണ്ണാർക്കാട് സ്റ്റാറ്റിസ്റ്റിക്സ് ഓഫീസിൽ അസിസ്റ്റന്റാണ്. മധു സഹോദരി ചന്ദ്രികയുടെ വീട്ടിൽ വന്ന് ഭക്ഷ്യസാധനങ്ങൾ കൊണ്ടുപോകുമായിരുന്നു. കൂടാതെ മധുവിന്റെ അമ്മ ശ്രീമതി മല്ലിക്ക് അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെടുത്തി ഈ മാസവും 28 കിലോ അരിയും 7 കിലോ ഗോതമ്പും റേഷൻകട വഴി നൽകിയിട്ടുണ്ട്. മധു 2008 മുതൽ 2012 വരെ മാനസിക രോഗത്തിന് ചികിത്സയിലായിരുന്നു. മധു ബന്ധുക്കളിൽ നിന്നും അകന്നുമാറി സർക്കാർ വകുപ്പുകളുടെ ഫീൽഡുതല ഉദ്യോഗസ്ഥർക്കോ ക്ഷേമപ്രവർത്തകർക്കോ പിടിതരാതെ വനത്തിനുള്ളിൽ എല്ലാവരിൽ നിന്നും ഒറ്റപ്പെട്ട് താമസിച്ചുവരികയായിരുന്നു. ഈ പരിതസ്ഥിതിയിലാണ് ഒരു സംഘം ആളുകൾ കാട്ടിൽ കയറി മധുവിനെ മോഷണക്കുറ്റം ആരോപിച്ച് മർദ്ദിച്ചുകൊന്നത്. പ്രതിപ്പട്ടികയിൽ ഉണ്ടായിരുന്ന 16 പേരെയും അഗളി പോലീസ് വിവിധ സ്ഥലങ്ങളിൽ നിന്നായി അറസ്റ്റ് ചെയ്ത് വിയ്യൂർ സെൻട്രൽ ജയിലിൽ റിമാന്റ് ചെയ്തിട്ടുണ്ട്.

(സി&ഡി) ആദിവാസി സമൂഹങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്ന തുക അവരിലേയ്ക്ക് എത്തുന്നില്ലെന്നുള്ള ആക്ഷേപം വസ്തുതാവിരുദ്ധമാണ്.

മാനസിക രോഗിയായിരുന്ന മധു ബന്ധുക്കളിൽനിന്നും അകന്നുമാറി സർക്കാർ വകുപ്പുകളുടെ ഫീൽഡുതല ഉദ്യോഗസ്ഥർക്കോ ക്ഷേമപ്രവർത്തകർക്കോ പിടിതരാതെ വനത്തിനുള്ളിൽ ഒറ്റപ്പെട്ടാണ് താമസിച്ചിരുന്നത്. ഈ സാഹചര്യത്തിലാണ് ഒരു സംഘം ആളുകൾ മധുവിനെ ഭക്ഷ്യസാധനങ്ങൾ മോഷ്ടിച്ചതായി മോഷണക്കുറ്റം ആരോപിച്ച് മർദ്ദിച്ചുകൊന്നത്.

അട്ടപ്പാടി മേഖലയിൽ വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കൃഷി വകുപ്പുമായി സഹകരിച്ചുകൊണ്ട് വകുപ്പ് നടപ്പിലാക്കുന്ന "മില്ലറ്റ് വില്ലേജ് പദ്ധതി" പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ്.

ഭക്ഷ്യസഹായ പദ്ധതിയിലൂടെയും കമ്മ്യൂണിറ്റി കിച്ചൺ പരിപാടിയിലൂടെയും ഭക്ഷ്യവസ്തുക്കൾ അട്ടപ്പാടി മേഖലയിൽ വിതരണം ചെയ്യുന്നതിന് വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. പോഷകാഹാരക്കുറവ് അനുഭവപ്പെടുന്ന മേഖലകളിൽ കിടപ്പുരോഗികൾക്കും പോഷകാഹാര കിറ്റുകൾ വിതരണം നടത്തുന്നുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ഭക്ഷ്യ സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി 11884 കുടുംബങ്ങൾക്ക് 1.80 കോടി രൂപയും 2017-18-ൽ ഏറ്റവും അർഹതപ്പെട്ട 4000 കുടുംബങ്ങൾക്ക് 1.22 കോടി രൂപ (3 തവണ)യും ചെലവഴിച്ചിട്ടുണ്ട്.

ഓണത്തിന് എല്ലാ കുടുംബങ്ങൾക്കും ഓണക്കിറ്റുകൾ നൽകിയിട്ടുണ്ട്. സ്വയം തൊഴിൽ പദ്ധതികളിലൂടെയും നൈപുണ്യ വികസന പദ്ധതികളിലൂടെയും വകുപ്പ് നിരവധി തൊഴിലവസരങ്ങൾ അട്ടപ്പാടിയിൽ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പുമുഖേന നടപ്പിലാക്കിവരുന്ന പോഷകാഹാര വിതരണ പദ്ധതി, കൗമാരക്കാരായ പെൺകുട്ടികൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന സബല പദ്ധതി, ആരോഗ്യ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന മറ്റ് വിവിധ ആരോഗ്യ പദ്ധതികൾ എന്നിവ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്നുണ്ട്.

വിശപ്പടക്കാൻ ശ്രമിക്കവെ യുവാവ് മരണപ്പെട്ടിട്ടില്ല. ആദിവാസി സംരക്ഷണത്തിന് വകുപ്പ് പ്രതിജ്ഞാബദ്ധമാണ്. സർക്കാർ സംവിധാനങ്ങൾ മുഖേന ഭക്ഷ്യവസ്തുക്കൾ എത്തിക്കുന്നതിൽ വന്ന വീഴ്ച മൂലമല്ല മധുവിന്റെ മരണത്തിലേയ്ക്ക് നയിച്ച സംഭവവികാസങ്ങൾ ഉണ്ടായിട്ടുള്ളത്.

കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി - പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 4.84 കോടി രൂപയും സാമൂഹികനീതി വകുപ്പ് മുഖേന 3.00 കോടി രൂപയും ചെലവഴിച്ച് എല്ലാ പട്ടികവർഗ്ഗ ഊരുകളിലും പദ്ധതിയുടെ ഗുണഫലം ലഭ്യമാകുന്ന രീതിയിൽ 172 കമ്മ്യൂണിറ്റി കിച്ചണുകൾ ആരംഭിക്കുകയും 15000 ത്തോളം പട്ടികവർഗ്ഗക്കാർക്ക് ടി പദ്ധതിയുടെ ഗുണഫലം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം 200 തൊഴിൽ ദിനങ്ങൾ ഇപ്പോൾ നൽകിവരുന്നു.

(ഇ) പട്ടികവർഗ്ഗക്കാർക്കെതിരെ അതിക്രമം തടയൽ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് മധുവിന്റെ ആശ്രിതർക്ക് അർഹതപ്പെട്ട 8,25,000 രൂപയുടെ ആദ്യഗഡുവായി 4,25,000 രൂപയുടെ ചെക്ക് മധുവിന്റെ അമ്മയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാർ ധനസഹായമായി 10 ലക്ഷം രൂപ മധുവിന്റെ ബന്ധുക്കൾക്കായി പ്രഖ്യാപിച്ചിട്ടുണ്ട്. സർക്കാർ സംവിധാനങ്ങളുടെ വീഴ്ചയല്ല മധുവിന്റെ മരണത്തിന് കാരണമായത്. ഉയർന്ന നഷ്ടപരിഹാരം നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**പട്ടികജാതി വിഭാഗത്തിലെ വനിതകൾക്ക് അപ്രന്റീസ്ഷിപ്പ് പ്രോഗ്രാം**

59 (2244) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേഴ്സിംഗ് പഠനം പൂർത്തിയാക്കിയ പട്ടികജാതി വിഭാഗത്തിലെ വനിതകൾക്കായി ആരോഗ്യ വകുപ്പുമായി ചേർന്നു കൊണ്ട് അപ്രന്റീസ്ഷിപ്പ് പ്രോഗ്രാം നടപ്പിലാക്കുന്നതിനായി ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആദ്യ ഘട്ടത്തിൽ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

നഴ്സിംഗ് പഠനം പൂർത്തിയാക്കിയ പട്ടികജാതി വിഭാഗത്തിലെ 134 യുവതീ-യുവാക്കൾക്ക് സംസ്ഥാനത്തെ 80 താലൂക്കാശുപത്രികളിൽ ഒരാൾ വീതവും 18 ജില്ലാ ജനറൽ ആശുപത്രികളിൽ 3 പേർ വീതവും കരാർ അടിസ്ഥാനത്തിൽ പ്രതിമാസം 15,000 രൂപ നിരക്കിൽ രണ്ട് വർഷത്തേയ്ക്ക് ആരോഗ്യ വകുപ്പുമായി ചേർന്നുകൊണ്ട് അധിക പ്രവൃത്തി പരിചയം നേടുന്ന പദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

**പട്ടുവം മോഡൽ റെസിഡൻഷ്യൽ സ്കൂൾ**

60 (2245) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിലെ പട്ടുവത്ത് പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ എത്ര അധ്യാപക -

അനദ്ധ്യാപക തസ്തികകൾ നിലവിലുണ്ട്; എത്ര തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഏതൊക്കെ പ്രവൃത്തികളാണ് ഇപ്പോൾ അവിടെ നടന്നുവരുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ഗവ. മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ താഴെപ്പറയുന്ന തസ്തികകൾ അനുവദിച്ചിട്ടുണ്ട്:

1. പട്ടികവർഗ്ഗ വികസന വകുപ്പ് - 21 അനദ്ധ്യാപക തസ്തിക

2. വിദ്യാഭ്യാസ വകുപ്പ്

(എ) ഹൈസ്കൂൾ വിഭാഗം - 13 അദ്ധ്യാപക തസ്തികകൾ

(ബി) ഹയർസെക്കണ്ടറി വിഭാഗം - 17 അദ്ധ്യാപക തസ്തികകൾ

3. ഇതിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെകീഴിൽ 9 തസ്തികകളിലും വിദ്യാഭ്യാസ വകുപ്പിന്റെകീഴിൽ ഹൈസ്കൂൾ സെക്ഷനിൽ 3 തസ്തികകളിലും ഹയർ സെക്കണ്ടറി സെക്ഷനിൽ 4 തസ്തികകളിലും താൽക്കാലിക ജീവനക്കാരാണുള്ളത്.

ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കണ്ണൂർ എം.ആർ.എസ്-ന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുമായുള്ള ടോയ്‌ലെറ്റുകൾ, ശുദ്ധജല വിതരണം എന്നിവയ്ക്കും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കാവശ്യമായ ബെഞ്ച്, ഡെസ്ക്, പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും പ്രൈമറി, റഫറൻസ് പുസ്തകങ്ങൾ എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, റേഡിയോ നിലയം എന്നിവ ടി സ്കൂളിൽ സ്ഥാപിച്ചിട്ടുണ്ട്. ഹൈമാസ്റ്റ് ലൈറ്റ്, വാട്ടർ പ്യൂരിഫയർ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

കൂടാതെ 2016-17 അദ്ധ്യയന വർഷം നടത്തിയ അറ്റകുറ്റ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ഹൈസ്കൂൾ ഹോസ്റ്റൽ ബിൽഡിംഗ് | - | 53,95,854 |
| യു.പി. സ്കൂൾ ഹോസ്റ്റൽ ബിൽഡിംഗ് | - | 42,29,295 |
| മെസ്ഹാൾ ബിൽഡിംഗ് | - | 11,05,000 |
| പ്ലസ്ടു ക്ലാസ്റൂം ബിൽഡിംഗ് | - | 20,03,828 |
| യു.പി. സ്കൂൾ, പ്ലസ്ടു ടോയ്‌ലെറ്റ് ബ്ലോക്ക് | - | 3,64,133 |
| സ്റ്റാഫ് ക്വാർട്ടേഴ്സ് | - | 25,45,698 |
| ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ | - | 15,00,000 |

2017-18 അദ്ധ്യയന വർഷം നവീകരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നവയാണ്:

- ഹയർ സെക്കണ്ടറി ഹോസ്റ്റൽ ബിൽഡിംഗിന്റെ അറ്റകുറ്റപ്പണികൾക്ക് 28,51,390 രൂപ
- ഡ്രൈയിംഗ് ഏരിയ നിർമ്മാണത്തിന് 6,42,478 രൂപ
- വാതിലുകളുടെയും ജനലുകളുടെയും അറ്റകുറ്റപണികൾക്കായി 14,41,878 രൂപ

(സി) പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള കണ്ണൂർ എം.ആർ.എസ്.-ൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു:

1. സ്മാർട്ട് ക്ലാസ്റൂം - നിർമ്മാണം പൂർത്തീകരിച്ചു.

2. സ്കൂൾ റേഡിയോ - പദ്ധതി പൂർത്തീകരിച്ചു.

3. സി.സി.ടി.വി. - പദ്ധതി പൂർത്തീകരിച്ചു.

4. വാട്ടർ പ്യൂരിഫിക്കേഷൻ സിസ്റ്റം - പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു.

5. സ്റ്റീമർ കിച്ചൺ സിസ്റ്റം - പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.

6. മിന്നൽ രക്ഷാചാലകം - പണി നടന്നുകൊണ്ടിരിക്കുന്നു.

7. ഹൈമാസ്റ്റ് ലൈറ്റ് - പണി ആരംഭിച്ചിട്ടുണ്ട്.

2016-17 അദ്ധ്യയന വർഷം അനുമതി നൽകിയ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

1. ഹൈസ്കൂൾ, യു.പി.സ്കൂൾ ഹോസ്റ്റൽ, മെസ്ഹാൾ ഹോസ്റ്റൽ എന്നിവയുടെ ടൈൽ ഇടൽ പൂർത്തിയായി. പെയിന്റിംഗ്, ഗ്രിൽ ഫിറ്റിംഗ് എന്നീ പ്രവർത്തനങ്ങൾ തുടർന്നുവരുന്നു.
2. യു.പി. സ്കൂൾ, പ്ലസ് ടു ടോയ്‌ലെറ്റ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വെക്കേഷനിൽ പൂർത്തിയാക്കുന്നതാണ്.
3. സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണി ആരംഭിച്ചിട്ടുണ്ട്.
4. വൈദ്യുതി അറ്റകുറ്റപ്പണികളുടെ ടെണ്ടർ പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുന്നു.

## പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനുള്ള സ്കോളർഷിപ്പ്

61 (2246) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനുള്ള സ്കോളർഷിപ്പിനുവേണ്ടി നടപ്പ് സാമ്പത്തിക വർഷം എത്ര തുക വകയിരുത്തി; ഇതിൽ ഇതുവരെ എത്ര തുക ചെലവഴിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനായി ഒ.ഇ.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനത്തിൽ പ്ലാൻ ശീർഷകത്തിൽ 31 കോടി രൂപയും നോൺ പ്ലാൻ ശീർഷകത്തിൽ 132 കോടി രൂപയും ചേർത്ത് ആകെ 163 കോടി രൂപ വകയിരുത്തിയിരുന്നു. മുഴുവൻ തുകയും ചെലവഴിച്ചുകഴിഞ്ഞ സാഹചര്യത്തിൽ നോൺ പ്ലാൻ ശീർഷകത്തിൽ അധികമായി 50 കോടി രൂപയും പ്ലാൻ ശീർഷകത്തിൽ 100 കോടി രൂപയും അനുവദിക്കുകയുണ്ടായി. ഈ ഇനത്തിൽ ആകെ 263 കോടി രൂപ ഇതുവരെ ചെലവഴിച്ചു. പ്ലാൻ ശീർഷകത്തിൽ ശേഷിക്കുന്ന 50 കോടി രൂപ മാർച്ച് മാസത്തിൽ ചെലവഴിക്കുന്നതാണ്.

പിന്നോക്ക വിഭാഗം വിദ്യാർത്ഥികൾക്കുള്ള ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്ന പരമാവധി 10 ലക്ഷം രൂപ ഗ്രാന്റായി അനുവദിക്കുന്ന പദ്ധതിയിൽ 2017-18 സാമ്പത്തിക വർഷം 2.7 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽനിന്നും 72.5 ലക്ഷം രൂപ 28-2-2018 വരെ ചെലവഴിച്ചിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഫീസ്

62 (2247)പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം എം.ബി.ബി.എസ്/ബി.ഡി.എസ്സ് കോഴ്സിലുള്ള പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയ തുക എത്ര;

(ബി) ഓരോ സ്വാശ്രയ കോളേജും നിശ്ചയിച്ച ഫീസ് പട്ടികജാതി / പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി വകുപ്പ് അടച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മറ്റുകുട്ടികളിൽനിന്നും 5 ലക്ഷം രൂപ ഡി.ഡി. ആയി വാങ്ങിയപ്പോൾ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ നിന്നും 1,000 രൂപ മാത്രമാണ് വാങ്ങിയെന്നതിനാൽ ഇവരുടെ ഫീസ് സർക്കാർ വഹിക്കുമെന്ന് പറഞ്ഞിരുന്ന കാര്യം നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) എം.ബി.ബി.എസ്. കോഴ്സിന് പട്ടികജാതി വികസന വകുപ്പിൽനിന്നും ഈ വർഷം നാളിതുവരെ 652 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യമായി 5,36,64,226 രൂപയും ബി.ഡി.എസ്. കോഴ്സിന് 204 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യമായി 3,56,58,110 രൂപയും വിതരണം ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിനത്തിൽ ആകെ 6,48,478 രൂപ നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 32 വിദ്യാർത്ഥികൾക്ക് 1,06,96,292 രൂപ ഈ ഇനത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി&സി) സ്വാശ്രയ കോളേജുകൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിനനുസരിച്ച് ഫീസ് അനുവദിച്ചു വരുന്നുണ്ട്.

സ.ഉ. (പി) നമ്പർ 10/2017/പജപവവിവ. തീയതി 14-11-2017 പ്രകാരം നീറ്റ് വഴി എം.ബി.ബി.എസ്. കോഴ്സിന് പ്രവേശനം ലഭിച്ച പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നു.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം

63 (2248) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ 2017-18 സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നത്; ഇതിൽ എത്ര ശതമാനം ഇതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്;വ്യക്തമാക്കാമോ?

ഉത്തരം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ 2017-18-ൽ വകയിരുത്തിയ തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി | വകയിരുത്തിയ തുക (രൂപ) | ചെലവ് (%) |
|---|---|---|---|
| 1 | പട്ടികജാതി വിദ്യാർത്ഥി-കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം | 404.10 കോടി | 46.84 |
| 2 | പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (കേന്ദ്രാവിഷ്കൃതം) | 286.0 കോടി | 69.53 |
| 3 | പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്താൻ | 20 ലക്ഷം | തുക മാറുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് |
| 4 | പ്രീ-മെട്രിക് സ്കോളർഷിപ്പ് (CSS) | 20 കോടി | തുക മാറുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് |
| 5 | ശുചിത്വഹീന തൊഴിലിൽ ഏർപ്പെട്ടിരുന്നവരുടെ മക്കൾക്ക് (പ്രീ-മെട്രിക് സ്കോളർഷിപ്പ്) | 40 ലക്ഷം | 36.78 |

**പറമ്പിക്കുളം സുങ്കം**

64 (2249) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം സുങ്കം കോളനിയിലെ സർക്കാർ ട്രൈബൽ എൽ.പി.സ്കൂളിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിൽ നാലാംതരം കഴിഞ്ഞാൽ മറ്റ് പ്രദേശങ്ങളിൽ പോയി പഠിക്കേണ്ടത് കാരണം പല കുട്ടികളുടെയും പഠനം നിന്ന് പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇതിന് പരിഹാരം കാണുന്നതിനായി ടി സ്കൂളിനെ യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പറമ്പിക്കുളം സുങ്കം കോളനിയിലെ സർക്കാർ ട്രൈബൽ എൽ. പി. സ്കൂളിന്റെ പ്രവർത്തനം പൂർണ്ണമായും വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാണ്. സ്കൂളിന്റെ പ്രവർത്തനം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന വിലയിരുത്തിയിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പറമ്പിക്കുളം മേഖലയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ നാലാംതരം കഴിഞ്ഞ് പട്ടികവർഗ്ഗ വികസന വകുപ്പിനകീഴിലുള്ള പട്ടഞ്ചേരി, മുതലമട ഹോസ്റ്റലുകളിലും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും പ്രവേശനം നൽകി തുടർപഠനം ഉറപ്പുവരുത്തുന്നുണ്ട്.

(സി) പരിഗണനയിലില്ല.

**പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ട ആൺകുട്ടികളുടെ ഹോസ്റ്റൽ**

65 (2250) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ട ആൺകുട്ടികൾക്കുവേണ്ടി എത്ര ഹോസ്റ്റലുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ട ആൺകുട്ടികൾക്കായുള്ള ഹോസ്റ്റലുകളുടെ നിർമ്മാണത്തിനായി 2017-18 സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിരുന്നു; ആയതിൽ ഇതുവരെ എത്ര തുക ചെലവഴിക്കാൻ സാധിച്ചു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കായി പന്തളം, മരിയാപുരം എസ്.പി. കോളനി എന്നിവിടങ്ങളിൽ ഐ.റ്റി.ഐ.കളോടനുബന്ധിച്ച് ഹോസ്റ്റലുകൾ ആരംഭിച്ചു. 2 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും ഒരു പ്രീ-മെട്രിക് ഹോസ്റ്റലും സ്ഥാപിക്കുന്നതിന് KIIFB-യിൽ നിന്നും അംഗീകാര ഉത്തരവ് ലഭിച്ചിട്ടുണ്ട്. ടി ഹോസ്റ്റലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 436 ലക്ഷം രൂപ പ്രതീക്ഷിത കേന്ദ്ര വിഹിതമുൾപ്പെടെ 872 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 41.518 ലക്ഷം രൂപ ചെലവഴിച്ചു. PWD-യാണ് പദ്ധതി നിർവ്വഹിക്കുന്നത്.

**ആദിവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ**

66 (2251) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആദിവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് എസ്. എസ്. എ., ആർ. എം. എസ്. എ., കുടുംബശ്രീ പദ്ധതികൾ വഴിയും പൊതുവിദ്യാഭ്യാസ വകുപ്പും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വിദ്യാഭ്യാസം നേടിയ ആദിവാസി യുവാക്കൾക്ക് തൊഴിൽ നൽകുമെന്ന ബഹു. മന്ത്രിയുടെ പ്രസ്താവനയെ തുടർന്ന് എത്ര പേർക്ക് സർക്കാർ / സർക്കാരിതര സ്ഥാപനങ്ങളിൽ ജോലി ഉറപ്പാക്കിയെന്ന് ജില്ലതിരിച്ച് ഊരുകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി തുടർപദ്ധതികൾക്കു പുറമേ നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. സാമൂഹിക പഠനമുറി - 6.21 കോടി രൂപ

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ഊരുകളിൽ സാമൂഹിക പഠനമുറി പ്രവർത്തിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ (ആണോ/പെണ്ണോ) തെരഞ്ഞെടുത്ത് മാസംതോറും 15,000 രൂപ ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി നിയോഗിച്ചുവരുന്നു. ഇതിനായി 100 സാമൂഹ്യ പഠനമുറികൾ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു:

| | |
|---|---|
| കാസർഗോഡ് | 5 |
| കണ്ണൂർ | 5 |
| വയനാട് | 25 |
| കോഴിക്കോട് | 3 |
| മലപ്പുറം | 7 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 25 |
| എറണാകുളം | 3 |
| ഇടുക്കി | 15 |
| പത്തനംതിട്ട | 3 |
| കൊല്ലം | 2 |
| തിരുവനന്തപുരം | 5 |
| ആകെ | 100 |

50 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ പശ്ചാത്തല സംവിധാനം ഒരുക്കുന്നതിന് 6.21 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

2. ഗോത്രബന്ധു - 4.00 കോടി രൂപ

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പ്രൈമറി സ്കൂളുകളിൽ അവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ടി.ടി.സി/ബി.എഡ് യോഗ്യതയുള്ള പ്രദേശത്തെ ഒരു യുവ വിദ്യാസമ്പന്നനെ (ആണോ/പെണ്ണോ) ആദിവാസി

ഭാഷയുടെയും മലയാള ഭാഷയുടെയും അറിവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിനായി വിജ്ഞാപനം നടത്തി അപേക്ഷ സ്വീകരിച്ച് അഭിമുഖം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 241 പേരെ വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന വിവിധ സ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്.

3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം - 100.00 കോടി രൂപ

(എ) അടിസ്ഥാന സൗകര്യങ്ങൾ

ഈ സർക്കാരിന്റെകാലത്ത് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേക്കായി അടിസ്ഥാന സൗകര്യങ്ങളിൽ പിന്നാക്ക അവസ്ഥയിലുള്ള കോളനികളുടെ വിവരങ്ങൾ ജില്ലാതലത്തിൽനിന്നും ശേഖരിച്ചതിനെ തുടർന്ന് അടിസ്ഥാന സൗകര്യങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന 102 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത ഏജൻസികൾ മുഖേന 43 ഡി.പി.ആർ. ലഭ്യമായിട്ടുണ്ട്. സങ്കേതങ്ങളുടെ ഡി.പി.ആർ. ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ അംഗീകരിക്കുന്നതിനാവശ്യമായ നടപടി ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നു. ബാക്കി 58 ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ, ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതിയുടെ സ്പിൽ ഓവർ പ്രവൃത്തികളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) എം.ജി.എൻ.ആർ.ഇ.ജി.എസ്. - അധിക തൊഴിലിനുള്ള വേതനം

എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ഇതിന്റെ വിവര ശേഖരണം നടന്നുവരുന്നു. ടി വിവര ശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് ഫണ്ട് എം.ജി.എൻ.ആർ.ജി.എ. സ്റ്റേറ്റ് മിഷന് കൈമാറുന്നതാണ്. കുടുംബശ്രീ, തദ്ദേശസ്വയംഭരണ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുക.

(സി) <u>പി. കെ. കാളൻ കുടുംബസഹായം പദ്ധതി</u>

പി. കെ. കാളൻ കുടുംബ സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ചിന്നച്ചിതറി താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവര ശേഖരണം നടത്തിയിട്ടുണ്ട്. മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിന് കുടുംബശ്രീ മിഷനെയാണ് നിയോഗിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ആലപ്പുഴ നിയോജകമണ്ഡലത്തിലെ ഉള്ളാടൻ സമുദായങ്ങൾക്കിടയിൽ നടത്തിയ

സർവ്വേയുടെ ഫലമായി രൂപീകരിച്ച 5.06 കോടി രൂപയുടെ മൈക്രോ പ്ലാനുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

4. ഗോത്ര വാത്സല്യനിധി

പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനിയായ എൽ.ഐ.സി.-യുമായി സഹകരിച്ച് ഗോത്ര വാത്സല്യനിധി എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 2014 ഏപ്രിൽ മുതൽ ജനിച്ച 800 പെൺകുട്ടികളെ തെരഞ്ഞെടുത്ത് 2.00 കോടി രൂപ എൽ.ഐ.സി. ഓഫ് ഇന്ത്യ എന്ന സ്ഥാപനത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

5. പാലക്കാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ തൊഴിലില്ലാത്ത സ്ത്രീകളെ കണ്ടെത്തി വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി സ്വയംതൊഴിൽ നൽകുന്ന 'അപ്പാരൽ പാർക്ക്' എന്ന സംരംഭം ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ഈ സംരംഭത്തിലൂടെ സ്വയംതൊഴിലിന് വരുമാനത്തോടൊപ്പം സ്ത്രീ ശാക്തീകരണവും ലക്ഷ്യമിടുന്നു.

6. പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ഐ.റ്റി മേഖലയിൽ പരിശീലനം നൽകി സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിന് സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ പുരോഗമിക്കുന്നു.

7. വയനാട് ഗോത്ര ഭാഷാ പഠന കേന്ദ്രം പദ്ധതി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

8. ആരോഗ്യ വിദ്യാഭ്യാസ പരിപാടി, തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക.

9. പോഷകാഹാരക്കുറവ്, ശിശുമരണ മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി, ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കിവരുന്നത്.

10. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എല്ലാ പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങളും വൈദ്യുതീകരിച്ചുവരുന്നു.

11. KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് വിവിധ ജില്ലകളിൽ എം.ആർ.എസ്/ഹോസ്റ്റലുകളുടെ നിർമ്മാണം നടത്തുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് എസ്.എസ്.എ., ആർ.എം.എസ്.എ., കുടുംബശ്രീ പദ്ധതികൾ വഴിയും പൊതുവിദ്യാഭ്യാസ വകുപ്പുവഴിയും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭ്യമല്ല.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികളുടെ ഭാഗമായി താഴെപ്പറയുന്ന പരിപാടികളിലൂടെ പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

| പദ്ധതികൾ | തൊഴിൽ ലഭിച്ചവരുടെ എണ്ണം |
|---|---|
| ഗോത്രബന്ധു | 241 |
| സാമൂഹ്യ പഠനമുറി | 100 |
| എസ്.ടി. പ്രൊമോട്ടർ | 1182 |
| മാനേജ്മെന്റ് ട്രെയിനി | 140 |
| കമ്മിറ്റഡ് സോഷ്യൽ വർക്കർ | 31 |
| പ്രേരക്മാർ | 100 |
| ഇൻസ്ട്രക്ടർമാർ (സാക്ഷരത) | 700 |
| ആകെ | 2494 |

**സംവരണത്തിനുള്ള മേൽത്തട്ട് പരിധി**

67 (2252) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ മേൽത്തട്ട് പരിധികൾ വ്യത്യസ്തമായി നില്ക്കുന്നത് പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് സൃഷ്ടിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്രത്തിലേക്ക് സംവരണത്തിന് അർഹരായ കുട്ടികൾ സംസ്ഥാനത്തെ സംവരണത്തിൽ നിന്നും പുറത്താകുന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(സി) എങ്കിൽ കേന്ദ്രസർക്കാർ സ്ഥാപനങ്ങളിലേക്ക് നോൺക്രിമിലെയർ സർട്ടിഫിക്കറ്റ് നൽകുമ്പോൾ എട്ട് ലക്ഷം രൂപ പരിധിയുടെ അടിസ്ഥാനത്തിൽ നൽകണമെന്ന സർക്കുലറോ ഉത്തരവോ സർക്കാർ ഇതിനകം റവന്യൂ അധികൃതർക്ക് നൽകിയിട്ടുണ്ടോ;

(ഡി) നീറ്റ്,എയിംസ്, ഐ.ഐ.ടി അടക്കമുള്ള പ്രവേശനപരീക്ഷകൾക്ക് അപേക്ഷിക്കുന്നതിന് എട്ട് ലക്ഷം രൂപയാണ് മേൽത്തട്ട് പരിധി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ സംസ്ഥാനത്തെ മെഡിക്കൽ പ്രവേശനം നീറ്റ്പരീക്ഷ അടിസ്ഥാനമാക്കിയാണെങ്കിലും മേൽത്തട്ട് പരിധി ആറ് ലക്ഷം രൂപയായി തുടരുകയാണെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ - സി) കേന്ദ്ര സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും കേന്ദ്ര ക്വാട്ട സീറ്റുകളിലേയും പ്രവേശനത്തിനായുള്ള ക്രീമിലെയർ വരുമാന സർട്ടിഫിക്കറ്റിന് കേന്ദ്ര സർക്കാർ ഉത്തരവ് പ്രകാരമുള്ള 8 ലക്ഷം രൂപ വരുമാന പരിധി പരിഗണിച്ച് സാക്ഷ്യപത്രം അനുവദിക്കുവാൻ പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ ബന്ധപ്പെട്ട റവന്യൂ അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി & ഇ) കേന്ദ്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനുള്ള ക്രീമിലെയർ വരുമാന പരിധി കേന്ദ്ര സർക്കാർ ഉത്തരവ് പ്രകാരമുള്ള 8 ലക്ഷം രൂപയായാണ് കണക്കാക്കുന്നത്. എന്നാൽ സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിലേയ്ക്കുള്ള ക്രീമിലെയർ വരുമാന പരിധി നിലവിൽ 6 ലക്ഷം രൂപയായി തുടരുകയാണ്. പ്രസ്തുത നിരക്കിൽ മാറ്റംവരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**ഒ.ഇ.സി. ആനുകൂല്യങ്ങൾ**

68 (2253) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ഭരതർ, പരവൻ സമുദായത്തിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവർക്ക് ഒ.ഇ.സി വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടോ;

(ബി) കൊല്ലം താലൂക്കിൽ ഭരതർ, പരവൻ സമുദായത്തിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവർക്ക് ഒ.ഇ.സി ആനുകൂല്യങ്ങൾക്കായി ജാതി സർട്ടിഫിക്കറ്റിനായി അപേക്ഷ നൽകുമ്പോൾ റവന്യൂ അധികാരികൾ സർട്ടിഫിക്കറ്റ് നൽകുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മേൽവിഭാഗത്തിന് ഒ.ഇ.സി. സർട്ടിഫിക്കറ്റ് നൽകേണ്ടതില്ലെന്ന് കാണിച്ച് ഉത്തരവുകളോ നിർദ്ദേശങ്ങളോ സർക്കാരിൽ നിന്നും റവന്യൂ അധികാരികൾക്ക് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഭരതർ, പരവൻ സമുദായങ്ങളിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവരുടെ ജാതി സാധുത സംബന്ധിച്ച് തർക്കം നിലവിലുണ്ടോ; ഇക്കാര്യം സംബന്ധിച്ച് കിർത്താഡ്സ് ആധികാരികമായ പഠനമോ പരിശോധനയോ നടത്തിയിട്ടുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) ഇല്ല. റവന്യൂ അധികാരികളുടെ അന്വേഷണങ്ങളിൽ നിന്നും ടി ആനുകൂല്യങ്ങൾക്ക് അർഹരല്ലാത്ത ലത്തീൻ കത്തോലിക്ക സമുദായക്കാരും അനധികൃതമായി ആനുകൂല്യങ്ങൾ നേടുന്നുവെന്ന് മനസ്സിലായതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ ഭരതർ/പരവർ ക്രിസ്ത്യാനികളെന്ന് അവകാശപ്പെടുന്നവർക്ക് അവരുടെ പൂർവ്വികർ പട്ടികജാതി പരവൻ/ഭരതർ സമുദായക്കാരാണെന്ന് തെളിയിക്കാനാകാത്ത പക്ഷം ഒ.ഇ.സി. ആനുകൂല്യങ്ങൾക്ക് അർഹരല്ല എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കുകയുണ്ടായി. (രാജൻ Vs. സ്റ്റേറ്റ് ഓഫ് കേരള, വിധിന്യായം നമ്പർ 2007 (1) കെ.എൽ.ടി. 730). ടി സാഹചര്യത്തിൽ ആവശ്യമായ പരിശോധനകൾ നടത്തേണ്ടതിനാലാണ് കൊല്ലം ജില്ലയിലെ പരവർ/ഭരതർ ക്രിസ്ത്യൻ എന്ന് അവകാശപ്പെടുന്നവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാൻ ചില ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നത്.

(ഡി) ഉണ്ട്. നിരവധി വ്യക്തിഗത അന്വേഷണങ്ങൾ നടത്തി കിർത്താഡ്സ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 'സി' പിരിവിലെ മറുപടിയിൽ പരാമർശിച്ചതുപോലെ കിർത്താഡ്സ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട ഹൈക്കോടതി (രാജൻ Vs. സ്റ്റേറ്റ് ഓഫ് കേരള , വിധിന്യായം നമ്പർ 2007 (1) കെ.എൽ.ടി. 730) വിധി പുറപ്പെടുവിച്ചിട്ടുള്ളത്. ടി വിഷയം കിർത്താഡ്സ് പഠന വിഷയമാക്കിയിട്ടുണ്ട്. എന്നാൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

## ചേലക്കര മണ്ഡലത്തിലെ ഭവനരഹിതരായ ആദിവാസി കുടുംബങ്ങൾ

69 (2254) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ഭവനരഹിതരായ എത്ര ആദിവാസി കുടുംബങ്ങൾ ഉണ്ട്; ഇവരുടെ പേരുവിവരങ്ങൾ കോളനി അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) എത്ര കുടുംബങ്ങൾക്കാണ് വാസയോഗ്യമല്ലാത്ത വീടുള്ളത്; ഇവരുടെ പേരുവിവരം കോളനി അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(സി) ഭവനരഹിതരായവർക്ക് വീടുവെച്ച് നൽകുന്നതിനും, വാസയോഗ്യമല്ലാത്ത വീട് ഉള്ളവരുടെ വീട് വാസയോഗ്യമാക്കി നൽകുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ ഭവനരഹിതരായ 11 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്.

| ക്രമ നം. | കോളനി | പേരുവിവരം |
|---|---|---|
| 1 | മാങ്കുളമ്പ് | കൃഷ്ണദാസ് S/o. ചന്ദ്രൻ |
| 2 | തിരുമണി | 1) മഞ്ജു w/o വിനോദ്<br>2) മനോജ് s/o മാണിക്യം<br>3) സുഭാഷ് s/o സുബ്രഹ്മണ്യൻ<br>4) ബിജിത w/o പ്രദീപ്<br>5) സുമേഷ് s/o സുബ്രഹ്മണ്യൻ |
| 3 | മാട്ടിൻമുകൾ | 1) റെജീഷ് s/o രാജൻ<br>2) രാജേഷ് s/o രാജൻ<br>3) സരിത D/o കൃഷ്ണൻകുട്ടി<br>4) ഗിരിജ D/o കൃഷ്ണൻകുട്ടി |
| 4 | കളപ്പാറ | അയ്യപ്പൻ S/o കുട്ടി അയ്യപ്പൻ |

(ബി) തൃശ്ശൂർ ജില്ലയിൽ ചേലക്കര മണ്ഡലത്തിൽ വാസയോഗ്യമല്ലാത്ത വീടുള്ള 23 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. ടിയാളുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. *

(സി) ഭവനരഹിതരായവർക്ക് വീടുവച്ച് നൽകുന്നതിനും വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കി തീർക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷൻ പദ്ധതി പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

കൂടാതെ, പട്ടികവർഗ്ഗക്കാർക്ക് വിവിധ വകുപ്പുകളും ഏജൻസികളും മുഖേന അനുവദിച്ചതും 6 വർഷം പൂർത്തിയായതുമായ വീടുകളുടെ അറ്റകുറ്റപ്പണികൾ, അധിക സൗകര്യം ഏർപ്പെടുത്തുക എന്നിവയ്ക്കായി നിലവിൽ 1.50 ലക്ഷം രൂപ നിരക്കിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ധനസഹായം അനുവദിച്ചുവരുന്നു.

**ആദിവാസി ക്ഷേമത്തിനായി അനുവദിക്കുന്ന തുക**

70 (2255) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ക്ഷേമത്തിനായി അനുവദിക്കുന്ന തുക ഗുണഭോക്താക്കൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടോ എന്നു വിലയിരുത്താൻ പട്ടികവർഗ്ഗ വികസന വകുപ്പിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉദ്യോഗസ്ഥ തലത്തിലുള്ള വിലയിരുത്തലുകൾക്കൊപ്പം സോഷ്യൽ ഓഡിറ്റ് നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) ആദിവാസികളുടെ വികസനത്തിനു നീക്കി വയ്ക്കുന്ന തുക അവർക്കു ലഭിച്ചു എന്നുറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. വ്യക്തിഗത ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകിവരുന്നത്.

(ബി) നിലവിൽ പരിഗണനയിലില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുതന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിട്ടർ ചെയ്യുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായി സ്ഥലം എം.എൽ.എ.മാർ ഉൾപ്പെടുന്ന കമ്മിറ്റിയും ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. ഇതിനുപുറമെ സംസ്ഥാനതലത്തിൽ മന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി വിലയിരുത്തിവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി വാർഷിക പദ്ധതിയിൽ പട്ടികവർഗ്ഗക്കാർക്കായി വകയിരുത്തിയിരുന്ന ടി.എസ്.പി. ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുന്നുണ്ടോയെന്ന് ജില്ലാ ആസൂത്രണസമിതി പരിശോധിക്കുന്നുണ്ട്.

സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1013/2012/പജപവവിവ. തീയതി 17-7-2012 പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളുമായി രൂപീകരിച്ച കമ്മിറ്റി സംസ്ഥാനതലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റിയിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു.

**വനനശീകരണംമൂലം ആദിവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ**

71 (2256) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനനശീകരണംമൂലം ആദിവാസികൾ നേരിടേണ്ടിവരുന്ന വിവിധ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പ്രശ്നങ്ങൾ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പ്രത്യേക പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇത്തരമൊരു പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇത്തരം പ്രശ്നങ്ങൾ സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല.

**ആദിവാസികളുടെ ക്ഷേമം നിരീക്ഷിക്കുന്നതിന് ഫീൽഡ് ലെവൽ ഉദ്യോഗസ്ഥർ**

72 (2257) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ ക്ഷേമം നിരീക്ഷിക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ ഫീൽഡ് ലെവൽ ഉദ്യോഗസ്ഥന്മാർ ഉണ്ടോ; എങ്കിൽ ഇവരുടെ തസ്തികകളും ചുമതലകളും എന്തെന്നുള്ള വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) ആദിവാസികൾക്ക് ഇത്തരം ഉദ്യോഗസ്ഥരിൽ നിന്നും എന്തൊക്കെ സേവനങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആദിവാസികളുടെ ക്ഷേമം അന്വേഷിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിൽ ഫീൽഡുതല ഉദ്യോഗസ്ഥർ ഉണ്ട്. ജില്ലകളിൽ ഐ.ടി.ഡി. പ്രോജക്ട് ഓഫീസർമാരുടെയും പട്ടികവർഗ്ഗ വികസന ആഫീസർമാരുടെയും കീഴിൽ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ തസ്തികയിലുള്ള ഉദ്യോഗസ്ഥരാണ് ഫീൽഡുതല ഉദ്യോഗസ്ഥർ. ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാരുടെ പ്രധാന ചുമതലകൾ ചുവടെ ചേർക്കുന്നു:

- ട്രൈബൽ എക്സ്റ്റൻഷൻ ആഫീസിന്റെ പരിധിയിലുള്ള ഊരുകളുടെ അടിസ്ഥാന സ്ഥിതിവിവര കണക്ക് അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കുക.
- ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ ആഴ്ചയിൽ 3 ദിവസം മുഴുവൻ സമയവും ആഫീസിൽ ഉണ്ടായിരിക്കുന്നതാണ്. ഈ വിവരം ആഫീസിനുപുറത്ത് എഴുതി പ്രദർശിപ്പിക്കണം. മുൻകൂർ യാത്രാ പരിപാടി ആഫീസിന് പുറത്ത് പ്രദർശിപ്പിച്ച് ഔദ്യോഗിക യാത്രാ വിവരണവും എഴുതി പ്രദർശിപ്പിക്കണം.
- ആഫീസിൽ ഹാജരാകേണ്ടതില്ലാത്ത ആഴ്ചയിലെ മറ്റ് 3 ദിവസങ്ങൾ അധികാര പരിധിയിലുള്ള വകുപ്പിന്റെ സ്ഥാപനങ്ങൾ/കോളനികൾ/ സെറ്റിൽമെന്റുകൾ/ഊരുകൾ/പുനരധിവാസ മേഖലകൾ എന്നിവ

സന്ദർശിക്കേണ്ടതും അവിടങ്ങളിലെ അടിസ്ഥാന പ്രശ്നങ്ങൾ കണ്ടെറിഞ്ഞ് അനന്തര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

- ആഫീസിലും ഫീൽഡ് സന്ദർശന വേളയിലും ലഭിക്കുന്ന പരാതികൾ/നിവേദനങ്ങൾ എന്നിവ സംബന്ധിച്ച് പ്രാഥമികാന്വേഷണം നടത്തി മേലാഫീസിലേയ്ക്ക് ആവശ്യമായ റിപ്പോർട്ടും നിർദ്ദേശങ്ങളും നൽകേണ്ടതാണ്.
- വകുപ്പിൻകീഴിലെ സ്ഥാപനങ്ങൾ ഉദാ: ഹോസ്റ്റലുകൾ/നഴ്സറി സ്കൂൾ/ട്രെയിനിംഗ് സെന്ററുകൾ/ബാലവിജ്ഞാന കേന്ദ്രങ്ങൾ എന്നിവ സന്ദർശിച്ച് സന്ദർശന റിപ്പോർട്ട് മേലാഫീസിലേയ്ക്ക് അയച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
- പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ വാരാന്ത്യയോഗം എല്ലാ ശനിയാഴ്ചയും ട്രൈബൽ എക്സ്റ്റൻഷൻ ആഫീസിൽ വിളിച്ച് ചേർക്കേണ്ടതും കോളനി/സെറ്റിൽമെന്റ് സ്ഥിതിവിവരം വിലയിരുത്തേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രൊമോട്ടർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി നിലവിലെ പ്രവർത്തനങ്ങൾ മുൻകൂട്ടി കണ്ടെറിഞ്ഞ് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- ആഫീസ് മാനേജ്മെന്റ് ട്രെയിനികൾക്ക് വേണ്ടത്ര പരിശീലനം നൽകുക.
- ഊരുകൂട്ട യോഗങ്ങൾ നിയമാനുസരണം നിശ്ചിത സമയത്തുതന്നെ നിയന്ത്രണ ഉദ്യോഗസ്ഥന്റെ മുൻകൂട്ടിയുള്ള അറിവോടെ നടത്തേണ്ടതും അവയുടെ മിനിട്ട്സ് സൂക്ഷിക്കേണ്ടതുമാണ്.
- ഹോസ്റ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുക, നിശ്ചിത കാലയളവിൽ യോഗങ്ങൾ ചേരുക.
- സമീപത്ത് വിദ്യാലയങ്ങളില്ലാത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിലെ 5 -14 പ്രായത്തിലുള്ള മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പ്രീ മെട്രിക് ഹോസ്റ്റലുകളിൽ പ്രവേശനം നൽകി സ്കൂൾ വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- ത്രിതല പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പട്ടികവർഗ്ഗ ഉപ പദ്ധതികളുടെ ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുതല നിർവ്വഹണ ഉദ്യോഗസ്ഥൻ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ ആയതിനാൽ പഞ്ചായത്ത് രാജ് ആക്ട്

പ്രകാരം ട്രൈബൽ എക്സ്റ്റൻഷൻ ആഫീസറുടെ സേവനം പഞ്ചായത്തുകളിലും ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്തുകൾ വഴിയുള്ള പട്ടികവർഗ്ഗ പദ്ധതി രൂപീകരണവും നിർവ്വഹണവും ബന്ധപ്പെട്ട ബ്ലോക്ക് / ഗ്രാമ പഞ്ചായത്തുകളുമായി സഹകരിച്ച് ഏറ്റെടുത്ത് നടത്തേണ്ടതുമാണ്.

- വകുപ്പ്/ത്രിതല പഞ്ചായത്തുകൾ മുഖേന നടത്തുന്ന ഭവന നിർമ്മാണ പദ്ധതികളിൽ നിർവ്വഹണ ഘട്ടങ്ങൾ യഥാസമയം പരിശോധിച്ച് നിയമാനുസരണം സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകേണ്ടതും അനുവദിക്കുന്ന വീടുകളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പു വരുത്തേണ്ടതുമാണ്.
- പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനം യഥാസമയം നടത്തുക.
- സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയുന്നതിന് നടപടി സ്വീകരിക്കുക.
- എം.ആർ.എസ്./ആശ്രമം സ്കൂൾ പ്രവേശനത്തിന് അപേക്ഷാഫോറം നൽകുക. സ്കോളർഷിപ്പ് അപേക്ഷാഫോറം നൽകുക/സ്വീകരിക്കുക എന്നതിന് സഹായിക്കുക.
- വിവാഹ/മിശ്രവിവാഹ ധനസഹായത്തിന് അപേക്ഷ നൽകുന്നതിന് സഹായിക്കുക.
- ചികിത്സാ ധനസഹായം/റേഷൻ കാർഡിനുള്ള അപേക്ഷ എന്നിവ നൽകുന്നതിന് സഹായിക്കൽ.
- ത്രിതല പഞ്ചായത്ത് മുഖേന വിവിധ പദ്ധതികൾക്ക് ആനുകൂല്യങ്ങൾക്കുള്ള മറുപടി സമർപ്പിക്കുക.
- വിവിധ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് യഥാസമയം വിനിയോഗ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ നൽകുക.
- സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികൾക്കാവശ്യമായ പ്രൊപ്പോസലുകൾ സമർപ്പിക്കുക.
- പ്രകൃതിക്ഷോഭം, വന്യജീവികളുടെ ആക്രമണം, വനം വകുപ്പിന്റെ നിയമപരമല്ലാത്ത ഇടപെടലുകൾ/കുടിയൊഴിപ്പിക്കലുകൾ എന്നീ പ്രശ്നങ്ങളിൽ അടിയന്തരമായി ഇടപെടുക.
- അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് അടിയന്തര സഹായം എത്തിക്കുക.

- പട്ടികവർഗ്ഗ മേഖലയിൽ പ്രത്യേകമായി/അസ്വാഭാവികമായി ശ്രദ്ധയിൽപ്പെടുന്ന ഏത് വിഷയവും മേലധികാരികൾ മുഖേന വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

- സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പ്രയോജനം രോഗികൾക്ക് ലഭ്യമാക്കുന്നതിന് പ്രൊമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുക. പട്ടികവർഗ്ഗക്കാർക്കിടയിലെ ആരോഗ്യ പ്രശ്നം യഥാസമയം മേലാഫീസർക്ക് റിപ്പോർട്ട് ചെയ്യുക.

(ബി) ട്രൈബൽ എക്സ്റ്റൻഷൻ ആഫീസുകൾ ട്രൈബൽ മേഖല കേന്ദ്രീകരിച്ചാണ് പ്രധാനമായും പ്രവർത്തിക്കുന്നത്. ആയതിനാൽ ആദിവാസി സമൂഹത്തിന് വളരെവേഗം എത്തിച്ചേരുന്നതിനും ആവശ്യകതകൾ വകുപ്പിന് കൈമാറുന്നതിനും സാധിക്കുന്നതിലൂടെ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസുകൾ പ്രധാന പങ്ക് വഹിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളെല്ലാംതന്നെ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ മുഖേനയാണ് നടപ്പാക്കിവരുന്നത്. ആദിവാസികൾക്ക് അവരുടെ അപേക്ഷകളും പരാതികളും നിവേദനങ്ങളും ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ സെറ്റിൽമെന്റിൽ വരുന്ന വേളയിൽ നേരിട്ട് സമർപ്പിക്കാവുന്നതും ആയതിന് അടിയന്തര സഹായം കൈപ്പറ്റാവുന്നതുമാണ്.

- ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാരുടെ ഔദ്യോഗിക കാര്യങ്ങളിൽ സഹായിക്കുന്നതിന് നിയമിച്ചിട്ടുള്ള പ്രൊമോട്ടർമാർ മുഖേന ഏതൊരു അടിയന്തര സാഹചര്യവും ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ആഫീസറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ആദിവാസികൾക്ക് സാധിക്കുന്നു. ഏറെയും ടി പ്രൊമോട്ടർമാർ ബന്ധപ്പെട്ട ഊരുകളിൽ നിന്നും നിയമിതരായവരായിരിക്കും.

- ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ മുഖേന ബന്ധപ്പെട്ട പഞ്ചായത്ത് അധികൃതർ അടങ്ങുന്ന ഊരുകൂട്ടങ്ങളിൽ ഊരിലെ എല്ലാവർക്കും പങ്കെടുക്കുന്നതിനും തയ്യാറാക്കുന്ന ഗുണഭോക്തൃ പട്ടികയിൽ മുൻഗണനാക്രമത്തിൽ അർഹരായവരുടെ പട്ടിക ഉൾക്കൊള്ളിക്കുന്നതിനും സാധിക്കുന്നു.

- അടിയന്തര ചികിത്സാ ധനസഹായം ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ മുഖേന ഗുണഭോക്താക്കൾക്ക് നേരിട്ട് ലഭ്യമാകുന്നു.

- വകുപ്പ്/ത്രിതല പഞ്ചായത്തുകൾ മുഖേന നടപ്പാക്കുന്ന ഭവന പദ്ധതികളുടെ വിവിധ ഘട്ടങ്ങളിലെ സ്റ്റേജ് നില പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നത് ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാരാണ്.
- വിവിധ തലങ്ങളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും അഭ്യസ്തവിദ്യർക്കും ഏത് ഘട്ടത്തിലും വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന് വിവിധ സഹായ പദ്ധതികൾ/സ്കോളർഷിപ്പ് എന്നിവ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനും ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ മുഖേന സാധ്യമാകുന്നു.
- സർക്കാരിതര വകുപ്പിലേക്ക് സമർപ്പിക്കേണ്ട വിവിധ അപേക്ഷകൾ തയ്യാറാക്കുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാരുടെ സേവനം പ്രയോജനപ്പെടുന്നു.
- പ്രകൃതിക്ഷോഭം, വന്യജീവി ആക്രമണം, മഴക്കാലക്കെടുതി, പകർച്ചവ്യാധി എന്നിവ സംബന്ധിച്ച അപേക്ഷകൾക്ക് ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാരുടെ അടിയന്തര സേവനം കോളനികളിൽ ലഭ്യമാകുന്നു.
- അതിക്രമത്തിനിരയാകുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ അടിയന്തര സഹായം ലഭ്യമാക്കുന്നു.

**ഊരുകൂട്ടങ്ങൾക്ക് പൂർണ്ണാധികാരം**

73 (2258) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊരുകൂട്ടങ്ങൾക്ക് പദ്ധതി ആസൂത്രണത്തിൽ പൂർണ്ണാധികാരം ഉറപ്പുവരുത്തുന്നതിനും മേൽനോട്ട അധികാരം നൽകുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഗ്രാമ സഭകൾ/വികസന സെമിനാർ എന്നീ തലങ്ങളിൽ പട്ടികജാതിക്കാരിൽ നിന്ന് ഉയർന്നു വരുന്ന നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾച്ചേർക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ടോയെന്നറിയിക്കുമോ;

(സി) ഇതിലൂടെ പട്ടികജാതിക്കാരുടെ ഉന്നമനത്തിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും, അവർ നിർദ്ദേശിക്കുന്ന പദ്ധതികൾക്ക് മുൻഗണന ലഭിക്കുന്നതിനും ഇടയാകുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിക്കുന്നത് പൂർണ്ണമായും ഊരുകൂട്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ്. എല്ലാ പദ്ധതികളുടെയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും ഊരുകൂട്ടം മുഖേനയാണ്. ഇതുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കുന്നതിന് പ്രാപ്തരാക്കാൻ ഊരു മൂപ്പന്മാർക്കും ഊരിലെ യുവതീ-യുവാക്കൾക്കും ബോധവൽക്കരണ സെമിനാറുകളും പട്ടികവർഗ്ഗ മേഖലകളിൽ നടക്കുന്ന എല്ലാ ക്ഷേമ പ്രവർത്തനങ്ങളുടെയും മേൽനോട്ട ചുമതലയും ഊരുകൂട്ടങ്ങളിൽ നിക്ഷിപ്തമാണ്.

(ബി) ഉണ്ട്.

(സി) ഉണ്ട്. ഗ്രാമസഭ/വികസന സെമിനാർ/ കർമ്മ സമിതികൾ എന്നീ തലങ്ങളിൽ പട്ടികജാതിക്കാരിൽ നിന്നും ഉന്നയിക്കപ്പെടുന്ന നിർദ്ദേശങ്ങൾ/ ആശയങ്ങൾ എന്നിവ പദ്ധതിയായി ആവിഷ്കരിച്ച് നിർവ്വഹണം നടത്തി ആയത് പട്ടികജാതിക്കാരുടെ ഉന്നമനത്തിന് നടപ്പിലാക്കുന്ന രീതിയാണ് ഇപ്പോഴുള്ളത്.

## പട്ടിക ഗോത്രവർഗ്ഗക്കാരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിന് നടപടി

74 (2259) ശ്രീ. ഇ.പി.ജയരാജൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. പി. വി. അൻവർ :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണപദാർത്ഥം മോഷ്ടിച്ചുവെന്നാക്ഷേപിച്ച് മാനസികാസ്വാസ്ഥ്യമുള്ള ഒരു പട്ടികഗോത്രവർഗ്ഗ യുവാവിനെ മൃഗീയമായി മർദ്ദിച്ച് കൊലപ്പെടുത്തിയ സംഭവത്തിന്റെ പശ്ചാത്തലത്തിൽ, പട്ടികഗോത്രവർഗക്കാരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനും പൗരാവകാശ സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കുന്നതിനും നടപടിയെടുക്കുമോ;

(ബി) ഇത്തരം പൈശാചികത വിലക്കാൻ ശ്രമിക്കുന്നതിനു പകരം സെൽഫിയെടുക്കാൻ കാട്ടിയ സാംസ്കാരിക വൈകൃതത്തിനു പിന്നിൽ പട്ടികഗോത്രക്കാരെ സാമാന്യ മനുഷ്യരായി കാണാൻ കഴിയാത്തതിനാൽ ഗോത്രവർഗ്ഗക്കാരും മറ്റുള്ളവരും തമ്മിൽ സമത്വഭാവേന ഇടപഴകാൻ വേണ്ട പരിപാടികൾ ആവിഷ്കരിക്കുമോ;

(സി) ഇത്തരം സാമൂഹ്യ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ നിരാശ്രയരോ, ഒറ്റപ്പെട്ടു കഴിയുന്നവരോ ആയ പട്ടികഗോത്രവർഗക്കാർക്ക് പ്രായഭേദമന്യേ ഭക്ഷ്യസഹായ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വിഭാഗക്കാരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനും പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനും വകുപ്പ് പ്രതിജ്ഞാബദ്ധമാണ്. പൗരാവകാശ സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കിക്കൊണ്ട് പട്ടികവർഗ്ഗ സമൂഹത്തിന്റെ പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടി വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. പുറമേ പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരവും കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അട്ടപ്പാടി മേഖലയിൽ പട്ടികവർഗ്ഗ ഇതര ജനസംഖ്യയ്ക്ക് സമാനമായി പട്ടികവർഗ്ഗ ജനസംഖ്യയുള്ള സാഹചര്യത്തിൽ ഇടകലർന്ന സാമൂഹ്യ ജീവിതമാണുള്ളത്.

പട്ടികവർഗ്ഗ വികസന ലക്ഷ്യം, പട്ടികവർഗ്ഗക്കാരെ ആവുംവേഗം മുഖ്യധാരാ സമൂഹങ്ങളുടെ വികസന നിലവാരത്തോടൊപ്പം എത്തിക്കുകയെന്നതാണ്. ഈ പ്രക്രിയയിൽ സംസ്കാര സ്വത്വം നഷ്ടപ്പെടാതിരിക്കുവാനുള്ള സുരക്ഷിതത്വ ബോധം എല്ലാ ഗോത്രവർഗ്ഗത്തിനും നൽകാൻ കഴിയുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്. മുഖ്യധാരാ സമൂഹവുമായി സഹകരിച്ച് സമശീർഷതയോടെ പ്രവർത്തിക്കുന്നതിന് പട്ടികവർഗ്ഗ സമൂഹത്തിന്റെ ഇന്നത്തെ തലമുറയെ പ്രാപ്തരാക്കുന്നതിനുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) നിരാശ്രയരോ ഒറ്റപ്പെട്ട് കഴിയുന്നവരോ ആയ പട്ടികഗോത്രവർഗ്ഗക്കാർക്ക് പ്രായഭേദമന്യേ ഭക്ഷ്യസഹായ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ പോഷകാഹാരക്കുറവ് അനുഭവപ്പെടുന്ന മേഖലകളിലും കിടപ്പ് രോഗികൾക്കും പോഷകാഹാര കിറ്റും നൽകിവരുന്നു. അട്ടപ്പാടിയിൽ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയും നടപ്പിലാക്കിവരുന്നു.

ഭക്ഷ്യസഹായ പദ്ധതിയിലൂടെയും കമ്മ്യൂണിറ്റി കിച്ചൺ പരിപാടിയിലൂടെയും ഭക്ഷ്യവസ്തുക്കൾ അട്ടപ്പാടി മേഖലയിൽ വിതരണം ചെയ്യുന്നതിന് വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. പോഷകാഹാരക്കുറവ് അനുഭവപ്പെടുന്ന മേഖലകളിൽ കിടപ്പു രോഗികൾക്കും പോഷകാഹാര കിറ്റുകൾ വിതരണം നടത്തുന്നുണ്ട്.

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പോഷകാഹാര വിതരണ പദ്ധതി, കൗമാരക്കാരായ പെൺകുട്ടികൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന സബല പദ്ധതി, ആരോഗ്യ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ ആരോഗ്യ പദ്ധതികൾ തുടങ്ങിയ ഒട്ടനവധി പദ്ധതികൾ അട്ടപ്പാടി മേഖലയിൽ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി അട്ടപ്പാടിയിൽ ആരംഭിക്കുന്ന 'മില്ലറ്റ് വില്ലേജ്' പദ്ധതിയിലൂടെ പട്ടികവർഗ്ഗ മേഖലയിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിൽ ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിടുന്നു.

**ചികിത്സ ലഭിക്കാതെ മരണം**

75 (2260) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ പൂക്കോട്ടുംപാടം, ചേലോട്ട് കോളനിയിൽ കണ്ടൻ എന്ന ആദിവാസി ചികിത്സ ലഭിക്കാതെ കോഴിക്കോട് മെഡിക്കൽ കോളേജിൽ മരിച്ച സംഭവത്തിൽ അന്വേഷണം നടത്തിയോ;

(ബി) തെങ്ങിൽ നിന്ന് വീണ് ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിലെത്തിച്ച കണ്ടനെ സഹായിക്കുവാൻ ആദിവാസി പ്രൊമോട്ടർമാർ ആരും ഉണ്ടായിരുന്നില്ല എന്നത് ഗൗരവമായി എടുത്തിട്ടുണ്ടോ;എങ്കിൽ ആർക്കെങ്കിലുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) പൂക്കോട്ടുംപാടം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 45/18 u/s 174 CrPC ആയി കേസ് രജിസ്റ്റർചെയ്ത് നിലവിൽ അന്വേഷണം നടത്തിവരുന്നു.

(ബി) തെങ്ങിൽ നിന്ന് വീണ് ഗുരുതരമായി പരിക്കേറ്റ് നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ഹെൽത്ത് പ്രൊമോട്ടർമാരുടെ സഹായത്തോടെ പ്രവേശിപ്പിക്കപ്പെട്ട കണ്ടന് നിലമ്പൂർ ജില്ലാ ആശുപത്രിയിൽ പ്രാഥമിക ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. വിദഗ്ദ്ധ ചികിത്സയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് റഫർ ചെയ്യപ്പെട്ട ടിയാനെ യഥാസമയം ആശുപത്രിയിൽ എത്തിക്കുകയും മെഡിക്കൽ കോളേജ് ആശുപത്രിയിൽ കണ്ടന് ആവശ്യമായ ചികിത്സാ സഹായം ലഭിക്കുന്നതിന് കോഴിക്കോട് പട്ടികവർഗ്ഗ വികസന

ഓഫീസറുടെ പരിധിയിൽ പ്രവർത്തിക്കുന്ന ഹെൽത്ത് പ്രൊമോട്ടർമാർ ആവശ്യമായ സഹായം ചെയ്യുകയും ചെയ്തിട്ടുണ്ട്. കണ്ടന്റെ മരണവാർത്ത അറിഞ്ഞതിനുശേഷം കോഴിക്കോട് പട്ടികവർഗ്ഗ വികസന ഓഫീസർ രാത്രിതന്നെ കോഴിക്കോട് എം.സി.എച്ച്.-ൽ എത്തി ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും നിലമ്പൂർ ഐ.ടി.ഡി.പി. ഓഫീസർ, പോസ്റ്റ്മോർട്ടം ചെയ്ത കണ്ടന്റെ മൃതദേഹം മറവുചെയ്യുന്നതിനാവശ്യമായ ക്രമീകരണം നടത്തുകയും മരണാനന്തര ചടങ്ങുകൾക്ക് 3,500 രൂപയും കണ്ടന്റെ ഭാര്യ ശ്രീമതി മാതിക്ക് അടിയന്തര ധനസഹായമായി 25,000 രൂപ(ഇരുപത്തി അയ്യായിരം രൂപ മാത്രം) അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് ഡ്രൈവിംഗ് കോഴ്സ്

76 (2261) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിലിന്റെ ഭാഗമായി ഡ്രൈവിംഗ് കോഴ്സ് പഠിപ്പിക്കുന്നതിന് 2015 മുതൽ 2017 വരെ തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ ഡ്രൈവിംഗ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; അതിന്റെ പേരും, സ്ഥലവും വിശദീകരിക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ഡ്രൈവിംഗ് പരിശീലനം നടത്തുന്ന ഡ്രൈവിംഗ് സ്കൂളുകൾക്ക് ഒരു ആളിന് ട്യൂഷൻ ഫീസായി എത്ര തുകയാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) എസ്.സി./എസ്.ടി. വിഭാഗത്തിലെ ഡ്രൈവിംഗ് തൊഴിൽ പഠിക്കുന്നവർക്ക് സ്റ്റൈപ്പന്റായി എത്ര തുകയാണ് നൽകുന്നത്;

(ഡി) ഡ്രൈവിംഗ് കോഴ്സ് പഠിപ്പിക്കുന്ന തിരുവനന്തപുരം ജില്ലയിലെ ഏതൊക്കെ ഡ്രൈവിംഗ് സ്കൂളുകൾക്ക് 2015 മുതൽ 2017 വരെ ട്യൂഷൻ ഫീസ് ഇനത്തിൽ തുക നൽകാനുണ്ട്; ഡ്രൈവിംഗ് സ്കൂളുകളുടെ പേരും, സ്ഥലവും, നൽകാനുള്ള തുകയുടെ വിവരവും വിശദീകരിക്കാമോ;

(ഇ) എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരെ ഡ്രൈവിംഗ് പഠിപ്പിക്കുന്നതിന് പുതിയതായി അംഗീകാരം നൽകാൻ ഡ്രൈവിംഗ് സ്കൂളുകളുടെ പാനൽ തയ്യാറാക്കാൻ 2018 ൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ മോട്ടോർ വാഹന വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന രണ്ട് ഡ്രൈവിംഗ് സ്കൂളുകൾക്കാണ് വകുപ്പിന്റെ അംഗീകാരം അനുവദിച്ചിട്ടുള്ളത്.

1. ഭാരത് മോട്ടോർ ഡ്രൈവിംഗ് സ്കൂൾ, കരമന

2. എസ്.ആർ. മോട്ടോർ ഡ്രൈവിംഗ് സ്കൂൾ, നെയ്യാറ്റിൻകര

(ബി) ഡ്രൈവിംഗ് പരിശീലനം നൽകുന്ന ഡ്രൈവിംഗ് സ്കൂളുകൾക്ക് നിലവിൽ ഒരു ആളിന് 2,100 രൂപയാണ് ട്യൂഷൻ ഫീസായി നൽകുന്നത്.

(സി) പ്രതിമാസം 175 രൂപ നിരക്കിൽ 6 മാസത്തേക്ക് 1,050 രൂപ സ്റ്റൈപ്പന്റ് ഇനത്തിൽ നൽകിവരുന്നു.

(ഡി) എസ്.ആർ. മോട്ടോർ ഡ്രൈവിംഗ് സ്കൂൾ, നെയ്യാറ്റിൻകര നൽകുവാനുള്ള തുക 90,800 രൂപ.

(ഇ) 29/05/2017 ലെ സ.ഉ.(സാധാ) നം. 1360/17/പജപവവിവ പ്രകാരം മോട്ടോർ വാഹന വകുപ്പിന്റെ അംഗീകാരമുള്ള ഡ്രൈവിംഗ് സ്കൂളുകളിൽ പഠിക്കുന്ന എസ്.സി/എസ്.ടി. വിദ്യാർത്ഥികൾ സർക്കാർ ആനുകൂല്യത്തിന് അർഹരാണ്.

## പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട യുവാൾക്കായി പുതിയ സംരംഭങ്ങൾ

77 (2262) <u>ശ്രീ. കെ. ദാസൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക സമുദായ വിഭാഗങ്ങളിൽപ്പെട്ട യുവാക്കൾക്ക് ജീവിതയോധനത്തിനായി ആരംഭിച്ച പുതിയ സംരംഭങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും 2015-16, 2016-17, 2017-18 വർഷങ്ങളിൽ അനുവദിച്ച വായ്പ, സംരംഭങ്ങൾ, സബ്സിഡി എന്നിവയുടെ വിശദാംശങ്ങൾ പട്ടികതിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത വിഭാഗങ്ങളിൽപ്പെടുന്ന സ്ത്രീകൾക്ക് സർക്കാർ ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ്

1. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ പട്ടികജാതി വിഭാഗക്കാർക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവിധ കോഴ്സുകൾ കെൽട്രോൺ, സി-ഡിറ്റ്, സൈബർശ്രീ എന്നീ സ്ഥാപനങ്ങൾ വഴി നടത്തിവരുന്നു.

2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ജെ.സി.ബി/ഹിറ്റാച്ചി ഓപ്പറേറ്റേഴ്സ് എന്നീ കോഴ്സുകളിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി KAICO-യുമായി ബന്ധപ്പെട്ട് നടത്തിവരുന്നു.

3. സ്റ്റാർട്ട് അപ്പ് മിഷന്റെ സഹായത്തോടെ പട്ടികജാതി യുവാക്കൾക്ക് സംരംഭകത്വ പരിശീലനവും നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പുതിയ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി സൗകര്യമൊരുക്കുകയും ചെയ്തുവരുന്നു. ഇവർക്ക് Revolving Fund നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

4. പട്ടികജാതി യുവാക്കൾക്ക് സൈനിക പരിശീലനം നൽകി സൈന്യത്തിൽ പ്രവേശനം ഉറപ്പാക്കുന്നതിനായി പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് കോഴ്സ് എന്ന പദ്ധതി നടപ്പാക്കുന്നു.

5. വിദേശത്ത് തൊഴിൽ തേടുന്ന പട്ടികജാതി യുവജനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി.

6. സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്ന യുവതീ യുവാക്കൾക്ക് വകുപ്പ് മുഖേന 1 ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും സബ്സിഡി അനുവദിക്കുന്ന പദ്ധതി.

7. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 134 യുവതീ-യുവാക്കളെ കരാർ അടിസ്ഥാനത്തിൽ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിൽ നഴ്സായി രണ്ട് വർഷത്തേയ്ക്ക് നിയമിക്കുന്ന പദ്ധതി.

കൂടാതെ പട്ടികജാതി യുവതീ-യുവാക്കൾക്ക് ഹൗസ് കീപ്പിംഗ്/ഫുഡ് ആന്റ് ബിവറേജസ് സർവ്വീസസ് പരിശീലനം, മ്യൂറൽ പെയിന്റിംഗ് ആന്റ് ഗ്ലാസ് ആർട്ട്

എന്നിവയിലുള്ള പരിശീലനം, വനിതകൾക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് IELTS/TOEFL പ്രോഗ്രാം, നഴ്സിംഗ് എലിജിബിലിറ്റി പ്രോഗ്രാം എന്നിവയും ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗിലുമുള്ള അഡ്വാൻസ്ഡ് ട്രെയിനിംഗും ഓയിൽ ആന്റ് റിഗ് സ്കിൽ പ്രോഗ്രാം, പഞ്ചകർമ്മയിൽ ഡിപ്ലോമ, ആയുർവ്വേദ നഴ്സിംഗ് ഡിപ്ലോമ, ഗ്രാഫിക് ആന്റ് വെബ് ഡിസൈനിംഗ് കോഴ്സ്, ബാങ്കിംഗ് & ഫിനാൻഷ്യൽ സർവ്വീസസ് കോഴ്സ്, ഫിസിയോതെറാപ്പിയിൽ സ്കിൽ ഡെവലപ്മെന്റ് കോഴ്സ് എന്നിവയും വിവിധ ഏജൻസികൾ മുഖേന പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീ-യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ്. വകുപ്പിന്റെകീഴിലുള്ള ഐ.ടി.ഐ.-കളിൽ നിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്കുവേണ്ടി തൊഴിൽമേള സംഘടിപ്പിക്കുകയും വിവിധതരം തൊഴിലധിഷ്ഠിത കോഴ്സുകൾ, ഡിപ്ലോമ കോഴ്സുകൾ, നൈപുണ്യ വികസന പദ്ധതികൾ, സോഫ്റ്റ് സ്കിൽ പരിശീലനങ്ങൾ, വിവിധ തരത്തിലുള്ള വരുമാനദായക പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

പട്ടികവർഗ്ഗത്തിൽപ്പെട്ട പുതിയ തൊഴിൽ സംരംഭകർക്കുവേണ്ടി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- 2016-17 വർഷം മുതൽ 'ഗോത്രജീവിക' എന്ന പദ്ധതി പ്രകാരം തൊഴിൽരഹിതരെ കണ്ടെത്തി 1170 പേരെ കെട്ടിട നിർമ്മാണ മേഖലയുൾപ്പെടെ 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനും ആയത് പ്രവർത്തനക്ഷമമാകുന്നതു വരെയുള്ള സഹായം നൽകുന്നതിനായി 334 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.

കൂടാതെ താഴെപ്പറയുന്ന സ്ഥാപനങ്ങളുമായിച്ചേർന്ന് പരിശീലനം നൽകി സ്വകാര്യ സ്ഥാപനങ്ങളിൽ പ്ലേസ്മെന്റ് ഉറപ്പുവരുത്തിയിട്ടുണ്ട്.

- നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ
- കെൽട്രോൺ
- സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി
- ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്

ഇതിനുപുറമേ പരമ്പരാഗത കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനായി ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. മിൽമ
2. കുടുംബശ്രീ
3. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്.

<u>കോർപ്പസ് ഫണ്ടിൽനിന്നും ധനസഹായം അനുവദിച്ച് നൽകുന്ന പദ്ധതികൾ</u>

- കുടനിർമ്മാണം
- മത്സ്യക്കച്ചവടം
- ബേക്കറി
- തുണിക്കട
- കോഫീബാർ
- യന്ത്രവൽകൃത പുൽവെട്ടൽ
- യന്ത്രവൽകൃത പാൽകറവ
- റബ്ബർ റോളർ വിതരണം
- പെട്ടിക്കടകൾ
- പന്നി വളർത്തൽ .

<u>എസ്.സി.എ. ടു റ്റി.എസ്.പി. നടപ്പിലാക്കിയ തൊഴിൽദായക പദ്ധതികൾ</u>

- യന്ത്രവൽകൃത തെങ്ങുകയറ്റം
- യന്ത്രവൽകൃത കോൺക്രീറ്റ് കട്ടിംഗ്
- യന്ത്രവൽകൃത കൃഷി, തയ്യൽ
- ഗാർമെന്റ് ആന്റ് ടെയിലറിംഗ് യൂണിറ്റ്
- ഡയറി ഡെവലപ്മെന്റ് യൂണിറ്റ്
- ഫോട്ടോസ്റ്റാറ്റ് മെഷീൻ
- തൊഴിൽ, സംഗീത ഉപകരണങ്ങൾ

- യന്ത്രവൽകൃത കള പറിക്കൽ
- ലൈറ്റ് മോട്ടോർ ഡ്രൈവിംഗ്
- ഹെവി മോട്ടോർ ഡ്രൈവിംഗ്
- കയർ ഉത്പാദനം
- യന്ത്രവൽകൃത മരംവെട്ട്
- ഫാഷൻ ടെക്നോളജി
- കമ്പ്യൂട്ടർ ട്രെയിനിംഗ്
- ഹാർച്ചറി യൂണിറ്റ്
- യന്ത്രവൽകൃത കവുങ്ങ്(അടക്ക) കയറ്റം
- മെഴുകുതിരി നിർമ്മാണം
- കലാപരമായ ഉൽപ്പന്നങ്ങൾ
- ഫർണിച്ചർ ഉത്പാദനം.

(ബി) പട്ടികജാതി വികസന വകുപ്പ് മുഖേന പട്ടികജാതി വിഭാഗത്തിൽപ്പെട്ട 18 വയസ്സിനും 40 വയസ്സിനുമിടയിൽ പ്രായമുള്ള യുവതീ-യുവാക്കൾക്ക് 3 ലക്ഷം രൂപ വരെയുള്ള സ്വയംതൊഴിൽ വായ്പകൾക്ക് ഒരു ലക്ഷം രൂപവരെ സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ട്. മുൻവർഷങ്ങളിൽ നൽകിയ സബ്സിഡി സംബന്ധിച്ച വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയംതൊഴിൽ പദ്ധതിക്കായി തിരിച്ചടയ്ക്കാത്ത വായ്പയാണ് നൽകുന്നത്. സബ്സിഡിയായി പ്രത്യേക തുക അനുവദിക്കാറില്ല. 2015-16 ൽ വായ്പ അനുവദിക്കുകയും 2016-17 ലും 2017-18-ലും നൈപുണ്യ വികസനംവഴി പുതിയ മേഖലകൾ തെരഞ്ഞെടുക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സന്നദ്ധരാക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പട്ടികജാതി വനിതകളുടെ ക്ഷേമത്തിനായി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 75,000 രൂപ വിവാഹ ധനസഹായമായി അനുവദിച്ചുവരുന്നു.

2. ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി പ്രകാരം ഭൂരഹിതരും ഭവന രഹിതരുമായ ദുർബല സമുദായത്തിൽപ്പെട്ട സ്ത്രീകൾ നയിക്കുന്ന കുടുംബങ്ങൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതുൾപ്പെടെയുള്ള വികസന പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നു.

3. പട്ടികജാതി വിഭാഗം പെൺകുട്ടികൾക്കായി വകുപ്പിന് കീഴിൽ പ്രത്യേക പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും എം.ആർ.എസ്.കളും പ്രവർത്തിച്ചുവരുന്നു.

4. പട്ടികജാതി വനിതകൾക്കായി അപ്പാരൽ ട്രെയിനിംഗ്, ഗാർമെന്റ് മേക്കിംഗ്, ഓർണമെന്റ് മേക്കിംഗ്, വനിതാ സെക്യൂരിറ്റി പരിശീലനം തുടങ്ങിയ വിവിധ നൈപുണ്യ വികസന തൊഴിൽദായക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആയതിലേയ്ക്കും Human Resource Devolopment Scheme-ന്റെ 40% ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

5. 80 ശതമാനമോ അതിലധികമോ പട്ടികജാതി വനിതകൾ അംഗങ്ങളായ സ്വാശ്രയ സംഘങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിച്ചുവരുന്നു.

6. പട്ടികജാതി കുടുംബങ്ങളിൽ ജനിക്കുന്ന പെൺകുട്ടികളുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിനും സുരക്ഷയ്ക്കുമായി LIC യുമായി സഹകരിച്ച് വാത്സല്യ നിധി എന്ന പേരിൽ ഒരു ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

7. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരായ വനിതകൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനായി എല്ലാ ജില്ലകളിലും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഗോത്രജീവിക പദ്ധതി പ്രകാരം 170 പെൺകുട്ടികൾക്ക് നൈപുണ്യ വികസനത്തിലൂടെ പ്രത്യേക പരിശീലനം നൽകി തൊഴിൽ ഉറപ്പാക്കുന്നു. ഇതിന് പുറമേ പെൺകുട്ടികൾക്കായി അപ്പാരൽ ട്രെയിനിംഗ് ആരംഭിച്ച് ഉത്പന്നാധിഷ്ഠിത വിപണന സാധ്യത ലഭ്യമാക്കുന്ന പരിശീലനത്തിനും പദ്ധതിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന വരുമാനാധിഷ്ഠിത പദ്ധതികളിൽ വനിതകൾക്ക് പരിഗണന നൽകിവരുന്നു.

**പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ**

78 (2263) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾക്കായി നടപ്പ് സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിരുന്നു; ഇതിൽ ഇതുവരെ എത്ര തുക ചെലവഴിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾക്കായി കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി 3.2 കോടി സംസ്ഥാന വിഹിതവും 4.8 കോടി പ്രതീക്ഷിത കേന്ദ്ര വിഹിതവും ചേർത്ത് 8 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ പ്രതീക്ഷിത കേന്ദ്ര സഹായം അനുവദിച്ചു കിട്ടിയിട്ടില്ലാത്ത സാഹചര്യത്തിൽ തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര സഹായം ലഭിക്കുന്ന മുറയ്ക്ക് തുക ചെലവഴിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

**ഒ.ഇ.സി. വിദ്യാഭ്യാസ ആനുകൂല്യം**

79 (2264) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടുക സമുദായം ഉൾപ്പെടെയുള്ള മുപ്പതോളം സമുദായങ്ങൾക്ക് നൽകിവരുന്ന ഒ.ഇ.സി. വിദ്യാഭ്യാസ ആനുകൂല്യം തുടരണമോ എന്നത് സംബന്ധിച്ച് അന്വേഷിക്കുവാൻ സർക്കാർ ചുമതലപ്പെടുത്തിയ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നിലപാട് അറിയിക്കാമോ?

ഉത്തരം

വടുക സമുദായം ഉൾപ്പെടെയുള്ള മുപ്പതോളം സമുദായങ്ങൾക്ക് ഒ.ഇ.സി. ആനുകൂല്യം അനുവദിച്ചതിന് പ്രത്യേകമായ ഒരു പഠനവും നടത്തിയിരുന്നില്ല. ഈ വിഷയത്തിൽ ഒരു പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

## പ്രീ-മെട്രിക് സ്കോളർഷിപ്പ്

80 (2265) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷത്തിൽ പിന്നോക്ക വിഭാഗങ്ങൾക്കായുള്ള പ്രീ മെട്രിക് സ്കോളർഷിപ്പിനുവേണ്ടി എത്ര തുക വകയിരുത്തിയിരുന്നു; ഇതിൽ ഇതുവരെ എത്ര തുക ചെലവഴിക്കാൻ സാധിച്ചു;

(ബി) ഈ കാലയളവിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷം ഒ.ഇ.സി. പ്രീ-മെട്രിക് സ്കോളർഷിപ്പിനായി പ്ലാൻ ശീർഷകത്തിൽ 5 കോടി രൂപയും നോൺ-പ്ലാൻ ശീർഷകത്തിൽ 12.65 കോടി രൂപയും വകയിരുത്തിയിരുന്നു. ടി തുക മുഴുവനായും ഒ.ഇ.സി. വിഭാഗങ്ങൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പിനായി ചെലവഴിച്ചിട്ടുണ്ട്.

50% കേന്ദ്രാവിഷ്കൃത പദ്ധതിയായ ഒ.ബി.സി. പ്രീ-മെട്രിക് സ്കോളർഷിപ്പിന് 2017-18 വർഷം ബജറ്റിൽ 25 കോടി സംസ്ഥാനം 25 കോടി കേന്ദ്ര വിഹിതം എന്ന നിലയിൽ 50 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ കേന്ദ്ര വിഹിതമായി 3.65 കോടി രൂപ മാത്രമാണ് ലഭിച്ചത്. സംസ്ഥാന വിഹിതമായ 25 കോടി രൂപ മുഴുവനായും അനുവദിച്ചു. ഈ ഇനത്തിൽ 28-2-2018 വരെ ആകെ 27.73 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 28-2-2018 വരെ 2,09,668 വിദ്യാർത്ഥികൾക്ക് ഒ.ഇ.സി. പ്രീ-മെട്രിക് സ്കോളർഷിപ്പും 3,31,551 വിദ്യാർത്ഥികൾക്കായി ഒ.ബി.സി. പ്രീ-മെട്രിക് സ്കോളർഷിപ്പും അനുവദിക്കുകയുണ്ടായി.

## പ്രത്യേക ഭവനനിർമ്മാണ പദ്ധതി

81 (2266) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.ബി.സി. വിഭാഗത്തിലെ ഭവനരഹിത കുടുംബങ്ങൾക്ക് പ്രത്യേക ഭവന നിർമ്മാണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പിന്നോക്ക വിഭാഗ വികസന വകുപ്പുവഴി ഒ.ബി.സി. വിഭാഗത്തിലെ കുടുംബങ്ങൾക്ക് പ്രത്യേക ഭവനനിർമ്മാണ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

(ബി) ബാധകമല്ല.

**ശങ്കരൻ കമ്മീഷൻ റിപ്പോർട്ട്**

82 (2267) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശ്വകർമ്മ സമുദായത്തിന്റെ ഉന്നമനത്തിനായി നിയമിച്ച ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനായി നിലവിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് അതിവേഗം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടതായതിനാൽ പ്രസ്തുത വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ആയത് ലഭിച്ചശേഷം മാത്രമേ പ്രസ്തുത ശിപാർശകൾ സംബന്ധിച്ച് തീരുമാനമെടുക്കുവാൻ കഴിയൂ.

**പിന്നോക്ക വിഭാഗക്കാരുടെ ക്ഷേമം**

83 (2268) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിന്നോക്ക വിഭാഗക്കാരുടെ ക്ഷേമത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പിന്നോക്ക ക്ഷേമത്തിനായി എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിന്നോക്ക വിഭാഗക്കാരുടെ ക്ഷേമത്തിനായി പിന്നോക്ക വിഭാഗ വികസന വകുപ്പിന്, പദ്ധതി/ പദ്ധതിയേതര വിഹിതങ്ങൾ വർദ്ധിപ്പിച്ച് നൽകുകയും സമയബന്ധിതമായി എല്ലാ

പദ്ധതികൾക്കും ഭരണാനുമതി നൽകുകയും, 2017-18-ൽ നിലവിലുള്ള പദ്ധതികളിൽ കൂടുതൽ ജനവിഭാഗങ്ങൾക്ക് സഹായകരമാവുന്ന രീതിയിൽ പുതിയ ഘടകങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻവഴി ലക്ഷ്യവിഭാഗങ്ങളുടെ സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ ഉന്നമനം ലക്ഷ്യമാക്കി വിവിധ വായ്പാ പദ്ധതികളും സ്കോളർഷിപ്പുകളും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ചു.

അതോടൊപ്പം കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻവഴി നടപ്പാക്കിവരുന്ന വിവിധ വായ്പാ പദ്ധതികളുടെ നിലവിലെ വായ്പാ തുകയിൽ വർദ്ധനവ് വരുത്തുകയും വാഹനവായ്പ, സ്വസ്ഥഗൃഹ വായ്പ എന്നിവയുടെ പലിശനിരക്കിൽ കുറവുവരുത്തുകയും വിവാഹവായ്പ, വിദേശ ജോലി വായ്പ, വിദ്യാശ്രീ, ബിസിനസ് ഡെവലപ്മെന്റ് വായ്പ, സുവർണ്ണശ്രീ തുടങ്ങിയ വായ്പാ പദ്ധതികളുടെ കുടുംബവാർഷിക വരുമാന പരിധിയിൽ ഭേദഗതി വരുത്തി, സ്വയംതൊഴിൽ വായ്പയ്ക്കുവേണ്ടി അപേക്ഷിക്കുന്നതിന് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പിന്നോക്കവിഭാഗ വികസന വകുപ്പിന് കീഴിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. നിലവിലുള്ള പദ്ധതികളിൽ പുതിയ ഘടകങ്ങൾ കൂട്ടിച്ചേർത്തിട്ടുണ്ട്.

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കോർപ്പറേഷന്റെ ലക്ഷ്യവിഭാഗത്തിൽപ്പെട്ട ഡിഗ്രി പാസ്സായ 10 കുട്ടികൾക്ക് (ആർട്ട്സ് 60%, സയൻസ് 70%) സിവിൽ സർവ്വീസ് അക്കാദമിയിൽ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് പരിശീലനം നൽകുന്നതിനുള്ള കോഴ്സ് ഫീസിന്റെ 90%ഉം ഹോസ്റ്റൽ ഫീസായി 4,000 രൂപയും (ആവശ്യമുള്ളവർക്ക്) കോർപ്പറേഷൻ ഗ്രാന്റായി നൽകുന്ന പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട്അപ് സംരംഭം ആരംഭിക്കുന്നതിനുവേണ്ടി പിന്നോക്ക വിഭാഗ വികസന വകുപ്പിന്റെ സഹകരണത്തോടെ പരമാവധി 2 ലക്ഷം രൂപ വരെ മൂലധന സബ്സിഡി ലഭ്യമാകുന്ന വായ്പാ പദ്ധതിയും നോർക്കാ റൂട്ട്സിന്റെ പ്രവാസി പുനരധിവാസ പദ്ധതി പ്രകാരം പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനുവേണ്ടി പരമാവധി 3 ലക്ഷം രൂപവരെ മൂലധന സബ്സിഡിയും വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷം 3% പലിശ സബ്സിഡിയും ലഭ്യമാകുന്ന

റി-ടേൺ വായ്പാ പദ്ധതി, ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട 3 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള ഭവനരഹിതർക്ക് വേണ്ടി 7.5 ശതമാനം മുതൽ 8 ശതമാനം വരെ പലിശ നിരക്കിൽ പരമാവധി 10 ലക്ഷം രൂപ വരെ ഭവന നിർമ്മാണ വായ്പയായി അനുവദിക്കുന്ന 'എന്റെ വീട്' എന്ന വായ്പാ പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

## പിന്നോക്ക സമുദായക്ഷേമ വകുപ്പ്

84 (2269) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിന്നോക്ക സമുദായക്ഷേമ വകുപ്പ് എന്നാണ് രൂപീകരിച്ചത്; ഏതൊക്കെ ജാതി വിഭാഗങ്ങളെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; എന്തൊക്കെ ക്ഷേമ പ്രവർത്തനങ്ങളാണ് ഈ വിഭാഗങ്ങൾക്ക് നൽകി വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

19-11-2011-ലാണ് പിന്നോക്ക സമുദായക്ഷേമ വകുപ്പ് രൂപീകരിച്ചത്. പിന്നോക്ക വിഭാഗത്തിലുൾപ്പെട്ട ജാതികളുടെ പട്ടിക അനുബന്ധം 1(a) ആയി ചേർക്കുന്നു.* വിദ്യാഭ്യാസ സംവരണം SEBC എന്ന പേരിലാണ് അനുവദിക്കുന്നത്. അതിനുള്ള പട്ടിക അനുബന്ധം ആയി ചേർക്കുന്നു.* പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഈ വകുപ്പുവഴി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

## ക്രീമിലെയർ പരിധി

85 (2270) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്രീമിലെയർ പരിധി എത്രയാണ്; ഈ പരിധി പുതുക്കി നിശ്ചയിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ക്രീമിലെയർ പരിധി ഉയർത്തുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും എന്തെങ്കിലും അറിയിപ്പുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ക്രീമിലെയറിനുള്ള വരുമാനം നിശ്ചയിക്കുന്നതിന് ഏതൊക്കെ വരുമാന മാർഗ്ഗങ്ങളാണ് പരിഗണിക്കുന്നതെന്നും ഏതൊക്കെയാണ് ഒഴിവാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഉത്തരവുകളുടെയും നിർദ്ദേശങ്ങളുടെയും പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ക്രീമിലെയർ വരുമാനപരിധി നിലവിൽ 6 ലക്ഷം രൂപയാണ്. ക്രീമിലെയർ വരുമാനപരിധി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) കേന്ദ്ര സർക്കാർ, ക്രീമിലെയർ വരുമാന പരിധി 8 ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ശമ്പളവും കാർഷിക വരുമാനവും ഒഴികെയുള്ള വരുമാനമാണ് കണക്കാക്കുന്നത്.

(ഡി) കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലേക്കുള്ള ഉദ്യോഗ സംവരണത്തിനും വിദ്യാഭ്യാസ സംവരണത്തിനുമുള്ള മാനദണ്ഡങ്ങൾക്ക് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഓഫീസ് മെമ്മോറാണ്ടമാണ് ബാധകം.

സംസ്ഥാന സർക്കാർ ഉദ്യോഗങ്ങൾക്കുള്ള സംവരണത്തിന് 26-9-2009-ലെ സ.ഉ.(പി) നമ്പർ 81/2009/പ.ജ.പ.വ.വി.വ. ഉത്തരവും സംസ്ഥാനത്തെ വിദ്യാഭ്യാസ സംവരണത്തിന് 1-1-2015-ലെ സ.ഉ.(പി) നം. 01/2015/പി.സ.വി.വ. ഉത്തരവുമാണ് ബാധകമായിട്ടുള്ളത്.

ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷന്റെ പ്രവർത്തനം

86 (2271) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്താമോ; കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഏതൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കായി 2017-18 സാമ്പത്തിക വർഷത്തിൽ എത്ര തുക വകയിരുത്തിയിരുന്നുവെന്നും അതിൽ എത്ര തുക ഇതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1972-ൽ സ്ഥാപിതമായ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നാളിതുവരെ 179761 ഗുണഭോക്താക്കൾക്കായി 563.59 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. 2017-18-ൽ 53.02 കോടി രൂപയുടെ വായ്പാ വിതരണവും 47.23 കോടി രൂപയുടെ തിരിച്ചടവും എന്ന അഭൂതപൂർവ്വമായ നേട്ടം കൈവരിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഇപ്രകാരമാണ്.

I. നിലവിലെ ഓഹരി മൂലധനം 150 കോടി രൂപയിൽ നിന്നും 200 കോടിയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

II. ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ

i. മൈക്രോ ഫിനാൻസ് പദ്ധതി:

കുടുംബശ്രീയുമായി ചേർന്ന് വനിതകളുടെ ഗ്രൂപ്പുകൾക്ക് ജാമ്യമില്ലാതെ വായ്പ നൽകുന്ന പദ്ധതി

ii. കൃഷിഭൂമി വായ്പ പദ്ധതി:

പട്ടികജാതിയിൽപ്പെട്ട ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് 30 സെന്റ് കൃഷിഭൂമി വാങ്ങുന്നതിനായി പരമാവധി 4 ലക്ഷം രൂപ വായ്പ നൽകുന്നു.

iii. വിദേശ തൊഴിൽ വായ്പാ പദ്ധതി:

വിദേശത്ത് തൊഴിൽ തേടുന്ന തൊഴിൽരഹിതരായ പട്ടികജാതി യുവാക്കൾക്ക് (ഒരു ലക്ഷം രൂപ സബ്സിഡി ഉൾപ്പെടെ) രണ്ടു ലക്ഷം രൂപ വായ്പ നൽകുന്നു.

iv. പെട്രോളിയം ഡീലർമാർക്കുള്ള വായ്പ:

പട്ടികജാതിയിൽപ്പെട്ട പെട്രോളിയം ഡീലർമാർക്ക് പ്രവർത്തന മൂലധന വായ്പയായി പരമാവധി 7.50 ലക്ഷം രൂപ നൽകുന്ന പദ്ധതിയുടെ രണ്ടാം ഘട്ടം ഈ സാമ്പത്തിക വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്.

v. കാർ ലോൺ വായ്പാ പദ്ധതി :

പട്ടികജാതിയിൽപ്പെട്ട സർക്കാർ ജീവനക്കാർക്ക് 5.00 ലക്ഷം രൂപ മുതൽ 7.50 ലക്ഷം രൂപ വരെ വായ്പ നൽകുന്ന 'കാർ ലോൺ പദ്ധതി' ഈ സാമ്പത്തിക വർഷം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

vi. കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിനായി 'ഒപ്പം' എന്ന പരിപാടിയിലൂടെ പദ്ധതികളെക്കുറിച്ചുള്ള വിപുലമായ ബോധവത്കരണവും വിശദീകരണവും നടത്തുന്നുണ്ട്.

vii. ഓരോ ജില്ലയിലും ഒരു എസ്.ടി. കോളനിവീതം ദത്തെടുക്കുന്ന പദ്ധതിയെപ്പറ്റി പരിശോധിച്ചുവരുന്നു.

(ബി) 2017-18-ൽ സർക്കാർ വിഹിതമായി 25.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം വായ്പാ വിതരണത്തിനായി ലക്ഷ്യമിട്ടിരിക്കുന്ന 60 കോടി രൂപയിൽ 2017 ഫെബ്രുവരി 28 വരെ 53.02 കോടി രൂപ (88%) വിതരണം ചെയ്തിട്ടുണ്ട്.

**പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ**

87 (2272) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ൽ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന് സർക്കാർ വിഹിതമായി എത്ര കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്;

(ബി) പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന് ബജറ്റ് വിഹിതമായി 14 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്.

(ബി) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ദേശീയ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ(NMDFC) എന്നിവയുടെ വായ്പ, സ്വന്തം ഫണ്ട് എന്നിവ വിനിയോഗിച്ച് വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സ്വയംതൊഴിൽ, വിദ്യാഭ്യാസം, ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, പെൺകുട്ടികളുടെ വിവാഹം എന്നിങ്ങനെ ഒട്ടേറെ ആവശ്യങ്ങൾക്കുള്ള വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കി വരുന്നുണ്ട്. വായ്പാ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം**

88 (2273) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കായി 2017-18 സാമ്പത്തിക വർഷം വകയിരുത്തിയ തുക എത്രയാണെന്നും അതിൽ നാളിതുവരെ എത്ര തുക ചെലവഴിക്കാൻ സാധിച്ചുവെന്നും വിശദമാക്കുമോ?

ഉത്തരം

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കായി 2017-18 സാമ്പത്തിക വർഷം 14 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അത് കോർപ്പറേഷന് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ തുടങ്ങാൻ സഹായം**

89 (2274) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ യോഗ്യതയുള്ള പിന്നോക്ക, മതന്യൂനപക്ഷത്തിൽപ്പെട്ടവർക്കായി പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പിന്നോക്ക, മതന്യൂനപക്ഷത്തിൽപ്പെട്ടവർക്ക് സ്റ്റാർട്ട്അപ് സംരംഭങ്ങൾ തുടങ്ങാൻ സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഏതെല്ലാം യോഗ്യതയുള്ളവർക്കാണ് സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികവർഗ്ഗക്കാർക്കായി ആശ്വാസ പദ്ധതികൾ

90 (2275) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് ജപ്തി ഭീഷണി നേരിടുന്ന പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കി വരുന്ന ആശ്വാസ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി അപേക്ഷ സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷയോടൊപ്പം ഉൾക്കൊള്ളിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം ഒരാൾക്ക് എത്രതവണ ആനുകൂല്യം ലഭ്യമാക്കാനാകും എന്ന കാര്യം വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും 5 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഒന്നരയിരട്ടിയെങ്കിലും തിരിച്ചടച്ചിട്ടുള്ളവർക്ക് മുതലിന്റെ ഇരട്ടിയെത്തുന്നതുവരെയുള്ള കുടിശ്ശിക തുക പലിശയും, പിഴപ്പലിശയും ഒഴിവാക്കി 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി നിലവിലുണ്ട്.

കൂടാതെ പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 1-4-2006-നും 31-3-2014 നും ഇടയിൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്ന പദ്ധതിയും നിലവിലുണ്ട്.

(ബി) പട്ടികവർഗ്ഗക്കാർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും കുടിശ്ശികയായതുമായ 1,00,000 രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് സ.ഉ.(അ) നമ്പർ 71/2015/പജപവവിവ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരം കടം എഴുതിത്തള്ളുന്നതിന് സ.ഉ.(പി) നമ്പർ 118/2016/ധന. തീയതി 20-8-2016 സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഒരു കുടുംബത്തിൽ ഒരു അപേക്ഷകന്റെ ഒരു വായ്പ മാത്രമേ ഒരു സാമ്പത്തിക വർഷത്തിൽ പരിഗണിക്കുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പിന്നോക്കവിഭാഗങ്ങൾക്ക് സർക്കാർ സർവ്വീസിൽ മതിയായ പ്രാതിനിധ്യം

91 (2276) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ പിന്നോക്ക വിഭാഗങ്ങൾക്ക് സർക്കാർ സർവ്വീസിൽ മതിയായ പ്രാതിനിധ്യം ഇല്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സർക്കാർ സർവ്വീസിലെ രണ്ടാം ഗസറ്റഡ് തസ്തികകളിലും അതിന് മുകളിലും പിന്നോക്കക്കാരുടെ പ്രാതിനിധ്യക്കുറവ് എത്രത്തോളമാണെന്ന് പ്രസ്തുത കമ്മീഷൻ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കുറവുകൾ പരിഹരിക്കുന്നതിന് ചർച്ചകളും മറ്റ് തുടർനടപടികളും സ്വീകരിക്കുമെന്ന് സർക്കാർ ഉറപ്പുനൽകിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികളെന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ഡി) 1-2-2001-ലെ G.O.(P) No.8/2001 പ:ജാതി/പ.വ.ഗ -നമ്പർ ഉത്തരവ് പ്രകാരം ഏന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ-സി) ഉണ്ട്. സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച് ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2-2-2006-ലെ സ.ഉ.(പി) നമ്പർ 8/06/പജപവവിവ. പ്രകാരം തുടർ നടപടികൾ സ്വീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

സ.ഉ.(എം.എസ്.) നമ്പർ 107/2008/H.Edn. തീയതി 4-8-2008 പ്രകാരം ഉന്നത വിദ്യാഭ്യാസത്തിന് പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചത് 9-11-2001-ൽ ആണ്. അതിനുമുമ്പ് ഈ വിഷയം സംബന്ധിച്ച് 1-2-2001ൽ ഉത്തരവുകളൊന്നുംതന്നെ പുറപ്പെടുവിച്ചതായി കാണുന്നില്ല.

## അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പ്

92 (2277) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി കേന്ദ്രമായുള്ള കേരള ബാർ കൗൺസിൽ അച്ചടിച്ച് വിതരണം ചെയ്തിരുന്ന അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പ് വില്പനയിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ. എത്ര കോടി രൂപയുടെ ക്രമക്കേടാണ് കണ്ടെത്തിയത്;

(ബി) ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പ് അച്ചടി സർക്കാർ ഏറ്റെടുക്കണമെന്ന് അഭിഭാഷക ക്ഷേമനിധി ട്രസ്റ്റിന്റെ ശിപാർശ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അഭിഭാഷക ക്ഷേമനിധി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

### ഉത്തരം

(എ) 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്ടിലെ 22-ാം വകുപ്പ് പ്രകാരം കേരള ബാർ കൗൺസിലാണ് അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പ് അച്ചടിച്ച് വിതരണം ചെയ്തുവരുന്നത്. സ്റ്റാമ്പ് വിൽപ്പനയിൽ നിന്നുള്ള വരുമാനം കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റി കമ്മിറ്റിയുടെ അക്കൗണ്ടിലാണ് വരവ് വയ്ക്കുന്നത്. അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പിന്റെ വിൽപ്പനയിൽ നിന്നുള്ള വരുമാനം ഉൾപ്പെടെ കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റി കമ്മിറ്റിയുടെ കണക്കുകളിൽ ഒട്ടേറെ ക്രമക്കേടുകൾ ഉള്ളതായി 02/09/2017-ൽ കൂടിയ കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റി കമ്മിറ്റിയുടെ യോഗത്തിൽ ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത അന്വേഷണം പൂർത്തിയായാൽ മാത്രമേ അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പ് വിൽപ്പനയിലെ ക്രമക്കേട് വ്യക്തമാക്കുവാൻ കഴിയുകയുള്ളൂ.

(ബി) അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പ് അച്ചടി സർക്കാർ ഏറ്റെടുക്കണമെന്ന് അഭിഭാഷക ക്ഷേമനിധി ട്രസ്റ്റി കമ്മിറ്റി ശിപാർശ ചെയ്തിട്ടില്ല. എന്നാൽ ക്ഷേമനിധി സ്റ്റാമ്പിന്റെ അച്ചടിയിലും വിൽപ്പനയിലും ക്രമക്കേടുകൾ ഉണ്ടാകാതിരിക്കാനായി ഭാവിയിൽ അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പിന്റെ അച്ചടി സർക്കാർ ഏറ്റെടുക്കുന്ന കാര്യം 20189/KLBF2/2017/നിയമം നമ്പർ ഫയലിൽ സർക്കാർ ഗൗരവമായി പരിഗണിച്ചുവരികയാണ്.

(സി) അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പ് അച്ചടിക്കുന്നതിനുള്ള ചുമതല ബാർ കൗൺസിലിൽനിന്നും സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിലേയ്ക്കായി 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഗ്രാമന്യായാലയം**

93 (2278) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഗ്രാമന്യായാലയങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഒരു ഗ്രാമന്യായാലയം ആരംഭിക്കുന്നതിനായി നൽകിയ നിവേദനം സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് കെട്ടിട സമുച്ചയത്തിൽ ഗ്രാമന്യായാലയം ആരംഭിക്കുന്നതിനായി പ്രത്യേക കെട്ടിടം സജ്ജീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ജനങ്ങളുടെ ഈ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കുമോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) 1-3-2011-ലെ സ.ഉ.(കൈ)86/2011/ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് 30 ഗ്രാമ ന്യായാലയങ്ങൾ സ്ഥാപിക്കാനുള്ള ഭരണാനുമതി നൽകുകയും ഇത് പ്രകാരം 30 ഗ്രാമ ന്യായാലയങ്ങളും പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഹൈക്കോടതി രജിസ്ട്രാറുടെ ശിപാർശ പരിശോധിച്ചാണ് സർക്കാർ ന്യായാലയങ്ങൾ ആരംഭിക്കുന്നത്. ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഗ്രാമ ന്യായാലയം ആരംഭിക്കുന്നതിനായുള്ള നിവേദനം തുടർനടപടികൾക്കായി ഹൈക്കോടതി രജിസ്ട്രാർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

**സിനിമാ തിയേറ്റർ സമുച്ചയങ്ങൾ സ്ഥാപിക്കുവാൻ പദ്ധതി**

94 (2279) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൂറ് സിനിമാ തിയേറ്റർ സമുച്ചയങ്ങൾ സ്ഥാപിക്കുവാൻ പദ്ധതിയിട്ടിരുന്നോ; എങ്കിൽ ഇതിനകം എത്ര തിയേറ്ററുകളുടെ പണി പൂർത്തിയാക്കി; എത്രയെണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു;

(ബി) ഇതിനായി പഞ്ചായത്തുകൾ സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പഞ്ചായത്തുകൾ സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുണ്ട്;

(സി) എന്ത് തുകയാണ് ഈ പദ്ധതിക്കായി മുതൽമുടക്കുവാൻ നിശ്ചയിച്ചിരുന്നത്; അതിൽ എത്ര തുക ഇതിനകം ചെലവാക്കിയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ KIIFB-യുടെ സാമ്പത്തിക സഹായത്തോടെ 100 കോടി രൂപ ചെലവിൽ കേരള സംസ്ഥാനമൊട്ടാകെ സിനിമാ തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ കിഫ്ബിയുടെ 100 കോടി രൂപ ഉപയോഗിച്ച് 20 തിയേറ്റർ സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ നിർവ്വഹണ പ്രവർത്തനങ്ങൾ കെ.എസ്.എഫ്.ഡി.സി. ആരംഭിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമായ സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾക്കുകീഴിലുള്ള 17 കേന്ദ്രങ്ങളിൽ സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള വിശദ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) കൺസൾട്ടൻസി സ്ഥാപനമായ കിറ്റ്കോ തയ്യാറാക്കി വരികയാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

(ബി) പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ തിയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനായി അളഗപ്പ നഗർ ഗ്രാമപഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുണ്ട്.

(സി) 100 കോടി രൂപയാണ് പദ്ധതിക്ക് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി ഡി.പി.ആർ. തയ്യാറാക്കി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതോടെ മാത്രമേ തുക ചെലവഴിക്കാൻ കഴിയൂ.

**കുഴൂർ നാരായണ മാരാർ ഫൗണ്ടേഷൻ**

95 (2280) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്മഭൂഷൻ, പഞ്ചവാദ്യ കുലപതി കുഴൂർ നാരായണമാരാരുടെ പേരിലുള്ള ഫൗണ്ടേഷന് കുട്ടികളുടെ പരിശീലനത്തിനായി വാദ്യോപകരണങ്ങൾ വാങ്ങുന്നതിനായി ധനസഹായം അനുവദിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഫൗണ്ടേഷൻ ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അനുകൂല നടപടി സ്വീകരിക്കുമോ;

(സി) കുഴൂർ നാരായണ മാരാർ സ്മാരക നിർമ്മാണത്തിന് സർക്കാർ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) അപേക്ഷ പരിഗണിച്ച് സ്ഥാപനത്തിന് വാദ്യോപകരണങ്ങൾ വാങ്ങിക്കുന്നതിന് സർക്കാർ ധനസഹായമായി 2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) സ്മാരക നിർമ്മാണത്തിന് ധനസഹായം അഭ്യർത്ഥിച്ച് അപേക്ഷ സർക്കാരിൽ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

**കലാകാര പെൻഷൻ**

96 (2281) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാര പെൻഷൻ ലഭിക്കുവാൻ അർഹതയുള്ളവരുടെ വിഭാഗത്തിൽ പടയണി, തെയ്യം, മേളം കലാകാരന്മാരെ ഉൾപ്പെടുത്തി പ്രഖ്യാപനം വന്നതിനു ശേഷം പ്രസ്തുത വിഭാഗങ്ങളിൽ ഓരോന്നിലും എത്ര കലാകാരന്മാർക്കുവീതം പെൻഷൻ അനുവദിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ;

(ബി) എന്നുമുതൽക്കാണ് ഇവർക്ക് പെൻഷൻ വിതരണംചെയ്തു തുടങ്ങിയതെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) 8-11-1999-ലെ സ.ഉ.(എം.എസ്) 49/99/സി.എ.ഡി. നമ്പർ പ്രകാരം പടയണി, മേളം, തെയ്യം എന്നീ വിഭാഗത്തിൽപ്പെട്ട കലാകാരന്മാരെ കലാകാര പെൻഷന് ഉൾപ്പെടുത്തിയിരുന്നു. തുടർന്ന് കലാകാര പെൻഷൻ പദ്ധതി ചട്ടങ്ങൾ ക്രോഡീകരിച്ച് പരിഷ്കരിച്ച് പുറപ്പെടുവിച്ച 11-8-2017 ലെ സ.ഉ.(കൈ) നം. 21/17/സാം.കാ.വ. നമ്പർ ഉത്തരവിലും ടി കലാരൂപങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 8-11-1999 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കലാവിഭാഗത്തിൽപ്പെട്ട കലാകാരന്മാർക്ക് പെൻഷൻ അനുവദിച്ചു വന്നിരുന്നു. 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിൽ പടയണി, തെയ്യം കലാകാരന്മാർ, മേള പ്രമാണിമാർ തുടങ്ങിയവർക്കും പെൻഷൻ അനുവദിക്കുന്നതാണെന്ന്

പ്രസ്താവിച്ചിരുന്നു. ആയതിനുശേഷം 352 പേർക്ക് 6-3-2018 ലെ സ.ഉ.(എം.എസ്)13/18/സി.എ.ഡി. നമ്പർ ഉത്തരവ് പ്രകാരം പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പടയണി വിഭാഗത്തിൽ പുതുതായി 3 പേർക്കും തെയ്യം വിഭാഗത്തിൽ 9 പേർക്കും മേളം വിഭാഗത്തിൽ 16 പേർക്കും പെൻഷൻ പുതുതായി അനുവദിച്ചിട്ടുണ്ട്. ഇവർക്ക് 2018 ഫെബ്രുവരി മാസം മുതൽ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

**നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക കേന്ദ്രം**

97 (2282) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പതിനാല് ജില്ലകളിലും നവോത്ഥാന നായകരുടെ പേരിൽ ഓരോ സാംസ്കാരികകേന്ദ്രം സ്ഥാപിക്കുന്ന കാര്യം 2016-17 ബജറ്റിൽ സൂചിപ്പിച്ചിരുന്നതനുസരിച്ച് ഏതെല്ലാം ജില്ലകളിലാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സാംസ്കാരികകേന്ദ്രം മറ്റ് ജില്ലകളിൽ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും ഇല്ലെങ്കിൽ ഇതിനുകാരണം എന്തെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) നിലവിൽ ഒരു ജില്ലയിലും സാംസ്കാരിക കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. നവോത്ഥാന നായകരുടെ നാമധേയത്തിൽ ഓരോ ജില്ലയിലും 50 കോടി രൂപ വീതം ചെലവാക്കി നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതിക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനായി പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് എന്ന ഏജൻസിയെ ടെണ്ടർ നടപടി മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിക്കായി ഓരോ ജില്ലയിലും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടി ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. പത്തനംതിട്ട, കോട്ടയം, വയനാട് ജില്ലകളിലൊഴികെയുള്ള ജില്ലകളിൽ സ്ഥലലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. വിവിധ ജില്ലകളിൽ സ്ഥല ലഭ്യത, കൈവശാവകാശത്തിന്റെ കൈമാറ്റം എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

### ഒന്നിൽ കൂടുതൽ പെൻഷൻ വാങ്ങുന്നതിന് തടസ്സങ്ങൾ

98 (2283) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അവശകലാകാരന്മാർക്കും, സംസ്കാരിക പ്രവർത്തകർക്കും, ആചാര്യ സ്ഥാനികർക്കും കലാകാരന്മാർക്കും നൽകുന്ന പെൻഷനോടൊപ്പം ഒന്നിൽ കൂടുതൽ പെൻഷൻ വാങ്ങുന്നതിന് തടസ്സങ്ങൾ ഉണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

6-11-2017-ലെ സ.ഉ.(എം.എസ്) നം. 483/2017/ധന. ഉത്തരവ് പ്രകാരം ഒരാൾക്ക് ഒരു ക്ഷേമനിധി ബോർഡ് പെൻഷന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. എന്നാൽ തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകിവരുന്ന ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾക്ക് മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ സാധാരണ നിരക്കിൽ ലഭിക്കുന്നതാണ്.

തനതു ഫണ്ടുപയോഗിച്ച് പെൻഷൻ നൽകുന്നതൊഴികെയുള്ള ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾ ക്ഷേമനിധി പെൻഷനൊപ്പം സാമൂഹ്യ സുരക്ഷാ പെൻഷനും വാങ്ങുകയാണെങ്കിൽ ക്ഷേമനിധി പെൻഷൻ അതത് കാലങ്ങളിൽ നിലവിലുള്ള സാധാരണ നിരക്കിലും സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കും. 6-2-2017-ന് മുൻപ് രണ്ട് പെൻഷനും വാങ്ങിവരുന്നവർക്കാണ് രണ്ടു പെൻഷനും ലഭിക്കാൻ അർഹതയുള്ളത്. എന്നാൽ കലാകാര പെൻഷൻ വാങ്ങുന്നവർക്ക് ക്ഷേമനിധി പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല.

### സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുവാനുള്ള പദ്ധതി

99 (2284) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 40 കോടി രൂപവീതം മുടക്കി എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുവാനുള്ള പദ്ധതി ഏത് ഘട്ടത്തിലാണ്; ഓരോ സമുച്ചയത്തിലും എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കുന്നതിന് തീരുമാനിച്ചിരുന്നത്;

(ബി) തിരുവനന്തപുരത്ത് അയ്യങ്കാളിയുടെ പേരിൽ സ്ഥാപിക്കുവാൻ ഉദ്ദേശിച്ച സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിച്ചോ; ഇതിനകം ഈ പദ്ധതിക്ക് എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) നവോത്ഥാന നായകരുടെ നാമധേയത്തിൽ ഓരോ ജില്ലയിലും 50 കോടി രൂപ വീതം ചെലവാക്കി നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതിക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനായി പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് എന്ന ഏജൻസിയെ ടെണ്ടർ നടപടി മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിക്കായി ഓരോ ജില്ലയിലും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടി ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. പത്തനംതിട്ട, കോട്ടയം, വയനാട് ജില്ലകളിലൊഴികെയുള്ള ജില്ലകളിൽ സ്ഥലലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. വിവിധ ജില്ലകളിൽ സ്ഥലലഭ്യത, കൈവശാവകാശത്തിന്റെ കൈമാറ്റം എന്നിവ പൂർത്തിയാകുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. നാടകശാല, സിനിമാ തിയേറ്റർ, സംഗീതശാല, ഗ്യാലറി, പുസ്തകക്കടകൾ, ചർച്ചകൾക്കും മറ്റുമുള്ള സെമിനാർ ഹാളുകൾ, ശിൽപ്പികൾക്കും കരകൗശല വിദ്യക്കാർക്കുമുള്ള പണിശാലകൾ, നാടക റിഹേഴ്സൽ സൗകര്യം, കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും ഹ്രസ്വകാലത്തേയ്ക്കുള്ള താമസ സൗകര്യങ്ങൾ എല്ലാം അടങ്ങുന്നതായിരിക്കും ഈ സാംസ്കാരിക സമുച്ചയങ്ങൾ. സ്ഥലസൗകര്യത്തിനനുസരിച്ചായിരിക്കും ഈ കേന്ദ്രങ്ങൾ രൂപകല്പന ചെയ്യുന്നത്.

(ബി) തിരുവനന്തപുരം ജില്ലയിൽ സാംസ്കാരിക കേന്ദ്രത്തിനായി തോന്നയ്ക്കൽ കുമാരനാശാൻ സ്മാരകത്തിനടുത്തുള്ള സ്ഥലം പരിഗണനയിലാണ്.

**കലാകാര പെൻഷൻ**

100 (2285) <u>ശ്രീ. ഇ. പി. ജയരാജൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാരപെൻഷൻ എത്രപേർക്ക് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2016-17-ലെ ബജറ്റ് പ്രഖ്യാപനത്തിലൂടെ 1500 രൂപയായി ഉയർത്തിയ കലാകാരപെൻഷൻ എന്നുമുതലാണ് വിതരണം ചെയ്യുവാൻ തുടങ്ങിയത്;

(സി) കലാകാര പെൻഷൻ കുടിശ്ശിക വരുത്താതെ എല്ലാമാസവും കൃത്യമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും പെൻഷൻ നൽകുന്ന പദ്ധതി പ്രകാരം 2921 പേർക്ക് കലാകാര പെൻഷൻ നൽകുന്നുണ്ട്.

(ബി) 1,500 രൂപയായി ഉയർത്തിയ കലാകാര പെൻഷൻ 24-10-2016 മുതൽ നൽകിവരുന്നുണ്ട്.

(സി) കലാകാര പെൻഷൻ അതാത് മാസങ്ങളിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ മുഖേന ക്രെഡിറ്റ് ചെയ്യുന്നുണ്ട്. പ്രായാധിക്യവും ശാരീരിക അവശതയും കാരണം ബാങ്കിലോ പോസ്റ്റാഫീസിലോ പോയി അക്കൗണ്ട് തുടങ്ങാൻ സാധിക്കാത്തവർക്ക് ഇലക്ട്രോണിക് മണിയോർഡർ വഴി കലാകാര പെൻഷൻ നേരിട്ട് നൽകിവരുന്നുണ്ട്.

**കലാഭവൻ മണി സ്മാരക നിർമ്മാണം**

101 (2286) <u>ശ്രീ. ഇ. പി. ജയരാജൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ ബജറ്റിൽ പ്രഖ്യാപിച്ച കലാഭവൻ മണി സ്മാരക നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2016-17 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ കലാഭവൻ മണി സ്മാരകം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നു. മേൽപദ്ധതി കേരള ഫോക്‌ലോർ അക്കാദമി മുഖാന്തരം നടപ്പിലാക്കുന്നതിനായി 31-3-2017-ലെ സ.ഉ.(സാധാ.) നമ്പർ 288/2017/ സി.എൽ.എ.ഡി. തീയതി പ്രകാരം സർക്കാർ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ടി തുക അനുവദിക്കുന്നതിലേയ്ക്കായി സ്മാരകത്തിനായുള്ള സ്ഥലവും അടിസ്ഥാന സൗകര്യവും ലഭ്യമാക്കുവാൻ കേരള ഫോക്‌ലോർ അക്കാദമിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ടി സ്മാരകം സ്ഥാപിക്കുന്നതിന് സ്ഥലം വിട്ടുകിട്ടുന്നതിന് സ്ഥലം എം.എൽ.എ.-യുമായി ബന്ധപ്പെട്ട് ഫോക്‌ലോർ അക്കാദമി നടപടി സ്വീകരിച്ചുവരുന്നു.

## ആലത്തൂർ മണ്ഡലത്തിൽ തിയേറ്റർ സമുച്ചയം

102 (2287) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിൽ തിയേറ്റർ സമുച്ചയം അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ ഇത്തരത്തിലുള്ള തിയേറ്റർ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സ്ഥലം അനുവദിക്കാൻ സന്നദ്ധത അറിയിച്ചിട്ടുള്ള ആലത്തൂർ ഗ്രാമപഞ്ചായത്തിൽ തിയേറ്റർ സമുച്ചയം തുടങ്ങാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഗ്രാമീണ നഗര മേഖലകളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ പുതുതായി തിയേറ്റർ സമുച്ചയങ്ങളുടെ ശൃംഖല സ്ഥാപിക്കുന്ന പദ്ധതി കെ.എസ്.എഫ്.ഡി.സി. ഏറ്റെടുത്തിട്ടുണ്ട്. സ്ഥലലഭ്യതയ്ക്കനുസരിച്ച് ഗ്രാമീണ മേഖലയിലെ കേന്ദ്രങ്ങളും ഇതിനായി പരിഗണിക്കും.

(ബി) ഉണ്ട്.

(സി) ആലത്തൂർ ഗ്രാമപഞ്ചായത്ത് അനുവദിക്കാൻ തയ്യാറായിട്ടുള്ള സ്ഥലം സന്ദർശിച്ച് തിയേറ്റർ സമുച്ചയത്തിന്റെ സാധ്യത വിലയിരുത്തിയതിനുശേഷം തുടർനടപടികൾ പരിഗണിക്കുന്നതാണ്.

## ഉണ്ണിക്കൽ ഭഗവതി ക്ഷേത്രത്തിന്റെ പുനരുദ്ധാരണം

103 (2288) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ കാവുകളുടെ പുനരുദ്ധാരണത്തിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ;

(ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കോടശ്ശേരി പഞ്ചായത്തിലെ ഉണ്ണിക്കൽ ഭഗവതി ക്ഷേത്രത്തിന്റെ പുനരുദ്ധാരണ -സംരക്ഷണങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ധനസഹായം അനുവദിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**കായംകുളത്ത് അനുവദിച്ച മൾട്ടിപ്ലക്സ് തിയേറ്റർ**

104 (2289) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളത്ത് അനുവദിച്ച മൾട്ടിപ്ലക്സ് തിയേറ്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലുള്ള പുരോഗതി വിശദമാക്കാമോ; ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കായംകുളത്ത് മുനിസിപ്പാലിറ്റി കൈമാറുന്ന സ്ഥലം ഉൾപ്പെടെ സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളിൽ തിയേറ്റർ സമുച്ചയം സ്ഥാപിക്കുന്നതിനുള്ള വിശദ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിന് കെ.എസ്.എഫ്.ഡി.സി. കിറ്റ്കോയെ കൺസൾട്ടന്റായി നിശ്ചയിച്ചുകഴിഞ്ഞു. ടി കൺസൾട്ടന്റ് പദ്ധതി സ്ഥലം സന്ദർശിച്ചതിനുശേഷം കരട് ഡി.പി.ആർ. തയ്യാറാക്കുന്നതും ആയത് കിഫ്ബി അംഗീകരിച്ചതിനുശേഷം ഫണ്ട് ലഭ്യമാക്കുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതുമാണ്. ഇതിന് ചുരുങ്ങിയത് ആറുമാസത്തെ സമയം വേണ്ടിവരും.

**ഇരിങ്ങാലക്കുട കലാപൈതൃക ഗ്രാമം**

105 (2290) <u>പ്രൊഫ. കെ. യു. അരുണൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട കേന്ദ്രമായി സാംസ്കാരിക വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന കലാപൈതൃക ഗ്രാമം എന്ന സ്ഥാപനത്തിൽ പുതിയ ഭരണ സമിതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് നിയമിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കലാപൈതൃക ഗ്രാമം പദ്ധതിക്കായി നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഏതൊക്കെ പ്രവൃത്തികൾക്ക് ഉപയോഗിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ സാംസ്കാരിക വകുപ്പ് ഏന്തെല്ലാം ഭാവി പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇരിങ്ങാലക്കുട കേന്ദ്രമായി സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കലാപൈതൃക ഗ്രാമം എന്ന സ്ഥാപനത്തിൽ പുതിയ ഭരണ സമിതി നിലവിൽ വന്നിട്ടില്ല. പുതിയ ഭരണസമിതി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) 2014-15 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ 20 ലക്ഷം രൂപ കലാ പൈതൃക ഗ്രാമം പദ്ധതിക്കായി പ്രഖ്യാപിക്കുകയും സ.ഉ.(സാധാ) നമ്പർ 140/2016/സാം.കാ.വ. തീയതി 22-3-2016 പ്രകാരം 20 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. എന്നാൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക കൈമാറിയിട്ടില്ല.

(സി) സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ നടപടി പൂർത്തിയാകുന്നമുറയ്ക്ക് തുടർപ്രവർത്തനങ്ങൾ നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

**കോട്ടയ്ക്കൽ റസ്റ്റ് ഹൗസിൽ സാംസ്കാരിക പരിപാടികൾ**

106 (2291) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കോട്ടക്കൽ-ചങ്കുവെട്ടി പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് സാംസ്കാരിക വകുപ്പിന്റെ വിവിധ പരിപാടികൾക്കായി ഉപയോഗിക്കുവാനുള്ള പ്രൊപ്പോസലുകൾ നിലവിലുണ്ടോ;

(ബി) ആയുർവ്വേദ നഗരമായ കോട്ടയ്ക്കലിലെ റെസ്റ്റ് ഹൗസ് സാംസ്കാരിക വകുപ്പിന്റെ പരിപാടികൾക്കുകൂടി ഉപയോഗപ്പെടുത്തുന്നുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) സാംസ്കാരിക വകുപ്പിന്റെ ഇത്തരത്തിലുള്ള പദ്ധതികളിൽ കോട്ടയ്ക്കൽ റസ്റ്റ് ഹൗസിനെ കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സാംസ്കാരിക കേന്ദ്രങ്ങൾ വികസിപ്പിക്കുന്ന പദ്ധതികളിൽ ആയുർവേദ നഗരമായ കോട്ടയ്ക്കലിലെ റെസ്റ്റ്ഹൗസിനെ ഉൾപ്പെടുത്താനും ഇതിനാവശ്യമായ ഫണ്ട് അനുവദിക്കുവാനും സാംസ്കാരിക വകുപ്പ് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ കോട്ടയ്ക്കൽ - ചങ്കുവെട്ടി പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസ് സാംസ്കാരിക വകുപ്പിന്റെ പരിപാടികൾക്കായി ഉപയോഗിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ നിലവിലില്ല.

(സി&ഡി) സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുമ്പോൾ കോട്ടയ്ക്കൽ റസ്റ്റ് ഹൗസിനെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**ഭാരത് ഭവൻ സംഘടിപ്പിക്കുന്ന സാംസ്കാരികോൽസവം**

107 (2292) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാംസ്കാരിക വകുപ്പിന്റെകീഴിലുള്ള ഭാരത് ഭവൻ ഏതെല്ലാം ജില്ലകളിൽ സാംസ്കാരികോൽസവം സംഘടിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സാംസ്കാരികോൽസവം സംഘടിപ്പിക്കാനുള്ള ഉത്തരവാദിത്വം ആരെയാണ് ഏൽപ്പിച്ചതെന്നും ഓരോ ജില്ലയിലും സംഘടിപ്പിക്കുന്ന പരിപാടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) ഓരോ ജില്ലയിലും ഏതെല്ലാം സ്ഥലങ്ങളിൽ പരിപാടി സംഘടിപ്പിക്കുന്നുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഓരോ ജില്ലയിലും പരിപാടികൾ സംഘടിപ്പിക്കാൻ എത്ര തുക ചെലവ് വരുമെന്നും ടി ചെലവ് ആര് വഹിക്കുമെന്നും വ്യക്തമാക്കാമോ;

(ഇ) ഭാരത് ഭവന്റെ പേരിൽ ചില ജില്ലകളിൽ സംഘടിപ്പിക്കുന്ന സാംസ്കാരികോൽസവത്തെപ്പറ്റി എഴുത്തുകാരൻ സി.വി. ബാലകൃഷ്ണൻ പ്രതികരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സാംസ്കാരിക വിനിമയത്തിന്റെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലും ഇതര സംസ്ഥാനങ്ങളിലും ഭാരത് ഭവൻ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

(ബി) സാധാരണഗതിയിൽ ഭാരത് ഭവൻ നേരിട്ടാണ് സാംസ്കാരികോൽസവം പോലുള്ള പരിപാടികൾ സംഘടിപ്പിക്കാറുള്ളത്. സർക്കാരിന്റെ സാംസ്കാരിക കേന്ദ്രങ്ങളെയും വിവിധ ജില്ലകളിലെ കലാ-സാംസ്കാരിക പ്രസ്ഥാനങ്ങളെയും

സമിതികളെയും സാമൂഹ്യ പ്രവർത്തകരെയും പ്രാദേശിക സംഘാടനത്തിൽ സഹകരിപ്പിക്കാറുണ്ട്.

ഭാഷ, സംസ്കാരം, കല എന്നീ ഇടങ്ങളെ മുൻനിർത്തിയുള്ള സർഗ്ഗാത്മക പ്രവർത്തനങ്ങളാണ് അതത് ദേശങ്ങളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് നടത്തി വരാറുള്ളത്.

(സി) 2017-18 ൽ ജില്ലാതലത്തിൽ സംഘടിപ്പിച്ച സാംസ്കാരിക പരിപാടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഓരോ സാംസ്കാരിക പരിപാടികളുടെയും രൂപകൽപ്പനയ്ക്കും സവിശേഷതകൾക്കും അനുസരിച്ചാണ് ചെലവുകൾ ക്രമീകരിക്കുന്നത്. പൊതുവെ ജനകീയ ശൈലിയിൽ ചെലവ് ചുരുക്കിയാണ് ഭാരത് ഭവന്റെ സാംസ്കാരിക പരിപാടികൾ മുന്നോട്ട് നീങ്ങുന്നത്. ഇതുവരെ 10,000 രൂപ മുതൽ 3 ലക്ഷം രൂപ വരെ വിനിയോഗിക്കുന്ന പരിപാടികൾ ടൂറിസം വകുപ്പ്, വ്യവസായ വകുപ്പ്, പി.ആർ.ഡി., ആർക്കിയോളജി, ആർക്കൈവ്സ്, നോർക്ക തുടങ്ങിയ വകുപ്പുകൾക്കുവേണ്ടി ഏറെ ശ്രദ്ധേയങ്ങളായ സാംസ്കാരികോത്സവങ്ങൾ ബഹുജന പങ്കാളിത്തത്തോടെ ഭാരത് ഭവൻ നിർവ്വഹിച്ചിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018 മാർച്ച് 3 മുതൽ 6 വരെ തീയതികളിൽ സംഘടിപ്പിക്കാനിരുന്ന ബഹുഭാഷാ സർഗ്ഗോത്സവത്തിൽ പങ്കെടുക്കാൻ ശ്രീ. സി. വി. ബാലകൃഷ്ണൻ അസൗകര്യം അറിയിച്ചിരുന്നു. എന്നാൽ വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്നതിനുവേണ്ടി ഏപ്രിൽ 7 മുതൽ 10 വരെയുള്ള തീയതികളിലേക്ക് ഈ സർഗ്ഗോത്സവം മാറ്റിവയ്ക്കുകയുണ്ടായി. പ്രസ്തുത സർഗ്ഗോത്സവത്തിൽ ടിയാൻ പങ്കെടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ പ്രവർത്തനങ്ങൾ

108 (2293) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. എൻ .എ. നെല്ലിക്കുന്ന്:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിന്റെ പ്രവർത്തനം കോളേജ് തലത്തിലേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിൽ മികവു കാട്ടുന്ന കുട്ടികൾക്ക് എന്തെല്ലാം പ്രോത്സാഹനമാണ് നൽകിവരുന്നത്;

(ഡി) ഇവർക്ക് ഗ്രേസ് മാർക്ക് നൽകുന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ജനാധിപത്യ മതേതര മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കായി നിലവിൽ സെമിനാറുകൾ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, ഉപന്യാസം/ക്വിസ്/പ്രസംഗ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. ജേർണൽ ഓഫ് പാർലമെന്ററി സ്റ്റഡീസ് തുടങ്ങി വിവിധ പുസ്തകങ്ങളും പ്രസിദ്ധീകരിക്കുന്നുണ്ട്. കോളേജ് വിദ്യാർത്ഥികൾക്കായി സെമിനാർ കൂടാതെ ഉപന്യാസം/ക്വിസ്/പ്രസംഗം എന്നീ മത്സരങ്ങളും നടത്തിവരുന്നു.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) മികവ് കാട്ടുന്ന കുട്ടികൾക്ക് സംസ്ഥാനതല ക്യാമ്പ്, സർട്ടിഫിക്കറ്റ്, ക്യാഷ് പ്രൈസ്, ട്രോഫി എന്നിവ നൽകുന്നു. യൂത്ത് പാർലമെന്റ് മത്സരത്തിൽ ജേതാക്കളായ സ്കൂളിന്റെ റിപ്പീറ്റ് പെർഫോമൻസ് പൊതുഭരണ സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാ ഹാളിൽ വച്ച് നടത്തുന്നുണ്ട്.

(ഡി) നിലവിൽ പരിഗണനയിലില്ല.

**വനം മ്യൂസിയവും ഫോറസ്റ്റ് സ്റ്റേഷനുകളും സ്ഥാപിക്കുന്ന നടപടി**

109 (2294) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. എൽദോ എബ്രഹാം:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം മ്യൂസിയം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയാണ് സ്ഥാപിക്കുന്നത് എന്നറിയിക്കുമോ;

(ബി) വനം മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; ഇത്തരത്തിൽ വന പ്രദേശങ്ങളോട് ചേർന്ന് കൂടുതൽ വനം മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശ്യമുണ്ടോയെന്നറിയിക്കുമോ;

(സി) വനം വകുപ്പിൽ പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണെന്ന് അറിയിക്കുമോ;

(ഡി) പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പി.റ്റി.പി. സോഷ്യൽ ഫോറസ്ട്രി കോംപ്ലക്സിൽ വിദ്യാർത്ഥികൾക്ക് വേണ്ടി ഒരു നാച്വറൽ ഹിസ്റ്ററി മ്യൂസിയം സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഒരു വനം മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എവിടെയാണ് സ്ഥാപിക്കുന്നതെന്ന് അന്തിമമായി തീരുമാനിച്ചിട്ടില്ല.

(സി & ഡി) വനം വകുപ്പിൽ പുതുതായി 10 ഫോറസ്റ്റ് സ്റ്റേഷനുകൾ കൊല്ലം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**റബ്ബർ മരാധിഷ്ഠിത വ്യവസായങ്ങൾക്കുള്ള ലൈസൻസ്**

110 (2295) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബർ മരങ്ങളുടെ വിപണനം, റബർ മരാധിഷ്ഠിത വ്യവസായം എന്നിവയ്ക്ക് ലൈസൻസ് നൽകുന്നത് വനം വകുപ്പ് നിർത്തി വെച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ എന്ത് കാരണത്താലാണ് ആയത് നിർത്തി വെച്ചതെന്ന് വിശദമാക്കാമോ;

(സി) റബർ മരങ്ങൾ വനത്തിലെ തടി അല്ലാത്തതിനാൽ റബർ മരാധിഷ്ഠിത വ്യവസായങ്ങൾക്കും മറ്റും ലൈസൻസ് നൽകുന്നത് നിർത്തിയ നടപടി പുനഃപരിശോധിച്ച് തുടർന്നും ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് റബ്ബർ മരങ്ങളുടെ വിപണനത്തിന് വനം വകുപ്പ് ലൈസൻസ് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ റബ്ബർ തടിയധിഷ്ഠിത പാക്കിംഗ് കേസ്, ബ്ലോക്ക് ബോർഡ്, ടീ ചെസ്റ്റ്, ഫർണീച്ചർ, വിനീർ, പ്ലൈവുഡ്, പാർട്ടിക്കിൾ ബോർഡ് തുടങ്ങിയ വ്യവസായങ്ങൾക്ക് പുതുതായി ലൈസൻസ് നൽകുന്നത് താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്.

(ബി) 14-10-2014-ലെ ജി.ഒ(ആർ.ടി) നമ്പർ 469/2014/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 3,17,000 ക്യൂ മീ. റബ്ബർ തടിക്ക് മാത്രമേ മേൽ റബ്ബർ മരാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. അനുവദനീയമായ അളവ് എത്തിയതിനാലാണ് ലൈസൻസ് നൽകുന്നത് താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നത്.

(സി) കേരളത്തിൽ റബ്ബർ ഉൾപ്പെടെയുള്ള തടിവിഭവങ്ങളുടെ ലഭ്യത സംബന്ധിച്ച പീച്ചി കേരള വന ഗവേഷണ കേന്ദ്രം പഠനം നടത്തിയിട്ടുണ്ട്. പഠനറിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**കാട്ടുതീ തടയുന്നതിനുള്ള നടപടികൾ**

111 (2296) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനമേഖലകളിൽ കാട്ടുതീ തടയുന്നതിന് വേണ്ടി പ്രത്യേക ജീവനക്കാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിയമിച്ച ആളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വനമേഖലകളിൽ വേനൽക്കാലത്ത് മൃഗങ്ങൾക്ക് കുടിവെള്ളത്തിന് പ്രത്യേക സംവിധാനങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വനമേഖലകളിൽ കാട്ടുതീ തടയുന്നതിന് വേണ്ടി പ്രത്യേക ജീവനക്കാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. അവരുടെ സർക്കിൾ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സർക്കിൾ | താൽക്കാലിക ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | സതേൺ സർക്കിൾ, കൊല്ലം | 654 |
| 2 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 318 |
| 3 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 259 |
| 4 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 245 |
| 5 | നോർത്തേൺ സർക്കിൾ, കണ്ണൂർ | 538 |
| 6 | ഫീൽഡ് ഡയറക്ടർ,(വൈൽഡ് ലൈഫ്), പാലക്കാട് | 348 |

| | | |
|---|---|---|
| 7 | ഫീൽഡ് ഡയറക്ടർ, (പെരിയാർ ടൈഗർ റിസർവ്), കോട്ടയം | 216 |
| 8 | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | 60 |
| | | 2638 |

(ബി) വനമേഖലകളിൽ വേനൽക്കാലത്ത് വന്യമൃഗങ്ങൾക്കായി വനത്തിനുള്ളിൽ തടയണകളും, താൽക്കാലിക തടയണകളും, കുളങ്ങളും നിർമ്മിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. ഭക്ഷണ ലഭ്യതയ്ക്കായി വയലുകൾ പരിപാലിക്കുക, വനത്തിനുള്ളിൽ കണ്ടുവരുന്ന അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്യുക എന്നീ പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്.

**കാട്ടുതീ നിയന്ത്രിക്കുവാൻ നടപടി**

112 (2297) ശ്രീ. രാജു എബ്രഹാം:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുതീമൂലം വനസമ്പത്തും ജൈവസമ്പത്തും നശിക്കുകയും പക്ഷി മൃഗാദികളുടെ ആവാസ വ്യവസ്ഥ അപകടത്തിലാവുകയും ചെയ്യുന്നത് ഗൗരവമായി കാണുന്നുണ്ടോ;

(ബി) കാട്ടുതീ നിയന്ത്രിക്കുന്നതിന് വനപാലകർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും ആധുനിക സംവിധാനങ്ങൾ ഒരുക്കുന്നതിനും എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കിവരുന്നത്;

(സി) അനിയന്ത്രിതമായി വനസമ്പത്ത് കത്തിനശിക്കുന്ന അവസരങ്ങളിൽ സൈന്യത്തിന്റെ സഹായം അഭ്യർത്ഥിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരത്തിലുള്ള ഇടപെടലിലൂടെ കാട്ടുതീ നിയന്ത്രണ വിധേയമാക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാട്ടുതീമൂലം വനസമ്പത്തും ജൈവസമ്പത്തും നശിക്കുകയും പക്ഷിമൃഗാദികളുടെ ആവാസ വ്യവസ്ഥ അപകടത്തിലാവുകയും ചെയ്യുന്നത് ഗൗരവമായി കാണുന്നുണ്ട്.

(ബി) കാട്ടുതീ നിയന്ത്രിക്കുന്നതിന് വനപാലകർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനോടൊപ്പം കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഇതിലേയ്ക്കായി സംസ്ഥാനത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡന്മാരും റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഫോറസ്റ്റ് സ്റ്റേഷന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരും സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരും ഇതിൽ പേര് രജിസ്റ്റർചെയ്ത് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തിവരുന്നു.

അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാനതലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു. ഇതിനു പുറമെ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു.

(സി) അനിയന്ത്രിതമായി വനസമ്പത്ത് കത്തിനശിക്കുന്ന അവസരങ്ങളിൽ സൈന്യത്തിന്റെ സഹായം അഭ്യർത്ഥിക്കാറുണ്ട്.

**സംസ്ഥാനത്തെ വനവിസ്തൃതി**

113 (2298) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിൽ സംസ്ഥാനത്തിന് മൂന്നാം സ്ഥാനം ഉണ്ട് എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ വനവിസ്തൃതിയിൽ 2015 മുതൽ എത്ര ചതുരശ്ര കിലോമീറ്റർ വർദ്ധനവുണ്ടായതായി കണ്ടെത്തിയിട്ടുണ്ട്;

(സി) സംസ്ഥാനത്തെ വനവിസ്തൃതി കൂടുന്നതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ്; തോട്ടങ്ങളുടെ വർദ്ധന അതിന് കാരണമായിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) വനാവരണത്തിന്റെ വർദ്ധനവിൽ സംസ്ഥാനത്തിന് മൂന്നാം സ്ഥാനം ഉണ്ടെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ വനവിസ്തൃതിയിൽ ഈ കാലയളവിൽ വർദ്ധനവുണ്ടായിട്ടില്ല. (സ്രോതസ്സ്: ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് - 2016) എന്നാൽ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് 2017 പ്രകാരം സംസ്ഥാനത്ത് 1,043 ച.കി.മീ വൃക്ഷാവരണത്തിൽ (Forest Cover) വർദ്ധനവുണ്ടായതായി കണ്ടെത്തിയിട്ടുണ്ട്.

(സി) റിസർവ് വനം റിസർവ്വാക്കാൻ ഉദ്ദേശിച്ച് വിജ്ഞാപനം ചെയ്ത പ്രദേശം, നിക്ഷിപ്തവനം, പരിസ്ഥിതി ദുർബല പ്രദേശം എന്നിവയുടെ ആകെത്തുകയാണ് സംസ്ഥാനത്തെ വനവിസ്തൃതി. വനവിസ്തൃതി കൂടുന്നതിന് ആധാരമാകുന്നത് ഇവയുടെ വിസ്തൃതിയിൽ വരുന്ന വർദ്ധനവാണ്.

സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ട് 2017 പ്രകാരം, വനത്തിന് പുറത്തുള്ള വാണിജ്യ ആവശ്യങ്ങൾക്കായുള്ള തോട്ടങ്ങളിലുണ്ടായ വർദ്ധനവും, നൂതന സാങ്കേതിക വിദ്യയിലൂടെ റിസോഴ്സ്സാറ്റ്-2 എന്ന പുതിയ ഉപഗ്രഹത്തിൽ നിന്നുള്ള വിവരങ്ങൾ കൂടുതൽ കൃത്യതയോടെ വ്യാഖ്യാനിക്കാൻ കഴിഞ്ഞതുമാണ് വൃക്ഷാവരണത്തിൽ (Forest Cover) വർദ്ധനവുണ്ടായതിന്റെ കാരണങ്ങളായി പരാമർശിച്ചിരിക്കുന്നത്.

## വന്യമൃഗങ്ങൾ നാട്ടിലെത്തുന്നത് നിയന്ത്രിക്കുന്നതിന് നടപടി

114 (2299) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ വനാതിർത്തിയിലുള്ള ഗ്രാമങ്ങളിൽ എത്തി മനുഷ്യരെ ആക്രമിക്കുന്നതായ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വന്യമൃഗങ്ങൾ നാട്ടിലെത്തുന്നത് നിയന്ത്രിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വന്യമൃഗങ്ങൾ നാട്ടിലെത്തുന്നത് നിയന്ത്രിക്കുന്നതിന് സർക്കാർ ചുവടെ പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്:

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.

2. പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച്, സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

3. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

4. പ്രശ്ന ബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

5. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

6. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

7. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

## വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്ക് ചികിത്സാസഹായം

115 (2300) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016, 2017 വർഷങ്ങളിലും 2018 ജനുവരി 31 വരെയും തിരുവനന്തപുരം ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റ്ചികിത്സ തേടിയവർക്ക് വനം വകുപ്പ് എത്ര തുക അനുവദിച്ചിട്ടുണ്ട്; അറിയിക്കുമോ;

(ബി) ചികിത്സാസഹായത്തിന് അപേക്ഷ നൽകിയതിൽ എത്ര പേർക്ക് ഇനിയും തുക നൽകാനുണ്ട്;അത് എത്ര രൂപയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2015-16, 2016-17 വർഷങ്ങളിലും 2017-18 ജനുവരി 31 വരെയും തിരുവനന്തപുരം ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റ് ചികിത്സ തേടിയവർക്ക് വനം വകുപ്പ് നൽകിയ തുക ചുവടെ ചേർക്കുന്നു.

| വർഷം | തുക (രൂപയിൽ) |
|---|---|
| 2015-16 | 97847.00 |
| 2016-17 | 268637.00 |
| 2017-18 (ജനുവരി 31 വരെ) | 400972.00 |

(ബി) ചികിത്സാ സഹായത്തിന് 9 പേർ 7,39,901 രൂപ ആവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ അനുബന്ധ രേഖകൾ പരിശോധിച്ച് നിലവിലുള്ള ഉത്തരവുകൾക്ക് വിധേയമായി അർഹതപ്പെട്ട തുകയുടെ ചികിത്സാ സഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ജണ്ട നിർമ്മാണം**

116 (2301) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനഭൂമിയും റവന്യൂ ഭൂമിയും തമ്മിൽ അതിർത്തി നിർണ്ണയിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ജണ്ട നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിലേയ്ക്കായി 'ഡിമാർക്കേഷൻ ഓഫ് ഫോറസ്റ്റ് ബൗണ്ടറീസ് മൊഡ്യൂൾ ' തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പ്രസ്തുത മൊഡ്യൂൾ അടിസ്ഥാനമാക്കി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) വനഭൂമിയും റവന്യൂ ഭൂമിയും തമ്മിൽ അതിർത്തി തിരിക്കുന്നതിനായി 2016-17 വർഷത്തിൽ 12500-ഓളം സ്ഥിരം ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ 28-2-2018 വരെ 12,258 ജണ്ടകൾ നിർമ്മിച്ചു. കൂടാതെ വനാതിർത്തികൾ വേർതിരിക്കുന്ന ശ്രമകരമായ ജോലിക്കായി സർവ്വേ വകുപ്പിലെ സർവ്വേയർമാരുടെ സേവനം ആവശ്യത്തിന് ലഭ്യമല്ലാത്തതിലൂടെ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിലേയ്ക്കായി വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ 30 പേർ വീതം അടങ്ങുന്ന വിവിധ ബാച്ചുകളായി സർക്കാർ അധീനതയിലുള്ള മോഡേൺ ഗവൺമെന്റ്

റിസർച്ച് & ട്രെയിനിംഗ് സെന്റർ ഫോർ സർവ്വേയിൽ ചെയിൻ സർവ്വേ, ഹയർ സർവ്വേ, മോഡേൺ സർവ്വേ എന്നിവയിൽ പരിശീലനം നൽകി അവരുടെ സേവനം വനാതിർത്തി നിർണ്ണയത്തിന് ഉപയോഗപ്പെടുത്തിവരുന്നു. നാളിതുവരെ 5 ബാച്ചുകളിലായി 150 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് പരിശീലനം നൽകിയിട്ടുള്ളതും ആറാമത് ബാച്ചിന്റെ പരിശീലനം നടന്നുവരുന്നതുമാണ്. കൂടാതെ 4-4-2016-ലെ ജി.ഒ(പി) നം. 290/16/ആർ.ഡി. പ്രകാരം കേരള സർവ്വേ & ബൗണ്ടറീസ് റൂൾസ് - 1964, റൂൾ-101 ഷെഡ്യൂളിൽ വേണ്ട ഭേദഗതി വരുത്തി ചെയിൻ സർവ്വേ, ഹയർ സർവ്വേ, മോഡേൺ സർവ്വേ പാസ്സായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെ അംഗീകൃത സർവ്വേയർമാരായി കണക്കാക്കികൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) തയ്യാറാക്കിയിട്ടുണ്ട്. ജണ്ട നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിലേയ്ക്കായി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ എന്നിവർക്ക് മാസംതോറും ജണ്ട നിർമ്മിച്ചതിന്റെ എണ്ണം, മാസാവസാനമുള്ള പ്രവൃത്തി ദിവസം 'ഡിമാർക്കേഷൻ ഓഫ് ഫോറസ്റ്റ് ബൗണ്ടറീസ് മോഡ്യൂൾ'-ൽ രേഖപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പ്രകാരം ടി പ്രവൃത്തി ചെയ്തുവരുന്നുമുണ്ട്.

(സി) 'ഡിമാർക്കേഷൻ ഓഫ് ഫോറസ്റ്റ് ബൗണ്ടറീസ് മോഡ്യൂൾ' പ്രകാരം ഓരോ ഡിവിഷൻ/റെയ്ഞ്ച് എന്നിവിടങ്ങളിലെ ജണ്ട നിർമ്മാണത്തിന്റെ പ്രവർത്തനം എല്ലാ മാസവും വിലയിരുത്തുകയും ആവശ്യമുള്ള സന്ദർഭങ്ങളിൽ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നൽകുകയും എത്രയുംവേഗം അവശേഷിക്കുന്ന വനാതിർത്തികളിലെ ജണ്ട നിർമ്മാണം പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**വനം കയ്യേറ്റം തടയുന്നതിന് സ്വീകരിച്ച നടപടികൾ**

117 (2302) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം കയ്യേറ്റം തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എത്രമാത്രം ഫലപ്രദമാണെന്ന് വ്യക്തമാക്കുമോ;

(ബി) അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള സ്ഥലങ്ങൾ സംരക്ഷിക്കുന്നതിന് പ്രത്യേക നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(സി) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം സംസ്ഥാനത്തെ പരിസ്ഥിതിലോലപ്രദേശങ്ങൾ ഏതൊക്കെയെന്നതിന് അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) വനം കയ്യേറ്റം ഒഴിപ്പിക്കണമെന്നും ആറുമാസത്തിനുള്ളിൽ നടപടി പൂർത്തീകരിക്കണമെന്നും 2015 സെപ്റ്റംബർ നാലാം തീയതി കേരള ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്തൊക്കെയാണ്;

(ഇ) പ്രസ്തുത വിധി നടപ്പിലാക്കുന്നതിന് സർക്കാർ കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ കോടതി എത്ര സമയംകൂടി അനുവദിച്ചിട്ടുണ്ട്;

(എഫ്) അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് രാഷ്ട്രീയമായ തടസ്സം ഉണ്ടാകുന്നുണ്ടോ; ഇടുക്കി ജില്ലയിൽ ഭരണകക്ഷിയിലെ പ്രമുഖ പാർട്ടി കൈയേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വനം കയ്യേറ്റം തടയുന്നതിന് സ്വീകരിച്ച നടപടികൾ ഫലപ്രദമായിട്ടുണ്ട്. കയ്യേറ്റം തടയുന്നതുമായി ബന്ധപ്പെട്ട വനാതിർത്തി സർവ്വേ നടത്തൽ, അതിർത്തി നിർണ്ണയിക്കൽ, സ്ഥിരം ജണ്ട നിർമ്മാണം എന്നിവ നടത്തിവരുന്നു. സർവ്വേയർമാരുടെ അഭാവം ഉണ്ടായപ്പോൾ ആ പ്രശ്നം മറികടക്കുന്നതിനായി വനം വകുപ്പിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ/ബീറ്റ് ഫോറസ്റ്റ് ഓഫീസർതല ഉദ്യോഗസ്ഥർക്ക് സർവ്വേ പരിശീലനം നൽകി. കൂടാതെ പുതിയ കയ്യേറ്റങ്ങൾ അപ്പപ്പോൾ ഒഴിപ്പിച്ച് നിയമനടപടി സ്വീകരിക്കുന്നതിന് ശ്രദ്ധിക്കുന്നുണ്ട്. ടി പ്രവൃത്തികളെല്ലാംതന്നെ വനം കയ്യേറ്റം ഫലപ്രദമായ രീതിയിൽ തടയുന്നതിന് ഉപകാരപ്രദമായിട്ടുണ്ട്.

(ബി) കൈക്കൊണ്ടിട്ടുണ്ട്.

(സി) പുറപ്പെടുവിച്ചിട്ടില്ല.

(ഡി) 2015 സെപ്റ്റംബർ 4-ാം തീയതി കേരള ഹൈക്കോടതിവിധി പുറപ്പെടുവിച്ചിട്ടുണ്ട്. വിധിയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കോടതി ഉത്തരവ് അനുസരിച്ച് 20-1-2016 തീയതിയിലെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ 6-ാമത് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ വിശദമായ ചർച്ചയ്ക്ക് വയ്ക്കുകയും യോഗ തീരുമാനപ്രകാരം ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടി സ്വീകരിക്കുവാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.

2. ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടി സ്വീകരിക്കാൻ കയ്യേറ്റക്കാരുടെ ലിസ്റ്റ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകി.

3. ഏതാനും സ്ഥലങ്ങളിൽ വനം കയ്യേറ്റക്കാർക്ക് വനം വകുപ്പ് നേരിട്ട് നോട്ടീസ് നൽകിയിട്ടുണ്ട്.

4. 4-9-2015-ലെ ഹൈക്കോടതിവിധി പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകുന്നതിനും കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അധിക സമയവും നോട്ടീസ് നൽകുന്ന കാര്യത്തിൽ വ്യക്തതയും ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. അതിന്മേൽ അന്തിമ ഉത്തരവ് ലഭിച്ചിട്ടില്ല.

(ഇ) പ്രസ്തുത വിധി നടപ്പാക്കുന്നതിന് സർക്കാർ ഹൈക്കോടതിയോട് കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ അന്തിമ തീരുമാനം ലഭിച്ചിട്ടില്ല.

(എഫ്) അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് രാഷ്ട്രീയമായ തടസ്സം ഉണ്ടാകുന്നതായി പറയുവാൻ കഴിയുകയില്ല. എന്നിരുന്നാലും പഴക്കമേറിയ 1-1-1977-ന് ശേഷമുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് പലവിധത്തിലുള്ള തടസ്സങ്ങളും ഉണ്ടാകാറുണ്ട്.

**വനഭൂമി കയ്യേറ്റം**

118 (2303) <u>ശ്രീ. അൻവർ സാദത്ത് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977 ജനുവരിക്ക് ശേഷം വനം കയ്യേറിയതായി കണ്ടെത്തിയ എത്ര കേസുകൾ നിലവിലുണ്ട്;

(ബി) എത്ര ഹെക്ടർ വനഭൂമിയാണ് കയ്യേറിയതായി കണ്ടെത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത വനഭൂമികയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ഡി) കയ്യേറിയ വനഭൂമി തിരിച്ചുപിടിക്കുന്നതിന് വിഘാതമായി നിൽക്കുന്നത് ഏതെല്ലാം ഘടകങ്ങളാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) വൻകിട കയ്യേറ്റക്കാർക്കെതിരെ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 1977 ജനുവരിക്കുശേഷം വനം കയ്യേറിയതായി കണ്ടെത്തിയ 1226 കേസ്സുകൾ നിലവിലുണ്ട്.

(ബി) വനം വകുപ്പ് 2015-16 സാമ്പത്തിക വർഷം വരെ നടത്തിയ കണക്കെടുപ്പനുസരിച്ച് 19276.5181 ഏക്കർ (7801.10 ഹെക്ടർ) വനഭൂമി കയ്യേറിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ജില്ലതിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു:

<table>
<tr><th rowspan="2">ജില്ല</th><th rowspan="2">വനം സർക്കിൾ</th><th rowspan="2">വനം ഡിവിഷൻ</th><th colspan="2">അനധികൃത വനം കയ്യേറ്റം</th></tr>
<tr><th>(ഹെക്ടറിൽ)</th><th>(ഏക്കറിൽ)</th></tr>
<tr><td rowspan="2">തിരുവനന്തപുരം</td><td rowspan="4">സതേൺ സർക്കിൾ</td><td>തിരുവനന്തപുരം</td><td>0</td><td>0</td></tr>
<tr><td>കോന്നി</td><td>10.59</td><td>26.16789</td></tr>
<tr><td>പത്തനംതിട്ട</td><td>റാന്നി</td><td>1.13</td><td>2.79223</td></tr>
<tr><td>കൊല്ലം</td><td>തെന്മല</td><td>7.24</td><td>17.89004</td></tr>
<tr><td colspan="3">ആകെ</td><td>18.96</td><td>46.85016</td></tr>
<tr><td rowspan="2">എറണാകുളം</td><td rowspan="5">ഹൈറേഞ്ച് സർക്കിൾ</td><td>കോതമംഗലം</td><td>147.6</td><td>364.7196</td></tr>
<tr><td>കോട്ടയം</td><td>121.49</td><td>300.20179</td></tr>
<tr><td>കോട്ടയം</td><td>മൂന്നാർ</td><td>1099.65</td><td>2717.23515</td></tr>
<tr><td rowspan="2">ഇടുക്കി</td><td>മറയൂർ</td><td>0.03</td><td>0.07413</td></tr>
<tr><td>മാങ്കുളം</td><td>358.43</td><td>885.68053</td></tr>
<tr><td colspan="3">ആകെ</td><td>1727.2</td><td>4267.9112</td></tr>
<tr><td>തൃശ്ശൂർ</td><td rowspan="3">സെൻട്രൽ സർക്കിൾ</td><td>ചാലക്കുടി</td><td>0</td><td>0</td></tr>
<tr><td rowspan="2">എറണാകുളം</td><td>തൃശ്ശൂർ</td><td>147.04</td><td>363.33584</td></tr>
<tr><td>മലയാറ്റൂർ</td><td>129.29</td><td>319.47559</td></tr>
<tr><td colspan="3">ആകെ</td><td>276.33</td><td>682.81143</td></tr>
</table>

| | | | | |
|---|---|---|---|---|
| മലപ്പുറം | ഈസ്റ്റേൺ സർക്കിൾ | നിലമ്പൂർ നോർത്ത് | 682.53 | 1686.53163 |
| | | നിലമ്പൂർ സൗത്ത് | 2.11 | 5.21381 |
| പാലക്കാട് | | പാലക്കാട് | 190.58 | 470.92318 |
| | | മണ്ണാർക്കാട് | 2700.34 | 6672.54014 |
| | | നെന്മാറ | 244.19 | 603.39349 |
| ആകെ | | | 3819.75 | 9438.60225 |
| കോഴിക്കോട് | നോർ ത്തേൺ സർക്കിൾ | കോഴിക്കോട് | 10.4 | 25.6984 |
| വയനാട് | | വയനാട് സൗത്ത് | 1369.29 | 3383.51559 |
| | | വയനാട് നോർത്ത് | 369.74 | 913.632754 |
| കണ്ണൂർ | | കണ്ണൂർ | 11.02 | 27.23042 |
| കാസർഗോഡ് | | കാസർഗോഡ് | 0 | 0 |
| ആകെ | | | 1760.45 | 4350.07195 |
| കോട്ടയം | ഫീൽഡ് ഡയറക്ടർ, കോട്ടയം | പെരിയാർ ഈസ്റ്റ് | 0.0061 | 0.0150731 |
| ഇടുക്കി | | ഇടുക്കി | 5.4 | 13.3434 |
| ആകെ | | | 5.4041 | 13.3584731 |
| തൃശ്ശൂർ | വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | പീച്ചി | 193.02 | 476.95242 |
| വയനാട് | | വയനാട് | 0 | 0 |
| കണ്ണൂർ | | ആറളം | 0 | 0 |
| ആകെ | | | 193.02 | 476.95242 |
| ആകെ | | | 7801.161 | 19276.578831 |

(സി) 4-9-2015-ലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കോടതി ഉത്തരവനുസരിച്ച് 20-1-2016 തീയതിയിലെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ 6-ാമത് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ വിശദമായ ചർച്ചയ്ക്ക് വയ്ക്കുകയും യോഗതീരുമാനപ്രകാരം

ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടി സ്വീകരിക്കുവാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.

2. ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടി സ്വീകരിക്കാൻ കയ്യേറ്റക്കാരുടെ ലിസ്റ്റ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്ക് നൽകി.

3. ഏതാനും സ്ഥലങ്ങളിൽ വനം കയ്യേറ്റക്കാർക്ക് വനം വകുപ്പ് നേരിട്ട് നോട്ടീസ് നൽകിയിട്ടുണ്ട്.

4. 4-9-2015-ലെ ഹൈക്കോടതിവിധിപ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകുന്നതിനും കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അധികസമയവും നോട്ടീസ് നൽകുന്ന കാര്യത്തിൽ വ്യക്തതയും ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. അതിന്മേൽ അന്തിമ ഉത്തരവ് ആയിട്ടില്ല.

5. പുതുതായി കണ്ടെത്തുന്ന കയ്യേറ്റങ്ങൾ അപ്പപ്പോൾത്തന്നെ ഒഴിപ്പിക്കുകയും പുതിയ കയ്യേറ്റങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ശ്രദ്ധിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) വനഭൂമി കയ്യേറ്റക്കാരുടെ സംഘടിതമായ ചെറുത്തുനിൽപ്പും വിവിധ സംഘടനകളുടെ നേതൃത്വത്തിലുള്ള പ്രക്ഷോഭ പരിപാടികളും പ്രാദേശിക രാഷ്ട്രീയവും മതപരവുമായ ഇടപെടലും വിവിധ കോടതികളിൽ കയ്യേറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാതെ കിടക്കുന്ന കേസ്സുകൾ എന്നിവയെല്ലാംതന്നെ കയ്യേറിയ വനഭൂമി തിരിച്ചുപിടിക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങളാണ്.

(ഇ) 4-9-2015-ലെ ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**പരപ്പ-മയ്യള റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി**

119 (2304) <u>ശ്രീ. കെ. കുഞ്ഞിരാമൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പരപ്പ-മയ്യള റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് വകുപ്പ് തുക അനുവദിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) പരപ്പ-മയ്യള റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് 2017-18 വർഷത്തിൽ തുക അനുവദിച്ചിട്ടില്ല.

**മുക്കാലി-സൈരന്ധ്രി റോഡിന്റെ ശോച്യാവസ്ഥ**

120 (2305) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈലന്റ് വാലിയിലേക്ക് പോകുന്ന മുക്കാലി-സൈരന്ധ്രി റോഡിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) മുക്കാലി-സൈരന്ധ്രി റോഡിന്റെ നിലവിലെ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 23 കിലോമീറ്റർ ദൂരമുള്ള മുക്കാലി-സൈരന്ധ്രി റോഡ് നിലവിൽ സോളിംഗ് മാത്രമാണ് നടത്തിയിട്ടുള്ളത്. 2017 വർഷത്തെ മഴയിൽ ഈ റോഡിന്റെ പല ഭാഗങ്ങളിലും മണ്ണിടിച്ചിൽ ഉണ്ടാവുകയും കൾവർട്ടുകളും ഡ്രെയിനേജുകളും സംരക്ഷണഭിത്തികളും തകരുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡിന്റെ താൽക്കാലിക അറ്റകുറ്റപ്പണിക്കും പുനർനിർമ്മാണത്തിനുംവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

**വനം വകുപ്പിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ**

121 (2306) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പ് സംരക്ഷിക്കുന്ന വനങ്ങൾ അല്ലാത്ത മറ്റ് മേഖലകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) കയ്യേറിയ വനങ്ങൾ തിരികെ പിടിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് കാവുകളുടെ സംരക്ഷണത്തിനാവശ്യമായ പദ്ധതികൾ വനം വകുപ്പ് തയ്യാറാക്കുമോ; കാവ് സംരക്ഷണത്തിനായി സഹായങ്ങൾ ലഭ്യമാക്കുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സോഷ്യൽ ഫോറസ്ട്രി വിഭാഗം ഹരിത കേരളം പദ്ധതി വഴി വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, രാഷ്ട്രീയ സംഘടനകൾ, മത സംഘടനകൾ, മീഡിയ, സർക്കാർ ഇതര സ്ഥാപനങ്ങൾ, യൂത്ത് ക്ലബ്ബുകൾ, കുടുംബശ്രീ മുതലായവ മുഖാന്തരം വിതരണം ചെയ്തുവരുന്നു. കാവുകൾ സംരക്ഷിക്കുന്നതിനും കണ്ടൽ വനങ്ങൾ വച്ചുപിടിപ്പിച്ച് സംരക്ഷണം നൽകുന്ന ഉടമകൾക്കും പ്രോത്സാഹന ധനസഹായം നൽകിവരുന്നു. കൂടാതെ അനുയോജ്യമായ സ്ഥലങ്ങളിൽ കണ്ടൽ ചെടികൾ വച്ചുപിടിപ്പിക്കുന്നതിന് കണ്ടൽച്ചെടികൾ ഉല്പാദിപ്പിച്ച് നൽകിവരുന്നു.

കടലോരം, കായലോരം, പുഴയോരം, കനാൽബാങ്ക്, പാതയോരം, റെയിൽവേ ഭൂമി, മറ്റ് സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ തരിശ് സ്ഥലം എന്നിവിടങ്ങളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നുണ്ട്. കടലാമ സംരക്ഷണം, പക്ഷി സംരക്ഷണം എന്നീ പ്രവർത്തനങ്ങൾ സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ നടപ്പാക്കിവരുന്നു. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വർഷംതോറും വനമിത്ര പുരസ്കാരം നൽകിവരുന്നു. സ്വകാര്യ ഭൂമികളിൽ തടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി പത്തിനം വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്നുണ്ട്. കൂടാത, സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ജലാശയ പുനരുദ്ധാരണവും മറ്റ് പരിസ്ഥിതി ശുദ്ധീകരണ പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നു. സ്കൂൾ കോളേജ് തലത്തിൽ ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഔഷധ സസ്യ ഉദ്യാനം, ചിത്രശലഭ പാർക്ക് എന്നിവ ക്ലബ്ബിന്റെ ഭാഗമായി ചില വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്. ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിനും വികസനപ്രവർത്തനങ്ങൾക്കായി മരങ്ങൾ മുറിക്കേണ്ട ഘട്ടങ്ങളിലും വൃക്ഷങ്ങളുടെ വില നിശ്ചയിച്ച് ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിവരുന്നു. സോഷ്യൽ ഫോറസ്ട്രി വന വികസന ഏജൻസികളുടെ സഹായത്തോടെ ഇക്കോടൂറിസം പദ്ധതി നടപ്പിലാക്കിവരുന്നു. നാട്ടാന പരിപാലന ചട്ടം നടപ്പിലാക്കുന്നതിലൂടെ നാട്ടാനകൾക്കെതിരെയുള്ള പീഡനം ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, റെസിഡൻസ് അസോസിയേഷൻ അംഗങ്ങൾ എന്നിവർക്ക് പരിസ്ഥിതി സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലാസ്സുകളും ക്യാമ്പ്, സെമിനാർ, എക്സിബിഷൻ എന്നിവയും നടത്തിവരുന്നു.

സോഷ്യൽ ഫോറസ്ട്രി സതേൺ റീജിയണിന്റെ പരിധിയിലുള്ള കുളത്തുപ്പുഴയിൽ സഞ്ജീവനി വനം എന്ന പേരിൽ 18 ഹെക്ടർ സ്ഥലത്ത് നാനൂറിലധികം ഇനത്തിൽപ്പെട്ട ഔഷധസസ്യങ്ങൾ നട്ട് പരിപാലിച്ച് വരുന്നു. തിരുവനന്തപുരത്ത് ഇളമ്പ്രക്കോട് എന്ന പ്രദേശത്ത് വനദീപ്തി പദ്ധതിപ്രകാരം 20.80 ഹെക്ടർ സ്ഥലത്ത് തദ്ദേശീയമായ ഫലവൃക്ഷങ്ങൾ ഉൾപ്പെടെയുള്ള വനവൃക്ഷങ്ങൾ നട്ട് പരിപാലിച്ച് വരുന്നു.

(ബി) കേരള ഹൈക്കോടതിയുടെ 4-9-2015-ലെ ഒ.പി. നമ്പർ 18467/2002, 1947/2003 എന്നീ കേസ്സുകളിലെ വിധിപ്രകാരം അനധികൃതമായി വനം കയ്യേറി കൈവശം വച്ചിരിക്കുന്നവരെ ഒഴിപ്പിക്കാൻ നോട്ടീസ് നൽകുന്നതിനായി വനം കയ്യേറ്റക്കാരുടെ ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഏതാനും വനം കയ്യേറ്റ സ്ഥലങ്ങളിൽ വനം വകുപ്പ് നേരിട്ടും കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. കയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് സ്ഥലം സർക്കാർ കസ്റ്റഡിയിലെടുത്ത് കേസ് രജിസ്റ്റർ ചെയ്ത് തുടർ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. പുതുതായി കണ്ടെത്തുന്ന കയ്യേറ്റങ്ങൾ അപ്പപ്പോൾ തന്നെ ഒഴിപ്പിക്കാറുണ്ട്.

(സി) സംസ്ഥാനത്ത് കാവുകളുടെ സംരക്ഷണത്തിനായി സർക്കാർ ഉത്തരവ് G.O.(Rt.) No. 354/2013/F&WLD dated 12-9-2017, G.O.(Rt.) No. 485/2016/F&WLD dated 24-12-2016 എന്നീ ഉത്തരവുകൾ പ്രകാരം പദ്ധതി ആവിഷ്കരിച്ച് ധനസഹായം നൽകിവരുന്നു.

**വനഭൂമി സംരക്ഷണം**

122 (2307) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ കണക്ക് പ്രകാരം സംസ്ഥാന വനഭൂമിയുടെ കണക്ക് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ വനാതിർത്തി നിർണ്ണയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) വനഭൂമി സംരക്ഷണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം ; വനവിഭവങ്ങളുടെ കൊള്ള നടക്കുന്നുണ്ടോ ; എങ്കിൽ ആയതു തടയുവാനായി എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) വനപരിപാലനത്തിനായി വനം വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; ഇതിനായി വർഷാവർഷം ചെലവാക്കുന്ന തുക എത്ര എന്നും ഇതിൽ നിന്നുമുണ്ടായ ഗുണകരമായ സ്ഥിതി വിശേഷങ്ങൾ എന്തെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാരിന്റെ കണക്കുപ്രകാരം നിലവിലെ സംസ്ഥാന വനഭൂമി 11,30,947.54 ഹെക്ടറാണ് (11309.4754 ച.കീ) (സ്രോതസ്സ്-ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് - 2016).

(ബി) 2017-18 വരെയുള്ള കണക്കെടുത്തതിൽ സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16,845 കിലോമീറ്ററാണ്. പ്രകൃത്യാലുള്ളതുൾപ്പെടെ ഇതിൽ 14204- കിലോമീറ്ററോളം വനാതിർത്തി വേർതിരിച്ചുകഴിഞ്ഞിട്ടുണ്ട്. 2017 മാർച്ച് മാസം അവശേഷിക്കുന്നതിനായി കണക്കാക്കിയ 2641-കിലോമീറ്ററോളം വനാതിർത്തി സർവ്വേ ചെയ്ത് ജണ്ട ഇട്ട് തിരിക്കുവാൻ ഊർജ്ജിത നടപടി സ്വീകരിച്ചുവരുന്നു. 2017-18 വർഷത്തിൽ 28-2-2018 വരെ വേർതിരിക്കാനുള്ള അതിർത്തിയിൽ 12258 സ്ഥിരം ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്.

(സി) വനഭൂമി സംരക്ഷണത്തിനായും വന സംരക്ഷണത്തിനായും ജി.പി.എസ്., ജി.ഐ.എസ്., വയർലെസ്, ക്യാമറ ട്രാപ്, ഫയർ അലർട്ട് തുടങ്ങിയ ശാസ്ത്രീയ ജാഗ്രതാ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. കൂടാതെ ഗൗരവതരമായ കുറ്റകൃത്യങ്ങളിൽ പോലീസ് സഹായത്തോടെ കുറ്റകൃത്യം നടന്ന സ്ഥലത്തെ മൊബൈൽ ടവർ വിവരങ്ങൾ പ്രതികളെ കണ്ടുപിടിക്കുന്നതിന് ഉപയോഗിക്കുന്നുണ്ട്. ഉൾവനങ്ങളിൽ ആശയവിനിമയം സുഗമമാക്കുന്നതിനായി വയർലെസ് സംവിധാനം ഉപയോഗിക്കുന്നുണ്ട്. മറ്റ് പ്രദേശങ്ങളിൽ വന സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനായി സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഔദ്യോഗിക മൊബൈൽ സിം കാർഡുകൾ നൽകിയിട്ടുണ്ട്. നിലവിൽ വനസംരക്ഷണത്തിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന പട്രോളിംഗ് സംയോജിത പരിശോധനകൾ, രാത്രികാല പരിശോധന, വനാന്തരങ്ങളിൽ ക്യാമ്പ് ചെയ്തുകൊണ്ടുള്ള പട്രോളിംഗ് ഓപ്പറേഷനുകൾ, റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം മുതലായവ കൂടുതൽ കാര്യക്ഷമമായി ഉപയോഗിച്ചുവരുന്നു. വന സംരക്ഷണ വിഭാഗം ജീവനക്കാരും താൽക്കാലിക വാച്ചർമാരും ഉൾപ്പെടുന്ന സംഘം മികച്ച രീതിയിൽ വനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. വനാതിർത്തി സർവ്വേ ചെയ്ത് ജണ്ടകൾ നിർമ്മിച്ച് വനഭൂമിയെ സ്വകാര്യ ഭൂമിയിൽ നിന്നും വേർതിരിക്കുന്നതിനായി ടോട്ടൽ സ്റ്റേഷൻപോലുള്ള സർവ്വേ ഉപകരണങ്ങളും ഉപയോഗിക്കുന്നുണ്ട്.

വനവിഭാവങ്ങളുടെ കൊള്ള ശക്തമായ രീതിയിൽ പ്രതിരോധിക്കുകയും തടയുകയും ചെയ്യുന്നു. വനവിഭവങ്ങളുടെ കൊള്ള തടയുന്നതിനായി മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാംതന്നെ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്.

(ഡി) വനസംരക്ഷണത്തിനും വനപരിപാലത്തിനുമായി ചുവടെ പറയുന്ന പ്രവൃത്തികൾ ചെയ്തുവരുന്നു:

1. വനാതിർത്തി സർവ്വേയും ജണ്ട നിർമ്മാണവും.

2. മറ്റ് വകുപ്പുകളിൽ നിന്നും പരിസ്ഥിതി പ്രധാന്യമുള്ള കണ്ടൽക്കാടുകൾ പുറമ്പോക്കുകൾ തുടങ്ങിയ സ്ഥലങ്ങളും റിസർവ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികളും റിസർവ് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ.

3. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ.

4. പുതുതായി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ.

5. ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ്.

6. വനം വകുപ്പുമായി ബന്ധപ്പെട്ട പുരാതന രേഖകൾ സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റിക്കാർഡ് റൂം സ്ഥാപിക്കുന്നതിനുള്ള നടപടികൾ.

7. വനം കയ്യേറ്റങ്ങൾ തടയുന്നതിനുള്ള നടപടികൾ.

8. വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തൽ.

9. വനത്തിനുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് വനവിഭവങ്ങളുടെയും വന്യജീവികളുടെയും സംരക്ഷണം.

10. നൂതന സാങ്കേതികവിദ്യകളുടെ സഹായത്തോടെ മറയൂർ ചന്ദന ഡിപ്പോയുടെ സംരക്ഷണം.

11. പങ്കാളിത്ത വനപരിപാലനം.

2016-17 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ 243.23 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ ഫെബ്രുവരി മാസം മുതൽ 128.39 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

പരിസ്ഥിതി-മണ്ണ്-ജലസംരക്ഷണ നടപടികളിലൂടെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് വനാശ്രിത സമൂഹത്തിന്റെ സുസ്ഥിര വികസനം സാധ്യമാക്കുന്നതിനും വന പരിപാലന പ്രവൃത്തികളിലൂടെ കഴിയുന്നു. വ്യവസായ ആവശ്യങ്ങൾക്കായുള്ള അസംസ്കൃത വസ്തുക്കളായ മുള, ഈറ തുടങ്ങിയവ

വനപരിപാലനത്തിലൂടെ ലഭ്യമാക്കുന്നുണ്ട്. 2016-17 സാമ്പത്തിക വർഷം റവന്യ ഇനത്തിൽ 263.36 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 15-2-2018 വരെ 225.41 കോടി രൂപയും സമാഹരിക്കാൻ വനം വകുപ്പിന് സാധിച്ചിട്ടുണ്ട്.

**വന സംരക്ഷണത്തിനായി പദ്ധതി**

123 (2308) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനസംരക്ഷണത്തിനായി നടപ്പാക്കിവരുന്ന പദ്ധതികളുടെ ഓരോന്നിന്റെയും ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രകൃതി വിഭവങ്ങൾ, ആവാസ വ്യവസ്ഥ, നാശോന്മുഖമായി കൊണ്ടിരിക്കുന്ന അപൂർവ്വ ഇനം സസ്യ- ജന്തു ജാലങ്ങൾ എന്നിവയുടെ സംരക്ഷണത്തിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇവയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കുമോ;

(സി) നിലവിൽ സംസ്ഥാനത്തെ വനവിസ്തൃതി എത്ര ശതമാനമാണ്; കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ വനവിസ്തൃതി കുറഞ്ഞത് എത്ര ശതമാനമാണ്; വിശദമാക്കാമോ ?

ഉത്തരം

(എ) വനഭൂമിയുടെയും, വന്യജീവികളുടെയും അവയുടെ ആവാസ വ്യവസ്ഥകളുടെയും സംരക്ഷണമാണ് പ്രധാനമായും ലക്ഷ്യമിടുന്നത്.

(ബി) വനസംരക്ഷണത്തിനും വനപരിപാലത്തിനുമായി ചുവടെ പറയുന്ന പ്രവൃത്തികൾ ചെയ്തുവരുന്നു:

1. വനാതിർത്തി സർവ്വേയും ജണ്ട നിർമ്മാണവും.
2. മറ്റ് വകുപ്പുകളിൽനിന്നും പരിസ്ഥിതി പ്രധാന്യമുള്ള കണ്ടൽക്കാടുകൾ പുറമ്പോക്കുകൾ തുടങ്ങിയ സ്ഥലങ്ങളും റിസർവ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികളും റിസർവ് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ.
3. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ.
4. പുതുതായി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ.

5. ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ്.

6. വനം വകുപ്പുമായി ബന്ധപ്പെട്ട പുരാതന രേഖകൾ സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റിക്കാർഡ് റൂം സ്ഥാപിക്കുന്നതിനുള്ള നടപടികൾ.

7. വനം കയ്യേറ്റങ്ങൾ തടയുന്നതിനുള്ള നടപടികൾ.

8. വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തൽ.

9. വനത്തിനുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് വനവിഭവങ്ങളുടെയും വന്യജീവികളുടെയും സംരക്ഷണം.

10. നൂതന സാങ്കേതികവിദ്യകളുടെ സഹായത്തോടെ മറയൂർ ചന്ദന ഡിപ്പോയുടെ സംരക്ഷണം.

11. പങ്കാളിത്ത വനപരിപാലനം.

(സി) സംസ്ഥാനത്തെ വനവിസ്തൃതി 29.10 ശതമാനമാണ്. കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ വനവിസ്തൃതി കുറഞ്ഞിട്ടില്ല.

## കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് ആക്ട്, 2016

124 (2309) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനേതര പ്രവർത്തനങ്ങൾക്ക് വനഭൂമി വിട്ടുനൽകുന്നതിന് പകരം വനവൽക്കരണം നടത്തുന്നതിനുള്ള ഫണ്ട് വിനിയോഗം സംബന്ധിച്ച കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് ആക്ട്, 2016-ന്റെ കരട് ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന് ലഭിക്കുന്ന ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വ്യവസ്ഥകൾ ഈ ചട്ടപ്രകാരം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കരട് ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്.

(ബി) ചട്ടം 5 (2) പ്രകാരം സംസ്ഥാനത്ത് ലഭിക്കുന്ന എൻ.പി.വി (NPV) ഫണ്ടിന്റെ 80% വനം-വന്യജീവി മാനേജ്മെന്റുമായി ബന്ധപ്പെട്ട് പന്ത്രണ്ട് പദ്ധതികൾക്കായി ഉപയോഗിക്കണം. അസിസ്റ്റഡ് നാച്ചറൽ റീ ജനറേഷൻ ആർട്ടിഫിഷ്യൽ റീ ജനറേഷൻ (പ്ലാന്റേഷനുകൾ) വനത്തിലെ സിൽവി കൾച്ചറൽ

ഓപ്പറേഷനുകൾ, പ്ലാന്റേഷനുകളുടെയും വനങ്ങളുടെയും സംരക്ഷണം, വനത്തിലെ കീടങ്ങളുടെയും രോഗങ്ങളുടെയും നിയന്ത്രണം, കാട്ടുതീ തടയലും നിയന്ത്രണ പ്രവർത്തനങ്ങളും സോയിൽ &മോയ്സ്ചർ കൺസർവേഷൻ പ്രവൃത്തികൾ, അംഗീകരിച്ച മാനേജ്മെന്റ് പ്ലാൻ/വർക്കിംഗ് പ്ലാൻ പ്രകാരം വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് മെച്ചപ്പെടുത്തൽ, സംരക്ഷിത വനപ്രദേശത്തുനിന്നും ജനവാസ കേന്ദ്രങ്ങളെ മാറ്റൽ, വൈൽഡ് ലൈഫ് കോറിഡോർ ഉൾപ്പെടുന്ന വനേതര പ്രദേശങ്ങളിലെ വനവത്കരണവും പുനരുജ്ജീവനവും, അനിമൽ റെസ്ക്യൂ സെന്ററുകളുടെ നിർമ്മാണം, പ്രവർത്തനം, പരിപാലനം, വന്യമൃഗങ്ങളെ ചികിൽസിക്കാനുള്ള സൗകര്യം, കാലാകാലങ്ങളിൽ നാഷണൽ അതോറിറ്റി പുറപ്പെടുവിക്കുന്ന തടികളുടെയും മറ്റ് വനോത്പന്ന സംരക്ഷണ ഉപകരണങ്ങളുടെയും വിതരണം എന്നിവ ഇതിൽപ്പെടുന്നു.

ബാക്കിയുള്ള ഇരുപത് ശതമാനം വനം-വന്യജീവി സംരക്ഷണവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കൽ വനം വകുപ്പിന്റെയും ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏജൻസികൾ, സംഘടനകൾ എന്നിവയുടെയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ എന്നിവയ്ക്കായി ഉപയോഗിക്കണം.

**ക്ലാപ്പന ഗ്രാമപഞ്ചായത്തിലെ കണ്ടൽക്കാടുകൾ**

125 (2310) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിൽ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ തീരദേശമേഖലയിലെ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത മേഖലയിൽ വ്യാപകമായി കണ്ടൽക്കാടുകൾ വെച്ചുപിടിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ; വിശദീകരിക്കുമോ;

(സി) സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ചതുപ്പ് നിലങ്ങളിൽ കണ്ടൽ വനങ്ങൾ വെച്ചു പിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തുക അനുവദിച്ചിട്ടില്ല.

(ബി) പ്രസ്തുത മേഖലയിൽ വ്യാപകമായി കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിപ്രകാരം ഇതിനായുള്ള സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കുന്ന കാര്യവും പരിശോധിക്കാവുന്നതാണ്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ കൺസർവേഷൻ ഓഫ് നാച്വറൽ റിസോഴ്സ് ആന്റ് ഇക്കോ സിസ്റ്റം (വൈറ്റ്ലാന്റ് കൺസർവേഷൻ)-ന്റെ കീഴിൽ കണ്ടൽ മേഖലയിൽ താമസിക്കുന്ന ജനങ്ങൾക്ക് കണ്ടൽ തൈകൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ചതുപ്പ് നിലങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിച്ച് സംരക്ഷിക്കുന്നതിന് ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ (G.O.(Rt.) 354/2013/F&WLD, dated 12-9-2013) നമ്പർ സർക്കാർ ഉത്തരവുപ്രകാരം ധനസഹായം നൽകിവരുന്നുണ്ട്.

**വനത്തിനുള്ളിലെ തടയണ നിർമ്മാണം**

126 (2311) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത വരൾച്ചയും വേനലും മുന്നിൽക്കണ്ട് വരുന്ന മഴക്കാലത്തിന് മുമ്പായി വനത്തിനുള്ളിലെ നീർച്ചാലുകളിൽ പരമാവധി ഇടങ്ങളിൽ തടയണകൾ നിർമ്മിക്കാൻ എന്തൊക്കെ പദ്ധതികളാണ് സർക്കാർ പരിഗണനയിലുള്ളത്;വിശദമാക്കുമോ;

(ബി) വനം വകുപ്പ് മുൻവർഷങ്ങളിൽ തടയണകൾ നിർമ്മിച്ചതിന്റെ വിശദാംശങ്ങൾ നൽകാമോ; 2016-17, 2017-18 എന്നീ വർഷങ്ങളിൽ ഏതൊക്കെ വനം ഡിവിഷനുകളിൽ എത്ര തടയണകൾ വീതം നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കടുത്ത വേനലും വരൾച്ചയും മുന്നിൽക്കണ്ട് വിവിധ ഡിവിഷനുകളിൽ ഗ്രീൻ ഇന്ത്യ മിഷന്റെ കീഴിൽ നീർച്ചാലുകളും, വെള്ളം തടഞ്ഞുനിർത്തുന്നതിനുവേണ്ടി ബ്രഷ് വുഡ് ചെക്ക് ഡാമുകളും നിർമ്മിച്ചുവരുന്നു. കൂടാതെ നിലവിലുള്ള ജലസ്രോതസ്സുകൾ നവീകരിക്കുകയും അവയുടെ തീരസംരക്ഷണത്തിനായി മുള, കൈത തുടങ്ങിയ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്ന പ്രവൃത്തിയും നടത്തുന്നുണ്ട്.

(ബി) വനം വകുപ്പ് 2016-17, 2017-18 എന്നീ വർഷങ്ങളിൽ വിവിധ ഡിവിഷനുകളിൽ നിർമ്മിച്ച തടണയകളുടെ വിവരം ചുവടെ ചേർക്കുന്നു:

| നമ്പർ | ഡിവിഷൻ | 2016-17 | 2017-18 |
|---|---|---|---|
| 1 | തിരുവനന്തപുരം വൈൽഡ് ലൈഫ് | 2 | 0 |
| 2 | തെന്മല | 1 | 1 |
| 3 | അച്ചൻകോവിൽ | 0 | 2 |
| 4 | കോട്ടയം | 25 | 27 |
| 5 | മൂന്നാർ | 14 | 0 |
| 6 | മാങ്കുളം | 5 | 1 |
| 7 | പെരിയാർ ഈസ്റ്റ് | 0 | 2 |
| 8 | പെരിയാർ വെസ്റ്റ് | 1 | 0 |
| 9 | ഇടുക്കി വൈൽഡ് ലൈഫ് | 2 | 0 |
| 10 | വാഴച്ചാൽ | 1 | 0 |
| 11 | തൃശ്ശൂർ | 1 | 0 |
| 12 | ചാലക്കുടി | 0 | 2 |
| 13 | പാലക്കാട് | 8 | 8 |
| 14 | നിലമ്പൂർ നോർത്ത് | 0 | 1 |
| 15 | വയനാട് വൈൽഡ് ലൈഫ് | 23 | 2 |
| 16 | വയനാട് സൗത്ത് | 1 | 0 |
| 17 | വയനാട് നോർത്ത് | 1 | 0 |
| 18 | കാസർഗോഡ് | 3 | 0 |

**വനം വകുപ്പിന്റെ വയനാട് ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ**

127 (2312) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വനം വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര വിനോദ സഞ്ചാര കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 2016 ജനവരി മാസം മുതൽ ഓരോ കേന്ദ്രങ്ങളിലും എത്തിയ സന്ദർശകരുടെ എണ്ണം മാസംതിരിച്ച് നൽകാമോ;

(സി) വയനാട് ജില്ലയിലെ ചില വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സന്ദർശകരുടെ എണ്ണം പരിമിതപ്പെടുത്തിയതിന്റെ സാഹചര്യം വ്യക്തമാക്കാമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ സൗത്ത് വയനാട് വനം ഡിവിഷന്റെ കീഴിൽ പാക്കം-കുറുവ, സൂചിപ്പാറ, ബാണാസുരമല-മീൻമുട്ടി, ചെമ്പ്രാപീക്ക് എന്നിങ്ങനെ നാലും, നോർത്ത് വയനാട് വനം ഡിവിഷന്റെകീഴിൽ ബ്രഹ്മഗിരി, മുനീശ്വരൻകുന്ന്, ചിറപ്പുല്ല്, മീൻമുട്ടി എന്നിങ്ങനെ നാലും, വയനാട് വൈൽഡ് ലൈഫ് ഡിവിഷനുകീഴിൽ മുത്തങ്ങ, തോൽപ്പെട്ടി എന്നിങ്ങനെ രണ്ടും ഇക്കോടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 2016 ജനുവരി മാസം മുതൽ ഓരോ കേന്ദ്രങ്ങളിലും എത്തിയ സന്ദർശകരുടെ എണ്ണം മാസംതിരിച്ച് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു*.

(സി) വയനാട് ജില്ലയിൽ സൗത്ത് വയനാട് വനം ഡിവിഷന്റെ കിഴിലുള്ള പാക്കം-കുറുവ ഇക്കോടൂറിസം കേന്ദം ജൈവ വൈവിദ്ധ്യമുൾക്കൊള്ളുന്ന ഒരു ചെറിയ ദ്വീപാണ്. ടി കേന്ദ്രത്തിന് ഉൾക്കൊള്ളാനാകാത്തവിധമുള്ള സന്ദർശക ബാഹുല്യംനിമിത്തം പാരിസ്ഥിതികാഘാതം ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് ഇവിടേയ്ക്കുള്ള സന്ദർശകരുടെ എണ്ണം ഒരു ദിവസം 400 ആയി നിജപ്പെടുത്തുകയുണ്ടായി.

**വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടി**

128 (2313) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇവർക്കെതിരെ നടപടി സ്വീകരിക്കുവാനുള്ള കാരണമുൾപ്പെടെയുള്ള വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 106 ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ കാലയളവിൽ അഴിമതി/കൈക്കൂലി/ഓഫീസ് നിയമാവലി ലംഘിച്ച പ്രവർത്തനങ്ങൾ നടത്തിയതിനാണ് കേസ്സിന്റെ ഗൗരവം കണക്കിലെടുത്ത് 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾപ്രകാരം വകുപ്പുതലത്തിൽ ആവശ്യമായ അച്ചടക്ക നടപടി സ്വീകരിച്ചത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വനം വകുപ്പിലെ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ

129 (2314) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും അഴിമതികൾ തടയുന്നതിനും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനുമായി വനം വകുപ്പും ഈ സർക്കാരും സ്വീകരിച്ചുവരുന്ന നടപടികൾ എന്ത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടികളുടെ ഭാഗമായി എത്ര ജീവനക്കാർക്കെതിരെ പരാതികൾ ലഭിച്ചു; എത്രപേരെ കുറ്റക്കാരായി കണ്ടെത്തി; എത്രപേർക്കെതിരെ അന്വേഷണം നടന്നുവരുന്നു; എത്രപേർ കേസുകളിൽ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു

- വനപരിപാലനവും വനസംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിടനിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, വനം റോഡുകളുടെ പരിപാലനം, പശ്ചാത്തല സൗകര്യം ഒരുക്കൽ എന്നിവ നടപ്പാക്കുന്നു.
- വനാശ്രിത സമൂഹങ്ങളുടെ വനാശ്രിതത്വം കുറച്ചുകൊണ്ടുവരുന്നതിനും അതുവഴിയുള്ള ജൈവ വൈവിദ്ധ്യശോഷണം തടയുന്നതിനുമായി പങ്കാളിത്ത വനപരിപാലനം നടപ്പാക്കുന്നു.
- കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.
- വാളയാറിലും അരിപ്പയിലും തിരുവനന്തപുരം പി.ടി.പി. നഗറിലുമുള്ള പരിശീലന കേന്ദ്രങ്ങളിലൂടെ വനം വകുപ്പിലെ സംരക്ഷണ വിഭാഗത്തിലെ ഉദ്യോഗസ്ഥരായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് തുടർച്ചയായുള്ള പരിശീലന പരിപാടി നടപ്പിലാക്കിവരുന്നു.

- വനം വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച് സന്നദ്ധ സംഘടനകൾക്കും മറ്റ് വികസന ഏജൻസികൾക്കും അവബോധം വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു.
- വനം വകുപ്പിലെ വിവിധതലത്തിലുള്ള ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പരിശീലനങ്ങൾ, ശില്പശാലകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.
- ഫോറസ്റ്റ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർവത്കരണം, വകുപ്പിന്റെ എല്ലാ ഓഫീസുകളും തമ്മിൽ നെറ്റ്‌വർക്ക് കണക്റ്റിവിറ്റി, ഇ-ഗവേണൻസ് പദ്ധതികൾ, എം-ഗവേണൻസ് പദ്ധതികൾ, വയർലസ് സാങ്കേതികവിദ്യ എന്നിവ നടപ്പിലാക്കിവരുന്നു.

വനം വകുപ്പിലെ അഴിമതികൾ തടയുന്നതിനും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനുമായി വനം വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പൊതുജനങ്ങൾക്ക് ഇത്തരത്തിലുള്ള പരാതികൾ യഥാസമയം അറിയിക്കുവാൻ വനം വകുപ്പാസ്ഥാനത്ത് ടോൾ ഫ്രീ നമ്പർ പ്രകാരം സേവനം ലഭ്യമാക്കിയിട്ടുണ്ട്. ടോൾ ഫ്രീ നമ്പർ പ്രകാരം ലഭിക്കുന്ന പരാതികൾ വിജിലൻസ് വിഭാഗം അന്വേഷണം നടത്തുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(ബി) പ്രസ്തുത നടപടികളുടെ ഭാഗമായി 351 ജീവനക്കാർക്കെതിരെ പരാതികൾ ലഭിക്കുകയും അന്വേഷണം നടത്തിയതിൽ 51 ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് കണ്ടെത്തുകയും 133 ഉദ്യോഗസ്ഥർക്കെതിരെയുള്ള അന്വേഷണം നടന്നുവരികയും ചെയ്യുന്നു.

## വനിതാ ബീറ്റ് ഫോറസ്റ്റ് ഓഫീസർ നിയമനം

130 (2315) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിച്ചു;

(ബി) പ്രസ്തുത ഫോറസ്റ്റ് സ്റ്റേഷനുകളിലേക്ക് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ തസ്തിക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) വനിതാ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ പുതുതായി നിയമിച്ചിട്ടുണ്ടോ; നിലവിലുള്ള തസ്തികകളിലാണോ ഇവരെ നിയമിച്ചത്;

(ഡി) വനിതാ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ ഒറ്റയ്ക്ക് ഉൾവന പ്രദേശങ്ങളിൽ ഡ്യൂട്ടിക്ക് നിയോഗിക്കുന്നതിൽ ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) വനിതാ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ തസ്തിക അധിക തസ്തികയായി സൃഷ്ടിച്ച് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം GO(MS) No. 43/17/F&WLD തീയതി 13-9-2017 പ്രകാരം 10 ഫോറസ്റ്റ് സ്റ്റേഷനുകൾ തുടങ്ങിയെങ്കിലും ശേഷം ആവശ്യമായ തസ്തികകൾ അനുവദിക്കപ്പെടാത്തതിനെ തുടർന്ന് G.O.(Ms) No. 55/17/F&WLD തീയതി 20-12-2017 പ്രകാരം ടി തീരുമാനം റദ്ദാക്കുകയുണ്ടായി.

(ബി) സ്റ്റേഷനുകൾ, തസ്തികകൾ ഉൾപ്പെടെ അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) വനിതാ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ പുതുതായി നിലവിലുള്ള തസ്തികകളിൽ നിയമിച്ചിട്ടുണ്ട്.

(ഡി) ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അടിയന്തര ഘട്ടങ്ങളിൽ ഉൾവനപ്രദേശങ്ങളിൽ സേവനം അനിവാര്യമായി വരുന്ന സാഹചര്യത്തിൽ പുരുഷ സംരക്ഷണ വിഭാഗക്കാരുടെയും വാച്ചർമാരുടെയും നേതൃത്വത്തിൽ ഇവരുടെ സേവനം ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള അനുയോജ്യമായ നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

**ഏറനാട് മണ്ഡലത്തിലെ പദ്ധതികൾക്ക് വനഭൂമി**

131 (2316) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളാണ് നിലവിൽ വനഭൂമി ലഭ്യമാകാത്തതിന്റെ പേരിൽ പെൻഡിംഗിലുള്ളത്; വ്യക്തമാക്കുമോ;

(ബി) മൊടവണ്ണക്കടവിൽ പാലം നിർമ്മിക്കുന്നതിന് വനംവകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്നും എപ്പോൾ അനുമതി നൽകുമെന്നും വ്യക്തമാക്കുമോ;

(സി) വനഭൂമി വിട്ടുകിട്ടാത്തതിന്റെ പേരിൽ മുടങ്ങിക്കിടക്കുന്നതും ഭരണാനുമതി ലഭിച്ചതുമായ പദ്ധതികൾക്ക് നിയമപ്രകാരം ഭൂമി വിട്ടുനൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏറനാട് മണ്ഡലത്തിൽ മൊടവണ്ണക്കടവ് പാലം നിർമ്മാണം, കക്കാടംപൊയിൽ ചെറുകിട ജലവൈദ്യുത പദ്ധതി, വാളാന്തോട്-നായാടംപൊയിൽ റോഡ്, ചുരക്കോട്, അന്നുണ്ട, തണ്ണിപ്പൊയിൽ, പെരുവമ്പാടം, മേലോടി വനഭാഗങ്ങളിലെ വീടുകളുടെ സമ്പൂർണ്ണ വൈദ്യുതീകരണം എന്നീ പദ്ധതികളാണ് വനസംരക്ഷണ നിയമപ്രകാരം അനുമതി തേടിയിട്ടുള്ളത്. ഇതിൽ മൊടവണ്ണക്കടവിൽ പാലം നിർമ്മിക്കുന്നതിന് കേന്ദ്രാനുമതി നൽകിയിട്ടുണ്ട്.

കക്കാടംപൊയിൽ ചെറുകിട ജലവൈദ്യുതി പദ്ധതിക്ക് വനഭൂമി അനുവദിക്കുന്നതിനായി സി.ഐ.എ.എൽ. സമർപ്പിച്ച പ്രൊപ്പോസൽ വിവിധതലത്തിൽ പരിശോധനയിലാണ്.

സമ്പൂർണ്ണ ഗൃഹ വൈദ്യുതീകരണത്തിന്റെ ഭാഗമായി വനഭൂമിയിലൂടെ വൈദ്യുതി ലൈൻ വലിക്കുന്നതിനുള്ള അനുമതിക്കായുള്ള പ്രൊപ്പോസലിന്മേൽ സ്ഥലപരിശോധന നടത്തിവരുന്നു. വാളന്തോട് നായടംപൊയിൽ റോഡിന് വനഭൂമി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ആവശ്യമായ രേഖകൾ സമർപ്പിക്കാൻ യൂസർ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അവ ലഭിക്കാത്തതിനാൽ തുടർനടപടി സാധിക്കുന്നില്ല.

(ബി) മൊടവണ്ണക്കടവിൽ പാലം നിർമ്മിക്കുന്നതിന് കേന്ദ്രാനുമതി നൽകിയിട്ടുണ്ട്.

(സി) അടിയന്തര നടപടി സ്വീകരിക്കും.

**വനഭൂമി ബൊട്ടാണിക്കൽ ഗാർഡനാക്കുന്നതിന് നടപടി**

132 (2317) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നോർത്ത് ഡിവിഷനിലെ അരിമ്പ്രാക്കുത്ത് വനഭൂമി ബോട്ടാണിക്കൽ ഗാർഡനാക്കുന്നതിനുവേണ്ടി നിവേദനം ലഭിച്ചിട്ടുണ്ടോ ; നിവേദനത്തിന്മേൽ എടുത്ത നടപടി വിശദമാക്കാമോ;

(ബി) ഭൂവിസ്തൃതി,ഭൗതികസാഹചര്യം എന്നിവ പരിഗണിച്ചാൽ ഈ സ്ഥലം കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ കേരളത്തിലെ ഒന്നാമത്തെ ബോട്ടാണിക്കൽ ഗാർഡനാക്കാൻ കഴിയും എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ആയതിന് വേണ്ട നടപടി സ്വീകരിക്കുമോ, വിശദമാക്കാമോ;

(സി) വെള്ളം, വൈദ്യുതി, ഗതാഗത സൗകര്യം തുടങ്ങിയവ പ്രസ്തുത സ്ഥലത്ത് നിലവിൽ ലഭ്യമായതിനാൽ പാരിസ്ഥിതിക പഠനത്തിനും വനഗവേഷണത്തിനും ഉതകുന്ന രൂപത്തിൽ ബൊട്ടാണിക്കൽ ഗാർഡൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഈ നിവേദനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർക്കിംഗ് പ്ലാൻ കാലത്ത് തേക്ക്, അക്കേഷ്യ പ്ലാന്റേഷനുകൾ ഒഴികെ മറ്റ് പ്ലാന്റേഷനുകൾ ഒന്നുംതന്നെ റീപ്ലാന്റ് ചെയ്യാൻ നിർദ്ദേശിച്ചിരുന്നില്ല. നിലവിൽ അവിടെയുള്ള കശുമാവ് തോട്ടങ്ങളെ സംബന്ധിച്ച് സ്വാഭാവിക വനങ്ങളാക്കാൻ അനുവദിക്കുകയെന്ന നിർദ്ദേശമാണ് ഉണ്ടായിരുന്നത്. ആയതിനാൽ കശുമാവ് തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (നിലമ്പൂർ നോർത്ത്)-നോട് 6-1-2018 തീയതിയിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) നിർദ്ദേശം നൽകുകയുണ്ടായി.

(ബി) നിലവിൽ ടി സ്ഥലത്ത് കശുമാവിൽ തോട്ടങ്ങളാണ്. ഈ സ്ഥലത്തെ മണ്ണ് ലാറ്ററൈറ്റ് ആയതിനാൽ അത്തരം മണ്ണിൽ വളരുന്ന ഇനം മരങ്ങൾ മാത്രമേ ഇവിടെ നട്ടുവളർത്താനാകുകയുള്ളൂ. ഈ പരിമിതി കാരണം ബൊട്ടാണിക്കൽ ഗാർഡൻ എന്ന ആശയം പ്രായോഗികമല്ല.

(സി) മണ്ണിന്റെ പ്രത്യേകത കാരണം ഇവിടെ ബൊട്ടാണിക്കൽ ഗാർഡൻ എന്ന ആശയം പ്രായോഗികമല്ല.

**ചന്ദനമര വിൽപ്പന**

133 (2318)<u>ശ്രീ.അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ചന്ദനക്കാടിന്റെ വിസ്തൃതി എത്രയാണെന്നും ഇത് ഏത് ഫോറസ്റ്റ് റേഞ്ചിന്റെ കീഴിലാണെന്നും അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് വനം വകുപ്പ് ചന്ദനമര വില്പന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഫോറസ്റ്റ് റെയ്ഞ്ചിലാണെന്നും പ്രസ്തുത വില്പനയിലൂടെ എത്ര രൂപ സമാഹരിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിലുള്ള ചന്ദനക്കാടിന്റെ വിസ്തൃതി കണക്കാക്കിയിട്ടുള്ളതിൽ മറയൂർ ഫോറസ്റ്റ് റെയിഞ്ചിൽ 596.51 ഹെക്ടറും കാന്തല്ലൂർ ഫോറസ്റ്റ് റെയിഞ്ചിൽ 841.718 ഹെക്ടറുമാണുള്ളത്. കൂടാതെ സംസ്ഥാനത്ത് തെന്മല, മൂന്നാർ, ചാലക്കുടി, മണ്ണാർക്കാട് നെന്മാറ, വയനാട് സൗത്ത്, വയനാട് നോർത്ത്, കാസർഗോഡ്, പെരിയാർ വെസ്റ്റ്, മൂന്നാർ/പറമ്പിക്കുളം വൈൽഡ് ലൈഫ് ഡിവിഷനുകളിലെ സ്വാഭാവിക വനങ്ങളിലും ചന്ദനമരങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയുടെ കൃത്യമായ വിസ്തൃതി തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) മറയൂർ ചന്ദന ഡിവിഷനുകീഴിൽ 2017-18-ൽ 12-7-2017& 13-7-2017, 17-1-2018 & 18-1-2018 തീയതികളിലായി എട്ട് ചന്ദന ലേലങ്ങൾ നടത്തിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ മേൽപ്പറഞ്ഞ എട്ട് ലേലങ്ങളിൽ നിന്നായി 2018 ഫെബ്രുവരി 28-ാം തീയതി വരെ വില്പന വിലയും എഫ്.ഡി.ടി.-യുമായി ആകെ 31,59,74,647 രൂപ സർക്കാരിലേയ്ക്ക് സമാഹരിച്ചിട്ടുണ്ട്.

**കാവുകളുടെ സംരക്ഷണം**

134 (2319) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2014 മുതൽ 2018 വരെ കാവുകൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; അതിന്റെ പേരും സ്ഥലവും വിശദീകരിക്കാമോ;

(ബി) 2017-ൽ മാത്രം കാവുകൾ സംരക്ഷിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(സി) 2014 മുതൽ 2018 ജനുവരി വരെ ഉള്ള കാലയളവിൽ കാവുകൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പ് എത്ര കാവുകൾക്കാണ് ധനസഹായം നൽകിയത്; കാവിന്റെ പേരും ധനസഹായം നൽകിയ തുക എത്രയെന്നും വിശദമാക്കാമോ;

(ഡി) കാവ്,കുളം എന്നിവ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പ് നടപ്പിൽ വരുത്തുന്ന പദ്ധതികൾ ഏതൊക്കെയാണ്; പദ്ധതി പ്രകാരമുള്ള ധനസഹായം എത്ര എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2014 മേയ് മുതൽ 2018 വരെ കാവുകൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് 15 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകളുടെ പേരും സ്ഥലവും ചുവടെ ചേർക്കുന്നു:

1 സെക്രട്ടറി, തീരത്തൂർ, ഇലങ്കം, ചാമുണ്ഡേശ്വരി ദേവീ ക്ഷേത്രം, ചായ്ക്കോട്ട് കോണം (2014-15)

2 മുല്ലശ്ശേരി നാഗരുട്ട്കാവ്, വടകോട്, നെയ്യാറ്റിൻകര (2014-15)

3 പേരുവിളാകംകാവ്, അതിയന്നൂർ, ആറാലുമൂട്, നെയ്യാറ്റിൻകര (2014-15)

4 കഞ്ഞിക്കുഴി, ഈശ്വരക്കാല, ഭൂതത്താൻകാവ്, ഉച്ചക്കട, നെയ്യാറ്റിൻകര (2014-15)

5 കഞ്ഞിക്കുഴി, ഈശ്വരക്കാല, ഭൂതത്താൻകാവ്, ഉച്ചക്കട, നെയ്യാറ്റിൻകര (2015-16)

6 മുല്ലശ്ശേരി നാഗരുട്ട്കാവ്, വടകോട്, നെയ്യാറ്റിൻകര (2015-16)

7 തണ്ടളം ശ്രീനാഗരാജ ക്ഷേത്രം, തിരുപുറം, നെയ്യാറ്റിൻകര (2015-16)

8 വലിയവീട്ടുവിളാകം കാവ്, വടകോട്, പെരുംപഴുതൂർ, നെയ്യാറ്റിൻകര (2015-16)

9 മുന്നണ്ണിവിള ആയിരവല്ലി തമ്പുരാൻ കാവ്, നെല്ലിക്കോട്, കൊല്ലംകോട് (2015-16)

10 നൊച്ചിയൂർ പുളിങ്കോട് കണ്ടൻ ശാസ്താക്ഷേത്രവക കാവ്, ചെങ്കൽ (2015-16)

11 പുന്നറത്തല കാവ്, അതിയന്നൂർ, ആറാലുംമൂട് (2016-17)

12 കല്ലിയൂർ ശ്രീ നാഗരമ്മൻ കാവ്, കാരോട്, നെയ്യാറ്റിൻകര (2017-18)

13 ശ്രീനാഗയക്ഷിയമ്മൻ കാവ് ക്ഷേത്രം, കാരോട്, നെയ്യാറ്റിൻകര (2017-18)

14 മുല്ലശ്ശേരി നാഗരുട്ട്കാവ്, വടകോട്, നെയ്യാറ്റിൻകര (2017-18)

15 ശ്രീ. എസ്. സുകുമാരൻ, സീതൾ നിവാസ്, അയ്യൻവിള പോരന്നൂർ, പ്ലാമൂട്ട് കട.

(ബി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കാവുകൾ സംരക്ഷിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് 2017-ൽ നാല് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) ഉത്തരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) കാവ് സംരക്ഷണത്തിനായി സർക്കാർ ഉത്തരവ് G.O.(Rt) No. 354/2013/F&WLD dated 12-9-2013, G.O.(Rt) No. 485/2016/F&WLD dated 24-12-2016 എന്നിവപ്രകാരം കാവുകളുടെ ഉടമകൾക്ക് ധനസഹായം നൽകിവരുന്നു. കാവ് സംരക്ഷണത്തിനായി അംഗീകരിച്ചിട്ടുള്ള പ്രോജക്ട് കോസ്റ്റിന്റെ പത്ത് ശതമാനം അതായത് പരമാവധി 25,000 രൂപ വരെ ഒരു വർഷം ധനസഹായം നൽകിവരുന്നു. വനകേരള മിഷന്റെ ഭാഗമായി സന്നദ്ധ സംഘടനകളുടെ സഹായത്തോടെ കുളങ്ങൾ നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ 2016-17 വർഷം മുതൽ സോഷ്യൽ ഫോറസ്ട്രി വിഭാഗം നടത്തിവരുന്നു. എന്നാൽ ഇതിനായി പ്രത്യേക പദ്ധതികളൊന്നും സാമൂഹിക വനവത്കരണവിഭാഗത്തിൽ നിലവിലില്ല.

## കുളങ്ങളുടെ നവീകരണത്തിന് വനം വകുപ്പ് പദ്ധതി

135 (2320) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളങ്ങളുടെ നവീകരണത്തിനായി വനം വകുപ്പ് നിയോജക മണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ കുളങ്ങളുടെ പേരുവിവരം ആവശ്യപ്പെട്ടിരുന്നോ;

(ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽനിന്നും നവീകരണത്തിനായി നിർദ്ദേശിച്ച കുളം / ചിറ ഏതായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത നിർദ്ദേശത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ ?

### ഉത്തരം

(എ-സി) നിയോജകമണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ നവീകരിക്കേണ്ട കുളങ്ങളുടെ പേര് വിവരം വനം വകുപ്പ് ആവശ്യപ്പെട്ടിട്ടില്ല. എന്നിരുന്നാലും സന്നദ്ധ സംഘടനകളുടെ സഹായസഹകരണത്തോടുകൂടി കുളങ്ങൾ, തോടുകൾ, ജലാശയങ്ങൾ എന്നിവ നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

## ചീനവലകളുടെ സംരക്ഷണത്തിനാവശ്യമായ തടികൾ നൽകാൻ നടപടി

136 (2321) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ടുകൊച്ചിയിലെ ചീനവലകൾ സംരക്ഷിക്കുന്നതിനായി 2014 ജൂൺ മാസം ടൂറിസം വകുപ്പിന് ഒന്നരക്കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തടികൾ ലഭിക്കാത്ത കാരണത്താൽ ചരിത്രപ്രാധാന്യം അർഹിക്കുന്ന ഈ സ്മാരകങ്ങൾ സംരക്ഷിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭരണാനുമതി ലഭിച്ച് മൂന്നര വർഷം കഴിഞ്ഞിട്ടും ടൂറിസം വകുപ്പിന് തടിലഭ്യമായിട്ടില്ലെന്ന കാരണത്താൽ ചരിത്ര സ്മാരകങ്ങൾ നശിച്ച് പോകുന്നത് കണക്കിലെടുത്ത് ആവശ്യമായ തടികൾ വനം വകുപ്പിൽ നിന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ചീനവലകൾ പുനരുദ്ധരിക്കുന്നതിനുള്ള ടൂറിസം വകുപ്പിന്റെ പദ്ധതികൾക്ക് 9-8-2017-ലെ സ.ഉ.(സാധാ) 309/2017/വനം നമ്പർ ഉത്തരവ് പ്രകാരം പദ്ധതി നടത്തിപ്പുകാരായ KITCO ലിമിറ്റഡിന് തടി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

**അതിരപ്പിള്ളി-വാഴച്ചാൽ പ്രവേശന ഫീസ്**

137 (2322) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി-വാഴച്ചാൽ വിനോദസഞ്ചാര മേഖലയിലെത്തുന്ന ടൂറിസ്റ്റുകളിൽ നിന്നും വനം വകുപ്പ് വന സംരക്ഷണ സമിതി മുഖേന പിരിച്ചെടുക്കുന്ന പ്രവേശന ഫീസ്, പാർക്കിംഗ് ഫീസ് എന്നിവയുടെ ഒരു വിഹിതം മാലിന്യ സംസ്കരണത്തിനും മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന് വിനോദ നികുതിയായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി പ്രസ്തുത ഗ്രാമ പഞ്ചായത്ത് സർക്കാരിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അനുകൂല നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) അതിരപ്പിള്ളി വനമേഖലയിൽ വാഴച്ചാൽ വനവികസന ഏജൻസി മുഖേന പങ്കാളിത്ത ഇക്കോടൂറിസം പദ്ധതിയാണ് വകനം വകുപ്പ് നടപ്പാക്കുന്നത്. അതിരപ്പിള്ളി-വാഴച്ചാൽ ഇക്കോടൂറിസം മേഖല പൂർണ്ണമായും വനത്തിനുള്ളിലാണ് നിലനിൽക്കുന്നത്. ഇവിടെ സന്ദർശിക്കുന്നവരിൽ നിന്നും ഈടാക്കുന്ന പ്രവേശന ഫീസും മറ്റ് ഫീസുകളുടെയും ഒരു നിശ്ചിത തുക ഇക്കോസിസ്റ്റം മാനേജ്മെന്റ് ഫണ്ട് (EMF) എന്ന പേരിൽ ബാങ്കിൽ

നിക്ഷേപിക്കുകയും ബാക്കി തുക സർക്കാർ റവന്യൂ ആയി സർക്കാർ ട്രഷറിയിൽ നിക്ഷേപിക്കുകയും ചെയ്തുവരുന്നു. EMF-ൽ നിക്ഷേപിക്കുന്ന തുക ചെലവഴിക്കുന്നതിന് സർക്കാർ ഉത്തരവ് 40/2017/F&WLD തീയതി 23-8-2017 പ്രകാരം കൃത്യമായ മാർഗ്ഗനിർദ്ദേശം നിലവിലുള്ളതാണ്. ഇതനുസരിച്ച് വനവികസന ഏജൻസിക്ക് ലഭ്യമാകുന്ന തുകയുടെ സിംഹഭാഗവും ഇക്കോടൂറിസം കേന്ദ്രങ്ങളിലെ ഗൈഡുമാരുടെയും വാച്ചർമാരുടെയും പ്രതിഫലം നൽകുന്നതിനായി വിനിയോഗിക്കുന്നു. ബാക്കി തുക വനവികസന ഏജൻസി അംഗീകരിക്കുന്ന വാർഷിക ബജറ്റ് പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിനും വനാശ്രിത സമൂഹത്തിന്റെ ക്ഷേമ കാര്യങ്ങൾക്കുമായാണ് വിനിയോഗിക്കുന്നത്. അതിരപ്പിള്ളി-വാഴച്ചാൽ ഇക്കോടൂറിസം മേഖലയിലെ മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമായ രീതിയിൽ വനസംരക്ഷണ സമിതി ഗൈഡുകളുടെയും വാച്ചർമാരുടെയും മേൽനോട്ടത്തിൽ നടന്നുവരുന്നു. കൂടാതെ, അതിരപ്പിള്ളിയിലേയ്ക്കെത്തുന്ന റോഡിനിരുവശങ്ങളിലും ടൂറിസ്റ്റുകൾ നിക്ഷേപിക്കുന്ന മാലിന്യം നീക്കം ചെയ്യാൻ ചാലക്കുടി വനവികസന ഏജൻസി മുഖേന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. വന സംരക്ഷണ നിയമപ്രകാരം ഗ്രാമപഞ്ചായത്തിന് വനമേഖലയിൽ യാതൊരു വികസന പ്രവർത്തനങ്ങളും നടപ്പാക്കാൻ സാധ്യമല്ലെന്നിരിക്കെ ടി മേഖലയിൽ നിന്നും വിനോദ നികുതി ഈടാക്കുക എന്നത് അപ്രസക്തമാണ്.

## വന്യമൃഗ ആക്രമണം ഒഴിവാക്കുവാനും വന്യജീവി സംരക്ഷണത്തിനും നടപടി

138 (2323) <u>ശ്രീ. പി. കെ. ശശി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങളെ വേട്ടയാടുന്നത് തടയുവാനും, വന്യജീവി സംരക്ഷണം ഉറപ്പുവരുത്തുവാനുമായി വനം വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നടപടികൾക്കായി വനം വകുപ്പ് അതിർത്തി പങ്കിടുന്ന ഇതര സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) വനമേഖലവിട്ട് വന്യമൃഗങ്ങൾ നാട്ടിലെത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വന്യജീവികളെ സംരക്ഷിച്ച് വനത്തിൽ തിരിച്ചെത്തിക്കാനും വന്യമൃഗഭീഷണി തടയുവാനുമായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാരിന്റെയും മുൻസർക്കാരിന്റെയും കാലയളവിൽ വന്യമൃഗ ആക്രമണംമൂലമുണ്ടായ മരണം, കൃഷിനാശം എന്നിവ സംബന്ധിച്ച വിശദാംശവും പ്രസ്തുത വിഭാഗങ്ങൾക്ക് ലഭ്യമാക്കിയ സഹായവും എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങളെ വേട്ടയാടുന്നത് തടയുന്നതിന് 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിൽ അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വന്യജീവി സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

- വംശനാശം നേരിടുന്ന വന്യജീവിയായ വരയാടിന്റെയും അതിന്റെ ആവാസ വ്യവസ്ഥയുടെയും സംരക്ഷണാർത്ഥം ഇരവികുളം ദേശീയോദ്യാനവും ദേശീയ പക്ഷിയായ മയിലിന്റെ സംരക്ഷണാർത്ഥം ചൂലന്നൂർ മയിൽ സങ്കേതവും സ്ഥാപിച്ചിട്ടുണ്ട്.
- ദേശാടന പക്ഷികളുടെ സംരക്ഷണത്തിനായി എറണാകുളം നഗരത്തിന്റെ ഹൃദയഭാഗത്ത് കണ്ടൽക്കാടുകൾ നിറഞ്ഞ പ്രദേശത്ത് മംഗളവനം പക്ഷി സങ്കേതം രൂപീകരിച്ച് പരിപാലിച്ചുവരുന്നു.
- വന്യജീവി പ്രധാന്യം ഏറെ അർഹിക്കുന്ന കടുവകളുടെ സംരക്ഷണത്തിനായി ദേശീയ കടുവാ സംരക്ഷണ പദ്ധതിയുടെ ധനസഹായത്തോടെ പെരിയാർ ടൈഗർ റിസർവ്, പറമ്പിക്കുളം ടൈഗർ റിസർവ് എന്നിവ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.
- കാട്ടാനകളുടെ സംരക്ഷണാർത്ഥം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പ്രോജക്ട് എലിഫന്റ് പദ്ധതിയുടെ ധനസഹായത്തോടെ സംസ്ഥാനത്ത് വയനാട്, നിലമ്പൂർ, ആനമുടി, പെരിയാർ എന്നിങ്ങനെ നാല് എലിഫന്റ് റിസർവുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് വന്യജീവി സംരക്ഷണാർത്ഥമുള്ള പ്രവർത്തനങ്ങൾ സമീപ സംസ്ഥാനങ്ങളിലെ വനം വകുപ്പുമായി ഏകോപിപ്പിച്ചാണ് നടത്തുന്നത്. കൂടാതെ വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ, വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോ എന്നിവയുടെ സാങ്കേതിക സഹായവും കേരള വനം വകുപ്പ് ഉപയോഗിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനമേഖലവിട്ട് നാട്ടിലെത്തുന്ന വന്യജീവികളെ സംരക്ഷിച്ച് വനത്തിൽ തിരിച്ചെത്തിക്കാനും വന്യമൃഗ ഭീഷണി തടയുവാനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേക്ക് റീലൊക്കേറ്റ് ചെയ്യൽ.

2. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

3. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന, വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

4. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും, ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരിക്കുവാനുള്ള നടപടികൾ.

5. ജനവാസ മേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ചുമാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനുമുള്ള നടപടികൾ.

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കാടിറങ്ങി വരുന്ന കാട്ടുപന്നികൾ ഉൾപ്പെടെയുള്ള വന്യജീവികളുടെ ആക്രമണങ്ങളിൽ സംസ്ഥാനത്താകമാനം 628 പേർ മരണപ്പെട്ടിട്ടുണ്ട്. 1793 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. 18.50 കോടി രൂപയുടെ കൃഷിയും കന്നുകാലികളും വീടും ഉൾപ്പെടെയുള്ള നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്ക് പറ്റിയവർക്കും കൃഷിയും മറ്റ് വസ്തുവകകൾക്ക് നാശനഷ്ടം സംഭവിച്ചവർക്കും ആകെ 30.38 കോടി രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

ഈ സർക്കാർ കാലയളവിൽ വന്യജീവികളുടെ ആക്രമണത്തിൽ നാളിതുവരെ 54 പേരും പാമ്പുകടിയേറ്റ് 171 പേരും മരണപ്പെട്ടിട്ടുണ്ട്.(ആകെ 225). 1453 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. കൃഷിയും വീടും മറ്റ് വസ്തുവകകളുടെ നാശം ഉൾപ്പെടെ നാളിതുവരെ 9053 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുമായി

ബന്ധപ്പെട്ട് ഈ സർക്കാർ കാലയളവിൽ മരണപ്പെട്ടവരുടെ ആശ്രിതർ, പരിക്ക് പറ്റിയവർ, കൃഷിയും മറ്റ് വസ്തുവകകൾക്കും നാശനഷ്ടം സംഭവിച്ചവർ എന്നിവയ്ക്ക് നാളിതുവരെ 12.03 കോടി രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

**വന്യജീവി സംരക്ഷണം**

139 (2324) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം രൂക്ഷമായ വരൾച്ചയുണ്ടാകുമെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വന്യജീവികൾക്ക് നാശം സംഭവിക്കാതിരിക്കുവാൻ വനമേഖലയിലെ സ്വാഭാവിക ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയാണ്;വിശദമാക്കാമോ;

(ബി) ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങൾ ഇറങ്ങുകയും നാശനഷ്ടമുണ്ടാക്കുകയും ചെയ്യുന്ന സാഹചര്യം വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് വനത്തിനുള്ളിൽ വന്യജീവികൾക്ക് ഉപയോഗിക്കത്തക്ക രീതിയിൽ ജലസ്രോതസ്സുകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) വനപ്രദേശങ്ങളിൽ മൃഗങ്ങൾക്കാവശ്യമായ ഫലവൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്ന പദ്ധതി വിജയപ്രദമാണോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇക്കാര്യത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഈ വർഷം ഉണ്ടാകുന്ന വരൾച്ചയെ നേരിടുന്നതിനും വേനൽക്കാലത്ത് ജല-ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിനും വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ ഈ വർഷവും സ്വീകരിച്ചുവരുന്നുണ്ട്. കേരളത്തിലെ വനമേഖലകളിലാകെ ഇതുവരെ ഏകദേശം 3000-ത്തോളം ജലസ്രോതസ്സുകൾ (Waterhole, Vayals, waterspread) നവീകരിച്ചിട്ടുണ്ട്. 2016-17 വർഷം 67 ചതുപ്പുപ്രദേശങ്ങളിൽ (Vayals) മൺബണ്ടുകൾ നിർമ്മിക്കുകയും 30 എണ്ണത്തിൽ ചെടികൾ നട്ട് ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വനത്തിനുള്ളിൽ 141 ചെക്ക് ഡാമുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും 91 താൽക്കാലിക തടയണകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. 2017-18-ൽ നാളിതുവരെ 86 ജലസ്രോതസ്സുകൾ നവീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വേനൽക്കാലത്ത്

നിലമ്പൂർ, ചിന്നാർ വന്യജീവി സങ്കേതം എന്നിവിടങ്ങളിൽ ലോറിയിൽ വെള്ളമെത്തിച്ച് കുളങ്ങൾ നിറച്ചതുപോലെ ആവശ്യമുള്ള പക്ഷം ഈ വർഷവും ഇത്തരം പ്രവൃത്തികൾ സ്വീകരിക്കുന്നതാണ്.

(ബി) വനത്തിനുള്ളിൽ വന്യജീവികൾക്ക് ഉപയോഗിക്കത്തക്ക രീതിയിൽ ആവശ്യാനുസരണം ജലസ്രോതസ്സുകൾ നിർമ്മിക്കുന്ന പ്രവൃത്തികൾ തുടർന്നുവരുന്നു.

(സി) വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്ക് ഭക്ഷണയോഗ്യമായ ഫലവൃക്ഷങ്ങൾ മാത്രം വച്ചുപിടിപ്പിക്കുന്നതിന് പ്രത്യേകമായി ഒരു പദ്ധതി നടപ്പിലാക്കിയിട്ടില്ല. വനവൽക്കരണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിക്കുന്ന തൈകളിൽ ഫലവൃക്ഷങ്ങളും ഉൾപ്പെടാറുണ്ട്. ഇത്തരം വനവൽക്കരണ പ്രവൃത്തികൾ വന്യജീവികളുടെ ആവാസവ്യവസ്ഥ പുഷ്ടിപ്പെടുത്താൻ ഉപകരിക്കുന്നതായി കാണപ്പെടുന്നു.

**വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷ്യവസ്തുക്കളും ഉറപ്പാക്കാൻ നടപടി**

140 (2325) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് വനത്തിനുള്ളിൽ ജലലഭ്യതയും ഭക്ഷ്യവസ്തുക്കളും കുറവാണെന്നതുമൂലം വനത്തിലെ നിരവധി ജീവജാലങ്ങൾ ചത്തുപോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജലലഭ്യത ഉറപ്പാക്കുന്നതിന് മതിയായ തടയണകൾ നിർമ്മിക്കുന്നതിനും അവ പര്യാപ്തമാണെന്ന് ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) വനത്തിനുള്ളിൽ പക്ഷിമൃഗാദികളുടെ ഭക്ഷ്യാവശ്യം മുൻനിറുത്തി ഫലവൃക്ഷങ്ങൾ പ്രത്യേകം വച്ചുപിടിപ്പിക്കുന്ന പദ്ധതി നിലവിലുണ്ടോ;

(ഡി) വനത്തിനുള്ളിൽ കൂടുതലായി ഫല വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അടുത്തിടെയൊന്നും ഇത്തരമൊരു സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വേനൽക്കാലത്ത് ജല-ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിന് വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ കഴിഞ്ഞ വർഷങ്ങളിൽ എന്നപോലെ ഈ വർഷവും സ്വീകരിച്ചുവരുന്നുണ്ട്. കേരളത്തിലെ വനമേഖലകളിലാകെ ഇതുവരെ ഏകദേശം മൂവായിരത്തോളം ജലസ്രോതസ്സുകൾ (Waterhole, Vayals, waterspread) നവീകരിച്ചിട്ടുണ്ട്. 2016-17 വർഷം

67 ചതുപ്പപ്രദേശങ്ങളിൽ (Vayals) മൺബണ്ടുകൾ നിർമ്മിക്കുകയും 30 എണ്ണത്തിൽ ചെടികൾ നട്ട് ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വനത്തിനുള്ളിൽ 141 ചെക്ക് ഡാമുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും 91 താൽക്കാലിക തടയണകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. 2017-18-ൽ നാളിതുവരെ 86 ജലസ്രോതസ്സുകൾ നവീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വേനൽക്കാലത്ത് നിലമ്പൂർ, ചിന്നാർ വന്യജീവി സങ്കേതം എന്നിവിടങ്ങളിൽ ലോറിയിൽ വെള്ളമെത്തിച്ച് കുളങ്ങൾ നിറച്ചുപോലെ ആവശ്യമുള്ളപക്ഷം ഈ വർഷവും ഇത്തരം പ്രവൃത്തികൾ സ്വീകരിക്കുന്നതാണ്.

(സി) ഫലവൃക്ഷങ്ങൾ മാത്രമായി വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി നിലവിലില്ല.

(ഡി) വനപ്രദേശങ്ങൾക്കനുയോജ്യമായ സസ്യജാലങ്ങൾ സ്വാഭാവികമായി തന്നെ കാട്ടുകളിൽ ഉണ്ടാകുന്നുണ്ട്. അത്തരം സസ്യങ്ങൾക്ക് ഹാനികരമാകുന്ന പ്രവൃത്തികൾ തടഞ്ഞ് സ്വാഭാവിക വനവത്കരണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി വനം വകുപ്പ് സ്വീകരിച്ചുവരുന്നു.

**മനുഷ്യജീവനും കൃഷിക്കും വന്യജീവികൾ വരുത്തുന്ന നാശത്തിന് നഷ്ടപരിഹാരം**

141 (2326) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മനുഷ്യജീവനും കൃഷിക്കും വന്യജീവികൾ വരുത്തുന്ന നാശത്തിന് സർക്കാർ നഷ്ടപരിഹാരം നൽകണമെന്ന് കോടതി നിർദ്ദേശമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശം നൽകുമോ?

<u>ഉത്തരം</u>

വന്യജീവികൾ കാരണം പൊതുജനങ്ങൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ സർക്കാരിന് "പ്രിൻസിപ്പിൾസ് ഓഫ് സ്ട്രിക്ട് ലയബിലിറ്റി" എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ നിയമപരമായ ബാധ്യതയുണ്ടെന്ന് ഹൈക്കോടതി ആർ.എസ്.എ. നമ്പർ 1341 ഓഫ് 2012 എന്ന കേസിൽ നിരീക്ഷിച്ചിട്ടുണ്ട്. കൂടാതെ കൃഷിനാശത്തിന് നൽകുന്ന നഷ്ടപരിഹാരം അപര്യാപ്തമാണെന്ന് കാണുന്നപക്ഷം കോടതിയെ സമീപിക്കാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് വന്യജീവി ആക്രമണംമൂലമുള്ള നാശത്തിന് നിലവിൽ നഷ്ടപരിഹാരം നൽകി വരുന്നു. അതിന്റെ തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## വന്യജീവി ആക്രമണങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഹൈക്കോടതി വിധി

142 (2327) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ കൃഷിയിടങ്ങളിലുണ്ടാക്കുന്ന നാശങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ സർക്കാരിന് ബാധ്യതയുണ്ടെന്ന ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വന്യജീവികളെ പ്രതിരോധിക്കുന്നതിന് നിലവിൽ സംസ്ഥാനത്ത് എത്ര കിലോമീറ്റർ സൗരോർജ വൈദ്യുതി വേലിയും കാട്ടാനകളെ പ്രതിരോധിക്കുന്നതിന് എത്ര കിലോമീറ്റർ കിടങ്ങുകളും തയ്യാറാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഹൈക്കോടതി വിധി കനത്ത സാമ്പത്തിക ബാധ്യത വരുത്തുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ വിധിക്കെതിരെ അപ്പീൽ സമർപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വന്യജീവികളെ പ്രതിരോധിക്കുന്നതിന് നിലവിൽ സംസ്ഥാനത്ത് 1500 കിലോമീറ്റർ സൗരോർജ്ജ വൈദ്യുതി വേലിയും കാട്ടാനകളെ പ്രതിരോധിക്കുന്നതിന് 584 കി.മീ. ആന പ്രതിരോധ കിടങ്ങുകളും നിർമ്മിച്ചിട്ടുണ്ട്.

(സി) വന്യജീവി ആക്രമണംമൂലം ജീവനും സ്വത്തിനുമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് വനം വകുപ്പ് നിലവിൽ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. അതുകൊണ്ട് ഈ വിധി കനത്ത സാമ്പത്തിക ബാധ്യത വരുത്തുമെന്ന് കരുതുന്നില്ല.

## പാലക്കാട് ജില്ലയിലെ വന്യജീവി ആക്രമണം

143 (2328) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ വന്യജീവികളുടെ ശല്യംമൂലം കൃഷി നശിച്ച കർഷകർക്ക് എന്തെല്ലാം നഷ്ടപരിഹാരമാണ് നൽകി വരുന്നത്; പ്രസ്തുത ജില്ലയിൽ വന്യജീവികളുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നൽകിയിട്ടുള്ള ധനസഹായങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

പാലക്കാട് ജില്ലയിൽ വന്യജീവികളുടെ ശല്യംമൂലം കൃഷി നശിച്ച കർഷകർക്ക് സർക്കാർ ഉത്തരവ് (എം.എസ്) 02/2015 തീയതി 8-1-2015 പ്രകാരം (അനുബന്ധമായി ചേർക്കുന്നു*)നഷ്ടപരിഹാരം നൽകി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ പ്രസ്തുത ജില്ലയിൽ വന്യജീവികളുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 105.5 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

**ചാത്തമംഗലം പഞ്ചായത്തിലെ കാട്ടുപന്നി ശല്യം**

144 (2329) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം ഗ്രാമ പഞ്ചായത്തിലെ കുളിമാട്, പാഴൂർ, കുറ്റിക്കുളം തുടങ്ങിയ പ്രദേശങ്ങളിൽ കാട്ടുപന്നിയുടെ ശല്യം രൂക്ഷമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാട്ടുപന്നി ആക്രമണംമൂലം വാഴക്യഷി, നെൽക്യഷി തുടങ്ങിയവ വ്യാപകമായി നശിപ്പിക്കപ്പെടുന്നതായ പരാതി ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഇത് തടയുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ കുളിമാട്, പാഴൂർ, കുറ്റിക്കുളം തുടങ്ങിയ പ്രദേശങ്ങളിൽ കാട്ടുപന്നിയുടെ ശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാട്ടുപന്നി ആക്രമണംമൂലം വാഴകൃഷി, നെൽകൃഷി തുടങ്ങിയവ നശിപ്പിക്കപ്പെടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വനമേഖലയിൽനിന്ന് വളരെ അകലെയാണ് ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ കുളിമാട്, പാഴൂർ, കുറ്റിക്കുളം തുടങ്ങിയ പ്രദേശങ്ങൾ. ആയതിനാൽ വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിന് വനമേഖലകളിൽ സ്ഥാപിക്കുന്ന സൗരോർജ്ജവേലി, കിടങ്ങ് എന്നിവ ഈ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടില്ല. വന്യമൃഗങ്ങൾ ഈ പ്രദേശത്തെ കാർഷിക വിളകൾ നശിപ്പിക്കുമ്പോൾ അപേക്ഷ ലഭിക്കുന്നമുറയ്ക്ക് ചട്ടപ്രകാരമുള്ള നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കാട്ടാനയുടെ ആക്രമണത്തിൽ മനുഷ്യർ കൊല്ലപ്പെട്ട സംഭവം**

145 (2330) ശ്രീ. കെ. കൃഷ്ണൻകുട്ടി :

ശ്രീ. സി. കെ. നാണു :

ശ്രീ. കോവൂർ കുഞ്ഞുമോൻ :

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് കാട്ടാനയുടെ ആക്രമണത്തിൽ മനുഷ്യർ കൊല്ലപ്പെട്ട എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകിക്കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് കാട്ടാനയുടെ ആക്രമണത്തിൽ മനുഷ്യർ കൊല്ലപ്പെട്ട 17 സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് വ്യക്തമായ രേഖകൾ ഉൾപ്പെടെ ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ നാളിതുവരെ 48.75 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് മുഖേന ഓൺലൈൻ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഡിവിഷനിൽ നിന്നും ശേഷിക്കുന്നവർക്കും നഷ്ടപരിഹാരം നൽകുന്നതായിരിക്കും

**വന്യജീവികൾ കൃഷിയിടങ്ങളിൽ വരുത്തുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം**

146 (2331) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ കൃഷിയിടങ്ങളിൽ വരുത്തുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് സർക്കാരിന് ബാധ്യതയുണ്ടെന്ന ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഇപ്രകാരമുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ 2017-ൽ ഈയിനത്തിൽ ചെലവായ തുകയെത്രയെന്ന് അറിയിക്കാമോ; ഇനി അപേക്ഷകൾ തീർപ്പാക്കാനുണ്ടോ; വിശദമാക്കാമോ;

(ഡി) നാളിതുവരെ സംസ്ഥാനത്ത് തീർത്ത സൗരോർജ്ജ വൈദ്യുതി വേലിയുടെ ആകെ നീളമെത്രയെന്നും കാട്ടാനകളെ പ്രതിരോധിക്കാനുള്ള കിടങ്ങുകളുടെ ആകെ നീളമെത്രയെന്നും അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നൽകുന്നുണ്ട്. വന്യജീവി ആക്രമണംമൂലം ജീവനും സ്വത്തിനും നേരിടുന്ന നഷ്ടത്തിന് 1980-ലെ ചട്ടങ്ങൾക്ക് വിധേയമായി 17-11-2014-ലെ സ.ഉ. (എം.എസ്) 96/2014 പ്രകാരം പുറപ്പെടുവിച്ച പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) 2016-17 വർഷത്തിൽ 963.90 ലക്ഷം രൂപ ഈയിനത്തിൽ ചെലവായിട്ടുണ്ട്. അത്യാവശ്യ രേഖകളുടെ അഭാവത്താൽ പ്രസ്തുത കാലയളവിലെ ചില അപേക്ഷകൾ ഇനിയും തീർപ്പാക്കാനുണ്ട്.

(ഡി) നാളിതുവരെ സംസ്ഥാനത്ത് തീർത്ത സൗരോർജ്ജ വൈദ്യുതിവേലിയുടെയും കാട്ടാനകളെ പ്രതിരോധിക്കാനുള്ള കിടങ്ങുകളുടെയും ആകെ നീളം ചുവടെ ചേർക്കുന്നു:

| | പ്രതിരോധ സംവിധാനം | അളവ് (കി.മീ) |
|---|---|---|
| 1 | വൈദ്യുതിവേലി | 1500 |
| 2 | ആനപ്രതിരോധ കിടങ്ങ് | 584 |

**വന്യമൃഗങ്ങളുടെ ആക്രമണം തടയാൻ നടപടി**

147 (2332) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയോട് ചേർന്ന പ്രദേശങ്ങളിൽ കാട്ടാന, പുലി മുതലായ വന്യമൃഗങ്ങളുടെ ശല്യം രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനായി ഫെൻസിംഗ് ഉൾപ്പെടെയുള്ള പ്രതിരോധ മാർഗ്ഗങ്ങൾ ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കുന്നുണ്ടോ; ഇലക്ട്രിക് ഫെൻസിംഗ്, കനാലുകളുടെ നിർമ്മാണം ഇവ കൂടാതെ മറ്റ് ഏതു മാർഗ്ഗമാണ് അതിക്രമം തടയുന്നതിനായി സ്വീകരിച്ചുവരുന്നത്;

(സി) ഫെൻസിംഗിനുപകരം ആധുനിക ടെക്നോളജി ഉപയോഗിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) വനമേഖലയോട് ചേർന്ന പ്രദേശങ്ങളിൽ കാട്ടാന, പുലി മുതലായ വന്യമൃഗങ്ങളുടെ ശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനായി ഫെൻസിംഗ് ഉൾപ്പെടെയുള്ള പ്രതിരോധ മാർഗ്ഗങ്ങൾ ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കുന്നുണ്ട്. ഇലക്ട്രിക് ഫെൻസിംഗ്, കനാലുകളുടെ നിർമ്മാണം ഇവ കൂടാതെ കിടങ്ങ്, റെയിൽ ഫെൻസിംഗ് എന്നീ മാർഗ്ഗങ്ങളും അവലംബിക്കുന്നുണ്ട്.

(സി) ഇക്കാര്യത്തിൽ രാജ്യത്ത് വിജയകരമായി പ്രവർത്തിച്ചുവരുന്ന എല്ലാ മാർഗ്ഗങ്ങളും കേരള വനം വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. അവ താഴെച്ചേർക്കുന്നു.

1. വന്യജീവി ആക്രമണം രൂക്ഷമായ കാർഷിക മേഖലകളിൽ ക്യാമറ ട്രാപ്പുകൾ സ്ഥാപിച്ച് വന്യജീവികളെ നിരീക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

2. കാട്ടാനക്കൂട്ടങ്ങളുടെ സഞ്ചാരപഥം നിരീക്ഷിക്കുന്നതിനും യഥാസമയം വിവരങ്ങൾ കൈമാറുന്നതിനും വനമേഖലയിലെ വയർലസ് സംവിധാനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

3. പ്രശ്നക്കാരെ ആനകളെ നിരീക്ഷിക്കുന്നതിന് ആവശ്യമായ റേഡിയോ കോളറുകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

4. വന്യമൃഗങ്ങൾ കാർഷികമേഖലയിലേക്ക് ഇറങ്ങുന്നത് സംബന്ധിച്ച മുന്നറിയിപ്പ് കർഷകർക്ക് നൽകുന്നതിന് SMS Alert System വയനാട്, മൂന്നാർ എന്നിവിടങ്ങളിൽ വിജയകരമായി നടപ്പിലാക്കി. ഈ സംവിധാനം മറ്റ് സ്ഥലങ്ങളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. നാട്ടിലിറങ്ങി പ്രശ്നമുണ്ടാക്കുന്ന വന്യജീവികളെ മയക്കുവെടിവച്ച് പിടിച്ച് ഉൾക്കാട്ടിൽ വിടുന്നതിനാവശ്യമായ ട്രാൻക്വിലൈസേഷൻ ഗണ്ണുകൾ വാങ്ങിയിട്ടുണ്ട്. ഇതിനാവശ്യമായ പരിശീലനം നൽകിവരുന്നു.

6. ജനവാസ കേന്ദ്രങ്ങളിലിറങ്ങി നാശനഷ്ടങ്ങൾ ഉണ്ടാക്കുന്ന കുരങ്ങുകളെ പിടികൂടി വന്ധ്യംകരണം നടത്തി അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിലേയ്ക്ക് തിരികെ വിടുന്നുണ്ട്.
7. മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ ജനവാസ മേഖലകളിൽ ക്യാമറ ട്രാപ്പുകൾ സ്ഥാപിച്ച് നിരീക്ഷിക്കുന്നുണ്ട്.
8. വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് Wild Watch എന്ന മൊബൈൽ ആപ് വികസിപ്പിച്ചു. 2017-ലെ ശബരിമല മണ്ഡലവിളക്ക് കാലത്ത് പ്ലാപ്പള്ളി, പമ്പ, എരുമേലി എന്നീ സ്ഥലങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയും ചെയ്തു. ഈ മൊബൈൽ ആപിലൂടെ വന്യമൃഗങ്ങളുടെ സാന്നിധ്യം യഥാസമയം അറിയുവാനും വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്കിറങ്ങാതിരിക്കാനുള്ള മുൻകരുതലുകൾ കൈക്കൊള്ളുവാനും സാധിച്ചു.

**പാമ്പ് കടിയേറ്റ് ജീവഹാനി സംഭവിച്ച വ്യക്തികളുടെ കുടുംബങ്ങൾക്ക് ധനസഹായം**

148 (2333) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം, സംസ്ഥാനത്ത് പാമ്പ് കടിയേറ്റ് ജീവഹാനി സംഭവിച്ച വ്യക്തികളുടെ എത്ര കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) അനുവദിച്ച ആകെ തുക എത്രയെന്ന് അറിയിക്കാമോ;

(സി) ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും മേൽവിവരിച്ച ധനസഹായത്തിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തുനടപടി സ്വീകരിച്ചു എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് പാമ്പ് കടിയേറ്റ് ജിവഹാനി സംഭവിച്ച വ്യക്തികളുടെ 151 കുടുംബങ്ങൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് 150.40 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

(സി) ലഭിച്ചിട്ടുണ്ട്.

(ഡി) ധനസഹായത്തിനായി ലഭിച്ച അഞ്ച് അപേക്ഷകളിലായി അഞ്ച് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**ഫാമുകൾ തുടങ്ങാൻ സർക്കാർ ധനസഹായം**

149 (2334) <u>ശ്രീ. ടി. വി. ഇബ്രാഹിം :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഫാമുകൾ തുടങ്ങാൻ സർക്കാർ സബ്സിഡിയുൾപ്പെടെ നൽകിവരുന്ന സഹായങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ആട്, പശു, കോഴി എന്നിവ വളർത്തുന്നതിന് പ്രത്യേക സഹായങ്ങൾ നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സഹകരണ സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയ്ക്ക് ഫാമുകൾ ആരംഭിക്കുന്നതിന് വായ്പാ സൗകര്യം ലഭ്യമാണോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 14.2.2018-ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 22/2018/തസ്വഭവ പ്രകാരം മൃഗസംരക്ഷണ മേഖലയിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ത്രിതല പഞ്ചായത്തുകളുടെ പദ്ധതിയുടെ ഭാഗമായി ഫാമുകൾ ആരംഭിക്കാൻ മാനദണ്ഡങ്ങൾ/സബ്സിഡി നിശ്ചയിച്ചിട്ടുണ്ട്. അതിൻപ്രകാരം 2018-19 വർഷത്തെ പദ്ധതി രൂപീകരണം പഞ്ചായത്ത് തലത്തിൽ നടന്നുവരുന്നു.

1. ബ്രോയിലർ യൂണിറ്റ് - 1000 എണ്ണം (സബ്സിഡി 50 ശതമാനം ജനറൽ)
2. കമ്മ്യൂണിറ്റി ക്യാറ്റിൽ ഷെഡ് എന്റർപ്രൈസസ് കം മിനി ഡയറി യൂണിറ്റ് (പ്രവാസി ഗ്രൂപ്പ് സംരംഭം)- സബ്സിഡി 5 ലക്ഷം
3. കാഫ് സാറ്റ്ലൈറ്റ് പ്രോജക്ട് - 100 കന്നുകുട്ടികളെ (4.6 മാസം) വളർത്തി (ഒരു വർഷം വരെ) വിൽക്കുന്ന പദ്ധതി സബ്സിഡി - 15 ലക്ഷം
4. ഗോട്ട് ബ്രീഡിംഗ് യൂണിറ്റ് (19 പെണ്ണാട് + 1 മുട്ടനാട്) - 1 ലക്ഷം രൂപ സബ്സിഡി

(ബി) അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) മൃഗസംരക്ഷണ വകുപ്പുവഴി വായ്പാ സൗകര്യങ്ങൾ ലഭ്യമല്ല. എന്നിരുന്നാലും നബാർഡ് മാർഗ്ഗ നിർദ്ദേശപ്രകാരം തയ്യാറാക്കി ബാങ്കുകൾ വഴി സമർപ്പിക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾക്ക് നബാർഡ് മുഖേനയുള്ള വായ്പകൾക്കുള്ള സബ്സിഡികൾ ലഭിക്കുന്നതാണ്.

## മൃഗസംരക്ഷണ വകുപ്പിലെ കേന്ദ്ര പദ്ധതികൾ

150 (2335) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 കേന്ദ്ര ബജറ്റിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള തുകയിൽ സംസ്ഥാനത്തെ മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾക്കായി എത്ര രൂപ ലഭിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്;

(ബി) 2017-18- ൽ അനുവദിച്ച തുകയിൽ ഇനിയും എത്ര തുകയാണ് ഓരോ പദ്ധതികൾക്കായി കേന്ദ്രത്തിൽ നിന്നും ലഭിക്കാനുള്ളത്;ലഭിച്ച തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; ഏതൊക്കെ പദ്ധതികൾക്കാണ് സംസ്ഥാനവിഹിതം നല്കാനുള്ളത്;

(സി) ഏതെല്ലാം പുതിയ പദ്ധതികളാണ് കേന്ദ്രത്തിൽ സമർപ്പിക്കാനുള്ളത്?

### ഉത്തരം

(എ) മുൻവർഷങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അടിസ്ഥാനപ്പെടുത്തിയാൽ ഏകദേശം 8 മുതൽ 10 കോടി രൂപ വരെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 2017-18-ൽ കേന്ദ്രത്തിൽ നിന്നും അനുവദിച്ച തുക പൂർണ്ണമായും ലഭിച്ചിട്ടുണ്ട്. ആദ്യഗഡു വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. സംസ്ഥാന വിഹിതം പൂർണ്ണമായും ലഭിച്ചിട്ടുണ്ട്.

(സി) പുതിയ പദ്ധതിയായ ബ്രോയിലർ കോഴിവളർത്തൽ പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചുകഴിഞ്ഞു. മറ്റ് പുതിയ പദ്ധതികൾ സമർപ്പിക്കുവാനില്ല.

## പാറശ്ശാല ഗ്രാമപഞ്ചായത്തിലെ ആട്ടുവളർത്തൽ കേന്ദ്രത്തിന്റെ നവീകരണം

151 (2336) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല ഗ്രാമപഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ആട്ടുവളർത്തൽ കേന്ദ്രത്തിന്റെ നവീകരണത്തിനായി

സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ആടുവളർത്തൽ കേന്ദ്രത്തിന്റെ നവീകരണത്തിനായി ഏതെങ്കിലും തരത്തിലുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ആടുവളർത്തൽ കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഉൽപാദന-വിപണന മികവ് കൈവരുത്തുന്നതിനുള്ള മാസ്റ്റർ പ്ലാനിന് രൂപം നൽകി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം ഫണ്ട് ലഭ്യമല്ലാത്തതിനാൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) പദ്ധതിക്ക് രൂപം നൽകിയിട്ടില്ല.

(സി) ഇതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

**കോഴിയിറച്ചിയുടെയും ഇറച്ചിക്കോഴി ഉൽപ്പന്നങ്ങളുടെയും ഇറക്കുമതി**

152 (2337) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമേരിക്കയിൽനിന്ന് കോഴിയിറച്ചിയും ഇറച്ചിക്കോഴി ഉൽപന്നങ്ങളും ഇറക്കുമതി ചെയ്യാൻ കേന്ദ്ര മൃഗസംരക്ഷണ മത്സ്യ വകുപ്പ് അനുമതി നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇത് കേരളത്തെ പ്രതികൂലമായി എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) കുറഞ്ഞ ചെലവിൽ കോഴിയിറച്ചി ലഭ്യമാക്കുകയാണ് കേന്ദ്രലക്ഷ്യമെങ്കിലും ആഭ്യന്തര ഉൽപ്പാദകരെ ഇത് ബാധിക്കുമെന്ന കാര്യം സർക്കാർ ചിന്തിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) കുടുംബശ്രീ വഴി ഇറച്ചിക്കോഴി ഉൽപാദിപ്പിച്ച് സ്വയം പര്യാപ്തമാകാൻ സംസ്ഥാന സർക്കാർ പദ്ധതികളാവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ കേന്ദ്രത്തിന്റെ പുതിയ നയം പദ്ധതിയെ ബാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇറക്കുമതി ചെയ്യുന്ന കോഴിയിറച്ചിയുടെ വില സംസ്ഥാനത്തെ കമ്പോള വിലയേക്കാൾ വളരെ താഴ്ന്നനിരക്കിലാണെങ്കിൽ കേരളത്തിലെ ഇറച്ചിക്കോഴി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട കർഷകരെ പ്രതികൂലമായി ബാധിക്കുന്നതാണ്.

(സി) ഇത് ഇന്ത്യയൊട്ടാകെയുള്ള കോഴിവളർത്തൽ കർഷകരെ ബാധിക്കുന്നതാണ്. അങ്ങനെ സംഭവിക്കുകയാണെങ്കിൽ ഇറക്കുമതിചെയ്ത കോഴിയിറച്ചിക്ക് ഉയർന്ന നികുതി ഏർപ്പെടുത്തി തദ്ദേശീയരായ കർഷകരെ സഹായിക്കേണ്ടിവരും.

(ഡി) ഉണ്ട്. കോഴിയിറച്ചിയുടെ ആഭ്യന്തര ഉത്പാദനത്തിലും വിപണനത്തിലും വിലനിയന്ത്രണത്തിലും ഗുണമേന്മയിലും ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ് കുടുംബശ്രീ, കെപ്‌കോ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി ഇറച്ചി കോഴിവളർത്തൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കുടുംബശ്രീ യൂണിറ്റുകൾ വഴി വളർത്തുന്ന കോഴികൾ വിപണന പ്രായമെത്തുമ്പോൾ കിലോഗ്രാം ശരീരതൂക്കത്തിന് 85 രൂപ നിരക്കിൽ കെപ്‌കോ മുഖേന വാങ്ങി വിപണനം നടത്തുവാനാണ് ധാരണയായിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ 1000 കോഴികൾ വീതമുള്ള 10 യൂണിറ്റുകൾ വീതം ആകെ 20 യൂണിറ്റുകൾ പൈലറ്റ് പ്രോജക്ടായി നിലവിൽ നടപ്പിലാക്കിവരുന്നു. ഘട്ടംഘട്ടമായി വരുന്ന നാല് വർഷങ്ങളിൽ മൊത്തം 5000 യൂണിറ്റുകൾ സംസ്ഥാനമൊട്ടാകെ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.

(ഇ) ഗുണമേന്മയിൽ ഊന്നിയുള്ള കേരള ചിക്കന്റെ വിപണന തന്ത്രം വിപണിയിൽ പൊരുതി നിൽക്കുവാൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ചാവക്കാട് താലൂക്കിൽ വെറ്ററിനറി പോളിക്ലിനിക്

153 (2338) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിൽ നിലവിൽ വെറ്ററിനറി പോളിക്ലിനിക്കുകൾ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താലൂക്കിലെ മുല്ലശ്ശേരി വെറ്ററിനറി ഡിസ്പെൻസറിയെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത വെറ്ററിനറി ഡിസ്പെൻസറിയെ റഫറൽ ആശുപത്രിയായി പ്രവർത്തിപ്പിക്കാൻ കഴിയുമെന്നത് പരിഗണിച്ച് പോളിക്ലിനിക്കായി ഉയർത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഈ വിഷയം സംബന്ധിച്ച് തൃശ്ശൂർ ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ ഒരു പ്രൊപ്പോസൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് 19.8.2013-ൽ ലഭിക്കുകയും ടി പ്രൊപ്പോസൽ ഡയറക്ടർ സർക്കാരിന് സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ സർക്കാരിന്റെ അന്നത്തെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നതിനാൽ ടി ആവശ്യം നിരസിക്കുകയും ആയത് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ അറിയിക്കുകയുമുണ്ടായി.

**കുട്ടമ്പുഴ വെറ്ററിനറി ഡിസ്പെൻസറിയുടെ പ്രവർത്തനം**

154 (2339) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ 565 ചതുരശ്ര കിലോ മീറ്റർ വിസ്തൃതിയുള്ള കുട്ടമ്പുഴ പഞ്ചായത്തിലെ വെറ്ററിനറി ഡിസ്പെൻസറിയുടെ പ്രവർത്തനം പഞ്ചായത്തിന്റെ എല്ലാ മേഖലയിലും എത്തുവാൻ കഴിയാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 565 ചതുരശ്ര കിലോമീറ്റർ വിസ്തൃതമായ കുട്ടമ്പുഴ പഞ്ചായത്തിൽ മാമലക്കണ്ടം, ഇഞ്ചത്തൊടി, വടാട്ടുപാറ പ്രദേശങ്ങൾക്കായി ഒരു വെറ്ററിനറി സബ് സെന്റർ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മാമലക്കണ്ടം, വടാട്ടുപാറ എന്നിവിടങ്ങളിൽ രണ്ട് വെറ്ററിനറി സബ്സെന്റർ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഇഞ്ചത്തൊട്ടിയിൽ സബ് സെന്റർ തുടങ്ങുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**നാദാപുരം മണ്ഡലത്തിലെ ആട് വസന്തരോഗം**

155 (2340) <u>ശ്രീ. ഇ. കെ. വിജയൻ :</u> താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ വളയത്ത് 'ആട് വസന്ത' സ്ഥിരീകരിച്ച സാഹചര്യത്തിൽ രോഗം വ്യാപിക്കാതിരിക്കാൻ എന്തൊക്കെ പ്രതിരോധ നടപടികൾ ആരംഭിച്ചിട്ടുണ്ട്; വിശദമാക്കാമോ ?

ഉത്തരം

കോഴിക്കോട് ജില്ലയിലെ നാദാപുരം മണ്ഡലത്തിലെ വളയത്ത് രോഗം ശ്രദ്ധയിൽപ്പെടുകയും ആട് വസന്തയുടെ ലക്ഷണങ്ങൾ കാണുകയും ചെയ്തതിനെത്തുടർന്ന് മൃഗങ്ങളെ പൂക്കോട് വെറ്ററിനറി കോളേജിൽ 15.02.2018-ന് തന്നെ എത്തിക്കുകയും, പോസ്റ്റ്മോർട്ടം നടത്തി 16.02.2018-ന് രോഗം സ്ഥിരീകരിച്ച് ഉടനടി പ്രതിരോധ നടപടികൾ ആരംഭിക്കുകയും ചെയ്തു. വളയം, ചെക്യാട് എന്നീ പഞ്ചായത്തുകളിലും രോഗം കണ്ടെത്തിയ ഫാമിന് ചുറ്റിലുമായി മുന്നൂറോളം ആടുകൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നടത്തി. ഇപ്പോൾ രോഗം നിയന്ത്രണ വിധേയമാണ്. രോഗം കണ്ടെത്തിയ ഫാമിൽ നിന്നും ആടുകളെ പുറത്തേക്കും മറ്റ് ഫാമുകളിലേക്കും കൊണ്ടുപോകുന്നതിനും പുറത്തുനിന്നും പുതിയ ആടുകളെ ഫാമിലേക്ക് കൊണ്ടുവരുന്നതും വിലക്കിയിട്ടുണ്ട്. കൂടാതെ മറ്റ് ഫാമുകളിൽ നിന്നും രോഗം ബാധിച്ച ഫാമിലേക്കോ തിരിച്ച് രോഗം കണ്ടെത്തിയ ഫാമിൽ നിന്നും മറ്റ് ഫാമുകളിലേക്കോ സന്ദർശകരും പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രോഗം ബാധിച്ച ഫാമും പരിസരവും അണുവിമുക്തമാക്കാൻ വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**ക്ഷീരകർഷകർക്ക് സമഗ്ര ഇൻഷ്വറൻസ് പദ്ധതി**

156 (2341) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുൽപ്പാദന രംഗത്ത് കൂടുതൽ പേരെ ആകർഷിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ക്ഷീരകർഷക കുടുംബങ്ങളെയും അവർ വളർത്തുന്ന കന്നുകാലികളെയും ഉൾപ്പെടുത്തി ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നാഷണൽ ലൈവ് സ്റ്റോക്ക് മിഷൻ (എൻ.എൽ.എം) 2016-17, ഗോസമൃദ്ധി 2017-18 എന്നീ ഇൻഷ്വറൻസ് പദ്ധതികൾ പ്രകാരം ഉരുക്കളെ ഇൻഷ്വർ ചെയ്യുന്ന പദ്ധതി നിലവിലുണ്ട്. ഈ പദ്ധതികൾ തുടർന്നുവരുന്നു.

ക്ഷീരവികസന വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ നൽകുന്നതും ക്ഷീര കർഷക ക്ഷേമനിധിയിൽ അംശദായം നൽകുന്നതുമായ എല്ലാ ക്ഷീര കർഷകരെയും ഉൾപ്പെടുത്തി ആരോഗ്യ സുരക്ഷ, അപകട സുരക്ഷ, ലൈഫ് ഇൻഷ്വറൻസ്, കറവമാടുകൾക്ക് ഗോസുരക്ഷ, ഗോസുരക്ഷ ചികിത്സാ പോളിസിയിലൂടെയുള്ള ചികിത്സാച്ചെലവ് എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്ര ഇൻഷ്വറൻസ് പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് ക്ഷീരകർഷകർക്ക് പ്രായപരിധിയില്ല.
- പദ്ധതിയിൽ ചേരുമ്പോൾ ഉണ്ടായിരുന്ന എല്ലാ രോഗങ്ങൾക്കും തുടർന്നും ചികിത്സ ഉൾപ്പെടുത്തിയിട്ടുണ്ട്.
- പോളിസി തുകയ്ക്ക് കർഷകരുടെ കുടുംബത്തിന് ചികിത്സ ലഭ്യമാണ്. ഓരോ വ്യക്തികൾക്കും പരിധി നിശ്ചയിച്ചിട്ടില്ല.
- ലൈഫ് ഇൻഷ്വറൻസിന് 75 വയസ് വരെയുള്ളവർക്ക് അംഗമാകാം.
- കർഷകർക്ക് അപകടം സംഭവിച്ച് മരണപ്പെട്ടാൽ 25 വയസ്സിൽ താഴെയുള്ള മക്കൾക്ക് പഠനത്തിന് 20,000 രൂപ സ്കോളർഷിപ് നൽകും.
- സംസ്ഥാനത്തെ എല്ലാ സ്പെഷ്യലിറ്റി ആശുപത്രികളിലും ഇൻഷ്വറൻസ് പരിധിക്കുള്ളിൽ സൗജന്യ ചികിത്സയോ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് സൗകര്യമോ ഏർപ്പെടുത്തും.

**ചേലക്കര മണ്ഡലത്തിൽ പാലുല്പാദനം വർദ്ധിപ്പിക്കുവാൻ നടപടി**

157 (2342) <u>ശ്രീ. യു. ആർ. പ്രദീപ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ എത്ര ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്; അവയുടെ പേരുവിവരങ്ങളും ഓരോ സംഘത്തിലും ദിനംപ്രതി ശരാശരി അളക്കുന്ന പാലിന്റെ അളവും വ്യക്തമാക്കാമോ;

(ബി) കൂടുതൽ ക്ഷീരകർഷകരെ കണ്ടെത്തി പ്രോത്സാഹനവും സഹായങ്ങളും നൽകി പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് എന്തെല്ലാം നടപടികളാണ് ചേലക്കര മണ്ഡലത്തിൽ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ 24 ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ക്ഷീരോല്പാദന സഹകരണ സംഘത്തിന്റെ പേര് | ശരാശരി പ്രതിദിന പാൽ സംഭരണം (ലിറ്ററിൽ) |
|---|---|---|
| 1 | ചേലക്കോട് | 543 |
| 2 | എളനാട് | 1332 |
| 3 | കൊണ്ടാഴി | 653 |
| 4 | കുമ്പളക്കോട് | 1396 |
| 5 | കുറുമല | 168 |
| 6 | മായന്നൂർ | 573 |
| 7 | പാഞ്ഞാൾ | 668 |
| 8 | പാറമേൽപടി | 533 |
| 9 | പട്ടിപ്പറമ്പ് | 942 |
| 10 | പൈങ്കുളം | 215 |
| 11 | പുലാക്കോട് | 433 |
| 12 | രാമൻചെട്ടി | 511 |
| 13 | തോന്നൂർക്കര | 300 |
| 14 | വടക്കേത്തറ | 261 |
| 15 | താഴപ്ര | 213 |
| 16 | തിരുവിലാമല | 156 |
| 17 | ആനപ്പാറ (തിരുവിലാമല) | 338 |
| 18 | കിള്ളിമംഗലം | 521 |
| 19 | വെങ്ങാനല്ലൂർ | 356 |
| 20 | പിലാക്കാട് | 412 |
| 21 | തിച്ചൂർ | 285 |
| 22 | കുമാരപ്പനാൽ | 200 |
| 23 | വരവട്ടൂർ | 231 |
| 24 | തലശ്ശേരി | 648 |

(ബി) ക്ഷീരവികസന വകുപ്പ് ചേലക്കര മണ്ഡലത്തിലെ രണ്ട് ബ്ലോക്കുകളിലായി 60,43,240 രൂപയുടെ പദ്ധതികൾ തൻവർഷം നടപ്പിലാക്കിവരുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി ക്ഷീരസംഘത്തിൽ അളക്കുന്ന പാലിന് ക്ഷീര കർഷകർക്ക് പരമാവധി 3 രൂപ നിരക്കിൽ ഇൻസെന്റീവ് നൽകാനായി 99,33,000 രൂപ ടാർജറ്റ് നിശ്ചയിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ മേപ്പടി കർഷകർക്ക് കാലിത്തീറ്റ സബ്സിഡി ഇനത്തിൽ ലിറ്ററിന് 1 രൂപ നിരക്കിൽ വകുപ്പ് കാലിത്തീറ്റ ധനസഹായം നൽകിവരുന്നു.

**മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി**

158 (2343) <u>ശ്രീ. സണ്ണി ജോസഫ്</u> :

<u>ശ്രീ. കെ. സി.ജോസഫ്</u> :

<u>ശ്രീ. കെ. മുരളീധരൻ</u> :

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലൂടെ നടപ്പിലാക്കുന്ന കാര്യങ്ങളെന്തൊക്കെയാണ്; ക്ഷീരകർഷകർക്ക് ഈ പദ്ധതിയിലൂടെ നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കാലിത്തീറ്റയുടെ വിലവർദ്ധനവും വൈക്കോലിന്റെ ദൗർലഭ്യവും ക്ഷീരകർഷകരെ ബുദ്ധിമുട്ടിലാക്കുന്ന സാഹചര്യത്തിൽ അവരെ സഹായിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഡയറി ബോർഡ് രൂപീകരിച്ചതിലൂടെ ഈ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ;

(ഡി) 2018 ഡിസംബറോടുകൂടി സംസ്ഥാനത്തെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്?

<u>ഉത്തരം</u>

(എ) MSDP പദ്ധതിപ്രകാരം ഗോദാനം 1 പശു യൂണിറ്റ്, 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ്, 5 ഹീഫർ യൂണിറ്റ്, 10 ഹീഫർ യൂണിറ്റ് എന്നീ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകിവരുന്നു. കൂടാതെ കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും കറവയന്ത്രം വാങ്ങുന്നതിനും ആവശ്യാധിഷ്ഠിത സഹായത്തിനും ധനസഹായം നൽകുന്നു.

(ബി) സംസ്ഥാനത്തെ കാലിത്തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ഉല്പാദനവും ലക്ഷ്യമാക്കി കേരള സർക്കാർ ഉടമസ്ഥതയിൽ കേരള ഫീഡ്സ് എന്ന സ്ഥാപനവും സഹകരണ മേഖലയിലുള്ള കാലിത്തീറ്റ ഫാക്ടറികളും പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്വകാര്യ മേഖലയിലും നിരവധി കാലിത്തീറ്റ ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. മാർക്കറ്റിൽ ലഭ്യമായ കാലിത്തീറ്റകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് തിരുവനന്തപുരം പട്ടത്ത് NABL അക്രഡിറ്റേഷനോടുകൂടിയ ഒരു ലാബ് പ്രവർത്തിക്കുന്നുണ്ട്. ഈ ലാബിൽ കാലിത്തീറ്റയുടെ ഗുണമേന്മയുമായി ബന്ധപ്പെട്ട എല്ലാ മാനദണ്ഡപ്രകാരമുള്ള പരിശോധനയ്ക്കുമുള്ള സംവിധാനം നിലവിലുണ്ട്.

2017-2018 വർഷം 155 ലക്ഷം രൂപ സർക്കാർ ധനസഹായത്തോടുകൂടി ക്ഷീര സംഘങ്ങളിലൂടെ പച്ചപ്പുല്ല്, വൈക്കോൽ എന്നിവ ക്ഷീരകർഷകർക്ക് വിതരണം ചെയ്യുകയുണ്ടായി. വരൾച്ചാ കാലയളവിൽ ഇത് കർഷകർക്ക് വളരെ ആശ്വാസകരമായിരുന്നു.

കാലിത്തീറ്റ സബ്സിഡി ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സംവിധാനത്തിലൂടെ 2016-17, 2017-18 വർഷം കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു. 2016-17 വർഷം 12.5 കോടി രൂപയും 2017-18 വർഷം 13 കോടി രൂപയും കാലിത്തീറ്റ സബ്സിഡിയായി വിതരണം ചെയ്തു. 2018-19 വർഷം ഈ ഇനത്തിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഡയറി ബോർഡ് എന്ന സ്ഥാപനം രൂപീകരിച്ചിട്ടില്ല.

(ഡി) സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, അവശ്യാധിഷ്ഠിത ധനസഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്.

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ പാലുല്പാദനത്തിലെ സ്വയംപര്യാപ്തത ലക്ഷ്യമാക്കി സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കാലിത്തീറ്റ സബ്സിഡി, കന്നുകാലികളെ വാങ്ങുന്നതിന് റിവോൾവിംഗ് ഫണ്ട്, കർഷകർക്കും കന്നുകാലികൾക്കും ഇൻഷ്വറൻസ് പരിരക്ഷ, ഡയറി ഫാമുകളുടെ ആധുനികവൽക്കരണം എന്നിവയാണ് അവയിൽ പ്രധാനപ്പെട്ടവ.

## ക്ഷീരമേഖലയിലെ പരിഷ്കരണ നടപടികൾ

159 (2344) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)കേന്ദ്രസർക്കാർ കന്നുകാലികളുടെ വിപണനത്തിനും ക്രയവിക്രയത്തിനും ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള നിയന്ത്രണം കാരണം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കന്നുകാലികളെ കൊണ്ടുവരുന്ന ബുദ്ധിമുട്ട് പരിഗണിച്ച്, ഉൽപാദനക്ഷമത കൂടിയതും നല്ല ജനിതക ഗുണമുള്ളതുമായ കറവപ്പശുക്കളെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നതിനുപകരം കിടാരികളെ വളർത്തി കർഷകർക്ക് ആവശ്യാനുസരണം വിതരണം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) കറവക്കാർക്ക് ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) മിൽമ എത്ര പാൽ പ്രതിദിനം അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽ കൊണ്ടുവരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) മിൽമ പാൽ വില വർദ്ധനവിന്റെ പൂർണ്ണ പ്രയോജനം കർഷകർക്ക് ലഭിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഇ) ഇതര സംസ്ഥാനങ്ങളിലെപ്പോലെ, ഉൽപാദനക്ഷമത കൂടിയതും നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമായവയുമായ ഉരുക്കളെ കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേന്ദ്രസർക്കാർ കന്നുകാലികളുടെ വിപണനത്തിനും ക്രയ വിക്രയത്തിനും ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള നിയന്ത്രണം കാരണം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കന്നുകാലികളെ കൊണ്ടുവരുന്നതിന് നിലവിൽ ബുദ്ധിമുട്ട് നേരിടുന്നില്ല. എന്നിരുന്നാലും കേരളത്തിൽ ഉല്പാദനക്ഷമതയുള്ള പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കാൻ മികച്ച കിടാരികളെ വളർത്തിയെടുക്കുന്നതിന് ഉദ്ദേശിച്ചാണ് കിടാരി പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ആദ്യപടിയെന്ന നിലയിൽ 2018-19-ൽ 5 ജില്ലകളിൽ കുറഞ്ഞത് 100 കിടാരികളെയെങ്കിലും വളർത്തുന്ന കിടാരി പാർക്ക് ക്ഷീരസഹകരണ സംഘങ്ങൾ മുഖേന സ്ഥാപിക്കാനാണ് ലക്ഷ്യംവയ്ക്കുന്നത്. പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ.

(ബി) ക്ഷേമനിധി രൂപീകരിക്കുന്നതിന് നിലവിൽ ആലോചനയില്ല.

(സി) വിപണി നിലനിർത്തുന്നതിനുവേണ്ടി പ്രതിദിനം ഏകദേശം 150 ലക്ഷം ലിറ്റർ പാൽ തമിഴ്നാട്, കർണ്ണാടക എന്നീ അയൽ സംസ്ഥാനങ്ങളിലെ ക്ഷീര സഹകരണ ഫെഡറേഷനുകളിൽനിന്നും മിൽമ സംഭരിക്കുന്നു.

(ഡി) ക്ഷീര സഹകരണ സംഘങ്ങളിൽ കർഷകർ അളക്കുന്ന പാലിന് അതിൽ അടങ്ങിയിരിക്കുന്ന കൊഴുപ്പിന്റെയും കൊഴുപ്പിതര ഖര പദാർത്ഥങ്ങളുടെയും അടിസ്ഥാനത്തിൽ (ദ്വിമുഖ വിലസമ്പ്രദായം) ആണ് വില നൽകുന്നത്. 2017 ഫെബ്രുവരി 11-ാം തീയതി പാൽവില ചാർട്ട് പരിഷ്കരിച്ചപ്പോൾ മിൽമ വിൽക്കുന്ന പാലിന് ലിറ്ററിന് 4 രൂപ വർദ്ധനയ്ക്കുമുമ്പ് 3.5 ശതമാനം കൊഴുപ്പും 8.5 ശതമാനം കൊഴുപ്പിതര ഖരപദാർത്ഥങ്ങൾ (SNF) ഉള്ള പാലിന് ലിറ്ററിന് 29.37 രൂപ വില കർഷകന് ലഭിച്ചിരുന്നു. വില വർദ്ധനക്കുശേഷം ഇതേ ഗുണനിലവാരമുള്ള പാലിന് 33.04 രൂപ വില ലഭിക്കും. കർഷകന് 3.67 രൂപയുടെ വില അധികമായി ലഭിക്കും. അതായത് 91.75 ശതമാനവും കർഷകർക്ക് ലഭിക്കുംവിധമാണ് പാൽവില പരിഷ്കരിച്ചിട്ടുള്ളത്.

(ഇ) ഇതര സംസ്ഥാനങ്ങളിലെപ്പോലെ നമ്മുടെ സംസ്ഥാനത്തും കാലാവസ്ഥയ്ക്ക് അനുയോജ്യമായ ഉരുക്കളെയാണ് (സങ്കരയിനം) കർഷകർക്ക് ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് വികസന പദ്ധതിയിലൂടെ വിതരണം ചെയ്തുവരുന്നത്.

**കോതമംഗലം മണ്ഡലത്തിൽ കന്നുകാലി ഫാം**

160 (2345) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയായ കോതമംഗലത്ത് ക്ഷീരകർഷകർക്ക് ഗുണനിലവാരമുള്ള കന്നുകാലികളെ ലഭ്യമാക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ കന്നുകാലി ഫാം ആരംഭിക്കുന്നതിനുവേണ്ട സാധ്യത പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മൃഗസംരക്ഷണ വകുപ്പുമായി യോജിച്ച് കോതമംഗലം മണ്ഡലത്തിൽ കീരംപാറ, കുട്ടമ്പുഴ, കവളങ്ങാട്, നേര്യമംഗലം തുടങ്ങിയ സ്ഥലങ്ങളിൽ കന്നുകാലി ഫാമുകൾ ആരംഭിക്കുന്നതിനുവേണ്ട സാധ്യതാ പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. പ്രസ്തുത ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ പരിശോധിച്ച് ഉചിത നടപടി സ്വീകരിക്കുന്നതാണ്.

**മേജർ ഇറിഗേഷൻ പ്രോജക്ടുകൾ**

161 (2346) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര മേജർ ഇറിഗേഷൻ പ്രോജക്ടുകളുണ്ട്;

(ബി) ഇവയിൽ പൂർത്തിയായവ എത്ര; പൂർത്തീകരിക്കാനുള്ളവ എത്ര ; വിശദമാക്കാമോ;

(സി) കേരളത്തിൽ എത്ര അന്തർ സംസ്ഥാന ഇറിഗേഷൻ പ്രോജക്ടുകളുണ്ട്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 13 എണ്ണം.

(ബി) ഇവയിൽ പതിനൊന്ന് ജലസേചന പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ട് ജലസേചന പദ്ധതികൾ പൂർത്തീകരിക്കാനുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

<u>പൂർത്തീകരിച്ചവ</u> :- കുറ്റ്യാടി ജലസേചന പദ്ധതി, പഴശ്ശി ജലസേചന പദ്ധതി, ചിറ്റൂർപ്പുഴ ജലസേചന പദ്ധതി, മലമ്പുഴ ജലസേചന പദ്ധതി, നെയ്യാർ ജലസേചന പദ്ധതി, കല്ലട ജലസേചന പദ്ധതി, ചിമ്മിനി ജലസേചന പദ്ധതി, പമ്പാ ജലസേചന പദ്ധതി, പെരിയാർവാലി ജലസേചന പദ്ധതി, ചാലക്കുടി ജലസേചന പദ്ധതി, പീച്ചി ജലസേചന പദ്ധതി.

<u>പൂർത്തീകരിക്കാനുള്ളവ</u> :- മൂവാറ്റുപുഴ ജലസേചന പദ്ധതി, ഇടമലയാർ ജലസേചന പദ്ധതി. ഈ പദ്ധതിയുടെ പൂർത്തീകരിക്കുവാനുള്ള കനാലുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 5 എണ്ണം. ചിറ്റൂർപ്പുഴ ജലസേചന പദ്ധതി, ഭവാനി ബേസിനിലെ അട്ടപ്പാടിവാലി ജലസേചന പദ്ധതി, കബനി ബേസിനിലെ കാരാപ്പുഴ ജലസേചന പദ്ധതി, ബാണാസുരസാഗർ ജലസേചന പദ്ധതി, ചാലക്കുടി ജലസേചന പദ്ധതി, എന്നിവയാണ് അന്തർ സംസ്ഥാന ജലസേചന പദ്ധതികൾ

**ഹരിത കേരള മിഷന്റെ ഭാഗമായ പദ്ധതികൾ**

162 (2347) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരള മിഷന്റെ ഭാഗമായി ജലസേചന വകുപ്പിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതികൾ അവയുടെ ഉദ്ദേശ്യലക്ഷ്യം പൂർത്തീകരിച്ചുവോ; വിശദമാക്കുമോ ?

ഉത്തരം

(എ) ഹരിത കേരളം മിഷൻ മൂന്ന് ഉപദൗത്യങ്ങളിൽ ഒന്നായ ജലസംരക്ഷണ (ജലസമൃദ്ധി)-യുമായി ബന്ധപ്പെട്ട് സമഗ്ര നീർത്തട പ്ലാനുകൾ തയ്യാറാക്കി മുൻഗണനാ ക്രമത്തിൽ പദ്ധതികൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ സാങ്കേതിക സമിതികൾ ത്രിതല തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ രൂപീകരിച്ചുകഴിഞ്ഞു. ഈ സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം പ്രയോജനപ്പെടുത്തി ജലസേചന നിർമ്മിതികളും നിർമ്മിതികൾ പുനരുദ്ധരിക്കുന്നതിനായി ഹരിതകേരളം എം.ഐ. ക്ലാസ് I-ൽ ഉൾപ്പെടുത്തി എട്ട് പ്രവൃത്തികൾക്ക് 746.85 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഹരിതകേരളം എം.ഐ ക്ലാസ് II-ൽ ഉൾപ്പെടുത്തി 15 പ്രവൃത്തികൾക്ക് 7.70 കോടി രൂപയുടെ ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു. 536 കുളങ്ങൾ നവീകരിക്കുന്നതിനായി 10.51 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഭരണാനുമതി നൽകിക്കഴിഞ്ഞ പ്രവൃത്തികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

**കേരള വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള നിർമ്മാണ ഫാക്ടറി**

163 (2348) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ കുപ്പിവെള്ള നിർമ്മാണ ഫാക്ടറി ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നോയെന്നും പ്രസ്തുത തീരുമാനം

പ്രാവർത്തികമാക്കുന്നതിന് ഉണ്ടായിട്ടുള്ള കാലതാമസത്തിന്റെ കാരണം എന്താണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ;

(സി) എത്ര രൂപാനിരക്കിൽ ഒരു ലിറ്റർ കുപ്പിവെള്ളം വിതരണം ചെയ്യുവാനാണ് അതോറിറ്റി ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി ആരംഭിക്കാൻ വാട്ടർ അതോറിറ്റിക്ക് ഉണ്ടാകുന്ന കാലതാമസം സ്വകാര്യ കുപ്പിവെള്ള ലോബിയെ സഹായിക്കുവാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനമെന്താണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കുപ്പിവെള്ള നിർമ്മാണ ഫാക്ടറി സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നു. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പദ്ധതിയുടെ ഭരണാനുമതി 11-10-2013-നാണ് ലഭിച്ചത്. യഥാസമയം ടെണ്ടർ നടപടികൾ സ്വീകരിച്ചുവെങ്കിലും ഉചിതമായ ടെണ്ടർ ലഭിക്കാത്തതിനാൽ സമയബന്ധിതമായി പണികൾ ആരംഭിക്കുന്നതിന് സാധിച്ചില്ല. എസ്റ്റിമേറ്റിൽ കാലാനുസൃത മാറ്റംവരുത്തി മൂന്ന് പാക്കേജുകളായി (സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ) 2015-ൽ ടെണ്ടർ ചെയ്ത് പണികൾ ആരംഭിച്ചു. സിവിൽ പണികൾ ആരംഭിക്കാൻ പ്രസ്തുത സ്ഥലത്ത് നിലനിന്നിരുന്ന വിവിധ മരങ്ങൾ മുറിച്ച് മാറ്റുന്നതിനും വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതുൾപ്പെടെയുള്ള അനുമതിക്കായി കാലവിളംബം ഉണ്ടായിട്ടുണ്ട്. കൂടാതെ കരാറുകാരന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചകളും കാലതാമസത്തിന് ഇടയാക്കിയിട്ടുണ്ട്.

(ബി) കുപ്പിവെള്ള പദ്ധതിയുടെ സിവിൽ ജോലികൾ 96 ശതമാനം പൂർത്തിയായി. മഴവെള്ള സംഭരണി, ഫാക്ടറിക്ക് പുറത്തുള്ള റോഡ് നിർമ്മാണം എന്നിവയാണ് ബാക്കിയുള്ള സിവിൽ ജോലികൾ. ഇലക്ട്രിക്കൽ ജോലികൾ 65 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ ജോലികളിൽ ജനറേറ്റർ സെറ്റ് സ്ഥാപിക്കൽ പ്ലാന്റിലെ യന്ത്ര സാമഗ്രികളിൽ കണക്ഷൻ കൊടുക്കുന്ന പ്രവൃത്തികൾ, ലൈറ്റ്, ഫാൻ, എ.സി. മുതലായവ ഘടിപ്പിക്കുന്ന പണികൾ എന്നിവയാണ് അവശേഷിക്കുന്നത്. മെക്കാനിക്കൽ ജോലികളിൽ ജലം ശുദ്ധീകരിക്കുന്ന ഉപകരണങ്ങൾ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. കുപ്പി നിർമ്മിച്ച് അതിൽ വെള്ളം നിറച്ച് ലേബൽ ഒട്ടിച്ച് പാക്കറ്റിന് ഉള്ളിലാക്കുന്നതിനുള്ള

യന്ത്ര സാമഗ്രികൾ 23.2.2018-ൽ എത്തിയിട്ടുണ്ട്. ഇവയുടെ ഇൻസ്റ്റലേഷൻ ജോലികൾ പുരോഗമിച്ചുവരുന്നു.

(സി) കുപ്പിവെള്ളത്തിന്റെ വില നിശ്ചയിച്ചിട്ടില്ല. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇല്ല. ബാധകമല്ല.

**ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തിയ കോങ്ങോട് മണ്ഡലത്തിലെ**

**കുടിവെള്ള പദ്ധതി**

164 (2349) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി ജലസേചന പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ;

(ബി) കോങ്ങാട് മണ്ഡലത്തിലെ ഏതെങ്കിലും കുടിവെള്ള പദ്ധതി ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഓരോ വർഷവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന എസ്.എസ്.എൽ.സി. യോഗത്തിൽ നിശ്ചയിക്കുന്ന സെക്ടറൽ അലോക്കേഷൻ വഴി ജലസേചന വകുപ്പിന് ലഭിക്കുന്ന വിഹിതത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പ്രവൃത്തികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തയ്യാറാക്കുന്നു. പ്രസ്തുത റിപ്പോർട്ടിൽ നബാർഡ് നിഷ്കർഷിച്ചിരിക്കുന്ന ലാന്റ് അവയലബിലിറ്റി സർട്ടിഫിക്കറ്റ്, ആയക്കട്ട് സർട്ടിഫിക്കറ്റ്, ഡിസൈൻ ഡീറ്റെയിൽസ്, ബെനഫിറ്റ് കോസ്റ്റ് റേഷ്യോ അനാലിസിസ് തുടങ്ങിയവ ഉണ്ടോയെന്ന് പരിശോധിച്ചശേഷം ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നു.

നബാർഡ് പദ്ധതികൾക്കായുള്ള പ്രൊഫോർമയിൽ പ്രവൃത്തികളുടെ മുൻഗണനാ പട്ടിക തയ്യാറാക്കി ധനകാര്യ വകുപ്പിന് അംഗീകാരത്തിനായി സമർപ്പിക്കുകയും അവിടെനിന്നും നബാർഡിന്റെ ധനസഹായം ലഭിക്കുന്നതിലേക്കായി നബാർഡിലേക്ക് അയക്കുകയും ചെയ്യുന്നു. നബാർഡിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകി പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിവരുന്നു.

(ബി) കോങ്ങാട് മണ്ഡലത്തിലെ മണ്ണൂർ, കേരളശ്ശേരി, മങ്കര എന്നീ പഞ്ചായത്തുകൾക്കായുള്ള 2530 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിന് ആർ.ഐ.ഡി.എഫ്. XXIII-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ജലസേചന പദ്ധതിയുടെ ഭാഗമായി പുനരധിവസിപ്പിച്ചവരുടെ വിവരം**

165 (2350) ശ്രീ. വി. ടി.ബൽറാം:

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജലസേചന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; അവ സ്ഥിതിചെയ്യുന്ന പ്രദേശം,നദി,പദ്ധതിയുടെ പേര് എന്നിവ വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതികളുടെയും നടത്തിപ്പിനായി പ്രസ്തുത പ്രദേശങ്ങളിൽ നിന്നും മാറ്റി പാർപ്പിച്ച പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതികളുടെയും ഭാഗമായി പുനരധിവസിപ്പിച്ച കുടുംബങ്ങളുടെ എണ്ണം, പുനരധിവസിപ്പിച്ച സ്ഥലങ്ങൾ എന്നിവ വ്യക്തമാക്കാമോ ;

(ഡി) ഓരോ പദ്ധതികളുടെയും ഭാഗമായി പുനരധിവസിപ്പിച്ച കുടുംബങ്ങൾക്ക് നൽകിയ ഭൂമി, നടപ്പാക്കിയ പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ വിവിധ ജലസേചന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി&സി) കേരളത്തിലെ ജലസേചന പദ്ധതികളുടെ നടത്തിപ്പിനായി മാറ്റി പാർപ്പിച്ച പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ എണ്ണം, പുനരധിവസിപ്പിച്ച സ്ഥലങ്ങൾ, പുനരധിവസിപ്പിച്ച കുടുംബങ്ങൾക്ക് നൽകിയ ഭൂമി എന്നിവ സംബന്ധിച്ച വിഷയം റവന്യൂ വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. ജലസേചന വകുപ്പിൽ ലഭ്യമായ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആലത്തൂർ മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

166 (2351) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സർക്കാർ അധികാരമേറ്റശേഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികളുടെ പഞ്ചായത്തുതിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ& ബി) വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

## കോഴിക്കോട് ജില്ലയിൽ അനുമതി ലഭിച്ച വാട്ടർഷെഡ് പ്രവൃത്തികൾ

167 (T*2352) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ധനസഹായത്തോടെ കോഴിക്കോട് ജില്ലയിൽ അനുമതി ലഭിച്ച വാട്ടർഷെഡ് പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സ്കീം പ്രകാരം ഭരണാനുമതിക്കായി സമർപ്പിച്ച കോഴിക്കോട് ജില്ലയിലെ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) നബാർഡിന്റെ ധനസഹായത്തോടെ കോഴിക്കോട് ജില്ലയിൽ വാട്ടർഷെഡ് പ്രവൃത്തികളൊന്നുംതന്നെ ഭരണാനുമതിക്കായി ലഭിക്കുകയോ അനുമതി നൽകുകയോ ചെയ്തിട്ടില്ല.

## നദീ പുനരുജ്ജീവന പദ്ധതികൾ

168 (2353) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളുടെ സംരക്ഷണത്തിനായി ഇന്റഗ്രേറ്റഡ് ഹോളിസ്റ്റിക് അപ്രോച്ച് ഫോർ റീജ്യുവനേഷൻ ഓഫ് റിവേഴ്സ് എന്ന മാർഗ്ഗ നിർദ്ദേശം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പ്രസ്തുത മാർഗ്ഗനിർദ്ദേശത്തിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ അധിഷ്ഠിതമായ നടപടികളാണോ ഹരിത കേരളം പദ്ധതി വഴി നടപ്പിലാക്കുന്നത്;

(ഡി) നീർത്തടാധിഷ്ഠിത പദ്ധതി നടപ്പിലാക്കി വേണം നദീപുനരുജ്ജീവന പദ്ധതികൾ നടപ്പിലാക്കേണ്ടത് എന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഭാരതപ്പുഴയുടെ സംരക്ഷണത്തിനായി ഈ പദ്ധതി പ്രകാരമുള്ള എന്തൊക്കെ കാര്യങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്;വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിൽ ഇന്ത്യയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന "നാഷണൽ റിവർ കൺസർവേഷൻ പ്ലാൻ"-ൽ വിഭാവനം ചെയ്തിട്ടില്ലാത്ത ഘടകങ്ങളായ നദികളിലെ പാരിസ്ഥിതിക നീരൊഴുക്ക്, നദീതട പരിപാലനം, നദികളുടെ കൈവഴികളിലും നദിയിലും ചെറുകിട ജലസംഭരണികളുടെ നിർമ്മാണം, നദീ തീരങ്ങളിൽ വനവത്കരണം, ഭൂജല സംപോഷണ നടപടികൾ, കാർഷിക പ്രവർത്തനങ്ങളുടെ ഭാഗമായി നദികളിൽ എത്തിച്ചേരാനിടയുള്ള മാലിന്യം ഇല്ലാതാക്കുക, പാരിസ്ഥിതിക പ്രശ്നങ്ങളില്ലാതെ സുസ്ഥിര എക്കോ ടൂറിസം നടപ്പിലാക്കുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ബോധവത്കരണം നടത്തുക, ജലനഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, ജലം കുറച്ചുമാത്രം ഉപയോഗിക്കുന്ന വിളകൾ/കൃഷിരീതി കൊണ്ടുവരിക, വ്യവസായിക സ്ഥാപനങ്ങളിൽ സീറോ ഡിസ്ചാർജ് സംവിധാനം കൊണ്ടുവരികയും ഇതുവഴി ഉപരിതല ഭൂജല ചൂഷണം ഒഴിവാക്കുക തുടങ്ങിയ ഘടകങ്ങൾ ഉൾക്കൊണ്ട് നദീ പരിപാലന പദ്ധതികൾ നടപ്പിലാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ ഇതിനായി രണ്ടുതരത്തിലുള്ള ഇടപെടൽ രീതികളും നിർദ്ദേശിച്ചിട്ടുണ്ട്. (i) നേരിട്ടുള്ള ഇടപെടലുകൾ (ഡയറക്ട് ഇന്റർവെൻഷൻസ്) (ii) നേരിട്ടല്ലാതുള്ള ഇടപെടലുകൾ (ഇൻഡയറക്ട് ഇന്റർവെൻഷൻസ്).

(സി) ഹരിതകേരളം മിഷന്റെ മൂന്ന് ഉപദൗത്യങ്ങളിൽ ഒന്നായ ജലസംരക്ഷണ (ജലസമൃദ്ധിയുടെ)-ത്തിന്റെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തി ജല ലഭ്യതയും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക.

2. പുതിയൊരു ജലസംരക്ഷണ വിനയോഗ സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുക.

3. ജലസുരക്ഷയും പാരിസ്ഥിതിക സുസ്ഥിരതയും ഭാവിതലമുറയ്ക്കുകൂടി ഉറപ്പാക്കുക.

4. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിര പരിപാലനവും ഉറപ്പാക്കുക.

മേൽപ്പറഞ്ഞ വിവിധ ഘടകങ്ങൾ ഉൾച്ചേർന്നതാണ് പ്രസ്തുത ഗൈഡ്‌ലൈൻ.

(ഡി) നദീതടങ്ങളിലെ നേരിട്ടുള്ള ഇടപെടൽ ഘടകങ്ങളിലൊന്നായാണ് നീർത്തട മനേജ്മെന്റിന്റെ പ്രസ്തുത മാർഗ്ഗരേഖ കാണുന്നത്.

(ഇ) നദിയുടെ വൃഷ്ടിപ്രദേശത്തുള്ള ജലസ്രോതസ്സുകളുടെ പരിപാലനം ഉറപ്പാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഹരിത കേരളം മിഷൻ ഒന്നാം ഘട്ടമായി ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ഭാരതപ്പുഴയുടെയും നദീതട പ്രദേശത്തെ തോടുകൾ, നീർച്ചാലുകൾ, കുളങ്ങൾ മുതലായ ഓരോ ജലസ്രോതസ്സുകളുടെയും നവീകരണവും സംരക്ഷണവും പരിപാലനവും ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി വിവിധ ഏജൻസികളുടെയും വകുപ്പുകളുടെയും പങ്കാളിത്തമുള്ള തദ്ദേശ സ്ഥാപനതല സാങ്കേതിക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സമിതിയുടെ നേതൃത്വത്തിൽ ജലസ്രോതസ്സുകളിലും അവയുടെ വൃഷ്ടിപ്രദേശത്തും നടപ്പിലാക്കേണ്ട മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ച് നീർത്തട പ്ലാനുകൾ തയ്യാറാക്കി നിർവ്വഹണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഫലമായി ഈ സ്രോതസ്സുകളെ മാലിന്യമുക്തമാക്കാനും സ്ഥായിയായി സംരക്ഷിക്കാനും നീരൊഴുക്ക് വർദ്ധിപ്പിക്കാനും കഴിയും. ഇതിന് തുടർച്ചയെന്നോണം ഹരിത കേരളത്തിന്റെ ഭാഗമായി രണ്ടാം ഘട്ടമായി ഭാരതപ്പുഴയിലും കൈവഴികളിലും ആവശ്യമായ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

### മണിയാർ ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കാൻ നടപടി

169 (2354) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാ ഇറിഗേഷൻ പ്രോജക്ട് നിലവിൽവന്നത് എന്നാണെന്നും പമ്പാ ഇറിഗേഷന്റെ മണിയാർ ഡാമിൽ നിന്നും കനാൽ വഴി ഏതൊക്കെ പ്രദേശങ്ങളിലാണ് ജലവിതരണം നടത്തുന്നതെന്നും ദിവസേന എത്ര അളവ് വെള്ളമാണ് ഡാമിൽനിന്നും കനാൽ വഴി ഒഴുക്കിവിടുന്നതെന്നും വിശദമാക്കുമോ;

(ബി) പമ്പാ ഇറിഗേഷൻ പ്രോജക്ടിനായി മണിയാർ ഡാം നിർമ്മിച്ചത് എന്നാണ്; ഡാമിനുള്ളിൽ എക്കൽ അടിഞ്ഞ് ഡാമിന്റെ സംഭരണ ശേഷി കുറഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രത്തോളം കുറവാണ് ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഡാമിനുള്ളിലെ എക്കൽ മണ്ണ് നീക്കംചെയ്ത് സംഭരണശേഷി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കാലപ്പഴക്കംചെന്ന കനാൽ ഏത് ഭാഗത്തെങ്കിലും അപകട ഭീഷണി ഉയർത്തുന്നുണ്ടോയെന്നും ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പമ്പാ ഇറിഗേഷൻ പ്രജക്ട് നിലവിൽ വന്നത് 1979-ൽ ആണ്. പമ്പാ ജലസേചന പദ്ധതിയുടെ 500 കി.മീ വരുന്ന ഇടതുകര-വലതുകര കനാലുകളിലൂടെ പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലായി താഴെപ്പറയുന്ന താലൂക്കുകളിൽ ജലവിതരണം നടത്തി വരുന്നു.

| പത്തനംതിട്ട ജില്ല | ആലപ്പുഴ ജില്ല |
|---|---|
| റാന്നി | മാവേലിക്കര |
| കോഴഞ്ചേരി | കാർത്തികപ്പള്ളി |
| മല്ലപ്പള്ളി, തിരുവല്ല | ചെങ്ങന്നൂർ |

ജലലഭ്യത അനുസരിച്ച് ഡാമിൽ നിന്നും കനാൽ വഴി ഒരു സെക്കന്റിൽ $11m^3$ ജലം ഒഴുക്കിവിടാൻ കഴിയുന്നതാണ്.

(ബി) മണിയാർ ഡാം നിർമ്മിച്ചത് 1976-ലാണ്. ഡാമിനുള്ളിൽ എക്കൽ അടിഞ്ഞ് ഡാമിന്റെ സംഭരണശേഷി ഏകദേശം 45 ശതമാനം കുറഞ്ഞിട്ടുണ്ട്.

(സി) സർക്കാർ അംഗീകരിച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യർ (SOP) പ്രകാരം പൈലറ്റ് പദ്ധതികളായി തെരഞ്ഞെടുത്ത മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ നടത്തുന്ന ഡീസൽറ്റേഷന്റെ ഫലം അപഗ്രഥിച്ചശേഷം മാത്രമേ ഇതര ഡാമുകളിൽ എക്കൽ നീക്കം ചെയ്യുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കുകയുള്ളൂ.

(ഡി) പമ്പാ ജലസേചന പദ്ധതിയുടെ വടശ്ശേരിക്കര മെയിൻ കനാൽ ഭാഗങ്ങളിലും ഇടതുകര, മെഴുവേലി, വലതുകര, പുല്ലാട് എന്നീ ഭാഗങ്ങളിലും ഇടതുകര കനാലിൽ ചെങ്ങന്നൂർ താലൂക്കിലുള്ള പുലിയൂർ പാണ്ടനാട് ബ്രാഞ്ച് കനാലിലും കുളനട ബ്രാഞ്ച് കനാലിൽ മുളക്കുഴ പള്ളിപടി ഭാഗത്തും കനാലിന്റെ കാലപ്പഴക്കംമൂലം ജലചോർച്ച ഉണ്ടായിട്ടുണ്ട്. കൂടാതെ ഇടതുകര കനാലിന്റെ ചെയിനേജ് 38000 മീറ്റർ മുതൽ കാലപ്പഴക്കംമൂലം അപകടാവസ്ഥയിലാണ് എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം കനാലിന്റെ അറ്റകുറ്റപ്പണികൾ നടത്തുവാൻ സാധിച്ചിട്ടില്ല.

**കയർ ഭൂവസ്ത്രം എന്ന ആശയം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

170 ( 2355) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട ജലസേചന മേഖലയിൽ കല്ലുകെട്ടൽ പ്രവണതയ്ക്ക് പകരം കയർ ഭൂവസ്ത്രം എന്ന ആശയം സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(ബി) കയർ ഭൂവസ്ത്രത്തിന് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ നിർമ്മിക്കുന്ന കാര്യത്തിൽ സംസ്ഥാനം സ്വയംപര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ എന്ത് ബദൽ സംവിധാനമാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ-സി) പരിസ്ഥിതി സൗഹൃദ നിർമ്മാണ പ്രവർത്തനത്തിലേയ്ക്ക് ജലസേചന വകുപ്പ് നീങ്ങുന്നതിന്റെ ഭാഗമായി ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കയർ ഭൂവസ്ത്രം ഉപയോഗിക്കാവുന്ന സ്ഥലങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത സംബന്ധിച്ച് ജലവിഭവ വകുപ്പ് പരിശോധിച്ചിട്ടില്ല.

**കൊല്ലം കനാൽ പുനരുദ്ധാരണം നിലയ്ക്കാനുള്ള കാരണം**

171 (2356) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കനാലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർണ്ണമായും നിലച്ചിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രവൃത്തികൾ പൂർണ്ണമായും നിലയ്ക്കാനുള്ള കാരണം എന്താണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോയെന്നും കരാറിലെ റിസ്ക് & കോസ്റ്റ് സംബന്ധിച്ച വ്യവസ്ഥ എന്താണെന്നും അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ജലപാതയുടെ ഭാഗമായ കൊല്ലം തോടിന്റെ പ്രവൃത്തികൾ ആറ് റീച്ചുകളിലായി നടപ്പിലാക്കുന്നതിൽ ആറാം റീച്ചിന്റെ പണി പൂർത്തിയായിട്ടുള്ളതും 2, 3 റീച്ചുകളിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി സാങ്കേതികാനുമതിക്കുള്ള നടപടികളുമെടുത്തുവരുകയാണ്. 1, 4, 5 റീച്ചുകളിലെ പ്രവൃത്തികൾക്കുള്ള കരാർ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെയാണ് ഏൽപ്പിച്ചിരുന്നത്. ടി പ്രവൃത്തിയുടെ കരാർ കാലാവധി പലതവണ ദീർഘിപ്പിച്ചു നൽകുകയും അവസാനമായി 31.03.2018 വരെ ദീർഘിപ്പിച്ചുനൽകിയെങ്കിലും നാമമാത്രമായ പുരോഗതി മാത്രമേ കൈവരിച്ചിട്ടുള്ളൂ. 12.2.2018 തീയതിയിലെ ജലപാതാ വികസനം സംബന്ധിച്ച മുഖ്യമന്ത്രിയുടെ യോഗത്തിൽ കൊല്ലം തോടിന്റെ പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി പുനരവലോകനം ചെയ്ത് ആവശ്യമെങ്കിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡുമായുള്ള കരാർ അവസാനിപ്പിക്കുന്നതിനും വർക്ക് റീ-അറേഞ്ച് ചെയ്യുന്നതിനും തീരുമാനമായിട്ടുണ്ട്.

(ബി) 31-3-2018 വരെ പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകിയിരുന്നുവെങ്കിലും പണികൾ പൂർണ്ണമായും നിലച്ചുപോകുന്ന അവസ്ഥ വന്നതിനാൽ കരാറുകാരനെ Risk &Cost -ൽ ടെർമിനേറ്റ് ചെയ്താൽ പിന്നീട് പ്രസ്തുത പ്രവൃത്തി പുനഃക്രമീകരിക്കുമ്പോൾ ഏതെങ്കിലും തരത്തിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വന്നാൽ അത് ടെർമിനേറ്റ് ചെയ്യപ്പെട്ട കരാറുകാരനിൽ നിന്ന് ഈടാക്കും എന്നതാണ് കരാറിലെ Risk &Cost വ്യവസ്ഥ

**അങ്കമാലി മണ്ഡലത്തിൽ കനാലിന് കുറുകെ നടപ്പാതയ്ക്ക് അനുവാദം**

172 (2357) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അങ്കമാലി നിയോജകമണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെകീഴിലുള്ള കനാലിന് കുറുകെ, കനാലിന്റെ ഒഴുക്കിന് തടസ്സം കൂടാതെ നടപ്പാത പണിയുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര അപേക്ഷകൾ ലഭിച്ചു എന്നും എത്ര പേർക്ക് അനുവാദം നൽകി എന്നും ഇനി എത്ര പേർക്ക് അനുവാദം നൽകാൻ ബാക്കിയുള്ളതെന്നും സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

ഉത്തരം

അങ്കമാലി നിയോജകമണ്ഡലത്തിലെ ഇറിഗേഷൻ വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന കനാലിനുകുറുകെ കനാലിന്റെ ഒഴുക്കിന് തടസ്സംകൂടാതെ നടപ്പാത നിർമ്മിക്കുന്നതിന് എട്ട് അപേക്ഷകൾ ലഭിച്ചു. അതിൽ മൂന്നെണ്ണത്തിന് നിരാക്ഷേപപത്രം നൽകി, മതിയായ രേഖകൾ ഇല്ലാത്തതിനാൽ മൂന്നെണ്ണം പുനഃപരിശോധിച്ച് സമർപ്പിക്കുന്നതിനായി എറണാകുളം മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് തിരിച്ചയച്ചു. രണ്ടെണ്ണം പരിശോധിച്ചുവരുന്നു.

**ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് സ്കീം**

173 (2358) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാം റിഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് സ്കീമിൽ ജലസേചന വകുപ്പിന്റെ മലമ്പുഴ, വാളയാർ, പീച്ചി, നെയ്യാർ എന്നീ ഡാമുകൾ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) 2017-18-ലെ ബജറ്റിൽ പ്രഖ്യാപിച്ച സ്കീമിന്റെ ഭാഗമായി മലമ്പുഴ ഡാമിലെ ചെളി നീക്കം ചെയ്ത് മണൽ ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>മലമ്പുഴ ഡാം</u>

മലമ്പുഴ ഡാമിൽ Drip പദ്ധതിയുടെ ഭാഗമായി അണക്കെട്ടിന്റെയും അതിനുചുറ്റുമുള്ള അണക്കെട്ടിലേക്കുവരുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ, ഡാമിന്റെ പദ്ധതി മേഖല സർവ്വേചെയ്ത് ചുറ്റുമതിലും, കമ്പിവേലിയും കെട്ടുന്ന പ്രവൃത്തികൾ, ബോട്ടുജെട്ടിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ, ഡാമിന്റെ പവലിയന്റെയും പഴയ ഇൻഫർമേഷൻ സെന്ററിന്റെയും പുനരുദ്ധാരണ പ്രവൃത്തികൾ, കൺട്രോൾ റൂമിന്റെയും സീസ്മോഗ്രാഫ് സ്റ്റേഷൻ ബിൽഡിംഗിന്റെയും നിർമ്മാണ പ്രവൃത്തികൾ, ടോ ഡ്രെയിനിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ, ഏപ്രണിന്റെയും ഡൗൺ സ്ട്രീം സ്പിൽവേ, റിവർ ബേസിൻ എന്നിവയുടെയും അറ്റകുറ്റപ്പണികൾ, ഡാമിന്റെ ഗ്രൗണ്ടിംഗ് വർക്ക്സ്, ഡൗൺ സ്ട്രീം റിപ്പ്റാപ്പിന്റെ അറ്റകുറ്റപ്പണികൾ, ഡാമിൽ വരുന്ന ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

<u>വാളയാർ ഡാം</u>

ഗാലറിയിലുള്ള ഡ്രെയിനേജ് ഹോളുകളുടെ റീം, എർത്ത് ഡാമിന്റെ താഴ്ഭാഗത്തെ ചരിവ് പുനരുദ്ധാരണവും പുല്ല്വെച്ചുപിടിപ്പിക്കലും, ഡാമിന്റെ താഴ്ഭാഗത്തുള്ള ഡ്രെയിനേജുകളുടെ പുനർനിർമ്മാണം, ഡാമിന്റെ താഴ്ഭാഗത്തുള്ള ചെക്ക്ഡാമിന്റെ അറ്റകുറ്റപ്പണികൾ, ഡാമിന്റെ താഴ്ഭാഗത്തുള്ള സമാന്തര ഡ്രെയിനേജുകളുടെ പുനർനിർമ്മാണം, എർത്ത് ഡാമിന്റെ മുകളിലെ ഇരുഭാഗത്തുമുള്ള പാരാപ്പറ്റുകളുടെ അരികുഭിത്തികളുടെ പുനർനിർമ്മാണം. ദേശീയപാതയിൽനിന്നും ഡാമിലേക്കുള്ള അപ്രോച്ച് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ, റിസർവോയറിനുചുറ്റുമുള്ള സ്ഥലത്തെ ചുറ്റുമതിൽ, കമ്പിവേലി എന്നിവയുടെ നിർമ്മാണം, വാളയാർ റിസർവോയറിൽ ഏരിയ സർവ്വേചെയ്ത് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി, എർത്ത് ഡാമിന്റെ റിപ്പ്റാപ്പ് പ്രവൃത്തി - അറ്റകുറ്റപ്പണികൾ, ഡാമിനോടനുബന്ധിച്ച സുരക്ഷാ നിലയത്തിന്റെ നിർമ്മാണം, കാലാവസ്ഥാ നിലയത്തിന്റെ ചുറ്റുമതിൽ നിർമ്മാണം, കമ്പിവേലി നിർമ്മാണം എന്നിവ സിവിൽ പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മെക്കാനിക്കൽ പ്രവൃത്തിയിൽ റിവർ സ്ലൂയിസ് ഷട്ടറിന്റെയും കനാൽ സ്ലൂയിസ് ഷട്ടറിന്റെയും ഓവർഹൗളിംഗും പെയിന്റിംഗും ഓപ്പറേറ്റിംഗ് പ്ലാറ്റ്ഫോമിന്റെ ഫാബ്രിക്കേഷനും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇലക്ട്രിക്കൽ പ്രവൃത്തിയിൽ ഇൻസ്പെക്ഷൻ ഗ്യാലറി ലൈറ്റിംഗ് ഉൾപ്പെടുത്തിയിട്ടുണ്ട്. ഏകദേശം 70 ശതമാനം പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

പീച്ചി ഡാം

ഡാമിന്റെയും ക്യാമ്പസിന്റെയും സുരക്ഷയ്ക്കുവേണ്ടിയുള്ള പ്രവൃത്തികൾ പീച്ചി ഇറിഗേഷൻ പദ്ധതി പ്രദേശത്തിന്റെയും, കെ.ഇ.ആർ.ഐ. കോളനികളുടെയും സർവ്വേ നടത്തി അതിർത്തി നിർണ്ണയിച്ച് സംരക്ഷിക്കുന്ന പ്രവൃത്തി, ഡാം റോഡുകളുടെ പുനരുദ്ധാരണം, അഡ്മിനിസ്ട്രേഷൻ കാര്യാലയത്തിന്റെയും കൺട്രോൾ റൂമിന്റെയും നിർമ്മാണം, പീച്ചി ഡാം ഇൻസ്ട്രുമെന്റേഷൻ റൂം നിർമ്മാണം, ഡാമിന്റെ മാതൃക ഉൾപ്പെടുത്തിക്കൊണ്ടുള്ള ഇൻഫോർമേഷൻ സെന്ററിന്റെ നിർമ്മാണം എന്നിവ സിവിൽ വിഭാഗത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. അറുപത് ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചു. മെക്കാനിക്കൽ പ്രവൃത്തിയിൽ പുതിയതായി ഒരു എമർജൻസി ഷട്ടർ സ്ഥാപിക്കുന്നതിനും നിലവിലുള്ള സ്പിൽവേ ഷട്ടറുകളുടെ പഴയ റബ്ബർ സീലും തടി സീലും മാറ്റി പുതിയവ കൊടുക്കുന്നതിനും സ്പിൽവേ ഷട്ടറിന്റെയും RBMC, LBMC ഷട്ടറുകളുടെ ഓവർ ഹോളിംഗും പെയിന്റിംഗും പുതിയ ഗൈഡ് വീൽ യൂണിറ്റും ഉൾപ്പെടുത്തിയിരുന്നു. ഈ പണികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

ഇലക്ട്രിക്കൽ പ്രവൃത്തിയിൽ ഡാമിന്റെ നിലവിലുള്ള ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ റിപ്പയർ, കേടായ ഉപകരണങ്ങൾ മാറ്റിവയ്ക്കുക, ഡാമിന്റെ മുകളിൽ ലൈറ്റുകൾ സ്ഥാപിക്കൽ, പുതിയ ഡീസൽ ജനറേറ്റർ സ്ഥാപിക്കുക, ഷട്ടർ മോട്ടോർ സ്ഥാപിക്കുക എന്നീ പണികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇലക്ട്രിക്കൽ പണികൾക്ക് പതിമൂന്ന് പ്രാവശ്യം ടെണ്ടർ വിളിച്ചുവെങ്കിലും കരാറുകളുടെ അഭാവംമൂലം നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചില്ല. ഇപ്പോൾ നടപടി സ്വീകരിച്ചുവരുന്നു.

നെയ്യാർ

റിസർവോയർ ബൗണ്ടറി ഡീമാർക്കേറ്റിംഗ് പ്രൊട്ടക്ടീവ് മെഷേർസ് - 9 ശതമാനം പ്രവൃത്തി പൂർത്തീകരിച്ച് ഡാം റിസർവോയറിന്റെ അതിർത്തിയിൽ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നാട്ടുകാർ തടസ്സപ്പെടുത്തിയതിനാൽ തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല. കൺട്രോൾ റൂം നിർമ്മാണം അറുപത്തിമൂന്ന് ശതമാനം പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

സ്റ്റില്ലിംഗ് ബേസിൻ നവീകരണം - 85 ശതമാനം പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

ക്യാന്റീൻ നിർമ്മാണം -49 ശതമാനം പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

മെക്കാനിക്കൽ പ്രവൃത്തികളായ സ്പിൽവേ റേഡിയൽ ഷട്ടറുകളുടെയും സ്ലൂയിസ് എമർജൻസി ഷട്ടറുകളുടെയും നവീകരണം എന്നിവ പൂർത്തീകരിച്ചു.

നെയ്യാറിൽ പുതുതായി നിർമ്മിച്ച ക്യാന്റീൻ കെട്ടിടത്തിന്റെ വൈദ്യുതീകരണ പ്രവൃത്തി ടെണ്ടർ ചെയ്തിട്ട് കരാറുകാർ ലഭിക്കാത്തതിനാൽ ക്വട്ടേഷൻ പ്രകാരം പ്രസ്തുത പണികൾ ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) മലമ്പുഴ ഡാമിലെ മണ്ണും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ പുനരാരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**ഡാമുകളുടെ സംരക്ഷണവും അറ്റകുറ്റപ്പണിയും**

174 (2359) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിനുകീഴിൽ എത്ര ഡാമുകളുണ്ട് എന്നതിന്റെ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത ഡാമുകളുടെയും മറ്റും സംരക്ഷണത്തിനും അറ്റകുറ്റപ്പണിക്കും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

**ഉത്തരം**

(എ) ജലസേചന വകുപ്പിനുകീഴിൽ 20 ഡാമുകൾ/റെഗുലേറ്ററുകൾ/ ബാരേജുകൾ ഉണ്ട്. ഡാമുകൾ/റെഗുലേറ്ററുകളുടെ പേരുകൾ ചുവടെ ചേർക്കുന്നു:

1. മലമ്പുഴ
2. പോത്തുണ്ടി
3. ചുള്ളിയാർ
4. മീൻകര
5. കാഞ്ഞിരപ്പുഴ
6. മലങ്കര
7. ചിമ്മിണി
8. പഴശ്ശി ബാരേജ്
9. പെരിയാർ വാലി (ഭൂതത്താൻകെട്ട്) ബാരേജ്
10. മൂലത്തറ റഗുലേറ്റർ
11. കല്ലട

12. വാഴാനി
13. പീച്ചി
14. നെയ്യാർ
15. വാളയാർ
16. കുറ്റ്യാടി
17. പമ്പ – ബാരേജ്
18. മംഗലം
19. കാരപ്പുഴ
20. ശിരുവാണി.

കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ ദക്ഷിണ മേഖലയുടെകീഴിൽ പേപ്പാറ, അരുവിക്കര എന്നീ രണ്ട് ഡാമുകളുണ്ട്.

(ബി) ഡാമുകളുടെ പ്രധാന അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 2012-ൽ കേന്ദ്ര ജല കമ്മീഷന്റെ മേൽനോട്ടത്തിൽ ലോകബാങ്ക് സഹായത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന DRIP-1 പദ്ധതിയിലാണ് ഇപ്പോൾ പ്രധാനമായും പണികൾ നടന്നുവരുന്നത്. മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭൂതത്താൻകെട്ട്) മൂലത്തറ റഗുലേറ്റർ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി തുടങ്ങിയ 16 ഡാമുകൾ/ബാരേജുകൾ/റെഗുലേറ്ററുകളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഡാമുകളുടെ അടിസ്ഥാന സൗകര്യ വികസനം, കാര്യക്ഷമത പരമാവധി പുനഃസ്ഥാപിച്ച് സുരക്ഷിതമായി നിലനിർത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. എല്ലാ ഡാമുകളുടെയും സർവ്വേലൻസ്, ഇൻസ്ട്രുമെന്റേഷൻ എന്നിവയും തിരുവനന്തപുരത്തെ ഡാം സേഫ്റ്റി ഹെഡ് ക്വാർട്ടേഴ്സിന്റെ നിർമ്മാണവും ഇവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതുകൂടാതെ പദ്ധതി വിഭാഗം ചീഫ് എഞ്ചിനീയർമാരുടെ അധികാര പരിധിയിലുള്ള ശീർഷകങ്ങളിൽ വാർഷിക അറ്റകുറ്റപ്പണികൾക്കായി ബജറ്റിൽ വകയിരുത്തിയ തുക ഉപയോഗിച്ചും ഡാമുകളുടെയും മറ്റും സംരക്ഷണ പണികൾ നടത്തുന്നുണ്ട്. കൂടാതെ ശിരുവാണി ഡാമുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾ തമിഴ്നാട് സർക്കാരിന്റെ ഫണ്ട് ലഭ്യത അനുസരിച്ച് നടത്തിവരുന്നു.

## ഡാമുകളുമായി ബന്ധപ്പെട്ട ടൂറിസം പദ്ധതികൾ

175 (2360) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഡാമുകളുമായി ബന്ധപ്പെട്ട് എത്ര ടൂറിസം പദ്ധതികളുണ്ട് ; അവയുടെ ലാഭവിഹിതം ജലസേചന വകുപ്പിന് ലഭിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

ഡാമുകളുമായി ബന്ധപ്പെട്ട് 13 ടൂറിസം പദ്ധതികളുണ്ട്. ഇവയിൽ താഴെപ്പറയുന്ന പദ്ധതികളിൽ നിന്നും ജലസേചന വകുപ്പിന് ലാഭവിഹിതം ലഭിക്കുന്നു:

1. നെയ്യാർ ജലസേചന പദ്ധതി

2. പെരിയാർവാലി ജലസേചന പദ്ധതി

(ഇവിടത്തെ ടൂറിസം പ്രവർത്തനങ്ങളെല്ലാം ഈ വർഷം മുതലാണ് ആരംഭിച്ചിട്ടുള്ളത്. ലാഭവിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.)

3. മലമ്പുഴ ജലസേചന പദ്ധതി

(മലമ്പുഴ ഗാർഡനിലെ പ്രവേശന ഫീസനത്തിൽ കിട്ടുന്ന വരുമാനം DTPC ചെയർമാനായ ജില്ലാ കളക്ടറും മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറും ചേർന്ന് മലമ്പുഴ കാനറ ബാങ്കിലെ ജോയിന്റ് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുകയും ഗാർഡനിലെ ദൈനംദിന ചെലവുകൾക്കും ജീവനക്കാരുടെ ശമ്പളത്തിനുമായി ഇത് വിനിയോഗിക്കുകയും ചെയ്യുന്നു. ഇതിൽനിന്നും ജലസേചന വകുപ്പിന് ലാഭമൊന്നും ലഭിക്കുന്നില്ല.)

4. മംഗലം ജലസേചന പദ്ധതി

(മംഗലം ഗാർഡനിലെ പ്രവേശന ഫീസ് ഇനത്തിൽ കിട്ടുന്ന വരുമാനം DTPC സെക്രട്ടറിയും മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറും ചേർന്ന് മലമ്പുഴ കാനറ ബാങ്കിലെ ജോയിന്റ് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുകയും ഗാർഡനിലെ ദൈനംദിന ചെലവുകൾക്കും ജീവനക്കാരുടെ ശമ്പളത്തിനുമായി വിനിയോഗിക്കുകയും ചെയ്യുന്നു. ഇതിൽനിന്നും ജലസേചന വകുപ്പിന് ലാഭമൊന്നും ലഭിക്കുന്നില്ല.)

5. കാരാപ്പുഴ ജലസേചന പദ്ധതി

(വരുമാനത്തിന്റെ പത്ത് ശതമാനം ലഭിക്കുന്നു.)

## മാരമംഗലം പുഴയ്ക്കുകുറുകെയുള്ള തടയണ

176 (2361) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ബ്ലോക്ക് പഞ്ചായത്തിൽ മാരമംഗലം പുഴയ്ക്കു കുറുകെ നിർമ്മിച്ചിട്ടുള്ള തടയണ പ്രവർത്തനരഹിതമായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തടയണ പുനരുദ്ധരിച്ച് ജനോപകാരപ്രദമായി സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിലാണ് മാരമംഗലം പുഴയ്ക്കുകുറുകെ തടയണ നിർമ്മിച്ചിരിക്കുന്നത്. അതിനാൽ ഈ തടയണയുടെ പുനരുദ്ധാരണ ബ്ലോക്ക് പഞ്ചായത്താണ് നടപ്പിലാക്കേണ്ടത്.

## മലപ്പുറം മണ്ഡലത്തിലെ തടയണ നിർമ്മാണങ്ങൾ

177 (2362) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം മുന്നിൽക്കണ്ട് ജലവിഭവ വകുപ്പിനുകീഴിൽ കൂടുതൽ തടയണകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മലപ്പുറം മണ്ഡലത്തിന്റെ പരിധിയിൽവരുന്ന കടലുണ്ടിപ്പുഴയിലെ കാട്ടുങ്ങൽ, പുഴങ്കാവ്, എടായ്പാലം എന്നിവിടങ്ങളിൽ തടയണ നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ 2018-ലെ ബജറ്റിൽ പരാമർശിക്കപ്പെട്ട പ്രസ്തുത സ്ഥലങ്ങളിൽ തടയണ നിർമ്മിക്കുവാനും കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ജലസേചന വകുപ്പിന് കീഴിലുള്ള ആർ.സി.ബി./തടയണ/വി.സി.ബി. കളെല്ലാംതന്നെ കൃഷിക്കുപുറമെ കുടിവെള്ളം ഉൾപ്പെടെയുള്ള വിവിധോദ്ദേശ്യ പദ്ധതികളാണ്. 2017-18-ൽ ബജറ്റിൽ പ്രഖ്യാപിച്ച പ്രകാരം റഗുലേറ്ററുകളും

തടയണകളും നിർമ്മിക്കുന്നതുവഴി നദികളെത്തന്നെ ജലസംഭരണികളാക്കി മാറ്റുന്ന ഒരു സമീപനമാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലപ്പുറം മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കടലുണ്ടിപുഴയിൽ കാട്ടുങ്ങൽ വട്ടാണിക്കടവിൽ തടയണയ്ക്കുവേണ്ടി പര്യവേക്ഷണ പ്രവൃത്തി പൂർത്തീകരിച്ചിരുന്നു. എന്നാൽ പര്യവേക്ഷണത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിതി സുരക്ഷിതമാകില്ലെന്നും ടി സ്ഥലത്ത് ചെക്ക് ഡാം വേണ്ടെന്നും ഇറിഗേഷൻ ഡിസൈൻ വിംഗായ ഐ.ഡി.ആർ.ബി. നിർദ്ദേശിച്ചിരിക്കുന്നു. പൂഴങ്കാവിൽ റഗുലേറ്റർ പദ്ധതി കിഫ്ബിയുടെ ധനസഹായത്തോടെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. എടായ് പാലം തടയണയുടെ സാധ്യതാപഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കവളങ്ങാട് പഞ്ചായത്തിലെ ജലക്ഷാമം പരിഹരിക്കുന്നതിന് നടപടി**

178 (2363) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം കവളങ്ങാട് പഞ്ചായത്തിലെ ആവോലിച്ചാൽ ഭാഗത്ത് നിന്നും വെള്ളം ലിഫ്റ്റ് ചെയ്ത് വിവിധ ചെക്ക് ഡാമുകളിൽ സംഭരിച്ച് ജലക്ഷാമം പരിഹരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന സാഹചര്യത്തിൽ ഈ കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) കവളങ്ങാട് പഞ്ചായത്തിലെ ആവോലിച്ചാലിൽ വിവിധ പഞ്ചായത്തുകളിലേക്ക് ശുദ്ധജല വിതരണം നടത്തുന്നതിനുള്ള കേരള ജല അതോറിറ്റിയുടെ ശുദ്ധീകരണശാലയും രണ്ട് മോട്ടോർ പുരകളുമുണ്ട്. എന്നാൽ ടി പ്രദേശത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഒന്നുംതന്നെ നിലവിലില്ല.

## നാമ്പ്രാണി ചെക്ക് ഡാം പുനർനിർമ്മിക്കുവാൻ നടപടി

179 (2364) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കടലുണ്ടിപ്പുഴയിലെ നാമ്പ്രാണി ചെക്ക് ഡാം പുനർ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി,ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) മലപ്പുറം നഗരസഭയിലേയും കോഡൂർ പഞ്ചായത്തിലേയും കുടിവെള്ള പദ്ധതികൾക്ക് ഉപകാരമാകുന്ന തരത്തിൽ നാമ്പ്രാണി ചെക്ക്ഡാം പുനർനിർമ്മിക്കുവാൻ സത്വരനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) മലപ്പുറം ജില്ലയിൽ മലപ്പുറം ശുദ്ധജല വിതരണ പദ്ധതിയുടെ സമീപത്തായി നാമ്പ്രാണിയിൽ നിലവിൽ 25 വർഷപഴക്കമുള്ള ഒരു വിയർ ഉണ്ട്. മണലെടുപ്പുമൂലം ഈ വിയറിന്റെ അടിഭാഗത്തിലൂടെ ചെറിയ ചോർച്ച ഉണ്ടെന്ന നിഗമനത്തിൽ ഇത് കുറയ്ക്കാനായി ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ വേനൽക്കാലത്ത് ഈ പ്രവൃത്തി നടപ്പാക്കണമെങ്കിൽ മുഴവൻ വെള്ളവും തുറന്നുവിടേണ്ട അവസ്ഥയുണ്ടാകും. ഇത് മലപ്പുറം മുനിസിപ്പാലിറ്റിയിലെ കുടിവെള്ള പദ്ധതിയെ സാരമായി ബാധിക്കും. മാത്രമല്ല. ഈ വിയറിൽ മെയ് 15 വരെ സാധാരണയായി വെള്ളം ഉണ്ടാകാറുണ്ട്. എസ്റ്റിമേറ്റിൻമേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

## കായലുകളിൽനിന്നും ഉപ്പുവെള്ളം ജനവാസ കേന്ദ്രങ്ങളിലേക്ക് കയറുന്നത് തടയാൻ നടപടി

180 (2365) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമകൊച്ചിയിലെ തൃപ്പൂണിത്തുറ, കൊച്ചി നിയോജക മണ്ഡലങ്ങളിൽപെട്ട ഇടക്കൊച്ചി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ കായലുകളിൽ നിന്നും ഉപ്പുവെള്ളം ജനവാസകേന്ദ്രങ്ങളിലേക്ക് കയറുന്നത് തടയാൻ ആവശ്യമായ സ്ഥലങ്ങളിൽ തടയണകളും ബണ്ടുകളും നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നതും കിണർവെള്ളംപോലും ഉപയോഗശൂന്യമാകുന്നതും കണക്കിലെടുത്ത് സ്വീകരിക്കാവുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) എല്ലാവർഷവും ഡിസംബർ ആദ്യവാരത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ താൽക്കാലിക ബണ്ടുകൾ നിർമ്മിക്കാറുണ്ട്.

(ബി) സ്ഥിരമായ ബണ്ടുകളും താൽക്കാലിക ബണ്ടുകളും സ്ഥാപിച്ച് ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നതും കിണർവെള്ളം ഉപയോഗശൂന്യമാകുന്നതും ഒരു പരിധിവരെ നിയന്ത്രിക്കുവാൻ കഴിയും

**പയ്യന്നൂർ മണ്ഡലത്തിലെ പുളിഞ്ഞോം വളവനാട്ട് കടവ് തടയണ**

181(2366) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ മേജർ ഇറിഗേഷൻ വകുപ്പിനുകീഴിൽ വരുന്ന കോഗിച്ചാൽ വിയർ- കം- ബ്രിഡ്ജ്, പുളിഞ്ഞോം വളവനാട്ട് കടവ് തടയണ എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

പ്രസ്തുത പ്രവൃത്തികളുടെ പര്യവേക്ഷണം നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**കുളത്തൂർ പഞ്ചായത്തിലെ വലിയതോട് ബണ്ട്**

182 (2367) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ പഞ്ചായത്തിലെ മുടിപ്പുരയ്ക്ക് സമീപം വലിയതോട് ബണ്ട് തകർന്ന് അപകടാവസ്ഥയിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മഴക്കാലത്ത് ഈ തോട്ടിൽ എത്തുന്ന വെള്ളം സമീപപ്രദേശത്തെ എത്ര വീടുകൾക്ക് നാശം ഉണ്ടാക്കുമെന്ന് സാധ്യതാപഠനം നടത്തിയിട്ടുണ്ടോ;

(ബി) പൊതുജനങ്ങൾക്ക് കൃഷിക്കും വീടുകൾക്കും ഉണ്ടാകാനുള്ള അപകട സാധ്യത മനസ്സിലാക്കി വലിയതോടിന്റെ പാർശ്വഭിത്തി കെട്ടുന്നതിന് മൈനർ

ഇറിഗേഷൻ പാറശ്ശാല ഓഫീസ് എടുത്ത എസ്റ്റിമേറ്റ് അനുസരിച്ച് നടപടി വൈകാൻ കാരണം വ്യക്തമാക്കാമോ;

(സി) വലിയതോടിന്റെ പാർശ്വഭിത്തികെട്ടി വെള്ളപ്പൊക്കഭീഷണി ഒഴിവാക്കാൻവേണ്ടി മൈനർ ഇറിഗേഷൻ വിഭാഗം എന്തൊക്കെ നടപടി സ്വീകരിക്കുന്നു എന്ന് വ്യക്തമാക്കാമോ? ഇതിനു വരുന്ന അടങ്കൽ തുക എത്ര ആണ് ; 2018 മാർച്ച് 31 ന് മുൻപ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ മുടിപ്പുരയ്ക്ക് സമീപം വലിയതോട് ബണ്ട് തകർന്നതുമായി ബന്ധപ്പെട്ട് സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം സൂപ്രണ്ടിംഗ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇപ്പോൾ ലഭ്യമായിരിക്കുന്ന എസ്റ്റിമേറ്റിൽ ബണ്ട് നിർമ്മാണം ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ സാധ്യതാ പഠന റിപ്പോർട്ട് അനുസരിച്ച് വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്.

(സി) വലിയതോട് ബണ്ട് പുനഃസ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠന റിപ്പോർട്ടും വിശദമായ എസ്റ്റിമേറ്റും ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

**വേങ്ങര ഗ്രാമപഞ്ചായത്തിൽ വി.സി.ബി.-കം-ട്രാക്ടർ പാതയുടെ ഫയൽ**

183 (2368) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര ഗ്രാമപഞ്ചായത്തിലെ വലിയോറ വലിയതോട്ടിൽ ആലുങ്ങൽ കടവിൽ വി. സി. ബി.-കം-ട്രാക്ടർ പാത നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് മൈനർ ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ ഓഫീസിലുള്ള ഫയലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ&ബി) വേങ്ങര ഗ്രാമപഞ്ചായത്തിലെ വി.സി.ബി.-കം- ട്രാക്ടർ പാതയുടെ നിർമ്മാണം സംബന്ധിച്ച് ലഭിച്ച എസ്റ്റിമേറ്റ് കോഴിക്കോട് മൈനർ ഇറിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ പരിശോധിച്ചുവരുന്നു. ആവശ്യമായ രേഖകൾ

സഹിതം സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അനന്തര നടപടി സ്വീകരിക്കുന്നതാണ്.

**കൊട്ടാരക്കര മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ**

184 (2369) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ മേജർ/മൈനർ ഇറിഗേഷൻ വിഭാഗങ്ങളിൽ നിന്നും ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികളുടെ അടങ്കൽ തുകകളും നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിവരം അനുബന്ധമായി* ചേർക്കുന്നു.

**പൂരക്കടവിൽ വിയർ കം ട്രാക്ടർ വേ നിർമ്മാണം**

185 (2370) ശ്രീ. റ്റി . വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡിന്റെ ആർ.ഐ.ഡി.എഫ് 23-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ പൂരക്കടവിൽ ഏരിയം പുഴയ്ക്ക് കുറുകെ വിയർ കം ട്രാക്ടർ വേ നിർമ്മിക്കുന്നതിന് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

നബാർഡിന്റെ ആർ.ഐ.ഡി.എഫ്. 23-ൽ ഉൾപ്പെടുത്തി (സ.ഉ. (സാധാ) നമ്പർ 7/2018/WRD തീയതി 3-1-2018 പ്രകാരം 3.81 കോടി രൂപയുടെ) ഭരണാനുമതി നൽകിയ കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമ പഞ്ചായത്തിലെ പൂരക്കടവിൽ ഏരിയം പുഴയ്ക്ക് കുറുകെ വിയർ കം ട്രാക്ടർ വേ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് മുന്നോടിയായി ഈ നടപടി പൂർത്തീകരിക്കേണ്ടതുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജലസേചന വകുപ്പിലെ അധികമുള്ള ജീവനക്കാരെ പുനരധിവസിപ്പിക്കാൻ നടപടി

186 (2371) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന പദ്ധതികളുടെ പൂർത്തീകരണത്തിന്റെ ഭാഗമായി നിർത്തലാക്കിയ ഓഫീസുകൾ എത്ര;

(ബി) ഇനിയും നിർത്തലാക്കാൻ ശിപാർശ ചെയ്യപ്പെട്ട ഓഫീസുകൾ എത്ര; ഏതെല്ലാം; വിശദമാക്കുമോ;

(സി) ജലസേചന വകുപ്പിലെ അധികമുള്ള ജീവനക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ജലസേചന പദ്ധതികളുടെ പൂർത്തീകരണത്തിന്റെ ഭാഗമായി 396 ഓഫീസുകളും ഭാഗികമായി പൂർത്തീകരിച്ച പദ്ധതികളുടെ ഭാഗമായി 56 ഓഫീസുകളും നിർത്തലാക്കിയിട്ടുണ്ട്.

| | |
|---|---|
| ചീഫ് ഓഫീസ് | 1 |
| സർക്കിൾ ഓഫീസ് | 3 |
| ഡിവിഷൻ ഓഫീസ് | 29 |
| സബ് ഡിവിഷൻ ഓഫീസ് | 99 |
| സെക്ഷൻ ഓഫീസുകൾ | 320 |
| ആകെ | 452 |

(ബി) ഇനിയും നിർത്തലാക്കാൻ ശിപാർശ ചെയ്യപ്പെട്ട ഓഫീസുകളില്ല.

(സി) ജലസേചന വകുപ്പിൽ അധികം ജീവനക്കാർ നിലവിലില്ല.

## മലമ്പുഴ ഡാമിലെ എച്ച്. ആർ. തൊഴിലാളികൾ

187 (2372) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിനു കീഴിൽ മലമ്പുഴ ഡാമിൽ ഉദ്യാന പാലകരായി എച്ച്.ആർ (Hand Receipt)തസ്തികയിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ത്രീ തൊഴിലാളികളുടെ എണ്ണമനുസരിച്ച് ആനുപാതികമായി അവർക്ക് തൊഴിൽ ദിനങ്ങൾ നൽകുവാനും 1-4-2016 മുതൽ വർദ്ധിപ്പിച്ച മിനിമം വേതനം 600 രൂപ വിതരണം ചെയ്യുവാനും സത്വര നടപടി സ്വീകരിക്കുമോ;

(സി) പത്ത് വർഷത്തിലധികമായി ജോലി ചെയ്തുവരുന്ന എച്ച്. ആർ തൊഴിലാളികളെ സി. എൽ. ആർ (Casual Labour Receipt) ആക്കണമെന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ മലമ്പുഴ ഡാമിൽ ഇരുപത് വർഷത്തോളമായി ജോലി ചെയ്തുവരുന്ന എച്ച്. ആർ തൊഴിലാളികളെ സി.എൽ.ആർ ആക്കിമാറ്റി നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ത്രീ തൊഴിലാളികളുടെ എണ്ണമനുസരിച്ചും ജോലിയുടെ ആവശ്യകതയ്ക്കനുസരിച്ചും തൊഴിൽദിനങ്ങൾ നൽകിവരുന്നു. 26-2-2016-ലെ ജി.ഒ.(പി)നമ്പർ 28/2016/ഫിൻ പ്രകാരം 1-4-2016 മുതൽ വർദ്ധിപ്പിച്ച വേതനം വിതരണം ചെയ്തുവരുന്നുണ്ട്.

(സി) പത്ത് വർഷത്തിലധികമായി ജോലി ചെയ്തുവരുന്ന എച്ച്.ആർ. തൊഴിലാളികളെ സി.എൽ.ആർ. (casual Labour Rececipt) ആക്കണമെന്ന് ഉത്തരവ് നിലവിലില്ല.

**വാമനപുരം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

188 (2373) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ 2017-18 വർഷം മേജർ/മൈനർ ഇറിഗേഷൻ വകുപ്പുകൾ മുഖേന ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികൾക്ക് അനുവദിച്ച തുക, നിലവിലെ പ്രവർത്തന പുരോഗതി എന്നിവ വിശദമാക്കാമോ?

ഉത്തരം

(എ) ജി.ഒ.(ആർ. റ്റി.) നമ്പർ 974/2017/ജവിവ തീയതി 1-12-2017 പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിൽ ആനാട് പഞ്ചായത്തിലെ

കൊട്ടപ്പാച്ചിറയുടെ ശുചീകരണത്തിനായി ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ടി പ്രവൃത്തിക്ക് 1,70,000 രൂപ അനുവദിച്ചു. ടി പ്രവൃത്തി രണ്ടുപ്രാവശ്യം ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാരിൽനിന്നും പ്രതികരണമൊന്നും ലഭിക്കാത്തതിനാൽ വീണ്ടും ടെണ്ടർ ചെയ്തിരുന്നു.

**കായംകുളം മണ്ഡലത്തിൽനിന്നും ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾ**

189 (2374) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായംകുളം മണ്ഡലത്തിൽ നിന്നും മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പുകൾവഴി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഇതിന്റെ നിലവിലുള്ള പുരോഗതി എന്തെന്നും വിശദമാക്കാമോ?

ഉത്തരം

മാർക്കറ്റ് ബ്രിഡ്ജിനുസമീപം കരിപ്പുഴ തോടിന്റെ സംരക്ഷണത്തിനായി 28 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ എന്നീ വിഭാഗങ്ങളിൽനിന്നും സാമ്പത്തികാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

**ഒറ്റപ്പാലം കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന്റെ ഭൂമി കൈമാറ്റം**

190 (2375) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ കടമ്പഴിപ്പുറത്ത് 33KV സബ്സ്റ്റേഷന്റെ കെട്ടിടം നിർമ്മിക്കുന്നതിനായി കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന്റെ ബ്ലോക്ക് നമ്പർ 77 ലെ IP 229 -ാം സർവ്വേ നമ്പരിലുള്ള 18 സെന്റ് ഭൂമി കൈമാറുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചത് എന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ പരിഗണിച്ച് സ്ഥലം കൈമാറുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പ്രൊപ്പോസലിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്. 23-6-2015-ൽ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം റവന്യൂ വകുപ്പ് പരിശോധിച്ചുവരുന്നു.

**<u>പോത്തുണ്ടിയിൽ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം</u>**

191 (2376) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ ഗവ. ഐ.ടി.ഐ യ്ക്ക് കെട്ടിടം പണിയുന്നതിനും മറ്റുമായി പോത്തുണ്ടിയിൽ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള രണ്ടര ഏക്കർ സ്ഥലം എന്നാണ് അനുവദിച്ച് നൽകിയതെന്ന് വിശദമാക്കുമോ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്ഥലം തൊഴിൽ വകുപ്പിന് കൈമാറിക്കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കൈമാറികൊടുക്കാൻ ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) സ്ഥലം കൈമാറിക്കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പിൽ എന്തെല്ലാം നടപടികളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്നും നിലവിൽ ഇതു സംബന്ധിച്ച ഫയലിന്റെ പുരോഗതി എന്താണെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 16-10-2014-ലെ ജലവിഭവ വകുപ്പിന്റെ 4647/ഐആർI/14/ജവിവ കത്തുപ്രകാരം ജലവിഭവ വകുപ്പിന്റെ സമ്മതം ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം-I-നെ അറിയിച്ചിട്ടുണ്ട്.

(ബി) കൈമാറിയിട്ടില്ല. കൈമാറുന്നതിനുവേണ്ടിയുള്ള നടപടികൾ ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു.

(സി) പോത്തുണ്ടി ഡാമിനോടുചേർന്നുള്ള ക്യാമ്പ് ഏരിയയിൽ സ്വകാര്യ വ്യക്തികൾ ഭൂമി കയ്യേറിയതായി സംശയിക്കുന്നതിനാലും ആദിവാസികൾക്ക് ഭൂമി പതിച്ചുനൽകേണ്ട ഒരു പദ്ധതി ഉള്ളതിനാലും, ടി സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിനുവേണ്ടി തഹസിൽദാർ. താലൂക്ക് ഓഫീസ് ചിറ്റൂരിന് കത്തെഴുതിയതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ റവന്യൂ ഡിവിഷണൽ ഓഫീസറുടെ പരിഗണനയിലാണ്.

## ഭൂഗർഭ ജലസംരക്ഷണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

192 (2377) ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. കെ. വി.അബ്ദുൾ ഖാദർ:
ശ്രീ. എം. സ്വരാജ്:
ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലം സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) വൻകിട ഫ്ലാറ്റുകളും ഹോട്ടലുകളും മറ്റുസ്ഥാപനങ്ങളും ഭൂഗർഭജലം അമിതമായി ഉപയോഗിക്കുന്നത് കണ്ടെത്തുന്നതിനും അത് തടയുന്നതിനും എന്തെല്ലാം കർശന നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ കുഴൽക്കിണറുകൾ കുഴിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്ന കുഴൽക്കിണറുകൾ പുനരുദ്ധരിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭൂഗർഭജലം സംരക്ഷിക്കുന്നതിന് ഭൂജലവകുപ്പ് "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതി" സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. 2017-18 സാമ്പത്തികവർഷം 119 -ഓളം തുറന്ന കിണർ വഴിയുള്ള കൃത്രിമ ഭൂജലവകുപ്പ് സംപോഷണ പ്രവൃത്തികൾക്കായി വിവിധ ജില്ലകൾക്കും നാല് കുഴൽക്കിണർ റീചാർജ് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഇടുക്കി ജില്ലയ്ക്കും ഭൂജലസാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മുപ്പത്തഞ്ചോളം തുറന്ന കിണർ വഴിയുള്ള ഭൂജല സംപോഷണ പ്രവൃത്തികളും 18 പുനരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തികവർഷം തുറന്ന കിണർ ബോർവെൽ റീ ചാർജ് അടിയണകളുടെ നിർമ്മാണം അടക്കമുള്ള സമഗ്ര കൃത്രിമ ഭൂജല സംപോഷണ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. പാലക്കാട് ജില്ലയിലെ അമിത ചൂഷിത വിഭാഗത്തിൽപ്പെട്ട ചിറ്റൂർ ബ്ലോക്കിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ പ്ലാച്ചിമട പ്രദേശത്ത് കുഴൽക്കിണറുകൾ കൃത്രിമമായി പരിപോഷണം നടത്തുന്നതിന് വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ വിശദമായ

പഠനം നടത്തി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. പാലക്കാട്, ഇടുക്കി മുതലയായ ജില്ലകളിൽ 40 മീറ്റർ ആഴം മുതൽ 70 മീറ്റർ ആഴം വരെയുള്ള ഭാഗത്ത് ലഭ്യമായിരുന്ന ഭൂജല നിരപ്പ് കുറഞ്ഞുവരുന്ന സാഹചര്യവും ചില സ്ഥലങ്ങളിൽ ജലം പൂർണ്ണമായി വറ്റിപ്പോവുകയും ചെയ്ത സാഹചര്യത്തിൽ അത് പരിഹരിക്കുന്നതിനുവേണ്ടി വിശദമായ ഹൈഡ്രോ ജിയോളജിക്കൽ, ജിയോഫിസിക്കൽ, സ്ലഗ് ടെസ്റ്റ് പരിശോധനകൾക്കുശേഷം ബോർവെൽ റീ ചാർജ് പദ്ധതി വിപുലമായ രീതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്കിലെ (സെമിക്രിട്ടിക്കൽ വിഭാഗം) 50 സ്കൂളുകളിൽ തുറന്ന കിണർ വഴിയുള്ള കൃത്രിമ ഭൂജല പരിപോഷണ പദ്ധതി നടപ്പിലാക്കുവാനും വകുപ്പ് ലക്ഷ്യമിടുന്നു.

(ബി) ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല അവലോകന സമിതികൾ പരിശോധിച്ച് അനുയോജ്യമായ അപേക്ഷകളിൽ നിരാക്ഷേപപത്രം നൽകിവരുന്നു. ഇത്തരം സ്ഥാപനങ്ങൾ ഭൂഗർഭജലം അമിതമായി ഉപയോഗിക്കുന്നുവെന്ന പരാതികൾ ലഭിച്ചാൽ വകുപ്പിലെ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കുഴൽക്കിണർ നിർമ്മാണത്തിന്റെ നോഡൽ ഏജൻസിയായി ഭൂജല വകുപ്പ് പ്രവർത്തിക്കുന്നു. വകുപ്പിന് ലഭിക്കുന്ന അപേക്ഷകളിൽ ഭൂജല സർവ്വേ നടത്തി കുഴൽക്കിണർ നിർമ്മാണം വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്നു. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. കേരള കെട്ടിട നിർമ്മാണ ചട്ടം ചാപ്റ്റർ 14,91&93 (എ) എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്ത് കുഴൽകിണറുകൾ/ ബോർവെല്ലുകൾ നിർമ്മിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിറ്റും ഭൂജല വകുപ്പിന്റെ ക്ലിയറൻസും 10-1-2014 മുതൽ നിർബന്ധമാണ്.

(ഡി) ഭൂജല വകുപ്പ് 2017-ലെ വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 5389 കുഴൽക്കിണർ കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 347 കുഴൽ കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ വരൾച്ചയെ പ്രതിരോധിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി നവീകരണം ആവശ്യമായ കുഴൽ കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെയും ലിസ്റ്റ് തയ്യാറാക്കുന്നതിന് ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഡാമുകളിൽ നിന്നുള്ള മണൽ വിൽപ്പനയിലൂടെ ലഭിച്ച തുക

193 (T*2378) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011 കാലഘട്ടത്തിൽ ഡാമുകളിൽനിന്നും മണൽ സംഭരിച്ച് വിൽപ്പന നടത്തിയ വകയിൽ എന്ത് തുക ലഭിച്ചു; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2009-2011 കാലയളവിൽ ഡാമുകളിൽനിന്നും മണൽവാരുന്ന പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിരുന്നു. ഈ കാലഘട്ടത്തിൽ ശേഖരിച്ചുവച്ചിരുന്ന മണലിൽ നിന്നും ഹൈക്കോടതി ഉത്തരവ് അനുസരിച്ച് ചുള്ളിയാർ ഡാമിൽനിന്നും കഴിഞ്ഞവർഷം മണൽ വിതരണം ചെയ്തതിന്റെ വരുമാനം ലഭിച്ചിട്ടുണ്ട്.

വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

## ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതി

194 (2379) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജലസംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് വിശദാംശം നൽകുമോ;

(ബി) ഭൂജല ഉപയോഗം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനും നിലവിലുള്ള വ്യവസ്ഥകൾ വിശദമാക്കാമോ;

(സി) വ്യവസായ മേഖലയ്ക്ക് യഥേഷ്ടം ഭൂജലം ഉപയോഗിക്കുന്നത് സംബന്ധിച്ച് നിയമനിർമ്മാണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഭൂഗർഭ ജലം സംരക്ഷിക്കുന്നതിന് ഭൂജല വകുപ്പ് "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതി" സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. 2017-18 സാമ്പത്തികവർഷം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 157 ലക്ഷം രൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് 119-ാളം

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തുറന്ന കിണർ വഴിയുള്ള കൃത്രിമ ഭൂജല സംപോഷണ പ്രവൃത്തികൾക്കായി വിവിധ ജില്ലകൾക്കും നാല് കുഴൽക്കിണർ റീചാർജ് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഇടുക്കി ജില്ലയ്ക്കും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മുപ്പത്തഞ്ചോളം തുറന്ന കിണർ വഴിയുള്ള ഭൂജല സംപോഷണ പ്രവൃത്തികളും 18 പുനരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ ജില്ലയിൽ പുരോഗമിച്ചുവരുന്നു.

(ബി) സംസ്ഥാനത്തിന്റെ ചില പ്രദേശങ്ങളിൽ ഭൂജലശേഷി പരിഗണിക്കാതെ ഭൂജലം ചൂഷണം ചെയ്യുന്ന പ്രവണത തുടരുന്നതിനാലും ക്രമരഹിതമായി നടത്തുന്ന ഭൂജല ചൂഷണം അങ്ങനെയുള്ള പ്രദേശങ്ങളിൽ അനഭിലക്ഷണീയമായ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് ബോധ്യമായിരിക്കുന്നതിനാലും ഭൂജലം സംസ്ഥാനത്തിന്റെ ഒരു നിർണ്ണായക വിഭവമായിരിക്കുന്നതിനാലും പൊതുതാല്പര്യം മുൻനിർത്തിയാണ് 2002-ലെ ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് സംസ്ഥാനത്ത് സർക്കാർ നടപ്പിലാക്കിവരുന്നത്. ഈ ആക്ടിൻപ്രകാരം അമിത ഭൂജല ചൂഷണം നടക്കുന്ന പ്രദേശങ്ങൾ വിജ്ഞാപനം ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ (തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്) ഭൂജല ഉപയോഗത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ കുഴൽക്കിണർ നിർമ്മാണത്തിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ബാധകമാക്കിയിട്ടുണ്ട്.

ഇതു കൂടാതെ വ്യാവസായിക ആവശ്യത്തിനും കുടിവെള്ള കമ്പനികൾക്കും ഭൂജലം ഉപയോഗിക്കുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ എൻ.ഒ.സി. ബാധകമാക്കിയിട്ടുണ്ട്. ഇതിനുപുറമെ അമിത ഭൂജല ഉപയോഗം സംബന്ധിച്ച പരാതികൾ ലഭിക്കുന്നമുറയ്ക്ക് ആവശ്യമായ ശാസ്ത്രീയ പഠനങ്ങൾ നടത്തി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. കൂടാതെ അമിതമായ ഭൂജല ഉപഭോഗം നിയന്ത്രിക്കുന്നതിന്, സ്വകാര്യ കുഴൽക്കിണർ നിർമ്മിക്കുന്ന ഏജൻസി/സ്ഥാപനം, റിഗ്ഗുകൾ എന്നിവയ്ക്ക് ഭൂജല അതോറിറ്റിയുടെ കീഴിൽ രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ചെറുകിട വ്യവസായിക സംരംഭകരെ ഉദ്ദേശിച്ചുകൊണ്ട് പുറപ്പെടുവിച്ചിരിക്കുന്ന കേരള ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസിലെ വിഷയങ്ങളിൽ ഒന്നായ ഭൂജലം ഉപയോഗവുമായി ബന്ധപ്പെട്ട് കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002-ൽ ഭേദഗതി ചെയ്തിട്ടുണ്ട്.

## കുഴൽക്കിണർ നിർമ്മാണത്തിന് നിയന്ത്രണം

195 (2380) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽ കിണർ നിർമ്മാണത്തിന് നിലവിൽ സർക്കാർ അനുമതി നൽകുന്നുണ്ടോ; എങ്കിൽ ആയതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങളുടെ വിശദാംശം നൽകുമോ;

(ബി) ഭൂജല വകുപ്പ് മുഖേന അല്ലാതെ പ്രൈവറ്റ് ഏജൻസികൾക്ക് കുഴൽ കിണർ നിർമ്മിക്കുന്നതിന് സർക്കാർ ലൈസൻസ് നൽകുന്നുണ്ടോ; ഇപ്രകാരം എത്ര പ്രൈവറ്റ് ലൈസൻസികൾ സംസ്ഥാനത്ത് കുഴൽക്കിണറുകൾ നിർമ്മിക്കുന്നുണ്ട്; വിശദവിവരം നൽകുമോ;

(സി) കുഴൽക്കിണർ നിർമ്മാണത്തിന് നിയന്ത്രണം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കുഴൽക്കിണർ നിർമ്മാണത്തിന്റെ നോഡൽ ഏജൻസിയായി ഭൂജല വകുപ്പ് പ്രവർത്തിക്കുന്നു. വകുപ്പിന് ലഭിക്കുന്ന അപേക്ഷകളിൽ ഭൂജല സർവ്വേ നടത്തി കുഴൽക്കിണർ നിർമ്മാണം വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്നു. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. കേരള കെട്ടിട നിർമ്മാണ ചട്ടം ചാപ്റ്റർ (14),91&93(എ) എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്ത് കുഴൽക്കിണറുകൾ/ ബോർവെല്ലുകൾ നിർമ്മിക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിറ്റും ഭൂജലവകുപ്പിന്റെ ക്ലിയറൻസും 10-1-2014 മുതൽ നിർബന്ധമാണ്.

(ബി) സംസ്ഥാനത്ത് ഭൂജലവകുപ്പ് മുഖേന അല്ലാതെ പ്രൈവറ്റ് ഏജൻസികൾക്ക് കുഴൽക്കിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റി രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 190 സ്വകാര്യ കുഴൽക്കിണർ ഏജൻസികൾ പ്രവർത്തിക്കുന്നു. ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മാണത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വയനാട് ജില്ലയിൽ വരൾച്ചയുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം 2018 മെയ് 31 വരെ സ്വകാര്യ ഏജൻസികൾ വഴിയുള്ള കുഴൽക്കിണർ നിർമ്മാണം നിർത്തിവച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്ലാച്ചിമട സ്പെഷ്യൽ ട്രൈബ്യൂണൽ ബിൽ

196 (2381) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭ പാസ്സാക്കിയ പ്ലാച്ചിമട സ്പെഷ്യൽ ട്രൈബ്യൂണൽ ബില്ലിന് രാഷ്ട്രപതി അനുമതി നിഷേധിച്ചതിന് കാരണം എന്താണെന്ന് അറിയിക്കുമോ;

(ബി) രാഷ്ട്രപതി അനുമതി നിഷേധിച്ച സാഹചര്യത്തിൽ പ്ലാച്ചിമട കൊക്കോകോള കമ്പനിയുടെ ജലചൂഷണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം നേടിക്കൊടുക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുവാനാണ് ആലോചിക്കുന്നത്;

(സി) ഇക്കാര്യത്തിനായി ഒരു പുതിയ നിയമനിർമ്മാണം കൊണ്ടുവരുന്നതിന് ആലോചനയുണ്ടോ; ഇക്കാര്യത്തിലുള്ള നിയമ വകുപ്പിന്റെ ഉപദേശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ&ബി) 2010-ലെ ദേശീയ ഹരിത ട്രൈബ്യൂണൽ ആക്ടിൽ വിഭാവനം ചെയ്തിട്ടുള്ള നിയമവുമായി 'The Plachimada Coca-Cola Victims Relief and Compensation Claims Special Tribunal Bill, 2011'-ലെ വ്യവസ്ഥകൾ പൊരുത്തപ്പെടുന്നില്ലെന്നും മറ്റും ചൂണ്ടിക്കാട്ടി ബിൽ പിൻവലിക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിക്കുകയും തുടർന്ന് ബിൽ മടക്കി അയയ്ക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ തിരികെ അയച്ചതിലെ ന്യൂനതകൾ ചൂണ്ടിക്കാട്ടി പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി വീണ്ടും അയയ്ക്കുകയുണ്ടായി. എന്നാൽ ബില്ലിൽ "I withhold assent from this Bill" എന്ന് രേഖപ്പെടുത്തി ബഹുമാനപ്പെട്ട രാഷ്ട്രപതി പ്രസ്തുത ബിൽ തിരികെ അയയ്ക്കുകയായിരുന്നു. പ്രസ്തുത സാഹചര്യത്തിൽ പ്ലാച്ചിമടയിൽ നാശനഷ്ടങ്ങൾക്കിരയായവർക്ക് എപ്രകാരം നഷ്ടപരിഹാരം ലഭ്യമാക്കാൻ കഴിയുമെന്നതിന്റെ നിയമവശങ്ങൾ സർക്കാർ അഡ്വക്കേറ്റ് ജനറലുമായി ചേർന്ന് വിശദമായി പരിശോധിച്ചുവരികയാണ്.

(സി) പ്ലാച്ചിമട സ്പെഷ്യൽ ട്രൈബ്യൂണൽ ബില്ലിലെ വിഷയം ഭരണഘടനയുടെ 253-ാം അനുച്ഛേദപ്രകാരം പാർലമെന്റ് പാസ്സാക്കിയ 2010-ലെ ഗ്രീൻ ട്രൈബ്യൂണൽ ആക്ടിന്റെ പരിധിയിൽ വരുന്നതിനാൽ കേരള സംസ്ഥാന നിയമസഭയ്ക്ക് ഈ ബിൽ പുനരവതരിപ്പിക്കാൻ കഴിയില്ല എന്നാണ് നിയമോപദേശം ലഭിച്ചിട്ടുള്ളത്. പുതിയ നിയമനിർമ്മാണത്തിന്റെ സാധ്യത പരിശോധിച്ചുവരുന്നു.

## ഒറ്റപ്പാലം മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം

197 (2382) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങൾ നവീകരിക്കുന്നതിനാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫണ്ട് അനുവദിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ 15-ാം വാർഡിലെ കുന്നക്കാട് കുറുവണ്ടക്കുളം നവീകരണത്തിനായിട്ടുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പ്രൊപ്പോസൽ പ്രകാരമുള്ള ഫണ്ട് അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) കുന്നക്കാട് കുറുവണ്ടം കുളത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ ഈ സാമ്പത്തികവർഷംതന്നെ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ നിലവിലുള്ള നാല് കുളങ്ങളുടെ പുനരുജ്ജീവനത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | തച്ചനാട്ടുകര പഞ്ചായത്തിലെ കുറുമാലി ക്ഷേത്രക്കുളം പുനരുജ്ജീവനം - | 1.885 ലക്ഷം |
| 2 | കരിമ്പുഴ പഞ്ചായത്തിലെ പുളുർകുളം പുനരുജ്ജിവനം- | 1.305 ലക്ഷം |
| 3 | കടമ്പഴിപ്പുറം പഞ്ചായത്തിലെ ചേമ്പൻകുളം ക്ഷേത്രക്കുളം പുനരുജ്ജീവനം- | 1.015 ലക്ഷം |
| 4 | ലക്കിടി പേരൂർ പഞ്ചായത്തിലെ ചണ്ടിക്കുളം പുനരുജ്ജീവനം - | 0.58 ലക്ഷം |

(ബി) കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ 15-ാം വാർഡിലെ കുന്നക്കാട് കുറുവണ്ടക്കുളം നവീകരണത്തിനായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല.

(സി) കുന്നക്കാട് കുറുവണ്ടക്കുളത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ആവശ്യകത പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി**

198 (2383) <u>ശ്രീ. എ. പ്രദീപ്കുമാർ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം ഇപ്പോൾ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കുഴൽക്കിണർ കുഴിച്ച് നൽകുന്നുണ്ടോ;

(ബി) ഈ പദ്ധതി നിലവിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലും എത്ര കുഴൽക്കിണർ കുഴിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി 2017-18 സാമ്പത്തിക വർഷം മുതൽ നിലവിലില്ല.

(ബി) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി നിലവിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലും നിർമ്മിച്ച കുഴൽക്കിണറുകളുടെ വർഷംതിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

**ജലസ്രോതസ്സുകൾ സംരക്ഷിക്കാനുള്ള നടപടികൾ**

199 (2384) <u>ശ്രീ. കെ. ദാസൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസ്രോതസുകൾ സംരക്ഷിക്കാനും ഉപയോഗ ശൂന്യമായവ വൃത്തിയാക്കി ഉപയോഗയോഗ്യമാക്കാനും കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നവീകരിച്ച് ഉപയോഗ യോഗ്യമാക്കിയ ജലസ്രോതസ്സുകളുടെ ജില്ലതിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(സി) നദികൾ, തോടുകൾ, കായലുകൾ എന്നിവയുടെ ശുദ്ധീകരണത്തിനായി നടപ്പിലാക്കിയതും ഉടൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കുവാനും ഉപയോഗ ശൂന്യമായവ വൃത്തിയാക്കുന്നതിനുമായി ഹരിത കേരളം, പ്ലാൻ സ്കീമുകൾ, സംസ്ഥാന ഫണ്ട് എന്നിവ ഉപയോഗിച്ച് പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. വിവിധ ജില്ലകളിലായി കുളങ്ങൾ നവീകരിക്കുന്നതിനായി ഭരണാനുമതി നൽകിയതിന്റെ വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു. പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നാമാവിശേഷമായിക്കൊണ്ടിരിക്കുന്ന ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും അവയുടെ വിനിയോഗം, പരിപാലനം, സംരക്ഷണം എന്നിവകളിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതുമായുള്ള പദ്ധതികളാണ് ഹരിത കേരളം മിഷൻ-ജലഉപമിഷൻ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്. ഹരിത കേരളം മിഷന്റെ ജല ഉപദൗത്യത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഒന്നാംനിര ചാലുകൾ മുതൽ പുനരുജ്ജീവിപ്പിക്കുന്നതിനായി ശാസ്ത്രീയമായ ഇടപെടലുകൾ തദ്ദേശഭരണ സ്ഥാപനതലത്തിൽ നടന്നുവരുന്നു. ചാലുകൾ പുനരുജ്ജീവിപ്പിക്കുന്നതിനായി ആവാസ പ്രദേശത്ത് ആവശ്യമായിവരുന്ന മണ്ണ്-ജല സംരക്ഷണ പ്രവൃത്തികളും ഇതോടൊപ്പം ഏറ്റെടുത്ത് ഇടപെടലുകളുടെ സുസ്ഥിരത ഉറപ്പാക്കുന്ന പ്രവർത്തനങ്ങളാണ് ഏറ്റെടുക്കുന്നത്. ഹരിത കേരളം മിഷന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും നേതൃത്വത്തിൽ ഇതിനകം 5493 കുളങ്ങൾ നവീകരിച്ചു. പുതിയതായി 3315 കുളങ്ങൾ നിർമ്മിച്ചു. 7024 കിലോമീറ്റർ നീളത്തിൽ തോടുകൾ പുനരുജ്ജീവിപ്പിക്കുകയും 1481 കിലോമീറ്റർ നീളത്തിൽ കനാലുകൾ വൃത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയുടെ ഭാഗമായി കുഴൽക്കിണർ കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും 2017-ലെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും കുഴൽക്കിണർ കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും നടപ്പാക്കിവരുന്നു. നവീകരണം ഇനിയും ആവശ്യമായി വരുന്ന ചെറുകിട കുടിവെള്ള പദ്ധതികളുടെയും കുഴൽക്കിണർ കൈപമ്പ് പദ്ധതികളുടെയും ലിസ്റ്റ് തയ്യാറാക്കുന്നതിന് ജില്ലാഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ജലനിധി പഞ്ചായത്തുകളിലെ പദ്ധതികളിൽ ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ point recharge, roof water well recharge, ചെറുകിട തടയണകൾ, (small checkdams), Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ്ചാൽ നിർമ്മാണം), Sub-surface dyke (ഭൂമിയുടെ അടിയിലുള്ള തടയണകൾ), VCB (Vented Cross Bar) മണ്ണുസംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിവരുന്നു. പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശുദ്ധീകരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിച്ചുവരികയാണ്. പാറാശ്ശാല പഞ്ചായത്തിൽ പരശ്ശുവയ്ക്കൽ വില്ലേജിൽ വണ്ടിച്ചിറ കുളത്തിന്റെയും അണ്ടൂർക്കോണം പഞ്ചായത്തിൽ ആനതാഴ്ചിറ കുളത്തിന്റെയും പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കൂടാതെ കാഞ്ഞിരംകുളം, തിരുപുറം, കരുകുളം പഞ്ചായത്തുകൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള കുമിളിയിലെ ജലശുദ്ധീകരണശാലയും പ്രകൃതിദത്ത ജലസ്രോതസ്സ് സംരക്ഷിക്കുന്നതിന്റെ ഭാഗമായി രണ്ടേക്കർ ഭൂമി ഏറ്റെടുക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നവീകരിച്ച് ഉപയോഗ്യമാക്കിയ ജലസ്രോതസ്സുകളുടെ ജില്ലതിരിച്ചുള്ള പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു. പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന വരട്ടാർ, പത്തനംതിട്ട ജില്ലയിലെ പള്ളിക്കലാർ, കോലറയാർ, കണ്ണൂർ ജില്ലയിലെ കാനാമ്പുഴ എന്നിവ പുനരുജ്ജീവിപ്പിച്ചു. കൂടാതെ തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം പഞ്ചായത്തിലെ ആനതാഴ്ചിറ കുളത്തിന്റെ പുനരുദ്ധാരണം, പാറശ്ശാല പഞ്ചായത്തിലെ പരശുവയ്ക്കൽ വില്ലേജിലെ വണ്ടിച്ചിറ കുളത്തിന്റെ പുനരുദ്ധാരണം എന്നിവ പൂർത്തീകരിച്ചു.

ഭൂജല വകുപ്പ് നവീകരിച്ച് ഉപയോഗ യോഗ്യമാക്കിയ ചെറുകിട കുടിവെള്ള പദ്ധതികളുടെയും അറ്റകുറ്റപ്പണികൾ നടത്തിയ കുഴൽക്കിണർ കൈപമ്പുകളുടെയും ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| ജില്ല | ചെറുകിട കുടിവെള്ള പദ്ധതിയുടെ നവീകരണം | കുഴൽക്കിണർ കൈപമ്പുകളുടെ അറ്റകുറ്റപ്പണികൾ |
|---|---|---|
| തിരുവനന്തപുരം | 37 | 1073 |
| കൊല്ലം | 21 | 340 |
| പത്തനംതിട്ട | 12 | 669 |
| ആലപ്പുഴ | 28 | 19 |
| കോട്ടയം | 66 | 1166 |
| ഇടുക്കി | 24 | 306 |
| എറണാകുളം | 0 | 179 |
| തൃശ്ശൂർ | 134 | 324 |
| പാലക്കാട് | 9 | 846 |
| മലപ്പുറം | 1 | 207 |
| കോഴിക്കോട് | 5 | 212 |
| വയനാട് | 3 | 92 |
| കണ്ണൂർ | 4 | 345 |
| കാസർഗോഡ് | 3 | 422 |
| ആകെ | 347 | 6200 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നദികൾ, തോടുകൾ, കായലുകൾ എന്നിവയുടെ സംരക്ഷണത്തിനായി വിവിധ പദ്ധതികളിൽപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് (പ്ലാൻ, നോൺ പ്ലാൻ സ്കീം) നിരവധി പ്രവൃത്തികൾ വിവിധ ജില്ലകളിലായി നടപ്പിലാക്കിവരുന്നുണ്ട്. പത്തനംതിട്ട ജില്ലയിലെ വരട്ടാർ, കോലറയാർ, കോഴിക്കോട് ജില്ലയിലെ കോരപ്പുഴ എന്നിവയുടെ പുനരുദ്ധാരണത്തിനായുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചപ്രകാരം റെഗുലേറ്ററുകളും തടയണകളും വഴി നദികളെത്തന്നെ ജലസംഭരണികളാക്കിമാറ്റുന്ന ഒരു സമീപനമാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്. ഓരുവെള്ളക്കയറ്റ നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ജലക്ഷാമവും കുടിവെള്ളക്ഷാമവും പരിഹരിക്കാനും ഉതകുന്നതരത്തിൽ നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ മുപ്പതോളം റെഗുലേറ്ററുകൾ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. റെഗുലേറ്റർ പണിയുന്നതിനായുള്ള ഇൻവെസ്റ്റിഗേഷനും ഡിസൈനും നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജലസേചന വകുപ്പിന്റെ SPV ആയ KIDC മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതുവഴി നദികളിലെ നീരൊഴുക്ക് സ്ഥാപിക്കുക, കാലവർഷസമയത്ത് ലഭിക്കുന്ന അധികജലം തടഞ്ഞുനിർത്തി സമീപപ്രദേശത്തെ ഭൂജലവിതാനം താഴാതെ നിലനിർത്തുക, കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാനാകും.

നദികൾ, തോടുകൾ, കായലുകൾ എന്നിവയുടെ ശുദ്ധീകരണത്തിനായി നടപ്പിലാക്കിയതും ഉടൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിത കേരളം സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പാക്കത്തക്കരീതിയിൽ നീർത്തട പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനം നടന്നുവരുന്നു.

**വാട്ടർ അതോറിറ്റിയുടെ നഷ്ടം പരിഹരിക്കുന്നതിന് ചെലവ് ചുരുക്കൽ**

200 (2385) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി നഷ്ടത്തിലാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ നഷ്ടം പരിഹരിക്കുന്നതിന് സാധാരണക്കാരൻെറ ചുമലിൽ ഭാരം അടിച്ചേൽപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നഷ്ടം പരിഹരിക്കുന്നതിന് ചെലവ് ചുരുക്കൽ പദ്ധതികൾ അതോറിറ്റിയിൽ നടപ്പിലാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാധാരണക്കാരന്റെ ചുമലിൽ ഭാരം അടിച്ചേൽപ്പിക്കാതെ നഷ്ടം പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളാണ് ആരാഞ്ഞുവരുന്നത്.

(സി) ചെലവ് ചുരുക്കുന്നതിനുള്ള ഉദ്ദേശത്തോടെ വൈദ്യുതിചാർജ് സബ്സിഡൈസ്ഡ് നിരക്കിൽ നൽകണമെന്ന് കെ.എസ്.ഇ.ബി.-യോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും നിരക്ക് കുറവ് അനുവദിച്ചിട്ടില്ല. മറ്റ് റവന്യൂചെലവുകൾ പരമാവധി കുറച്ച് പ്രവർത്തിക്കുവാൻ വാട്ടർ അതോറിറ്റി ശ്രമിച്ചുവരുന്നു.

**കൊല്ലം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

201 (2386) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജകമണ്ഡല പരിധിയിൽ 2017-18 സാമ്പത്തിക വർഷം കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ച പദ്ധതി -പദ്ധതിയേതര പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കൊല്ലം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കൊല്ലം കോർപ്പറേഷനുവേണ്ടി 2017-18 സാമ്പത്തിക വർഷം അമൃത് പദ്ധതിയിലുൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(1) കൊല്ലം കോർപ്പറേഷനിൽ പുതിയ വാട്ടർ കണക്ഷനുകൾ നൽകുന്ന പ്രവൃത്തിക്കായി 7.90 കോടി രൂപയുടെ ഭരണാനുമതിലഭിച്ചു. ടി പ്രവൃത്തി ടെണ്ടർ ക്ഷണിച്ചെങ്കിലും മതിയായ കരാറുകാർ പങ്കെടുക്കാത്തതിനാൽ 3-3-2018-ൽ

ടെണ്ടർ റദ്ദാക്കുകയുണ്ടായി. പുനർദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(2) കൊല്ലം നഗരത്തിനായുള്ള കുടിവെള്ള പദ്ധതി രണ്ടാംഘട്ടം - 78.35 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച ടി പ്രവൃത്തി അഞ്ച് പാക്കേജുകളായി വിഭജിക്കുകയും അതിൽ ഒരു പാക്കേജിന് ടെണ്ടർ ക്ഷണിക്കുകയും മൂന്ന് പാക്കേജുകൾക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ശേഷിക്കുന്ന ഒരു പാക്കേജിന്റെ ടെണ്ടർ ജലസേചന വകുപ്പിനെക്കൊണ്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## കുടിവെള്ള പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ശാസ്ത്രീയമായ മാർഗ്ഗങ്ങൾ

202 (2387) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പദ്ധതികൾക്കായി സ്ഥാപിക്കുന്ന കുടിവെള്ള പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ച് വരുന്നുവെന്ന് അറിയിക്കുമോ;

(ബി) പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും പൊട്ടലുകളും ചോർച്ചയും തടയുന്നതിനും ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കേരള വാട്ടർ അതോറിറ്റിയിൽ വിവിധ പദ്ധതികൾക്ക് ഉപയോഗിക്കുന്ന പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി 2013-ൽ ഒരു പൈപ്പ് പോളിസി നിലവിൽ വന്നിട്ടുണ്ട്. പൈപ്പ് പോളിസി പ്രകാരം എ.സി. (ആസ്ബസ്റ്റോസ് സിമന്റ്) പൈപ്പുകളുടെ ഉപയോഗം ഒഴിവാക്കുവാനും ജി.ഐ. (ഗാൽവനൈസ്ഡ് അയൺ) പൈപ്പുകളുടെ ഉപയോഗം അത്യാവശ്യ സ്ഥലങ്ങളിലേയ്ക്ക് മാത്രമായി പരിമിതപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ 100 ലക്ഷം രൂപയിൽ കൂടുതലുള്ള പ്രവൃത്തികൾക്ക് വാട്ടർ അതോറിറ്റിയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അതിന് മുകളിലോ ഉള്ള ഉദ്യോഗസ്ഥരുടെയോ സാന്നിധ്യത്തിൽ മൂന്നാമത് ഒരു ഏജൻസിയെക്കൊണ്ട് പൈപ്പ് ഫാക്ടറിയിൽ വച്ചുതന്നെ പൈപ്പിന്റെ ഗുണനിലവാരം

പരിശോധിപ്പിക്കുന്നുണ്ട്. 100 ലക്ഷത്തിൽ താഴെയുള്ള പൈപ്പുകളുടെ ഗുണനിലവാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ കുറയാത്ത യോഗ്യതയുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് പൈപ്പ് ഫാക്ടറിയിൽവച്ചുതന്നെ പൈപ്പിന്റെ ഗുണനിലവാരം പരിശോധിപ്പിക്കുന്നുണ്ട്. കൂടാതെ എല്ലാ പൈപ്പുകളും പ്രവൃത്തി സ്ഥലത്ത് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ പൈപ്പിന്റെ ഗുണനിലവാരം പറയുന്ന ഐ.എസ്. സ്പെസിഫിക്കേഷൻ പ്രകാരമാണോ എന്ന് പരിശോധിക്കുന്നതും അതിനുശേഷം പൈപ്പ് സ്ഥാപിച്ചുകഴിഞ്ഞ് വെള്ളം നിറച്ച് പ്രഷർ ടെസ്റ്റ് നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നതുമാണ്.

**ജലാശയങ്ങളെ മാലിന്യമുക്തമാക്കുന്നതിന് നടപടി**

203 (2388) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലാശയങ്ങളെ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ബി) ജലാശയങ്ങളുടെ സ്ഥിരമായ സംരക്ഷണം ഉറപ്പു വരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹായത്തോടെയുള്ള പദ്ധതികൾക്ക് രൂപം നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കുളങ്ങൾ വൃത്തിയാക്കുകയും മുൻകാലങ്ങളിൽ നിർമ്മിച്ചിട്ടുള്ള ജലസേചന നിർമ്മിതികൾ പുനരുദ്ധരിച്ച് ഉപയോഗയോഗ്യമാക്കി നീരൊഴുക്ക് സുഗമമാക്കുകയും ചെയ്യുന്ന പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നു. ഇതോടൊപ്പം നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കി മാലിന്യ ലഘൂകരണംകൂടി ലക്ഷ്യമിട്ട് തടയണ/റെഗുലേറ്റർ നിർമ്മാണവും ഏറ്റെടുത്തിട്ടുണ്ട്. ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെയുള്ള നിയമ നടപടി ശക്തമാക്കുന്നതിനായി കേരള ജലസേചനവും ജലസംരക്ഷണവും നിയമം, 2003 ഭേദഗതി വരുത്തി 2017-ലെ 27-ാം നമ്പർ ഓർഡിനൻസായി പുറപ്പെടുവിക്കുകയും 8-12-2017-ലെ 24395/ലെ ജി.എഫ്2/2007/ലോ നമ്പർ പ്രകാരം പ്രസ്തുത ഓർഡിനൻസ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജലനിയമം 1974 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു.

(ബി&സി) ജലസ്രോതസ്സുകളുടെ സ്ഥായിയായ സംരക്ഷണം ഉറപ്പാക്കുക എന്നത് ലക്ഷ്യമിട്ടുകൊണ്ട് നീർത്തടാടിസ്ഥാനത്തിൽ സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം ഹരിത കേരളം മിഷന്റെ ഉപമിഷനായ ജനസംരക്ഷണം/ജലസമൃദ്ധിയുടെ ഭാഗമായി ആരംഭിച്ചുകഴിഞ്ഞു. ഗ്രാമപഞ്ചായത്ത് തലത്തിൽ ഓരോ ചെറുനീർത്തടങ്ങളുടെയും വിശദമായ വിവര ശേഖരണം ജനപങ്കാളിത്തത്തോടെ നടത്തി, ക്രോഡീകരിച്ച് നീർത്തട പദ്ധതി തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ അവ ക്രോഡീകരിച്ച് ബ്ലോക്കുതല നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതുവഴി ജലാശയങ്ങളുടെ സ്ഥായിയായ സംരക്ഷണം ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ സാധിക്കും. റിഡ്ജ്-ടു-വാലി (നീർത്തടത്തിന്റെ മുകളിൽനിന്ന് താഴേക്ക്) സമീപനത്തോടുകൂടി തയ്യാറാക്കുന്ന മുൻഗണന അനുസരിച്ചാണ് പദ്ധതികൾ ഏറ്റെടുക്കുന്നത് എന്നതിനാൽ മഴയിൽനിന്ന് ലഭ്യമാകുന്ന ജലം പരമാവധി സംരക്ഷിക്കുന്നതിന് കഴിയും. ഇതിന്റെ ഫലമായി താഴെയുള്ള ഭൂപ്രദേശങ്ങളിൽ ജലലഭ്യത വർദ്ധിക്കുകയും ചെയ്യും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, കുടുംബശ്രീ അംഗങ്ങൾ, തൊഴിലുറപ്പ് പദ്ധതി അംഗങ്ങൾ, യുവജന സംഘടനകൾ തുടങ്ങിയവരുടെ സഹായ സഹകരണത്തോടൊണ് ഈ പദ്ധതി ഏറ്റെടുത്തിട്ടുള്ളത്.

**കൊട്ടാരക്കര മണ്ഡലത്തിലെ സഹസ്ര സരോവർ പദ്ധതി പ്രവൃത്തികൾ**

204 (2389) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം കൊട്ടാരക്കര അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളാണ് നവീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ;

(ബി) പ്രസ്തുത കുളങ്ങളുടെ നവീകരണത്തിനായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) സഹസ്ര സരോവർ പദ്ധതിയിൽപ്പെടുത്തി കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾ ഏറ്റെടുത്തു എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം കുളങ്ങളുടെ നവീകരണം നടന്നിട്ടില്ല.

(സി) KLDC വഴി സംസ്ഥാനത്തൊട്ടാകെ 1000 കുളങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതിയാണ് സഹസ്ര സരോവർ. പ്രസ്തുത പദ്ധതിയിൽപ്പെടുത്തി കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിനുകീഴിൽ പദ്ധതികളൊന്നും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല.

**ജലവിഭവ വകുപ്പിന് ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ**

205(2390)<u>ശ്രീ. കെ. കൃഷ്ണൻകുട്ടി :</u> താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലവിഭവ വകുപ്പിന് കീഴിൽ 2017-2018 ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഇതു വരെ ഭരണാനുമതി ലഭിക്കാത്തതും ഭരണാനുമതി ലഭിച്ചിട്ടും പ്രവർത്തനങ്ങൾ ആരംഭിക്കാത്തതുമായ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

<u>ജലസേചന വകുപ്പ്</u>

ജലവിഭവ വകുപ്പിന് കീഴിൽ 2017-2018 ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഇതുവരെ ഭരണാനുമതി ലഭിക്കാത്തതും ഭരണാനുമതി ലഭിച്ചിട്ടും പ്രവർത്തനങ്ങൾ ആരംഭിക്കാത്തതുമായ ജലസേചന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

<u>കേരള ജല അതോറിറ്റി</u>

ജലവിഭവ വകുപ്പിനുകീഴിൽ 2017-18 ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 34 കുടിവെള്ള പദ്ധതികളും മറുപടി പ്രസംഗത്തിൽ പുളിമാത്ത്, നഗരൂർ, കരവാരം പഞ്ചായത്തുകളിലേയ്ക്കുള്ള ഒരു പദ്ധതിയും പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽ 22 പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് സമർപ്പിക്കുകയും 16 പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഈ 16 പദ്ധതികളും കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. മേൽ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2017-18 ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ ഖണ്ഡിക 14, ക്രമനമ്പർ 37-42 പ്രകാരം പ്രഖ്യാപിച്ച 6 ജലവിതരണ പദ്ധതികൾക്ക് 20% ഫണ്ട് നീക്കിവച്ചിരുന്നു. എന്നാൽ ധനകാര്യ വകുപ്പുമന്ത്രി 09.05.2017 -ൽ നടത്തിയ യോഗത്തിൽ, 2017-18 ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ പറഞ്ഞിരുന്ന 10 കോടി രൂപയ്ക്കുമേൽ വരുന്ന പദ്ധതികൾ കിഫ്ബിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിൽ 5 പദ്ധതികൾ കിഫ്ബിയിലേയ്ക്ക് മാറ്റുന്നതിനുവേണ്ടിയുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കുടിവെള്ള പദ്ധതികളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

ഐ.ഡി.ആർ.ബി.

2017-18-ൽ പ്രഖ്യാപിച്ച കിഫ്ബി പദ്ധതികളിൽ 22 പര്യവേഷണ പ്രവൃത്തികളിൽ രണ്ടെണ്ണത്തിന് ഭരണാനുമതി നൽകിയിട്ടില്ല ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

പദ്ധതി വിഭാഗം 1

2017-18 ബജറ്റിൽ ഉൾപ്പെട്ട ചിറ്റൂർപ്പുഴ പദ്ധതിക്ക് കീഴിൽവരുന്ന കമ്പാലത്തറ, കുന്നംപിടാരി, വെങ്കലക്കയം എന്നീ ഏരിയകളുടെ നവീകരണം എന്ന പ്രവൃത്തികൾക്കായുള്ള Detailed Project Report തയ്യാറാക്കിയിട്ടുണ്ട്.

ചിറ്റൂർപ്പുഴ പദ്ധതിയിലെ കാഡാ ചാനലുകളുടെ നവീകരണം (10 കോടി രൂപ), മംഗലം, ചേരാമംഗലം പദ്ധതികളിൽ കാഡാ ഫീൽഡ് കനാലുകളുടെയും ഫീൽഡ് ബോത്തികളുടെയും പുനരുദ്ധാരണം എന്നീ പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുന്ന നടപടി പുരോഗമിച്ചുവരുന്നു.

പദ്ധതി വിഭാഗം -2

2017-18 സാമ്പത്തിക വർഷം ബജറ്റിലുൾപ്പെട്ട ഇടമലയാർ ഇറിഗേഷൻ പദ്ധതി, മൂവാറ്റുപുഴവാലി ഇറിഗേഷൻ പദ്ധതി എന്നിവയുടെ 2017-18 വർഷത്തെ ആക്ഷൻ പ്ലാൻ അംഗീകരിക്കുകയും ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

പാമ്പാർ ബേസിൻ പ്രോജക്ടിലെ പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണത്തിന് 2017-18 സാമ്പത്തിക വർഷം 13 കോടി രൂപ ബജറ്റ് വിഹിതം ലഭിച്ചിരുന്നു. പട്ടിശ്ശേരി ഡാമിന്റെ ഡിസൈനിൽ മാറ്റംവന്നതിനാൽ പുതുക്കിയ ഡിസൈൻ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. പാമ്പാർ ബേസിൻ പ്രോജക്ടിൽ ഉൾപ്പെടുന്ന മറ്റ് ഡാമുകളുടെ നിർമ്മാണത്തിനായി 40 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. ടി പദ്ധതിയിൽ ഉൾപ്പെടുന്ന ഒറ്റമരം, അപ്പർചട്ട മൂന്നാർ, ലോവർചട്ട മൂന്നാർ എന്നീ ഡാമുകളുടെ പര്യവേഷണ പ്രവൃത്തികൾ നടന്നുവരുന്നു.

2017-18 വർഷത്തെ ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിന് കീഴിൽ വരുന്ന മീനച്ചിൽ നദീതട പദ്ധതിയിൽ ഉൾപ്പെടുന്ന ചെംപ്ലാവ്, കുറ്റനാൽക്കടവ് എന്നിവിടങ്ങളിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന മിനി ഡാമുകളുടെ പ്രൊപ്പോസൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനുവേണ്ടി പ്രിൻസിപ്പൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

ജലനിധി

ജലവിഭവ വകുപ്പിന്റെകീഴിലുള്ള കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിയുടെ ഭാഗമായ മഴകേന്ദ്രം നടപ്പിലാക്കുന്ന മഴവെള്ള സംഭരണം- ഭൂജല പരിപോഷണം പദ്ധതിക്ക് 2017-18 -ലെ ബജറ്റിൽ 18.20 കോടി രൂപ വകയിരുത്തുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനാവശ്യമായ ദർഘാസ് നടപടികൾ ഇതിനോടകം പൂർത്തിയാക്കി. ബാക്കി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. പദ്ധതിയുടെ ചെലവിലേയ്ക്ക് ആദ്യഗഡുവായ 5.00 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികളും പൂർത്തിയാക്കിയിട്ടുണ്ട്.

**കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ള വിതരണത്തിന് ഉപയോഗപ്പെടുത്താൻ പദ്ധതി**

206 (2391) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായി വരുന്ന സാഹചര്യത്തിൽ വിദേശ രാജ്യങ്ങളിൽ നിലവിലുള്ളതു പോലെ കടലിലെ ഉപ്പുവെള്ളം ശുദ്ധീകരിച്ച് വിവിധ മേഖലകളിൽ കുടിവെള്ള വിതരണത്തിനായി ഉപയോഗപ്പെടുത്താൻ പദ്ധതിയുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ ആറുകളും തോടുകളും ശുദ്ധജല സ്രോതസ്സുകളും സംരക്ഷിക്കാനുള്ള പുതിയ പദ്ധതികൾ ഓരോ നിയോജകമണ്ഡലത്തിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കടലിലെ ഉപ്പുവെള്ളം ശുദ്ധീകരിച്ച് കുടിവെള്ള വിതരണത്തിനായി ഉപയോഗപ്പെടുത്താൻ നിലവിൽ പദ്ധതികളില്ല.

(ബി) കുടിവെള്ള സ്രോതസ്സുകളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വർദ്ധിച്ചതോതിൽ ഭൂജലം എടുക്കുന്നത് ഭൂജലശോഷണത്തിന് കാരണമാകും. ഇതിന്റെ പ്രതിഫലനം നദികൾ, തോടുകൾ എന്നിവയിലെ ജല ലഭ്യതയെ ബാധിക്കുന്നതാണ്. എന്നാൽ സുരക്ഷിത ജലസ്ഥരങ്ങളിൽനിന്ന് ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ജലം എടുക്കുകയാണെങ്കിൽ ജലവിതരണം താഴാതെ നിയന്ത്രിക്കാനാകും. ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണം (ജല സമൃദ്ധി) കുളങ്ങളുടെ നവീകരണം, തടയണകൾ, ഓരുവെള്ളക്കയറ്റം പ്രതിരോധിക്കുന്നതിനുള്ള ഓരുമുട്ടുകൾ, മുൻപ് നിർമ്മിച്ച ജലസേചന നിർമ്മിതികളുടെ കേടുപാടുകൾ നീക്കൽ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ മോട്ടോർതറ, കനാലുകൾ എന്നിവയുടെ നിർമ്മാണം തുടങ്ങിയ ജലസംരക്ഷണ പ്രവൃത്തികൾക്ക് മുൻതൂക്കം നൽകി പരമാവധി ജലസംരക്ഷണവും ജലസേചനവും ഉറപ്പാക്കുന്നു. സമഗ്ര നീർത്തടാധിഷ്ഠിത പദ്ധതിയുടെ പ്രാഥമിക ഘട്ടം പൂർത്തിയായിട്ടുണ്ട്. വരട്ടാർ പുനരുജ്ജീവനം, കോലായാർ പുനരുജ്ജീവനം (പത്തനംതിട്ട ജില്ല) കാട്ടാക്കട മണ്ഡലത്തിലെ ജലസമൃദ്ധി, കോട്ടയം ജില്ലയിലെ മീനന്തറയാർ-കൊടൂറാർ- മീനച്ചിലാർ നദീ പുനർസംയോജനം, കണ്ണൂർ ജില്ലയിലെ കാനാമ്പുഴ സംരക്ഷണം തുടങ്ങിയവ മറ്റിടങ്ങളിലും നടപ്പിലാക്കാൻ കഴിയുന്ന മാതൃകകളാണ്. ഗ്രാമപഞ്ചായത്തുതലത്തിൽ നീർത്തട പ്ലാനുകളും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നീർത്തട മാസ്റ്റർപ്ലാനുകളും രൂപീകരിച്ച് റിഡ്ജ്-ടു-വാലി (നീർത്തടത്തിന്റെ മുകളിൽനിന്ന് താഴേയ്ക്ക്) മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതും ഗുണഫലം നൽകുന്നവയാണ്.

## പൊതു കിണറുകളും കുളങ്ങളും നവീകരിക്കുന്ന പദ്ധതി

207 (2392) <u>ശ്രീ.രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വരൾച്ച പ്രതിരോധിക്കുവാൻ സ്വീകരിക്കുന്ന നടപടികളിൽ ഉപയോഗശൂന്യമായ പൊതു കിണറുകളും കുളങ്ങളും നവീകരിക്കുന്ന പദ്ധതി ഉൾപ്പെടുത്തിയിരുന്നോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് വെള്ളം ഉണ്ടെങ്കിലും തകരാർ മൂലം ഉപയോഗശൂന്യമായി കിടന്ന കുഴൽക്കിണറുകൾ നവീകരിക്കുന്ന പദ്ധതി ഇതിൽ

ഉൾപ്പെടുത്തിയിരുന്നോ; സംസ്ഥാനത്തെ എത്ര കുഴൽകിണറുകളാണ് ഇത്തരത്തിൽ നവീകരിച്ചത്; പത്തനംതിട്ട ജില്ലയിൽ എത്ര കുഴൽ കിണറുകൾ നവീകരിച്ചു; ഇതിനായി ജില്ലയിൽ എത്ര രൂപ ചെലവഴിച്ചു; വിശദാംശങ്ങൾ നൽകുമോ;

(സി) പുതിയ കുഴൽക്കിണറുകൾ ഈ സ്കീമിൽ നിർമ്മിക്കാൻ അനുവാദം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്തി വിവിധ ജില്ലകളിലായി 536 കുളങ്ങൾ നവീകരിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ നടപ്പിലാക്കിവരുന്നു.

(ബി) ഭൂജല വകുപ്പ് 2017-ലെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 5389 കുഴൽക്കിണർ കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 347 കുഴൽ കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ 2017-ലെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽപ്പെടുത്തി 669 കുഴൽകിണറുകൾ നവീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കായി 63,39,086 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഭൂജല വകുപ്പ് 2017-ലെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ ഓരോ കുഴൽകിണറും തൃശ്ശൂർ ജില്ലയിൽ 8 എണ്ണവും പുതിയതായി നിർമ്മിച്ചിട്ടുണ്ട്.

**പരിസ്ഥിതി വിരുദ്ധ നിലപാടുകളിൽ തിരുത്തലുകൾ**

208 (2393) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാല് വർഷമായി വേണ്ടത്ര മഴ ലഭിക്കാത്തത് ഭൂഗർഭ ജലത്തിന്റെ അളവ് ക്രമാതീതമായി കുറച്ച സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ജലസംരക്ഷണത്തിനും ഭൂഗർഭജലം റീചാർജ്ജിനുമായി എന്തൊക്കെ കാര്യങ്ങളാണ് സർക്കാർ നടപ്പിലാക്കുന്നത്;

(ബി) തണ്ണീർത്തടം നികത്തുന്നതിനും ക്വാറിയുടെ ദൂരപരിധി കുറയ്ക്കുന്നതിനും പരിസ്ഥിതി വിരുദ്ധ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തിന്റെ ജലലഭ്യതയ്ക്ക് ദോഷകരമല്ലേ; അപ്രകാരം സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിൽനിന്ന് ജല വിതാനം എടുക്കുകയും അപഗ്രഥന പഠനം നടത്തിവരികയും ചെയ്യുന്നുണ്ട്. കേരള ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി പഠനം നടത്തി നിശ്ചിത കാലയളവിൽ സംസ്ഥാനത്തിലെ ഭൂജല സ്ഥിതിയെപ്പറ്റി പഠനം നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കാറുണ്ട്.

ഭൂജല വകുപ്പ് സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിൽനിന്ന് എല്ലാ മാസവും ജലവിതാനം എടുക്കുകയും അപഗ്രഥന പഠനം നടത്തിവരികയും ചെയ്യുന്നുണ്ട്.

ഭൂജല വകുപ്പ് 'ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' പദ്ധതിയിൻകീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജല സംപോഷണം, ഭൂജല വിതാനം ഉയർത്തുന്നതിന് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ഭൂജല വകുപ്പിന് 2017-18 സാമ്പത്തിക വർഷം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 157 ലക്ഷം രൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് 119-ഓളം തുറന്നകിണർ വഴിയുള്ള കൃത്രിമ ഭൂജല സംപോഷണം പദ്ധതികൾക്കും 4 കുഴൽക്കിണർ റീചാർജ്ജ് പദ്ധതികൾക്കുമുള്ള സാങ്കേതികാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ മുപ്പത്തഞ്ചോളം തുറന്ന കിണർ വഴിയുള്ള ഭൂജല സംപോഷണ പ്രവൃത്തികളും 18 പുനരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവർത്തനങ്ങൾ ജില്ലകളിൽ പുരോഗമിച്ചുവരുന്നു.

2018-19 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ 350 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തുറന്നകിണർ, ബോർവെൽ റീ ചാർജ്, അടിയണകളുടെ നിർമ്മാണം അടക്കമുള്ള സമഗ്രമായ കൃത്രിമ ഭൂജല സംപോഷണ പദ്ധതികളാണ് വിഭവന ചെയ്തിട്ടുള്ളത്. പാലക്കാട് ജില്ലയിലെ അമിത ചൂഷിത വിഭാഗത്തിൽപ്പെട്ട ചിറ്റൂർ ബ്ലോക്കിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ പ്ലാച്ചിമട പ്രദേശത്ത് കുഴൽകിണറുകൾ കൃത്രിമമായി പരിപോഷണം നടത്തുന്നതിന് വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. പാലക്കാട്, ഇടുക്കി മുതലായ ജില്ലകളിൽ 40 മീറ്റർ ആഴം മുതൽ 70 മീറ്റർ ആഴം വരെയുള്ള ഭാഗത്ത് ലഭ്യമായിരുന്ന ഭൂജലനിരപ്പ് കുറഞ്ഞുവരുന്ന സാഹചര്യവും ചില സ്ഥലങ്ങളിൽ ജലം പൂർണ്ണമായി വറ്റിപ്പോവുകയും ചെയ്ത സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി വിശദമായ ഹൈഡ്രോ-ജിയോളജിക്കൽ,

ജിയോഫിസിക്കൽ, സ്ലഗ് ടെസ്റ്റ് പരിശോധനകൾക്കുശേഷം ബോർവെൽ റീചാർജ് പദ്ധതി വിപുലമായ രീതിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്കിലെ (സെമിക്രിട്ടിക്കൽ വിഭാഗം) 50 സ്കൂളുകളിൽ തുറന്ന കിണർ വഴിയുള്ള കൃത്രിമ ഭൂജല പരിപോഷണ പദ്ധതി നടപ്പിലാക്കുവാനും ഭൂജല വകുപ്പ് ലക്ഷ്യമിടുന്നു.

(ബി) തണ്ണീർത്തടം നികത്തുന്നതിനും ക്വാറിയുടെ ജനവാസ കേന്ദ്രങ്ങളുമായുള്ള ദൂരപരിധി കുറയ്ക്കുന്നതിനുമുള്ള നടപടികൾ ജലവിഭവ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല.

**കുളങ്ങളും നീരുറവകളും സംരക്ഷിക്കുന്നതിന് സംവിധാനങ്ങൾ**

209 (2394) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസമൃദ്ധമായിരുന്ന കേരളത്തിലെ നിരവധി കുളങ്ങളും ഉറവകളും വിവിധ കാരണങ്ങളാൽ നശിപ്പിക്കപ്പെട്ടത് ജലവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുളങ്ങളും നീരുറവകളും വൃത്തിയാക്കി നവീകരിച്ച് സൂക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനും പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ കുളങ്ങളും നീരുറവകളും സംരക്ഷിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ഡി) മേൽസൂചിപ്പിച്ച കുളങ്ങളുടെ സംരക്ഷണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളുമായി ചേർന്ന് പ്രത്യേക പദ്ധതി തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രകൃതിദത്തമായ കുളങ്ങളും നീരുറവകളും മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഹരിത കേരളം മിഷന്റെ ഉപമിഷനുകളിൽ ഒന്നായ ജലസംരക്ഷണം (ജലസമൃദ്ധി)-യുടെ ഭാഗമായി നിർവ്വഹിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. സ്ഥായിയായ ജലസംരക്ഷണത്തിനുള്ള പ്രകൃതിദത്ത യൂണിറ്റായ നീർത്തടാടിസ്ഥാനത്തിലാണ് പ്രവർത്തനങ്ങൾ ഏറ്റെടുക്കുക. സമഗ്ര നീർത്തട പദ്ധതിയും ബ്ലോക്ക് പഞ്ചായത്തുതല നീർത്തട

മാസ്റ്റർപ്ലാനും തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സമിതികൾ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ രൂപീകരിച്ചുകഴിഞ്ഞു. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും സാങ്കേതിക വിദഗ്ധരും സന്നദ്ധ പ്രവർത്തകരും അടങ്ങുന്നതാണ് സാങ്കേതിക സമിതി. ഗ്രാമപഞ്ചായത്ത് തലത്തിൽ ഓരോ വാർഡുകളിലെയും ജലസ്രോതസ്സുകളുടെ നിലവിലെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച്, ക്രോഡീകരിച്ച്, റിഡ്ജ്-ടു-വാലി (നീർത്തടത്തിന്റെ മുകളിൽനിന്നും താഴേയ്ക്ക്) അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ പട്ടികയിൽപ്പെടുത്തിയാണ് നീർത്തട പദ്ധതികൾ തയ്യാറാക്കുക.

(സി) കുളങ്ങൾ/നീരുറവകൾ എന്നിവ സംരക്ഷിക്കുന്നതിന് പ്രധാനമായും സംസ്ഥാന ബജറ്റ് വിഹിതം ഉപയോഗപ്പെടുത്തി മാലിന്യമുക്തമാക്കി, ആഴംകൂട്ടി സംഭരണ ശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനമാണ് ജലസേചന വകുപ്പ് മുഖേന നിർവ്വഹിക്കുന്നത്. ഇതിനുപുറമെ, തൊഴിലുറപ്പ് പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മണ്ണ് പര്യവേഷണവും മണ്ണ് സംരക്ഷണവും വകുപ്പുകൾ മുഖേനയും ഇത്തരം സംരക്ഷണ പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബജറ്റ് വിഹിതം ഉപയോഗിച്ച് 536 കുളങ്ങളുടെ സംരക്ഷണ പ്രവർത്തനം ജലസേചന വകുപ്പ് മുഖേന നിർവ്വഹിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) ഹരിത കേരളം മിഷന്റെ ഭാഗമായി നിർവ്വഹിക്കുന്ന പ്രവർത്തനങ്ങൾ എല്ലാംതന്നെ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും സന്നദ്ധ പ്രവർത്തകരുടെ സഹകരണത്തോടെയുമാണ് നടക്കുന്നത്. നീർത്തടപ്ലാൻ/ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിലും ഇക്കാര്യം ഉറപ്പാക്കിയിട്ടുണ്ട്.

**കാസർഗോഡ് നഗരസഭയിലെ ജനങ്ങൾക്ക് ഉപ്പുവെള്ളം കുടിക്കേണ്ട അവസ്ഥ**

210 (2395) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏല്ലാവർഷവും വേനൽക്കാലത്ത് കാസർഗോഡ് നഗരസഭയിലെയും പ്രാന്തപ്രദേശങ്ങളിലെയും ജനങ്ങൾക്ക് ഉപ്പുവെള്ളം കുടിക്കേണ്ട അവസ്ഥ ഉണ്ടാകാറുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അവസ്ഥ ഒഴിവാക്കുന്നതിന് ഓരോ വർഷവും സ്വീകരിക്കുന്ന താൽക്കാലിക പരിഹാര നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ താൽക്കാലിക പരിഹാരനടപടിക്ക് ഓരോ വർഷവും ചെലവാകുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) താൽക്കാലിക പരിഹാര നടപടികൾ ഇപ്രാവശ്യം ആരംഭിച്ചോ എന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തവണ വേനൽക്കാലത്ത് ഉപ്പുവെള്ളം കുടിക്കേണ്ടിവരില്ല എന്ന കാര്യത്തിൽ ഉറപ്പുപറയാൻ സാധിക്കുമോ;എങ്കിൽ വ്യക്തമാക്കുമോ;

(എഫ്) ഈ ദുരിതത്തിന് ശാശ്വത പരിഹാരനടപടികൾ തുടങ്ങിയോ എന്നും എപ്പോൾ തീരുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഈ അവസ്ഥ പരിഹരിക്കുന്നതിന് മുൻകൂട്ടിത്തന്നെ കാസർഗോഡ് കുടിവെള്ള പദ്ധതിയുടെ സ്രോതസ്സിന് സമീപം താൽക്കാലിക തടയണ പണിയുന്നുണ്ട്. കുടിവെള്ളത്തിൽ ഉപ്പിന്റെ അളവ് അനുവദനീയമായ അളവിൽ കൂടിയ സമയങ്ങളിൽ കഴിഞ്ഞ രണ്ട് വർഷവും നഗരസഭയുടെ വിവിധ പ്രദേശങ്ങളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിച്ച് മറ്റ് പദ്ധതികളിൽനിന്ന് ജലവിതരണം നടത്തിയിട്ടുണ്ട്.

(സി) താൽക്കാലിക തടയണ പണിയുന്നതിനുള്ള കഴിഞ്ഞ 5 വർഷത്തെ ചെലവ് വർഷംതിരിച്ച് താഴെ കൊടുക്കുന്നു:

2013-2014 Rs. 993214.00

2014-2015 Rs. 1170052.00

2015-2016 Rs. 1036853.00

2016-2017 Rs. 1186315.00

2017-2018 Rs. 1213572.00

(ഡി) 2018 ഫെബ്രുവരി ആദ്യവാരത്തോടുകൂടിത്തന്നെ താൽക്കാലിക തടയണയുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

(ഇ) വേനൽക്കാലത്ത് പുഴയിൽ നീരൊഴുക്ക് ഇല്ലാതാകുകയും വേലിയേറ്റത്തിന്റെ ശക്തി കൂടുകയും ചെയ്താൽ ചെറിയതോതിലുള്ള സ്വീപ്പേജ് കാരണം ഉപ്പുവെള്ളം കയറാൻ സാധ്യതയുണ്ടെങ്കിലും തടയണയുടെ താഴെ ഭാഗത്ത് ഉപ്പിന്റെ അളവ് 20000 pp-ൽ കൂടുതൽ വരുമെങ്കിലും മുകൾ ഭാഗത്ത് അനുവദനീയമായ അളവായ 1000 pp-ൽ കൂടാൻ സാധ്യതയില്ല.

(എഫ്) ഉപ്പുവെള്ള പ്രതിരോധവും കുടിവെള്ള ലഭ്യതയും ലക്ഷ്യംവയ്ക്കുന്ന ചെറുകിട ജലസേചന പദ്ധതിയായ മൂളിയാർ പഞ്ചായത്തിലെ ബാവിക്കര റഗുലേറ്റർ നിർമ്മാണത്തിന്റെ ശേഷിക്കുന്ന പ്രവൃത്തിക്കുള്ള 2775 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിയും ചീഫ് എഞ്ചിനീയർ സാങ്കേതികാനുമതിയും നൽകി പ്രവൃത്തി ടെണ്ടർ ചെയ്തു.

**അതിരൂക്ഷമായ വരൾച്ച നേരിടുന്നതിന് പദ്ധതികൾ**

211(2396) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വേനൽകാലത്ത് അതിരൂക്ഷമായ വരൾച്ച നേരിടുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവന ചെയ്തിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) രൂക്ഷമായ ജലക്ഷാമം പല പ്രദേശങ്ങളിലും അനുഭവപ്പെടുന്ന സാഹചര്യത്തിൽ ജലസ്രോതസ്സുകൾ സംരക്ഷിക്കുവാനും ജലദൗർലഭ്യം പരിഹരിക്കുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി)

<u>ജലസേചന വകുപ്പ്</u>

നദികളിലെയും തോടുകളിലെയും നീരൊഴുക്ക് പുന:സ്ഥാപിക്കുക, കാലവർഷ സമയത്ത് ലഭിക്കുന്ന അധികജലം തടഞ്ഞുനിർത്തി സമീപ പ്രദേശത്തെ ഭൂജല വിതാനം താഴാതെ നിലനിർത്തുക, കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കും ആവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെ തടയണകൾ, വി.സി.ബി/ ആർ.സി.ബി.-കൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ, നബാർഡ് പദ്ധതി, ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ, പ്ലാൻ സ്കീം, സ്റ്റേറ്റ് ഫണ്ട്, ഹരിത കേരളം, കാസർഗോഡ് പാക്കേജ് തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി ജലസേചന വകുപ്പ് നടപ്പാക്കിവരുന്നു. നദികളെത്തന്നെ ജലസംഭരണികളാക്കി

മാറ്റുന്ന ഒരു സമീപനമാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്. ഓരുവെള്ളക്കയറ്റ നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ജലക്ഷാമവും കുടിവെള്ളക്ഷാമവും പരിഹരിക്കുന്നതിനും ഉതകുന്ന തരത്തിൽ കേരളത്തിലെ വിവിധ നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ റെഗുലേറ്ററുകൾ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ജലസേചന വകുപ്പിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ KIIDC മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണം (ജലസമൃദ്ധി)-യുടെ ഭാഗമായി നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചുകഴിഞ്ഞു. ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>കേരള ജല അതോറിറ്റി</u>

ജലലഭ്യതക്കുറവുള്ള കുടിവള്ള വിതരണ പദ്ധതികളുടെ ഇൻടേക്ക് പമ്പ് ഹൗസുകളുടെ സമീപത്തായി താൽക്കാലിക തടയണകൾ നിർമ്മിക്കൽ, ഗ്യാലറി വൃത്തിയാക്കൽ, ഓപ്പൺ വെൽ, നിലവിലുള്ള സ്കീമുകളിൽ അവ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി വാട്ടർ അതോറിറ്റിയുടെ ജലസ്രോതസ്സുകളെ സംരക്ഷിക്കുക, ജലസ്രോതസ്സുകളിൽ മുന്നറിയിപ്പ് ബോർഡ് സ്ഥാപിച്ച് കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെ ജനങ്ങളെ ബോധവത്കരിക്കുക, പമ്പ് ഹൗസുകളും പരിസരവും വൃത്തിയാക്കി സംരക്ഷിക്കുക, പൈപ്പ് ലൈനുകളുടെയും പമ്പുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കുക, വാൽവുകൾ നിയന്ത്രിച്ച് പമ്പിംഗ് സമയം ക്രമീകരിച്ചും സമയബന്ധിതമായി ലീക്കുകൾ പരിഹരിച്ച് ശുദ്ധജലം പാഴായിപ്പോകുന്നത് തടയുവാനായുള്ള 'ബ്ലൂ ബ്രിഗേഡ്' സംവിധാനം, നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിന് സ്ക്വാഡ് പ്രവർത്തനം എന്നിവ ജല അതോറിറ്റി നടപ്പിലാക്കിവരുന്നു.

ഹരിത കേരള മിഷന്റെ ഭാഗമായി മരങ്ങൾ നട്ടുപിടിപ്പിക്കുകയും ഓഫീസ് പരിസരത്തും ജല അതോറിറ്റിയുടെ കിണറുകൾക്ക് ചുറ്റും സ്ഥല ലഭ്യതയുള്ള സ്ഥലങ്ങളിലും ശാസ്ത്രീയമായ മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അഭ്യർത്ഥന പ്രകാരം ടാങ്കറുകളിൽ ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി വിവിധ ജലസംഭരണികളോട് ചേർന്ന് ഫില്ലിംഗ് സ്റ്റേഷനുകൾ സജ്ജമാക്കുകയും ചെയ്ത് മുടക്കംകൂടാതെ ജലവിതരണം സാധ്യമാക്കുന്നതുമാണ്.

ഭൂജലവകുപ്പ്

ഭൂജലവകുപ്പ് ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതിയിൻകീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജല സംപോഷണം, ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ സാങ്കേതിക സഹായവും നൽകിവരുന്നു. കൂടാതെ കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ, കുഴൽക്കിണർ നിർമ്മാണം, വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണം, കുഴൽക്കിണർ കൈപമ്പുകളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയവയും നടപ്പിലാക്കിവരുന്നു. കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 16 ചെറുകിട കുടിവെള്ള പദ്ധതികൾക്കും 22 കുഴൽക്കിണർ നിർമ്മാണത്തിനുമുള്ള സാങ്കേതികാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ 5 ചെറുകിട കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽപ്പെടുത്തി വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 432 ലക്ഷം രൂപ 2017-18 സാമ്പത്തിക വർഷം e-LAMS വഴി വകുപ്പിന് അനുവദിച്ചിട്ടുണ്ട്. ഭൂജലവകുപ്പ് നടപ്പിലാക്കിവരുന്ന ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതി ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് ഒരു പരിധിവരെ സഹായകരമാണ്. 2017-18 സാമ്പത്തിക വർഷം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 157 ലക്ഷം രൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് 119-ഓളം തുറന്നകിണർ വഴിയുള്ള കൃത്രിമ ഭൂജല സംപോഷണ പ്രവൃത്തികൾക്കായി വിവിധ ജില്ലകൾക്കും 4 കുഴൽക്കിണർ റീചാർജ്ജ് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഇടുക്കി ജില്ലയ്ക്കും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മുപ്പത്തഞ്ചോളം തുറന്നകിണർ വഴിയുള്ള ഭൂജല സംപോഷണ പ്രവൃത്തികളും 18 പുനരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ 350 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തുറന്ന കിണർ, ബോർവെൽ റീ ചാർജ് അടക്കമുള്ള സമഗ്ര കൃത്രിമ ഭൂജല സംപോഷണ പദ്ധതികളാണ് വിഭാവന ചെയ്തിട്ടുള്ളത്.

കൂടാതെ ഭൂജലവകുപ്പ് " ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും" പദ്ധതിയിൻകീഴിൽ ഭൂജല ഉപഭോഗം, സംരക്ഷണം എന്നീ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും വിദ്യാർത്ഥികൾക്കും ബോധവത്കരണ സെമിനാറുകളും ജില്ലകളിൽ സംഘടിപ്പിച്ചുവരുന്നു.

ജലനിധി

ജലനിധിയുടെ കുടിവെള്ള പദ്ധതി സ്രോതസ്സുകൾക്ക് അനുയോജ്യമായ ഭൂഗർഭജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നതുവഴി ജലക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. യീൽഡ് ടെസ്റ്റ് മുഖേന സ്രോതസ്സിന്റെ (കിണറുകൾ, കുഴൽ കിണറുകൾ) സുസ്ഥിരത ഉറപ്പുവരുത്താൻ പമ്പിംഗ് റഗുലേഷനും കുറഞ്ഞ അളവിൽ (40 lpcd - 70 lpcd) പരിമിതപ്പെടുത്താനായി നിർദ്ദേശങ്ങൾ നൽകി വരുന്നു. ആവശ്യമായ വെള്ളം ലഭ്യമല്ലാത്ത സ്രോതസ്സുകൾക്ക് പകരമായി പുതിയ സ്രോതസ്സുകൾക്കും അനുമതി നൽകിയിട്ടുണ്ട്. ജല സംരക്ഷണത്തിനായി ജലനിധി കിണറുകളിൽ point recharge, roof water well recharge, ചെറുകിട തടയണകൾ (small checkdams), Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ്ചാൽ നിർമ്മാണം), Sub-surface dyke (ഭൂമിയുടെ അടിയിലുള്ള തടയണകൾ), VCB (Vented Cross Bar), മണ്ണ് സംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിവരുന്നു. ജലനിധി പദ്ധതികളിൽ ഭൂജല പരിപോഷണം ജലനിധി പഞ്ചായത്തുകളിൽ മാത്രമേ നടപ്പിലാക്കിവരുന്നുള്ളൂ.

**വാട്ടർ മീറ്ററുകളുടെ ഗുണനിലവാരം ഉയർത്തുന്നതിന് നടപടി**

212 (2397) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ ഉപഭോക്താക്കൾക്ക് നൽകുന്ന വാട്ടർ മീറ്റർ പലയിടങ്ങളിലും ഉടൻതന്നെ കേടാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ മീറ്ററുകൾ കേടാകുന്നതിനാൽ ഉപഭോക്താക്കൾക്ക് ഒട്ടേറെ പ്രയാസം അനുഭവപ്പെടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വാട്ടർ മീറ്ററുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനും ഒരു നിശ്ചിത കാലം വരെയെങ്കിലും വാട്ടർ മീറ്ററിന് വാറണ്ടി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കേരള വാട്ടർ അതോറിറ്റിയുടെ ഉപഭോക്താക്കൾക്ക് വാട്ടർ അതോറിറ്റി വാട്ടർ മീറ്ററുകൾ നിർമ്മിച്ചുനൽകുന്നില്ല. ഉപഭോക്താക്കൾ വാങ്ങി

നൽകുന്ന മീറ്ററുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ പരിശോധിച്ച് സർട്ടിഫൈചെയ്ത് സ്ഥാപിക്കേണ്ടതാണെന്ന് വാട്ടർ അതോറിറ്റി നിഷ്കർഷിച്ചിട്ടുണ്ട്. കേടാകുന്ന മീറ്ററുകൾ ഗ്യാരന്റി പീരിഡിന് ഉള്ളിലാണെങ്കിൽ പുതിയ മീറ്ററുകൾ അതത് കമ്പനികളാണ് മാറ്റിനൽകേണ്ടത്. ഗ്യാരന്റി പീരിഡ് കഴിഞ്ഞ ഉടൻതന്നെ മീറ്ററുകൾ കേടാകുന്നതായി അപൂർവ്വം ചില കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഈ അവസരങ്ങളിൽ ഉപഭോക്താവിന് പുതിയ മീറ്റർ വാങ്ങുന്നതിനുള്ള ചെലവ് ഉണ്ടാകാറുണ്ട്.

**പൈപ്പുകൾ പൊട്ടി ജലം പാഴായി പോകാതിരിക്കാൻ നടപടി**

213 (2398) ശ്രീ.ജോൺ ഫെർണാണ്ടസ് :

ശ്രീ. എ. എൻ. ഷംസീർ :

ശ്രീ. എം. മുകേഷ് :

ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള വിതരണ പൈപ്പുകൾ പൊട്ടി ജലം പാഴായി പോകുന്നത് തടയുന്നതിനായി എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പൈപ്പ് പൊട്ടൽമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടും ജലനഷ്ടവും പരിഗണിച്ച് സംസ്ഥാനത്തെ കുടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിന് നവീന പദ്ധതികൾ ആവിഷ്കരിക്കുമോ;

(സി) കുടിവെള്ള പദ്ധതി നിലവിലില്ലാത്ത പ്രദേശങ്ങളിൽ വെള്ളമെത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ജല അതോറിറ്റി സ്ഥാപിക്കുന്ന പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി പ്രത്യേകം പൈപ്പ് പോളിസിക്ക് രൂപം നൽകിയിട്ടുണ്ട്. കൂടാതെ പൈപ്പുകൾ സപ്ലൈ ചെയ്യുന്നതിനുമുമ്പ് അതാത് ഫാക്ടറിയിൽവച്ച് നിഷ്കർഷിക്കുന്ന പ്രകാരമുള്ള പരിശോധനകൾ അതോറിറ്റി എഞ്ചിനീയർമാർവഴിയോ തേർഡ് പാർട്ടി ഇൻസ്പെക്ഷൻ ഏജൻസിവഴിയോ നടത്തുന്നുണ്ട്. ഇതിനുപുറമേ പൈപ്പുകൾ സ്ഥാപിച്ചതിനുശേഷം സൈറ്റിൽ നിശ്ചിത മർദ്ദത്തിൽ ഹൈഡ്രോസ്റ്റാറ്റിക് പ്രഷർ ടെസ്റ്റും നടത്തുന്നുണ്ട്. കാലപ്പഴക്കം ചെന്നതും കേടായതുമായ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

ജലവിതരണ പൈപ്പുകൾ പൊട്ടിയുള്ള ജലനഷ്ടം പരിഹരിക്കുന്നതിനും ജലവിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനുംവേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട പൈപ്പുകൾമാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗം പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 433.33 കോടി രൂപയുടെ പ്രൊപ്പോസലുകൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്.

കൂടാതെ കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയായ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ 9 നഗരങ്ങളിൽ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ) കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി 144.25 കോടി രൂപയുടെ ഭരണാനുമതി 16 പ്രൊപ്പോസലുകൾക്ക് നൽകിയിട്ടുണ്ട്. ഇതിനുപുറമെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയും ധന ലഭ്യതയ്ക്കനുസരിച്ച് പൈപ്പുകൾ മാറ്റിയിടുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നുണ്ട്.

(സി) ധനലഭ്യതയ്ക്കനുസൃതമായി സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ പുതിയ കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കൽ, നിലവിലുള്ള പൈപ്പ് ലൈനുകളിൽനിന്നും ജലവിതരണമില്ലാത്ത സ്ഥലങ്ങളിലേയ്ക്ക് പൈപ്പുകൾ നീട്ടി സ്ഥാപിക്കൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴിയും നേരിട്ടും, വാട്ടർ അതോറിറ്റിയുടെ ഫില്ലിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽനിന്നും കുടിവെള്ളം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**ജല അതോറിറ്റിയുടെ കുപ്പിവെള്ള പദ്ധതി**

214(2399) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ കുപ്പിവെള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്ക് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇതിനുവേണ്ടി കേരള വാട്ടർ അതോറിറ്റി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ കുപ്പിവെള്ള കമ്പനികളെ നിയന്ത്രിക്കുന്നതിനും ആയതിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) കുപ്പിവെള്ള കമ്പനികളുടെ അമിത ജലചൂഷണം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്നറിയിക്കുമോ?

ഉത്തരം

(എ) കുപ്പിവെള്ള പദ്ധതി നിർമ്മാണം അവസാന ഘട്ടത്തിലാണ്. സിവിൽ ജോലികൾ 96% പൂർത്തിയായി. മഴവെള്ള സംഭരണി, ഫാക്ടറിക്ക് പുറത്തുള്ള റോഡ് നിർമ്മാണം എന്നിവയാണ് സിവിൽ ജോലികളിൽ ബാക്കിയുള്ളത്. ഇലക്ട്രിക്കൽ ജോലികൾ 65% പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ ജോലികളിൽ ജനറേറ്റർ സെറ്റ് സ്ഥാപിക്കൽ പ്ലാന്റിലെ യന്ത്ര സാമഗ്രികളിൽ കണക്ഷൻ കൊടുക്കുന്ന പ്രവൃത്തികൾ, ലൈറ്റ്, ഫാൻ, എ.സി. മുതലായവ ഘടിപ്പിക്കുന്ന പണികൾ എന്നിവയാണ് അവശേഷിക്കുന്നത്. മെക്കാനിക്കൽ ജോലികളിൽ ജലം ശുദ്ധീകരിക്കുന്ന ഉപകരണങ്ങൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. കുപ്പി നിർമ്മിച്ച് അതിൽ വെള്ളം നിറച്ച് ലേബൽ ഒട്ടിച്ച് പാക്കറ്റിനുള്ളിലാക്കുന്നതിനുള്ള യന്ത്ര സാമഗ്രികൾ 23-2-2018-ൽ എത്തിയിട്ടുണ്ട്. ഇവയുടെ ഇൻസ്റ്റലേഷൻ ജോലികൾ പുരോഗമിച്ചുവരുന്നു.

(ബി) ഇല്ല. കുപ്പി നിർമ്മിച്ച് അതിൽ ജലത്തിന്റെ സാമ്പിളുകൾ ശേഖരിച്ചതിനുശേഷം മാത്രമേ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡിന്റെ അനുമതിക്കായി അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ. ഇതിനുവേണ്ടിയുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) ഭൂജല വകുപ്പ് കുപ്പിവെള്ള കമ്പനികൾക്ക് ഉപയോഗിക്കാവുന്ന ഭൂജലത്തിന്റെ അളവ് തിട്ടപ്പെടുത്തി എൻ.ഒ.സി. നൽകിവരുന്നു. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ്, ഭക്ഷ്യസുരക്ഷാ വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങൾ ജലത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നുണ്ട്.

(ഡി) ഭൂജല വകുപ്പിലെ ഉദ്യോഗസ്ഥർ ആറ് മാസത്തിലൊരിക്കൽ കുപ്പിവള്ള കമ്പനികളിൽ പരിശോധന നടത്തി ഭൂജല ഉപഭോഗം വിലയിരുത്താറുണ്ട്. എന്നാൽ വകുപ്പ് എൻ.ഒ.സി. നൽകിയ കമ്പനികൾ അമിതമായി ജലചൂഷണം നടത്തുന്നു എന്ന പരാതികൾ ലഭിച്ചാൽ വകുപ്പിലെ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഭൂജല വകുപ്പ് നിരാക്ഷേപപത്രം നൽകിയ കമ്പനികളിൽ ഭൂജല പരിപോഷണ സംവിധാനവും ഫ്ലോമീറ്ററും നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന വകുപ്പിന്റെ എൻ.ഒ.സി.യുടെ അടിസ്ഥാനത്തിൽ മാത്രമേ ഓരോ വർഷവും ലൈസൻസ് പുതുക്കി നൽകുവാൻ പാടുള്ളൂ എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഭൂജല വകുപ്പിൽനിന്നും അറിയിച്ചിട്ടുണ്ട്.

**മൈലം -തലവൂർ പട്ടാഴി കുടിവെള്ള പദ്ധതി**

215 (2400) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽപ്പെട്ട മൈലം-തലവൂർ- പട്ടാഴി കുടിവെള്ള പദ്ധതിയുടെ നിലവിലെ നിർമാണ പുരോഗതി വിശദമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം വിഭാവനം ചെയ്ത പ്രവൃത്തികൾ മുഴുവൻ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന വിവരം വെളിപ്പെടുത്തുമോ;

(സി) കുളക്കട-പവിത്രേശ്വരം പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്നും പദ്ധതി എന്നത്തേക്ക് പൂർണമായും പ്രവർത്തന ക്ഷമമാകുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ&ബി) മൈലം-തലവൂർ-പട്ടാഴി കുടിവെള്ള പദ്ധതികളിൽ പട്ടാഴി-പട്ടാഴിവടക്കേക്കര ശുദ്ധജല വിതരണ പദ്ധതി ഇതിനോടകം കമ്മീഷൻ ചെയ്തു. വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മൈലം-തലവൂർ കുടിവെള്ള പദ്ധതിയിൽ തലവൂർ പഞ്ചായത്തിലെ പണികൾ പൂർത്തീകരിച്ചു. NRDWP ഫണ്ടിന്റെ അപര്യാപ്തതമൂലം മൈലം പഞ്ചായത്തിൽ വിതരണ ശൃംഖല സ്ഥാപിക്കാനായിട്ടില്ല. ഇപ്രകാരം സ്ഥാപിക്കാൻ കഴിയാതെവന്ന വിതരണ ശൃംഖല സ്ഥാപിക്കുന്നതിനായി 60.61 കോടി രൂപയുടെ DPR തയ്യാറാക്കി കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) കുളക്കട-പവിത്രേശ്വരം പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുള്ളതാണ്. കുളക്കട-പവിത്രേശ്വരം പഞ്ചായത്തുകളിൽ ശേഷിക്കുന്ന വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയാണ് ഇനി അവശേഷിക്കുന്നത്. ഇതിലേയ്ക്കായുള്ള തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**ജലവിഭവ വകുപ്പ് നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ**

216 (2401) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴനിഴൽ പ്രദേശങ്ങൾക്കായി പ്രത്യേക പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; കുടിവെള്ളക്ഷാമം രൂക്ഷമാകാൻ സാധ്യതയുള്ള പ്രദേശങ്ങളിലേക്ക് ജലം എത്തിക്കാനുള്ള പദ്ധതികൾ വിശദീകരിക്കുമോ;

(ബി) സ്മാർട്ട്സിറ്റി-അമൃത് പദ്ധതികളുമായി ബന്ധപ്പെട്ട് എത്ര തുകയുടെ പദ്ധതികളാണ് ജലവിഭവവകുപ്പ് ഏറ്റെടുത്തിട്ടുള്ളത്; പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദീകരിക്കുമോ;

(സി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര പദ്ധതികളാണ് പൂർത്തിയാകാനുള്ളത്; ഇതിന് ആവശ്യമായി കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; ഈ വർഷം എത്ര രൂപയാണ് കേന്ദ്രത്തിൽ നിന്നും പ്രതീക്ഷിക്കുന്നത്?

<u>ഉത്തരം</u>

(എ) മഴനിഴൽ പ്രദേശങ്ങൾക്കായി പ്രത്യേക പദ്ധതികൾ നിലവിലില്ല. കേരള ജല അതോറിറ്റി പാലക്കാട് ജില്ലയിലെ മഴനിഴൽ പ്രദേശങ്ങളായ ചിറ്റൂർ താലൂക്കിലെ പെരുമാട്ടി, പട്ടഞ്ചേരി, കൊഴിഞ്ഞംപാറ, വടകരപതി, എരുത്തേമ്പതി എന്നീ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

I. <u>സ്റ്റേറ്റ് പ്ലാൻ ഒപ്ടിമൈസേഷൻ</u> - എലപ്പുള്ളി, നല്ലേപ്പിള്ളി പെരുമാട്ടി, പട്ടഞ്ചേരി സമഗ്ര കുടിവെള്ള പദ്ധതി- ഒന്നാംഘട്ടം 11.70 കോടി രൂപ - പ്രവൃത്തി പുരോഗമിക്കുന്നു. ഇതുകൂടാതെ താഴെ പറയുന്ന രണ്ട് പദ്ധതികൾ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കാൻ കേരള വാട്ടർ അതോറിറ്റി നടപടികൾ സ്വീകരിച്ചുവരുന്നു.

1. <u>കിഫ്ബി 2017-18</u> - എലപ്പുള്ളി, നല്ലേപ്പിള്ളി പെരുമാട്ടി, പട്ടഞ്ചേരി കുടിവെള്ള പദ്ധതി- രണ്ടാംഘട്ടം- 25 കോടി രൂപ - കേരള വാട്ടർ അതോറിറ്റി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് അംഗീകാരം ലഭ്യമാക്കുന്നതിനുവേണ്ടി സർക്കാരിൽ സമർപ്പിക്കുന്നതിനായി കേരള ജല അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.
2. <u>കിഫ്ബി 2017-18</u> - കൊഴിഞ്ഞാമ്പാറ, എരുത്തേമ്പതി, വടകരപതി പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി - 29 കോടി രൂപ - വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് അംഗീകാരം ലഭ്യമാക്കുന്നതിനുവേണ്ടി സർക്കാരിൽ സമർപ്പിക്കുന്നതിനായി കേരള ജല അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.

<u>സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന പ്രവൃത്തികൾ</u> :-

1. കൊഴിഞ്ഞാമ്പാറ സമീപ വില്ലേജുകളിലേയ്ക്കുള്ള കുടിവെള്ള പദ്ധതിയിലെ കുന്നങ്കാട്ടുപതി റോ വാട്ടർ പമ്പ് ഹൗസിൽ 75 എച്ച്.പി.-യുടെ 3 മോട്ടോർ പമ്പ് സെറ്റുകളും മൂങ്കിൽമട പ്ലാന്റിൽ 43 എച്ച്.പി. ശേഷിയുള്ള സെൻട്രിഫ്യൂഗൽ മോട്ടോർ പമ്പ് സെറ്റുകളും ട്രാൻസ്ഫോർമറുകളും സ്ഥാപിച്ച് കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള പ്രവൃത്തികളുടെ ടെണ്ടർ പരിശോധന നടത്തിവരുന്നു. (88 ലക്ഷം)

2. മേൽപദ്ധതിയിലെ നിലവിലെ കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ പരിശോധന നടന്നുവരുന്നു. (750 ലക്ഷം)

3. ചിറ്റൂർ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കൊഴിഞ്ഞാമ്പാറ, എരുത്തേമ്പതി കുടിവെള്ള പദ്ധതിയുടെ കുന്നങ്കാട്ടുപതി റോ വാട്ടർ പമ്പ്ഹൗസിൽ 90 എച്ച്.പി.യുടെ രണ്ട് മോട്ടോർ പമ്പ്സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു. കൂടാതെ മൂങ്കിൽമട പ്ലാന്റിൽ 40 എച്ച്.പി., 20 എച്ച്.പി. ശേഷിയുള്ള സെൻട്രിഫ്യൂഗൽ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നുണ്ട്.

4. വടകരപ്പതി പഞ്ചായത്തിലെ വേലന്താവളം, മേനോൻപാറ, കോഴിപ്പാറ പ്രദേശങ്ങളിലേയ്ക്ക് പാലക്കാട് പുതുശ്ശേരി പദ്ധതിയിലെ പൂലാമ്പാറ ടാങ്കിൽനിന്നും ബി.ആർ.ജി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടന്നുവരുന്നു.

5. വടകരപ്പതി, എരുത്തേമ്പതി പഞ്ചായത്തുകളിലെ വിവിധ ഡെപ്പോസിറ്റ് വർക്കുകളിലായി 40 ലക്ഷത്തോളം രൂപയുടെ വിവിധ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തികൾ നടന്നുവരുന്നു.

6. 2017-ലെ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികളിൽ ഉൾപ്പെടുത്തി 58.43 ലക്ഷം രൂപയുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, മോട്ടോർ പമ്പ്സെറ്റ് സ്ഥാപിക്കൽ, വിവിധ മെക്കാനിക്കൽ വർക്കുകൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

ജലലഭ്യതക്കുറവുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ ഇൻടേക്ക് പമ്പ്ഹൗസുകളുടെ സമീപത്തായി താത്കാലിക തടയണകൾ നിർമ്മിക്കൽ, ഗ്യാലറി വൃത്തിയാക്കൽ, ഓപ്പൺവെൽ, നിലവിലുള്ള സ്കീമുകളിൽ അവ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി വാട്ടർ അതോറിറ്റിയുടെ

ജലസ്രോതസ്സുകളെ സംരക്ഷിച്ചുവരുന്നു. പമ്പ് ഹൗസുകളും പരിസരവും വൃത്തിയാക്കി സംരക്ഷിക്കുകയും പൈപ്പ് ലൈനുകളുടെയും പമ്പുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കിയും ജലചോർച്ച പരമാവധി ഒഴിവാക്കി ജലവിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കുടിവെള്ള പദ്ധതികളിൽ മഴയുടെ കുറവുകൊണ്ട് ഉണ്ടായേക്കാവുന്ന ആഘാതം മുൻകൂട്ടി വിലയിരുത്തിയശേഷം കുടിവെള്ള വിതരണം മുടക്കംകൂടാതെ നടത്തുവാനുള്ള മാർഗ്ഗങ്ങൾ പ്രാദേശിക സാഹചര്യം പരിഗണിച്ച് ചെയ്യുവാനുള്ള നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. കൂടാതെ പൂർത്തിയാക്കാനുള്ള പദ്ധതികളിൽനിന്നും വരൾച്ചാകാലത്തിനുമുമ്പ് പൂർത്തിയാക്കുവാൻ കഴിയുന്ന പദ്ധതികൾ കണ്ടെത്തി പ്രത്യേകമായി അവലോകനം നടത്തി ഭാഗീകമായോ പൂർണ്ണമായോ കമ്മീഷൻചെയ്ത് പൊതുജനങ്ങൾക്ക് ജലവിതരണം സാധ്യമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കുടിവെള്ളക്ഷാമം രൂക്ഷമാകാൻ സാധ്യതയുള്ള പ്രദേശങ്ങളിലേയ്ക്കുള്ള ജലവിതരണ പൈപ്പുകൾ ഇന്റർ കണക്ഷനുകൾചെയ്ത് കുടിവെള്ളലഭ്യത കൂട്ടുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ കിയോസ്കുകൾവഴി കുടിവെള്ളം എത്തിക്കുന്നതിന് തയ്യാറെടുപ്പ് നടത്തിയിട്ടുണ്ട്. കൂടാതെ ടാങ്കറുകൾവഴിയും കുടിവെള്ള വിതരണം നടത്തുന്നതാണ്.

(ബി) സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുന്ന തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24x7 ശുദ്ധജല വിതരണത്തിനുവേണ്ടി ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ (എ.ഡി.ബി) ധനസഹായത്തോടെ ഒരു പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ആകെ 2022 കോടി രൂപയാണ് പദ്ധതിച്ചെലവ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകുകയും എ.ഡി.ബി.-യുടെ ധനസഹായത്തിനായി പദ്ധതി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എ.ഡി.ബി.-യുമായുള്ള ചർച്ചകൾ പുരോഗമിച്ചുവരുന്നു.

ഇതുകൂടാതെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃതിന്റെ ജലവിതരണ/സ്വീവേജ് പദ്ധതികളുടെ ചുമതല കേരള ജല അതോറിറ്റിക്കാണ് നൽകിയിട്ടുള്ളത്. പ്രസ്തുത പദ്ധതി സംസ്ഥാനത്ത് 9 നഗരങ്ങളിലാണ് നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവയാണ് ഈ നഗരങ്ങൾ. അമൃത് പദ്ധതിയിൽ ഈ പറയുന്ന 9 നഗരങ്ങളിലായി ജലവിതരണ പദ്ധതികൾക്കായി 1051.50 കോടി രൂപയുടെയും സ്വീവറേജ് പദ്ധതികൾക്കായി 201.16 കോടി രൂപയുടെയും പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ 133 പദ്ധതികളാണ് നടന്നുവരുന്നത്. ഇതിനാവശ്യമായ മുഴുവൻ കേന്ദ്ര സഹായവും ലഭിച്ചിട്ടില്ല. 2017-18 സാമ്പത്തിക വർഷം ഫെബ്രുവരി മാസംവരെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കായി കേന്ദ്രം വകയിരുത്തിയ ആകെ തുകയും ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ നിർവ്വഹണത്തിലെ സംസ്ഥാനത്തിന്റെ മികവ് പരിഗണിച്ച് അനുവദിച്ച 25 കോടി രൂപ ബോണസ് ഫണ്ടുമുൾപ്പെടെ 95.16 കോടി രൂപ ലഭിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം കൂടുതൽ കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നില്ല.

## കാവേരി ജലവിഹിതം പൂർണ്ണമായും ഉപയോഗിക്കുന്നില്ലെന്ന റിപ്പോർട്ടുകൾ

217 (2402) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവേരി നദിയിൽനിന്ന് 96 ടി.എം.സി. ജലം ആവശ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ കേരളത്തിന് ഇപ്പോൾ എത്ര ടി.എം.സി. ജലമാണ് ലഭിക്കുന്നത്;

(ബി) 2007-ൽ കാവേരി ട്രിബ്യൂണൽ അനുവദിച്ച ജലം കേരളം പൂർണമായും ഉപയോഗിക്കുന്നില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കാവേരി ജലവിഹിതം കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്ന തിനനുയോജ്യമായ പദ്ധതികൾ ആവിഷ്കരിക്കാൻ സാധിക്കാതെ പോയിട്ടുണ്ടോ;

(ഡി) കാവേരി ജലവിഹിതം മുന്നിൽ കണ്ട്കൊണ്ട് കേരളം ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെ; അവ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

ഉത്തരം

(എ) കേരളം കാവേരി നദിയിൽനിന്ന് 96 റ്റി.എം.സി. ജലം സുപ്രീം കോടതി മുമ്പാകെ ആവശ്യപ്പെട്ടെങ്കിലും കാവേരി തർക്ക ട്രൈബ്യൂണലിന്റെ അവാർഡ് ശരിവച്ചുകൊണ്ട് സുപ്രീം കോടതി 30 റ്റി.എം.സി. ജലമാണ് കേരളത്തിന് അനുവദിച്ചിട്ടുള്ളത്.

(ബി&സി) 2007-ൽ കാവേരി നദീജലതർക്ക ട്രൈബ്യൂണൽ അനുവദിച്ച ജലം പൂർണ്ണമായി വിനിയോഗിച്ചുകൊണ്ട്, കേരളത്തിന് അനുവദിച്ച എല്ലാ പദ്ധതികളും ആവിഷ്കരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കാവേരി ബേസിനിൽ കേരളം വിഭാവന ചെയ്തിട്ടുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

പാമ്പാർ ബേസിനിൽ ചെങ്കല്ലാർ നദിയുടെ കുറുകെ നിർമ്മിക്കുന്ന പട്ടിശ്ശേരി ഡാം ചെങ്കല്ലാർ സ്കീമിൽ ഉൾപ്പെടുന്നതാണ്. ഈ ഡാമിന്റെ ഉപഭോഗം 0.075 റ്റി.എം.സി. ആണ്. പ്രസ്തുത ഡാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ചില സാങ്കേതിക കാരണങ്ങളാൽ മുടങ്ങിയിരിക്കുകയാണെങ്കിലും ഇത് പുനരാരംഭിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

പാമ്പാർ ബേസിനിൽ 0.78 റ്റി.എം.സി. അനുവദിച്ച തലയാർ സ്കീമിൽ ഉൾപ്പെടുന്ന അപ്പർചട്ട മൂന്നാർ ഡാം, ലോവർ ചട്ട മൂന്നാർ ഡാമുകളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുവരുന്നു. 0.52 റ്റി.എം.സി. ജലം അനുവദിച്ചിട്ടുള്ള വട്ടവട സ്കീമിൽ ഉൾപ്പെടുന്ന ഒറ്റമരം പദ്ധതിയുടെ നിർമ്മാണത്തിനുള്ള പര്യവേഷണ പ്രവൃത്തി പുരോഗതിയിലാണ്.

ഭവാനി ബേസിനിൽ 2.87 റ്റി.എം.സി. ജലം ഉപയോഗിക്കുവാനുള്ള അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതിയുടെ പാരിസ്ഥിതികാനുമതിക്കായുള്ള പരിസ്ഥിതി ആഘാത പഠനത്തിന്റെ പരിഗണനാ വിഷയങ്ങൾ (TOR) അംഗീകരിച്ചുതരുന്നതിനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് (MOEFCC) അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും തമിഴ്നാട് സർക്കാരിന്റെ എതിർപ്പിനെയും കാവേരി വിധിക്കെതിരെയുള്ള Civil Appeals സുപ്രീം കോടതിയുടെ പരിഗണനയിലും ആയതിനാലും പ്രസ്തുത പഠനത്തിന്റെ TOR, MOEFCC അംഗീകരിക്കുകയുണ്ടായില്ല. എന്നാൽ 16-2-2018-ലെ കാവേരി കേസിലെ സുപ്രീം കോടതിയുടെ വിധി പ്രകാരം ട്രൈബ്യൂണൽ അനുവദിച്ച കേരളത്തിന്റെ വിഹിതത്തിൽ മാറ്റം വരുത്താത്തതിനാൽ പ്രസ്തുത പദ്ധതിയുമായി മുന്നോട്ട് പോകുന്നതിന് നിയമ തടസ്സങ്ങളില്ല.

ഭവാനി ബേസിനിൽ 0.29 റ്റി.എം.സി. അനുവദിച്ച പാന്തൻതോട് ഡൈവേർഷൻ പദ്ധതിയുടെ അറ്റകുറ്റപ്പണികൾ പുരോഗമിച്ചുവരുന്നു. കാവേരി തർക്ക ട്രൈബ്യൂണൽ അവാർഡ് പ്രകാരം 0.57 റ്റി.എം.സി. ജലം അനുവദിച്ച അരളി-തുടുക്കി ജലസേചന പദ്ധതിയിൽ ഉൾപ്പെടുന്ന തുടുക്കി അണക്കെട്ടിന്റെ സ്ഥാനം സൈലന്റ് വാലി ഉദ്യാനത്തിന്റെ സമീപത്തായിട്ടാണ്. ആയതിനാൽ അരളി അണക്കെട്ടിന് മാത്രമായി, കാവേരി തർക്ക ട്രൈബ്യൂണൽ അനുവദിച്ച 0.57 റ്റി.എം.സി. ജലം ഉപയോഗിക്കുവാൻ സാധ്യമാകുമോ എന്നത് സംബന്ധിച്ച് പര്യവേഷണ ഘട്ടത്തിലാണ്.

കബനി ബേസിനിൽ അനുവദിക്കപ്പെട്ടിട്ടുള്ള 21 റ്റി.എം.സി. ജലത്തിൽ 2.8 റ്റി.എം.സി. ജലം കാരാപ്പുഴ പദ്ധതിക്കായി അനുവദിക്കപ്പെട്ടിട്ടുള്ളതാണ്. 2010 വർഷത്തിൽ ഭാഗികമായി കമ്മീഷൻ ചെയ്ത കാരാപ്പുഴ പദ്ധതിയുടെ ഇടതുകര വലതുകര കനാലിലൂടെ ജലസേചനം നടത്തിവരുന്നുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് അനുവദിക്കപ്പെട്ട മുഴുവൻ ജലവും ഉപയോഗിക്കാൻ സാധിക്കുന്നതാണ്.

ബാണാസുര സാഗർ പദ്ധതിക്കായി അനുവദിക്കപ്പെട്ട 0.84 റ്റി.എം.സി. ജലം പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നമുറയ്ക്ക് ഉപയോഗപ്പെടുത്താൻ സാധിക്കുന്നതാണ്.

കബനി ബേസിനിൽ ബാണാസുര സാഗർ ജലസംഭരണിയിൽനിന്നും കക്കയം ജലസംഭരണിയിലേയ്ക്ക് ജലം തിരിച്ചുവിട്ട് KSEB ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി വൈദ്യുതി ഉത്പാദിപ്പിച്ചതിനുശേഷം ആ ജലം പെരുവണ്ണാമൂഴി/കബനി ജലസംഭരണിയിൽ ശേഖരിച്ച് കുറ്റ്യാടി ജലസേചനത്തിനും കൂടാതെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി കോഴിക്കോട് കോർപ്പറേഷനും ജലം നൽകിവരുന്നു.

കൂടാതെ കാവേരി ജലം കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനായി കബനി ബേസിനിൽ താഴെപ്പറയുന്ന പദ്ധതികളും കാവേരി തർക്ക ട്രൈബ്യൂണൽ അവാർഡിൽ അനുമതി ലഭിച്ചിട്ടുണ്ട്:

കടമാൻതോട് - 1.53 റ്റി.എം.സി., ചൂണ്ടാലിപ്പുഴ-1.31 റ്റി.എം.സി., നൂൽപ്പുഴ-1.25 റ്റി.എം.സി., കല്ലാംപതി - 2.49 റ്റി.എം.സി., തിരുനെല്ലി - 1.8 റ്റി.എം.സി., തൊണ്ടാർ - 1.75 റ്റി.എം.സി., പെരിങ്ങോട്ടുപുഴ – 1.37 റ്റി.എം.സി.

ഇതിൽ കടമാൻതോട്, ചൂണ്ടാലിപ്പുഴ, നൂൽപ്പുഴ എന്നിവയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. മറ്റുള്ളവ ഇൻവെസ്റ്റിഗേഷൻ ഘട്ടത്തിലാണ്.

കൂടാതെ കബനി, പാമ്പാർ, ഭവാനി ബേസിനിൽ ചെറുകിട ജലസേചന പദ്ധതികൾക്കായി ട്രൈബ്യൂണൽ അവാർഡിൽ അനുവദിച്ചിട്ടുള്ള ജലം ഉപയോഗിക്കുന്നതിന് അനുയോജ്യമായ ചെറുകിട പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**പാറശ്ശാല മണ്ഡലത്തിലെ ജലക്ഷാമം പരിഹരിക്കുന്നതിന് നടപടി**

218(2403) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ മലയോര പഞ്ചായത്തുകളിൽ വേനൽക്കാലത്ത് കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പാറശ്ശാല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങൾ കേന്ദ്രീകരിച്ച് വേനൽക്കാലത്തിന് മുന്നോടിയായി കുടിവെള്ള കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) വേനൽക്കാലത്ത് കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിനായി വാൽവുകൾ നിയന്ത്രിച്ച് കാര്യക്ഷമമായ രീതിയിൽ കുടിവെള്ളം എത്തിക്കുകയും ലീക്കുകൾ യഥാസമയം പരിഹരിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പാടാക്കുന്ന ടാങ്കുകളിൽ കുടിവെള്ളം എത്തിക്കുകയും ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.

(ബി) കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പുകൾ വഴിയാണ് നടത്തുന്നത്. ഇത്തരത്തിൽ സ്ഥാപിക്കുന്ന കിയോസ്കുകൾക്ക് ആവശ്യമായ ടാങ്കർ സപ്ലൈ ജലഅതോറിറ്റിയുടെ പദ്ധതികളിൽനിന്നും നൽകുന്നതാണ്.

**തലശ്ശേരി മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി**

219 (2404) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജകമണ്ഡലത്തിൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എന്തെല്ലാം കാര്യങ്ങൾ ആണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിയും ഏതാണെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

തലശ്ശേരി നിയോജകമണ്ഡലത്തിൽ സ്റ്റേറ്റ് പ്ലാൻ 2016-17-ൽ ഉൾപ്പെടുത്തി വയലളം പാർസിക്കുന്ന് ഗ്രാമീണ കുടിവെള്ള പദ്ധതി - പാർസിക്കുന്ന് ഉന്നതതല ടാങ്കിന്റെ റിപ്പയർ പ്രവൃത്തിക്ക് 5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 2017-18 ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി കുടിവെള്ള പദ്ധതി (തലശ്ശേരി-കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി)-യ്ക്കുവേണ്ടിയുള്ള DSR 2016 പ്രകാരം 80.14 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകുകയും, മേൽ പദ്ധതി അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുകയുമാണ്.

**കിഫ്ബിയിൽ ഉൾപ്പെടുത്തിയ കേരള വാട്ടർ അതോറിറ്റി പദ്ധതികൾ**

220 (2405) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17, 2017-18 എന്നീ വർഷങ്ങളിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയുടെ എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകി;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികൾ ഇതിനകം പണി പൂർത്തിയാക്കി; പണി പൂർത്തിയാക്കാത്ത ഓരോ പദ്ധതിയുടെയും നിലവിലെ അവസ്ഥ വിശദമാക്കുമോ;

(സി) കിഫ്ബി ഫണ്ടിൽ നിന്നും ഇതുവരെ പ്രസ്തുത കാര്യത്തിനായി ആകെ എത്ര തുക ചെലവഴിച്ചു ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിരുന്ന 23 കുടിവെള്ള പദ്ധതികൾക്ക് 1257 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ 55 പാക്കേജുകളിലായാണ് നടപ്പിലാക്കുന്നത്. അതിൽ 36 പാക്കേജുകൾ ടെണ്ടർ ചെയ്തുകഴിഞ്ഞു. അവയിൽ 24 പാക്കേജുകളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. 12 പാക്കേജുകളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ശേഷിക്കുന്ന 19 പാക്കേജുകളിൽ 10 പാക്കേജുകൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഇവ ടെണ്ടർ ചെയ്യുന്നതാണ്. ബാക്കിയുള്ള 9 പാക്കേജുകൾ ഇലക്ട്രോ-മെക്കാനിക്കൽ അടക്കമുള്ള പ്രവൃത്തികൾ ആയതിനാൽ ടെണ്ടർ ചെയ്യപ്പെട്ട മുൻ പാക്കേജുകളുടെ പുരോഗതിക്കനുസരിച്ച് ഇവയും ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതാണ്.

കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതി - വിതരണ ശൃംഖല മെച്ചപ്പെടുത്തൽ, മാനന്തവാടി, എടവക, നല്ലൂർനാട് വില്ലേജുകൾക്കുവേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കൽ എന്നീ രണ്ട് പ്രവൃത്തികൾ ഉടൻതന്നെ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

KIIFB 2016-17 പദ്ധതികളുടെ വിവരങ്ങളും അവയുടെ പ്രവർത്തന പുരോഗതിയും വിശദമായി അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു. 2017-2018 ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 34 കുടിവെള്ള പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽ 15 പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകുകയും ഈ 15 പദ്ധതികൾ എല്ലാംതന്നെ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയുമാണ്. 7 പദ്ധതികൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അംഗീകാരത്തിനായി സർക്കാർ പരിഗണനയിലാണ്. ബാക്കിയുള്ള പദ്ധതികളുടെ വിശദമായ സാങ്കേതിക റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയിൽ പുരോഗമിച്ചുവരികയാണ്. കൂടാതെ ബജറ്റ് 2017-18 പ്രഖ്യാപനത്തിൽ തലക്കുളത്തൂർ നാരായണൻചിറ കുടിവെള്ള പദ്ധതിയും ഉൾപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത പ്രദേശത്ത് ജപ്പാൻ കുടിവെള്ള പദ്ധതി നിലവിലുള്ളതിനാൽ മേൽ പദ്ധതി ചിറ സംരക്ഷണം എന്നാക്കി ഇറിഗേഷൻ വകുപ്പിന് നൽകാവുന്നതാണ് എന്ന് കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. കിഫ്ബി 2017-18 പദ്ധതികളുടെ പട്ടിക അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

(സി) കിഫ്ബി ഫണ്ടിൽനിന്നും ഇതുവരെ 26.85 കോടി രൂപ ചെലവഴിച്ചു. കൂടാതെ 7.32 കോടി രൂപ സെന്റേജ് ചാർജായും ലഭിച്ചിട്ടുണ്ട്.

**ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള കരുതൽ നടപടികൾ**

221 (2406) ശ്രീ. രാജു എബ്രഹാം:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽമഴ ലഭിക്കാത്തതിനാൽ വൻനഗരങ്ങളിൽ പ്രത്യേകിച്ച് തിരുവനന്തപുരം നഗരത്തിൽ ആവശ്യത്തിനുള്ള കുടിവെള്ള ലഭ്യത അപകടകരമാംവിധം കുറഞ്ഞുവരുന്നത് കണക്കിലെടുത്ത് കരുതൽ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നഗര ജലവിതരണത്തിന് ഏക സ്രോതസ്സിന് പകരം വിവിധ സ്രോതസ്സുകൾ കണ്ടെത്തി ഏർപ്പെടുത്തുമോ;

(സി) മനുഷ്യ ഇടപെടൽമൂലം നദികൾ വറ്റിവരളുന്നതും ജലം മലിനമാകുന്നതും കണക്കിലെടുത്ത് നദികളുടെ സംരക്ഷണത്തിനും മാലിന്യമുക്തമാക്കുന്നതിനും എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;വിശദമാക്കാമോ;

(ഡി) ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്ത് ജലസംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനും നദികളിൽ തടയണ നിർമ്മിച്ച് പുഴകളിലും സമീപ കരകളിലും ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും ഉള്ള പദ്ധതികളുടെ പുരോഗതി അറിയിക്കാമോ?

ഉത്തരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) വേനൽമഴ ലഭിക്കുവാനുള്ള സമയം കഴിഞ്ഞിട്ടില്ലെങ്കിലും മൺസൂൺ മഴയുടെ ലഭ്യതയിലുണ്ടായ കുറവും മുൻവർഷത്തെ കടുത്ത വരൾച്ചയും കണക്കിലെടുത്ത് ഈ വർഷത്തെ സ്ഥിതിഗതികൾ വിലയിരുത്താൻ ഇതിനകം സംസ്ഥാന തലത്തിൽ രണ്ട് അവലോകന യോഗങ്ങൾ നടത്തുകയുണ്ടായി. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ജല സംഭരണികളിലെ ജലനിരപ്പ് താരതമ്യേന മെച്ചമാണ്. തിരുവനന്തപുരം നഗരത്തില പ്രധാന സ്രോതസ്സായ പേപ്പാറ ഡാമിലെ ഇപ്പോഴത്തെ ജലനിരപ്പ് അനുസരിച്ച് മേയ് മാസം വരെ ജലവിതരണത്തിന് ബുദ്ധിമുട്ടുണ്ടാവില്ലെന്നാണ് കണക്കാക്കിയിട്ടുള്ളത്. അടിയന്തര സാഹചര്യത്തിൽ ബാഷ്പീകരണം കാരണവും വേനൽക്കാലത്തെ അമിത ഉപയോഗം കാരണവും ജലനിരപ്പ് അപകടകരമാംവിധം കുറയുകയാണെങ്കിൽ കഴിഞ്ഞ വർഷം ചെയ്തതുപോലെ നെയ്യാറിൽനിന്നും ജലം എത്തിക്കാവുന്നതാണെന്നിരിക്കിലും ചോർച്ച മൂലവും അനധികൃത ഉപയോഗംമൂലവും ജലനഷ്ടം പരമാവധി കുറയ്ക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജലത്തിന്റെ മിതമായ ഉപയോഗം സംബന്ധിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കാനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്.

കൂടാതെ ജലസേചന പദ്ധതി വിഭാഗം 2-നുകീഴിലെ ജലസേചന പദ്ധതികളോടനുബന്ധിച്ചുള്ള കനാലുകളിലൂടെ വേനൽക്കാലത്ത് ജലവിതരണം നടത്തിവരുന്നുണ്ട്. ഇതുമൂലം പരിസര പ്രദേശങ്ങളിലെ കിണറുകളിൽ ആവശ്യത്തിനുള്ള ജലം ലഭ്യമാകുന്നതാണ്. തിരുവനന്തപുരം നഗരത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി നെയ്യാർ ഇറിഗേഷൻ കനാലുകൾ ബലപ്പെടുത്തി ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുമായി നെയ്യാർ ജലസേചന പദ്ധതിയിൽ 2017-18 ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) നഗര ജലവിതരണത്തിന് ഏക സ്രോതസ്സിന് പകരം ബദൽ സ്രോതസ്സുകൾവഴി ജലവിതരണം നടത്തുന്ന പദ്ധതി ഇതിനോടകംതന്നെ കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലേയ്ക്കായി നെയ്യാർ സംഭരണി സ്രോതസ്സായി ഇത്തരം ഒരു പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) അനിയന്ത്രിതമായ നഗരവത്കരണം, നിലംനികത്തൽ, നീർത്തട നശീകരണം, വനനശീകരണം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ കാരണങ്ങളാലും നദികളിലെ മണലൂറ്റ് കാരണവും ജലസ്രോതസ്സുകൾ വറ്റി വരളുന്ന

സ്ഥിതിവിശേഷമുണ്ട്. നദികളിലെ ജലലഭ്യത കുറയുന്നതനുസരിച്ച് നദീജലത്തിലെ മാലിന്യത്തിന്റെ തോതും വർദ്ധിക്കും. മാലിന്യ ലഘൂകരണം നടക്കുന്നില്ല എന്നതാണ് ഇതിന് കാരണം. നദികളിൽ ലഭ്യമാകുന്ന ജലം കൂടുതൽക്കാലം നിലനിർത്തുന്നതിനാവശ്യമായ തടയണകൾ/റെഗുലേറ്ററുകൾ എന്നിവയുടെ നിർമ്മാണവും നദികളുടെ തീര സംരക്ഷണത്തിനായി വശങ്ങൾ കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തികളും ജലസേചന വകുപ്പ് മുഖേന നടന്നുവരുന്നു. എന്നാൽ നദീതടമാകെ പരിഗണിച്ചുകൊണ്ട്, സമഗ്ര നീർത്തടാധിഷ്ഠിത പദ്ധതി നടപ്പിലാക്കിയാൽ മാത്രമേ നദികളിലെയും ഉപനദികളിലെയും മറ്റ് ജലസ്രോതസ്സുകളിലെയും നീരൊഴുക്ക് നിലനിർത്താൻ കഴിയൂ. ഇതിനായി ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണം (ജലസമൃദ്ധി)യുടെ ഭാഗമായ നീർത്തട പ്ലാനുകൾ തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ സംയോജിപ്പിച്ച് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും ജനപങ്കാളിത്തത്തോടെയും ഏറ്റെടുക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. നീർത്തടാധിഷ്ഠിത ആസൂത്രണത്തിന്റെ സവിശേഷതയായ റിഡ്ജ്-ടു-വാലി (നീർത്തടത്തിന്റെ മുകളിൽനിന്ന് താഴേയ്ക്ക്) സമീപനത്തോടുകൂടി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾവഴി നദികളുടെ നീരൊഴുക്ക് വർദ്ധിപ്പിക്കാനും കഴിയും. ഗുരുതരമായ മാലിന്യപ്രശ്നം നേരിടുന്ന പമ്പ, മീനച്ചിൽ, പെരിയാർ, ഭാരതപ്പുഴ, കല്ലായി, വളപട്ടണം എന്നീ നദികളിലെയും ശാസ്താംകോട്ട, അഷ്ടമുടി, വേമ്പനാട് എന്നീ കായലുകളിലെയും മാലിന്യം നീക്കംചെയ്ത് അവയെ പൂർവ്വ സ്ഥിതിയിലേയ്ക്ക് കൊണ്ടുവരാനും അതുവഴി പരിസ്ഥിതി സുസ്ഥിരത നിലനിർത്തുന്നതിനുമുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനുള്ള കൺസൾട്ടൻസി സർവ്വീസ് ഏർപ്പെടുത്തുന്നതിനായുള്ള പ്രൊപ്പോസൽ അനുമതിക്കായി നാഷണൽ ഹൈഡ്രോളജി പ്രോജക്ടിൽ ഉൾപ്പെടുത്തി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പമ്പാ നദിയുടെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ടുള്ള പമ്പാ ആക്ഷൻ പ്ലാൻ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി ജലസേചന പദ്ധതി വിഭാഗം 2 സ്വീകരിച്ചുവരുന്നു.

(ഡി) <u>കേരള ജല അതോറിറ്റി</u>

ഡാമുകളുടെ അടിത്തട്ടിൽ അടിഞ്ഞുകൂടിയ ചെളിയും മണലും നീക്കി സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം അരുവിക്കര ഡാമിൽ ഒരു പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിൽ വെള്ളം ഉറപ്പാക്കുന്നതിനായി തടയണ നിർമ്മാണം

ഏറ്റെടുക്കുന്നുണ്ട്. ഈ വേനൽക്കാലത്ത് ജലലഭ്യത ഉറപ്പാക്കുന്നതിനായി 35 തടയണകൾ വിവിധ പദ്ധതികളിലായി ഇതിനകം നിർമ്മിച്ചുകഴിഞ്ഞു. ഇവ കൂടാതെ 5 സ്ഥിരം തടയണകളുടെ നിർമ്മാണവും പുരോഗമിച്ചുവരുന്നു.

ജലസേചന വകുപ്പ്

സംസ്ഥാനത്തെ ഡാമുകളിൽ കെട്ടിക്കിടക്കുന്ന ചെളിയും എക്കലും മണലും നീക്കംചെയ്ത് ഡാമുകളുടെ സംഭരണശേഷി പൂർവ്വരൂപത്തിലാക്കുന്നതിനും ലഭിക്കുന്ന മണൽ, കളിമണ്ണ് എന്നിവ പ്രയോജനപ്പെടുത്താനും സമർപ്പിച്ച സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) അംഗീകരിച്ചിട്ടുണ്ട്. SOP യിൽ പറഞ്ഞിരിക്കുന്ന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്തുവാനും അംഗീകാരം നൽകി. ഈ ഡാമുകളിലെ റിസർവോയറുകളിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കലിൽ അടങ്ങിയിരിക്കുന്ന വിവിധ ഘടകങ്ങളുടെ അളവ് വിലയിരുത്തുന്നതിനായി സാമ്പിളുകൾ ശേഖരിക്കുന്ന പ്രവൃത്തി നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിനെയും (NCESS) വിവിധ ഘടകങ്ങളുടെ അളവ് കണ്ടെത്തുന്നതിന് കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെയും (KERI) ഏൽപ്പിക്കുകയുണ്ടായി. ഇതിനായുള്ള മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് (MoU) ഒപ്പുവച്ചു. NCESS-മായുള്ള MoU പ്രകാരം മംഗലം, ചുള്ളിയാർ ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തികളുടെ ഭാഗമായി നടത്തുന്ന സെഡിമെന്റ് ശേഖരണവും അനാലിസിസും സാഹചര്യങ്ങൾ അനുകൂലമാണെങ്കിൽ ചുള്ളിയാറിൽ മാർച്ച് അവസാനത്തോടും മംഗലത്തിൽ ഏപ്രിൽ അവസാനത്തോടുംകൂടി പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. മംഗലം, ചുള്ളിയാർ പദ്ധതികളുടെ ഡീസിൽറ്റേഷൻ നടത്തുന്നതിന് പരിസ്ഥിതി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കാൻ M/s. ULTRA TECH ENVIRONMENTAL CONSULTANCY & LABORATORY എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ തീരുന്ന മുറയ്ക്ക് ആയതിൽനിന്നും കിട്ടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡി.പി.ആർ. തയ്യാറാക്കുകയും ഗ്ലോബൽ ടെണ്ടർവഴി ഈ രണ്ട് റിസർവ്വോയറുകളുടെ ഡീസിൽറ്റിംഗ് പ്രവൃത്തി നടത്തുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ റിസർവോയറുകളിൽനിന്നും ഡീസിൽറ്റേഷൻ നടത്തുമ്പോൾ ഉണ്ടായേക്കാവുന്ന തടസ്സങ്ങളും മറ്റ് പഠന വിവരങ്ങളും വിലയിരുത്തി SOP-യിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പുതുക്കിയ SOP പ്രകാരം ബാക്കി ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ ഡീസിൽറ്റിംഗ്മൂലം പരിസ്ഥിതിക്ക് സംഭവിക്കാവുന്ന വ്യതിയാനങ്ങൾ ലഘൂകരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. ആയതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഡീസിൽറ്റിംഗ് ആരംഭിക്കുമ്പോൾ പ്രാവർത്തികമാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

നദികളിലും സമീപകരകളിലും ജലലഭ്യത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി വിവിധ Plan/Non Plan സ്കീമുകളിൽ ഉൾപ്പെടുത്തി വിവിധ നദികളിൽ തടയണകൾ, വി.സി.ബി.-കൾ, ആർ.സി.ബി.-കൾ എന്നിവയുടെ നിർമ്മാണം നടപ്പിലാക്കിവരുന്നു. വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ജലക്ഷാമവും കുടിവെള്ളക്ഷാമവും പരിഹരിക്കാനും ഉതകുന്ന തരത്തിൽ ഇരുപതോളം നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ മുപ്പതോളം റെഗുലേറ്ററുകൾ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയുടെ ധനസഹായത്തോടെ SPV യായ KIIDC മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയിലെ രൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി വിഭാവന ചെയ്തിട്ടുള്ള മീനച്ചിൽ നദീതട പദ്ധതിയിൽ ഉൾപ്പെടുത്തി പഴുക്കാനത്ത് ഒരു ഡാമും മീനച്ചിൽ നദിക്ക് കുറുകെ 7 മിനി ഡാമുകളും ഒരു ചെക്ക് ഡാമും നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിൽ അരുണാപുരത്ത് നിർമ്മിക്കുന്ന മിനി ഡാമിന്റെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് മിനി ഡാമുകളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചുവെങ്കിലും 2015-16 മുതൽ ബജറ്റ് വിഹിതം ലഭിക്കാതിരുന്നതിനാൽ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിച്ചില്ല. ഇപ്പോൾ പ്രസ്തുത പദ്ധതിയിൽപ്പെട്ട കുറ്റനാൽ കടവ്, ചെംപ്ലാവ് എന്നിവിടങ്ങളിലെ മിനി ഡാമുകളുടെ പ്രൊപ്പോസൽ കിഫ്ബി സ്കീമിൽ ഉൾപ്പെടുത്തി പ്രിൻസിപ്പൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ കാവേരി ട്രൈബ്യൂണൽ വിധി പ്രകാരം കേരളത്തിന് അനുവദിച്ച 30 ടി.എം.സി. ജലത്തിൽ 3 ടി.എം.സി. ജലം സംഭരിക്കുന്നതിനുവേണ്ടി വിഭാവന ചെയ്തിട്ടുള്ള പാമ്പാർ ബേസിൻ പ്രോജക്റ്റിൽ ഉൾപ്പെടുത്തി പാമ്പാർ ബേസിനിൽ വരുന്ന വിവിധ റിവർ സ്കീമുകളിൽ ഡാമുകൾ നിർമ്മിക്കുന്ന പദ്ധതികളും പദ്ധതി വിഭാഗം 2 നുകീഴിൽ നടന്നുവരുന്നു. ഇതിൽ ചെങ്ങലാർ സ്കീമിൽ വരുന്ന പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ തലയാർ സ്കീമിൽ വരുന്ന അപ്പർചട്ട, ലോവർചട്ട ഡാമുകളുടെയും വട്ടവട സ്കീമിൽ വരുന്ന ഒറ്റമരം ഡാമിന്റെയും പര്യവേഷണ പ്രവൃത്തികൾ നടന്നുവരുന്നു.

**ജല അതോറിറ്റിക്ക് കൂടുതൽ തുക കുടിശ്ശിക ഇനത്തിൽ നൽകാനുള്ളവരുടെ പേര് വിവരങ്ങൾ**

222(2407) <u>ശ്രീ. ഡി. കെ. മുരളി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിക്ക് സാമ്പത്തിക ബാദ്ധ്യതകൾ ഉണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ജല അതോറിറ്റിക്ക് വാട്ടർ ചാർജ് ഇനത്തിലോ മറ്റിനങ്ങളിലോ കുടിശ്ശിക തുക ലഭിക്കാനുണ്ടോ;

(സി) എങ്കിൽ ഏറ്റവും കൂടുതൽ തുക കുടിശ്ശിക ഇനത്തിൽ നൽകാനുള്ള ആദ്യത്തെ മുപ്പതു പേരുടെ വിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) ഉണ്ട്. വിശദീകരണം ചുവടെ ചേർക്കുന്നു:

1. വൈദ്യുതി ചാർജിനത്തിൽ നൽകാനുള്ളത് 856.73 കോടി രൂപ 31-12-2017 വരെ പലിശ/പിഴപ്പലിശ എന്നിവ ഒഴികെ)

2. അറ്റകുറ്റപ്പണികൾ - 84.50 കോടി രൂപ – (1-1-2017 മുതൽ 31-12-2017 വരെയുള്ള ബില്ലുകൾ)

3. വിവിധ സ്കീമുകൾക്കായി 269.18 കോടി രൂപയുടെ ബില്ലുകൾ കുടിശ്ശികയുണ്ട്.

4. പെൻഷൻ കമ്മ്യൂട്ടേഷൻ - ഗ്രാറ്റുവിറ്റി കുടിശ്ശിക തുക – 57.58 കോടി രൂപ (കമ്മ്യൂട്ടേഷൻ 1-1-2016 മുതൽ)

5. ശമ്പള പരിഷ്കരണ കുടിശ്ശിക തുക 80.13 കോടി രൂപ

6. പെൻഷൻ പരിഷ്കരണം നടപ്പിലാക്കുന്നതിനാവശ്യമായ തുക – 147.27 കോടി രൂപ

(ബി&സി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**വാട്ടർ അതോറിറ്റിയുടെ ഘടനാപരമായ പുനഃസംഘടന**

223(2408) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളവിതരണം പൂർണ്ണമായും പൊതുമേഖലയിൽ നിലനിർത്തുന്നതിനായി വാട്ടർ അതോറിറ്റിയിൽ ഘടനാപരമായ പുന:സംഘടന നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) മുൻ സർക്കാരുകളുടെ കാലത്ത് ആരംഭിച്ച ജലനിധി പദ്ധതിയും ധാരണാ പത്രത്തിലൂടെയുള്ള വിതരണ ശൃംഖല കൈമാറ്റവും കേരള വാട്ടർ അതോറിറ്റിക്ക് ദോഷകരമായിട്ടുണ്ടോ;

(സി) വാട്ടർ അതോറിറ്റിയിൽ കിഫ്ബിയിലൂടെ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; ഇക്കാര്യത്തിനായി നാളിതുവരെ എന്ത് തുക വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) വെള്ളക്കരം വർദ്ധിപ്പിക്കാതെ നഷ്ടത്തിലേക്ക് കൂപ്പുകുത്തുന്ന വാട്ടർ അതോറിറ്റിയെ എപ്രകാരം രക്ഷിക്കുവാനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) ജലനിധി ഏറ്റെടുത്ത പദ്ധതികളിൽ ചിലത് വെള്ളക്കരം കൃത്യമായി അടയ്ക്കുന്നില്ല.

(സി) കേരള വാട്ടർ അതോറിറ്റിയിൽ 2016-17, 2017-18 കിഫ്ബിയിലൂടെ നടപ്പിലാകുമെന്ന് പ്രഖ്യാപിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി * ഉൾപ്പെടുത്തുന്നു. 2016-17 കിഫ്ബിയിൽ ഉൾപ്പെട്ട പദ്ധതികൾക്ക് 1257.1 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ഇതുവരെ 26.85 കോടി രൂപ ചെലവഴിച്ചു. കൂടാതെ 7.32 കോടി രൂപ സെന്റേജ് ചാർജായും ലഭിച്ചിട്ടുണ്ട്.

(ഡി)

1. വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമാക്കി മാറ്റുകയും ചെയ്യുക.
2. വാട്ടർ അതോറിറ്റിയുടെ ജല വിതരണ ശൃംഖലയിലെ ജല ചോർച്ച തടയുന്നതിന് പഴക്കംചെന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റി സ്ഥാപിക്കുക
3. ഒട്ടനവധി പദ്ധതികൾ ചെറിയ തുക ചെലവഴിച്ച് പൂർണ്ണമായും വിനിയോഗ സജ്ജമാക്കുക.
4. നഗര മേഖലയിലെ ചില പദ്ധതികൾ മുൻഗണന നൽകി പൂർത്തിയാക്കുക.
5. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് ഇതിനായി ആവിഷ്കരിച്ചിട്ടുള്ള കർമ്മ പദ്ധതികൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വാട്ടർ അതോറിറ്റിയിൽ ജലമോഷണം തടയുന്നതിന് സംവിധാനം**

224(2409) ശ്രീ. കെ. എൻ. എ ഖാദർ :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലമോഷണം തടയുന്നതിന് വാട്ടർ അതോറിറ്റിയിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഈ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജലമോഷണം തടയുന്നതിനായി ആന്റിവാട്ടർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് ജലമോഷണം നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ജലമോഷണം ശ്രദ്ധയിൽപ്പെട്ടാൽ കേരള വാട്ടർ സപ്ലൈ ആന്റ് സ്വിവറേജ് ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ കേടായ വാട്ടർ മീറ്ററുകൾ കണ്ടെത്തിയാൽ ഉപഭോക്താക്കൾക്ക് നോട്ടീസ് നൽകുകയും ഒരു മാസത്തിനകം മാറ്റിവച്ചില്ലെങ്കിൽ സർചാർജ് ഈടാക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഈ സംവിധാനത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി വിവിധ ഓഫീസുതലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തുകയും അതുവഴി ഈ സംവിധാനത്തിൽ ഉണ്ടായേക്കാവുന്ന പോരായ്മകൾ വിലയിരുത്തി പരിഹരിച്ച് കാര്യക്ഷമതയോടുകൂടി ജലമോഷണം തടയുവാനുള്ള പ്രവൃത്തികൾ നടത്തിവരുന്നു. നിലവിലുള്ള സ്ക്വാഡുകൾക്ക് പുറമെ പതിനാല് ജില്ലകളിലും ഓരോ സ്ക്വാഡ് രൂപീകരിക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ജലമോഷണത്തിനെതിരെ പ്രവർത്തനം നടത്താറുണ്ട്.

**വെള്ളക്കരം ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം പരിഷ്കരിക്കാൻ നടപടി**

225(2410) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളക്കരം ഓൺലൈനായി അടയ്ക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിലവിലെ സംവിധാനത്തിൽ മുൻകൂറായി തുക അടയ്ക്കാൻ കഴിയുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഓൺലൈനായി തുക അടയ്ക്കുമ്പോൾ സർവ്വീസ് ചാർജ് ഈടാക്കുമെന്നതിനാൽ വളരെ കുറഞ്ഞ വെള്ളക്കരം അടയ്ക്കുന്ന ഗാർഹികോപഭോക്താക്കൾക്കും സർവ്വീസ് ചാർജിനത്തിൽ വെള്ളക്കരത്തേക്കാൾ കൂടുതൽ തുക നൽകേണ്ടി വരുന്ന സ്ഥിതി വിശേഷം ഒഴിവാക്കാൻ തുക മുൻകൂറായി അടയ്ക്കാവുന്ന സംവിധാനം ഉൾപ്പെടുത്തി ഇപ്പോഴത്തെ വാട്ടർ അതോറിറ്റിയുടെ ഓൺലൈൻ പേയ്മെന്റ് സംവിധാനം പരിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ &ബി) ഇല്ല. വെള്ളക്കരം മുൻകൂറായി അടയ്ക്കുന്നതിനായി ഓൺലൈൻ പേമെന്റ് സംവിധാനം പരിഷ്കരിക്കുന്നതാണ്.

**തഴത്തോടുകൾ മെച്ചപ്പെടുത്തുന്നതിന് നടപടി**

226(2411) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിലെ പ്രധാന ജലനിർഗ്ഗമന മാർഗ്ഗങ്ങളായ തഴത്തോടുകൾ മെച്ചപ്പെടുത്തുന്നതിനും ഇതിലേയ്ക്കുള്ള കയ്യേറ്റം റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(ബി) ജലസംരക്ഷണത്തിന് ഏറ്റവും പ്രാധാന്യം നൽകിക്കൊണ്ട് ഇവിടെ ജിയോ പ്രൊട്ടക്ഷൻ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിക്കുന്നതാണ്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തോടുകൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി റവന്യൂ വകുപ്പിനെ അറിയിക്കുന്നതാണ്.

(ബി) ഹരിത കേരളം പദ്ധതിയിലും മറ്റുമായി ഉൾപ്പെടുത്തി അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോ പ്രൊട്ടക്ഷൻ നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി**

227(2412) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച മുൻകരുതൽ നടപടികൾ

വിശദീകരിക്കാമോ; കേരള വാട്ടർ അതോറിറ്റിയിലെ പമ്പ് ഹൗസുകളിലും പ്ലാന്റുകളിലും ജോലിചെയ്യുന്ന ഓപ്പറേറ്റർമാർ ജോലി സമയത്തിന് ശേഷവും അവധി ദിവസങ്ങളിലും ജോലി തുടരേണ്ടിവരുമ്പോൾ അവർക്ക് അർഹതപ്പെട്ട വേജസ് പോലും നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തന്മൂലം പമ്പിംഗ് തടസ്സപ്പെടാതിരിക്കുന്നതിന് ഏർപ്പെടുത്തിയ നടപടി വിശദീകരിക്കാമോ;

(ബി) കേരള വാട്ടർ അതോറിറ്റിയുടെ ഓപ്പറേറ്റിംഗ് മേഖലയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഹെഡ് ഓപ്പറേറ്റർമാർക്ക് നൽകിയ സൂപ്പർവൈസറി ചുമതല സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റിയിലെ അക്കൗണ്ട്സ് വിഭാഗം ജോലികൾ പുറംകരാർ നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ജലക്കരം വർദ്ധന ഇല്ലെന്ന് സർക്കാർ പ്രഖ്യാപിച്ച സാഹചര്യത്തിൽ കെ.ഡബ്ല്യു.എ യുടെ നോൺ പ്ലാൻ ഗ്രാന്റ് വർദ്ധിപ്പിക്കുമോ;

(ഡി) അരുവിക്കരയിലെ കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർ ബോട്ടിലിംഗ് പ്ലാന്റ് നിർമ്മാണ തൽസ്ഥിതി വിശദമാക്കാമോ; കേരള വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ളം എന്നത്തേക്ക് വിപണിയിലിറക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(ഇ) കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കെ.എസ്.ഇ.ബി. മാതൃകയിൽ, സബ് സെക്ഷനും ജീവനക്കാരെത്തന്നെ ഉപയോഗപ്പെടുത്തി ഇലക്ട്രിക്കൽ വിംഗും രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) സംസ്ഥാനം നേരിടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച മുൻകരുതൽ നടപടികൾ ചുവടെ ചേർക്കുന്നു.

(1) ജലലഭ്യതക്കുറവുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ ഇൻടേക്ക് പമ്പ് ഹൗസുകളുടെ സമീപത്തായി താൽക്കാലിക തടയണകൾ നിർമ്മിക്കൽ, ഗ്യാലറി വൃത്തിയാക്കൽ, കിണർ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി വാട്ടർ അതോറിറ്റിയുടെ ജലസ്രോതസ്സുകളെ സംരക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(2) പൈപ്പ് ലൈനുകളുടെയും പമ്പുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പാക്കി ജലചോർച്ച പരമാവധി ഒഴിവാക്കി ജലവിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(3) കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അഭ്യർത്ഥന പ്രകാരം ടാങ്കറുകളിൽ ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള വാട്ടർ അതോറിറ്റിയിലെ പമ്പ് ഹൗസുകളിലും പ്ലാന്റുകളിലും ജോലി ചെയ്യുന്ന ഓപ്പറേറ്റർമാർ ജോലിസമയത്തിനുശേഷവും അവധി ദിവസങ്ങളിലും ജോലി തുടരേണ്ടിവരുമ്പോൾ അവർക്ക് അർഹതപ്പെട്ട വേതനമാണ് നൽകിവരുന്നത്. അതിനാൽ ഇതുമൂലം പമ്പിംഗ് തടസ്സപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

(ബി) ഹെഡ് ഓപ്പറേറ്റർമാർക്ക് സൂപ്പർവൈസറി തസ്തികയിലെ ചുമതലകൾ നൽകിയിട്ടുള്ളത് പരീക്ഷണാടിസ്ഥാനത്തിലാണ്. ഇവരുടെ ആറ് മാസത്തെ പ്രവർത്തനങ്ങൾ പുനരവലോകനം ചെയ്യേണ്ടതുണ്ട്.

(സി) ഉണ്ട്. 2017-18 സാമ്പത്തിക വർഷം 312.19 കോടി രൂപയായിരുന്ന നോൺ പ്ലാൻ ഗ്രാന്റ് 2018-19 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 327.80 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) കുപ്പിവെള്ള പദ്ധതിയുടെ വിവിധ സിവിൽ ജോലികൾ 96% പൂർത്തിയായി. മഴവെള്ള സംഭരണി, ഫാക്ടറിക്ക് പുറത്തുള്ള റോഡ് നിർമ്മാണം എന്നിവയുടെ സിവിൽ ജോലികൾ ബാക്കിയുണ്ട്. ഇലക്ട്രിക്കൽ ജോലികൾ 65% പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ ജോലികളിൽ ജനറേറ്റർ സെറ്റ് സ്ഥാപിക്കൽ, പ്ലാന്റിലെ യന്ത്രസാമഗ്രികളിൽ കണക്ഷൻ കൊടുക്കുന്ന പ്രവൃത്തി, ലൈറ്റ്, ഫാൻ, എ.സി. എന്നിവ ഘടിപ്പിക്കുന്ന പണികൾ എന്നിവയാണ് അവശേഷിക്കുന്നത്. മെക്കാനിക്കൽ ജോലികളിൽ ജലം ശുദ്ധീകരിക്കുന്ന ഉപകരണങ്ങൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. കുപ്പി നിർമ്മിച്ച് അതിൽ വെള്ളം നിറച്ച് ലേബൽ ഒട്ടിച്ച് പാക്കറ്റിലാക്കുന്നതിനുള്ള യന്ത്രസാമഗ്രികൾ 28-2-2018-ൽ എത്തിയിട്ടുണ്ട്. ഇവയുടെ ഇൻസ്റ്റലേഷൻ ജോലികൾ പുരോഗമിച്ചുവരുന്നു.

പ്രസ്തുത പദ്ധതി 2018 ഏപ്രിൽ 30-ഓടുകൂടി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വിവിധ സർക്കാർ ഏജൻസികൾ, ബി.ഐ.എസ്., ഭക്ഷ്യസുരക്ഷാ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽനിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് വാണിജ്യാടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള വിതരണം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

## ആലുവ നിയോജകമണ്ഡലത്തിലെ ജലനിധി പദ്ധതി

228 (2413) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലുവ നിയോജകമണ്ഡലത്തിലെ നെടുമ്പാശ്ശേരി, ചെങ്ങമനാട്, കാഞ്ഞൂർ പഞ്ചായത്തുകളിൽ ജലനിധി മുഖാന്തരമുള്ള കുടിവെള്ള പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

ഉത്തരം

നെടുമ്പാശ്ശേരി, ചെങ്ങമനാട്, കാഞ്ഞൂർ, ശ്രീമൂലനഗരം എന്നീ ഗ്രാമ പഞ്ചായത്തുകൾക്കായുള്ള ജലനിധി കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനുവേണ്ടി 21-1-2017-ൽ കരാർ ഒപ്പിടുകയും സ്കീം റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തിരുന്നു. എന്നാൽ പദ്ധതിയുമായി മുന്നോട്ടുപോകുന്നതിന് റിസർവോയർ നിർമ്മിക്കുവാനാവശ്യമായ സ്ഥലം അതാത് ഗ്രാമപഞ്ചായത്തുകൾ നൽകേണ്ടതുണ്ട്. ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്, ഗ്രാമപഞ്ചായത്തിന്റെതന്നെ ബ്ലോക്ക് നമ്പർ & സർവ്വേ നമ്പർ 19/09-ൽപ്പെട്ട സ്ഥലം നൽകുന്നതിന് തയ്യാറായിട്ടുണ്ട്. നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് ടി പഞ്ചായത്തിലെ റവന്യൂ വകുപ്പിന്റെ വക ബ്ലോക്ക് നമ്പർ 10 സർവ്വേ നമ്പർ 536/2- ലെ 20 സെന്റ് സ്ഥലവും കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ടി പഞ്ചായത്തിലെ രജിസ്ട്രേഷൻ വകുപ്പിന്റെ ബ്ലോക്ക് നമ്പർ 28 സർവ്വേ നമ്പർ 64/2-ൽപ്പെട്ട 20 സെന്റ് സ്ഥലവും ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ജലനിധി നടത്തിവരുന്നു. ഗ്രാമപഞ്ചായത്തുകൾ സ്ഥലം ലഭ്യമാക്കിയാൽ മാത്രമേ പദ്ധതി നടപ്പിലാക്കുന്നതിന് കഴിയുകയുള്ളൂ.

## വർക്കല മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി

229 (2414) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ ഫണ്ടുകൾ ഉപയോഗിച്ച്, എത്ര മീറ്റർ പൈപ്പ്ലൈൻ ദീർഘിപ്പിച്ച് ഗാർഹിക ആവശ്യത്തിനുള്ള വെള്ളമെത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഭൂജലവകുപ്പ് വർക്കല മണ്ഡലത്തിൽ കുടിവെള്ളം നൽകുന്നതിന് ഏതെല്ലാം പദ്ധതികൾ നടപ്പിൽവരുത്തുന്നതിന് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തെറ്റിക്കുളം ബൂസ്റ്റർ പമ്പ് ഹൗസിൽനിന്നും ചെമ്മരുതി പഞ്ചായത്തിലെ ടാങ്കിലേയ്ക്ക് 350 മീറ്റർ വ്യാസമുള്ള ഡി.ഐ.കെ.9 പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിന് 296.15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തിക്ക് 278 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. എസ്.സി.പി. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പട്ടികജാതി കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി 98.13 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞു. വരൾച്ചാ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട 24.50 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് ജല വിതരണം സുഗമമാക്കിയിട്ടുണ്ട്. സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി കാട്ടുവിള പമ്പ് ഹൗസിൽ 4.18 ലക്ഷം രൂപയുടെ പമ്പ് സ്ഥാപിച്ച് എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് 65.31 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 61.92 ലക്ഷം രൂപയ്ക്ക് വർക്കല നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകൾക്കുവേണ്ടി പൈപ്പ് ലൈൻ നീട്ടുന്നതിനും പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് 3950 മീറ്ററും എം.പി. ഫണ്ട് ഉപയോഗിച്ച് 900 മീറ്ററും എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് 3170 മീറ്ററും പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ഗാർഹിക ആവശ്യത്തിനുള്ള വെള്ളമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഭൂജല വകുപ്പ് വർക്കല മണ്ഡലത്തിൽ കുടിവെള്ളം നൽകുന്നതിന് 16 ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 74 കുഴൽക്കിണർ കൈപമ്പുകൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

**വർക്കല മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി**

230(2415) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് വേണ്ടി പെഴ്സ്പെക്ടീവ് പ്ലാൻ തയ്യാറാക്കിയതിനു ശേഷം പി.പി.ഡി. വിഭാഗം വഴി സർവേ നടപടികൾ ആരംഭിച്ചിട്ട് എത്ര മാസമായെന്ന് വ്യക്തമാക്കുമോ;

(ബി) പള്ളിക്കൽ കുടിവെള്ള പദ്ധതിക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എത്ര കാലയളവ് വേണ്ടി വരുമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലയളവ് നിശ്ചയിച്ച് പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സർവ്വേ ജോലികൾ 5-12-2017-ന് ആരംഭിക്കുകയും 29-1-2018-ന് അവസാനിപ്പിക്കുകയും ചെയ്തു.

(ബി) വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സർവ്വേ നടപടികൾ പൂർത്തിയാക്കി ഡ്രോയിംഗ് തയ്യാറാക്കിയിട്ടുണ്ട്. വിതരണ പൈപ്പിന്റെ ഡിസൈൻ തയ്യാറാക്കുന്നതിന് 2 മാസം ആവശ്യമുണ്ട്. ഡിസൈൻ തയ്യാറാക്കിയശേഷം രണ്ട് മാസത്തിനകം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്.

**മുരിയാട്-വേളൂക്കര കുടിവെള്ള പദ്ധതി**

231 (2416) <u>പ്രൊഫ. കെ. യു. അരുണൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുരിയാട്-വേളൂക്കര കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) അഞ്ച് വർഷം മുമ്പ് ഡി.പി.ആർ. തയ്യാറാക്കിയ ഈ പദ്ധതി കിഫ്ബിയിലോ നബാർഡ് സ്കീമുകളിലോ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുരിയാട്- വേളൂക്കര കുടിവെള്ള വിതരണ പദ്ധതിയുടെ ഒന്നാംഘട്ടമായി ഉത്പാദന ഘടകങ്ങൾക്ക് ഡി.എസ്.ആർ. 2014 പ്രകാരം 32.5 കോടി രൂപയുടെ വിശദമായ സാങ്കേതിക റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിരുന്നു. ഇത് ഡി.എസ്.ആർ 2016 പ്രകാരം പുതുക്കി തയ്യാറാക്കേണ്ടതുണ്ട്.

(ബി) കുടിവെള്ള പദ്ധതികൾക്കുള്ള 2018-19 -ലെ നബാർഡിന്റെ വാർഷിക പരിധിയിലുള്ള ധന ലഭ്യതയ്ക്കനുസരിച്ചും നബാർഡിന്റെ നിബന്ധനകൾക്ക് വിധേയമായും ഡി.പി.ആർ. തയ്യാറാക്കി നബാർഡിൽ ഉൾപ്പെടുത്താനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

## കാളിപ്പാറ കുടിവെള്ള പദ്ധതി

232 (2417) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ പ്രധാനമായും ജലം എത്തിക്കുന്ന കാളിപ്പാറ കുടിവെള്ള പദ്ധതി ഏതു വർഷമാണ് ആരംഭിച്ചത്; പദ്ധതി പൂർത്തീകരിക്കുമ്പോൾ എത്ര കോടി രൂപ ചെലവാകുമെന്ന് വിശദീകരിക്കാമോ;

(ബി) കാളിപ്പാറ കുടിവെള്ള പദ്ധതി ഏത് വർഷമാണ് പൂർണ്ണതോതിൽ പൂർത്തീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;ഇതിന്റെ പ്രയോജനം ഏതൊക്കെ പഞ്ചായത്തുകളിൽ ആണ് ലഭിക്കുക എന്ന് വിശദമാക്കാമോ;

(സി) കാളിപ്പാറ കുടിവെള്ള പദ്ധതി പ്രകാരം നെയ്യാറ്റിൻകര നഗര പ്രദേശത്തിന് പുറമെ ഏതൊക്കെ പഞ്ചായത്തുകളിലാണ് 2018 മാർച്ച് 31-ന് മുമ്പ് കുടിവെള്ളം എത്തിക്കാൻ സാധിക്കുന്നത് എന്ന് വിശദമാക്കാമോ;

(ഡി) കാളിപ്പാറ കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഇ) കാളിപ്പാറ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ഭാവി പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) കേന്ദ്ര സഹായത്തോടെയുള്ള എ.ആർ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി കാളിപ്പാറ പദ്ധതിയുടെ ഭാഗമായ ഒറ്റശേഖരമംഗലം കുടിവെള്ള പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾക്ക് 2002-ൽ 20.95 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭിച്ചിരുന്നു. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

(ബി) കാളിപ്പാറ കുടിവെള്ള പദ്ധതി 19-2-2016-ൽ ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. നിലവിൽ കള്ളിക്കാട്, കാട്ടാക്കട, വെള്ളറട, മലയിൻകീഴ് (ഭാഗികം), മാറനല്ലൂർ (ഭാഗികം), നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി (ഭാഗികം), പെരുങ്കടവിള (ഭാഗികം), അമ്പൂരി എന്നിവിടങ്ങളിൽ ശുദ്ധജല വിതരണം നടത്തിവരുന്നു. നെയ്യാറ്റിൻകര റെയിൽവേ ക്രോസിംഗ് അനുമതി ലഭിച്ചാൽ പൊൻവിള വരെയുള്ള ഭാഗത്ത് ജലവിതരണം നടത്താൻ സാധിക്കുന്നതാണ്. കുളത്തൂർ, പാറശ്ശാല, കൊല്ലയിൽ, ചെങ്കൽ, കാരോട് പഞ്ചായത്തുകളിൽ ജലവിതരണം നടത്തുന്നതിനാവശ്യമായ ജലസംഭരണികൾ നിർമ്മിക്കുന്നതിന് വേണ്ട സ്ഥലം ലഭ്യമായിട്ടില്ല. കൂടാതെ പൊൻവിളയിലെ സ്ഥലമേറ്റെടുക്കൽ നടപടികളും പൂർത്തിയാകേണ്ടതുണ്ട്. ഇവയെല്ലാം പൂർത്തിയായാൽ മാത്രമേ പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ കഴിയുകയുള്ളൂ.

(സി) കാളിപ്പാറ പദ്ധതിയുടെ മെയിൻ പൈപ്പ് ലൈനിലൂടെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലും കുളത്തൂർ, പെരുങ്കടവിള (ഭാഗികം), മാറനല്ലൂർ, കൊല്ലയിൽ (ഭാഗികം) ചെങ്കൽ (ഭാഗികം) എന്നിവിടങ്ങളിലും 31-3-2018 -ന് മുമ്പ് കുടിവെള്ളം എത്തിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) നെയ്യാറ്റിൻകര ആശുപത്രി ജംഗ്ഷനിലെ റെയിൽവേ ഓവർക്രോസ്സിംഗിന് നിലവിലുള്ള വ്യാസം കുറഞ്ഞ എ.സി. പൈപ്പ് മാറ്റി എം.എസ്. പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കുകയും അത് സ്ഥാപിക്കുകയും ചെയ്തു. ഇത് കാളിപ്പാറയിൽനിന്നുള്ള 700 മി. മീ. വ്യാസമുള്ള പൈപ്പ് ലൈനുമായി കൂട്ടിയോജിപ്പിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. റെയിൽവേ ക്രോസിംഗ് വഴി 700 മി. മീ. വ്യാസമുള്ള പൈപ്പാണ് സ്ഥാപിക്കേണ്ടിയിരുന്നത്. ഇതിനായി റെയിൽവേയുടെ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ഇ) പൊൻവിളയിലെ ജലസംഭരണിക്കുള്ള സ്ഥലമേറ്റെടുക്കൽ പൂർത്തീകരിക്കേണ്ടതുണ്ട്. ഇത് ലഭ്യമായാൽ അവിടെ സമ്പും ഉപരിതല ജലസംഭരണിയും നിർമ്മിച്ച് കാളിപ്പാറയിൽനിന്നുള്ള ശുദ്ധജലം സാമ്പിൾ ശേഖരിച്ച് പമ്പ് ചെയ്ത് ഉപരിതല ജലസംഭരണിയിലെത്തിച്ച് ചെങ്കൽ, കാരോട്, കുളത്തൂർ, പാറശ്ശാല എന്നീ പഞ്ചായത്തുകളിൽ എത്തിക്കാനാകും. കുളത്തൂർ, പാറശ്ശാല, കൊല്ലയിൽ എന്നീ പഞ്ചായത്തുകളിൽ ജലസംഭരണികൾ നിർമ്മിക്കാനാവശ്യമായ സ്ഥലം ലഭ്യമാക്കിയാൽ ഈ സംഭരണികളിൽ ജലമെത്തിച്ച് പ്രസ്തുത പഞ്ചായത്തുകളിൽ ജലവിതരണം നടത്താവുന്നതാണ്. ഇതിനുള്ള പ്രവർത്തനങ്ങളാണ് വിഭാവന ചെയ്തിട്ടുള്ളത്.

**മാത്തൂർ-കോട്ടായി-പിരായിരി സമഗ്ര കുടിവെള്ള പദ്ധതി**

233 (2418) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ മാത്തൂർ-കോട്ടായി-പിരായിരി സമഗ്ര കുടിവെള്ള പദ്ധതിയുടെ ഇതുവരെയുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; ഈ പദ്ധതിക്ക് തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

പാലക്കാട് ജില്ലയിലെ മാത്തൂർ-കോട്ടായി-പിരായിരി പഞ്ചായത്തുകൾക്കായി ഒരു സമഗ്ര കുടിവെള്ള പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. കണ്ണാടിപ്പുഴ സ്രോതസ്സായ പ്രസ്തുത പദ്ധതിയിൽ 12.5 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാല, മൂന്ന് പഞ്ചായത്തുകളിലും ഉന്നതതല ജലസംഭരണികൾ, ഇവയിലേയ്ക്കുള്ള പമ്പിംഗ് മെയിനുകൾ, പമ്പ് സെറ്റുകൾ എന്നിവയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 3510 ലക്ഷം രൂപയുടെ പദ്ധതിക്കായി ഡി.എസ്.ആർ. 2014 പ്രകാരം വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിരുന്നെങ്കിലും ഡി.എസ്.ആർ. 2016 പ്രകാരം പുതുക്കി തയ്യാറാക്കേണ്ടതുണ്ട്. ഈ പദ്ധതിക്കായി തുക അനുവദിച്ചിട്ടില്ല.

## വർക്കല മണ്ഡലത്തിൽ കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിന് പദ്ധതി

234 (2419) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ഹരിത മിഷന്റെ ഭാഗമായി കുളങ്ങൾ, തോടുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കുളങ്ങൾ, തോടുകൾ എന്നിവ സംരക്ഷിക്കുന്നതിനായി ജലവിഭവ വകുപ്പ് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള പദ്ധതികൾ തയ്യാറാക്കുമോ?

ഉത്തരം

(എ) ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണം (ജലസമൃദ്ധി) യുടെ ഭാഗമായി വർക്കല മണ്ഡലത്തിലെ ചുവടെ ചേർക്കുന്ന നാല് കുളങ്ങളുടെ പുനരുദ്ധാരണത്തിനായി 2017-18 ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. എന്നാൽ കരാറുകാരിൽനിന്നും യാതൊരു പ്രതികരണവും ലഭിക്കാത്തതിനാൽ, പ്രസ്തുത പ്രവൃത്തികൾ വീണ്ടും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ മാത്തനാട് കുളം
2. നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ കണ്ണത്തുകോണം കുളം
3. മടവൂർ പഞ്ചായത്തിലെ തമലാഴികം കുളം
4. ഇലകമൺ ഗ്രാമപഞ്ചായത്തിലെ പാണിൽ കുളം

(ബി) വർക്കല മണ്ഡലത്തിലെ ജലസ്രോതസ്സുകളുടെ നീർത്തടാധിഷ്ഠിത സംരക്ഷണത്തിന്റെ ഭാഗമായി എം.ഐ. ക്ലാസ്-1 ഹരിത കേരളം മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വാട്ടർഷെഡ് ഇന്റർവെൻഷൻസ് ഇൻ പാണിൽ മുത്തോട്ടുംകര മൈക്രോ വാട്ടർ ഷെഡ് (5A 3B) അയിരൂർ റിവർ ബേസിൻ എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുകയും പ്രോജക്ട് മെയിന്റനൻസ് - എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി "കൺസ്ട്രക്ഷൻ ഓഫ് ഫീൽഡ് ചാനൽ ആന്റ് കൺസ്ട്രക്ഷൻ ഓഫ് കൾവർട്ട് ആന്റ് ഇംപ്രൂവ്മെന്റ് ടു പള്ളിക്കൽ പുഴ ഏലാ ഇൻ പള്ളിക്കൽ പഞ്ചായത്ത്" എന്ന പ്രവൃത്തിക്ക് സാമ്പത്തികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

## ഞാറയ്ക്കൽ, മുറിക്കുംപാടം എന്നിവിടങ്ങളിലെ ശുദ്ധജല ടാങ്കുകൾ

235 (2420) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ, മുറിക്കുംപാടം എന്നിവിടങ്ങളിലെ ശുദ്ധജല ടാങ്കുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരുടെ പേര് വിവരം, കരാർ തീയതി, കാലാവധി, കരാർ ദീർഘിപ്പിച്ചു നൽകിയെങ്കിൽ എത്ര തവണ, കരാർ ദീർഘിപ്പിച്ചു നൽകിയ ഉദ്യോഗസ്ഥരുടെ പേരും തസ്തികയും എന്നീ വിവരങ്ങൾ നൽകാമോ;

(ബി) കരാറുകാർക്കെതിരെ എന്തെങ്കിലും തരത്തിലുള്ള നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) വിശദ വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) രണ്ട് പ്രവൃത്തികളിലും പ്രവൃത്തി വൈകിയതിന് പിഴ ചുമത്തിയിട്ടുണ്ട്. നിലവിൽ ഇരു പ്രവൃത്തികളും കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പൂർത്തീകരിക്കാൻ വേണ്ട തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## മുല്ലശ്ശേരി പഞ്ചായത്തിലെ ഊരകം മുട്ടിക്കൽ ചിറ

236(2421) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേച്ചേരി പുഴയുടെ കടാന്തോട് ഭാഗത്തുള്ള മുല്ലശ്ശേരി പഞ്ചായത്തിലെ ഊരകം മുട്ടിക്കൽ ചിറയുടെ ഷട്ടറുകൾ ദ്രവിച്ചുകിടക്കുന്നതിനാൽ വേനൽക്കാലത്ത് വെള്ളം സംഭരിക്കുന്നതിന് പ്രയാസം നേരിടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് വിശദമാക്കുമോ;

(ബി) പ്രസ്തുത ചിറയുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനും സ്വീകരിച്ച അടിയന്തര നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുട്ടിക്കൽ ചിറയ്ക്കുവേണ്ടി മരപ്പലകകൾ നിർമ്മിക്കുന്നതിനും പെയിന്റ്ചെയ്ത് സംരക്ഷിക്കുന്നതിനുമായി 3.55 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റിന് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ഈ വർഷംതന്നെ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഉദയംപേരൂർ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം**

237(2422) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഉദയംപേരൂർ പഞ്ചായത്തിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിലേക്കായി ഏതെങ്കിലും പുതിയ പദ്ധതികൾ തയ്യാറാക്കിവരുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉദയംപേരൂർ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി പദ്ധതി വിഭാവന ചെയ്തുവരുന്നു. കരിങ്ങച്ചിറ പമ്പ് ഹൗസിൽ പുതിയ പമ്പ് സെറ്റ് സ്ഥാപിച്ച് അവിടെനിന്നും ഉദയംപേരൂർ ജംഗ്ഷൻവരെ പുതിയ 400 എം.എം.ഡി.ഐ. പൈപ്പ് 5399 മീറ്റർ നീളത്തിൽ സ്ഥാപിക്കാനും ഉദയംപേരൂർ ജംഗ്ഷൻ മുതൽ വലിയകുളം വരെ 350 എം.എം. ഡി.ഐ. പൈപ്പും സ്ഥാപിക്കാനും വലിയകുളത്ത് ഒരു പുതിയ 15 ലക്ഷം സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണി കൂടാതെ ഉദയംപേരൂർ പഞ്ചായത്തിലെ പഴയതും വ്യാസം കുറഞ്ഞതുമായ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തിയും കൂടി ഈ പ്രോജക്റ്റിൽ ഉൾപ്പെടുന്നുണ്ട്.

(സി) പരിശോധിച്ചുവരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പണി ആരംഭിച്ചുകഴിഞ്ഞാൽ 2 വർഷത്തിനകം പൂർത്തിയാക്കുവാൻ കഴിയുന്നതാണ്.

**കാഞ്ഞിരംകുളം-കരുങ്കുളം-പൂവാർ കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പ്രവൃത്തി**

238(2423) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരംകുളം, കരുങ്കുളം, പൂവാർ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; ഈ പദ്ധതികൾ എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(ബി) കോട്ടുകാൽ- അതിയന്നൂർ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) പൂവാർ കുടിവെള്ള പൈപ്പ് ഡിസ്ട്രിബ്യൂഷൻ ലൈൻ നിർമ്മാണ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(ഡി) വിഴിഞ്ഞം കല്ലിയൂർ വെങ്ങാനൂർ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; ഈ പദ്ധതി എന്നേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയും;

(ഇ) ബാലരാമപുരം കുടിവെള്ള ടാങ്ക് നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാഞ്ഞിരംകുളം-കരിങ്കുളം-പൂവാർ കുടിവെള്ള പദ്ധതിയുടെ ഭാഗമായി പരണിയത്ത് നിർമ്മിക്കാനുള്ള ജലസംഭരണിക്കുവേണ്ട സ്ഥലം കരിങ്കുളം പഞ്ചായത്ത് ലഭ്യമാക്കാത്തതിനാൽ പ്രസ്തുത ജലസംഭരണി നിർമ്മിക്കാനായിട്ടില്ല. ഈ ഘടകം ഒഴികെയുള്ള പദ്ധതിയുടെ മറ്റ് ഘടകങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞു. പദ്ധതിക്കാവശ്യമായ വൈദ്യുതി കണക്ഷൻ ലഭ്യമാകേണ്ടതുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കോട്ടുകാൽ-അതിയന്നൂർ കുടിവെള്ള പദ്ധതിക്കുവേണ്ടി 25 കോടി രൂപ അടങ്കൽ തുകയുള്ള ഒരു വിശദമായ പ്രോജക്ടിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പൂവാർ കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കുള്ള കേന്ദ്ര സഹായത്തിലെ കുറവ് കാരണം പദ്ധതി നിർവ്വഹണം നിർത്തിവയ്ക്കേണ്ടിവന്നു. പദ്ധതിക്കുവേണ്ടി പുതുക്കിയ പ്രോജക്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ഡി) വിഴിഞ്ഞം കല്ലിയൂർ വെങ്ങാനൂർ കുടിവെള്ള പദ്ധതി 26.08.2016-ൽ ഭാഗികമായി കമ്മീഷൻ ചെയ്ത് ശുദ്ധജല വിതരണം നടത്തിവരുന്നു. നിലവിലുള്ള ജലവിതരണ ശൃംഖലകൾ വഴി ജലവിതരണം നടത്തിവരുന്നുണ്ട്.

ആഴാകുളത്ത് 18.40 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെയും മുക്കോലയിൽ 6.20 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെയും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. കോവളം

ജംഗ്ഷൻ മുതൽ ആഴാകുളത്തെ ജലസംഭരണി വരെ 350 മി. മി. വ്യാസമുള്ള ഡക്റ്റൈൽ അയൺ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളും ആഴാംകുളം മുതൽ മുക്കോല ജലസംഭരണി വരെ 250 മി. മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളും 80% പൂർത്തിയായിട്ടുണ്ട്. ദേശീയപാത അധികാരികളിൽനിന്നും റോഡ് കുഴിക്കുന്നതിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാവുന്നതാണ്. വെങ്ങാനൂർ പഞ്ചായത്തിൽ ജലവിതരണ ശൃംഖല സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയുടെ ദർഘാസ് നടപടികൾ പൂർത്തിയായി വരുന്നു. ദേശീയപാത അധികാരികളിൽനിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം നടത്തി കമ്മീഷൻ ചെയ്യാവുന്നതാണ്.

(ഇ) പള്ളിച്ചൽ, വിളവൂർക്കൽ, ബാലരാമപുരം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി ബാലരാമപുരത്തെ 12 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. നിലവിൽ പ്രവൃത്തിയുടെ 60% പൂർത്തിയാക്കിയിട്ടുണ്ട്.

**ജലചൂഷണ കേസുകൾ**

239(2424) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ജലചൂഷണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദവിവരം നല്കുമോ;

(ബി) ഇത്തരം കേസുകളിൽ എത്രപേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

(സി) ജലചൂഷണ കേസുകളിൽ സ്വീകരിച്ചുവരുന്ന ശിക്ഷാനടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

ഉത്തരം

(എ) 2055 കേസുകൾ വാട്ടർ അതോറിറ്റിയുടെ വിവിധ ഓഫീസുകളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അനധികൃത കണക്ഷൻ നൽകിയതിന്റെ പേരിൽ ആറ്റിങ്ങൽ ഡിവിഷന്റെകീഴിൽ ഒരു പോലീസ് കേസും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അതുപോലെ ജലചൂഷണവുമായി ബന്ധപ്പെട്ട് ഭൂജല വകുപ്പിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസിൽ 16 പരാതികളും ആലപ്പുഴ ജില്ലാ ഓഫീസിൽ 8 പരാതികളും എറണാകുളം ജില്ലാ ഓഫീസിൽ 13 പരാതികളും ഹൈക്കോടതി കേസുമായി ബന്ധപ്പെട്ട് 6 പരാതികളും ലഭിച്ചിട്ടുണ്ട്.

(ബി) കേരള ജല അതോറിറ്റി

എല്ലാ കേസുകളിലും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവരിൽനിന്നും 206.19 ലക്ഷം രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. ആറ്റിങ്ങൽ ഡിവിഷന്റെകീഴിൽ ശ്രീ. തുളസി, വിളയിൽവീട്, കടയ്ക്കാവൂർ എന്ന വ്യക്തിക്കെതിരെ ചുറ്റുപാടുള്ള 9 കുടുംബങ്ങൾക്ക് അനധികൃതമായി കണക്ഷൻ കൊടുത്തതിന്റെ പേരിൽ പോലീസിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഭൂജലവകുപ്പ്

തിരുവനന്തപുരം ജില്ലയിൽ 9 പേർക്കും ആലപ്പുഴ ജില്ലയിൽ 5 പേർക്കുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ ഹൈക്കോടതി കേസുമായി ബന്ധപ്പെട്ട് 6 പരാതികളിൽ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഒരു കേസിൽ ഹൈക്കോടതി നിർദ്ദേശ പ്രകാരം സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. ഇത്തരം പരാതികളിൽ ജലചൂഷണം നിയന്ത്രിക്കാൻ ജലക്ഷമതാ പരിശോധന ഉൾപ്പെടെയുള്ള ശാസ്ത്രീയ പഠനങ്ങൾ നടത്തി നടപടി സ്വീകരിക്കുന്നതാണ്. (വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു).

(സി) ജലസേചന വകുപ്പ്

അനധികൃത ഉപരിതല ജലചൂഷണം (5 ഹോഴ്സ് പവർ ശക്തിയുള്ളതോ അതിൽ കൂടുതലായതോ ആയ മോട്ടോർ/പമ്പ് ഉപയോഗിച്ച് ജലം എടുക്കുക) നടത്തുന്നത് കണ്ടുപിടിച്ചാൽ പരമാവധി ഒരു വർഷംവരെ തടവും അയ്യായിരം രൂപ പിഴയും ഒരുമിച്ചോ, തടവ് മാത്രമായോ പിഴശിക്ഷ നൽകാവുന്നതാണ്.

കേരള ജല അതോറിറ്റി

വാട്ടർ സപ്ലൈ സീവേജ് ആക്ട് 1986 സെക്ഷൻ 46 ബി, 46 സി, 46 ഡി പ്രകാരമുള്ള ശിക്ഷാ നടപടികൾ - പിഴ ഈടാക്കുക, കണക്ഷൻ വിച്ഛേദിക്കുക, പിഴ അടയ്ക്കാത്തവ കോടതി വ്യവഹാരത്തിലേയ്ക്ക് സമർപ്പിക്കുക തുടങ്ങിയവ സ്വീകരിച്ചുവരുന്നു.

ഭൂജലവകുപ്പ്

കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) 2002 ആക്ടിലെ വകുപ്പ് 21(2) A, B പ്രകാരം ആദ്യ കുറ്റത്തിന് 2,000 രൂപ വരെയുള്ള പിഴയും രണ്ടാമത്തേയും അതിനുശേഷവുമുള്ള കുറ്റത്തിന് ആറ് മാസക്കാലം വരുന്ന തടവ് ശിക്ഷയോ, 10,000 രൂപ വരെ ആകാവുന്ന പിഴയോ ആണ് നിഷ്കർഷിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുപ്പിവെള്ള കമ്പനിക്കായി ജല അതോറിറ്റി ഒരുക്കിയിട്ടുള്ള സജ്ജീകരണങ്ങൾ

240(2425) ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാന്റേർഡ്സിന്റെ (ബി.ഐ.എസ്.) അംഗീകാരത്തോടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ കുപ്പിവെള്ള കമ്പനികൾ എത്രയാണെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് ഏറെ സാധ്യതയും വലിയ വിപണിയുമുള്ള ഈ മേഖലയിൽ ജല അതോറിറ്റി ആരംഭിക്കാനിരിക്കുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതിക്കായി ഇതിനകം ഒരുക്കിയിട്ടുള്ള സജ്ജീകരണങ്ങൾ എന്തൊക്കെയെന്നുള്ള വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പ്രവർത്തനസജ്ജമാകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ബി.ഐ.എസ്. സംബന്ധിച്ച വിശദാംശങ്ങൾ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ടവയല്ല.

(ബി&സി) കുപ്പിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. വിവിധ സിവിൽ ജോലികൾ 96% പൂർത്തിയായി. മഴവെള്ളസംഭരണി, ഫാക്ടറിക്ക് പുറത്തുള്ള റോഡ് നിർമ്മാണം എന്നിവയാണ് സിവിൽ ജോലികൾ. ഇലക്ട്രിക്കൽ ജോലികൾ 65% പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ ജോലികളിൽ ജനറേറ്റർ സെറ്റ് സ്ഥാപിക്കൽ, പ്ലാന്റിലെ യന്ത്രസാമഗ്രികളിൽ കണക്ഷൻ കൊടുക്കുന്ന പ്രവൃത്തികൾ, ലൈറ്റ്, ഫാൻ, എ.സി. മുതലായവ ഘടിപ്പിക്കുന്ന പണികൾ എന്നിവയാണ് അവശേഷിക്കുന്നത്. മെക്കാനിക്കൽ ജോലികളിൽ ജലം ശുദ്ധീകരിക്കുന്ന ഉപകരണങ്ങൾ സ്ഥാപിച്ചുകഴിഞ്ഞു. കുപ്പി നിർമ്മിച്ച് അതിൽ വെള്ളം നിറച്ച്, ലേബൽ ഒട്ടിച്ച് പാക്കറ്റിനുള്ളിലാക്കുന്നതിനുള്ള യന്ത്ര സാമഗ്രികൾ 28.02.2018-ൽ എത്തിയിട്ടുണ്ട്. ഇവയുടെ ഇൻസ്റ്റലേഷൻ ജോലികൾ പുരോഗമിച്ചുവരുന്നു.

(ഡി) പ്രസ്തുത പദ്ധതി 2018 ഏപ്രിൽ 30-ഓടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പറമ്പിക്കുളം-ആളിയാറിൽനിന്നും കേരളത്തിന് വെള്ളം

241 (2426) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം ആളിയാറിൽ നിന്നും കേരളത്തിന് വെള്ളം നൽകാൻ തയ്യാറാണെന്ന് തമിഴ്നാട് അറിയിച്ചെന്ന ബഹു.മന്ത്രിയുടെ 26.02.2018 - ലെ പത്ര പ്രസ്താവന എന്തടിസ്ഥാനത്തിലാണെന്ന് വിശദമാക്കാമോ;

(ബി) തമിഴ്നാട് സർക്കാർ ഇതിനെ സംബന്ധിച്ച് റിക്കാർഡ് പ്രകാരം എന്തെങ്കിലും കത്ത് സംസ്ഥാനത്തിന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കോപ്പി ലഭ്യമാക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസിദ്ധീകരണത്തിനായി ഒരു പ്രസ്താവനയും 16.02.2018-ൽ പുറപ്പെടുവിച്ചിട്ടില്ല.

നടപ്പ് ജലവർഷത്തിന്റെ (2017-18) തുടക്കം മുതൽതന്നെ പറമ്പിക്കുളം ആളിയാർ പദ്ധതിയിൽനിന്ന് കരാർ പ്രകാരമുള്ള കേരളത്തിന്റെ ജലവിഹിതം നേടിയെടുക്കുന്നതിനായി സർക്കാർ പരമാവധി ശ്രമിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി 26-2-2018-ന് തമിഴ്നാട്ടിലെ കോയമ്പത്തൂരിൽ കേരളത്തിന്റെ പാലക്കാട് ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ ജോയിന്റ് ഡയറക്ടറും തമിഴ്നാടിന്റെ ജലവിഭവ വകുപ്പ് റീജിയണൽ ചീഫ് എഞ്ചിനീയറും തമ്മിൽ ഒരു ചർച്ച നടക്കുകയുണ്ടായി. ഈ ചർച്ചയിൽ കേരളത്തിന് പി.എ.പി.യിൽനിന്ന് ജലം വിട്ടുനൽകാമെന്ന് തമിഴ്നാട് സമ്മതിക്കുകയുണ്ടായി.

(ബി) 26-2-2018-ലെ യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് *ഉള്ളടക്കം ചെയ്യുന്നു.

## മാൻഹോളുകൾ വൃത്തിയാക്കുന്നതിന് പുതിയ സംവിധാനം

242 (2427) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാൻഹോളുകൾ വൃത്തിയാക്കുന്നതിനായി പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനമാകെ മാൻഹോളുകൾ വൃത്തിയാക്കുന്നതിനായി ഈ സംവിധാനം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്. മാൻഹോളുകൾ വൃത്തിയാക്കുന്നതിനായി "ബാൻഡിക്കൂട്ട്" എന്ന പേരിൽ ഒരു റോബോട്ട് സംവിധാനം ജെന്റോബോട്ടിക്സ് എന്ന സ്റ്റാർട്ടപ്പ് സ്ഥാപനം കേരള ജല അതോറിറ്റിയുടെ സഹകരണത്തോടെ വികസിപ്പിച്ചിട്ടുണ്ട്. ഈ യന്ത്ര മനുഷ്യന്റെ പ്രവർത്തനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. കേരള വാട്ടർ അതോറിറ്റിയും കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് കേരള വാട്ടർ അതോറിറ്റി ഇന്നവേഷൻ സോൺ ( KWIZ) ന്റെ ആഭിമുഖ്യത്തിലാണ് ഇത് സാധ്യമാക്കിയത്. നിലവിൽ പരീക്ഷണാടിസ്ഥാനത്തിൽ മാൻഹോളുകളിൽ ഇറക്കി തടസ്സം നീക്കം ചെയ്യുകയും അതുവഴി യന്ത്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(സി) പരീക്ഷണാടിസ്ഥാനത്തിലുള്ള പ്രവർത്തനം വിലയിരുത്തിയശേഷം ഉപയോഗപ്രദമാകുന്നപക്ഷം കേരള വാട്ടർ അതോറിറ്റിയുടെ പരിധിയിൽ നിലവിൽ സ്വിവറേജ് സംവിധാനം ഉള്ള സ്ഥലങ്ങളിൽ വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ലേബർ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി ആന്റ് വെൽഫെയർ ബിൽ

243 (2428) ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച ലേബർ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി ആന്റ് വെൽഫയർ ബില്ലിലെ വ്യവസ്ഥകൾ സംസ്ഥാനത്തെ തൊഴിലാളികളുടെ താല്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് സർക്കാരിന് അഭിപ്രായമുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ ബിൽ സംബന്ധിച്ച സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(1) കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച ലേബർ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി ആന്റ് വെൽഫയർ ബില്ലിന്റെ കരടിൽ സ്കീമുകളെ സംബന്ധിച്ചും തൊഴിലാളികൾക്ക് നൽകേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ചും പരാമർശിക്കുന്നില്ല.

(2) ലേബർ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി ആന്റ് വെൽഫെയർ ബിൽ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നാഷണൽ സോഷ്യൽ സെക്യൂരിറ്റി കൗൺസിൽ, സെൻട്രൽ ബോർഡ് ഓഫ് സോഷ്യൽ സെക്യൂരിറ്റി, സ്റ്റേറ്റ് ബോർഡ് ഓഫ് സോഷ്യൽ സെക്യൂരിറ്റി എന്നിവയിൽ ട്രേഡ് യൂണിയൻ തൊഴിലാളി/തൊഴിലുടമ പ്രതിനിധികൾക്ക് മതിയായ പ്രാതിനിധ്യമില്ല.

(3) നിലവിലുള്ള എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആക്ട്, മിസലേനിയസ് ആക്ട്, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് സ്കീം, എംപ്ലോയീസ് ഡെപ്പോസിറ്റ് ലിങ്ക്സ് ഇൻഷ്വറൻസ് സ്കീം, എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് ആക്ടിന്റെ പരിധിയിലുള്ള വിവിധ സ്കീമുകൾ ഉൾപ്പെടെ റദ്ദാക്കപ്പെടും. നിലവിലുള്ള സ്കീം ഇംപ്ലിമെന്റേഷൻ ഘടന തകർക്കപ്പെടും. പുതിയ സ്കീം നിലവിൽ വരുമ്പോൾ നിലവിലുള്ള ക്ഷേമപദ്ധതികളും ക്ഷേമഫണ്ടുകളും നിലനിൽക്കാത്ത സാഹചര്യം ഉണ്ടാകും. നിലവിലുള്ള ഇ.പി.എഫ്., ഇ.എസ്.ഐ സ്കീമുകൾ തുടരണമോ എന്നത് സംബന്ധിച്ച് കോഡിൽ പരാമർശിക്കുന്നില്ല.

ഇ.പി.എഫ്., ഇ.പി.എസ്., ഇ.എസ്.ഐ. മുതലായ സാമൂഹ്യ സുരക്ഷാ പദ്ധതികൾ കേന്ദ്ര സർക്കാരിൽനിന്നും മാറ്റി സംസ്ഥാനങ്ങൾക്ക് നൽകാനുള്ള ശിപാർശ ഉചിതമല്ല.

കേരളത്തിൽ നിലവിലുള്ള ക്ഷേമനിധികളിൽ നാമമാത്രമായ അംശദായമേ തൊഴിലാളികളിൽനിന്ന് ഈടാക്കിവരുന്നുള്ളൂ.

പുതിയ നിയമപ്രകാരം തൊഴിലാളി അടയ്ക്കേണ്ടിവരുന്നത് വേതനത്തിന്റെ 12.5% ആണ്. നിലവിൽ 10,000 രൂപ മാസശമ്പളമുള്ള ഒരു പീടികത്തൊഴിലാളി മാസം 20 രൂപ അംശദായം അടയ്ക്കുമ്പോൾ പുതിയ നിയമപ്രകാരം 1250 രൂപ അടയ്ക്കേണ്ടതായി വരും. അസംഘടിത മേഖലയിലെ ലക്ഷോപലക്ഷം തൊഴിലാളികളാണ് നാമമാത്രമായ അംശദായം നൽകി വിവിധ തരത്തിലുള്ള ആനുകൂല്യങ്ങൾ കേരളത്തിൽ കൈപ്പറ്റിവരുന്നത്. പുതിയ നിയമപ്രകാരമുള്ള തൊഴിലാളി വിഹിതം നൽകാൻ കഴിയാതെ വന്നാൽ ഇവർക്ക് തങ്ങളുടെ രജിസ്ട്രേഷൻ നിലനിർത്താൻ കഴിയാതെവരും.

(4) സംസ്ഥാന തലത്തിൽ സ്കീം നടപ്പിലാക്കുന്നതിന് സ്വകാര്യ പങ്കാളിത്തം നൽകാനുള്ള തീരുമാനം ആശാസ്യമല്ല.

(5) അസംഘടിത മേഖലയിലെ തൊഴിലാളികൾ, അപ്രന്റീസുകൾ എന്നിവർക്ക് നൽകുന്ന ആനുകൂല്യം സംബന്ധിച്ചും അവ്യക്തത നിലനിൽക്കുന്നു.

(6) സംഘടിത മേഖലകളിലെയും അസംഘടിത മേഖലകളിലെയും തൊഴിലാളികളുടെ സേവന വേതന മേഖലകളിൽ നിലനിൽക്കുന്ന അന്തരം പരിഗണിച്ചിട്ടില്ല. ഇരു വിഭാഗം തൊഴിലാളികളും ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് മാസവേതനത്തിന്റെ 12.5% നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ദേശീയതലത്തിലും സംസ്ഥാനതലത്തിലും അതിവിപുലമായ രീതിയിൽ വിഭാവനം ചെയ്യുന്ന ഈ സാമൂഹ്യ സുരക്ഷാ സംവിധാനത്തിന്റെ വിവിധ തലത്തിലുള്ള നിർവ്വഹണം മധ്യവർത്തി ഏജൻസികൾ മുഖേന നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് കാണുന്നു. ഫണ്ട് മാനേജ്മെന്റ്, സേവനദാനം, ആനുകൂല്യ വിതരണം, രേഖാ സൂക്ഷിപ്പ് എന്നിവയ്ക്കെല്ലാം ഇപ്രകാരമുള്ള ഏജൻസികൾക്ക് ലൈസൻസ് നൽകുമെന്നാണ് പറയുന്നത്. തൊഴിൽവകുപ്പും വിവിധ ക്ഷേമബോർഡുകളും ഉൾപ്പെടെയുള്ള സർക്കാർ സംവിധാനം നമ്മുടെ സംസ്ഥാനത്ത് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഇ.പി.എഫ്., ഇ.എസ്.ഐ. സംവിധാനങ്ങൾക്ക് നിലവിലുള്ള ജീവനക്കാരും സംഘടനയും നിയമ നിർദ്ദേശപ്രകാരം സാമൂഹ്യസുരക്ഷാ ബോർഡുകളിലേയ്ക്ക് വിന്യസിക്കേണ്ടിവരും. സർക്കാർ നിയന്ത്രിത സംവിധാനങ്ങൾ നിലനിൽക്കുമ്പോൾ സർക്കാരിതര മധ്യവർത്തി ഏജൻസികളെ നിർവ്വഹണം ഏൽപ്പിക്കുന്നത് അഭികാമ്യമല്ല.

മറ്റൊരു സുപ്രധാന വിഷയം ഫണ്ട് മാനേജ്മെന്റുമായി ബന്ധപ്പെട്ടതാണ്. സംസ്ഥാന ബോർഡിൽനിന്നും വരുന്ന അധിക ഫണ്ടുകൾ സെൻട്രൽ ബോർഡിലേയ്ക്ക് അടവാക്കണമെന്നും അത് പ്രൊഫഷണൽ വൈദഗ്ദ്ധ്യത്തോടെ നിക്ഷേപ സാധ്യതകൾക്കായി വിനിയോഗിക്കണമെന്നും സ്കീം നടപ്പിലാക്കുന്നതിന്റെ ചെലവിനങ്ങൾക്ക് അത് സംസ്ഥാന ബോർഡുകളിലേയ്ക്ക് മടക്കി നൽകുമെന്നാണ് പറയുന്നത്. ഈ നിർദ്ദേശം തൊഴിലാളി താത്പര്യത്തിന് എതിരാകുമെന്ന നിഗമനമാണ് സംസ്ഥാന സർക്കാരിനുള്ളത്.

(ബി) ഉണ്ട്.

## മതിയായ സുരക്ഷാ സംവിധാനങ്ങളില്ലാതെ നിർമ്മാണ മേഖലയിൽ അപകടങ്ങൾ

244(2429) <u>ശ്രീ. രാജു എബ്രഹാം :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർമ്മാണ മേഖലയിൽ മതിയായ സുരക്ഷാ സംവിധാനങ്ങൾ ഇല്ലാതെ തൊഴിലാളികൾ അപകടങ്ങളിൽപ്പെട്ട് മരണമടയുന്നതും ഗുരുതരമായി പരിക്കേൽക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; കഴിഞ്ഞ 3 വർഷത്തിനുള്ളിൽ ഇത്തരത്തിൽ അപകടങ്ങളിൽപ്പെട്ട് മരിച്ചവരുടേയും ഗുരുതരമായി പരിക്കേറ്റവരുടെയും എണ്ണം ലഭ്യമാക്കാമോ:

(ബി) നിർമ്മാണ മേഖലയിൽ തൊഴിലാളികൾ, നിർബന്ധമായും ഹെൽമെറ്റ് ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങൾ ധരിച്ച് സുരക്ഷ ഉറപ്പാക്കുന്നതിന് കർശന നിയമങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിനും നിയമം പാലിക്കുന്നോ എന്ന് ഉറപ്പവരുത്തുന്നതിന് പരിശോധനകൾ നടത്തുന്നതിനും ഇതിന് വ്യതിയാനം വരുത്തുന്ന കരാറുകാർക്കെതിരെ കർശനനടപടി സ്വീകരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ:

(സി) ഇത്തരത്തിൽ അപകടങ്ങളിൽപ്പെടുന്ന തൊഴിലാളികളുടെ ചികിത്സയ്ക്കും തുടർ ജീവിതത്തിനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഇതിനായി ഒരു പ്രത്യേക പദ്ധതി നടപ്പാക്കാൻ സർക്കാർ തയ്യാറാകുമോ;

(ഡി) നിർമ്മാണ മേഖലയിലെ അപകടങ്ങളിൽ മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് അർഹമായ നഷ്ടപരിഹാരവും സാമ്പത്തിക സഹായവും ലഭ്യമാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ (2014-15, 2015-16, 2016-17) 110 അപകട മരണങ്ങളും 8949 അപകടങ്ങളും ടി മേഖലയിൽ നടന്നിട്ടുണ്ട്.

(ബി) ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കാതെ സംസ്ഥാനത്ത് പല ഭാഗത്തും കെട്ടിട നിർമ്മാണം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 8-6-2017-ന് സംസ്ഥാനത്ത് വ്യാപകമായി തൊഴിൽ വകുപ്പ് സ്പെഷ്യൽ സ്ക്വാഡ് പരിശോധന നടത്തുകയുണ്ടായി. ഈ പരിശോധനയിൽ, സുരക്ഷാ സംവിധാനം ഒരുക്കാതെ 71 സ്ഥാപനങ്ങൾ നിർമ്മാണ പ്രവർത്തനം നടത്തിവന്നത് ശ്രദ്ധയിൽപ്പെടുകയും നിയമലംഘനങ്ങൾക്കെതിരെ ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് നിയമം 1979, കരാർ തൊഴിലാളി നിയമം 1970, ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് നിയമം 1996 എന്നീ നിയമങ്ങൾ പ്രകാരമുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ, ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പുകളാണ് സുരക്ഷാ മാനദണ്ഡങ്ങൾ സംബന്ധിച്ച നടപടി സ്വീകരിച്ചു വരുന്നത്. കൂടാതെ ഇപ്രകാരം സുരക്ഷാ മാനദണ്ഡങ്ങൾ ഒരുക്കാതെ നിർമ്മാണം നടക്കുന്ന സ്ഥലത്ത് അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾതന്നെ ഇൻസ്പെക്ടർമാർ സ്ഥലപരിശോധന നടത്തുകയും മാനദണ്ഡങ്ങൾ പാലിക്കാതെയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടാൽ പ്രവർത്തനം പൂർണ്ണമായും നിർത്തിവയ്ക്കുന്നതിന് തൊഴിലുടമയ്ക്കും കോൺട്രാക്ടർക്കും നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.

കെട്ടിടനിർമ്മാണ മേഖലയിൽ തൊഴിലാളികൾക്ക് ആരോഗ്യവും സുരക്ഷയും ഉറപ്പുവരുത്തുന്നതിലേയ്ക്ക് സുരക്ഷാ മാന്വലിൽ സുരക്ഷാ ആഡിറ്റിംഗിന് യോഗ്യതയുള്ള ഏജൻസികളെ കണ്ടെത്തുന്നതിനുള്ള വ്യവസ്ഥകൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ഇവ നിലവിലില്ലാത്തതിനാൽ സുരക്ഷാ ആഡിറ്റിംഗിനായി അക്രഡിറ്റേഷൻ ബോർഡുകളുടെ അംഗീകാരം ലഭിച്ച ഏജൻസികളെ നിയോഗിക്കണമെന്ന വ്യവസ്ഥ സുരക്ഷാ മാന്വലിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിർമ്മാണ മേഖല ഉൾപ്പെടെ വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് 2 ലക്ഷം രൂപയുടെ അപകടമരണ ഇൻഷ്വറൻസും 15000 രൂപയുടെ ചികിത്സാസഹായവും നൽകുന്ന ആവാസ് പദ്ധതിയും നടപ്പാക്കിവരുന്നുണ്ട്.

(സി) നിലവിലുണ്ട്. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്ത അംഗ തൊഴിലാളികൾ അപകടത്തെ തുടർന്ന് ഇൻപേഷ്യന്റായോ പ്ലാസ്റ്ററിട്ടോ ഔട്ട്പേഷ്യന്റായോ സർക്കാർ ആശുപത്രിയിലോ ബോർഡ് അംഗീകരിച്ച സ്വകാര്യ-സഹകരണ ആശുപത്രികളിലോ അഞ്ചോ അതിൽ കൂടുതലോ ദിവസം ചികിത്സ നടത്തിയാൽ തൊഴിലാളിക്ക് ആദ്യ അഞ്ച് ദിവസത്തിന് 500 രൂപയും തുടർന്നുള്ള ഓരോ ദിവസത്തേയ്ക്കും 70 രൂപ വീതം പരമാവധി 20,000 രൂപയും അപകട ചികിത്സാ സഹായമായി ലഭിക്കുന്നതാണ്. ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടത്തെത്തുടർന്ന് 100% സ്ഥായിയായ അവശത സംഭവിക്കുന്ന തൊഴിലാളിക്ക് 1,00,000 രൂപ അപകട ധനസഹായമായി ലഭിക്കും, 1,100 രൂപ അവശതാ പെൻഷനായി ബോർഡ് നൽകുന്നു.

ഇതുകൂടാതെ ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷയ്ക്കായി ആവാസ് എന്ന ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിവരുന്നു. നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഈ പദ്ധതിയിൻകീഴിലെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

(ഡി) നിർമ്മാണ തൊഴിലാളി ക്ഷേമബോർഡിലെ അംഗതൊഴിലാളി ജോലിക്കിടെയുണ്ടാകുന്ന അപകടത്തെത്തുടർന്ന് മരിക്കുകയാണെങ്കിൽ ടിയാന്റെ ആശ്രിതർക്ക്/അവകാശികൾക്ക് 3 ലക്ഷം രൂപ ധനസഹായമായി ലഭിക്കുന്നതാണ്. “ ആവാസ്" പദ്ധതിയിലൂടെ 2 ലക്ഷം രൂപ അപകടമരണ ധനസഹായമായി ഇതര സംസ്ഥാന തൊഴിലാളികൾക്ക് നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തൊഴിൽ സ്ഥലത്തുള്ള എല്ലാവിധ അപകടങ്ങൾക്കും ഇ.സി.സി. വഴി നഷ്ടപരിഹാരം നേടിക്കൊടുക്കുന്നതിനുവേണ്ടി ഇത്തരം അപകടങ്ങൾ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർക്ക് യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് തൊഴിൽവകുപ്പ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**കിലയുടെ രാജ്യാന്തര പഠനഗവേഷണ പരിശീലന കേന്ദ്രം**

245 (2430) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിലയുടെ രാജ്യാന്തര പഠന ഗവേഷണ പരിശീലന കേന്ദ്രം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനായി ലേബർ ആന്റ് എംപ്ലോയ്മെന്റ് വകുപ്പ് അധികൃതർ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ;

(ബി) എത്ര ഏക്കർ സ്ഥലമാണ് അവർ ആവശ്യപ്പെട്ടിട്ടുള്ളത്;

(സി) ഇക്കാര്യത്തിൽ സർക്കാർ എന്ത് നിലപാട് എടുത്തുവെന്നും എവിടെയാണ് സ്ഥലം അനുവദിക്കുന്നതെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 3 ഏക്കർ സ്ഥലമാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

(സി) 'കില'-യുടെ ആവശ്യം പരിശോധിച്ചുവരുന്നു.

**സ്വകാര്യ നിർമ്മാണ മേഖല**

246 (T*2431) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സ്വകാര്യ നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന കരാറുകാർക്ക് ലൈസൻസ്, ക്ഷേമനിധി, പെൻഷൻ തുടങ്ങിയവ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ: വ്യക്തമാക്കുമോ?

ഉത്തരം

1970 -ലെ കോൺട്രാക്ട് ലേബർ (റെഗുലേഷൻ & അബോളിഷൻ) ആക്ട് പ്രകാരം 20-ഓ അതിൽ കൂടുതലോ കരാർ തൊഴിലാളികളെ ഉപയോഗിച്ച് പണിയെടുപ്പിക്കുന്ന കരാറുകാരന് അപേക്ഷയുടെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പിൽനിന്ന് ലൈസൻസ് അനുവദിച്ചുവരുന്നു. നിർമ്മാണ മേഖലയിലെ കരാറുകാർക്കും ടി നിയമപ്രകാരം ലൈസൻസ് ലഭിക്കുന്നതാണ്. കരാറുകാർക്ക് ക്ഷേമനിധി, പെൻഷൻ തുടങ്ങിയവ നടപ്പാക്കുന്ന കാര്യം ഇപ്പോൾ തൊഴിൽ വകുപ്പിന്റെ പരിഗണനയിലില്ല.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## യുവാക്കളിലെ തൊഴിലില്ലായ്മ

247(2432) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കളിലെ തൊഴിലില്ലായ്മ നിരക്ക് മറ്റ് സംസ്ഥാനങ്ങളിലെ നിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെയധികം കൂടി നിൽക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനായി നിലവിലുള്ള തൊഴിൽദായകപദ്ധതികളും നൈപുണ്യവികസന പരിപാടികളും പുനഃക്രമീകരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഇത്തരത്തിൽ ഒരു മാറ്റത്തിനായി എന്തെല്ലാം പരിഷ്കാരങ്ങളാണ് തൊഴിൽമേഖലയിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിലിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തൊഴിലില്ലായ്മ നിരക്ക് കണക്കാക്കുമ്പോൾ തൊഴിലില്ലായ്മ നിരക്ക് കൂടിയ സംസ്ഥാനങ്ങളിൽ കേരളം അഞ്ചാം സ്ഥാനത്താണ്. ടി നിരക്ക് താഴെ ചേർക്കുന്നു.

(2014 വരെയുള്ള കണക്കിന്റെ അടിസ്ഥാനത്തിൽ)

| | |
|---|---|
| 1. തമിഴ്നാട് | - 16.6% |
| 2. പശ്ചിമ ബംഗാൾ | - 15.9% |
| 3. ഉത്തർപ്രദേശ് | - 14.2% |
| 4. മഹാരാഷ്ട്ര | - 7.9% |
| 5. കേരളം | - 7.7% |

മേൽ സൂചിപ്പിച്ചിരിക്കുന്ന കണക്കിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് സംസ്ഥാനങ്ങൾ കേരളത്തെക്കാളും ജനസംഖ്യ കൂടുതലുള്ളവയാണ്. ഈ വസ്തുത പരിഗണിക്കുമ്പോൾ കേരളത്തിലെ വിദ്യാഭ്യാസ പുരോഗതിക്കും രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണത്തിനും ആനുപാതികമായ വർദ്ധന മാത്രമേ ഉണ്ടായിട്ടുള്ളൂ എന്ന് വിലയിരുത്തിയിട്ടുണ്ട്.

(ബി) കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനായി നൈപുണ്യ വികസന പരിപാടികളുമായി ബന്ധപ്പെടുത്തി സർക്കാർ സ്വീകരിച്ച നടപടികൾ താഴെ കൊടുക്കുന്നു:

(I) ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി 'കൈവല്യ' എന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയിൽ നാല് ഘടകങ്ങളുണ്ട്.

(1) വൊക്കേഷണൽ & കരിയർ ഗൈഡൻസ്

(2) കപ്പാസിറ്റി ബിൽഡിംഗ്

(3) മത്സര പരീക്ഷകൾക്കുള്ള പരിശീലനം

(4) സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള പലിശരഹിത വായ്പാ പദ്ധതി.

(II) അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് വിവിധ നൈപുണ്യ വികസന പരിപാടികൾ നിലവിൽ നടത്തിവരുന്നുണ്ട്.

(1) എംപ്ലോയബിലിറ്റി സെന്റർ

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സസ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം നൽകിവരുന്നു. നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം ടി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

(2) മോഡൽ കരിയർ സെന്റർ

കേന്ദ്ര സർക്കാരിന്റെ തൊഴിൽ നയത്തിന്റെ ഭാഗമായി, രാജ്യത്തുടനീളം കരിയർ സേവനങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും നൽകി രാജ്യത്ത് വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന ഒരു പുതിയ പദ്ധതിയാണ് 'മോഡൽ കരിയർ സെന്റർ'. ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ കൗൺസിലിംഗ് നൽകുകയും ഏതെങ്കിലും നൈപുണ്യത്തിന്റെ അഭാവമുള്ളപക്ഷം അവരെ പരിശീലന കേന്ദ്രത്തിലേയ്ക്ക് നയിച്ച് നൈപുണ്യ പരിശീലനം നൽകി ശരിയായ തൊഴിൽ നേടിയെടുക്കുന്നതിന് മോഡൽ കരിയർ സെന്ററുകൾ പ്രയോജനപ്പെടുന്നു.

(3) <u>കരിയർ ഡെവലപ്മെന്റ് സെന്റർ</u>

ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തിക വർഷത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(III) സമൂഹത്തിലെ തൊഴിൽരഹിതർക്ക് കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നിലവിൽ വിവിധ സ്വയംതൊഴിൽ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(1) <u>കെസ്റു</u>

എംപ്ലോയ്മെന്റ് എക്സ്ചെഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, കുടുംബ വാർഷിക വരുമാനം 1,00,000 രൂപ അധികരിക്കാത്ത 21-നും 50-നും ഇടയിൽ പ്രായമുള്ള ഉദ്യോഗാർത്ഥികൾക്ക് പരമാവധി ഒരു ലക്ഷം രൂപവരെ 20% സബ്സിഡിയോടെ, ബാങ്കുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന വ്യക്തിഗത/സംയുക്ത സ്വയംതൊഴിൽ ലഭിക്കുന്ന വായ്പാ പദ്ധതിയാണിത്.

(2) <u>മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ്/ ജോബ് ക്ലബ്ബ്</u>

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപ അധികരിക്കാത്ത 21-നും 45-നും ഇടയിൽ പ്രായമുള്ള (നിയമാനുസൃത വയസ്സിളവ് ബാധകം) ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്ന പദ്ധതിയാണിത്.

(3) <u>ശരണ്യ</u>

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ അശരണരായ വനിതകൾക്ക് മാത്രമായി എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന പദ്ധതിയാണിത്. കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്ത 18-നും 55-നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് 50,000 രൂപവരെ പലിശരഹിത വായ്പ അനുവദിക്കുന്നു.

(4) <u>നവജീവൻ</u>

മുതിർന്ന പൗരൻമാർക്ക് ജീവനോപാധി പ്രദാനം ചെയ്ത് സാമ്പത്തിക സ്വാശ്രയത്വം ഉറപ്പുവരുത്തുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നൂതന പദ്ധതിയാണ് 'നവജീവൻ'. സംസ്ഥാന സർക്കാരിന്റെ വയോജന നയത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ, സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിക്കുള്ളിലുള്ള പൗരന്മാർക്ക്, അവർക്ക് അനുയോജ്യമായ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലളിതമായ വ്യവസ്ഥകളോടെ പലിശരഹിത വായ്പ ഈ പദ്ധതിയിലൂടെ നൽകുന്നു.

**ഇതരസംസ്ഥാനങ്ങളിലെ തദ്ദേശീയരായ തൊഴിൽ സംവരണ പദ്ധതികൾ**

248(2433) <u>ശ്രീ. മഞ്ഞളാംകുഴി അലി:</u>

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശീയ തൊഴിൽ സംവരണ പദ്ധതികൾക്കായി വിവിധ സംസ്ഥാനങ്ങൾ തയ്യാറെടുക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതരസംസ്ഥാനങ്ങളിൽ ജോലിനോക്കുന്ന മലയാളികളുടെ തൊഴിൽ സാധ്യതകളെ ഈ തീരുമാനം എത്രത്തോളം ബാധിക്കുമെന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ഏതെങ്കിലും തരത്തിലുള്ള വിശകലനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിനെയോ ഇത്തരം സംസ്ഥാനങ്ങളെയോ സംസ്ഥാന സർക്കാരിന്റെ ആശങ്കകൾ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി &സി) ഇല്ല.

## തോട്ടം തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ

249(2434) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻനായർ കമ്മിറ്റി റിപ്പോർട്ടിന്റെ ശിപാർശകളിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ-പാർപ്പിട മേഖലകളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പാർപ്പിട സൗകര്യം നൽകുന്ന കാര്യത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി സർക്കാർ നിയമിച്ച റിട്ട. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വിഷയം ചർച്ച ചെയ്യുന്നതിനായി തൊഴിൽ വകുപ്പുമന്ത്രി 6-2-2017-ാം തീയതി തൊഴിലുടമ/തൊഴിലാളി പ്രതിനിധികളുടെ യോഗം വിളിച്ചുചേർക്കുകയും ടി യോഗത്തിൽ ടി റിപ്പോർട്ടിന്മേലുള്ള അഭിപ്രായവും നിർദ്ദേശവും തൊഴിലാളി/തൊഴിലുടമ പ്രതിനിധികൾ എഴുതി നൽകുവാൻ തീരുമാനിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

കൂടാതെ തോട്ടം മേഖലയിലെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി മുഖ്യമന്ത്രി 9-5-2017-ാം തീയതി വിളിച്ചുചേർത്ത യോഗത്തിൽ റിട്ട. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായുള്ള ശിപാർശ സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലുമാണ്. തുടർന്ന് തോട്ടം മേഖലയിലെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി മുഖ്യമന്ത്രി 26-2-2018-ന് വിളിച്ചുചേർത്ത തൊഴിലാളി യൂണിയൻ പ്രതിനിധികളുടെ യോഗത്തിൽ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റി, സബ്കമ്മിറ്റിയുടെ ശിപാർശകൾ ചർച്ച ചെയ്യുകയും മേൽ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. സ്കീം നടപ്പിലാക്കുന്നതിന് ആവശ്യമായ നിയമ ഭേദഗതികൾ വരുത്തണമെന്നും തോട്ടങ്ങളിൽ നിലവിലുള്ള പഴക്കമുള്ളതും പൊട്ടിപ്പൊളിഞ്ഞതും മനുഷ്യവാസത്തിന് യോഗ്യമല്ലാത്തതുമായ ലയങ്ങൾ പൊളിച്ചുമാറ്റി രണ്ട് കിടപ്പുമുറികളുള്ള കെട്ടിടങ്ങൾ നിർമ്മിച്ചുനൽകി അത്തരം കെട്ടിടങ്ങൾക്ക് വർക്കേഴ്സ് ക്വാർട്ടേഴ്സ് എന്ന് നാമകരണം ചെയ്യണമെന്നും പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണ ചെലവ് തൊഴിലുടമയും സംസ്ഥാന സർക്കാരും തുല്യമായി വഹിക്കണമെന്നും റിട്ട. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

1951-ലെ പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരം തോട്ടം തൊഴിലാളികളുടെ മെഡിക്കൽ സൗകര്യം തൊഴിലുടമ നിർവഹിക്കണമെന്ന വ്യവസ്ഥ നിലനിൽക്കുന്നതിനാൽ ടി മേഖലയിൽ ഇ.എസ്.ഐ. സ്കീം നടപ്പിലാക്കുന്നതിന് ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിനായി തൊഴിലാളി-തൊഴിലുടമ പ്രതിനിധികളുടെ യോഗം വിളിച്ചുചേർത്ത് പരിശോധിക്കുന്നതാണ്.

തോട്ടം തൊഴിലാളികൾക്ക് വാസയോഗ്യമായ പാർപ്പിട സൗകര്യം ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷനിൽ തോട്ടം മേഖലയെ ഉൾപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി മേഖലയിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായുള്ള സർവ്വേ നടപടി തൊഴിൽ വകുപ്പ് പൂർത്തീകരിച്ച് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലൈഫ് മിഷൻ പുറപ്പെടുവിച്ചിട്ടുള്ള കരട് ലിസ്റ്റിൽ തോട്ടം മേഖലയിൽനിന്നുള്ള ഗുണഭോക്താക്കൾ ആരുംതന്നെ ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ ടി മേഖലയ്ക്ക് പ്രത്യേകമായി ഒരു പാർപ്പിട പദ്ധതി ആസൂത്രണംചെയ്ത് നടപ്പിലാക്കണമെന്ന് തൊഴിലാളി പ്രതിനിധികൾ 26-2-2018-ലെ മുഖ്യമന്ത്രിയുടെ യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രകാരം വീട് വച്ചുനൽകുന്നതിനായി ടി മേഖലയിലെ തൊഴിലാളികളെ 4 കാറ്റഗറികളായി തിരിച്ച് സർവ്വേ നടപടി പൂർത്തീകരിച്ച് ഗുണഭോക്താക്കളുടെ ലിസ്റ്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

കാറ്റഗറി- 1 റിട്ടയർ ചെയ്തിട്ടും തോട്ടത്തിലെ ലയങ്ങളിൽ താമസിക്കുന്നവരിൽ സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്തവർ

കാറ്റഗറി- 2 റിട്ടയർ ചെയ്തിട്ടും തോട്ടത്തിലെ ലയങ്ങളിൽ താമസിക്കുന്നവരിൽ സ്വന്തമായി സ്ഥലമുണ്ടാകുകയും എന്നാൽ വീടില്ലാത്തവരുമായവർ

കാറ്റഗറി - 3 നിലവിൽ തോട്ടത്തിനകത്ത് ജോലിചെയ്ത് വരുന്നവരിൽ കേരളത്തിൽ സ്വന്തമായി സ്ഥലമുള്ളവർ (സ്ഥലമുണ്ടാകുകയും എന്നാൽ വീടില്ലാത്തവരുമായവർ)

കാറ്റഗറി 4 – സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത തോട്ടം തൊഴിലാളികൾ

**കരട് തൊഴിൽനയം**

250(2435) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരട് തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) കരട് തൊഴിൽ നയപ്രകാരം തൊഴിലാളികളുടെ മിനിമം വേതനം എത്ര രൂപയായാണ് നിജപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) തൊഴിലിടങ്ങളിൽ ശുചിമുറികൾ, വിശ്രമമുറികൾ എന്നിവ ഉറപ്പാക്കാനുള്ള നടപടികൾ തൊഴിൽ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രഖ്യാപിച്ചിട്ടുണ്ട്. പകർപ്പ് * ഉള്ളടക്കം ചെയ്യുന്നു.

(ബി) തൊഴിലാളികളുടെ മിനിമം വേതനം 600 രൂപയായിരിക്കണമെന്ന കാഴ്ചപ്പാട് തൊഴിൽനയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി) ഉൾപ്പെടുത്തിയിട്ടുണ്ട്.

**പുതിയ തൊഴിൽനയം**

251(2436) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പുതിയ തൊഴിൽ നയം, ഉൽപ്പാദനത്തിൽ ഊന്നിയ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിൽ എത്രമാത്രം വിജയപ്രദമായി എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത നയത്തിലൂന്നിയ പ്രവർത്തനം തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ഉറപ്പുവരുത്തുന്നതിനും തൊഴിൽ ചൂഷണം നടത്തുന്ന മേഖലയിൽ മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും സഹായകമായിട്ടുണ്ടോ;

(സി) ഈ നയം പ്രാവർത്തികമാക്കിയതുമൂലം തൊഴിൽ മേഖലയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ-സി) സമൂഹത്തിലെ എല്ലാ വിഭാഗം തൊഴിലാളികൾക്കും തൊഴിൽ സുരക്ഷയും സാമൂഹ്യസുരക്ഷയും ഉറപ്പാക്കുന്നതിന് ലക്ഷ്യംവച്ചുകൊണ്ടാണ് കരട് തൊഴിൽനയത്തിന് രൂപം നൽകിയിട്ടുള്ളത്. കരട് നയം അംഗീകരിച്ച് പുതിയ തൊഴിൽനയം പ്രഖ്യാപിച്ചതിനുശേഷം മാത്രമേ ഇതുസംബന്ധിച്ച വിലയിരുത്തൽ സാധ്യമാവുകയുള്ളൂ.

**തൊഴിൽ മേഖലകളിൽ കരാർ വ്യവസ്ഥ**

252(*T2437) <u>ശ്രീ. പി. കെ. ശശി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ മേഖലയിൽ സ്ഥിരംസ്വഭാവമുള്ള ജോലികളിൽ കരാർ വ്യവസ്ഥ കൊണ്ടുവരാനും നിലവിൽ സ്ഥിരം നിയമന ഉത്തരവ് നല്കുമ്പോൾ തൊഴിലാളിയും തൊഴിലുടമയുമായി ഏർപ്പെടുന്ന കരാറിലെ കാലാവധി ഇല്ലാതാക്കാനും വേണ്ടിയുള്ള കേന്ദ്രസർക്കാർ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രസർക്കാർ നടപടികളിൽ സംസ്ഥാനത്ത് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളും ഇടപെടലുകളും എന്തെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര സർക്കാരിന്റെ ഈ നയം തൊഴിലാളികളെ എത്തരത്തിൽ ബാധിക്കും എന്നും ഇതിൽനിന്നും സംരക്ഷണം നൽകാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥിരം തൊഴിൽ സ്വഭാവമുള്ള തൊഴിൽ മേഖലയിൽ കരാർ വ്യവസ്ഥ കൊണ്ടുവരുന്നത് ഈ സർക്കാരിന്റെ നയമല്ല. സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന നിയോജനങ്ങളിലും സ്ഥാപനത്തിന്റെ വരുമാനവുമായി നേരിട്ട് ബന്ധപ്പെട്ടതുമായ (സീസൺ അല്ലാത്ത) നിയോജനങ്ങളിലും കരാർ തൊഴിലാളികളെ നിയമിക്കുന്നത് റദ്ദ് ചെയ്യാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. മേൽപ്പറഞ്ഞ നിയോജനങ്ങളിൽ കരാർ തൊഴിലാളികളെ നിയോഗിക്കുന്നതിന് സാധ്യമാവുന്ന രീതിയിൽ നിയമ ഭേദഗതി നടപ്പിലാക്കുകയാണെങ്കിൽ ജീവനക്കാർക്ക് continuous service നഷ്ടപ്പെടുന്നതിനും ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളെ അത് പ്രതികൂലമായി ബാധിക്കുന്നതിനും സാധ്യതയുണ്ട്. നവലിബറൽ നയങ്ങളുടെ തിക്താനുഭവങ്ങളിൽനിന്നും തൊഴിലാളികളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**കർഷകത്തൊഴിലാളി ക്ഷേമനിധി**

253(2438) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായവർക്കുള്ള വിവിധ ആനുകൂല്യങ്ങൾ 2010 മുതൽ വിതരണം ചെയ്യാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിശ്ശികയിനത്തിൽ എത്ര തുകയാണ് നൽകാനുള്ളത്; പ്രസ്തുത തുക എപ്പോൾ വിതരണം ചെയ്യുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) ക്ഷേമനിധി ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും വിവിധ ആനുകൂല്യമിനത്തിൽ ആകെ 299 കോടി രൂപ കുടിശ്ശികയിനത്തിൽ വിതരണം ചെയ്യാനുണ്ട്. കുടിശ്ശിക തുക വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

(സി) പരിശോധിക്കുന്നതാണ്.

**കേരള കർഷകത്തൊഴിലാളി ക്ഷേമനിധിയിൽനിന്നുള്ള വിവാഹ ധനസഹായം**

254(2439) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കർഷത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് വിവാഹ ധനസഹായത്തിനുള്ള അപേക്ഷയിൽ മതസാമുദായിക സംഘടനകൾ, മഹല്ല് കമ്മിറ്റികൾ എന്നിവർ നൽകുന്ന വിവാഹ സാക്ഷ്യപത്രങ്ങൾ നിരാകരിച്ച് കൊണ്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽവന്നതുമുതൽ പ്രാബല്യമുള്ള പ്രസ്തുത സാക്ഷ്യപത്രങ്ങളുടെ നിരാകരണം വഴി പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ തീരുമാനം പുനപരിശോധിക്കുവാനും പള്ളികളിൽനിന്നും നൽകുന്ന വിവാഹ സാക്ഷ്യപത്രങ്ങൾ ധനസഹായത്തിനായി പരിഗണിക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിവാഹ ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട വിവാഹ സർട്ടിഫിക്കറ്റ് സംബന്ധിച്ച് മലപ്പുറം വെൽഫെയർ ഫണ്ട് ഓഫീസർക്ക് ചീഫ് എക്സിക്യൂട്ടീവ് കത്ത് നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു *.

(ബി) ഇല്ല.

(സി) ബാധകമല്ല.

## കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിലെ ജീവനക്കാരുടെ പെൻഷൻ

255 (2440) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും വിരമിച്ച സ്ഥിരം ജീവനക്കാർക്ക് പെൻഷൻ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവർക്ക് പെൻഷൻ നൽകാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ;

(ബി) ഏതൊക്കെ ക്ഷേമനിധി ബോർഡുകളിലെ സ്ഥിരം ജീവനക്കാർക്കാണ് കെ.എസ്.ആർ. പ്രകാരമുള്ള പെൻഷൻ നൽകാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) വിവിധ ക്ഷേമനിധി ബോർഡുകളിൽനിന്നും വിരമിച്ച എത്ര ജീവനക്കാർക്കാണ് പെൻഷൻ ആനുകൂല്യത്തിന് അർഹതയുള്ളത്; ക്ഷേമനിധി ബോർഡ് തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ പെൻഷൻ റൂൾസ് നടപ്പാക്കിയിട്ടില്ല. എന്നാൽ കേരള ഹൈക്കോടതിയുടെ WP(C) 29674/11 നമ്പർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേസിന്റെ വിധിയുടെയും തുടർന്നുള്ള ബോർഡ് തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ 81 പേർക്ക് 10,000 രൂപ വരെ ആശ്വാസ പെൻഷൻ നൽകിവരുന്നു. പ്രസ്തുത തൊഴിലാളികൾക്ക് പെൻഷൻ ലഭ്യമാക്കുന്നതിനുവേണ്ടി 2002 -ലെ ദി കേരള ഹെഡ്‌ലോഡ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് സ്റ്റാഫ് (അപ്പോയിന്റ്മെന്റ്, കണ്ടീഷൻസ് ഓഫ് സർവ്വീസ്, കോൺടക്ട് ആന്റ് ഡിസിപ്ലിൻ) റൂൾസിലെ 62-ാം ചട്ടവും 1978-ലെ കേരള ഹെഡ്‌ലോഡ് വർക്കേഴ്സ് ആക്ട്-ലെ 43-ാം വകുപ്പും ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ പരിശോധനയിലാണ്.

(ബി) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവിടങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും വിരമിച്ചിട്ടുള്ള 41 ജീവനക്കാരിൽ 37 പേർക്ക് പെൻഷനും 4 പേർക്ക് ഫാമിലി പെൻഷനും നൽകിവരുന്നുണ്ട്. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും വിരമിച്ച 256 പേർക്ക് പെൻഷൻ നൽകിവരുന്നുണ്ട്.

**കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി**

256(2441) <u>ശ്രീ. എസ്. ശർമ്മ :</u> താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും തൊഴിലാളികൾക്ക് ജോലി ഉപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ പദ്ധതി സംബന്ധിച്ച വിശദവിവരം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഉപകരണവായ്പ ലഭ്യമാക്കുന്നതിനുള്ള നിബന്ധനകൾ താഴെപറയും പ്രകാരമായിരുന്നു:

1. ക്ഷേമനിധി ബോർഡിൽ 3 വർഷത്തെ സജീവ അംഗത്വം ഉണ്ടായിരിക്കണം.
2. അപേക്ഷ സമർപ്പിക്കുമ്പോൾ 55 വയസ്സ് പൂർത്തിയായിരിക്കരുത്.
3. വായ്പത്തുക പരമാവധി 10,000 രൂപയാണ്.

4. ഐഡന്റിറ്റി കാർഡിൽ രേഖപ്പെടുത്തിയിരിക്കുന്ന തൊഴിലിനോട് അനുബന്ധിച്ചുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായിരിക്കും വായ്പ അനുവദിക്കുന്നത്.

5. അപേക്ഷാ ഫോറത്തിന്റെ വില 2 രൂപ.

6. അപേക്ഷകന് '6' മാസത്തിനുമേൽ വരിസംഖ്യ കുടിശ്ശിക ഉണ്ടായിരിക്കരുത്.

ഫോറം നമ്പർ 39-ലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം ഐ.ഡി. കാർഡ്, പാസ്ബുക്ക് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, വാങ്ങാനുദ്ദേശിക്കുന്ന ഉപകരണത്തിന്റെ ഇൻവോയ്സ്, ജാമ്യത്തിനായി 6 വർഷമോ അതിൽ കൂടുതലോ സർവ്വീസ് ബാക്കിയുള്ള സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ സ്ഥിരജീവനക്കാരുടെ ശമ്പള സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

ഉപകരണവായ്പ കൈപ്പറ്റിയ അംഗ തൊഴിലാളികളുടെ വായ്പ തിരിച്ചടവിൽ കൃത്യതയില്ലാത്തതിനാലും അവരുടെ അക്കൗണ്ട് വിവരങ്ങൾ വ്യക്തമല്ലാത്തതിനാലും ബോർഡിന്റെ നിലവിലെ സാമ്പത്തിക പരിമിതികൾ കണക്കിലെടുത്തും ഈ പദ്ധതി നിലവിൽ നിർത്തിവച്ചിരിക്കുകയാണ്.

## സ്വകാര്യ ആശുപത്രിയിലെ നഴ്സുമാർക്കും ജീവനക്കാർക്കും മിനിമം വേതനം

257(2442) <u>ശ്രീ. ഹൈബി ഈഡൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രിയിലെ നഴ്സുമാർക്കും മറ്റ് ജീവനക്കാർക്കും മിനിമം വേതനം നടപ്പിലാക്കിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് മിനിമം വേജസ് കമ്മിറ്റി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിജ്ഞാപനത്തെ ആരെങ്കിലും കോടതിയിൽ ചോദ്യം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) നടപ്പാക്കിയിട്ടുണ്ട്. 7-11-2013-ലെ എസ്.ആർ.ഒ. 834/2013-ാം നമ്പർ വിജ്ഞാപന പ്രകാരം നിശ്ചയിച്ചിട്ടുള്ള മിനിമം വേതന നിരക്ക് നിലവിൽ പ്രാബല്യത്തിലുണ്ട്. പ്രസ്തുത മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇല്ല.

## സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ വേതനം

258(2443) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ വേതനം വർദ്ധിപ്പിക്കുവാൻ വേണ്ടി സംഘടനകൾ നടത്തിയ സമരത്തെ തുടർന്ന് 2017 -ൽ മുഖ്യമന്ത്രി വിളിച്ച് ചേർത്ത യോഗത്തിൽ ഉണ്ടായ ഒത്തുതീർപ്പനുസരിച്ച് എടുത്ത തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് കൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. 29-1-2016-ലെ സുപ്രീം കോടതി വിധിയനുസരിച്ച് നിയോഗിച്ച കമ്മിറ്റി നിർദ്ദേശിച്ച രീതിയിൽ 50 കിടക്ക വരെയുള്ള സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ ഏറ്റവും കുറഞ്ഞ ശമ്പളം 20,000 രൂപയായി നിശ്ചയിച്ചു. 50 കിടക്കകളിൽ കൂടുതലുള്ള ആശുപത്രികളിലെ ശമ്പളം സുപ്രീം കോടതി മാർഗ്ഗരേഖയനുസരിച്ച് നിർണ്ണയിക്കാൻ ഒരു സമിതിയെ നിയോഗിക്കാനും യോഗത്തിൽ തീരുമാനമായി.

2. നഴ്സിംഗ് ട്രെയിനിമാരുടെ സ്റ്റൈപ്പന്റ് കാലോചിതമായി വർദ്ധിപ്പിക്കും. ട്രെയിനിംഗ് കാലാവധി സംബന്ധിച്ച കാര്യവും സ്റ്റൈപ്പന്റ് പുതുക്കി നിശ്ചയിക്കുന്ന കാര്യവും സമിതിയുടെ പരിഗണനയ്ക്ക് വിടുന്നതായിരിക്കും.

3. ഇക്കാര്യങ്ങൾ പരിശോധിക്കാനും ശിപാർശ സമർപ്പിക്കാനുമായി തൊഴിൽ-ആരോഗ്യ-നിയമ സെക്രട്ടറിമാരും ലേബർ കമ്മീഷണറും അംഗങ്ങളായി ഒരു സമിതിയെ സർക്കാർ നിയോഗിക്കും.

4. ഒരു മാസത്തിനകം സമിതി റിപ്പോർട്ട് സമർപ്പിക്കണം.

5. മിനിമം വേതനം പുതുക്കി നിശ്ചയിക്കാനുള്ള അധികാരം മിനിമം വേജസ് കമ്മിറ്റിക്കാണ്. സർക്കാർ നിയോഗിക്കുന്ന സമിതിയുടെ നിർദ്ദേശങ്ങൾ മിനിമം വേജസ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കും.

6. സമരത്തിന്റെ പേരിൽ മാനേജ്മെന്റുകൾ പ്രതികാര നടപടികൾ സ്വീകരിക്കില്ല. സമരം അവസാനിപ്പിക്കുകയും ജീവനക്കാർ ആശുപത്രി പ്രവർത്തനങ്ങളിൽ പൂർണ്ണമായി സഹകരിക്കുകയും ചെയ്യും.

(ബി) നടപ്പിലാക്കിയിട്ടുണ്ട്.

## സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ

259(2444) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ നഴ്സുമാർ അടക്കമുള്ള ജീവനക്കാർ അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇവരുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും മികച്ച വേതനം ഉറപ്പുവരുത്തുന്നതിനും സ്വകാര്യ മാനേജ്മെന്റുകൾ തടസ്സം നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമൂലം നഴ്സുമാർ വീണ്ടും സമരരംഗത്തേയ്ക്കിറങ്ങുവാനുള്ള സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച വിഷയം പഠിക്കുവാനായി ബലരാമൻ കമ്മിറ്റിയെയും തുടർന്ന് സ്വകാര്യ ആശുപത്രി നഴ്സുമാരുടെ ഡ്യൂട്ടി സമയം സംബന്ധിച്ച വിഷയം പഠിക്കുവാനായി വീരകുമാർ കമ്മിറ്റിയെയും സർക്കാർ നിയമിച്ചിരുന്നു. ടി കമ്മിറ്റികൾ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഴ്സുമാരുടെ വിവിധ പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ട്.

(ബി) സ്വകാര്യ ആശുപത്രി മേഖലയിലെ മിനിമം വേതനം സംബന്ധിച്ച കരട് ശിപാർശ തയ്യാറാക്കുന്നതിനായി 19-10-2017-ൽ കൂടിയ മിനിമം വേതന കമ്മിറ്റിയിൽ ഹാജരായ തൊഴിലുടമ പ്രതിനിധികളിൽ ഒരംഗം ഒഴികെ മറ്റെല്ലാവരും വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും ടി കമ്മിറ്റി സർക്കാരിന് സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത മേഖലയിലെ മിനിമം വേതനം സംബന്ധിച്ച പ്രാഥമിക വിജ്ഞാപനം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനം 2018 മാർച്ച് 31- നകം പുറപ്പെടുവിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊണ്ടുവരികയാണ്. ഈ സാഹചര്യത്തിൽ നഴ്സുമാർ സമര രംഗത്തുനിന്നും പിൻമാറിയിട്ടുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികളുടെ സുരക്ഷ**

260 (2445) ഡോ. എം. കെ. മുനീർ :

ശ്രീ. കെ. എം.ഷാജി :

ശ്രീ. എം. ഉമ്മർ :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) ഈ വിഭാഗം തൊഴിലാളികൾക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) തൊഴിൽതേടി സംസ്ഥാനത്ത് എത്തിച്ചേരുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് മറ്റ് തൊഴിലാളികളെപ്പോലെത്തന്നെ തൊഴിലിടങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിന് തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനകൾ നടത്തിവരുന്നു. സംസ്ഥാനത്ത് ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പും സമാനമായ പരിശോധകൾ നടത്താറുണ്ട്. സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനും അവരുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി "ആവാസ്" ആരംഭിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുപുറമെ അവരുടെ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയും നിലവിലുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവത്കരണ പരിപാടികൾക്കുമായി 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 70 മെഡിക്കൽ ബോധവത്കരണ ക്യാമ്പുകൾ നടത്തുകയുമുണ്ടായി. 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് വിവിധ ജില്ലകളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവത്കരണ ക്ലാസ്സുകളും നടത്തിവരികയും ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് ആവാസ് പദ്ധതിയുടെ പരിധിയിൽ വരുന്നത്. പദ്ധതിയിൽ

അംഗമാകുന്ന തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000 രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രിയിൽനിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രിയിൽനിന്നും ലഭ്യമാക്കുന്നതാണ്. ആരോഗ്യ ഇൻഷ്വറൻസിനോടൊപ്പം അംഗങ്ങൾക്ക് 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷകൂടി ഉറപ്പുവരുത്തുന്നുണ്ട്. ആവാസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള രജിസ്ട്രേഷൻ 2017 നവംബർ 1 മുതൽ ആരംഭിച്ച് 7-3-2018 വരെ 165381 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ കാർഡ് നൽകിയിട്ടുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികളിന്മേലുള്ള ചൂഷണം**

261(2446) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല സ്ഥലങ്ങളിലും ഇതര സംസ്ഥാന തൊഴിലാളികളെ യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെ ചെറിയ ഷെഡ്ഡുകളിലും മറ്റും തിക്കി പാർപ്പിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രാഥമിക കൃത്യങ്ങൾ പോലും ശരിയായ രീതിയിൽ നടത്തുവാൻ കഴിയാത്ത വിധത്തിലാണ് ഇവരുടെ താമസസൗകര്യങ്ങളെന്ന കാര്യം പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ കൂലി മാത്രം നൽകി ഇടനിലക്കാർ അവരെ ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതരസംസ്ഥാന തൊഴിലാളികൾ മോശമായ സാഹചര്യങ്ങളിൽ താമസിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യം ഒഴിവാക്കുന്നതിനുള്ള പരിശോധനകളും ബോധവത്കരണ നടപടികളും ഊർജ്ജിതമായി നടത്തിവരുന്നുണ്ട്. ഇവർക്ക് മെച്ചപ്പെട്ട താമസസൗകര്യം ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് "അപ്നാഘർ" പദ്ധതി തൊഴിൽവകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്.

(സി) ഒരേ തൊഴിലിൽ ഏർപ്പെടുന്ന ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളികൾക്കും തുല്യവേതനം തന്നെയാണ് നൽകുന്നത്. ഇത്തരത്തിൽ കൂലി കുറച്ച് ലഭ്യമാകുന്നതായി ഇതര സംസ്ഥാന തൊഴിലാളികളിൽനിന്നും പരാതികളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ കൂലി പിടിച്ചുവെക്കുന്നത് ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സമയോചിതമായി ഇടപെട്ട് പരിഹാരം കണ്ടെത്താറുമുണ്ട്.

**ജോലി നഷ്ടപ്പെട്ട ഇതരസംസ്ഥാന തൊഴിലാളികൾ**

262(2447) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമാന്ദ്യം സംസ്ഥാനത്തെ നിർമ്മാണ മേഖലയെ സ്തംഭനാവസ്ഥയിലാക്കിയതുമൂലം ഇതര സംസ്ഥാന തൊഴിലാളികൾ കേരളം വിട്ടുപോകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ജോലി നഷ്ടപ്പെട്ട് നാട്ടിലേയ്ക്ക് മടങ്ങിയ ഇതര സംസ്ഥാന തൊഴിലാളികളുടെ കണക്ക് തൊഴിൽ വകുപ്പ് എടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മേഖലയിൽ എത്ര തൊഴിലാളികൾക്ക് ജോലി നഷ്ടമായി എന്നാണ് കണ്ടെത്തിയിട്ടുള്ളത്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി) ഇപ്രകാരം ജോലി നഷ്ടപ്പെട്ട് നാട്ടിലേയ്ക്ക് മടങ്ങിയ ഇതരസംസ്ഥാന തൊഴിലാളികളുടെ കണക്ക് ശേഖരിച്ചിട്ടില്ല.

**ആവാസ് ഇൻഷ്വറൻസ് പദ്ധതി**

263(2448) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള അതിഥി തൊഴിലാളികൾക്ക് ഏർപ്പെടുത്തിയ ആവാസ് ഇൻഷ്വറൻസ് പദ്ധതിയിൽ ഇതിനകം എത്രപേർ രജിസ്റ്റർ ചെയ്തു; വിശദാംശം നൽകുമോ;

(ബി) ആവാസ് പദ്ധതി പ്രകാരം ഇതര സംസ്ഥാനത്തൊഴിലാളികൾക്ക് ചികിത്സാ പാക്കേജ് നിശ്ചയിച്ചിട്ടുണ്ടോ; ഇതിനായി ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(സി) ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം സംബന്ധിച്ച് അതിഥി തൊഴിലാളികൾക്കിടയിൽ വ്യാപകമായ പ്രചരണം നടത്തിയിട്ടും ഉദ്ദേശിച്ച രീതിയിൽ ഈ പദ്ധതിയിൽ തൊഴിലാളികൾ ചേരാത്തത് എന്തുകൊണ്ടാണെന്ന് കണ്ടെത്തിയിട്ടുണ്ടോ?

ഉത്തരം

(എ) 2017 നവംബർ ഒന്ന് മുതൽ 2018 മാർച്ച് 7 വരെ 165381 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ കാർഡ് നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർമാരുടെയും പൊതുപ്രവർത്തകരുടെയും വ്യാപാരി വ്യവസായി സംഘടനകളുടെയും സഹായത്തോടുകൂടി ഇതരസംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് എൻറോൾമെന്റ് ഫോമുകൾ വിതരണംചെയ്ത് അവരുടെ വ്യക്തി വിവരങ്ങൾ ശേഖരിച്ച് സർക്കാർ നൽകിയ തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ ജില്ലകളിൽ നടത്തുന്ന എൻറോൾമെന്റ് ക്യാമ്പുകളിൽ രജിസ്ട്രേഷൻ നൽകി തിരിച്ചറിയൽ കാർഡുകൾ നൽകുന്നു.

(ബി) ഉണ്ട്.

(സി) രജിസ്ട്രേഷൻ നടപടികൾ ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പുരോഗമിക്കുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**ആവാസ് നടപ്പാക്കുന്നതിന് ഇൻഷ്വറൻസ് ഏജൻസി**

264(2449)ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികൾക്കായുള്ള സൗജന്യ ഇൻഷ്വറൻസ് പദ്ധതിയായ ആവാസ് നടപ്പിലാക്കുന്നതിന് ഇൻഷ്വറൻസ് ഏജൻസിയെ തീരുമാനിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(ബി) ഇൻഷ്വറൻസ് ഏജൻസിയെ കണ്ടെത്തുന്നതിനുള്ള/ നിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. ആവാസ് പദ്ധതി പ്രകാരം ചികിത്സാ പാക്കേജും ചികിത്സയുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളും നിശ്ചയിക്കുന്നതിന് ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ഇൻഷ്വറൻസ് നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്ന ചുമതല ചിയാകിന് നൽകിയും സർക്കാർ ഉത്തരവായിട്ടുണ്ട്. ആവാസ് പദ്ധതി നടത്തിപ്പിനായി ഇൻഷ്വറൻസ് കമ്പനിയെ തെരഞ്ഞെടുക്കുന്നതിന് തയ്യാറാക്കിയ ടെണ്ടർ ഡോക്യുമെന്റ് സർക്കാർ അംഗീകരിച്ച് ചിയാക്കിന് നൽകിയിട്ടുണ്ട്.

(ബി) സർക്കാർ അംഗീകരിച്ചിട്ടുള്ള ടെണ്ടർ ഡോക്യുമെന്റിലുള്ള നിബന്ധനകളും യോഗ്യതാമാനദണ്ഡങ്ങളും പാലിക്കുന്ന ഇൻഷ്വറൻസ് കമ്പനികൾക്ക് ടെണ്ടർ നടപടികളിൽ പങ്കെടുക്കാവുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ ഇതരസംസ്ഥാന തൊഴിലാളികൾ**

265 (2450) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര ഇതരസംസ്ഥാന തൊഴിലാളികൾ ഉണ്ടെന്നും ഇവരിൽ എത്ര പേർക്ക് റേഷൻ കാർഡുകൾ ഉണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഇവരിൽ ഏതെല്ലാം സംസ്ഥാനങ്ങളിലുള്ള സ്ത്രീ-പുരുഷൻമാർ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇവരിൽ സ്വന്തമായി വീട് നിർമ്മിച്ച് താമസിക്കുന്നവർ എത്രയാണെന്നും സ്വന്തമായി വീടില്ലാത്തവർ വാടക ക്വാർട്ടേഴ്സുകളിലാണ് താമസിക്കുന്നതെങ്കിൽ അവരുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) സ്വന്തമായി നിർമ്മിച്ച വീടുകളിലും വാടക ക്വാർട്ടേഴ്സുകളിലും താമസിക്കാത്ത ആളുകൾ എവിടെയാണ് താമസിക്കുന്നതെന്നും; തെരുവുകളിലാണ് താമസിക്കുന്നതെങ്കിൽ അവരുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ആവാസ് പദ്ധതിയുടെകീഴിൽ 7-3-2018-വരെ കാസർഗോഡ് ജില്ലയിൽ 5402 ഇതരസംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾക്ക് റേഷൻ കാർഡ് നൽകിയിട്ടില്ല.

(ബി) കാസർഗോഡ് ജില്ലയിൽ ഇതരസംസ്ഥാന തൊഴിലാളികളിൽ പശ്ചിമ ബംഗാൾ, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽനിന്നുള്ളവരെയാണ് കൂടുതലായും കണ്ടുവരുന്നത്. ഇതുകൂടാതെ ബീഹാർ, ആസാം, കർണ്ണാടക, തമിഴ്നാട്, ജാർഖണ്ഡ്, ആന്ധ്രാപ്രദേശ്, മധ്യപ്രദേശ്, രാജസ്ഥാൻ തുടങ്ങിയ സ്ഥലങ്ങളിലുള്ള തൊഴിലാളികളും ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കണ്ടുവരുന്നു.

(സി) സ്വന്തമായി വീട് നിർമ്മിച്ച് താമസിക്കുന്നവരുടെ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭൂരിഭാഗം ആൾക്കാരും വാടക ക്വാർട്ടേഴ്സിലാണ് താമസിച്ചുവരുന്നത്. കൃത്യമായ എണ്ണം ശേഖരിച്ചിട്ടില്ല.

(ഡി) തൊഴിലാളികൾ തെരുവോരങ്ങളിൽ താമസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഇതരസംസ്ഥാന തൊഴിലാളികളുടെ കണക്ക്

266 (2451) <u>ശ്രീ. പി. സി. ജോർജ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര ഇതരസംസ്ഥാനത്തൊഴിലാളികൾ പണിയെടുക്കുന്നു എന്നതിന്റെ കണക്കും ജില്ല തിരിച്ചുള്ള എണ്ണവും വിശദമാക്കുമോ ; ഇതിൽ സ്ത്രീ തൊഴിലാളികൾ ഉണ്ടെങ്കിൽ അവരുടെ എണ്ണമെത്രയെന്ന് വിശദമാക്കുമോ ;

(ബി) ഇവരെ തിരിച്ചറിയാൻ സാധിക്കുന്ന തരത്തിലുള്ള തിരിച്ചറിയൽ കാർഡ് സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത കാർഡുകൾ നൽകി ഇവരെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ ആകെ എത്ര ഇതരസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നു എന്നത് സംബന്ധിച്ച് തൊഴിൽ വകുപ്പ് ഒരു സമ്പൂർണ്ണ കണക്കെടുപ്പ് നടത്തിയിട്ടില്ല. എന്നാൽ ആവാസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 165381 ഇതര സംസ്ഥാന തൊഴിലാളികൾക്ക് 7-3-2018 വരെ രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. ഇതിൽ 10008 പേർ സ്ത്രീ തൊഴിലാളികളാണ്. ആവാസ് കാർഡ് വിതരണം (എൻറോൾമെന്റ് ഉൾപ്പെടെ) സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | വിതരണംചെയ്ത ആവാസ് കാർഡുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 20928 |
| കൊല്ലം | 11527 |
| പത്തനംതിട്ട | 9622 |
| ആലപ്പുഴ | 12717 |
| കോട്ടയം | 5243 |
| ഇടുക്കി | 3993 |
| എറണാകുളം | 29303 |
| തൃശ്ശൂർ | 13747 |
| പാലക്കാട് | 8665 |
| വയനാട് | 4173 |
| മലപ്പുറം | 9885 |
| കോഴിക്കോട് | 17708 |
| കണ്ണൂർ | 12468 |
| കാസർഗോഡ് | 5402 |

(ബി) ഇതര സംസ്ഥാന തൊഴിലാളികളെ തിരിച്ചറിയാനുതകുന്ന വിധത്തിലുള്ള കാർഡാണ് നൽകുന്നത്. തൊഴിലാളികളെ നിയന്ത്രിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടല്ല കാർഡ് വിതരണം ചെയ്യുന്നത്.

**വേതന സുരക്ഷാ പദ്ധതി**

267(2452) ശ്രീ. വി. ഡി. സതീശൻ:

ശ്രീ. പി. ടി. തോമസ്:

ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിനും വേതനവിതരണം സുതാര്യമാക്കുന്നതിനും തൊഴിൽ വകുപ്പ് ആവിഷ്കരിച്ച വേതന സുരക്ഷാപദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതി നിലവിൽ ഏതൊക്കെ മേഖലകളിൽ നടപ്പിലാക്കിയിട്ടുണ്ട്; ഇതുമൂലം തൊഴിലാളികൾക്കുണ്ടായിട്ടുള്ള നേട്ടം എന്താണെന്നറിയിക്കുമോ;

(സി) ഈ പദ്ധതി വിജയപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ കൂടുതൽ മേഖലകളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവിധ തൊഴിൽ മേഖലകളിലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും വേതനം ബാങ്ക് അക്കൗണ്ടിലൂടെ ലഭ്യമാക്കി വേതന സുരക്ഷയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പ് നടപ്പാക്കിയ പദ്ധതിയാണ് വേതന സുരക്ഷാ പദ്ധതി. പ്രസ്തുത പദ്ധതിക്കുവേണ്ടി തൊഴിൽ വകുപ്പ് വികസിപ്പിച്ച സോഫ്റ്റ്‌വെയർ വഴി തൊഴിലുടമകൾ സ്ഥാപനം രജിസ്റ്റർ ചെയ്യേണ്ടതും തങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിൽനിന്നും തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നിക്ഷേപിക്കേണ്ടതുമാണ്. ടി പദ്ധതി നടപ്പിലാക്കുവാൻ കരാറിലേർപ്പെട്ട ഏതെങ്കിലും ബാങ്കുകളിൽ തൊഴിലുടമ കറന്റ് അക്കൗണ്ട് ആരംഭിക്കേണ്ടതും www.Ic.kerala.gov.in എന്ന തൊഴിൽ വകുപ്പിന്റെ വെബ്സൈറ്റിലുള്ള വേതന സുരക്ഷാ പദ്ധതിയുടെ ലിങ്ക്-ൽ 1960-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമപ്രകാരമുള്ള രജിസ്ട്രേഷൻ നമ്പർ

ഉപയോഗിച്ച് യൂസർനെയിം, പാസ്‌വേർഡ് എന്നിവ രേഖപ്പെടുത്തി, പ്രവേശിക്കേണ്ടതും സോഫ്റ്റ്‌വെയറിൽ തൊഴിലാളികളുടെ വിവരം രേഖപ്പെടുത്തി, വേതനം കൈമാറാനുള്ള നിർദ്ദേശം ബാങ്കിന് നൽകേണ്ടതുമാണ്.

(ബി) ആദ്യഘട്ടത്തിൽ സ്വകാര്യ ആശുപത്രികൾ, ജ്വല്ലറികൾ, വസ്ത്രശാലകൾ, നിർമ്മാണമേഖല, ഡിസ്പെൻസറികൾ, ഫാർമസികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ, വൻകിട ഹോട്ടലുകൾ, സെക്യൂരിറ്റി സർവ്വീസുകൾ, സോഫ്റ്റ്‌വെയർ സ്ഥാപനങ്ങൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നോൺ ടീച്ചിംഗ് വിഭാഗം, കടകൾ, മറ്റ് വാണിജ്യ സ്ഥാപനങ്ങൾ എന്നീ മേഖലകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വേതന സുരക്ഷാ പദ്ധതിയിൽ ചേർന്നിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അവരുടെ ശമ്പളം ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നതോടൊപ്പം വേജ് സ്ലിപ്പും ഓൺലൈനായി ലഭ്യമാകുന്നു. നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക്, സ്ഥാപന പരിശോധന കൂടാതെതന്നെ പരിശോധിക്കുന്നതിന് സാധിക്കുന്നു. തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുകയും വേതന സംബന്ധമായ പരാതികൾ പരമാവധി ഒഴിവാക്കുന്നതിനും സാധിക്കുന്നു.

(സി) ഉണ്ട്. പദ്ധതി കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## ഇ.എസ്.ഐ. കോർപ്പറേഷൻ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ തിരിച്ചയച്ച നടപടി

268 (2453) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെകീഴിലുള്ള ഇ.എസ്.ഐ കോർപ്പറേഷൻ അതിവിദഗ്ദ്ധ ചികിത്സകൾക്ക് വിധേയരായ തൊഴിലാളികളുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ തിരിച്ചയച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോർപ്പറേഷന്റെ ഈ നിലപാടുമാറ്റം കേരളത്തിലെ തൊഴിലാളികളെ ഏത് രീതിയിൽ ബാധിച്ചുവെന്നറിയിക്കാമോ;

(സി) അതിവിദഗ്ദ്ധ ചികിൽസ നേടിയ തൊഴിലാളികളുടെ ചികിത്സാചെലവ് ലഭിക്കുന്നതിനാവശ്യമായ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിദഗ്ദ്ധ ചികിത്സയുടെ (സ്പെഷ്യാലിറ്റി) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ അനുവദിക്കുന്നത് സംസ്ഥാന സർക്കാരാണ്. 2017 ഒക്ടോബർ മാസം വരെയുള്ള ക്ലെയിമുകൾ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്. അതിവിദഗ്ദ്ധ ചികിത്സയുടെ (സൂപ്പർ സ്പെഷ്യാലിറ്റി) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണറാണ് അനുവദിച്ചുവന്നിരുന്നത്. എന്നാൽ അതിവിദഗ്ദ്ധ ചികിത്സയുടെ അടിയന്തര ഘട്ടത്തിലെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ അനുവദിക്കാൻ ബാധ്യതപ്പെട്ട സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ 2016 ജൂൺ മാസം വരെയുള്ളത് മാത്രമാണ് അനുവദിച്ചിട്ടുള്ളത്. 2016 ജൂലൈ മാസം മുതലുള്ള അടിയന്തര സാഹചര്യങ്ങളിലെ ചികിത്സയുമായി ബന്ധപ്പെട്ട റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ മടക്കിനൽകി. ആയതിന്റെ ഫലമായി ഗുരുതര/ദീർഘകാല രോഗത്തിൽപ്പെട്ട രോഗികൾ തുടർചികിത്സ നടത്താൻ ബുദ്ധിമുട്ടുകയാണ്. ഇത് രോഗാവസ്ഥ ഗുരുതരമാക്കാനിടയാക്കും. കൂടാതെ തൊഴിലാളികൾക്ക് തൊഴിൽനഷ്ടം സംഭവിക്കുന്നതിനും അവരുടെ കുടുംബം കടക്കെണിയിൽപ്പെടുന്നതിനും ഇത് കാരണമാകുന്നതാണ്.

(സി) തൊഴിലും എക്സൈസും വകുപ്പുമന്ത്രി 2017 ഡിസംബർ മാസം കേന്ദ്ര തൊഴിലും എംപ്ലോയ്മെന്റും വകുപ്പുമന്ത്രിയെ സന്ദർശിച്ച് ഈ വിഷയം ചർച്ച ചെയ്യുകയും നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാരുമായി ആലോചിക്കാതെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ തിരിച്ചയച്ച നടപടിയിൽ സർക്കാരിന്റെ അതൃപ്തി സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണറെ തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അർദ്ധ ഔദ്യോഗിക കത്തുമുഖേന അറിയിക്കുകയും തീരുമാനം പുനഃപരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. 22-1-2018-ൽ ചേർന്ന ഇ.എസ്.ഐ. കോർപ്പറേഷൻ റീജിയണൽ ബോർഡ് യോഗത്തിലും ഈ വിഷയം ചർച്ച ചെയ്യുകയും സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണറോട് അനുകൂല നിലപാട് സ്വീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ അനുകൂല തീരുമാനം എടുത്തിട്ടില്ല.

## നെന്മാറ നിയോജകമണ്ഡലത്തിൽ ഇ.എസ്.ഐ. പദ്ധതിയിലുൾപ്പെട്ട തൊഴിലാളികൾ

269 (2454) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും സ്ഥാപനത്തിലെ തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. അനുബന്ധമായി* ചേർക്കുന്നു.

(ബി) സംസ്ഥാനത്ത് പത്തോ അതിലധികമോ തൊഴിലാളികൾ ജോലി ചെയ്യുന്ന താഴെ പറയുന്ന വിഭാഗങ്ങളിൽപ്പെടുന്ന തൊഴിൽ സ്ഥാപനങ്ങളിലെ എല്ലാ തൊഴിലാളികൾക്കും ഇ.എസ്.ഐ. പരിരക്ഷ ലഭിക്കുന്നതാണ്. ഇ.എസ്.ഐ പരിരക്ഷ ലഭിക്കുന്നതിനുള്ള പ്രതിമാസ വേതന പരിധി 21,000 രൂപയാണ്.

1. വ്യവസായശാലകൾ, വ്യാപാര സ്ഥാപനങ്ങൾ
2. ഹോട്ടൽ/റസ്റ്റോറന്റ്
3. സിനിമാ തിയേറ്ററുകൾ
4. റോഡ് ഗതാഗത സ്ഥാപനങ്ങൾ
5. പത്ര മാധ്യമ സ്ഥാപനങ്ങൾ
6. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ
7. സ്വകാര്യ ആശുപത്രികൾ, ലബോറട്ടറികൾ
8. കൺസ്ട്രക്ഷൻ മേഖലയിലെ നിർമ്മാണ തൊഴിലാളികൾ

കൂടാതെ കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പത്തോ അതിലധികമോ തൊഴിലാളികളുള്ള സ്ഥാപനങ്ങളിലെ എല്ലാ കോൺട്രാക്ട്/കാഷ്വൽ തൊഴിലാളികൾക്കും ഇ.എസ്.ഐ, പരിരക്ഷ ലഭ്യമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഐ.ടി.ഐ. കോഴ്സുകൾ നവീകരിക്കുന്നതിനാവശ്യമായ നടപടികൾ

270 (2455) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ഐ.ടി.ഐ.-കളിലെ കോഴ്സുകൾ കാലഘട്ടത്തിനനുസൃതമായി നവീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഈ സർക്കാർ വന്നതിനുശേഷം ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

ഐ.ടി.ഐ. കളിൽ നിലവിലുള്ള കോഴ്സുകൾ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിലാണ് (CTS) നടത്തപ്പെടുന്നത്. ടി സ്കീമിനുകീഴിലുള്ള കോഴ്സുകളും ആയതിന്റെ സിലബസ്സുകളും തയ്യാറാക്കുന്നതും കാലോചിതമായി പരിഷ്കരിക്കുന്നതും ന്യൂഡൽഹിയിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT) ആണ്. കോഴ്സുകൾ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിൽസാധ്യത കുറഞ്ഞ 129 ട്രേഡുകളിലെ 271 യൂണിറ്റുകൾ നിർത്തലാക്കി പകരം തൊഴിൽ സാധ്യത കൂടിയ 51 ട്രേഡുകളിലായി 271 യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഉത്തരവാകുകയും ടി ട്രേഡുകളിൽ പരിശീലനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## ഐ.ടി.ഐ.-കളുടെ നവീകരണം

271 (2456) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ.-കളുടെ നവീകരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) ഐ.ടി.ഐ-കളിലെ സിലബസ്സും കോഴ്സുകളും കാലോചിതമായി പരിഷ്ക്കരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഐ.ടി.ഐ.-കളുടെ നവീകരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു:

1. ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത്

   പത്ത് (10) ഐ.ടി.ഐ.-കളെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.-കളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ തിരുവനന്തപുരം ജില്ലയിലെ ഗവ.

ഐ.ടി.ഐ. ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ. ഐ.ടി.ഐ. കോഴിക്കോട് എന്നീ ഐ.ടി.ഐ.-കളെ ഇന്റർനാഷണൽ ഐ.ടി.ഐ. ആക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

2. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ

മികച്ച ഗുണമേൻമയും ഫലപ്രാപ്തിയും ലക്ഷ്യമാക്കിയുള്ള പ്രവർത്തനം ഉറപ്പാക്കുന്നതിനായി വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-കളെ മികച്ച നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടുകൂടി 34 സർക്കാർ ഐ.ടി.ഐ.-കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. കോഴിക്കോട് (വനിത) ഐ.ടി.ഐ.-യിൽ പരിശീലന സംബന്ധമായ നൂതന ഐ.എസ്.ഒ. 29993-2017 സർട്ടിഫിക്കേഷനായുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

3. 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ 5 വനിതാ ഐ.ടി.ഐ.-കളുടെ പദവി ഉയർത്തുമെന്നും 10 രണ്ടാം ഗ്രേഡ് ഐ.ടി.ഐ.-കളെ ഒന്നാം ഗ്രേഡ് ഐ.ടി.ഐ.-കളാക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ ഐ.ടി.ഐ.-കളിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ബി) ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിന് (CTS) കീഴിലുള്ള കോഴ്സുകളാണ് ഐ.ടി.ഐ.-കളിൽ നടത്തുന്നത്. ടി സ്കീമിനുകീഴിലുള്ള കോഴ്സുകളും ആയതിന്റെ സിലബസ്സുകളും തയ്യാറാക്കുന്നതും കാലോചിതമായി പരിഷ്കരിക്കുന്നതും ന്യൂഡൽഹിയിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT) ആണ്. കോഴ്സുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി NCVT നിർത്തലാക്കിയ ട്രേഡുകൾക്ക് പകരം പുതിയ ട്രേഡുകൾ സംസ്ഥാനത്തെ ഐ.ടി.ഐ.കളിൽ ആരംഭിച്ചിട്ടുണ്ട്.

**പുതിയ ഐ.ടി.ഐ.-കൾ**

272(2457) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഐ.ടി.ഐ.കൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പുതിയ ഐ.ടി.ഐ.-കൾ അനുവദിക്കുന്നതിനുള്ള പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ലഭ്യമാക്കാമോ;

(ഡി) മലപ്പുറം ജില്ലയിലെ വാഴക്കാട് പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) പന്ന്യന്നൂർ, പീലിക്കോട്, വെള്ളമുണ്ട, അങ്കമാലി, മയ്യനാട്, വർക്കല, കുറ്റിക്കോൽ എന്നീ സ്ഥലങ്ങളിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കുമെന്ന് 2018-19 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനൊപ്പം ഏലപ്പാറ, കുട്ടാർ, കൊണ്ടോട്ടി എന്നീ സ്ഥലങ്ങളിൽക്കൂടി ഐ.ടി.ഐ.-കൾ അനുവദിക്കണമെന്ന ആവശ്യം വിഷയനിർണ്ണയ സമിതി മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്.

(ഡി) വാഴക്കാട് പഞ്ചായത്ത് ഉൾപ്പെട്ട മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ ഐ.ടി.ഐ. ആരംഭിക്കണമെന്ന നിർദ്ദേശം വിഷയനിർണ്ണയ സമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

**കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ.**

273 (2458) <u>ശ്രീ. പി. ഉണ്ണി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം, കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ എലമ്പുലാശ്ശേരി ലഫ്.കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ .ടി. ഐ എന്നാണ് ആരംഭിച്ചത്;

(ബി) പ്രസ്തുത ഐ .ടി. ഐ. നിലവിൽ എവിടെയാണ് പ്രവർത്തിക്കുന്നത്; സ്വന്തമായി സ്ഥലം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഐ.ടി.ഐ.-യിൽ നിലവിലുള്ള ട്രേഡുകൾ ഏതെല്ലാമാണ്; ഓരോ ട്രേഡിലുമായി എത്ര വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നുണ്ട്;

(ഡി) വിദ്യാർത്ഥികളുടെ പഠന/പരിശീലന ആവശ്യത്തിനുള്ള എക്യുപ്മെന്റ്, ഫർണിച്ചർ മുതലായവയുടെ അപര്യാപ്തത ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ അതു പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) എലുമ്പുലാശ്ശേരി ലഫ്റ്റനന്റ് കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ. 2015 ഒക്ടോബർ മാസം മുതൽ പ്രവർത്തനം ആരംഭിച്ചു.

(ബി) എലുമ്പുലാശ്ശേരി ഗവ. എൽ.പി. സ്കൂളിലാണ് നിലവിൽ ലഫ്റ്റനന്റ് കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ. താൽക്കാലികമായി പ്രവർത്തിക്കുന്നത്. ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി വകുപ്പിന് സ്ഥലം സ്വന്തമായി ലഭിച്ചിട്ടില്ല. എലുമ്പുലാശ്ശേരി ഐ.ടി.ഐ.-ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ജലവിഭവ വകുപ്പിന്റെ അധീനതയിൽ കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലുള്ള ഒറ്റപ്പാലം താലൂക്കിൽ കരിമ്പുഴ വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ടതും ഒഴിഞ്ഞുകിടക്കുന്നതുമായ ഭൂമിയിൽനിന്നും 2 ഏക്കർ സ്ഥലം വകുപ്പിന് ഉപയോഗാനുമതി നൽകാവുന്നതാണെന്ന് ജലവിഭവ വകുപ്പ് ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം - 1 കോഴിക്കോട്-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സ്ഥലം വകുപ്പിന് ലഭ്യമാക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടർ, ചീഫ് എഞ്ചിനീയർ എന്നിവർക്ക് വകുപ്പ് കത്ത് നൽകിയിട്ടുണ്ട്. ടി സ്ഥലം വകുപ്പിന് ഉപയോഗാനുമതി നൽകുന്നത് സംബന്ധിച്ച് ജലസേചന വകുപ്പ് ലഭ്യമാക്കിയ കരാറുടമ്പടിയുടെ കരട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത ഐ.ടി.ഐ.യിൽ പ്ലംബർ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്നീ ട്രേഡുകളാണ് നിലവിലുള്ളത്. പ്ലംബർ ട്രേഡിൽ 42 ട്രെയിനികൾക്കും ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിൽ 38 ട്രെയിനികൾക്കുമാണ് പരിശീലനം നൽകിവരുന്നത്.

(ഡി) എക്യുപ്മെന്റ്, ഫർണിച്ചർ മുതലായവയുടെ അപര്യാപ്തത പരിഹരിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**പാറശ്ശാല വനിതാ ഐ.ടി.ഐ.**

274(2459) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല വനിതാ ഐ.ടി.ഐ.-യിൽ പുതുതായി ഏതൊക്കെ ട്രേഡുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന തരത്തിലുള്ള പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(സി) പ്രസ്തുത ഐ.ടി.ഐ.-യിൽ പ്ലേസ്മെന്റ് ലിങ്ക്ഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പാറശ്ശാല (വനിത) ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് ഫീസിബിലിറ്റി സ്റ്റഡി നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ട്രെയിനിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ടി വിഷയം പരിശോധിക്കുന്നതാണ്.

(ബി) കാലഹരണപ്പെട്ടതും തൊഴിൽ സാധ്യത കുറഞ്ഞതുമായ ട്രേഡുകൾ നിർത്തലാക്കി പകരം നൂതനവും തൊഴിൽ സാധ്യത കൂടിയതുമായ ട്രേഡുകൾ കാലാകാലങ്ങളിൽ ആരംഭിക്കുന്നതിന്റെ ഭാഗമായി 2017-ൽ തൊഴിൽ സാധ്യത കുറഞ്ഞ 129 ട്രേഡുകളിലെ 271 യൂണിറ്റുകൾ നിർത്തലാക്കി പകരം തൊഴിൽ സാധ്യത കൂടിയ 51 ട്രേഡുകളിലായി 271 യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഉത്തരവാകുകയും ടി ട്രേഡുകളിൽ പരിശീലനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്ലേസ്മെന്റ് ലിങ്ക്ഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം (PLEP) എന്നത് എംപ്ലോയബിലിറ്റി സെന്റർ, പ്രധാൻമന്ത്രി കൗശൽ വികാസ് യോജന, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം, ദീൻ ദയാൽ ഉപാധ്യായ് ഗ്രാമീൺ കൗശൽ വികാസ് യോജന എന്നീ സ്കില്ലിംഗ് പ്രോഗ്രാമുകൾ വഴി നടപ്പിലാക്കിവരുന്ന പദ്ധതികളോട് സമാനമായതിനാൽ പ്രസ്തുത പദ്ധതി നടപ്പാക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

**വർക്കല മണ്ഡലത്തിൽ ഐ.ടി.ഐ.**

275 (2460) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) ഐ.ടി.ഐ. ആരംഭിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 2018-19 ബജറ്റിൽ വർക്കലയിൽ പുതിയ ഐ.ടി.ഐ. സ്ഥാപിക്കുന്ന വിഷയം ഉൾപ്പെട്ടിട്ടുണ്ട്. ആയതിലേയ്ക്കായി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ട്രെയിനിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കോങ്ങാട് മണ്ഡലത്തിൽ ഐ.ടി.ഐ. അനുവദിക്കുന്നതിന് നടപടി**

276 (2461) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ പുതിയതായി ഒരു ഐ.ടി.ഐ. ആരംഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ സ്ഥലം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയാൽ ഐ.ടി.ഐ. അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മണ്ഡലത്തിൽ സ്ഥലം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് ടി ആവശ്യം പരിശോധിക്കുന്നതാണ്.

**പീലിക്കോട് ഐ.ടി.ഐ.**

277 (2462) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച പീലിക്കോട് ഐ.ടി.ഐ.-യിൽ എന്നുമുതൽ ക്ളാസ്സുകൾ ആരംഭിക്കാൻ നടപടി ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ ഏതൊക്കെ കോഴ്സുകളാണ് അനുവദിക്കാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പീലിക്കോട് ഐ.ടി.ഐ.-ക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്താനും ട്രേഡുകൾ നിശ്ചയിച്ച് റിപ്പോർട്ട് സമർപ്പിക്കാനും വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഐ.ടി.ഐ.-യിൽ ക്ലാസ്സുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**താഴേക്കോട് വനിതാ ഐ.ടി.ഐ.**

278(2463) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ താഴേക്കോട് വനിതാ ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് വ്യാവസായിക പരിശീലന വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി 2018-19-ലെ ബജറ്റിൽ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടപ്പിലാക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിയ്ക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ബന്ധപ്പെട്ടവർക്ക് അടിയന്തര നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) താഴേക്കോട് വനിതാ ഐ.ടി.ഐ.-ക്ക് സ്വന്തമായി ഭൂമി കൈമാറി ലഭിച്ചിട്ടില്ലാത്തതിനാൽ കെട്ടിട നിർമ്മാണത്തിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. കെട്ടിട നിർമ്മാണത്തിന് സ്ഥലം കൈമാറി ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**പെരിങ്ങോടം ഐ.ടി.ഐ.**

279(2464) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോടം ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ അനുവദിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

നിലവിൽ പഞ്ചായത്ത് ലഭ്യമാക്കിയ താൽക്കാലിക സംവിധാനത്തിലാണ് പെരിങ്ങോം ഗവ. ഐ.ടി.ഐ. പ്രവർത്തിക്കുന്നത്. പെരിങ്ങോം ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി പഞ്ചായത്ത് ലഭ്യമാക്കിയ സ്ഥലത്ത് (5 ഏക്കർ) ഐ.ടി.ഐ.-ക്കായി കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് പുതിയ ട്രേഡുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

## ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നവീകരണം

280(2465) ശ്രീ. എസ്. ശർമ്മ :
ശ്രീ. റ്റി.വി. രാജേഷ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൈപുണ്യ വികസന നയത്തിനനുസൃതമായി സംസ്ഥാനത്തെ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്;

(ബി) സംസ്ഥാനത്ത് പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് അവ സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള ഐ.ടി.ഐ.-കളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഐ.ടി.ഐ.-കളിൽ തൊഴിൽസാധ്യതകൾ കുറഞ്ഞ ട്രേഡുകൾ നിർത്തലാക്കി പകരം കാലാനുസൃതമായ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 ഐ.ടി.ഐ.-കളെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.-കളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ തിരുവനന്തപുരം ജില്ലയിലെ ഗവ. ഐ.ടി.ഐ. ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ. ഐ.ടി.ഐ. കോഴിക്കോട് എന്നീ ഐ.ടി.ഐ.-കളെ ഇന്റർനാഷണൽ ഐ.ടി.ഐ. ആക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. പന്ന്യന്നൂർ, പീലിക്കോട്, വെള്ളമുണ്ട, അങ്കമാലി, മയ്യനാട്, വർക്കല, കുറ്റിക്കോൽ എന്നീ സ്ഥലങ്ങളിൽ പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കുമെന്ന് 2018-19 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) 1. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ

മികച്ച ഗുണമേൻമയും ഫലപ്രാപ്തിയും ലക്ഷ്യമാക്കിയിട്ടുള്ള പ്രവർത്തനം ഉറപ്പാക്കുന്നതിനായി വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.കളെ മികച്ച നിലവാരത്തിലേയ്ക്ക് ഉയർത്തുകയെന്ന ലക്ഷ്യത്തോടുകൂടി 34 സർക്കാർ ഐ.ടി.ഐ.കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. കൂടാതെ കോഴിക്കോട് (വനിത) ഐ.ടി.ഐ.-യിൽ പരിശീലന സംബന്ധമായ നൂതന ഐ.എസ്.ഒ. 29993-2017 സർട്ടിഫിക്കേഷനായുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

2. വെർച്വൽ ക്ലാസ് റൂം പദ്ധതി

സംസ്ഥാനത്തെ 34 ഐ.ടി.ഐ.-കളിൽ വെർച്വൽ ക്ലാസ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

3. 3 ഡി ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡ്

മെക്കാനിക് മോട്ടോർ വെഹിക്കിൾ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, ഫിറ്റർ, ടർണർ, മെഷിനിസ്റ്റ് എന്നീ ട്രേഡുകളിലെ തിയറി വിഷയങ്ങൾ, വിവിധ ട്രേഡുകളിലെ എഞ്ചിനീയറിംഗ് ഡ്രോയിംഗ് വിഷയം തുടങ്ങിയവ 3 ഡി ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡിലൂടെ പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

4. ഐ.ടി.ഐ. വെബ്സൈറ്റ്

വകുപ്പിന് കീഴിലുള്ള 74 സർക്കാർ ഐ.ടി.ഐ.-കൾക്ക് പ്രത്യേകം ഔദ്യോഗിക വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ട്.

5. പ്രമുഖ വ്യാവസായിക സ്ഥാപനങ്ങളുമായുള്ള സഹകരണം

ഐ.ടി.ഐ.-കളിലെ പരിശീലനാർത്ഥികൾക്ക് ആധുനിക സാങ്കേതികവിദ്യയിൽ പരിജ്ഞാനം ലഭ്യമാക്കുന്നതിനും അതുവഴി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി വിവിധ കമ്പനികളുമായി വിവിധ ഐ.ടി.ഐ.-കൾ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

6. <u>കാലഹരണപ്പെട്ട ട്രേഡുകളുടെ റീവാമ്പിംഗ്</u>

ഐ.ടി.ഐ.-കളിൽ നിലവിലുള്ളതും കാലഹരണപ്പെട്ടതുമായ ട്രേഡുകൾ റീവാമ്പ് ചെയ്ത് തൊഴിൽ സാധ്യതയുള്ളതും നൂതനവുമായ പുതിയ ട്രേഡുകൾ കാലാകാലങ്ങളിൽ ആവിഷ്കരിക്കുന്നുണ്ട്.

7. <u>പ്ലേസ്മെന്റ് സെൽ</u>

വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന ട്രെയിനികൾക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനായി പ്ലേസ്മെന്റ് സെല്ലുകൾ സർക്കാർ ഐ.ടി.ഐ.-കളിൽ രൂപീകരിച്ചിട്ടുണ്ട്.

8. <u>സംരഭകത്വ വികസന ക്ലബ്ബ്</u>

വ്യാവസായിക വകുപ്പുമായി സംയോജിച്ച് ഭൂരിഭാഗം ഐ.ടി.ഐ.-കളിലും സംരംഭകത്വ ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്.

9. ഐ.ടി.ഐ.-കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്തെ 7 ഐ.ടി.ഐ.-കളിൽ നടപ്പിലാക്കിയിട്ടുണ്ട്. കളമശ്ശേരി സർക്കാർ ഐ.ടി.ഐ.-യെ മോഡൽ ഐ.ടി.ഐ. ആയി ഉയർത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം കളമശ്ശേരി ഐ.ടി.ഐ.-യിൽ കെട്ടിട നിർമ്മാണവും ഉപകരണ സംഭരണവും നടന്നുവരുന്നു.

10. 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ 5 വനിതാ ഐ.ടി.ഐ.-കളുടെ പദവി ഉയർത്തുമെന്നും 10 രണ്ടാം ഗ്രേഡ് ഐ.ടി.ഐ.-കളെ ഒന്നാം ഗ്രേഡ് ഐ.ടി.ഐ.-കളാക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ ഐ.ടി.ഐ.-കളിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.

(ഡി) കാലഹരണപ്പെട്ടതും തൊഴിൽ സാധ്യത കുറഞ്ഞതുമായ കോഴ്സുകൾ നിർത്തലാക്കി പകരം നൂതനവും തൊഴിൽ സാധ്യത കൂടിയതുമായ ട്രേഡുകൾ വകുപ്പിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2017 വർഷം തൊഴിൽ സാധ്യത കുറഞ്ഞ 129 ട്രേഡുകളിലെ 271 യൂണിറ്റുകൾ നിർത്തലാക്കി പകരം തൊഴിൽ സാധ്യത കൂടിയ 51 ട്രേഡുകളിലായി 271 യൂണിറ്റ് ആരംഭിച്ചു.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി

281(2466) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 2016 മുതൽ എത്ര പേർക്ക് ജോലി നൽകാൻ സാധിച്ചു;

(ബി) ഇത്തരത്തിൽ ജോലി നൽകിയവരുടെ വിശദാംശങ്ങൾ വകുപ്പ്, തസ്തിക എന്നിവയുടെ അടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ;

(സി) വകുപ്പിനെ ഡിജിറ്റൈസേഷൻ മുഖേന കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 2016 മുതൽ താഴെപറയുംവിധം ജോലി നൽകിയിട്ടുണ്ട്:

| | |
|---|---|
| 2016 | - 10358 |
| 2017 | - 11640 |
| 2018 ജനവരി | - 1192 |
| ആകെ | - 23190 (ഇരുപത്തി മൂവായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്) |

കൂടാതെ 2017 -ൽ സംസ്ഥാനത്തെ വിവിധ എംപ്ലോയബിലിറ്റി സെന്ററുകൾ വഴി 18549 പേർക്കും സംസ്ഥാന എംപ്ലോയ്മെന്റ് വകുപ്പ് സ്വകാര്യ സംരംഭകരുമായി ചേർന്ന് നടപ്പിലാക്കുന്ന 'നിയുക്തി'എന്ന പേരിലുള്ള മെഗാ ജോബ് ഫെയറുകൾ മുഖേന 16679 പേർക്കും സ്വകാര്യ മേഖലയിലും ജോബ് ഓഫറുകൾ നൽകിയിട്ടുണ്ട്.

(ബി) വിവിധ വകുപ്പുകളിലായി ആകെ 23190 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത് അവർക്ക് ഇ-സേവനങ്ങൾ നൽകുന്നതിനായി ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എന്ന ഓൺലൈൻ പോർട്ടൽ വികസിപ്പിക്കുകയും ആയതിന്റെ സംസ്ഥാനതല ഉദ്ഘാടനം തൊഴിൽവകുപ്പുമന്ത്രി 3-5-2017-ന് നിർവ്വഹിക്കുകയും ചെയ്തു. www.employment.kerala.gov.in എന്ന വെബ്സൈറ്റ് വഴി രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗത വിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി പ്രത്യക്ഷമായി നൽകുന്ന എല്ലാ സേവനങ്ങളും ഉദ്യോഗാർത്ഥികൾക്ക് ഓൺലൈൻ ആയി എല്ലായ്പ്പോഴും എവിടെനിന്നും ലഭ്യമാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ മറ്റ് പ്രധാന സേവനങ്ങളായ വേക്കൻസി, വൊക്കേഷണൽ ഗൈഡൻസ്, എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ തുടങ്ങിയ എല്ലാ മൊഡ്യൂളുകളും ഓൺലൈൻ പോർട്ടലിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

## നിലമ്പൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും അയച്ച മെമ്മോ

282 (2467) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തരം കൃഷി വകുപ്പിനു കീഴിലെ നിലമ്പൂർ മുണ്ടേരി വിത്ത് കൃഷിത്തോട്ടം, ചുങ്കത്തറയിലെ മുട്ടിക്കടവ് ഫാം എന്നിവിടങ്ങളിലേക്ക് കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഈ ജോലിക്കായി നിലമ്പൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ആളുകൾക്ക് മെമ്മോ അയച്ചിട്ടുണ്ടോ; ഉൾപ്പെട്ട ആളുകൾ ആരൊക്കെയെന്ന് വിശദമാക്കാമോ;

(സി) മേൽസ്ഥാപനങ്ങളിലേക്ക് ആളുകളെ നിയമിക്കുന്നതിന് നിലമ്പൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും അവസാനമായി അറിയിപ്പ് അയച്ചത് എന്നായിരുന്നു; എത്ര പേർക്കാണ് അന്ന് മെമ്മോ അയച്ചത്; മാനദണ്ഡം എന്തായിരുന്നു; വിശദമാക്കാമോ?

### ഉത്തരം

(എ) മുണ്ടേരി വിത്ത് കൃഷിത്തോട്ടത്തിലേയ്ക്ക് കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്നതിന് നിലമ്പൂർ ടൗൺ എപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്തിരുന്നു. ചുങ്കത്തറയിലെ മുട്ടിക്കടവ് ഫാമിൽനിന്നും ഒഴിവുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി&സി) ഉദ്യോഗദായകൻ ആവശ്യപ്പെട്ട പ്രകാരം നിശ്ചിതയോഗ്യതയുള്ള 1144 ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നിലമ്പൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നൽകിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക് നിലമ്പൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും മെമ്മോ അയച്ചിട്ടില്ല. മുണ്ടേരി കൃഷി ഫാമിലേയ്ക്ക് ആളുകളെ നിയമിക്കുന്നതിനായി അവസാനമായി ഉദ്യോഗദായകന് ലിസ്റ്റ് അയച്ചത് 30-7-2015-നാണ്. പ്രസ്തുത ഒഴിവിന് നാമനിർദ്ദേശം ചെയ്യുന്നതിനായി നിശ്ചയിച്ച മാനദണ്ഡം ചുവടെ ചേർക്കുന്നു:

യോഗ്യത : സാക്ഷരതയും ശാരീരികക്ഷമതയും

പ്രായം : 18-41 (നിയമാനുസൃത വയസ്സിളവ് അനുവദനീയം)

**താത്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്താൻ നടപടി**

283(2468) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താല്ക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ നേരിട്ട് നടത്തുന്നതായ പരാതി ലഭിച്ചിട്ടുണ്ടോ. എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) അനധികൃതമായി നിയമനം ലഭിച്ചവരെ പിരിച്ചുവിട്ട് പ്രസ്തുത ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ ഓഫീസുകളിലും, സ്ഥാപനങ്ങളിലും 2017 -ൽ പരിശോധന നടത്തി നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ/അർദ്ധസർക്കാർ ഉൾപ്പെടെയുള്ള ഏതാനും ചില സ്ഥാപനങ്ങളിൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയല്ലാതെ നേരിട്ട് താത്കാലിക നിയമനങ്ങൾ നടത്തുന്നതായി പരാതി ലഭിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം പരിശോധന നടത്തുകയും അനധികൃത നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അപ്രകാരം നിയമനം നേടിയവരെ പിരിച്ചുവിട്ട് ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിച്ച് നിയമനം നടത്തുന്നതിന് ഉദ്യോഗദായകന് നിർദ്ദേശം നൽകുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കാതെ, നേരിട്ട് നിയമനം നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ അനധികൃത നിയമനം ലഭിച്ചവരെ പിരിച്ചുവിട്ട് ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കണമെന്ന നിർദ്ദേശം എംപ്ലോയ്മെന്റ് വകുപ്പിൽനിന്നും നൽകാറുണ്ട്.

(സി) എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് നടത്തുന്ന എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ പരിശോധനകളുടെ അടിസ്ഥാനത്തിലും അനധികൃത നിയമനം സംബന്ധിച്ച പരാതി ലഭിച്ചതിനെ തുടർന്നും കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം നടപടി സ്വീകരിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1. കെയർഹോം, കൊല്ലം

2. ഇ.എസ്.ഐ. ആശുപത്രികൾ (തിരുവനന്തപുരം, കൊല്ലം, പാലക്കാട്)

3. വൃദ്ധസദനം, കൊല്ലം

4. എസ്.ഇ.ആർ.ടി., മലപ്പുറം

5. കാപ്പാട്, പന്നിവളർത്തൽ കേന്ദ്രം

6. തിരുവനന്തപുരം ഹോമിയോ മെഡിക്കൽ കോളേജ്

7. കറ്റാനം ഗവൺമെന്റ് റെസ്റ്റ് ഹൗസ്

8. വാട്ടർ അതോറിറ്റി, മലപ്പുറം

9. ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസുകൾ (എല്ലാ ജില്ലകളിലും)

10. കണ്ണൂർ യൂണിവേഴ്സിറ്റി

11. ആലപ്പുഴ ജില്ലയിലെ അഞ്ചൽ ഈസ്റ്റ് സർക്കാർ സ്കൂളുകൾ

12. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ

13. ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട്

14. അനെർട്ട്

15. ITDP

16. ഇൻഷ്വറൻസ് ഓഫീസ്, കൊല്ലം

17. കേരള അഗ്രികൾച്ചർ ഡിപ്പാർട്ടുമെന്റ്

18. ഹയർ സെക്കൻഡറി ഡയറക്ടറേറ്റ്

19. പെരുമ്പടപ്പ് പഞ്ചായത്ത്

20. കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ

21. ചിൽഡ്രൻസ് ഹോം, കോട്ടയം

22. പൊല്യൂഷൻ കൺട്രോൾ ബോർഡ്, തിരുവനന്തപുരം .

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ**

284(2469) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015 മുതൽ 2017 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി ഓരോ വർഷവും നടത്തിയ നിയമനങ്ങളുടെ എണ്ണം നൽകുമോ?

ഉത്തരം

2015 മുതൽ 2017 വരെ ഓരോ വർഷവും നടത്തിയ നിയമനങ്ങളുടെ എണ്ണം താഴെ കൊടുക്കുന്നു:

2015 - 10303 (പതിനായരിത്തി മുന്നൂറ്റിമൂന്ന് പേർക്ക്)

2016 - 10358 (പതിനായിരത്തി മുന്നൂറ്റി അൻപത്തിയെട്ട് പേർക്ക്)

2017 - 11640 (പതിനൊന്നായിരത്തി അറുന്നൂറ്റി നാൽപ്പതുപേർക്ക്)

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ**

285 (2470) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി ജോലി ലഭിക്കുന്നതിന് യഥാസമയം പുതുക്കാൻ കഴിയാത്തവർക്ക് വീണ്ടും അവസരം നൽകുമോ;

(ബി) ഇത്തരത്തിൽ അവസരം നൽകുന്നവരിൽ പ്രായപരിധി കഴിഞ്ഞവർക്ക് പ്രത്യേക പരിഗണന ലഭിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) പ്രത്യേക പുതുക്കൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ യഥാസമയം പുതുക്കാൻ കഴിയാത്തവർക്ക് വർഷാവർഷം അവസരം നൽകിവരുന്നു. എന്നാൽ പ്രായപരിധി കഴിഞ്ഞവർക്ക് ഇത്തരത്തിൽ രജിസ്ട്രേഷൻ പുതുക്കുന്നതിന് പ്രത്യേക പരിഗണന നൽകാറില്ല.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം**

286 (2471) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2016 മേയ് വരെ രജിസ്റ്റർ ചെയ്തവർ എത്രയെന്നറിയിക്കുമോ?

ഉത്തരം

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2016 മേയ് വരെ 3596012 (മുപ്പത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി പന്ത്രണ്ട്) പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 2218542 (ഇരുപത്തിരണ്ട് ലക്ഷത്തി പതിനെട്ടായിരത്തി അഞ്ഞൂറ്റി നാൽപ്പത്തിരണ്ട്) പേർ സ്ത്രീകളും 1377470 (പതിമൂന്ന് ലക്ഷത്തി എഴുപത്തി ഏഴായിരത്തി നാനൂറ്റി എഴുപത്) പേർ പുരുഷന്മാരുമാണ്.

**നിയുക്തി 2017 ജോബ് ഫെയർ**

287 (2472) ശ്രീ. എ. എം. ആരിഫ്:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ ലഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിന്റെ ഭാഗമായി സ്വകാര്യ മേഖലയിലെ പ്രധാന തൊഴിൽ ദാതാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് കഴിഞ്ഞ വർഷം നിയുക്തി 2017 എന്ന പേരിൽ ജോബ് ഫെയർ സംഘടിപ്പിച്ചിരുന്നോ;

(സി) എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഇത് സംഘടിപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തൊഴിൽ മേളയിൽ ഏതെല്ലാം തൊഴിൽ ദാതാക്കളാണ് പങ്കെടുത്തതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് നിലവിലുള്ള നിയമങ്ങൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ അനുയോജ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നൽകിവരുന്നുണ്ട്. ഇതിനുപുറമെ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് സംഘടിപ്പിച്ചുവരുന്ന "നിയുക്തി" മെഗാ ജോബ് ഫെസ്റ്റ് മുഖേനയും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും മോഡൽ കരിയർ സെന്ററുകൾ മുഖേന സംഘടിപ്പിക്കുന്ന തൊഴിൽ മേളകൾ വഴിയും സ്വകാര്യ മേഖലയിൽ നിലവിലുള്ള തൊഴിലവസരങ്ങൾ തൊഴിലന്വേഷരായ യുവജനങ്ങൾക്ക് ലഭ്യമാക്കിവരുന്നുണ്ട്. കൂടാതെ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ മുഖേന ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ കൗൺസിലിംഗും പരിശീലനവും നൽകി മികച്ച തൊഴിലുകൾക്ക് പ്രാപ്തരാക്കുകയും അതിനുശേഷം സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് പ്രാപ്തരായ ഉദ്യോഗാർത്ഥികളെ എംപ്ലോയബിലിറ്റി സെന്ററുകളിലേയ്ക്ക് നയിക്കുകയും ചെയ്യുന്നു.

(ബി) സംഘടിപ്പിച്ചിരുന്നു.

(സി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് "നിയുക്തി 2017" മെഗാ ജോബ് ഫെയർ സംഘടിപ്പിച്ചത്.

(ഡി) പ്രസ്തുത തൊഴിൽ മേളയിൽ പങ്കെടുത്ത തൊഴിൽദാതാക്കളുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ജോബ് പോർട്ടലും കരിയർ ഡെവലപ്മെന്റ് സെന്ററുകളും**

288(2473) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിലുണ്ടാകുന്ന തൊഴിലുകളിൽക്കൂടി സംസ്ഥാനത്തെ തൊഴിൽരഹിതർക്ക് അവസരം നൽകുന്നതിനുള്ള ജോബ് പോർട്ടലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രയോജനം തൊഴിൽരഹിതർക്ക് എത്രമാത്രം ലഭിച്ചുവെന്നും, സ്വകാര്യമേഖലയിൽ ജോലി ലഭിക്കുന്നതിന് ഈ സെന്ററുകൾ എത്രമാത്രം വിജയപ്രദമായിയെന്നും വെളിപ്പെടുത്തുമോ ;

(സി) ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലും, തൊഴിൽ മേഖലയിലുമുള്ള നൂതന പ്രവണതകളെ കുറിച്ച് അറിവ് നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളുടെ പ്രവർത്തനം പ്രയോജനപ്രദമാണോ ;

(ഡി) എല്ലാ ജില്ലകളിലും ഇത്തരം സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്വകാര്യ മേഖലയിലുണ്ടാകുന്ന തൊഴിലുകളിൽ സംസ്ഥാനത്തെ തൊഴിൽരഹിതർക്ക് അവസരം നൽകുന്നതിന് www.jobfestkerala.gov.in എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. 'നിയുക്തി' എന്ന ജോബ് ഫെയർ മാത്രമാണ് ടി പോർട്ടൽവഴി ഇപ്പോൾ നടത്തുന്നത്. സ്വകാര്യ മേഖലയിലുണ്ടാകുന്ന തൊഴിലവസരങ്ങൾ സംസ്ഥാനത്തെ തൊഴിൽരഹിതർക്ക് ഉപയോഗപ്പെടുത്തുന്നതിന് എംപ്ലോയ്മെന്റ് വകുപ്പിന്റെ ഓൺലൈൻ പോർട്ടലായ www.employment.kerala.gov.in-ൽ സൗകര്യമൊരുക്കുന്നതാണ്.

(ബി) എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരം

ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രയോജനപ്പെടുന്നുണ്ട്. നാളിതുവരെയായി എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന 75,145 ഉദ്യോഗാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകി വിവിധ ജോലികൾക്ക് പ്രാപ്തരാക്കുകയും 39,206 പേർക്ക് ജോബ് ഓഫറുകൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി സെന്ററുകൾ മുഖേന നടത്തിയ ജോബ് ഡ്രൈവുകളിലൂടെ 18,575 പേർക്ക് പ്ലേസ്മെന്റ് ഓഫർ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലും തൊഴിൽ മേഖലയിലുമുള്ള നൂതന പ്രവണതകളെക്കുറിച്ച് അറിവ് നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളുടെ പ്രവർത്തനം പ്രയോജനപ്രദമാണ്.

(ഡി) നിലവിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ ചിറ്റൂർ എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം നെയ്യാറ്റിൻകരയിൽ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൊച്ചി കപ്പൽ നിർമ്മാണശാലയിലുണ്ടായ പൊട്ടിത്തെറി

289(2474) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് മലയാളികളുടെ മരണത്തിനിടയാക്കിയ കൊച്ചി കപ്പൽ നിർമ്മാണശാലയിലുണ്ടായ പൊട്ടിത്തെറിയെ സംബന്ധിച്ച് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണ്; കപ്പൽ നിർമ്മാണശാല അധികൃതരുടെ ഭാഗത്തുനിന്നും വീഴ്ച വന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് സംസ്ഥാന സർക്കാർ എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) വീഴ്ച കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത അന്വേഷണത്തിൽ ചുവടെ കൊടുത്തിരിക്കുന്ന നിയമലംഘനങ്ങൾ കപ്പൽശാല അധികൃതരുടെ ഭാഗത്തുനിന്നും നടന്നതായി കണ്ടെത്തിയിട്ടുണ്ട്.

(1) കൊച്ചിൻ കപ്പൽശാലയിലെ ഡ്രൈഡോക്കിൽ അറ്റകുറ്റ പണികൾക്കായി വന്ന സാഗർ ഭൂഷൺ എന്ന കപ്പലിന്റെ മൂന്നാം ഡക്കിൽ ഓക്സി അസറ്റലിൻ കട്ടിംഗിനായി ഉപയോഗിക്കുന്ന തുറന്നു കിടന്ന അസറ്റലിൻ ഗ്യാസിന്റെ ചലിക്കുന്ന ഹോസ് നീക്കം ചെയ്യാതിരിക്കുകയോ അല്ലെങ്കിൽ അടയ്ക്കാതിരിക്കുകയോവഴി അസറ്റിലിൻ ഗ്യാസ് ചോർച്ചയ്ക്കും പൊട്ടിത്തെറിക്കും കാരണമായിട്ടുണ്ട്. ആയത് അഞ്ച് പേരുടെ മരണത്തിനും 9 പേരുടെ പരിക്കിനും ഇടയാക്കിയിട്ടുണ്ട്. 1948-ലെ ഫാക്ടറി നിയമം സെക്ഷൻ 41 പ്രകാരം കേരള ഫാക്ടറീസ് റൂൾസ് 1956-ലെ റൂൾ 84 A(39)-ന്റെ ലംഘനം ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്.

(2) തൊഴിലാളികളുടെ സുരക്ഷിതത്വവും ആരോഗ്യവും ഉറപ്പുവരുത്താതെ ജീവന് ഭീഷണിയാകുന്ന തരത്തിൽ നിർമ്മാണ പ്രക്രിയ (Oxy-Acctyline Gas Cutting) നടത്താൻ അനുവദിക്കുകയും അതുവഴി 1948-ലെ ഫാക്ടറി നിയമം സെക്ഷൻ 41 നിഷ്കർഷിക്കുന്ന കേരള ഫാക്ടറീസ് റൂൾസ് 81 C ലംഘിച്ചിരിക്കുന്നു.

(3) ടി ഫാക്ടറിയിലെ ഷിപ്പ് റിപ്പയറിംഗ് നിർമ്മാണ പ്രക്രിയയിൽ സേഫ്റ്റി വർക്ക് പെർമിറ്റ് പ്രകാരം തൊഴിൽ സ്ഥലം സുരക്ഷിതമാണെന്ന് ഉറപ്പുവരുത്താതെ തൊഴിലാളികളുടെ ജീവന് ഭീഷണിയാകുന്ന തരത്തിൽ അപകടകരമായ നിർമ്മാണ പ്രക്രിയ നടത്തിയ നടപടി 1948-ലെ ഫാക്ടറി നിയമം സെക്ഷൻ 7 (A)(2)(d)യുടെ ലംഘനമാണ്.

(സി) ഇല്ല.

**കേരളത്തിലെ പ്രാദേശിക പത്രപ്രവർത്തകർ**

290(2475) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രാദേശിക പത്ര പ്രവർത്തകർക്ക് തുച്ഛമായ വേതനം മാത്രമാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദൃശ്യമാധ്യമ രംഗത്തെ കരാർ ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സമാനമായ രീതിയിൽ പ്രാദേശിക പത്രപ്രവർത്തകർക്കും മിനിമം വേതനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രാദേശിക പത്രപ്രവർത്തനം തൊഴിലായി സ്വീകരിച്ചവരുടെ കണക്കെടുപ്പ് നടത്തി രജിസ്ട്രേഷൻ നടത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രാദേശിക പത്രപ്രവർത്തകർക്ക് മിനിമം വേതനം, അക്രഡിറ്റേഷൻ, ക്ഷേമനിധി, ഇൻഷ്വറൻസ് തുടങ്ങിയവ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാധ്യമ പ്രവർത്തകരെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തി ടി തൊഴിൽ മേഖലയിലെ മിനിമം വേതനം നിശ്ചയിക്കുന്നതിന് 30-7-2017 തീയതിയായി ഇ 1/205/2017/തൊഴിൽ നമ്പർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) മിനിമം വേതനത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുന്നതോടെ മാധ്യമ പ്രവർത്തകർക്ക് മിനിമം വേതനം ലഭിക്കാനുള്ള സാഹചര്യം ഉണ്ടാകും. മറ്റ് വിഷയങ്ങൾ സംബന്ധിച്ച് വിശദമായ പരിശോധന ആവശ്യമാണ്.

**എക്സൈസ് വകുപ്പിന് പ്രത്യേക ക്രൈംബ്രാഞ്ച് വിഭാഗം**

291(2476) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്സൈസ് കേസുകൾ ദിനംപ്രതി വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) മയക്കുമരുന്നിനെതിരെ നടപടി സ്വീകരിക്കുന്ന ഉദ്യോഗസ്ഥരുടെ മനോവീര്യം തകർക്കുന്ന രീതിയിൽ അവർക്കെതിരെ വധഭീഷണി ഉണ്ടാകുന്നത് ഗൗരവമായി കണക്കാക്കിയിട്ടുണ്ടോ;

(സി) 17-2-2018 ന് മുപ്പത് കോടി രൂപയുടെ മയക്കുമരുന്ന് പിടികൂടിയ എക്സൈസ് സംഘത്തിന് വധഭീഷണി ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) എക്സൈസ് വകുപ്പിന് പ്രത്യേക ക്രൈംബ്രാഞ്ച് വിഭാഗം രൂപീകരിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിൽ എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ വധഭീഷണി ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**എക്സൈസ് രജിസ്റ്റർ ചെയ്ത കേസുകൾ**

292 (2477) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലത്ത് തുറന്നുപ്രവർത്തിച്ച ബാറുകൾ , നിലവിൽ പ്രവർത്തനക്ഷമമായ ബിയർ പാർലറുകൾ എന്നിവ എത്രയെണ്ണമാണെന്ന് വ്യക്തമാക്കാമോ;

(ബി) തുറന്ന ബാറുകൾ മുൻപ് പ്രവർത്തിച്ചിരുന്നവയാണോയെന്നും മുൻപ് പ്രവർത്തനക്ഷമമായിരുന്ന ബാറുകളിൽ എത്രയെണ്ണം നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും വിശദമാക്കാമോ;

(സി) ഈ സർക്കാർ കാലയളവിൽ എക്സൈസ് ഉദ്യോഗസ്ഥർ രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഓരോ എക്സൈസ് ഓഫീസിലും രജിസ്റ്റർ ചെയ്ത കേസുകൾ എത്ര; ഇതിൽ എത്ര കേസുകളിൽ നടപടിയെടുത്തു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലത്ത് 253 ബാറുകൾ തുറന്ന് പ്രവർത്തിച്ചിട്ടുണ്ട്. നിലവിൽ 426 ബിയർ/വൈൻ പാർലറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) മുമ്പ് പ്രവർത്തനക്ഷമമായിരുന്ന ബാറുകളിൽ 183 ബാറുകൾക്ക് ഇപ്പോൾ പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ കാലയളവിൽ എക്സൈസ് ഉദ്യോഗസ്ഥർ 40017 അബ്കാരി കേസുകളും 8848 എൻ.ഡി.പി.എസ്. കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) രജിസ്റ്റർ ചെയ്ത കേസുകളിലെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് തിരിച്ചുള്ള കേസുകളുടെ എണ്ണം അനുബന്ധമായി *ചേർത്തിരിക്കുന്നു.

## അനധികൃത മദ്യവില്പനക്കാരുടെ പേരിൽ കേസ്സെടുക്കുന്നതിന് അധികാരപ്പെട്ടവർ

293 (2478) <u>ശ്രീ. വി. എസ്. ശിവകുമാർ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത മദ്യവില്പനക്കാരുടെയും, പൊതുസ്ഥലങ്ങളിൽ മദ്യപിക്കുന്നവരുടെയും പേരിൽ കേസെടുക്കുന്നതിന് എക്സൈസ് ഇൻസ്പെക്ടർ മുതലുള്ള ഉദ്യോഗസ്ഥർക്ക് അധികാരമുണ്ടോ;

(ബി) എങ്കിൽ അബ്കാരി നിയമത്തിലെ ഏത് വകുപ്പ് അനുസരിച്ചാണ് പ്രസ്തുത അധികാരം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ജോയിന്റ് എക്സൈസ് കമ്മീഷണറുടെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ ഇനിമുതൽ ഇത്തരം കേസുകൾ സ്വീകരിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം നൽകുവാനുണ്ടായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) 4 മുതൽ 6 വരെ ജില്ലകളുടെ ചുമതലയുള്ള ജോയിന്റ് എക്സൈസ് കമ്മീഷണറുടെ മുൻകൂർ അനുമതി വാങ്ങിയശേഷം മാത്രമേ അബ്കാരി കേസ് സ്വീകരിക്കാവൂ എന്ന നിബന്ധന പ്രായോഗിക പ്രശ്നങ്ങൾ ഉണ്ടാക്കുമെന്നതിനാൽ പ്രസ്തുത നിർദ്ദേശം പിൻവലിക്കുമോയെന്ന് വിശദമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) അധികാരമുണ്ട്.

(ബി) അബ്കാരി ആക്റ്റ് സെക്ഷൻ 34 പ്രകാരമാണ് പ്രസ്തുത അധികാരം നൽകിയിട്ടുള്ളത്.

(സി&ഡി) നിർദ്ദേശിച്ചിട്ടില്ല.

**മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

294(2479) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയും, നിയമ വിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനവും, പരമാവധി കുറച്ച് മദ്യ വർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് സർക്കാരിന്റെ മദ്യ നയം എത്ര മാത്രം സഹായകമായി എന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ സമ്പൂർണ്ണ ലഹരി വിമുക്തമാക്കുന്നതിന് കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനത്തിലൂടെ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായ പരിധി 21 ൽ നിന്നും 23 ആക്കിയതിലൂടെ യുവാക്കളുടെ മദ്യഉപയോഗത്തിൽ കാര്യമായ മാറ്റം ഉണ്ടാക്കുവാൻ കഴിഞ്ഞുവെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ടോഡി ബോർഡ് രൂപീകരണം ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) മദ്യ നിരോധനമല്ല, മദ്യവർജ്ജനമാണ് സർക്കാർ ലക്ഷ്യമാക്കുന്നത്. മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും കുറയ്ക്കുന്നതിന്റെ ഭാഗമായി പുതിയതായി വിദേശമദ്യ ചില്ലറ വിൽപ്പനശാലകൾ ഒന്നും ആരംഭിച്ചിട്ടില്ല. ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 'വിമുക്തി' എന്ന പേരിൽ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരിക്കെതിരെ 'കായികലഹരി' എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും കായികരംഗത്തേയ്ക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജിതപ്പെടുത്തിയിട്ടുണ്ട്.

ലഹരിക്ക് അടിമപ്പെട്ടവരെ കൗൺസിലിംഗിലൂടെയും ആവശ്യമായ ചികിത്സ നൽകിയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ടുവരുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യവകുപ്പുമായി സഹകരിച്ച് കേരളത്തിലെ 14 ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് രണ്ടിടങ്ങളിലായി രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ ടോൾഫ്രീ നമ്പരിലുള്ള ടെലിഫോൺ വഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിംഗ് ലഭ്യമാക്കുന്ന തരത്തിൽ 2 കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ഡീ-അഡിക്ഷൻ സെന്റർ അന്താരാഷ്ട്ര നിലവാരത്തിലുള്ളതും നിംഹാൻസ് മാതൃകയിലും ആയിരിക്കും. ഇതിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള ഭൂമിയിൽനിന്നും ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. 'കായികലഹരി' പ്രവർത്തനങ്ങളുടെ ഭാഗമായി പത്തൊൻപത് വയസിൽ താഴെ പ്രായമുള്ള സ്കൂൾതല സീനിയർ ആൺകുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ജനുവരി മാസത്തിൽ പതിനാല് ജില്ലകളിലുമായി ജില്ലാതല കബഡി മത്സരങ്ങൾ സംഘടിപ്പിക്കുകയും ജില്ലാതല വിജയികളെ പങ്കെടുപ്പിച്ചുകൊണ്ട് മലപ്പുറം ജില്ലയിലെ പൊന്നാനിയിൽവച്ച് 2018 ജനുവരി 29-ാം തീയതി സംസ്ഥാനതല മത്സരവും നടത്തുകയുണ്ടായി. മാർച്ച് മാസത്തിൽ കേരളത്തിലെ മികച്ച വോളിബോൾ ക്ലബ്ബുകളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാതലത്തിലും തുടർന്ന് ജില്ലാതല വിജയികളെ പങ്കെടുപ്പിച്ചുകൊണ്ട് ആലപ്പുഴ ജില്ലയിൽവച്ച് സംസ്ഥാന തലത്തിലും വോളിബോൾ മത്സരം നടത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ബി) മദ്യവർജ്ജന പ്രവർത്തനങ്ങൾ ഒരു നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കുവാൻ കഴിയുന്നതല്ല. ലഹരിക്ക് അടിമപ്പെട്ടവരെ കൗൺസിലിംഗിലൂടെയും ആവശ്യമായ ചികിത്സ നൽകിയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ടുവരുന്നതിനായി ലഹരി മോചന ചികിത്സാ സെന്ററുകൾ സ്ഥാപിച്ചും ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിൽക്കൂടിയും ഘട്ടംഘട്ടമായി മാത്രമേ സംസ്ഥാനത്തെ സമ്പൂർണ്ണ ലഹരി വിമുക്തമാക്കാൻ സാധിക്കുകയുള്ളൂ.

(സി) യുവാക്കളുടെ മദ്യ ഉപയോഗത്തിൽ കുറവുണ്ടായതായി പൊതുവിൽ വിലയിരുത്തപ്പെട്ടിട്ടുണ്ട്. 2016 ജൂലൈ മാസത്തെയും 2017 ജൂലൈ മാസത്തെയും വില്പന താരതമ്യം ചെയ്യുമ്പോൾ വിദേശ മദ്യത്തിന്റെ വില്പനയിൽ 3%- ത്തിന്റെയും ബിയറിന്റെ വില്പനയിൽ 20%- ത്തിന്റെയും കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

(ഡി) ടോഡി ബോർഡ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട കരട് ചട്ടത്തെയും ഘടനയെയും സംബന്ധിച്ച് വിവിധ തലങ്ങളിൽ ചർച്ച നടത്തിയിട്ടുള്ളതും വ്യക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

**ദേശീയ പാതയോരങ്ങളിലെ ബാറുകളുടെ ദൂരപരിധിയിലുള്ള മാറ്റം**

295(2480) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മദ്യനയത്തിന് ഈ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന ബാറുകൾ എത്ര എന്നറിയിക്കാമോ ;

(സി) ഇവ തുറന്ന് പ്രവർത്തിക്കാൻ ഉതകുന്ന എന്തെങ്കിലും നടപടി സ്വീകരിയ്ക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഹൈവേ സൈഡുകളിൽ ഉള്ള ബാറുകളുടെ ദൂരപരിധിയിൽ മാറ്റങ്ങൾ വരുത്താൻ പുതിയ ഉത്തരവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) പുതിയ മദ്യനയം സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല.

(ബി) മുമ്പ് ബാറുകളായി പ്രവർത്തിച്ച 415 ഹോട്ടലുകളിൽ ഇപ്പോൾ ബാർ പ്രവർത്തിക്കുന്നില്ല.

(സി) ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) സുപ്രീം കോടതിയുടെ 23-2-2018-ലെ സി.എ. നമ്പർ 12164-12166 നമ്പർ കേസുകളിലെ ഉത്തരവിൽ പഞ്ചായത്ത് പ്രദേശങ്ങളിൽ ഹൈവേയിൽനിന്നും നിശ്ചിത ദൂരം പാലിക്കാത്തതിനാൽ നിലവിൽ അടഞ്ഞുകിടക്കുന്ന സ്ഥാപനങ്ങളുടെ കാര്യത്തിൽ യുക്തമായ തീരുമാനം കൈക്കൊള്ളുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

**ബാറുകൾ തുറക്കുന്നതിന് പൊതുമാനദണ്ഡം**

296 (2481) ശ്രീ. അനിൽ അക്കര:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സംസ്ഥാന പാതയോരങ്ങളിൽ അഞ്ഞൂറ് മീറ്റർ പരിധിയിൽ മദ്യവില്പനശാലകൾ തുടങ്ങുന്നത് നിരോധിച്ചുകൊണ്ട് സുപ്രീംകോടതി പ്രഖ്യാപിച്ച വിധിയിൽ വീണ്ടും ഭേദഗതി ഉണ്ടായിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്ത് ഇളവ് അനുവദിക്കണമെന്നാണ് സംസ്ഥാനം സുപ്രീം കോടതിയിൽ അപേക്ഷിച്ചത്;

(സി) ബഹു. സുപ്രീം കോടതി ഇപ്പോൾ വരുത്തിയ വ്യക്തതയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എത്ര ബിയർ വൈൻ പാർലറുകൾക്കും ത്രീസ്റ്റാർ ബാറുകൾക്കും തുറന്ന് പ്രവർത്തിപ്പിക്കുവാനാകും എന്നറിയിക്കാമോ;

(ഡി) ബാറുകൾ തുറക്കുന്നതിന് അനുകൂലമായ നിലപാട് സംസ്ഥാനം സുപ്രീംകോടതിയിൽ സ്വീകരിക്കുകയുണ്ടായോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നു;

(ഇ) കോടതി വിധിയുടെ അടിസ്ഥാനത്തിൽ ബാറുകൾ തുറക്കുന്നതിന് പൊതുമാനദണ്ഡം നിശ്ചയിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദേശീയ/സംസ്ഥാന പാതകളുടെ ദൂരപരിധി സംബന്ധിച്ച വിധിയിൽ ഭേദഗതി ചെയ്ത് 23-2-2018-ൽ സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്.

(ബി) സുപ്രീം കോടതിയുടെ 15-1-2018-ലെ എം.എ. നമ്പർ 690-692/17-ലെ ഉത്തരവിലെ നിർദ്ദേശാനുസരണം മേഘാലയ, സിക്കിം, അരുണാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങൾക്ക് നൽകിയ ഇളവ് കേരള സംസ്ഥാനത്തിനും നൽകണമെന്നാവശ്യപ്പെട്ടാണ് സുപ്രീം കോടതിയിൽ അപേക്ഷിച്ചിരുന്നത്.

(സി) സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) കേരള സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയും ജനസാന്ദ്രതയും വിനോദസഞ്ചാര മേഖലകളുടെ പ്രാധാന്യവും കണക്കിലെടുത്ത് കോടതി മുമ്പാകെ ഇളവ് ആവശ്യപ്പെട്ടിരുന്നു. സുപ്രീം കോടതിയുടെ 15-1-2018-ലെ ആസ്സാം ഗവൺമെന്റ് ഉൾപ്പെടെയുള്ള വടക്കു-കിഴക്കൻ സംസ്ഥാനങ്ങളുടെ എം.എ. നം. 690-692/17-ലെ കേസ്സുമായി ബന്ധപ്പെട്ട് എല്ലാ സംസ്ഥാനങ്ങളോടും റിപ്പോർട്ട് ഫയൽ ചെയ്യുവാൻ കോടതി നിർദ്ദേശിച്ചതനുസരിച്ചാണ് ഇക്കാര്യത്തിൽ കേരള സർക്കാർ തുടർനടപടി സ്വീകരിച്ചത്.

(ഇ) ഇക്കാര്യം പരിശോധിച്ചുവരുന്നു.

### മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും കുറയ്ക്കുന്നതിന് നടപടി

297 (2482) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുരുതരമായ സാമൂഹിക വിപത്തായി മാറിയ മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കുവാൻ സഹായകരമായ നയം സ്വീകരിക്കുമെന്ന വാഗ്ദാനം പാലിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ;

(ബി) ഇതിലൂടെ മദ്യ ലഭ്യതയിലും, ഉപഭോഗത്തിലും കുറവ് വന്നിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 'വിമുക്തി' എന്ന പേരിൽ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരിക്കെതിരെ 'കായിക ലഹരി' എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും കായികരംഗത്തേയ്ക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ടവരെ കൗൺസിലിംഗിലൂടെയും ആവശ്യമായ ചികിത്സ നൽകിയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ടുവരുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിമുക്തി മിഷന്റെ ഭാഗമായി ആരോഗ്യവകുപ്പുമായി സഹകരിച്ച് കേരളത്തിലെ പതിനാല് ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് രണ്ടിടങ്ങളിലായി രാവിലെ എട്ട് മണി മുതൽ രാത്രി എട്ട് മണി വരെ ടോൾഫ്രീ നമ്പരിലുള്ള ടെലഫോൺ വഴിയും

ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിംഗ് ലഭ്യമാകുന്ന തരത്തിൽ രണ്ട് കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ഡീ-അഡിക്ഷൻ സെന്റർ അന്താരാഷ്ട്ര നിലവാരത്തിലുള്ളതും നിംഹാൻസ് മാതൃകയിലും ആയിരിക്കും. ലഹരി മോചന ചികിത്സാകേന്ദ്രം ആരംഭിക്കുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള ഭൂമിയിൽനിന്നും ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി പത്തൊൻപത് വയസ്സിൽ താഴെ പ്രായമുള്ള സ്കൂൾതല സീനിയർ ആൺകുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ജനുവരി മാസത്തിൽ പതിനാല് ജില്ലകളിലുമായി ജില്ലാതല കബഡി മത്സരങ്ങൾ സംഘടിപ്പിക്കുകയും ജില്ലാതല വിജയികളെ പങ്കെടുപ്പിച്ചുകൊണ്ട് മലപ്പുറം ജില്ലയിലെ പൊന്നാനിയിൽവച്ച് 2018 ജനുവരി 29-ാം തീയതി സംസ്ഥാനതല മത്സരവും നടത്തുകയുണ്ടായി. മാർച്ച് മാസത്തിൽ കേരളത്തിലെ മികച്ച വോളിബോൾ ക്ലബ്ബുകളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാതലത്തിലും തുടർന്ന് ജില്ലാതല വിജയികളെ പങ്കെടുപ്പിച്ചുകൊണ്ട് ആലപ്പുഴ ജില്ലയിൽവച്ച് സംസ്ഥാന തലത്തിലും വോളിബോൾ മത്സരം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) കേരള സർക്കാരും എക്സൈസ് വകുപ്പും മദ്യവർജ്ജനം ലക്ഷ്യമാക്കി നടത്തിവരുന്ന വ്യാപകമായ ബോധവത്കരണ പ്രവൃത്തിയുടെ ഫലമായി സംസ്ഥാനത്ത് മദ്യ ഉപഭോഗത്തിൽ കുറവ് വന്നിട്ടുണ്ട്. 2016 ഏപ്രിൽ മാസം മുതൽ ഡിസംബർ മാസം വരെയുള്ള കാലയളവിൽ 268.81 ലക്ഷം കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശമദ്യം വിൽപ്പന നടത്തിയ സ്ഥാനത്ത് 2017 ഏപ്രിൽ മാസം മുതൽ ഡിസംബർ മാസംവരെ 237.10 ലക്ഷം കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില്പനയാണ് നടത്തിയത്. അതായത് ഈ കാലയളവിൽ 31.70 ലക്ഷം കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.

**വിദേശ നിർമ്മിത മദ്യത്തിന്റെ വില്പന**

298 (2483) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ നിർമ്മിത മദ്യം ബിവറേജസ് കോർപ്പറേഷന്റെ ചില്ലറ വിൽപ്പനശാലകളിൽ വിൽപന നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇതിനായുള്ള ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ടോ ;

(ബി) വിദേശ നിർമ്മിത മദ്യത്തിനും വൈനിനും എത്ര ശതമാനമാണ് നികുതി ഈടാക്കുന്നത്എന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2018-19-ലെ ബജറ്റ് നിർദ്ദേശമനുസരിച്ച് സർക്കാരിന്റെ ഇ-ടെണ്ടർ പോർട്ടൽ വഴി വിദേശത്ത് സ്വന്തം ഉടമസ്ഥതയിലുള്ള മദ്യം/വൈൻ (ബിയർ ഒഴികെ) ഉത്പാദകരിൽനിന്നോ അല്ലെങ്കിൽ ഇൻഡ്യയിൽ കസ്റ്റംസ് ബോണ്ടഡ് വെയർഹൗസുള്ള അംഗീകൃത ഡീലർമാരിൽനിന്നോ മദ്യവും വൈനും വിൽക്കുന്നതിനുള്ള രജിസ്ട്രേഷനായി 28-2-2018-ൽ ബിവറേജസ് കോർപ്പറേഷൻ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(ബി) 2018-19 ബജറ്റ് പ്രസംഗത്തിലെ നിർദ്ദേശമനുസരിച്ച് വിദേശ നിർമ്മിത വിദേശമദ്യത്തിന് 78% -വും വിദേശ നിർമ്മിത വൈനിന് 25% -വുമായി വില്പന നികുതി നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഒരു പ്രൂഫ് ലിറ്ററിന് 87.70 രൂപ ക്രമത്തിൽ വിദേശ നിർമ്മിത വിദേശമദ്യത്തിനും ഒരു ബൾക്ക് ലിറ്ററിന് 1.25 രൂപ ക്രമത്തിൽ വിദേശനിർമ്മിത വൈനിനും പ്രത്യേക ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്.

**പാതയോര മദ്യശാല ഇളവ് പ്രകാരം അനുവദിച്ച മദ്യഷാപ്പുകൾ**

299 (2484) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതിയുടെ പുതിയ ഉത്തരവനുസരിച്ച് , പാതയോര മദ്യശാല ഇളവ് പ്രകാരം സംസ്ഥാനത്ത് എത്ര മദ്യഷാപ്പുകൾ തുറക്കാൻ അനുവദിയ്ക്കും; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) മുൻസർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമായി രണ്ട് ഘട്ടങ്ങളിലായി എത്ര ബാറുകൾ പൂട്ടി; ഇതിന്റെ വിശദാംശങ്ങൾ ജില്ലതിരിച്ച് നൽകുമോ;

(സി) ഈ സർക്കാരിന്റെ മദ്യനയത്തിലൂടെ സംസ്ഥാനത്ത് ഇപ്പോൾ എത്ര ബാറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇതിൽ എത്ര എണ്ണത്തിന് ഈ സർക്കാർ പുതുതായി അനുമതി നൽകിയിട്ടുണ്ടെന്നും അറിയിക്കുമോ ;

(ഡി) സംസ്ഥാനത്തെ ബിയർ-വൈൻ പാർലറുകളുടെ എണ്ണം നിലവിൽ എത്രയാണ്; ജില്ലതിരിച്ച് വിവരം നൽകുമോ?

ഉത്തരം

(എ) സർക്കാർ പരിശോധിച്ചുവരികയാണ്. കൃത്യമായ കണക്ക് ഇപ്പോൾ ലഭ്യമല്ല.

(ബി) രണ്ട് ഘട്ടങ്ങളിലായി 712 ബാറുകൾ പൂട്ടി. ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 84 |
| കൊല്ലം | 54 |
| പത്തനംതിട്ട | 25 |
| ആലപ്പുഴ | 38 |
| കോട്ടയം | 69 |
| ഇടുക്കി | 25 |
| എറണാകുളം | 170 |
| തൃശ്ശൂർ | 111 |
| പാലക്കാട് | 38 |
| മലപ്പുറം | 26 |
| കോഴിക്കോട് | 28 |
| കണ്ണൂർ | 27 |
| വയനാട് | 11 |
| കാസർഗോഡ് | 6 |

(സി) 283 ബാറുകൾ 73 എണ്ണത്തിന് പുതുതായി അനുമതി നൽകിയിട്ടുള്ളതാണ്.

(ഡി) സംസ്ഥാനത്ത് നിലവിൽ 426 ബിയർ & വൈൻ പാർലറുകൾ ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 67 |
| കൊല്ലം | 32 |
| പത്തനംതിട്ട | 11 |
| ആലപ്പുഴ | 23 |
| കോട്ടയം | 38 |
| ഇടുക്കി | 14 |
| എറണാകുളം | 97 |

| | |
|---|---|
| തൃശ്ശൂർ | 58 |
| പാലക്കാട് | 22 |
| മലപ്പുറം | 16 |
| കോഴിക്കോട് | 18 |
| കണ്ണൂർ | 18 |
| വയനാട് | 7 |
| കാസർഗോഡ് | 5 |

**കരുനാഗപ്പള്ളി ന്യൂഎക്സലൻസി ബാറിനെതിരെ കേസ്**

300 (2485) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ന്യൂ എക്സലൻസി ബാറിൽ അനധികൃത കൗണ്ടർ പ്രവർത്തിക്കുന്നത് കണ്ടെത്തിയതിനെത്തുടർന്ന് പ്രസ്തുത ബാറിനെതിരെ കേസ് എടുത്തിരുന്നോ;

(ബി) ബാർ ലൈസൻസിലെ ഏതൊക്കെ വ്യവസ്ഥകൾ ലംഘിച്ചതിനാണ് പ്രസ്തുത സ്ഥാപനത്തിനെതിരെ കേസെടുത്തത്;

(സി) പ്രസ്തുത കേസ് കൈകാര്യം ചെയ്ത കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ എൻ.എസ്. സുരേഷിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിനുള്ള കാരണമെന്താണ്; അദ്ദേഹത്തിനെതിരെ ന്യൂ എക്സലൻസി ബാറുടമ പരാതി നൽകിയിരുന്നോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സർവ്വീസ് ഡെസ്കിൽ ചട്ടപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കാതിരുന്നതിനും മദ്യം ബാറിൽനിന്നും കുപ്പിയിൽ പുറത്തേയ്ക്ക് കൊണ്ടുപോകാൻ അനുവദിച്ചതിനും ആയത് ലൈസൻസ് വ്യവസ്ഥകളുടെ ലംഘനമായതിനാൽ അബ്കാരി നിയമം 56(ബി) വകുപ്പ് പ്രകാരം കേസ്സെടുത്തിട്ടുണ്ട്.

(സി&ഡി) ഉണ്ട്. എക്സൈസ് സേനയ്ക്ക് അവമതിപ്പ് ഉണ്ടാക്കുന്ന തരത്തിൽ ഡെപ്യൂട്ടി കമ്മീഷണർ നടത്തിയ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീ. എൻ.എസ്. സുരേഷിനെ 12-2-2018-ൽ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

**മദ്യം ഉപയോഗിക്കുന്നതിനുള്ള പ്രായപരിധി**

301 (2486) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി 21ൽ നിന്നും 23 ആയി വർദ്ധിപ്പിച്ച സാഹചര്യത്തിൽ 23 വയസ്സിന് താഴെ പ്രായമുള്ളവർക്ക് മദ്യം നൽകുന്നത് കുറ്റകരമാണോ;

(ബി) എങ്കിൽ കഴക്കൂട്ടത്ത് ആരംഭിച്ച ഹോട്ടലിനോട് ചേർന്നുള്ള ബാറിൽ നിന്നും 21-2-2018-ന് രാത്രി മദ്യപിച്ച ശേഷം 20 വയസ്സിനു താഴെയുള്ള മൂന്ന് യുവാക്കൾ കഴക്കൂട്ടം പ്രദേശങ്ങളിൽ നിരവധി വാഹനങ്ങൾ തല്ലിത്തകർത്ത സംഭവത്തിൽ ഇവർക്ക് മദ്യം നൽകിയ ബാറുടമയുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുറ്റകരമാണ്.

(ബി) ടി സംഭവവുമായി ബന്ധപ്പെട്ട് ഏതെങ്കിലും ബാറുടമകൾക്കെതിരെ നാളിതുവരെ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

**നിരോധിത ഉത്പന്നങ്ങളുടെ ഉപയോഗവും വിൽപ്പനയും**

302(2487) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 3 വർഷത്തിനിടെ കഞ്ചാവ് ഉൾപ്പെടെയുള്ള നിരോധിക്കപ്പെട്ട പുകയില ഉത്പന്നങ്ങളുടെയും ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗവും

വിൽപ്പനയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

(ബി) ഇത്തരത്തിലുള്ള ലഹരിമരുന്നുകളുടെ ഉപയോഗവും വിതരണവും തടയാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് പറയാമോ?

(സി) വിദ്യാലയ പരിസരങ്ങളിൽ മയക്കുമരുന്നുൽപ്പന്നങ്ങളുടെ വിപണനവും, ഉപയോഗവും തടയുന്നതിനും വിദ്യാലയങ്ങളിൽ ഇതിനെതിരെയുള്ള ബോധവൽക്കരണത്തിനും എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ

| ജില്ല | എൻ.ഡി.പി.എസ്. കേസ് | കോട്പ | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 628 | 8255 | 8883 |
| കൊല്ലം | 1100 | 10943 | 12043 |
| പത്തനംതിട്ട | 381 | 16835 | 17216 |
| ആലപ്പുഴ | 931 | 2416 | 3347 |
| കോട്ടയം | 830 | 12858 | 13688 |
| ഇടുക്കി | 1011 | 5588 | 6599 |
| എറണാകുളം | 1410 | 8522 | 9932 |
| തൃശ്ശൂർ | 1079 | 7936 | 9015 |
| പാലക്കാട് | 640 | 5223 | 5863 |
| മലപ്പുറം | 906 | 4025 | 4931 |
| കോഴിക്കോട് | 435 | 31 | 466 |
| വയനാട് | 645 | 5106 | 5751 |
| കണ്ണൂർ | 564 | 8560 | 9124 |
| കാസർഗോഡ് | 154 | 4061 | 4215 |
| ആകെ | 10714 | 100359 | 11073 |

(ബി) എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുക, രാത്രികാല റെയ്ഡുകളും പിരശോധനകളും ഊർജ്ജിതപ്പെടുത്തുക, ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക, ജനകീയ പങ്കാളിത്തത്തോടെ ലഹരി ഉപയോഗത്തിനും വിപണനത്തിനുമെതിരെ വാർഡുതല കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, വിമുക്തി മിഷന്റെ ഭാഗമായി സ്കൂൾ-കോളേജ് തലത്തിൽ ശക്തമായ ബോധവത്കരണ പരിപാടികൾ ആസൂത്രണം ചെയ്യുക, ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ പങ്കാളിത്തം ലഭിക്കാനായി ലഹരിക്കെതിരെ കായിക ലഹരി എന്ന ലക്ഷ്യത്തോടെ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക, പരസ്യങ്ങൾ വഴിയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുക തുടങ്ങിയ പരിപാടികളിലൂടെ ലഹരി മരുന്നുകളുടെ ഉപയോഗവും വിപണനവും തടയുവാൻ സർക്കാർ ലക്ഷ്യമിടുന്നു.

(സി) വിദ്യാലയ പരിസരങ്ങളിൽ മയക്കുമരുന്ന്, പുകയില ഉല്പന്നങ്ങളുടെ ഉപയോഗം, വിൽപ്പന, വിപണനം എന്നിവ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കുന്നു. ബോധവത്കരണത്തിന്റെ ഭാഗമായി ബോധവത്കരണ ക്ലാസ്സുകൾ, ബോധവത്കരണ നാടകങ്ങൾ, വിദ്യാർത്ഥികളെ കൂടുതൽ ആകർഷിക്കുവാനായി കലാ കായിക മത്സരങ്ങളായ ഫുട്ബോൾ, വോളിബോൾ, കബഡി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയുള്ള പ്രവർത്തനങ്ങൾ സ്കൂൾ കോളേജ് തലത്തിലുള്ള ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴി നടപ്പിലാക്കിവരുന്നു. 'വിമുക്തി' പദ്ധതിയിലുൾപ്പെടുത്തി ലിദ്യാലയങ്ങളിൽ വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തിവരികയാണ്.

## ക്യാമ്പസ്സുകളിൽ മയക്കുമരുന്നിന്റെ ഉപയോഗം

303 (2488) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലും ക്യാമ്പസുകളിലും മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിച്ചുവരുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് നിയന്ത്രിക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ശക്തമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. രഹസ്യ നിരീക്ഷണങ്ങളിലൂടെ ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പ്രദേശത്തെ പൊതുജനങ്ങളുടെയും സഹകരണത്തോടെ ലഹരി വർജ്ജന നടപടികൾ സ്വീകരിക്കുന്നുണ്ട്. വിമുക്തി മിഷന്റെ ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികളുടെ ഭാഗമായി ലഹരിക്കെതിരെ 'കായികലഹരി' എന്ന പദ്ധതി വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കിവരുന്നു.

**മയക്കുമരുന്ന് കേസുകളിലെ പ്രതികളുടെ അന്താരാഷ്ട്ര ബന്ധം**

304(2489) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 2018 ജനുവരി 1-നും ഫെബ്രുവരി 15-നും ഇടയിൽ എത്ര വൻകിട മയക്കുമരുന്ന് കേസുകൾ പിടിക്കപ്പെട്ടുവെന്നും ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന മയക്കുമരുന്നുകൾ പിടിച്ചെടുത്തുവെന്നും എത്ര പേർക്കെതിരെ കേസെടുത്തുവെന്നും വിശദമാക്കുമോ;

(ബി) അന്താരാഷ്ട്ര മയക്കുമരുന്ന് കടത്തിന്റെ പ്രധാന കേന്ദ്രമായി നെടുമ്പാശ്ശേരി വിമാനത്താവളം മാറുന്നുവെന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ ഇവിടെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) മയക്കുമരുന്ന് കേസുകളിലെ പ്രതികളുടെ അന്താരാഷ്ട്ര ബന്ധം പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) 2018 ജനുവരി 1-നും ഫെബ്രുവരി 15-നും ഇടയിൽ എക്സൈസ് വകുപ്പ് 93 വൻകിട മയക്കുമരുന്ന് കേസ്സുകൾ കണ്ടുപിടിച്ചു. ടി കേസ്സുകളിലായി 127.13 കി. ഗ്രാം കഞ്ചാവ്, കഞ്ചാവ് ചെടി 4 എണ്ണം, 5.021 കി. ഗ്രാം എം.ഡി.എം.എ. 294 നൈട്രസെപാം ഗുളികകൾ, 16 ഗ്രാം ബ്രൗൺഷുഗർ, 654.12 ഗ്രാം ഹാഷിഷ്

ഓയിൽ, 95 അൽപ്രാസോളാം ഗുളിക, 180 ഗ്രാം എൽ.എസ്.ഡി. എന്നിവ പിടിച്ചെടുത്തു. പ്രസ്തുത കേസ്സുകളിൽ 94 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വിമാനത്താവളം വഴിയുള്ള ലഹരി പദാർത്ഥങ്ങളുടെ കടത്ത് പിടിച്ചെടുക്കുന്നതിന് വിമാനത്താവളങ്ങളുടെ സമീപമുള്ള റോഡുകളിലും ദേശീയപാതകളിലും ശക്തമായ വാഹന പരിശോധന നടത്തിവരുന്നുണ്ട്. ഇതിനായി എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നു. കൂടാതെ കേന്ദ്ര/സംസ്ഥാന ഏജൻസികളുമായി ചേർന്ന് സംയുക്ത പരിശോധനകളും രഹസ്യവിവരങ്ങൾ പരസ്പരം പങ്കുവയ്ക്കലും നടത്തിവരുന്നുണ്ട്.

(സി) പ്രതികളുടെ അന്താരാഷ്ട്ര ബന്ധം അന്വേഷണ ഉദ്യോഗസ്ഥർ പരിശോധിച്ചുവരുന്നു.

**റിപ്പോർട്ട് ചെയ്യപ്പെട്ട അബ്കാരി കേസുകൾ**

305(2490) <u>ശ്രീ. അനൂപ് ജേക്കബ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷങ്ങളിൽ എത്ര അബ്കാരി കേസുകൾ റിപ്പോർട്ട് ചെയ്തുവെന്ന് അറിയിക്കുമോ;

(ബി) റിപ്പോർട്ട് ചെയ്യപ്പെട്ട അബ്കാരി കേസുകളിൽ വ്യാജ മദ്യകേസുകൾ എത്രയാണെന്നും ഈ കേസുകളിൽ കോടതി എത്ര പേരെ ശിക്ഷിച്ചുവെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ)2016-ലെ അബ്കാരി കേസ് - 23886

2017-ലെ അബ്കാരി കേസ് - 21372

ആകെ - 45258 കേസ്സുകൾ.

(ബി) 2196 വ്യാജ മദ്യക്കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 82 പേരെ ടി കേസ്സുകളിലായി കോടതി ശിക്ഷിച്ചു. 2024 കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് ബന്ധപ്പെട്ട കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഈ കേസ്സുകളുടെ വിചാരണ ആരംഭിച്ചിട്ടില്ല.

## വിദ്യാലയങ്ങൾക്ക് സമീപമുള്ള ലഹരി വിൽപ്പന സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകൾ

306(2491) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങൾക്ക് സമീപം കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ വിൽപ്പന നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ വിദ്യാലയങ്ങൾക്ക് സമീപമുള്ള ലഹരി വിൽപ്പന തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) 2017-18 അധ്യയന വർഷം ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ശക്തമായ പ്രവർത്തനം നടത്തിവരുന്നു. ഇപ്രകാരം ശേഖരിക്കുന്ന വിവരങ്ങൾ അടിസ്ഥാനമാക്കി ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉല്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നതും നാളിതുവരെ 1385-ാളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതുമാണ്.

(സി)

| ജില്ല | എൻ.ഡി.പി.എസ് കേസ് | കോട്പ | ആകെ |
|---|---|---|---|
| 1. തിരുവനന്തപുരം | 5 | 1435 | 1440 |
| 2. കൊല്ലം | 0 | 922 | 922 |
| 3. പത്തനംതിട്ട | 2 | 0 | 2 |
| 4. ആലപ്പുഴ | 0 | 149 | 149 |
| 5. കോട്ടയം | 0 | 108 | 108 |
| 6. ഇടുക്കി | 0 | 6 | 6 |
| 7. എറണാകുളം | 0 | 0 | 0 |
| 8. തൃശ്ശൂർ | 0 | 158 | 158 |
| 9. പാലക്കാട് | 19 | 401 | 420 |
| 10.മലപ്പുറം | 11 | 0 | 11 |
| 11.കോഴിക്കോട് | 7 | 132 | 139 |
| 12.കണ്ണൂർ | 0 | 0 | 0 |
| 13.വയനാട് | 1 | 148 | 149 |
| 14.കാസർഗോഡ് | 0 | 0 | 0 |
| ആകെ | 45 | 3459 | 3504 |

**കാസർഗോഡ് ജില്ലയിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എക്സൈസ് ഓഫീസുകൾ**

307(2492) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എക്സൈസ് വകുപ്പിന് സ്വന്തമായി എത്ര ഓഫീസ് കെട്ടിടങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ എത്രയുണ്ടെന്നും ഓരോ മാസവും വാടകയിനത്തിൽ ചെലവഴിക്കുന്ന തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഇപ്രകാരം പ്രവർത്തിക്കുന്ന ഏതെല്ലാം ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ആലോചനയുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതും ഭരണാനുമതി കിട്ടിയതുമായ ഓഫീസ് കെട്ടിടങ്ങളുടെ വിശദാംശം നൽകാമോ;

(ഇ) കാസർഗോഡ് ജില്ലയിൽ എക്സൈസ് സർക്കിൾ ഓഫീസ് ഉണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 5 ഓഫീസുകൾ സ്വന്തം കെട്ടിടത്തിലും 4 ഓഫീസുകൾ പി.ഡബ്ല്യു.ഡി. കെട്ടിടത്തിലും 1 ആഫീസ് സിവിൽ സ്റ്റേഷനിൽ വാടകയില്ലാതെയും, 3 ചെക്ക് പോസ്റ്റുകൾ കണ്ടെയ്നർ മൊഡ്യൂളിലും പ്രവർത്തിക്കുന്നു.

(ബി) ബദിയഡുക്ക എക്സൈസ് റെയ്ഞ്ച് ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. പ്രതിമാസ വാടക 9,114 രൂപയാണ്.

(സി) ബദിയഡുക്ക എക്സൈസ് റെയ്ഞ്ച് ഓഫീസ്

(ഡി) ബദിയഡുക്ക എക്സൈസ് റെയ്ഞ്ച് ഓഫീസ് നിർമ്മാണത്തിന് ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ) മൂന്ന് എക്സൈസ് സർക്കിൾ ഓഫീസുകൾ ഉണ്ട്.

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഡി- അഡിക്ഷൻ സെന്റർ**

308(2493) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 -ലെ പൊതുബജറ്റിൽ ഉൾപ്പെടുത്തിയ, നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ഡി അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഡി-അഡിക്ഷൻ സെന്ററിൽ എക്സൈസ് വകുപ്പ് ഏതെല്ലാം തരത്തിലുള്ള ക്രമീകരണങ്ങൾ ആണ് നടത്തുന്നതെന്ന് വിശദീകരിക്കാമോ;

(സി) ഈ സെന്റർ ആരംഭിക്കുന്നതിന് എക്സൈസ് വകുപ്പ് ചെലവാക്കുന്ന തുക എത്രയെന്ന് വിശദമാക്കാമോ;

(ഡി) ഡി-അഡിക്ഷൻ സെന്ററുമായി ബന്ധപ്പെട്ട് ആശുപത്രി അധികൃതർ എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കേണ്ടതെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത സെന്റർ 2018-19-ൽ ആരംഭിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ഡി-അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പ്രാരംഭദശയിലാണ്. പ്രസ്തുത ഡി-അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനത്തിന് വിമുക്ത് മിഷൻ മുഖേന സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത സെന്ററിന്റെ പ്രവർത്തനത്തിന് അറുപത്തിമൂന്ന് ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി നാനൂറ് രൂപ ആവശ്യപ്പെട്ടുകൊണ്ടുള്ള ആരോഗ്യ വകുപ്പിന്റെ ശിപാർശ പരിഗണനയിലാണ്.

(ഡി) വിമുക്തി മിഷന്റെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് ലഹരി വിമുക്ത കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് തെരഞ്ഞെടുക്കുന്ന ആശുപത്രികളിൽ രോഗികൾക്കായി 10 ബെഡ്ഡുകളും അനുബന്ധ സൗകര്യങ്ങളും സജ്ജീകരിക്കുന്നത് ആരോഗ്യവകുപ്പ് അധികൃതരായിരിക്കും.

(ഇ) പ്രസ്തുത സെന്റർ ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**യുവാക്കൾക്കിടയിലെ ലഹരി ഉപയോഗം**

309(2494) <u>ശ്രീ. സി. ദിവാകരൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കൾക്കിടയിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യുവാക്കൾക്കിടയിലെ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം തടയാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) മദ്യത്തിനും മയക്കുമരുന്നിനും അടിമകളായ ആളുകളെ ചികിത്സിക്കാൻ എവിടെയെല്ലാമാണ് ഡി-അഡിക്ഷൻ സെന്ററുകൾ നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ഡി) പുതുതായി ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലഹരിക്കെതിരെ 'കായിക ലഹരി' എന്ന സന്ദേശം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി പത്തൊമ്പത് വയസ്സിൽ താഴെ പ്രായമുള്ള സ്കൂൾതല സീനിയർ ആൺകുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ജനുവരി മാസത്തിൽ പതിനാല് ജില്ലകളിലുമായി ജില്ലാതല കബഡി മത്സരങ്ങൾ സംഘടിപ്പിക്കുകയും ജില്ലാതല വിജയികളെ പങ്കെടുപ്പിച്ചുകൊണ്ട് മലപ്പുറം ജില്ലയിലെ പൊന്നാനിയിൽവച്ച് 2018 ജനുവരി 29-ാം തീയതി സംസ്ഥാനതല മത്സരവും നടത്തുകയുണ്ടായി. കേരളത്തിലെ മികച്ച വോളിബോൾ ക്ലബ്ബുകളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാതലത്തിലും തുടർന്ന് ജില്ലാതല വിജയികളെ പങ്കെടുപ്പിച്ചുകൊണ്ട് ആലപ്പുഴ ജില്ലയിൽ വച്ച് 2018 മാർച്ച് മാസത്തിൽ സംസ്ഥാന തലത്തിലും വോളിബോൾ മത്സരം സംഘടിപ്പിച്ചിട്ടുണ്ട്. സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ വിദ്യാർത്ഥികളിൽ ലഹരിക്കെതിരായ ചിന്താഗതി വളർത്തിയെടുക്കുവാനാണ് ലക്ഷ്യമിടുന്നത്. സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി ക്വിസ്, ചിത്രരചന, കയ്യെഴുത്ത് മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തുന്നതിലൂടെ ലഹരിവിരുദ്ധ സന്ദേശങ്ങൾ പകരാനും കഴിഞ്ഞിട്ടുണ്ട്.

(സി) നിലവിൽ സർക്കാർ മേഖലയിൽ സംസ്ഥാന ആരോഗ്യ വകുപ്പിനു കീഴിൽ കൊല്ലം, തൃശ്ശൂർ, പാലക്കാട് ജില്ലാ ആശുപത്രികളിലും കണ്ണൂർ പത്തനംതിട്ട ജനറൽ ആശുപത്രികളിലും ഡി അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) കേരളത്തിലെ പതിനാല് ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ ആരോഗ്യ വകുപ്പ് സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസൽ പ്രകാരം നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ആശുപത്രികൾ ചുവടെ ചേർക്കുന്നു:

(1) താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നെടുങ്ങോലം, കൊല്ലം.

(2) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി, തൃശ്ശൂർ

(3) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പയ്യന്നൂർ, കണ്ണൂർ

(4) ജനറൽ ആശുപത്രി, പാല, കോട്ടയം

(5) ജനറൽ ആശുപത്രി, ആലുവ, എറണാകുളം

(6) ഡിസ്ട്രിക്ട് ആശുപത്രി, മാവേലിക്കര, ആലപ്പുഴ

(7) ജനറൽ ആശുപത്രി, നെയ്യാറ്റിൻകര. തിരുവനന്തപുരം

(8) ജനറൽ ആശുപത്രി, കൽപ്പറ്റ, വയനാട്

(9) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, റാന്നി, പത്തനംതിട്ട

(10) പ്രൈമറി ഹെൽത്ത് സെന്റർ, അഗളി, പാലക്കാട്.

**ലഹരിയില്ലാ കേരളം**

310(2495) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിയില്ലാ കേരളമെന്ന ആശയം സാക്ഷാത്കരിക്കുന്നതിന് എക്സൈസ് വകുപ്പ് ആസൂത്രണംചെയ്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ പ്രവർത്തന രീതി എങ്ങനെയെന്നും വിശദമാക്കാമോ;

(ബി) വിമുക്തി പരിപാടിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടപ്പിലാക്കിയ പരിപാടികൾ എന്തെല്ലാമെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(സി) സ്കൂളുകളും കോളേജുകളും ലഹരി വിമുക്തമാക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയതെന്നും എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിലെ ബോധവൽക്കരണ വിഭാഗത്തിന്റെ ഭാഗമായി ജില്ലകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ലഹരിവിരുദ്ധ ക്ലബ്ബുകളുള്ള വിദ്യാലയങ്ങളിലും കോളേജുകളിലും ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിന് ഓണറേറിയവും പ്രവർത്തന ഫണ്ടും അനുവദിച്ചുവരുന്നു. എഫ്.എം. റേഡിയോ മുഖാന്തരം ലഹരിവിരുദ്ധ ബോധവൽക്കരണ പരസ്യം നൽകിയിട്ടുണ്ട്. ആദിവാസി യുവതീ-യുവാക്കൾക്ക് ബോധവൽക്കരണ ട്രെയിനിംഗ്, ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ പ്രവർത്തിക്കാത്തതും ആദിവാസി മേഖലകളുള്ളതുമായ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ ബോധവൽക്കരണ പ്രവർത്തനം നടത്തുന്നുണ്ട്. തൃശ്ശൂർ പൂരം, ഉത്രാളിക്കാവ് പൂരം, സംസ്ഥാന സ്കൂൾ യുവജനോത്സവം, മറ്റ് പ്രമുഖ ഉത്സവങ്ങൾ എന്നിവയോടനുബന്ധിച്ച് ബോധവൽക്കരണ പവലിയൻ സ്ഥാപിച്ചുവരുന്നു.

ജൂൺ 26 അന്താരാഷ്ട്ര മയക്കമരുന്ന് വിരുദ്ധ ദിനാഘോഷത്തോടനുബന്ധിച്ച് മികച്ച ബോധവൽക്കരണ പ്രവർത്തനം നടത്തുന്ന സന്നദ്ധ സംഘടന, സന്നദ്ധ പ്രവർത്തകൻ, മികച്ച സ്കൂൾ, കോളേജ് ലഹരിവിരുദ്ധ ക്ലബ്ബ്, ക്ലബ്ബ് അംഗം എന്നിവർക്ക് അവാർഡ് നൽകിവരുന്നു. ഒക്ടോബർ 2 ഗാന്ധിജയന്തിയോട് അനുബന്ധിച്ച് വാരാഘോഷവും ബോധവൽക്കരണ പ്രവർത്തനങ്ങളും ആയതിനോടനുബന്ധിച്ച് ലഹരിവിരുദ്ധ ക്ലബ്ബുകൾ പ്രസിദ്ധീകരിക്കുന്ന ബോധവൽക്കരണ സൃഷ്ടികളടങ്ങിയ മികച്ച മാഗസിൻ, ബോധവൽക്കരണ ആശയമടങ്ങിയ മികച്ച സൃഷ്ടികൾ എന്നിവയ്ക്ക് ക്യാഷ് അവാർഡ് നൽകിവരുന്നു. ആദിവാസി മേഖലയിൽ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനം മികച്ച രീതിയിൽ നടത്തുന്നതിനുവേണ്ടി ആദിവാസി ഊരുകളിൽനിന്ന് തെരഞ്ഞെടുത്ത യുവതീയുവാക്കൾക്ക് എക്സൈസ് അക്കാഡമിയിൽവച്ച് രണ്ട് ഘട്ടങ്ങളിലായി അഞ്ചുദിവസം വീതമുള്ള ട്രെയിനിംഗ് നൽകിയിട്ടുണ്ട്.

(ബി) വിമുക്തിയുമായി ബന്ധപ്പെട്ട്, നാളിതുവരെ നടപ്പിലാക്കിയ ജില്ല തിരിച്ചുള്ള പരിപാടികൾ അനുബന്ധമായി ചേർക്കുന്നു*.

(സി) മദ്യത്തിന്റെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി സംസ്ഥാനത്ത് സ്കൂൾ/ കോളേജുകൾ കേന്ദ്രീകരിച്ച് നിലവിൽ 2825 ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. ലഹരി വിരുദ്ധ ക്ലബ്ബുകൾ, എസ്.പി.സി., എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, വിദ്യാർത്ഥി-യുവജന-മഹിളാ-സന്നദ്ധ സംഘടനകളുടെ പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിനുവേണ്ടി വൈവിദ്ധ്യങ്ങളായ പരിപാടികളാണ് നടത്തിവരുന്നത്. ലഹരി വിരുദ്ധ ബോധവത്കരണ സെമിനാറുകൾ, ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ ഹ്രസ്വ ചിത്രങ്ങൾ, ബോധവത്കരണ ക്ലാസ്സുകൾ, പി.റ്റി.എ.-കളുമായി സഹകരിച്ചുകൊണ്ട് ബോധവത്കരണ മീറ്റിംഗുകൾ എന്നിവയും സംഘടിപ്പിച്ചുവരുന്നു. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പേരുവിവരം വെളിപ്പെടുത്താതെ ലഹരിവസ്തുക്കളുടെ വിപണനം, ഉപഭോഗം എന്നിവ അറിയിക്കുന്നതിനായി 1385 സ്കൂൾ/കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടി സ്ഥാപിച്ചുകഴിഞ്ഞു. മുഴുവൻ സ്കൂൾ/കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിദ്യാർത്ഥികളെയും യുവജനങ്ങളെയും ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ലഹരിവിരുദ്ധ പ്രവർത്തനം നടത്തുന്ന മികച്ച സംഘടന, സംഘടന പ്രവർത്തകൻ, മികച്ച പ്രവർത്തനം നടത്തുന്ന സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, ക്ലബ്ബ് പ്രവർത്തകർ, ക്ലബ്ബുകൾ പ്രസിദ്ധീകരിക്കുന്ന മികച്ച ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ മാഗസിനുകൾ, മാഗസീൻ സൃഷ്ടികൾ എന്നിവയ്ക്ക് അവാർഡും പ്രശംസാപത്രവും നൽകിവരുന്നുണ്ട്. സംസ്ഥാന സ്കൂൾ കലോത്സവത്തോടനു ബന്ധിച്ച് എല്ലാ വർഷവും ലഹരി വിരുദ്ധ ബോധവൽക്കരണ പവലിയൻ ഒരുക്കി പ്രദർശനം നടത്തിവരുന്നു.

## അതിർത്തി ചെക്ക് പോസ്റ്റുകളിലെ സ്പിരിറ്റ് സ്ക്വാഡ്

311(2497) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ സംസ്ഥാനത്ത് കഞ്ചാവ്, മയക്കുമരുന്ന് കേസുകളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവുണ്ടായപ്പോൾ സ്പിരിറ്റ് പിടിച്ചെടുക്കൽ കാര്യമായി ഉണ്ടായിട്ടില്ലെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) എങ്കിൽ 2017-ൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ലഹരി സ്പിരിറ്റ് കേസുകൾ എത്ര; വിശദാംശങ്ങൾ നൽകുമോ;

(സി) വാളയാർ, മീനാക്ഷിപുരം, ഗോവിന്ദപുരം തുടങ്ങിയ പ്രധാന അതിർത്തി ചെക്ക്പോസ്റ്റുകളുള്ള പാലക്കാട് ജില്ലയിൽ കഴിഞ്ഞ വർഷം സ്പിരിറ്റ് പിടിച്ചെടുക്കാത്ത സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(ഡി) എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്പിരിറ്റ് സ്ക്വാഡ് പിരിച്ചു വിട്ടതും സ്പിരിറ്റ് പിടിച്ചെടുക്കലിലുണ്ടായിട്ടുള്ള കുറവും തമ്മിൽ ബന്ധമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പരിശോധിക്കുകയുണ്ടായി.

(ബി) ആകെ 23 സ്പിരിറ്റ് കേസുകൾ. ഈ കേസുകളിലായി 8354.35 ലിറ്റർ സ്പിരിറ്റ് കണ്ടെടുക്കുകയും 24 പേരെ പ്രതി ചേർക്കുകയും ചെയ്തിട്ടുണ്ട്. കേസുകളുടെ അന്വേഷണം നടന്നുവരുന്നു.

(സി) പരിശോധിക്കുകയുണ്ടായി. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കുകയും ടി ചെക്ക് പോസ്റ്റുകളിൽ വാഹന പരിശോധന കർശനമാക്കുകയും ചെക്ക് പോസ്റ്റുകളുടെ സമാന്തര പാതകളിൽ ശക്തമായ പട്രോളിംഗ് ഏർപ്പെടുത്തുകയും ചെയ്തതോടെ സ്പിരിറ്റിന്റെ അനധികൃത കടത്ത് കുറയുന്നതിന് കാരണമായിട്ടുണ്ട്.

(ഡി) എക്സൈസ് കമ്മീഷണറുടെ സ്ക്വാഡ് പിരിച്ചുവിട്ടിട്ടില്ല. എന്നാൽ അത് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. സ്പിരിറ്റ് പിടിക്കുന്നതിൽ ഇതിന് ഒരു ബന്ധവുമില്ല. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കിയതുവഴി സ്പിരിറ്റിന്റെ കടത്ത് വൻതോതിൽ കുറയാൻ ഇടയാക്കിയിട്ടുണ്ട്.

**മയക്കുമരുന്ന് മാഫിയക്കെതിരെ നടപടി**

312(2498) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മയക്കു മരുന്ന് മാഫിയക്കെതിരെ ശക്തമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

മയക്കുമരുന്നിന്റെ വിപണനവും വ്യാപനവും തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. അന്യ സംസ്ഥാനങ്ങളിൽനിന്നും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് നിരോധിത ലഹരി വസ്തുക്കൾ കടത്തുന്നത് തടയുന്നതിന് കർണ്ണാടക-തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് സംയുക്ത യോഗങ്ങൾകൂടി വിവരങ്ങൾ പരസ്പരം കൈമാറി കർശന നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, ആർ.പി.എഫ് വകുപ്പുകളുമായി സംയുക്ത പരിശോധനകളും ബോർഡർ പട്രോളിംഗും എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള പ്രത്യേക സ്ക്വാഡുകളും ഷാഡോ സംവിധാനങ്ങളും ഫലപ്രദമായി പ്രവർത്തിക്കുന്നതിലൂടെ മയക്കുമരുന്ന് വിപണനം ഉന്മൂലനം ചെയ്യുന്നതിന് നടപടിയെടുത്തു വരുന്നു. ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി കഴിഞ്ഞമാസം ഗൾഫിലേക്ക് കടത്തുന്നതിന് കൊണ്ടുവന്ന 30 കോടി രൂപ വിലയുള്ള 5.020 കി. ഗ്രാം എം.ഡി.എം.എ എന്ന മാരകമായ മയക്കുമരുന്ന് കൊച്ചിയിൽവച്ച് എക്സൈസ് വിഭാഗം പിടികൂടി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്താരാഷ്ട്ര മാഫിയ ബന്ധം സംബന്ധിച്ച് കൂടുതൽ അന്വേഷണങ്ങൾ നടന്നുവരുന്നു.

**എക്സൈസ് റെയ്ഡുകൾ**

313(2499) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര എക്സൈസ് കേസുകൾ രജിസ്റ്റർ ചെയ്തുവെന്ന് അറിയിക്കുമോ;

(ബി) എത്ര എക്സൈസ് റെയ്ഡുകൾ നടത്തിയെന്നും എത്ര പേരെ അറസ്റ്റ് ചെയ്തുവെന്നും എത്ര കേസുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചുവെന്നും അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എക്സൈസ് വകുപ്പ് ചുവടെ പറയുന്ന കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്:

| | | |
|---|---|---|
| അബ്കാരി | - | 21372 |
| എൻ.ഡി.പി.എസ്. | - | 5946 |
| കോട്പ | – | 72,231 |
| ആകെ | - | 99,549 |

(ബി) 138846 റെയ്ഡുകളിലായി 18301 പേരെ അബ്കാരി കേസ്സിലും 6226 പേരെ എൻ.ഡി.പി.എസ്.- കേസ്സിലും അറസ്റ്റ് ചെയ്യുകയുണ്ടായി. 22218 പേർക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുമുണ്ട്.

**കായംകുളം മണ്ഡലത്തിൽ എക്സൈസ് വകുപ്പ് നടത്തിയ റെയ്ഡുകൾ**

314(2500) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ കാലയളവിൽ കായംകുളം മണ്ഡലത്തിൽ കഞ്ചാവ്, മയക്കുമരുന്ന് അടക്കമുള്ള ലഹരി വസ്തുക്കളുടെ വ്യാപനവും വിൽപനയും തടയുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പ് എത്ര റെയ്ഡുകൾ നടത്തിയിട്ടുണ്ടെന്നും ഇതുപ്രകാരം എത്ര പേർക്കെതിരെ കേസ്സുകൾ എടുത്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാരിന്റെ കാലയളവിൽ കായംകുളം മണ്ഡലത്തിന്റെ 1932 റെയ്ഡുകൾ നടത്തുകയും അബ്കാരി കേസ്സുകളിൽ 351 പേർക്കെതിരെയും എൻ.ഡി.പി.എസ്. കേസ്സുകളിൽ 31 പേർക്കെതിരെയും കോട്പ കേസ്സുകളിൽ 704 പേർക്കെതിരെയും കേസ്സെടുത്തിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 2496-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

## II പ്രത്യേക അറിയിപ്പ്

മി. സ്പീക്കർ: ഒരു പ്രത്യേക അറിയിപ്പ്, 1972 ജൂൺ 8-ന് വിയറ്റ്നാമിൽ അമേരിക്ക നടത്തിയ Napalm ബോംബിംഗിൽ പേടിച്ചരണ്ട് വിവസ്ത്രയായി ഓടുന്ന Phan Thi Kim Phuc എന്ന ഒൻപത് വയസ്സുകാരിയുടെ ചിത്രം പകർത്തി ലോകശ്രദ്ധ നേടിയ ഫോട്ടോഗ്രാഫറാണ് Nick Ut. യുദ്ധത്തിനെതിരെ ആഗോളതലത്തിൽ നടക്കുന്ന ക്യാമ്പയിനിംഗിൽ ഏറ്റവും അധികം ഉപയോഗിക്കപ്പെടുന്ന ചിത്രമാണിത്. 'Napalm Girl' എന്നറിയപ്പെടുന്ന വിയറ്റ്നാം യുദ്ധചിത്രം പകർത്തി ചരിത്രത്തിൽ ഇടംനേടിയ മഹാനായ ഫോട്ടോഗ്രാഫർ Nick Ut ഡി.വി. ഗ്യാലറിയിൽ സഭാനടപടികൾ വീക്ഷിക്കുന്നതിന് എത്തിയിട്ടുണ്ട്. അദ്ദേഹത്തോടൊപ്പം പ്രസിദ്ധ കവിയും എഴുത്തുകാരനുമായ ശ്രീ. സച്ചിദാനന്ദനും സന്നിഹിതനായിട്ടുണ്ട്.

## III ഉത്തരത്തിൽ തിരുത്ത്

നക്ഷത്രചിഹ്നമിട്ട 84-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: 14-ാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 25.01.2018-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 84-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, പതിനാലാം കേരള നിയമസഭയുടെ 9-ാം സമ്മേളനത്തിലെ 25-1-2018-ലെ നക്ഷത്രചിഹ്നമിട്ട 84-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു*.

## IV അടിയന്തരപ്രമേയം

ലൈറ്റ് മെട്രോ പദ്ധതി

മി. സ്പീക്കർ: യഥാർത്ഥത്തിൽ ഇന്നലെ ശ്രദ്ധ ക്ഷണിക്കലായി സഭയിൽ വന്ന ഒരു വിഷയംതന്നെയാണ് റൂൾ 50 ആയി ശ്രീ. കെ. മുരളീധരൻ എഴുതിത്തന്നിട്ടുള്ളത്. പിന്നീട് നടന്ന ഒരു പത്രസമ്മേളനവുമായി ബന്ധപ്പെട്ട് അദ്ദേഹം വീണ്ടും എഴുതിത്തന്നിരിക്കുന്ന സാഹചര്യത്തിൽ അത് അനുവദിക്കുകയാണ്.

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

തിരുവനന്തപുരത്തും കോഴിക്കോട്ടും നടപ്പാക്കാൻ തീരുമാനിച്ച ലൈറ്റ് മെട്രോ പദ്ധതിയിൽനിന്ന് ഡി.എം.ആർ.സി. പിൻമാറിയതിനെത്തുടർന്ന് ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ കെ. മുരളീധരൻ, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇന്നലെ ബഹുമാന്യനായ ശ്രീ. വി. എസ്. ശിവകുമാർ ഉന്നയിച്ച പ്രശ്നത്തിന് മറുപടി പറഞ്ഞതാണ്. കേരളത്തിന്റെ വികസനത്തിന് പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തുക എന്നത് പ്രധാനമാണെന്നാണ് സർക്കാർ കാണുന്നത്. അതിന്റെ ഭാഗമായിത്തന്നെ പൊതുഗതാഗത സംവിധാനം കൂടുതൽ മെച്ചപ്പെടുത്താനും ആധുനികവൽക്കരിക്കാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ലൈറ്റ് മെട്രോ പദ്ധതി മുന്നോട്ട് കൊണ്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി ഇല്ലാതാക്കാൻ പോകുന്നു എന്ന പ്രചരണം അടിസ്ഥാനരഹിതമാണ്. ഭരണപരമായ നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ വേണ്ടിവരുന്ന സാവകാശം മാത്രമാണ് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. ഈ സംവിധാനം രൂപപ്പെടുന്നതിന് ഇടയായ സാഹചര്യം പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകുന്നതാണ്.

2014 ആഗസ്റ്റ് 28-ന് കേരള മോണോ റെയിൽ കോർപ്പറേഷൻ (ഇപ്പോഴത്തെ കെ.ആർ.റ്റി.എൽ.) തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പദ്ധതികൾ ഉപേക്ഷിക്കാൻ നിശ്ചയിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് ഈ തീരുമാനമുണ്ടായത്. അതിനുപകരമായി ലൈറ്റ് മെട്രോ പദ്ധതി ആരംഭിക്കാൻ ആ സർക്കാരിന്റെ കാലത്തുതന്നെ നിശ്ചയിക്കുകയും ചെയ്തു. ഇതനുസരിച്ച് 2014 ഒക്ടോബർ 8-ന് കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഡി.പി.ആർ. (വിശദ പദ്ധതി രേഖ) ഡി.എം.ആർ.സി. സമർപ്പിച്ചു. ഏതാണ്ട് ഒരു വർഷത്തെ കാലതാമസത്തിനുശേഷം 2015 സെപ്റ്റംബർ 11-ന് പ്രസ്തുത ഡി.പി.ആർ.- കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അംഗീകരിച്ചു. തുടർന്ന് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി അപേക്ഷ സമർപ്പിക്കുകയും ചെയ്തു. പുതിയ മെട്രോ നയം രൂപീകരിക്കുമെന്ന് 2017 ഫെബ്രുവരി 1-ലെ ബജറ്റിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചു. തുടർന്ന് ആഗസ്റ്റ് 2017-ൽ അത് പ്രസിദ്ധീകരിക്കുകയും ചെയ്തു. കേന്ദ്ര മെട്രോ നയത്തിനനുസൃതമായി വേണ്ട മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 2017 നവംബർ 23-ന് പുതുക്കിയ അനുബന്ധ പദ്ധതിരേഖ

ഡി.എം.ആർ.സി. സമർപ്പിച്ചു. ഇതേ രേഖതന്നെ ചെറിയ മാറ്റങ്ങളോടുകൂടി 2017 ഡിസംബർ 8-ന് ഡി.എം.ആർ.സി. വീണ്ടും സമർപ്പിക്കുന്ന സ്ഥിതിയുണ്ടായി. ഡിസംബർ 18-ന് കൂടിയ കെ.ആർ.റ്റി.എൽ. ബോർഡ് യോഗം ഇക്കാര്യങ്ങൾ പരിശോധിക്കുകയുണ്ടായി. വിവിധ വകുപ്പുകളുടെ നയപരമായ തീരുമാനങ്ങൾ ഉൾപ്പെടുന്നതുകൊണ്ടും സാമ്പത്തിക ബാധ്യത തുടങ്ങിയ കാര്യങ്ങൾ വിശദമായി പരിശോധിക്കാനുള്ളതുകൊണ്ടും ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സെക്രട്ടറിതല കമ്മിറ്റി രൂപീകരിച്ച് പുതുക്കിയ ഡി.പി.ആർ.-ന്റെ പരിശോധന നടത്തണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കാൻ യോഗം നിശ്ചയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. പ്രസ്തുത കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം കേരള സർക്കാർ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്നതിന് മുൻപുതന്നെ ചില പ്രാരംഭ പ്രവർത്തനങ്ങൾ നടത്താമെന്ന് തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി 2016 സെപ്റ്റംബർ 8-ന് തിരുവനന്തപുരത്തെ ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാല നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകി. തുടർന്ന് സ്ഥലമെടുപ്പിനുള്ള നടപടികൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾ ആരംഭിക്കുകയും തിരുവനന്തപുരത്തെ കേശവദാസപുരം മുതൽ കഴക്കൂട്ടം വരെയുള്ള പാതയുടെയും കോഴിക്കോട് മാനാഞ്ചിറ മുതൽ മീഞ്ചന്ത വരെയുള്ള പാതയുടെയും വികസനത്തിനുള്ള ഭരണാനുമതി നൽകുകയും ചെയ്തു. ഇതിൽ ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിലെ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് മത്സരാധിഷ്ഠിത ദർഘാസ് വഴി ഏജൻസിയെ തെരഞ്ഞെടുക്കാനും കെ.ആർ.റ്റി.എൽ.-ന്റെ ബോർഡ് തീരുമാനിക്കുകയുണ്ടായി. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി ഇത് നടത്തണമെന്നാണ് ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ട എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. മേൽപ്പറഞ്ഞ പ്രാരംഭ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കും. തിരുവനന്തപുരത്ത് ശ്രീകാര്യം ജംഗ്ഷനിൽ നിർമ്മിക്കുന്ന മേൽപ്പാലത്തിന്റെ സാമൂഹികാഘാത പഠനത്തിന്റെ ഭാഗമായുള്ള പബ്ലിക് ഹിയറിംഗ് 2018 മാർച്ച് 10-ന് നടക്കാനിരിക്കുകയാണ്. സ്ഥലമെടുപ്പ് ത്വരിതഗതിയിലാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ലൈറ്റ് മെട്രോ പദ്ധതി ഉപേക്ഷിക്കാനല്ല, മറിച്ച് കേരളത്തിന്റെ താൽപ്പര്യമനുസരിച്ച് സുതാര്യമായി നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഇന്നലെ ശ്രീ. വി. എസ്. ശിവകുമാറിന്റെ ശ്രദ്ധക്ഷണിക്കലിന് മറുപടിയായി, 'തിരുവനന്തപുരത്തും കോഴിക്കോട്ടും ഗവൺമെന്റ് ആരംഭിക്കാനുദ്ദേശിക്കുന്ന ലൈറ്റ് മെട്രോ പദ്ധതിയിൽനിന്ന് ഞങ്ങൾ പിറകോട്ട് പോകില്ല. ഇത് സമയബന്ധിതമായി പൂർത്തിയാക്കും' എന്ന് ഈ സഭയിൽ മുഖ്യമന്ത്രി മറുപടി നൽകിയതിനുശേഷം ഡൽഹി മെട്രോയുടെ കൺസൾട്ടന്റായ ശ്രീ. ഇ. ശ്രീധരൻ ഇന്നലെ പത്രസമ്മേളനത്തിൽ സർക്കാരിനെതിരായി പറഞ്ഞ ചില ഗുരുതരമായ വിഷയങ്ങളാണ് ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്.

കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയിരുന്നപ്പോഴാണ് കൊച്ചിയിൽ മെട്രോ സർവ്വീസും, തിരുവനന്തപുരത്തും കോഴിക്കോട്ടും മോണോ റെയിൽ സർവ്വീസും ആരംഭിക്കാൻ തീരുമാനിച്ചത്. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്താൻ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. ഇ. ശ്രീധരന്റെ നേതൃത്വത്തിലുള്ള ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ഇതിന്റെ കൺസൾട്ടന്റായി വർക്ക് ഏറ്റെടുക്കാൻ തയ്യാറായി രംഗത്ത് വരുന്നത്. മൂന്ന് വർഷം കൊണ്ടുതന്നെ ഇന്ത്യയുടെ തലസ്ഥാനത്ത് ആദ്യമായി മെട്രോ സർവ്വീസ് ആരംഭിക്കാൻ ശ്രീ. ഇ. ശ്രീധരന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു. ശുഷ്കാന്തിയോടുകൂടിയുള്ള പ്രവർത്തനമാണ് അന്ന് അദ്ദേഹം അവിടെ കാഴ്ചവച്ചത്. അതിന്റെ കൺസ്ട്രക്ഷൻ നടക്കുന്ന സമയത്ത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ഞാനും ശ്രീ. വി. എസ്. ശിവകുമാറും ശ്രീ. സുരേഷ് കുറുപ്പുമൊക്കെ ചെന്ന് കണ്ടിരുന്നു. അന്ന് ഞങ്ങൾ പാർലമെന്റ് അംഗങ്ങളാണ്. ഒരു ട്രാഫിക് ബ്ലോക്കും കൂടാതെ വളരെ ശാസ്ത്രീയമായ രീതിയിലായിരുന്നു അതിന്റെ കൺസ്ട്രക്ഷൻ നടത്തിയിരുന്നത്. അതുവരെ ലണ്ടനിലെ ട്യൂബ് സർവ്വീസൊക്കെ വളരെയധികം ജനശ്രദ്ധ ആകർഷിച്ചിരുന്നതാണ്. അങ്ങനെയൊരു പ്രോജക്ട് ഇന്ത്യയിൽ വരുമെന്ന് സ്വപ്നംപോലും കാണാൻ കഴിയാത്ത സമയത്താണ് ഡൽഹി മെട്രോ കോർപ്പറേഷൻ അവിടത്തെ മെട്രോ ലൈനിന്റെ വർക്ക് സമയബന്ധിതമായി പൂർത്തീകരിക്കുന്നത്. ശ്രീ. ഇ. ശ്രീധരനെക്കുറിച്ച് ഞാൻ പറയുമ്പോൾ, ഒരുപക്ഷേ എന്നെക്കാൾ കൂടുതൽ ഒരുപക്ഷേ അങ്ങേയ്ക്കറിയാം, അങ്ങയുടെ നിയോജകമണ്ഡലത്തിലാണ് അദ്ദേഹം താമസിക്കുന്നത്. മലബാർ പ്രദേശത്തെ ഗതാഗതത്തിന്റെ കാര്യത്തിൽ ഏറ്റവും നല്ല കോൺട്രിബ്യൂഷനായിരുന്നു കൊങ്കൺ റെയിൽവേ സർവ്വീസ്. കൊങ്കൺ റെയിൽവേ കർണ്ണാടക, മഹാരാഷ്ട്രാ സംസ്ഥാനങ്ങളെ ബന്ധിപ്പിച്ചുകൊണ്ടാണ് വന്നതെങ്കിലും അതിന്റെ പ്രയോജനം ഏറ്റവും കൂടുതൽ ലഭിച്ചത് കേരളത്തിനാണ്, പ്രത്യേകിച്ച് മലബാർ പ്രദേശത്തിന്. അതുവരെ തിരുവനന്തപുരത്തുനിന്നും ഒന്നോ, രണ്ടോ ട്രെയിൻ സർവ്വീസുകളാണ് ഡൽഹിയിലേക്ക് ഉണ്ടായിരുന്നത്. വടക്കൻ കേരളത്തിൽ റെയിൽവേ സർവ്വീസ് ഏറെ ഗുരുതരമായിരുന്നു.

തിരുവനന്തപുരത്തുനിന്നും ഏതാണ്ട് 50 മണിക്കൂറായിരുന്നു അന്ന് ഡൽഹിയിലേക്കുള്ള റണ്ണിംഗ് ടൈം. എന്നാൽ കൊങ്കൺ റെയിൽവേ വന്നതോടുകൂടി അതിൽ വളരെയധികം മാറ്റങ്ങളുണ്ടായി. 92 പാറകൾ തുരന്ന് ഹൈടെക് രീതിയിലാണ് അന്ന് കൊങ്കൺ റെയിൽവേയുടെ കൺസ്ട്രക്ഷൻ നടത്തിയത്. 1992-1998 കാലഘട്ടത്തിലാണ് അതിന്റെ കൺസ്ട്രക്ഷൻ പൂർത്തിയാക്കിയത്. 92 തുരങ്കങ്ങളാണ്, നമ്മൾ മിക്ക ആളുകളും അതുവഴി ട്രെയിനിൽ സഞ്ചരിച്ചിട്ടുള്ളവരാണ്. അതോടുകൂടി മലബാറും ഈ യാത്രകളിലെ പങ്കാളിയായി. ഏറ്റവും കൂടുതൽ ലാഭമുണ്ടായത് മലബാർ പ്രദേശത്തുള്ളവർക്കാണ്. ഇന്ന് പുലർച്ചെ രാജധാനി എക്സ്പ്രസ്സിൽ കയറിയാൽ നാളെ ഉച്ചയാകുമ്പോൾ ഡൽഹിയിലെത്താൻ കഴിയും. മെട്രോയെക്കാൾ അദ്ദേഹത്തിന്റെ ഏറ്റവും വലിയ കോൺട്രിബ്യൂഷൻ എന്നുപറയുന്നത് ഈ കൊങ്കൺ സർവ്വീസായിരിക്കും. അതിനുശേഷമാണ് അദ്ദേഹം മെട്രോയുടെ ചുമതലയിലേക്ക് വരുന്നത്. ഡൽഹി മെട്രോയുടെ മാതൃകയിൽ കൊച്ചിയിലും മെട്രോ സ്ഥാപിക്കാൻ അന്ന് യു.ഡി.എഫ്. സർക്കാർ തീരുമാനിക്കുമ്പോൾ ഒരു പ്രചരണം വന്നു, ഈ സർക്കാരിനെ ഉപദേശിക്കുന്ന ഉദ്യോഗസ്ഥർ തന്നെയായിരുന്നു അന്നും ഉണ്ടായിരുന്നത്. അന്നും അവരുടെ ഉപദേശങ്ങൾ ഇതിനെതിരായിരുന്നു. ഞാൻ ആരെയും കുറ്റം പറയുകയല്ല, നമ്മുടെ ചില ഉദ്യോഗസ്ഥൻമാർ എല്ലാം ഞങ്ങളാണ്, ഞങ്ങളാണ് എല്ലാം അറിവുമുള്ളവർ, ഞങ്ങളാണ് ഏറ്റവും ബുദ്ധിമാൻമാർ എന്നു പറയുന്നു, എന്നാൽ അതിനുതക്ക ബുദ്ധി അവർക്കില്ല. രാഷ്ട്രീയക്കാരെപ്പോലും ചില ഉദ്യോഗസ്ഥൻമാർക്ക് പുച്ഛമാണ്. ഇത് നമുക്ക് ലാഭകരമല്ലെന്ന് അങ്ങനെയുള്ള ചില കൂട്ടർ അന്നും പറഞ്ഞു. ഡൽഹി മെട്രോയുടെ ആവശ്യം നമുക്കില്ല, നമുക്കുതന്നെ അതിന്റെ സാങ്കേതിക പരിജ്ഞാനമുണ്ട് എന്നുപറഞ്ഞ ഐ.എ.എസ്. ഉദ്യോഗസ്ഥരെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. ഇങ്ങനെ വാർത്ത പരന്നപ്പോൾ അന്നത്തെ രാജ്യസഭാംഗം, ഇന്ന് സി.പി.ഐ. (എം)-ന്റെ എറണാകുളം ജില്ലാ സെക്രട്ടറി ശ്രീ. രാജീവിന്റെ നേതൃത്വത്തിൽ അതിശക്തമായ സമരം സംഘടിപ്പിച്ചു. 'ഞങ്ങൾക്ക് ശ്രീ. ഇ. ശ്രീധരനെ വേണം, ഞങ്ങൾക്ക് മെട്രോ വേണം, അദ്ദേഹത്തിന്റെ കഴിവ് അദ്ദേഹം തെളിയിച്ചു കഴിഞ്ഞതാണ്. അങ്ങനെയുള്ള ഒരു സ്ഥാപനത്തെ മാറ്റിനിർത്തി, ചില സ്വകാര്യ സ്ഥാപനങ്ങൾക്കുവേണ്ടി ഇതു നൽകാൻ ശ്രീ. ഉമ്മൻചാണ്ടി സർക്കാർ ഗൂഢാലോചന നടത്തുന്നു' എന്നുപറഞ്ഞായിരുന്നു അന്നത്തെ സമരം. സത്യത്തിൽ അത് വെറും കേട്ടുകേൾവിയുടെ മാത്രം അടിസ്ഥാനത്തിൽ നടത്തിയ സമരമായിരുന്നു. ഏതായാലും ഡൽഹി മെട്രോയെ ഏൽപ്പിച്ചു, വളരെ ഭംഗിയായിത്തന്നെ അവർ അതിന്റെ നിർമ്മാണം പൂർത്തീകരിച്ച്, അതിന്റെ പ്രവർത്തനം തുടങ്ങി. ബഹുമാനപ്പെട്ട പിണറായി വിജയന്, അദ്ദേഹം മുഖ്യമന്ത്രിയായതിനുശേഷം അത് ഉദ്ഘാടനം ചെയ്യാൻ കഴിഞ്ഞത് അന്ന് യു.ഡി.എഫ്. സർക്കാർ ശ്രീ. ഇ. ശ്രീധരനെയും ഡൽഹി മെട്രോ കോർപ്പറേഷനേയും അതിന്റെ നിർമ്മാണം ഏൽപ്പിച്ചതുകൊണ്ടാണ്. ഞാൻ

പറഞ്ഞതുപോലെ ചില ഉദ്യോഗസ്ഥൻമാർ അന്ന് അതിന് ഇടങ്കോലിട്ടില്ലായിരുന്നുവെങ്കിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ ഉദ്ഘാടനം ചെയ്യാൻ കഴിയുമായിരുന്നു. അന്ന് മനുഷ്യച്ചങ്ങലയൊക്കെ തീർത്തതാണ്. തിരുവനന്തപുരത്തും, കോഴിക്കോട്ടും മോണോ റെയിൽ അത്ര പ്രായോഗികമല്ലെന്നും വർദ്ധിച്ച ചെലവ് നോക്കുമ്പോൾ ലൈറ്റ് മെട്രോ ആണ് കുറച്ചുകൂടി അഭികാമ്യമെന്നുമുള്ള ഡൽഹി മെട്രോ കോർപ്പറേഷന്റെകൂടി ഉപദേശമനുസരിച്ചാണ് ഈ രണ്ടു നഗരങ്ങളിലും ലൈറ്റ് മെട്രോ സ്ഥാപിക്കാൻ തീരുമാനിച്ചത്. അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുമ്പോൾ ഇവിടെ ഇലക്ഷൻ വന്നു, ഗവൺമെന്റ് മാറി, പുതിയ സർക്കാർ വന്നതിനുശേഷവും ഏതാണ്ട് തത്വത്തിൽ അംഗീകരിച്ചുകൊണ്ടാണ് അതിന്റെ പ്രവർത്തനങ്ങൾ നടന്നത്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരൻ, ശ്രീ. ഇ. ശ്രീധരന്റെ സാന്നിദ്ധ്യത്തിൽ തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ എം.എൽ.എ.-മാരുടെയും മേയർമാരുടെയും മറ്റും യോഗം വിളിച്ചു. തിരുവനന്തപുരത്ത് ടെക്നോസിറ്റിയിൽ നിന്ന് ആരംഭിച്ച് പട്ടം, പി.എം.ജി. വഴി കരമന വരെ ഒന്നാമത്തെ റീച്ച്, പിന്നീട് അത് നെയ്യാറ്റിൻകര വരെ നീട്ടാമെന്ന് ആ യോഗത്തിൽ ധാരണയുണ്ടായിരുന്നു. അതിൽ ഏറ്റവും കൂടുതൽ അക്വിസിഷൻ വരുന്ന ഏര്യ കഴക്കൂട്ടവും കേശവദാസപുരവുമാണ്. എന്റെയും ശ്രീ. കടകംപള്ളി സുരേന്ദ്രന്റെയും നിയോജകമണ്ഡലങ്ങളാണ്; സ്ഥലത്തിന്റെ അക്വിസിഷനുള്ള എല്ലാ തടസ്സങ്ങളും നീക്കിക്കൊടുക്കാം. സ്വാഭാവികമായും വികസനം വരുമ്പോൾ പല തടസ്സങ്ങളും ഉണ്ടാകും, അക്വയർ ചെയ്യുന്ന ഭൂമിയുടെ വില സംബന്ധിച്ചൊക്കെ ആളുകൾക്ക് പല സംശയങ്ങളുമുണ്ടാകും. ഞങ്ങൾ രണ്ട് എം.എൽ.എ.-മാരും, മുമ്പ് ശ്രീ. എം. എ. വാഹിദ് ആയിരുന്ന കഴക്കൂട്ടം എം.എൽ.എ., ഈ രണ്ടു നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ.-മാരായ ഞങ്ങൾ പൂർണ്ണ ഉത്തരവാദിത്വമെടുക്കാം. ജനങ്ങൾക്ക് എന്തെങ്കിലും സംശയമുണ്ടെങ്കിൽ ഞങ്ങൾ ദൂരീകരിക്കാം. പ്രത്യേകിച്ച് കരമന-കളിയിക്കാവിള റോഡിന്റെ കാര്യത്തിൽ അന്നത്തെ സർക്കാർ എടുത്ത തീരുമാനം, അത്യാവശ്യം ഭേദപ്പെട്ട കോംപൻസേഷൻ കിട്ടുമെന്ന ധാരണയുള്ളതുകൊണ്ട് ജനങ്ങൾക്ക് ഭൂമി വിട്ടുതരുന്നതിൽ തടസ്സമില്ല. അതുകൊണ്ട് ഇപ്പോൾ അക്വിസിഷന് അത്രവലിയ പ്രയാസമില്ല. ഞങ്ങൾ അതുസംബന്ധിച്ച് എല്ലാ ഉറപ്പും നൽകിയതുമാണ്. പിന്നീട് എന്തുസംഭവിച്ചുവെന്ന് ഞങ്ങൾക്കും അറിയില്ല. പലപ്പോഴും പല ചടങ്ങുകൾക്കും തലസ്ഥാനത്ത് ഞാൻ ശ്രീ. ഇ. ശ്രീധരനെ കാണുമ്പോൾ അദ്ദേഹം പറയുന്നത്, സർക്കാരിന് വലിയ താൽപ്പര്യം കാണുന്നില്ലെന്നും ഞങ്ങൾ പലപ്പോഴും സമീപിച്ചിട്ടുണ്ടെന്നും ഗവൺമെന്റിന്റെ റെസ്പോൺസ് അത്ര സുഖകരമല്ലെന്നുമാണ്. ഏതായാലും ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ നടത്തിയ പ്രസ്താവനയ്ക്കുശേഷം ശ്രീ. ഇ. ശ്രീധരൻ പത്രസമ്മേളനത്തിൽ ഗുരുതരമായ ചില വിഷയങ്ങൾ ഉന്നയിച്ചു. ആ വിഷയങ്ങൾ എന്നുപറയുന്നത് പത്രങ്ങളിൽ വന്ന വാർത്തകളാണ്, (പത്രം ഉയർത്തിക്കാട്ടി) ഞാൻ എല്ലാ പത്രങ്ങളും വായിക്കുന്നില്ല. "സർക്കാർ വിളിച്ചാലും ഇനി വരില്ല - ഇ.

ശ്രീധരൻ" മാതൃഭൂമി പത്രത്തിലേതാണ് വാർത്ത. ഇനി മാതൃഭൂമി പത്രത്തെക്കുറിച്ച് വലിയ തർക്കമുണ്ടാകുകയില്ലല്ലോ, മാതൃഭൂമി പത്രത്തിലെ ഹെഡ്‌ലൈൻ ന്യൂസാണ്, "സർക്കാർ വിളിച്ചാലും ഇനി വരില്ല" അതിന്റെ കാരണങ്ങളെക്കുറിച്ച് അദ്ദേഹം പറയുന്നത് -'ലൈറ്റ് മെട്രോ നിർമ്മാണത്തിന് മുന്നൊരുക്കങ്ങൾ തുടങ്ങാമെന്ന സർക്കാർ നിർദ്ദേശം ഡി.എം.ആർ.സി. അംഗീകരിച്ചു, വിശദമായ റിപ്പോർട്ടും തയ്യാറാക്കി. മുന്നൊരുക്ക ജോലികൾക്കായി 2016 ഡിസംബറിൽ സർക്കാർ സാങ്ഷൻ നൽകി. പക്ഷെ 15 മാസമായിട്ടും സർക്കാരിൽനിന്ന് ഒരു നടപടിയും ഉണ്ടാകുന്നില്ല' എന്നാണ്. അതിനുപരിയായി മറ്റൊരു കാര്യം കൂടി അദ്ദേഹം പറഞ്ഞു, 'ലൈറ്റ് മെട്രോയുടെ അവസ്ഥ ബോധ്യപ്പെടുത്താൻ മുഖ്യമന്ത്രിയെ നേരിൽ കാണാൻ ശ്രമിച്ചിട്ടും അനുമതി ലഭിച്ചില്ല' എന്ന്. കരാർ ഒപ്പിടാതെ നീളുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ മുഖ്യമന്ത്രിയെ നേരിട്ട് അറിയിക്കാൻവേണ്ടി ശ്രീ. ഇ. ശ്രീധരൻ സമയം ചോദിച്ചുവെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് നൽകിയില്ലെന്നുമാണ് ഇന്നലെ വളരെ വ്യക്തമായി ശ്രീ. ഇ. ശ്രീധരൻ പറഞ്ഞത്. ഇത്രയും പ്രധാനപ്പെട്ട, രണ്ട് പ്രധാന നഗരങ്ങളിലെ ഇത്രയും ബൃഹത്തായ പ്രോജക്റ്റ്, അത് ഉദ്ദേശിച്ച രീതിയിൽ മുന്നോട്ടുപോകുന്നില്ല, അത് 'ഇങ്ങനെ ഞങ്ങൾക്ക് പോകാൻ സാധ്യമല്ലാത്തതുകൊണ്ട് അങ്ങ് ഇടപെടണം' എന്ന് പറയാനായിരിക്കുമല്ലോ മുഖ്യമന്ത്രിയെ കാണാൻ സമയം ചോദിച്ചത്. ഒരു അരമണിക്കൂർ നീക്കിവയ്ക്കാൻ മുഖ്യമന്ത്രിക്ക് സമയമില്ലേ? വലിയ തിരക്കുണ്ട്, എന്നാലും അരമണിക്കൂർ, മെട്രോയുടെ കാര്യമല്ലേ. വെറുതേ കണ്ടിട്ട് യെസ് ഓർ നോ എന്നുപറഞ്ഞ് പോയാൽ പോരല്ലോ, അരമണിക്കൂറെങ്കിലും അദ്ദേഹത്തിന് സമയം കൊടുക്കാമായിരുന്നില്ലേ.

മി. സ്പീക്കർ : 11 മിനിട്ട് കഴിഞ്ഞു.

ശ്രീ. കെ. മുരളീധരൻ : സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ആരാണ് ഇനി കേരളത്തിലേക്ക് വരുന്നത്? അതുപോലെ കേരളകൗമുദിയിൽ പറയുന്നത് "ലൈറ്റ് മെട്രോയിൽനിന്ന് പിൻമാറി, ശ്രീധരൻ രംഗം വിടുന്നു വേദനയോടെ, പിൻമാറ്റം സർക്കാരിന് താൽപ്പര്യമില്ലാത്തതിനാൽ, മുഖ്യമന്ത്രി സമയം അനുവദിച്ചില്ല". മറ്റൊന്നുകൂടി അദ്ദേഹം പറഞ്ഞു, ഇപ്പോൾ പറയുന്നത് കൊച്ചി മെട്രോ ലാഭത്തിലല്ല എന്നാണ്. ഒരു പെട്ടിക്കട തുടങ്ങിയാൽ രണ്ടുമാസം കൊണ്ട് ലാഭം കിട്ടുമോ? മാത്രമല്ല ഇതൊക്കെ തുടങ്ങുന്നത് ലാഭം നോക്കിയാണോ; കൊച്ചിയിൽ മെട്രോ വന്നതിനുശേഷം അവിടത്തെ ഗതാഗതത്തിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്; അതിനെക്കുറിച്ച് നമ്മൾ സ്റ്റഡി ചെയ്തിട്ടുണ്ടോ; ഇപ്പോൾ ലണ്ടനിൽ ട്യൂബ് സർവ്വീസ് ലാഭത്തിലാണോ? പക്ഷെ അവിടെ ഇന്ന് കാറിൽ സഞ്ചരിക്കാൻ കഴിയുകയില്ല. അവിടെ എല്ലാപേരും ട്യൂബ് സർവ്വീസിലല്ലേ യാത്ര ചെയ്യുന്നത്. എത്ര സമയമാണ് ലാഭിക്കുന്നത്? ബോംബെയിൽ, അതുപോലെ പ്രധാനപ്പെട്ട നഗരങ്ങളിൽ, ഡൽഹിയിലെ ഇപ്പോഴത്തെ അവസ്ഥയെന്നു

പറഞ്ഞാൽ കാറിലോ, ബസ്സിലോ പോകുന്നതിനേക്കാൾ ചുരുങ്ങിയ സമയംകൊണ്ട് എയർപോർട്ടിലെത്താം. അങ്ങേയ്ക്കറിയാമല്ലോ കേരളഹൗസിൽ നിന്ന് ഡൽഹി എയർപോർട്ടിലെത്തണമെങ്കിൽ രണ്ടുമണിക്കൂർ വേണം. അതേസമയം മെട്രോയിൽ കയറിയാൽ 20 മിനിറ്റുകൊണ്ട് എത്താം, ലാഭം നോക്കിയാണോ നമ്മൾ കെ.എസ്.ആർ.ടി.സി. നടത്തുന്നത്? നമ്മളൊക്കെ ഭരിച്ചിട്ടും കെ.എസ്.ആർ.ടി.സി. അന്നും ഇന്നും നഷ്ടത്തിലാണ്. അതിനെ കരകയറ്റായൻ കഴിയില്ലെന്ന് കരുതി നാളെ കെ.എസ്.ആർ.ടി.സി. പൂട്ടുമോ? ഇംഗ്ലീഷ് പത്രങ്ങളിലും ഇന്ന് ഇത് വലിയ ന്യൂസാണ്.

മി. സ്പീക്കർ : ഇന്ന് വെള്ളിയാഴ്ചയാണ്. ഒരുപാട് പുതിയ അംഗങ്ങളുടെ ബില്ലുകൾ എടുക്കാനുണ്ട്. പെട്ടെന്ന് അവസാനിപ്പിക്കണം. അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. കെ. മുരളീധരൻ : DMRC closing down offices to aviod loss says Metro Man. പറയുന്നത് 7 കോടി രൂപ നഷ്ടത്തിലാണെന്നാണ്. വടക്കൻ കേരളത്തിന്റെ തലസ്ഥാനമായ കോഴിക്കോട് ഒരു ലൈറ്റ് മെട്രോ തുടങ്ങാൻ 92 തുരങ്കങ്ങളുണ്ടാക്കി റെയിൽവേ പാത നിർമ്മിച്ച വ്യക്തിക്ക്, ഒരു ടെക്നിക്കൽ എക്സ്പെർട്ടിന്, തലസ്ഥാനത്ത് 22 കിലോമീറ്ററിന്റെ ഒരു ലൈറ്റ് മെട്രോ തുടങ്ങാൻ കഴിയാത്തൊരു അവസ്ഥ വന്നുവെന്നു പറഞ്ഞാൽ അതിന്റെ നാണക്കേട് ആർക്കാണ്? മുഖ്യമന്ത്രി പറയുന്നു ഇതിനൊന്നും ഒരു കുഴപ്പവുമില്ലെന്ന്. ഡി.എം.ആർ.സി. മാറിയാൽ ഇനി ആരാണ് വരാൻ പോകുന്നത്; ഇനി ഏത് പാർട്ടിവരും? അങ്ങ് പറയുന്നത് കാലാവധിക്കുള്ളിൽ പൂർത്തിയാക്കുമെന്നാണ്. അങ്ങ് ഇനി ആയുഷ്കാലം ഈ കസേരയിൽ ഇരുന്നാലും ഈ പദ്ധതി കേരളത്തിൽ വരാൻ പോകുന്നില്ല. ഇനി ആരും കേരളത്തിലേക്ക് വരുകയില്ല, കാരണം ശ്രീ. ഇ. ശ്രീധരൻ തോറ്റുമടങ്ങിയ സ്ഥലത്ത് ആർക്ക് പകരം വരാൻ കഴിയും? ശ്രീ. ഇ. ശ്രീധരനെക്കുറിച്ച് ജനങ്ങൾക്ക് ഒരു റെപ്യൂട്ടേഷൻ ഉണ്ട്; ആ വിശ്വാസം ഇനി മറ്റു കമ്പനിക്കാർ വന്നാൽ ഉണ്ടാകുമോ? പണ്ട് സിനിമയിലൊക്കെ കണ്ടിട്ടുണ്ട്, സൗന്ദര്യമുള്ള അനുജത്തിയെക്കാണിച്ച് ഭംഗിയില്ലാത്ത ചേച്ചിയെ കല്യാണം കഴിച്ചുകൊടുക്കുന്നത്. അതുപോലെ, ശ്രീ. ഇ. ശ്രീധരനെ മാറ്റി മറ്റാരു വന്നാലും അത് ജനങ്ങളിൽ വിശ്വാസമുണ്ടാക്കാൻ കഴിയില്ല. ഈ രണ്ടു പദ്ധതികളും ഇല്ലാതായി. തിരുവനന്തപുരത്തെയും കോഴിക്കോട്ടെയും ലൈറ്റ് മെട്രോ പദ്ധതി കേരളത്തിന്റെ വികസനത്തിന്റെ ശവപ്പറമ്പായി മാറിയിരിക്കുന്നു. ഇക്കാര്യത്തിൽ മുഖ്യമന്ത്രി ഇടപെട്ട് ഡൽഹി മെട്രോ കോർപ്പറേഷന്റെ സംശയങ്ങൾ ദൂരീകരിച്ച് എത്രയുംപെട്ടെന്ന് ഈ രണ്ടു പദ്ധതികൾ ആരംഭിക്കണം. കേരളത്തിന്റെ വികസനത്തിന് തടസ്സം നിൽക്കുന്ന ഇന്നത്തെ അവസ്ഥ ഈ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം പറഞ്ഞ ചില കാര്യങ്ങളോട് പൂർണ്ണ യോജിപ്പാണുള്ളത്. ശ്രീ. ഇ. ശ്രീധരൻ മഹാനായ വ്യക്തിയാണ്, പ്രശസ്തമായ രീതിയിൽ അദ്ദേഹത്തിന്റെ ഔദ്യോഗിക കാലം നിർവ്വഹിച്ചതുമാണ്. പിന്നീടും നല്ല രീതിയിൽത്തന്നെ അദ്ദേഹം രാജ്യത്തിന് സേവനം നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യത്തെ ഞങ്ങളാരും ചോദ്യം ചെയ്യുന്നില്ല. അദ്ദേഹത്തോട് നല്ല ആദരവേ എല്ലാ ഘട്ടത്തിലുമുള്ളൂ. അതുകൊണ്ട് അദ്ദേഹത്തെ ഒഴിവാക്കുന്നതിനുവേണ്ടി സർക്കാർ എന്തെങ്കിലും ചെയ്തുവെന്നാണ് അദ്ദേഹം ധരിച്ചിരിക്കുന്നതെങ്കിൽ, അത്തരത്തിലുള്ള ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഇതിലൊരു പ്രശ്നമേയുള്ളൂ; കേന്ദ്ര അനുമതി ലൈറ്റ്മെട്രോയ്ക്ക് ആവശ്യമാണ്. ലൈറ്റ്മെട്രോ വേഗം പൂർത്തിയാകണമെന്ന ആഗ്രഹം അദ്ദേഹത്തിനുണ്ട്. നമുക്കും താല്പര്യമുണ്ട്, ഇന്നലെയും ഇന്നും സംസാരിച്ച എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും ഇതിൽ താല്പര്യമുണ്ട്. എല്ലാവർക്കും ലൈറ്റ്മെട്രോ വേഗം പൂർത്തീകരിക്കണമെന്ന താല്പര്യമാണുള്ളത്. ലൈറ്റ്മെട്രോ വേഗത്തിൽ പൂർത്തീകരിക്കണമെന്ന താല്പര്യം ചിലപ്പോൾ നമ്മളെക്കാൾ കൂടുതൽ അദ്ദേഹം പ്രകടിപ്പിക്കുന്നുണ്ട് എന്നുള്ളത് വസ്തുതയാണ്. ഇതിലെ പ്രശ്നം കേന്ദ്ര അനുമതി വേണമെന്നതാണ്. 1278 കോടി രൂപയാണ് കേന്ദ്രസർക്കാർ ഇതിനുവേണ്ടി നൽകേണ്ടത്. കേന്ദ്ര അനുമതിയില്ലാതെ തുടങ്ങിയാൽ അത് സംസ്ഥാനത്തിനുതന്നെ ബാധ്യതയായി വരും. നമ്മുടെ സംസ്ഥാനത്തിന് അത് എത്രത്തോളം വഹിക്കാനാകുമെന്ന പ്രശ്നമുണ്ട്. അതുകൊണ്ടാണ് കേന്ദ്ര അനുമതി കിട്ടട്ടെ, അതിനുശേഷം ആലോചിക്കാമെന്ന് പറഞ്ഞത്. ഞാൻ അദ്ദേഹത്തെ എത്രയോ തവണ കണ്ടതാണ്, അവസാനം കണ്ടില്ല എന്നു പറയുന്നത്, അദ്ദേഹംതന്നെ പറഞ്ഞതുപോലെ തിരക്കുകൾ കൊണ്ടാണ്. അദ്ദേഹത്തെ കാണുന്നതിൽ ആർക്കാണ് തടസ്സമുള്ളത്? ഇതുമായി ബന്ധപ്പെട്ട് അദ്ദേഹം കാണിക്കുന്ന സ്പീഡിൽ സംസ്ഥാന ഗവൺമെന്റിന് നീങ്ങാൻ കഴിയുന്നില്ല എന്നതാണ് പ്രശ്നം. കാരണം പണത്തിന്റെ ഫാക്ടറാണ്. 1278 കോടി രൂപ നമ്മുടെ സംസ്ഥാനത്തിന് മാത്രമായി വഹിക്കാമെങ്കിൽ കേന്ദ്രത്തെ നോക്കേണ്ടതില്ല, കേന്ദ്രം തന്നില്ലെങ്കിലും ഞങ്ങളത് വഹിച്ചോളാം എന്നുപറയാൻ കഴിയുന്ന രീതിയിൽ സാമ്പത്തികഭദ്രത ഉണ്ടായിരുന്നെങ്കിൽ നമുക്കത് ചെയ്യാമായിരുന്നു. നിർഭാഗ്യവശാൽ നമ്മുടെ സ്ഥിതി അതല്ലല്ലോ. അതുകൊണ്ടാണ് അദ്ദേഹം വന്നപ്പോഴും കേന്ദ്രാനുമതി ലഭിക്കട്ടെ എന്നിട്ട് നമുക്ക് തുടങ്ങാം എന്നുപറഞ്ഞത്. കേന്ദ്രാനുമതിക്ക് നമ്മൾ കാത്തുനിൽക്കേണ്ട എന്ന ശക്തമായ അഭിപ്രായം അദ്ദേഹം പലഘട്ടത്തിലും പ്രകടിപ്പിച്ചിട്ടുണ്ട്, അതിനോട് യോജിക്കാനായിട്ടില്ല. ഇതുമാത്രമാണ് അദ്ദേഹവുമായിട്ടുണ്ടായ ഏക വിയോജിപ്പ്. അക്കാര്യത്തിൽ യോജിക്കാനാകില്ല,

അനുമതി കിട്ടട്ടെ അതിനുശേഷം നമുക്ക് തുടങ്ങാം എന്നാണ് സംസ്ഥാന സർക്കാർ എല്ലാഘട്ടത്തിലും അദ്ദേഹത്തോട് വ്യക്തമാക്കിയിട്ടുള്ളത്. മറ്റേതെങ്കിലും തരത്തിലുള്ള ഒരു അനാദരവ് അദ്ദേഹത്തോട് സർക്കാർ കാണിക്കുന്ന നിലയുണ്ടായിട്ടില്ല. അദ്ദേഹം ഇന്നലെ നടത്തിയ പത്രസമ്മേളനത്തിന്റെ കാര്യം ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിക്കുകയുണ്ടായി. അതിൽ സർക്കാരിൽ നിന്നും നടപടിയില്ല എന്നുപറഞ്ഞത് ഇതാണ്. കേന്ദ്രാനുമതിയുണ്ടെങ്കിൽ മാത്രമേ തുടങ്ങാൻ കഴിയൂ, അഭിപ്രായഭിന്നത ഇതാണ്. മറ്റൊരു കാര്യത്തിലും ഞങ്ങൾ തമ്മിൽ ഭിന്നതയുണ്ടായിട്ടില്ല. അദ്ദേഹത്തിന്റെ കത്ത് ലഭിച്ചത് 'ഒഴിവാകുന്നു' എന്നുപറഞ്ഞുകൊണ്ടായിരുന്നു. അദ്ദേഹം എനിക്ക് കത്ത് നൽകിയ ഘട്ടത്തിൽ കാണാമെന്ന് പറഞ്ഞുകൊണ്ടുതന്നെയാണ് ഞാൻ മറുപടിയും കൊടുത്തിരുന്നത്. അവസാനഘട്ടത്തിലുണ്ടായ ചില തിരക്കുകൾ കാരണം അദ്ദേഹത്തെ കാണാൻ കഴിഞ്ഞില്ല എന്നുള്ളത് വസ്തുതയാണ്. അതിൽ അനാദരവിന്റെ പ്രശ്നമേയില്ല, പലവട്ടം ഞങ്ങൾ കണ്ടതാണ്. ഇനിയും അദ്ദേഹത്തെ കാണുന്നതിന് എനിക്ക് യാതൊരു പ്രയാസവുമില്ല. അദ്ദേഹത്തോട് ഏതെങ്കിലും തരത്തിലുള്ള അനാദരവ് എനിക്കോ സർക്കാരിനോ ഇല്ല. കേരളത്തിൽ ഈ പദ്ധതി വരില്ല എന്ന ശാപവാക്ക് വേണ്ട, അതൊരു ശാപ വചനമാണ്, നമുക്കെല്ലാവർക്കും ചേർന്ന് ഈ പദ്ധതി കൊണ്ടുവരാനായി ശ്രമിക്കാം. കേന്ദ്രത്തിന്റെ അനുമതി വേണം, നമ്മുടെ സാമ്പത്തികനില അത്രത്തോളം ഭദ്രമല്ലാത്തതുകൊണ്ട് ആ അനുമതിയോടുകൂടി മാത്രമേ പദ്ധതി ആരംഭിക്കാൻ കഴിയൂ. സാമ്പത്തികനില ഭദ്രമായിരുന്നെങ്കിൽ നമുക്ക് ഒറ്റയ്ക്ക് തുടങ്ങാമായിരുന്നു. അനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കാവുന്നതാണ്. ഇക്കാര്യത്തിൽ നമ്മൾ പ്രതിജ്ഞാബദ്ധമാണ്, ഈ പദ്ധതി നടത്തണമെന്ന തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പദ്ധതി ലാഭമോ നഷ്ടമോ എന്നുനോക്കിയല്ല വേണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത്. നാടിന്റെ ആവശ്യമാണ് ലൈറ്റ്മെട്രോ എന്നാണ് നമ്മുടെ കാഴ്ചപ്പാട്. ആ ലൈറ്റ്മെട്രോ നടപ്പാക്കാൻ തന്നെയാണ് സർക്കാർ നിലകൊള്ളുന്നത്, ഒരു ആശങ്കയും അക്കാര്യത്തിൽ ഉണ്ടാകേണ്ടതില്ല. ഇതാണ് ഈ കാര്യത്തിൽ വ്യക്തമാക്കാനുള്ളത്. അതിനാൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിന്റെ സമഗ്ര വികസനത്തിനും തിരുവനന്തപുരം, കോഴിക്കോട് എന്നീ പ്രധാനപ്പെട്ട നഗരങ്ങളുടെ അടിസ്ഥാന വികസനത്തിനും വഴിതെളിക്കുന്ന ലൈറ്റ് മെട്രോ പദ്ധതി ഇന്ന് അനിശ്ചിതത്വത്തിലായിരിക്കുകയാണ്. 2018-ൽ തിരുവനന്തപുരത്തും കോഴിക്കോട്ടും ലൈറ്റ് മെട്രോ ഓടിക്കാമെന്നാണ് ശ്രീ. ഇ. ശ്രീധരൻ പറഞ്ഞത്. പക്ഷേ ഓടിച്ചത് മെട്രോയല്ല, ശ്രീ. ഇ. ശ്രീധരനെത്തന്നെയാണ്. ഇടതുമുന്നണി ഗവൺമെന്റ് ഇത്രയും കാര്യക്ഷമമായി 20 മാസത്തിനുള്ളിൽ ഒരു കൃത്യം നടത്തിയിട്ടില്ല. ശ്രീ. ഇ. ശ്രീധരനെ ഓടിക്കുന്നതിനുവേണ്ടി കൗശലപൂർവം കാര്യക്ഷമമായാണ് ഇടതുമുന്നണി സർക്കാർ കരുക്കൾ നീക്കിയത്. കേന്ദ്ര നിബന്ധനയുള്ള ലൈറ്റ് മെട്രോയുടെ പുതുക്കിയ റിപ്പോർട്ട് 2017 നവംബർ 23-ന് തന്നെ ഡി.എം.ആർ.സി. സംസ്ഥാന ഗവൺമെന്റിന് കൈമാറിയിരുന്നു. കഴിഞ്ഞ നാല് മാസമായി അതിനുമുന്നിൽ ഗവൺമെന്റ് അടയിരിക്കുകയാണ്. ലൈറ്റ് മെട്രോ പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഇടതു സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചോ? അദ്ദേഹം രണ്ടു മൂന്ന് കോൺഫറൻസുകളുടെ കാര്യം പറഞ്ഞു, പക്ഷേ നടപടികളൊന്നുമുണ്ടായില്ല. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് 2014-ൽ ലൈറ്റ് മെട്രോയുടെ രൂപരേഖ തയ്യാറാക്കി സമർപ്പിക്കുകയും സർക്കാർ അതിന് പ്രാഥമിക അംഗീകാരം നൽകുകയും ചെയ്തു. ഇടതുമുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7-9-2016-ൽ മുഖ്യമന്ത്രി ഒരു യോഗം വിളിച്ചുകൂട്ടി. അതുമാത്രമാണ് മുഖ്യമന്ത്രി തലത്തിൽ നടന്നതെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ലൈറ്റ് മെട്രോയുടെ ഭാഗമായി മേൽപ്പാലം പണിയുന്നതിനുള്ള ചുമതല 2016 സെപ്റ്റംബറിൽ ഡി.എം.ആർ.സി.-ക്ക് നൽകിക്കൊണ്ടുള്ള ഉത്തരവിറക്കിയെങ്കിലും കരാർ ഒപ്പിടാതെ സർക്കാർ എന്തിനാണ് കള്ളക്കളി കളിച്ചത്? ഒന്നരവർഷത്തിനുശേഷം ഇപ്പോൾ ആ പണിയിൽനിന്ന് ഡി.എം.ആർ.സി.-യെ ഒഴിവാക്കിക്കൊണ്ട് ടെണ്ടർ ചെയ്യുകയാണ്. ഏൽപ്പിച്ച പണിയിൽനിന്ന് ഡി.എം.ആർ.സി.-യെ ഒഴിവാക്കിയതെന്തിനാണെന്നു ചോദിച്ചാൽ ശ്രീ. ഇ. ശ്രീധരനെയും ഡി.എം.ആർ.സി.-യെയും ഒഴിവാക്കുക എന്ന ഒരു ഉത്തരമേയുള്ളൂ. സർക്കാർ ഒരു നടപടിയും സ്വീകരിക്കാതെ വന്നപ്പോൾ പിൻമാറിയതാണെന്നാണ് ശ്രീ. ഇ. ശ്രീധരൻപറഞ്ഞത്. അദ്ദേഹം രണ്ട് കത്ത് അയച്ചിരുന്നു. ഞാൻ അതിലെ പ്രസക്തമായ ചില ഭാഗങ്ങൾ വായിക്കാം. 24-1-2018-ലെ കത്തിൽ, "Since we find no initiative or interest being shown by the State Government for obtaining the Government of India sanction for the two metro projects nor take up the preparatory work. With great dismay and reluctance. D.M.R.C. is compelled to notify the State Government that we would like to withdraw from the light metro project."

എന്നാണ് പറയുന്നത്. ഇതിനെക്കാൾ വലിയ ഒരാരോപണം ഉന്നയിക്കാൻ കഴിയുമോ? കേന്ദ്ര ഗവൺമെന്റിന്റെ സാങ്ഷൻ ലഭിക്കാൻ വേണ്ടി സർക്കാർ യാതൊരു ഇന്ററസ്റ്റും എടുക്കുന്നില്ല. പ്രിപ്പറേറ്ററി വർക്കിനുവേണ്ടിയുള്ള നടപടികൾപോലും മുന്നോട്ടുകൊണ്ടുപോകുന്നതിൽ സംസ്ഥാന ഗവൺമെന്റ് താല്പര്യം കാണിക്കാത്തതുകൊണ്ട് ഞങ്ങൾ ഇതിൽനിന്ന് പിൻമാറുന്നു എന്നാണ് പറയുന്നത്. ഇത് വളരെ ഗൗരവമായി കാണേണ്ട കാര്യമാണ്. ഇവിടെ സാധാരണ രീതിയിലുള്ള പി.ഡബ്ല്യു.ഡി. വർക്കുകളോ മേൽപ്പാലങ്ങളുടെ പണികളോ പൂർത്തിയാക്കാൻ എത്രയോ വർഷങ്ങളെടുക്കുന്നു. കത്ത് നൽകുന്നതിനുമുമ്പ് മുഖ്യമന്ത്രിയെക്കണ്ട് കാര്യങ്ങൾ വിശദീകരിക്കുന്നതിന് ശ്രീ. ഇ. ശ്രീധരൻ ശ്രമിച്ചിരുന്നു. ഇന്ന് രാവിലെ ഞാൻ അദ്ദേഹത്തോട് സംസാരിച്ചിരുന്നു. അദ്ദേഹം പറഞ്ഞത്, അദ്ദേഹത്തിന്റെ ഓഫീസിൽനിന്നും മുഖ്യമന്ത്രിയുടെ ഓഫീസിലേയ്ക്ക് കത്തയച്ചതിന് മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും 'ഇപ്പോൾ സമയമില്ല, സൗകര്യം പോലെ കാണാം' എന്നുള്ള മറുപടിയാണ് ലഭിച്ചത് എന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ജനകീയ മുഖ്യമന്ത്രിയാണ്. മെട്രോമാനായ, രാജ്യം പത്മവിഭൂഷൺ നൽകി ആദരിച്ച ഒരു വ്യക്തി അങ്ങയെ കാണാൻ സമയം ചോദിച്ചാൽ അങ്ങ് എറണാകുളത്തോ കോഴിക്കോടോ തിരുവനന്തപുരത്തോ പോകുമ്പോൾ 5 മിനിട്ട് സമയം അനുവദിച്ചാൽ ആകാശം ഇടിഞ്ഞു വീഴുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അദ്ദേഹത്തോട് ആദരവുണ്ടെന്ന് മുഖ്യമന്ത്രി ഇവിടെ പറഞ്ഞിരുന്നു. ആദരവുണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിന് 5 മിനിട്ട് കൊടുത്ത് ഇക്കാര്യങ്ങൾ വിശദീകരിക്കാനുള്ള അവസരം നൽകാമായിരുന്നില്ലേ? മറ്റ് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ ശ്രീ. ഇ. ശ്രീധരനെ കാണാൻവേണ്ടി കാത്തിരിക്കുകയാണ്. അങ്ങോട്ട് ആവശ്യപ്പെട്ടിട്ടും നമ്മുടെ മുഖ്യമന്ത്രി അദ്ദേഹത്തിന് സമയം കൊടുത്തില്ല. ശ്രീ. ഇ. ശ്രീധരനെപ്പോലുള്ള ജീനിയസുകൾ അപൂർവ്വമായേ ജനിക്കാറുള്ളൂ. അവരുടെ കഴിവുകൾ നമ്മൾ പ്രയോജനപ്പെടുത്തേണ്ടതല്ലേ? തൊട്ടതെല്ലാം പൊന്നാക്കിയ ആളല്ലേ ശ്രീധരൻ. ഡൽഹി, കൽക്കട്ട, ബാംഗ്ലൂർ മെട്രോകൾ അതിശയകരമായ വേഗത്തിൽ കാര്യക്ഷമതയോടെ പൂർത്തിയാക്കിയ മാന്ത്രികനായ എഞ്ചിനീയറിംഗ് വിദഗ്ദ്ധനാണ് അദ്ദേഹം. പിറന്ന നാടിന് വൈദഗ്ദ്ധ്യം ലഭിക്കാൻ വേണ്ടിയാണ് അദ്ദേഹം ജീവിതത്തിന്റെ സായാഹ്നത്തിൽ അങ്ങയുടെ നിയോജകമണ്ഡലത്തിലെ സ്വന്തം വീട്ടിൽവന്ന് താമസിക്കുന്നത്. ഇൻഡോനേഷ്യയിലും പാറ്റ്നയിലും മെട്രോ പദ്ധതികൾ ഉപേക്ഷിച്ചാണ് സ്വന്തം നാട്ടിലെ മെട്രോ സ്വപ്നങ്ങൾക്ക് ചിറക് നൽകാൻ അദ്ദേഹം വന്നത്. പാറ്റ്നയിൽ മന്ത്രിക്കുതുല്യമായ പദവിയാണ് അദ്ദേഹത്തിന് വാഗ്ദാനം ചെയ്തത്. ആ ശ്രീധരനാണ് ഒരു നിമിഷം മുഖ്യമന്ത്രിയെ

കാണാൻ സമയം കൊടുക്കാതിരുന്നതെന്ന് ആലോചിക്കണം. കൊച്ചി മെട്രോ റെയിൽവേ കോർപ്പറേഷനെ ഉപയോഗിച്ച് ലൈറ്റ് മെട്രോ നടപ്പാക്കാമെന്നാണ് മുഖ്യമന്ത്രി പറയുന്നത്. കൊച്ചി മെട്രോ കോർപ്പറേഷന് ലൈറ്റ് മെട്രോ സാങ്കേതികവിദ്യ വശമുണ്ടോ? ഇന്ത്യയിൽ ഡി.എം.ആർ.സി.-ക്ക് മാത്രമേ ലൈറ്റ് മെട്രോ നടത്താനുള്ള വൈദഗ്ദ്ധ്യമുള്ളൂ. ഡി.എം.ആർ.സി.-യെ ഒഴിവാക്കി ആഗോള ടെണ്ടർ വിളിക്കുന്നതിനു പിന്നിൽ ചില സംശയങ്ങൾ സ്വാഭാവികമായി ഉയർന്നുവരുന്നുണ്ട്. സ്വാഭാവികമായും, അഴിമതിക്ക് വേണ്ടിയാണോ എന്ന സംശയം കേരളത്തിൽ ഇന്ന് പരക്കെ സംസാരിക്കുന്ന കാര്യമാണ്. ഇവിടെ മനുഷ്യച്ചങ്ങല സംഘടിപ്പിച്ചില്ലായിരുന്നെങ്കിൽ ഡി.എം.ആർ.സി. ഉണ്ടാകുമായിരുന്നില്ല. പി. രാജീവും ദിനേശ് മണിയും മറ്റൊരാളും കൂടി ഡി.എം.ആർ.സി.-യെ കണ്ടിട്ട് ദേശാഭിമാനിയിൽ 2017 ജൂൺ 17-ന് വാർത്തയും പി. രാജീവും ദിനേശ് മണിയുമുൾപ്പെടെയുള്ളവർ ശ്രീധരന് കൈ കൊടുത്ത് അഭിനന്ദിക്കുന്ന ചിത്രവുമുണ്ടായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങും ആ മനുഷ്യച്ചങ്ങലയിൽ പങ്കെടുത്തിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഏതായാലും അന്നത്തെ പ്രതിപക്ഷ നേതാവ് ആ മനുഷ്യച്ചങ്ങലയിൽ പങ്കെടുത്തു എന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. കൊങ്കൺ റെയിൽവേ - ഞങ്ങളൊക്കെ അന്ന് എം.പി.-മാരാണ്. ജോർജ് ഫെർണാണ്ടസായിരുന്നു അന്ന് മന്ത്രി. അദ്ദേഹം പാർലമെന്റിന്റെ ഫ്ലോറിൽ പറഞ്ഞ കാര്യം ഞാൻ ഓർക്കുകയാണ്. 'ശ്രീധരനില്ലായിരുന്നെങ്കിൽ കൊങ്കൺ റെയിൽവേ ഉണ്ടാകില്ലായിരുന്നു' എന്നാണ് ജോർജ് ഫെർണാണ്ടസ് പാർലമെന്റിൽ പറഞ്ഞത്. റാണി പത്മിനി എന്ന കപ്പൽ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കാൻ കഴിയാതെ വന്നപ്പോഴാണ് 1979-ൽ ശ്രീ. ഇ. ശ്രീധരൻ കൊച്ചിൻ ഷിപ്പിയാർഡിന്റെ ചുമതലക്കാരനായി വരുന്നത്. കേവലം ഒന്നര വർഷംകൊണ്ട് കപ്പലിന്റെ പണി പൂർത്തിയാക്കിയത് ശ്രീ. ഇ. ശ്രീധരനാണ്. കൊച്ചി മെട്രോയുടെ കാര്യം പരിശോധിച്ചാൽ - കേരളത്തിൽ ഒരു മേൽപ്പാലം നിർമ്മിക്കാൻ 30 വർഷത്തോളം സമയമെടുക്കുന്നു. പാളയം അണ്ടർ പാസേജ് സമയബന്ധിതമായി പൂർത്തിയാക്കിയതിന് സ്പീക്കറായിരുന്ന ശ്രീ. വക്കം പുരുഷോത്തമൻ ഡോ. എം. കെ. മുനീറിന് സ്വർണ്ണമോതിരം നൽകി. കേരളത്തിൽ ഏത് വർക്ക് വന്നാലും കാലതാമസമുണ്ടാകും. 45 മാസം കൊണ്ടാണ് കൊച്ചി മെട്രോ ആദ്യഘട്ടം യാഥാർത്ഥ്യമാക്കിയത്. ആലുവ മുതൽ പാലാരിവട്ടം വരെയുള്ള 13 കിലോമീറ്റർ വരുന്ന ആദ്യഘട്ടം രാജ്യത്തെ ഏറ്റവും കുറഞ്ഞ സമയം കൊണ്ട് പൂർത്തിയാക്കിയ ഈ മെട്രോമാനെ എന്തിനാണ് സർക്കാർ അവഹേളിക്കുന്നത്? ആദരവുണ്ട് എന്ന മുഖ്യമന്ത്രിയുടെ വാക്കുകൾ ഞാൻ മുഖവിലയ്ക്കെടുക്കുന്നു. പക്ഷേ നിങ്ങളുടെ പ്രവൃത്തിയിലൂടെ അദ്ദേഹത്തെ അപമാനിക്കുകയാണ് ചെയ്തത്.

ബോംബെ മെട്രോയുടെ ആദ്യഘട്ടം 11 കിലോമീറ്റർ പൂർത്തിയാക്കാൻ 75 മാസമാണെടുത്തത്. ചെന്നൈയിലെ ആദ്യഘട്ടമായ 4 കിലോമീറ്റർ പൂർത്തിയാക്കാൻ 72 മാസമെടുത്തു. സമയം കൂടുതലെടുത്ത പദ്ധതികൾ മുടങ്ങിപ്പോകാതിരിക്കാൻ വേണ്ടിയുള്ള ഏറ്റവും മികവുറ്റ സമീപനം സ്വീകരിച്ച് പ്രവർത്തിച്ച ശ്രീ. ഇ. ശ്രീധരനെ അങ്ങേയ്ക്ക് കാണാമായിരുന്നു. കൽക്കട്ടയിൽ രണ്ടാംഘട്ടം ഏറ്റെടുക്കാൻ ശ്രീ. ഇ. ശ്രീധരനെ അനുവദിക്കാതിരുന്നത് സി.പി.ഐ.(എം) തന്നെയാണ്. അതേ നയമാണ് കേരളത്തിലെ സി.പി.ഐ.(എം) ഗവൺമെന്റ് ഇവിടെ സ്വീകരിക്കുന്നത്. കൽക്കട്ട മെട്രോയുടെ രണ്ടാം ഘട്ടം പൂർത്തിയാക്കാൻ അവിടത്തെ ബുദ്ധദേവ് ഭട്ടാചാര്യയുടെ ഗവൺമെന്റ് അനുവദിച്ചില്ല. പിന്നെ ശ്രീ. പിണറായി വിജയന്റെ ഗവൺമെന്റ് ലൈറ്റ് മെട്രോയും അനുവദിക്കുന്നില്ല എന്നേയുള്ളൂ. അങ്ങേയ്ക്ക് ബുദ്ധദേവ് ഭട്ടാചാര്യയുടെ അനുഭവം ഉണ്ടാകാതിരിക്കട്ടെ എന്നാണ് എനിക്ക് പറയാനുള്ളത്. പ്രതിപക്ഷത്തായിരുന്നപ്പോൾ ശ്രീ. ഇ. ശ്രീധരന്റെ പേരിൽ എന്ത് മുറവിളിയായിരുന്നു. എന്തിനാണ് ഇതിനെല്ലാം മുതിരുന്നത്; ഇത് ആർക്കെങ്കിലും അഭിപ്രായവ്യത്യാസമുള്ള കാര്യമാണോ? കേരളത്തിന്റെ വികസനത്തിൽ നമുക്കാർക്കും അഭിപ്രായ വ്യത്യാസമില്ലെന്ന് അങ്ങുതന്നെ പറഞ്ഞു. ആഗോള ടെണ്ടർ വിളിക്കണമെന്നതാണ് പ്രശ്നമെങ്കിൽ അതിന് ഡി.എം.ആർ.സി. യെ ഏൽപ്പിക്കാനുള്ള പ്രത്യേക അനുവാദം തേടാമല്ലോ. ഊരാളുങ്കൽ സൊസൈറ്റിക്ക് ടെണ്ടർ വിളിക്കാതെ എത്ര പദ്ധതികൾ കൊടുക്കുന്നുണ്ട്. ആരെങ്കിലും അതിൽ അഭിപ്രായ വ്യത്യാസം പറയുന്നുണ്ടോ? ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള അംഗങ്ങൾ ഊരാളുങ്കൽ സൊസൈറ്റിയുടെ പ്രവർത്തന മികവിനെ പ്രശംസിക്കുന്നവരല്ലേ? എന്റെ മണ്ഡലത്തിൽ ഒരു പാലം അവർ പണിയുന്നത് അത്ഭുതകരമായ വേഗതയിലാണ്. ചില ടെക്നോക്രാറ്റുകളെ നമ്മൾ അംഗീകരിക്കുകതന്നെ വേണം. കേന്ദ്ര ഗവണ്മെന്റിന്റെ അംഗീകാരം വാങ്ങാൻ കാലതാമസമെടുത്തതുകൊണ്ടാണ് ഇന്ന് ഈ പ്രശ്നമുണ്ടായിരിക്കുന്നത്. ഈ പദ്ധതികൾ നടപ്പാക്കുന്നതിനുപകരം എന്തിനാണ് മുടക്കുന്നതിന് മുൻകൈയെടുക്കുന്നത്? കേരളത്തിൽ ആ കാലം കഴിഞ്ഞുപോയില്ലേ; ആരെങ്കിലും ഇവിടെ വന്ന് പദ്ധതികൾ ആരംഭിക്കാൻ തയ്യാറാകുമോ? ബഹുമാന്യനായ മുഖ്യമന്ത്രി അധികാരത്തിൽ വന്നപ്പോൾ അദ്ദേഹം ആ പഴയകാലത്തുനിന്ന് മാറി കുറേക്കൂടി വേഗതയിൽ ഈ പദ്ധതികൾ നടപ്പാക്കാൻ കാര്യക്ഷമമായി പ്രവർത്തിക്കുമെന്നാണ് ഞാൻ കരുതിയത്. കെ.എസ്.ടി.പി. പദ്ധതി ഓർമ്മയില്ലേ. എന്തിനാണ് അന്നത്തെ ലീ-ബെൻ ആത്മഹത്യ ചെയ്തത്. ഇതെല്ലാം കേരളത്തിൽ നടന്ന കാര്യങ്ങളാണ്. നമ്മൾ ഒരു കാര്യം മനസ്സിലാക്കണം.

കൈക്കൂലി കൊടുക്കാതെ കെ.എസ്.ടി.പി. പദ്ധതി നടപ്പാക്കാൻ ശ്രമിച്ച് പരാജയപ്പെട്ട് ആത്മഹത്യ ചെയ്യേണ്ടിവന്ന ലീ-ബെൻ-ന്റെ മരണത്തിന് ഉത്തരവാദി അന്നത്തെ ഇടത് സർക്കാരായിരുന്നു. ഇപ്പോൾ ശ്രീ. ഇ. ശ്രീധരനെ ഓടിക്കുന്നത് മറ്റൊരു ഇടത് സർക്കാരാണ്. ഈ സാഹചര്യം കേരളത്തിൽനിന്ന് ഒഴിവാക്കണ്ടേ? മെട്രോമാൻ എഴുതിയിട്ടുള്ള രണ്ട് കത്തുകളും എന്റെ കയ്യിലുണ്ട്. ഞാൻ രാവിലെ അദ്ദേഹത്തോട് സംസാരിച്ചിരുന്നു. മുഖ്യമന്ത്രിയും അങ്ങും ഞങ്ങളെല്ലാംകൂടി പ്രധാനമന്ത്രിവന്ന് ഉത്ഘാടനംചെയ്ത മെട്രോ റെയിൽവേയുടെ യോഗത്തിലുണ്ടായിരുന്നപ്പോൾ വളരെ സൗഹൃദത്തിലായിരുന്നല്ലോ, ഇപ്പോൾ എന്തുപറ്റി എന്ന് ഞാൻ അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹവും അത്ഭുതം പ്രകടിപ്പിക്കുകയാണ്. എനിക്ക് മുഖ്യമന്ത്രിയെ കാണാൻ എന്റെ ഓഫീസിൽനിന്ന് സമയം ചോദിച്ചു. കാണാമെന്ന് കത്തുകിട്ടി. ഇത്രയും നാൾ കാത്തിരുന്നു. മാസംതോറും 16 ലക്ഷം രൂപവീതം ഡി.എം.ആർ.സി.-ക്ക് നഷ്ടമുണ്ടായി കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ഓഫീസുകൾ അടച്ചുപൂട്ടാൻ അവർ തീരുമാനിച്ചത്. ഭീമമായ നഷ്ടത്തിലേയ്ക്ക് ഡി.എം.ആർ.സി. എത്തിച്ചേരുന്നു എന്നത് കണ്ടുകൊണ്ട് അതിൽനിന്ന് ഒഴിവാക്കാൻ വേണ്ടിയാണ് അദ്ദേഹം പറഞ്ഞത്. ഞാൻ ഒരു കാര്യം ചോദിക്കട്ടെ, കരമന-കളിയിക്കാവിള പാത, ഇരുപത് മാസമായിട്ടും യു.ഡി.എഫ്.- ഗവൺമെന്റിന്റെ കാലത്ത് പൂർത്തീകരിച്ച പ്രാവച്ചമ്പലം കഴിഞ്ഞ് ഒരിഞ്ച് മുന്നോട്ടുപോകാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ? കണ്ണൂർ എയർപോർട്ട് യു.ഡി.എഫ്.-ഗവൺമെന്റിന്റെ കാലത്ത് ഉത്ഘാടനം ചെയ്യാനായി ഏറ്റവും അവസാനഘട്ടത്തിൽ എത്തിയതാണ്. ഇരുപത് മാസമായിട്ടും എന്തുകൊണ്ടാണ് ഉത്ഘാടനം നടക്കാത്തത്? മെട്രോ റെയിൽ പദ്ധതി നടപ്പാക്കാനുള്ള കാര്യക്ഷമമായ പ്രവർത്തനം സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകുന്നില്ല. അതുകൊണ്ടാണ് എറ്റവും വലിയ പ്രശ്നം ഇവിടെ ഉണ്ടായിരിക്കുന്നത്. ഡി.എം.ആർ.സി.-യുടെ കൺസൾട്ടന്റായ ശ്രീ. ഇ. ശ്രീധരനുമായി അങ്ങ് ചർച്ച ചെയ്ത്, അദ്ദേഹത്തിന്റെ അഭിപ്രായംകൂടി കേട്ട് പരിഹാരം കണ്ടെത്തണമെന്നാണ് എനിക്ക് മുഖ്യമന്ത്രിയോട് പറയാനുള്ളത്. ഇക്കാര്യത്തിൽ അങ്ങ് ദുരഭിമാനം കാണിക്കേണ്ട കാര്യമില്ല. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ സാങ്ഷൻ വാങ്ങണമെന്നേ അദ്ദേഹവും പറഞ്ഞിട്ടുള്ളൂ. അത് വേഗത്തിലാക്കണം, നേരത്തെ സാങ്ഷൻ വാങ്ങണം, അതിനുമുമ്പ് പ്രിപ്പറേറ്ററി വർക്കുകൾ തുടങ്ങണം, അതുസംബന്ധിച്ച് മുഖ്യമന്ത്രിയോട് സംസാരിക്കണം എന്നാണ് അദ്ദേഹം പറഞ്ഞത്. എന്ത് തെറ്റാണ് അദ്ദേഹം ചെയ്തത്? മാസം തോറും 16 ലക്ഷം രൂപ വീതം ഡി.എം.ആർ.സി.-യുടെ പണം അനധികൃതമായി ചെലവഴിക്കുന്ന സാഹചര്യം ഒഴിവാക്കാനാണ് അദ്ദേഹം പിൻമാറിയത്. That shows his Greatness. അദ്ദേഹത്തിന് വേണമെങ്കിൽ അതിനെ

പ്രോത്സാഹിപ്പിക്കാമായിരുന്നു. സമയബന്ധിതമായി പദ്ധതി നടപ്പാക്കണമെന്നുള്ള ഒരു ഉദ്യോഗസ്ഥന്റെ ആത്മാർത്ഥതയാണ് അതിൽ കാണാൻ കഴിയുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രി, ഒരിക്കലും അങ്ങിത് ചെയ്യാൻ പാടില്ലായിരുന്നു. കേരളത്തോടുള്ള ഒരു പാതകമാണ്. അത് ചെയ്യാൻ പാടില്ലാത്ത കാര്യമാണ്. ശ്രീ. ഇ. ശ്രീധരനെപ്പോലെയുള്ള ഒരു മഹത്‌വ്യക്തിയെ ഇങ്ങനെ അപമാനിക്കാൻ പാടില്ലായിരുന്നു. അദ്ദേഹത്തെ വിളിച്ചുവരുത്തി കാര്യങ്ങൾ ചർച്ച ചെയ്ത് മുന്നോട്ടുകൊണ്ടുപോകാൻ തയ്യാറാകാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, അങ്ങയുടെ നാട്ടുകാരനായ ശ്രീ. ഇ. ശ്രീധരൻ എക്കാലത്തും ഇന്ത്യ ഉറ്റുനോക്കിയിട്ടുള്ള, integrity-യുടെ കാര്യത്തിൽ യാതൊരു സംശയവുമില്ലാത്ത വ്യക്തിയാണ്. അത് എല്ലാവരും സമ്മതിക്കുന്ന ഒരു കാര്യമാണ്. പക്ഷെ അദ്ദേഹത്തിന്റെ ഒന്നാമത്തെ തിരുമുറിവ് ജന്മനാട്ടിൽത്തന്നെ ആയിപ്പോയി എന്നത് അങ്ങേയറ്റം ഖേദകരമാണ്. ലൈറ്റ് മെട്രോയുടെ ഭാഗമായിട്ടാണ് കോഴിക്കോട് പന്നിയങ്കര മേൽപ്പാലമുണ്ടാക്കിയിട്ടുള്ളതെന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാം. പന്നിയങ്കര മേൽപ്പാലത്തിന്റെ ആദ്യത്തെ ഡിസൈൻ 'L' ഷെയ്പ്പിലായിരുന്നു. അത് 'T' ഷെയ്പ്പിലാക്കിയത് ലൈറ്റ് മെട്രോ വരുന്നു എന്നുള്ള ഡിസൈനും റൂട്ടും അലൈൻമെന്റുംകൂടി നോക്കിയിട്ടാണ്. അതിന്റെ പൂർണ്ണ നേതൃത്വം ശ്രീ. ഇ. ശ്രീധരനായിരുന്നു. ആ പ്രോജക്ട് ലൈറ്റ് മെട്രോയുടെ ഭാഗമായ ഒരു പ്രോജക്ടാക്കി മാറ്റുന്നതിനുവേണ്ടി പൂർണ്ണമായും അദ്ദേഹത്തെ ഏൽപ്പിച്ചു. അദ്ദേഹം അത് സമയബന്ധിതമായി തീർത്തുവെന്ന് മാത്രമല്ല, അതിന്റെ ഉത്ഘാടനവേളയിൽ പൊതുമരാമത്ത് വകുപ്പുമന്ത്രി അദ്ദേഹത്തെ പ്രശംസിക്കുകയുമുണ്ടായി. ആദ്യമായി ഒരു പ്രോജക്ടിന്റെ കോസ്റ്റിൽ നിന്നും പണം മിച്ചംവച്ച് സർക്കാരിന് തിരിച്ചുകൊടുത്തത് ശ്രീ. ഇ. ശ്രീധരൻ നേതൃത്വം കൊടുത്ത പ്രോജക്ടാണ്. മാത്രമല്ല, അവിടെയൊരു സ്കൂൾ പൊളിച്ച് മാറ്റേണ്ടിവന്നപ്പോൾ അതേ പ്രോജക്ടിന്റെ ഭാഗമായി ഒരു സ്കൂൾതന്നെ നിർമ്മിച്ചുകൊടുത്തു. ആ സ്കൂൾ നിർമ്മിച്ചതിനുശേഷവും പണം മിച്ചം വന്നു. ആ വ്യക്തി ഈ ലൈറ്റ് മെട്രോയുടെ പ്രോജക്ടിൽനിന്നും പിൻമാറുകയെന്ന് പറഞ്ഞാൽ അതിനർത്ഥം കേരളത്തിൽ ഇനി ഇത് നടപ്പാക്കുകയാണെങ്കിൽ ഇപ്പോൾ ഉദ്ദേശിക്കുന്നതിന്റെ ഇരട്ടി തുക ചെലവാകുന്ന ഒരവസ്ഥയിലേയ്ക്ക് പോകും എന്നതാണ്. ഫെബ്രുവരി 15-ാം തിയതി

വീണ്ടും കോൺട്രാക്കുണ്ടാക്കണമെന്ന് അദ്ദേഹം ആദ്യമേ പറഞ്ഞിട്ടുണ്ട്. ഫെബ്രുവരി 15-ന് കോൺട്രാക്കുണ്ടാക്കണമെന്ന് പറഞ്ഞ് അദ്ദേഹം ജനുവരിയിൽ കത്തുകൊടുത്തിട്ട് ഒരിക്കലും ആ കോൺട്രാക്കിലേയ്ക്ക് പോയില്ല. ഡൽഹിയിലെ തീരുമാനം വരാൻവേണ്ടിയാണെന്ന് അങ്ങ് പറഞ്ഞു. ഡൽഹിയിൽനിന്നും അനുമതി കിട്ടുന്നതിനുവേണ്ടി ഒരു ചെറുവിരൽപോലും ഈ ഗവൺമെന്റ് അനക്കിയില്ലെന്നാണ് അദ്ദേഹം പത്രസമ്മേളനത്തിൽ പറഞ്ഞിരിക്കുന്നത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, കേന്ദ്ര ഗവൺമെന്റ് തുടർന്നുകൊണ്ടിരിക്കുന്ന നയത്തെ എന്തുകൊണ്ടാണ് നിങ്ങൾ എതിർക്കാത്തത്?

ഡോ. എം. കെ. മുനീർ: സർ, കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിക്കുന്നതിന് കേരള സർക്കാർ ചില കാര്യങ്ങൾ അവിടെപ്പോയി ചെയ്യണ്ടേ? ഇവിടെനിന്ന് ഒരു കത്തയച്ചിട്ട് കേന്ദ്ര ഗവൺമെന്റ് അത് ശരിയാക്കി ഇങ്ങോട്ട് അയയ്ക്കണമെന്ന് പറഞ്ഞാൽ ഒന്നും നടക്കില്ല. അതിനുവേണ്ടി ഒരു കോ-ഓർഡിനേഷൻ വേണം, ഇവിടത്തെ ഉദ്യോഗസ്ഥർ പോകണം, പെട്ടെന്ന് അനുമതി കിട്ടുന്നതിനുള്ള നടപടികളെടുക്കണം. ഞാൻ കേന്ദ്ര ഗവൺമെന്റിനെ ന്യായീകരിക്കുകയല്ല, ശ്രീ. ഇ. ശ്രീധരന്റെ കാര്യമാണ്, ഡി.എം.ആർ.സി.-യുടെ കാര്യമാണ് ഇവിടെ പറയുന്നത്. ഡി.എം.ആർ.സി.-ക്ക് 16 ലക്ഷം രൂപ മാസം ചെലവഴിച്ചുകൊണ്ട് അവരുടെ ഓഫീസുകൾ മെയിന്റെയിൻ ചെയ്യാൻ കഴിയാത്തതുകൊണ്ടാണ് നിർത്തിപോയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് അദ്ദേഹത്തിന്റെ ഇന്റഗ്രിറ്റിയിൽ യാതൊരു തരത്തിലും വ്യത്യസ്ത അഭിപ്രായമുള്ള ആളല്ല എന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ ഉടൻതന്നെ അദ്ദേഹത്തെ തിരിച്ചുവിളിച്ച് സംസാരിച്ച്, കേന്ദ്രത്തിന്റെ അനുമതി വാങ്ങുന്നതിനുള്ള പ്രത്യേക സംവിധാനമുണ്ടാക്കി എത്രയുംപെട്ടെന്ന് അദ്ദേഹത്തിനുതന്നെ ഇതിന്റെ ചുമതല നൽകി മുന്നോട്ടുപോകുന്നതിനുള്ള തീരുമാനമെടുക്കുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ശ്രീ. ഇ. ശ്രീധരൻ ഇതിലേയ്ക്ക് വരുന്നതിലുള്ള പ്രശ്നമെന്താണ്? ഇവിടെ സൂചിപ്പിച്ചതുപോലെ വേറെ ആരുടെയോ താല്പര്യമാണ്. അങ്ങ് ആ താല്പര്യത്തിന്റെകൂടെ നിൽക്കരുത്. ഒരു മെട്രോ തുടങ്ങിക്കഴിഞ്ഞാൽ അതിൽനിന്ന് ഒരിക്കലും ലാഭം കണക്കുകൂട്ടാൻ കഴിയില്ല. ഒരു റോഡ് ഉണ്ടാവുകയാണെങ്കിൽ റോഡിൽ നിന്നല്ലല്ലോ ലാഭമുണ്ടാകുന്നത്. ആ റോഡ് വരുന്നതോടുകൂടി അനുബന്ധമായി വരുന്ന ധാരാളം കാര്യങ്ങളുണ്ട്. ഒരിക്കലും ലാഭം കണക്കുകൂട്ടാൻ കഴിയാത്ത ഒന്നാണ് സമയം. സമയത്തിന്റെ വില മനസ്സിലാക്കാത്തതുകൊണ്ടാണ് ഇത്തരം പദ്ധതികൾ ആമ ഇഴയുന്നതുപോലെ ഇഴഞ്ഞുപോകുന്നത്. എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ഒരു വിഷയമായതുകൊണ്ടാണ് ഞാൻ

പറയുന്നത്. മെട്രോയുടെ ഏറ്റവും പ്രധാനപ്പെട്ട, കുറെ ഭാഗം എന്റെയും ശ്രീ. എ. പ്രദീപ്കുമാറിന്റെയും മണ്ഡലമായ കോഴിക്കോടിലൂടെയാണ് കടന്നുപോകുന്നത്. ആ നിലയ്ക്ക് വ്യക്തിപരമായ നഷ്ടമായതുകൊണ്ടാണ് ഞങ്ങൾ ഈ കാര്യത്തിൽ ഒറ്റക്കെട്ടായി നിൽക്കുന്നത്. അതുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഒരു പുനർചിന്തനം നടത്തി അദ്ദേഹത്തെ തിരിച്ചുകൊണ്ടുവരണം. കേരളം ഇന്ത്യയുടെ മുന്നിൽ അപമാനിക്കപ്പെട്ട് നിൽക്കുന്ന ഒരവസ്ഥയ്ക്ക് മാറ്റമുണ്ടാക്കുന്നതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, കേരളത്തിന്റെ മെട്രോമാൻ ശ്രീ. ഇ. ശ്രീധരനുവേണ്ടി മനുഷ്യമതിൽ തീർത്തവരാണ് നിങ്ങൾ. ആ മനുഷ്യച്ചങ്ങലയിൽ അണിചേർന്ന ബഹുമാന്യനായ വി. എസ്. അച്ചുതാനന്ദൻവരെ ഈ സഭയിലുണ്ട്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ലൈറ്റ് മെട്രോയുടെ രണ്ട് പദ്ധതികളിൽനിന്ന് ശ്രീ. ഇ. ശ്രീധരൻ പിൻമാറുകയാണ്. ഈ ഗവൺമെന്റിന്റെ പിടിപ്പുകേടിന്റെയും പിടിവാശിയുടെയും പ്രതിഫലനമാണ് അവിടെ കാണാൻ കഴിയുന്നത്. അദ്ദേഹം ഏറ്റെടുത്ത എല്ലാ പദ്ധതികളും വിജയിപ്പിച്ച ചരിത്രമാണുള്ളത്. ഞാൻ അതിലേയ്ക്കൊന്നും കടക്കാൻ ആഗ്രഹിക്കുന്നില്ല. അത്തരം കഴിവ് തെളിയിച്ച ഒരു വ്യക്തി ഇതിൽനിന്ന് സ്വയം പിൻവാങ്ങേണ്ട സാഹചര്യവും ഒരു ഉദ്യോഗസ്ഥൻ പത്രസമ്മേളനം വിളിച്ച് ഗവൺമെന്റിന്റെ നടപടികളെ വിമർശിക്കുന്നൊരു സാഹചര്യവും ഇന്ന് കേരളത്തിൽ ഉണ്ടായി എന്നത് വളരെ ഗുരുതരമായ വിഷയമാണ്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ അനുമതി വാങ്ങേണ്ട ഇൻഷ്യേറ്റീവ്സ് കേരള സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ലെന്നാണ് അദ്ദേഹം കത്തുകളിലൂടെ സൂചിപ്പിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ പിൻമാറ്റം ഈ രണ്ട് പദ്ധതികളെയും അനിശ്ചിതത്വത്തിലാക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്രതിപക്ഷത്തിരുന്നപ്പോൾ നിങ്ങൾ അദ്ദേഹത്തിനുവേണ്ടി മുറവിളി കൂട്ടിയവരാണ്. അദ്ദേഹത്തെ മാറ്റുന്നതിന് പിന്നിൽ സ്വാഭാവികമായും ചില നിക്ഷിപ്ത താല്പര്യങ്ങളുണ്ടെന്ന് ഉയർന്നുവന്നാൽ അതിൽ ആരെയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഈ പദ്ധതികൾ കേരളത്തിലുണ്ടാകണം. ശ്രീ. ഇ. ശ്രീധരന്റെ നേതൃത്വത്തിൽ ഈ പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, ഈ കാര്യത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള നിലപാട് കേരളത്തിൽ വികസനമുണ്ടാകണമെന്ന് ആഗ്രഹിക്കുന്ന ആൾക്കാരോട് മുഴുവൻ കാണിക്കുന്ന അങ്ങേയറ്റത്തെ ക്രൂരവും അപലപനീയവുമായ നടപടിയാണെന്നാണ് എനിക്ക് പറയാനുള്ളത്. ഈ കാര്യത്തെപ്പറ്റി വിശദമായി ചർച്ച ചെയ്യേണ്ടതാണ്. കാരണം അദ്ദേഹത്തിന്റെ കാര്യത്തിൽ പറഞ്ഞ ചില വാദങ്ങളുണ്ട്. മുൻകൂട്ടി അനുവാദം വാങ്ങിയതിനുശേഷം മാത്രമേ ചെയ്യാൻ പാടുള്ളൂവെന്നതാണ് അദ്ദേഹം പറഞ്ഞ ഒരു കാരണം. മുൻകൂട്ടി അനുവാദത്തിനുവേണ്ടി അപേക്ഷിക്കുന്നു, അതിനുവേണ്ട ശ്രമങ്ങളൊന്നും ചെയ്യാൻ തയ്യാറില്ല. ചർച്ച ചെയ്യാൻ പോലും സമയമില്ല. മൂന്ന് മാസമായി കാണാൻപോലും തയ്യാറാകാത്ത സാഹചര്യമാണുള്ളത്. ഇന്ത്യയിലെ എന്നല്ല, ലോകത്തിലെതന്നെ അറിയപ്പെടുന്ന എക്സ്പെർട്ടാണ് അദ്ദേഹം. അദ്ദേഹം റിട്ടയർ ചെയ്ത് നാട്ടിൽ വന്നത് തന്റെ സേവനം, കേരളത്തിന്റെ വികസനത്തിനുവേണ്ടി വിനിയോഗിക്കണമെന്ന ആഗ്രഹത്തോടെയാണ്. പണത്തിന്റെയോ ലാഭത്തിന്റെയോ അല്ല. കൊച്ചിയിൽ നടന്ന, ശ്രീ. രാജീവ് വിളിച്ചുചേർത്ത ആ പരിപാടിയിൽ പങ്കെടുത്തിട്ടുള്ളയാളാണ് ഞാൻ. അന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞകാര്യം വളരെ ശരിയാണെന്ന് ഇപ്പോൾ എനിക്ക് ബോധ്യമായി. ഇത് മുടക്കാൻ കമ്മീഷൻ ദാഹികളായ കുറേ ഉദ്യോഗസ്ഥർ ചുറ്റും നിന്ന് ശ്രമിക്കുകയാണ്. അവർക്ക് വേണ്ടത് അഴിമതിരഹിതനായ ശ്രീധരനെയല്ല, നിശ്ചിത സമയത്തിനകം പണി പൂർത്തിയാക്കുന്ന ആളെയല്ല വേണ്ടത്. അവർക്ക് സമയം നീട്ടി, ഇതിന്റെ പേരിൽ കാശുണ്ടാക്കുന്നതിനുവേണ്ടിയുള്ള ഉദ്യോഗസ്ഥരെയാണ് ആവശ്യം. അവർക്കെതിരെ മുഖ്യമന്ത്രി നിൽക്കുമെന്നാണ് ഞാൻ വിചാരിച്ചത്. അദ്ദേഹം അവർക്ക് കൂട്ടുനിൽക്കുന്ന കാഴ്ച അങ്ങേയറ്റം പരിതാപകരവും ആക്ഷേപാർഹവുമാണ്. ഞാൻ ശക്തമായി പ്രതിഷേധിച്ചുകൊണ്ട് വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി. പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി)

# V. ശ്രദ്ധ ക്ഷണിക്കൽ

## (1) പ്രവാസി മലയാളികളുടെ പുനരധിവാസ പദ്ധതി

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കേരളത്തിന്റെ ആഭ്യന്തര ഉത്പാദനത്തിന്റെ മൂന്നിലൊന്ന് സംഭാവന ചെയ്യുന്നത് പ്രവാസികളാണ്. കേരളത്തിന്റെ പുരോഗതിയിൽ നിസ്തുല സംഭാവന നൽകിയവരാണ് പ്രവാസികൾ. ഇന്ന് ഗൾഫ് രാജ്യങ്ങളിൽ വലിയതോതിൽ സ്വദേശിവത്കരണം നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. സൗദി അറേബ്യയിലാണ് ഏറ്റവും കൂടുതൽ ആളുകൾക്ക് തൊഴിൽ നഷ്ടമാകുന്നത്. ഇങ്ങനെ തിരിച്ചുവരുന്നവർക്കുവേണ്ടി സർക്കാർ പല പദ്ധതികളും നടപ്പാക്കുന്നുണ്ട്. അതിൽ പ്രധാനം NDPREM (Norka Department Project for Return Emigrant) പദ്ധതിയാണ്. പരമാവധി 20 ലക്ഷം രൂപ അടങ്കൽ മൂലധനചെലവുള്ള പദ്ധതിയാണ്. ഇതിൽ 15 ശതമാനം ബാക്ക്എൻഡ് സബ്സിഡി നൽകുന്നുണ്ട്. നോർക്കയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. നോർക്ക ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് അവർ ലോണിനുവേണ്ടി ബാങ്കിൽ എത്തുമ്പോൾ ബാങ്ക് തിരിച്ചയയ്ക്കുകയാണ് ചെയ്യുന്നത്. നോർക്കയും ഗവൺമെന്റും താൽപ്പര്യപൂർവ്വം തിരിച്ചുവരുന്ന ആളുകൾക്കുവേണ്ടി പദ്ധതി നടപ്പാക്കാൻ ശ്രമിക്കുമ്പോൾ ബാങ്കുകൾ ലോൺ നൽകാതെ തിരിച്ചയയ്ക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഈ പദ്ധതി വേണ്ടത്ര നന്നായി നടക്കുന്നില്ലെന്നുള്ളതാണ് ലഭ്യമായ കണക്കുകൾ വ്യക്തമാക്കുന്നത്. 2016-17 സാമ്പത്തിക വർഷം ബജറ്റിൽ 12 കോടി രൂപ അനുവദിച്ചെങ്കിലും ഈ പദ്ധതിക്കുവേണ്ടി 3 കോടി 75 ലക്ഷം രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. 2017-18-ൽ 16 കോടി രൂപ വകയിരുത്തിയെങ്കിലും 5 കോടി രൂപയാണ് ചെലവഴിക്കാൻ കഴിഞ്ഞത്. ഇതിനുകാരണം ബാങ്കുകളുടെ താൽപ്പര്യമില്ലായ്മയാണ്. സർക്കാർ മുൻകയ്യെടുത്ത് കോഴിക്കോട് ഒരു തവണ യോഗം നടന്നിരുന്നുവെന്നത് ശരിയാണ്. ബാങ്കിംഗ്തല/സംസ്ഥാനതല സമിതിയെ വിളിച്ച് ഇക്കാര്യത്തിൽ ബാങ്കുകളുടെ നിലപാടിനെ സംബന്ധിച്ച് അറിയിക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. മറ്റൊരുകാര്യം, പ്രവാസി ക്ഷേമനിധി നന്നായി നടന്നുകൊണ്ടിരിക്കുന്ന സംവിധാനമാണ്. അതിൽ പ്രവാസികൾ അടയ്ക്കുന്ന അംശദായം കൂടാതെയുള്ള ഏകവരുമാനം സംസ്ഥാന ഗവൺമെന്റ് കൊടുക്കുന്ന വിഹിതം മാത്രമാണ്. ക്ഷേമനിധിയുടെ നല്ല പ്രവർത്തനത്തിന് അതിന്റെ വരുമാനം വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിന് പ്രവാസി ലോട്ടറി പോലുള്ള കാര്യങ്ങൾകൂടി സർക്കാർ പരിഗണിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സൗദി അറേബ്യ ഉൾപ്പെടെയുള്ള ഗൾഫ് രാജ്യങ്ങളിൽ നടപ്പാക്കിവരുന്ന സ്വദേശിവത്കരണം ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് പ്രവാസികൾക്ക് തൊഴിലും ബിസിനസ്സും നഷ്ടമായി തിരിച്ചുവരുന്ന സാഹചര്യമുണ്ടാക്കിയിട്ടുണ്ട്. ഇങ്ങനെ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്നവർക്കായി സർക്കാർ NORKA Department Project for Return Emigrants (NDPREM) എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 20 ലക്ഷം രൂപവരെ മൂലധനചെലവുള്ള സ്വയംതൊഴിൽ സംരംഭങ്ങൾ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ബാങ്ക് വായ്പ ലഭ്യമാക്കിവരുന്നു. ഇതിന് മൂലധനത്തിലും പലിശയിലും സാമാന്യം സബ്സിഡിയും നൽകിവരുന്നുണ്ട്. ഗുണഭോക്താക്കൾക്ക് താൽപ്പര്യമുള്ള സംരംഭങ്ങൾക്കായി പരിശീലനവും ബോധവത്കരണ സെമിനാറും നടത്തുന്നുണ്ട്. ചില ബാങ്കുകളുടെ കർക്കശ വ്യവസ്ഥകൾ കാരണം NDPREM പദ്ധതിയുടെ ഗുണം പ്രവാസികൾക്ക് പൊതുവിൽ ലഭിക്കുന്നില്ലെന്ന ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതാണ് ബഹുമാന്യനായ അംഗം പ്രധാനമായും ചൂണ്ടിക്കാണിച്ചത്. ഈ പദ്ധതിയോട് സഹകരിക്കാൻ സർക്കാർ ബാങ്കുകളോട് നിരന്തരം അഭ്യർത്ഥിക്കുന്നുണ്ട്. മാത്രമല്ല ബാങ്കുകളുമായി ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. SLBC യോഗങ്ങളിൽ ഈ വിഷയം ഉന്നയിക്കുകയും ചെയ്യുന്നുണ്ട്. കേരള പ്രവാസി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ ആളുകൾക്ക് പ്രതിമാസം രണ്ടായിരം രൂപ വീതം പെൻഷൻ അനുവദിച്ചുവരുന്നു. കൂടാതെ ഫണ്ടിലേയ്ക്കുള്ള പ്രത്യേക നിക്ഷേപങ്ങൾ പ്രവാസി ചിട്ടിയിൽ നിന്ന് ലഭിക്കുന്ന തുകയുടെ നിക്ഷേപം എന്നിവയ്ക്ക് ആനുപാതികമായി കൂടുതൽ പെൻഷൻ നൽകാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാവുന്നതാണ്. ലോക കേരള സഭയിലെ ചർച്ചയിലൂടെ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള തുടർപ്രവർത്തനങ്ങൾക്ക് രൂപം നൽകാൻ നടപടി സ്വീകരിച്ചുവരികയാണ്. നാട്ടിൽ സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് പ്രൊഫഷണലുകളുമായി ആശയ വിനിമയത്തിന് ഏജൻസി സ്ഥാപിക്കാനും ഏകജാലക സംവിധാനത്തിലൂടെ അനുമതി നൽകാനും പ്രവാസം മതിയാക്കി തിരിച്ചെത്തുന്നവരുടെ സംരക്ഷണം ചികിത്സാചെലവ് തുടങ്ങിയവയ്ക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്താനും ഇതിന്റെ ഭാഗമായി പരിശോധിക്കുന്നതാണ്.

## 2. ഭിന്ന ലിംഗക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നിയമ നിർമ്മാണം

ഡോ. എം. കെ. മുനീർ: സർ, ട്രാൻസ്ജെന്റർ വിഭാഗത്തിന് എല്ലാ പൗരസ്വാതന്ത്ര്യവും ലഭിക്കുന്നതിനുവേണ്ടിയും പൗരാവകാശത്തിന്റെയും മനുഷ്യാവകാശത്തിന്റെയും അനുഭവലോകം ട്രാൻസ്ജെൻഡറിന് സമ്മാനിക്കുന്നതിനും രാജ്യത്തിനുതന്നെ മാതൃകയായ സംസ്ഥാനമാണ് കേരളം. സ്വത്വ വൈവിധ്യങ്ങൾ വളരെ പ്രധാനമാണ്. സ്വത്വ വൈവിധ്യങ്ങൾ നിലനിർത്തി മനുഷ്യാവകാശങ്ങൾ അനുഭവിക്കാൻ കഴിയണമെന്നതാണ് ഇന്ത്യൻ ഭരണഘടന

മുന്നോട്ടുവയ്ക്കുന്ന ആശയം. പക്ഷേ നമ്മുടെ നാട്ടിലുള്ള വിഷയം ആണിന്റെയും പെണ്ണിന്റെയും ബാഹ്യശരീര സ്വഭാവമുള്ള കുഞ്ഞുങ്ങളെ സൗകര്യപൂർവ്വം ഒഴിവാക്കിക്കൊണ്ട് ഇതര ലിംഗ സ്വത്വങ്ങളെ അവഗണിക്കുന്ന രീതിയാണ് നമ്മുടെ നാട് പിന്തുടരുന്നത്. ഇതിന് മാറ്റം വരുന്നതിനുവേണ്ടിയാണ് വളരെ ആലോചനാപൂർവ്വം ട്രാൻസ്ജെൻഡർ പോളിസി കൊണ്ടുവന്നത്. ബഹുമാനപ്പെട്ട മന്ത്രിതന്നെ മുൻകയ്യെടുത്ത് ഇപ്രാവശ്യത്തെ നയപ്രഖ്യാപനത്തിൽ ചെയ്ത ഏറ്റവും വലിയ കാര്യമാണ് ട്രാൻസ്ജെൻഡർ പോളിസി എന്നത് രാഷ്ട്രീയം നോക്കാതെ സമ്മതിച്ചിട്ടുള്ളതിൽ എന്റെ നന്ദി കൂടി പ്രകാശിപ്പിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ട്രാൻസ്ജെൻഡർ ഇല്ലെന്ന നിലപാടായിരുന്നു ഇവിടത്തെ വകുപ്പുകളെല്ലാം സ്വീകരിച്ചത്. അപ്പോഴാണ് ഞങ്ങൾ അതിനുവേണ്ടി ഒരു സെൻസസ് എടുക്കാൻ തീരുമാനിച്ചത്. സ്നോ ബോൾ എന്ന ടെക്നിക് ഉപയോഗിച്ചുകൊണ്ട് എത്ര ട്രാൻസ്ജെൻഡർ കേരളത്തിലുണ്ടെന്ന് നോക്കിയപ്പോഴാണ് 25000-30000-ത്തോളം പേരുണ്ടെന്ന് മനസ്സിലായത്. പക്ഷേ അവർക്ക് ഇവിടെ താമസിക്കാൻ കഴിയുന്ന അന്തരീക്ഷമില്ലാത്തതുകൊണ്ട് അയൽ സംസ്ഥാനത്തേയ്ക്ക് കുടിയേറി പാർക്കുന്ന അവസ്ഥയായിരുന്നു. അവർക്ക് ആത്മവിശ്വാസം നൽകി കേരളത്തിലേക്ക് കൊണ്ടുവന്നിരിക്കുകയാണ്. കേരളത്തിൽ പ്രത്യേകിച്ച് മെട്രോ നഗരങ്ങളായ കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ ധാരാളം ട്രാൻസ്ജെൻഡേഴ്സിനെ ഇന്ന് കാണാൻ സാധിക്കും. അവർ ആത്മവിശ്വാസത്തോടെ പുറത്തിറങ്ങാൻ തുടങ്ങി. പക്ഷേ ഇത് മനസ്സിലാക്കാൻ കഴിയാത്ത വിഭാഗം കേരളത്തിലെ പോലീസാണ്. രാത്രി സമയങ്ങളിൽ പോലീസ് ട്രാൻസ്ജെൻഡറിനെ കണ്ടുകഴിഞ്ഞാൽ അവർ അനാശാസ്യത്തിന് ഇറങ്ങിയെന്ന രീതിയിൽ പോലീസ് സ്റ്റേഷനിൽ പിടിച്ചുകൊണ്ടു പോവുകയാണ്. കോഴിക്കോട് ഡാൻസ് പ്രാക്ടീസ് ചെയ്യുന്ന; പലതരത്തിലുള്ള കലാ അഭിരുചിയുമുള്ള ഇത്തരം ആളുകൾ അവരുടെ പ്രാക്ടീസ് കഴിഞ്ഞ് എസ്.എം. സ്ട്രീറ്റിലൂടെയോ നഗരത്തിലൂടെയോ നടന്നുപോകുമ്പോൾ ഈ അസമയത്ത് നടക്കുന്നത് വേറെ ആവശ്യത്തിനാണെന്ന് പറഞ്ഞ് പോലീസ് അവരെ പിടിച്ചുകൊണ്ടുപോയി മാരകമായി മർദ്ദിക്കുകയാണ്. അവസാനം കോടതിയാണ് അവർക്ക് ജാമ്യം കൊടുക്കുന്നത്. ഒന്ന് രണ്ട് കേസുകളിൽ ഞാൻ തന്നെ നേരിട്ട് ഇടപെട്ടിട്ടുണ്ട്. നമ്മൾ ആദ്യം ഇവിടത്തെ പോലീസിനെ സെൻസിറ്റൈസ് ചെയ്യേണ്ടതതുണ്ട്. പോലീസ് എല്ലാം മറ്റൊരു കണ്ണോട്ടുകൂടി നോക്കിക്കാണുകയാണ്. ട്രാൻസ് ജെൻഡറിനുമേൽ ഇനി പോലീസ് അനാവശ്യമായി കൈവയ്ക്കുകയാണെങ്കിൽ ശക്തമായ പ്രതിഷേധം ഈ രാജ്യത്ത് ഉയർന്നുവരുമെന്നുള്ളത് ഓർമ്മപ്പെടുത്തുകകൂടി ചെയ്യുകയാണ്. അതിനായി ഒരു കമ്മിറ്റി രൂപീകരിക്കണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ചുരുക്കിപ്പറയണം.

<u>ഡോ. എം. കെ. മുനീർ</u>: ചുരുക്കിത്തന്നെയാണ് പറയുന്നത്. ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. മനുഷ്യത്വം മരവിച്ചുകിടക്കുന്ന ഒരു സംസ്ഥാനത്ത് ആരുടെയെങ്കിലും മനസ്സ് ഇതുകൊണ്ട് ഉണരുന്നുണ്ടെങ്കിൽ ഉണരട്ടെ എന്ന ഉദ്ദേശത്തിലാണ് പറയുന്നത്. അവരെ മനുഷ്യരായി നമ്മൾ കാണണം. മറ്റുള്ളവരെപ്പോലെ അവരും മനുഷ്യരാണ്. അവരുടേതല്ലാത്ത കുറ്റത്തിന്റെ പേരിൽ ആ ഒരു അവസ്ഥയിൽ നിൽക്കുന്നവരാണ്. ട്രാൻസ്ജെൻഡേഴ്സിന്റെ കാര്യത്തിൽ വളരെ ഗൗരവമായ നിലപാട് സ്വീകരിക്കേണ്ടതുണ്ട്. അതുകൊണ്ട് ബന്ധപ്പെട്ട കമ്മിറ്റി എത്രയും പെട്ടെന്ന് രൂപീകരിക്കണം. ആ കമ്മിറ്റിയുടെ ഒരു ഗുണം, ബഹുമാനപ്പെട്ട മന്ത്രി തന്നെയാണ് അതിന്റെ അദ്ധ്യക്ഷ. ആ കമ്മിറ്റിക്കകത്ത് ഡി.ജി.പി.യോ പോലീസ് ഓഫീസർമാരോ ഉണ്ടാകും. ജില്ലാതല യോഗം ചേരുമ്പോൾ അവിടത്തെ റൂറൽ എസ്.പി. ഉണ്ടാകും. മാത്രമല്ല, ട്രാൻസ് ജെൻഡറിന്റെ പ്രതിനിധികൾ അതിനകത്തുണ്ടാകും. അവർക്ക് നേരിട്ട് കാര്യങ്ങൾ ചർച്ച ചെയ്യാനുള്ള സാഹചര്യമുണ്ടാകും. അതുകൊണ്ട് ആദ്യത്തെ വിഷയം പോലീസാണ്.

മറ്റൊരു കാര്യം, ഇവർ നാട്ടിൽ നടക്കുന്ന സമയത്ത് പൊതു ടോയ്‌ലെറ്റുകൾ ഉപയോഗിക്കാൻ സാധിക്കുന്നില്ല എന്നുള്ളതാണ്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ട്രാൻസ്ജെൻഡേഴ്സിനുവേണ്ടി പ്രത്യേക ടോയ്‌ലറ്റുണ്ടാക്കുന്ന ആദ്യത്തെ നഗരം കോഴിക്കോട് നഗരമാണ്. ഞങ്ങൾ ആ പദ്ധതി വേണമെന്ന് നിഷ്കർഷിച്ചു. വളരെ ശക്തമായ ഭാഷയിൽ ഞാൻ പറഞ്ഞു. പുരുഷന്മാരുടെ ടോയ്‌ലെറ്റിൽ പോകാൻ അവർക്ക് സാധിക്കില്ല, കാരണം അവിടെയുള്ള ആണുങ്ങൾ അവരെ ഉപദ്രവിക്കും. സ്ത്രീകളുടെ ടോയ്‌ലറ്റിലും പോകാൻ സാധിക്കില്ല. അതുകൊണ്ട് ട്രാൻസ്ജെൻഡേഴ്സിന് പ്രത്യേകമായ ടോയ്‌ലറ്റുണ്ടാകണം. ആശുപത്രികളിൽ സർജറി നടത്തുന്നതിന് പ്രത്യേക സെല്ലുകൾ രൂപീകരിച്ച് അവർക്ക് വേണ്ട സൗകര്യങ്ങളുണ്ടാക്കണം. പോളിസിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഒന്നൊന്നായി നടപ്പാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കണമെന്നുള്ളതാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മാത്രവുമല്ല, നിയമപരമായി തന്നെ ചില സവിശേഷതകൾ നമ്മൾ കാണേണ്ടതുണ്ട്. അനുകൂലമായ ഒരു മറുപടിയുണ്ടാകുമെന്നുള്ള ആത്മവിശ്വാസത്തിലാണ് ഞാൻ ഇത് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അവരുടെ നിയമപരമായ കാര്യങ്ങൾ നോക്കുന്നതിനുവേണ്ടി പ്രത്യേക സംവിധാനം ഒരുക്കണം. ലിംഗമാറ്റ സർജറിക്ക് ആശുപത്രികളിൽ ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. ഈ രീതിയിൽ അവരുടെ ആത്മാഭിമാനം തിരിച്ചുകൊണ്ടു

വരണം. കേരളത്തിൽ ഏത് സമയത്തും പുറത്തിറങ്ങി നടക്കാൻ സാധിക്കുന്ന സ്ഥിതിവിശേഷമുണ്ടെന്നുള്ള ഒരു വിശ്വാസം അവർക്കുണ്ടാക്കിക്കൊടുക്കണം. മാത്രമല്ല, ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഇതുസംബന്ധിച്ച് ഇനിയും ചർച്ചയുണ്ടാകുകയാണെങ്കിൽ അതിലേയ്ക്കാവശ്യമായ കാര്യങ്ങൾ പറയാൻ ഞാൻ തയ്യാറാണ്, അതുകൊണ്ടുതന്നെ അത് പൂർണ്ണമായി അവതരിപ്പിക്കാൻ ഈ അവസരം ഉപയോഗിക്കുന്നില്ല. പോളിസി വളരെ വ്യക്തവും സ്പഷ്ടവും സമ്പൂർണ്ണവുമാണെന്നുള്ളതുകൊണ്ട് ആ പോളിസിക്ക് അനുസൃതമായ ഒരു നിയമനിർമ്മാണംകൂടി ഈ നിയമസഭയിലുണ്ടാക്കി, ട്രാൻസ്ജെൻഡറിന്റെ സംരക്ഷണം ഉറപ്പുവരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. അതിൽ അനുകൂലമായ ഒരു പ്രതികരണം ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്നുണ്ടാകുമെന്ന് വിശ്വസിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ, സമൂഹത്തിൽ മെയിലും ഫീമെയിലുമുള്ളതുപോലെ ട്രാൻസ്ജെൻഡറും ഒരു യാഥാർത്ഥ്യമാണ്. അതുകൊണ്ടുതന്നെ ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട നൂറുക്കണക്കിന് സഹോദരങ്ങൾക്ക് നീതി ലഭ്യമാക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്. ട്രാൻസ്ജെൻഡേഴ്സിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട അംഗം മന്ത്രിയായിരുന്ന സമയത്ത് മുൻകയ്യെടുത്തുകൊണ്ട് ഒരു പോളിസി രൂപീകരിച്ചതിനെ ഞാൻ വീണ്ടും അഭിനന്ദിക്കുകയാണ്. 2013-ൽ തന്നെ ട്രാൻസ്ജെൻഡർ പോളിസി രൂപീകരിച്ചിരുന്നു. പക്ഷെ പ്രായോഗികമായ നടപടിക്രമങ്ങളൊന്നും തന്നെ ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല. ഈ ഗവൺമെന്റ് വന്ന ഉടൻതന്നെ കഴിഞ്ഞ ഗവൺമെന്റിന്റെ എല്ലാ നല്ല നയങ്ങളും പിന്തുടരുക എന്നതിന്റെ അടിസ്ഥാനത്തിൽ ഈ പോളിസി അനുസരിച്ചിട്ടുള്ള പ്രായോഗിക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പരിശ്രമമാണ് നടത്തിവന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി രൂപീകരിക്കണമെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. സംസ്ഥാനതലത്തിൽ ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് രൂപീകരിച്ചുകഴിഞ്ഞു. അതിന്റെ രണ്ട് മീറ്റിംഗുകളിൽ ഞാൻതന്നെ പങ്കെടുത്തുകൊണ്ട് തീരുമാനങ്ങളെടുക്കുകയും ഒട്ടേറെ തീരുമാനങ്ങൾ നടപ്പാക്കുകയും ചെയ്തുകഴിഞ്ഞു. സംസ്ഥാനതലത്തിലുള്ള ബോർഡ് മാത്രമല്ല, ജില്ലാതലങ്ങളിലും ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് രൂപീകരിച്ചുകഴിഞ്ഞു. വളരെ എമിനന്റായിട്ടുള്ള ട്രാൻസ്ജെൻഡേഴ്സിനെ തന്നെ ഉത്തരവാദപ്പെട്ടവരായി അംഗീകരിച്ചുകൊണ്ട്; അവരെ ബോർഡ് അംഗങ്ങളാക്കി ജില്ലാ ബോർഡുകളും നിലവിൽ വന്നുകഴിഞ്ഞു. അവരും ഈ പ്രവർത്തനങ്ങളിലെല്ലാം ഇടപെടുകയാണ്.

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഒരു കാര്യം ശരിയാണ്. എല്ലാ പോലീസിനെയും പറഞ്ഞുകൂടാ, കേരളത്തിലെ പോലീസ് വളരെ മാന്യമായി പെരുമാറുന്നവരാണ്. എന്നാൽ അപൂർവ്വം ചിലയിടത്ത് അതിന് അപവാദമായി ട്രാൻസ്ജെൻഡർ വിഭാഗം പുറത്തിറങ്ങുമ്പോഴും യാത്ര ചെയ്യുമ്പോഴുമൊക്കെ ബുദ്ധിമുട്ടുണ്ടാക്കുകയും അറസ്റ്റ് ചെയ്യുകയുമൊക്കെ ചെയ്യുന്ന സംഭവങ്ങളുണ്ടായിരുന്നു. പൊതു പൗരന്മാർക്കുള്ള എല്ലാ നിയമങ്ങളും ട്രാൻസ്ജെൻഡേഴ്സിനും ബാധകമാണ്. കുറ്റകൃത്യങ്ങളുണ്ടാകുമ്പോൾ മറ്റ് പൗരന്മാർക്കെതിരെയുള്ള നടപടി ട്രാൻസ്ജെൻഡേഴ്സിന് എതിരെയുമുണ്ടാകും. പക്ഷേ ഇവിടെ അങ്ങനെയല്ല. അവർ പുറത്തിറങ്ങുമ്പോഴൊക്കെ എല്ലാം തെറ്റാണെന്നുള്ള ധാരണയിൽ പോലീസ് ഇടപെടലുണ്ടാകുന്നത് തെറ്റാണെന്ന് സാമൂഹ്യനീതി വകുപ്പ് ചൂണ്ടിക്കാണിക്കുക മാത്രമല്ല, ട്രാൻസ്ജെൻഡർ നിയമം ഭംഗിയായി നടപ്പാക്കുന്നതിനുവേണ്ടി അദ്ധ്യാപകർ, പോലീസ്, മറ്റ് ഉദ്യോഗസ്ഥർ, ആരോഗ്യ വകുപ്പുദ്യോഗസ്ഥർ എന്നിവർക്കായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ബോധവത്കരണ പരിപാടികൾ നടത്തിവരികയുമാണ്. അത്തരത്തിലുള്ള ഒരുപാട് ക്ലാസുകൾ കഴിഞ്ഞു. പോലീസിനും അദ്ധ്യാപകർക്കും ബോധവത്കരണം വേണം. ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട കുട്ടികൾ ക്ലാസ്സിലിരിക്കുമ്പോൾ അവരോട് അനുഭാവപൂർണ്ണമല്ലാത്ത പെരുമാറ്റമുണ്ടാകുന്നതിലൂടെ കൊഴിഞ്ഞുപോക്ക് വളരെ കൂടുതലായി വരികയാണ്. അവർ പഠനം തുടരുന്നില്ല എന്നുള്ള അവസ്ഥ വരികയാണ്. അദ്ധ്യാപകർക്ക് വ്യാപകമായ ബോധവത്കരണ ക്ലാസ് നടത്തിയതിന്റെ ഭാഗമായി ഇത്തരത്തിലുള്ള സംഭവങ്ങളും പോലീസ് നടപടികളും കുറഞ്ഞുവന്നിട്ടുണ്ട്. കൊച്ചിയിലുണ്ടായ സംഭവത്തിൽ അപ്പോൾത്തന്നെ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഞാൻ ഇടപെട്ടിരുന്നു. ബഹുമാനപ്പെട്ട എം. കെ. മുനീർ എം.എൽ.എ.-യും അക്കാര്യത്തിൽ ഇടപെട്ടിരുന്നു. അതിന്റെ ഭാഗമായി പോലീസിന് നല്ല നിർദ്ദേശങ്ങൾ കൊടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള കാര്യങ്ങൾ ഇപ്പോൾ കുറഞ്ഞുവരികയാണ്. നേരത്തെ എപ്പോഴുമുണ്ടാകാറുണ്ടായിരുന്നു, ട്രാൻസ്ജെൻഡർ പോളിസി വരുന്നതിനുമുമ്പ് ആ വിഷയത്തിൽ അത്ര ശ്രദ്ധിക്കാത്തതുകൊണ്ടാണ്. എന്നാൽ ഇക്കഴിഞ്ഞ ഒന്നര വർഷക്കാലത്തിനിടയിൽ ട്രാൻസ്ജെൻഡേഴ്സിനെതിരായ അതിക്രമങ്ങൾ കുറഞ്ഞിട്ടുണ്ടെന്ന് നമുക്ക് കാണാൻ കഴിയും. നടപടിയുണ്ടാകുമെന്നുള്ള ഒരു സന്ദേശം അവർക്ക് കൊടുക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കൊഴിഞ്ഞു പോക്ക് വ്യാപകമായി വന്നപ്പോൾ ഒട്ടേറെപ്പേർ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാത്തവരായി വന്നു. കേരളത്തിലെ സാക്ഷരതാമിഷന് നേതൃത്വം കൊടുക്കുന്ന പ്രൊഫ. പി. എസ്. ശ്രീകല മുൻകയ്യെടുത്തുകൊണ്ട് അവർക്കായി തുടർവിദ്യാഭ്യാസ പരിപാടി ആരംഭിച്ചിട്ടുണ്ട്. ഏകദേശം 900-ത്തിലധികം പേർ

ഇത്തരത്തിൽ പല ഭാഗത്തായി വിദ്യാഭ്യാസം തുടരേണ്ടവരുണ്ട് എന്ന രീതിയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഏഴാം ക്ലാസ് മുതൽ പി.ജി. തലം വരെ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പരിപാടിയും ഏർപ്പാടാക്കിയിട്ടുണ്ട്. തുടർ വിദ്യാഭ്യാസം ആരംഭിച്ചു. അവർക്കെല്ലാവർക്കും വിദ്യാഭ്യാസം കൊടുക്കാൻ നമുക്ക് കഴിയും.

ബോർഡ് മാത്രമല്ല, സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഒരു ട്രാൻസ്ജെൻഡർ സെൽ രൂപീകരിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം അത് മനസ്സിലാക്കിയിട്ടില്ല എന്നാണ് തോന്നുന്നത്. ഈ സെല്ലിന്റെ ഭാഗമായി ആറ് ജില്ലകളിൽ ട്രാൻസ്ജെൻഡർ സേഫ്റ്റി ഹോം, ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ ട്രാൻസ്ജെൻഡറുകൾക്ക് ശ്രദ്ധയും പരിചരണവും ലഭിക്കാനുള്ള ഹോം, അവർക്ക് ശുശ്രൂഷ നൽകുന്നതിനുള്ള അഫർമേഷൻ കെയർ ഹോം എന്നിവ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. വളരെ എഫിഷ്യന്റായിട്ടുള്ള ആളുകളുടെ അപേക്ഷ ക്ഷണിച്ച്, ഇന്റർവ്യൂ നടത്തിയാണ് ട്രാൻസ്ജെൻഡർ സെല്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ സെല്ലും കൂടി വന്നതിനുശേഷം മറ്റ് ആറ് ജില്ലകളിൽ സേഫ്റ്റി ഹോമുകളും കെയർ ഹോമുകളും രൂപീകരിക്കാൻ ശ്രമിച്ചു. കൊല്ലം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ആറു ജില്ലകളിലാണ് ആദ്യഘട്ടത്തിൽ കെയർ ഹോമുണ്ടാക്കുന്നത്. നാല് ജില്ലകളിൽ സ്ഥലം ലഭ്യമായിട്ടുണ്ട്. തുടക്കത്തിൽ വാടകക്കെട്ടിടത്തിലാണ് ആരംഭിക്കുന്നത്. അതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.

ഇവിടെ ഒരു നിയമത്തിന്റെ കാര്യം പറഞ്ഞു. അത് നിയമവകുപ്പുമായി ചർച്ച ചെയ്തു. ഒരു സെൻട്രൽ ആക്ട് വന്നതിനുശേഷം മാത്രമേ നമുക്ക് ഈ നിയമം സംസ്ഥാനത്ത് കൊണ്ടുവരാൻ സാധിക്കുകയുള്ളൂ എന്നാണ് നിയമോപദേശം ലഭിച്ചിരിക്കുന്നത്. 1897-ലെ ജനറൽ ക്ലോസസ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് മാത്രമേ നമുക്ക് ഈ കാര്യങ്ങൾ വ്യാഖ്യാനിക്കാൻ സാധിക്കുകയുള്ളൂ. അങ്ങനെയുള്ള ഒരു സെൻട്രൽ ആക്ട് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. The Transgender Persons Bill, 2016 കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. അത് പ്രാബല്യത്തിൽ വരുന്നമുറയ്ക്ക് നമുക്കും നിയമം കൊണ്ടുവരാം. മാത്രമല്ല, മനുഷ്യാവകാശം സംബന്ധിച്ച് ഇന്തോനേഷ്യയിൽ നടന്ന സമ്മിറ്റിനെ അടിസ്ഥാനമാക്കി 'യോഗ്യകർത്താ പ്രിൻസിപ്പിൾ' എന്ന പേരിൽ മനുഷ്യാവകാശ പ്രിൻസിപ്പിൾ നിലവിൽ വന്നിട്ടുണ്ട്. 'യോഗ്യകർത്താ പ്രിൻസിപ്പിൾ' നമുക്ക് നേരിട്ട് ഇവിടെ നിയമം വഴി അപ്ലൈ ചെയ്യാൻ സാധിക്കുകയില്ല. അത് കേന്ദ്ര ഗവൺമെന്റ്തന്നെ അപ്ലൈ ചെയ്യേണ്ടതായിട്ടുണ്ട്.

അപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ ഈ നിയമം നിലവിൽവരുമെന്ന് നമുക്ക് ഉറപ്പായും പ്രതീക്ഷിക്കാം. അതിനനുസരിച്ച് നമുക്ക് ഇവിടെയും ചെയ്യാം. ട്രാൻസ്ജെൻഡർ വിഭാഗക്കാർക്ക് തിരിച്ചറിയൽ കാർഡ് കൊടുക്കുന്ന നടപടി ഏകദേശം പൂർത്തിയായിട്ടുണ്ട്. ട്രാൻസ്ജെൻഡർ വിഭാഗത്തിനുവേണ്ടി വളരെ വലിയ പ്രവർത്തനങ്ങളാണ് ഒന്നേമുക്കാൽ വർഷത്തിനിടയിൽ ഈ ഗവൺമെന്റ് പ്രായോഗികമായി നടപ്പാക്കിയിട്ടുള്ളത്. മാർച്ച് 31-ാടുകൂടി തിരിച്ചറിയൽ കാർഡ് കൊടുക്കുന്ന പ്രവൃത്തി പൂർത്തിയാകും. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം ഞാൻ കൂടി പങ്കെടുത്തുകൊണ്ടാണ് നടത്തിയത് എന്നുകൂടി അറിയിക്കുകയാണ്.

അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരണമെന്നുണ്ടെങ്കിൽ തൊഴിൽ പരിശീലനവും സ്കിൽ ഡെവലപ്മെന്റും നടത്തേണ്ടതായുണ്ട്. ഒരു ജില്ലയിൽ അഞ്ച് വീതം ട്രാൻസ്ജെൻഡറുകൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ട്. പതിനാല് ജില്ലകളിലും അപേക്ഷ ക്ഷണിക്കുകയും ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. മാർച്ച് 31-നകം ഈ പരിശീലന പരിപാടി ആരംഭിക്കാൻ കഴിയുന്നതാണെന്നുകൂടി അറിയിക്കുകയാണ്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള സ്കിൽ ഡെവലപ്മെന്റിനുള്ള സംഘടനയാണ് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്. ഏപ്രിൽ ആദ്യവാരത്തോടുകൂടി സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള തയ്യാറെടുപ്പ് നടത്തിക്കഴിഞ്ഞിരിക്കുകയാണ്. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ട്രാൻസ് ജെൻഡർ ക്ലിനിക് തുടങ്ങിയിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലും ട്രാൻസ് ജെൻഡർ ക്ലിനിക് തുടങ്ങാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. തൊട്ടടുത്തു തന്നെ അതെല്ലാം പൂർത്തിയാകും. അവരുടെ ഓപ്പറേഷൻ നടത്തുന്നതിന് ആവശ്യമായ സംവിധാനം കേരളത്തിലില്ല. തമിഴ്നാട്ടിൽ പോയാണ് ഓപ്പറേഷൻ നടത്തുന്നത്. അത്തരത്തിലുള്ള സർജറി യൂണിറ്റ് കേരളത്തിലെ രണ്ട് മെഡിക്കൽ കോളേജുകളിൽ ആരംഭിക്കണമെന്ന് കരുതുന്നു. ഒരു മെഡിക്കൽ കോളേജിൽ അടിയന്തരമായി, അടിയന്തരമെന്ന് പറയുമ്പോൾ പെട്ടെന്ന് തുടങ്ങാൻ കഴിയില്ല. പ്രാഥമികമായ കുറേ നടപടിക്രമങ്ങൾ പൂർത്തിയായാൽ മാത്രമേ ഓപ്പറേഷൻ നടത്താൻ സാധിക്കൂ. ട്രാൻസ്ജെൻഡർ ക്ലിനിക് തുടങ്ങിയിട്ടുണ്ട്. അതിന്റെ ഭാഗമായുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ അത്തരത്തിലുള്ള സർജറി യൂണിറ്റ് സ്ഥാപിക്കുന്നതിന് ആലോചിക്കുന്നുണ്ട്.

അക്കാര്യം ചെയ്യുന്നതാണ്. ഇവർക്കായി 24X7 ഹെൽപ്പ്ലൈൻ സ്ഥാപിക്കാനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഏപ്രിൽ മാസത്തോടുകൂടി അത്തരത്തിലുള്ള ഹെൽപ് ലൈൻ സ്ഥാപിക്കാൻ സാധിക്കുമെന്നാണ് പറയാനുള്ളത്. പി.എസ്.സി.യുടെ അപേക്ഷാ ഫോമിൽ മെയിൽ, ഫീമെയിൽ എന്ന് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. അതിന്റെകൂടെ ട്രാൻസ്ജെൻഡർ എന്ന കോളം കൂടി ചേർക്കേണ്ടതാണെന്ന അപേക്ഷ പി.എസ്.സി.-ക്ക് സമർപ്പിച്ചിട്ടുണ്ട്. അത് അംഗീകരിക്കുമെന്നാണ് തോന്നുന്നത്. ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ അടക്കം അഞ്ച് ഓഫീസർമാരെയാണ് ടി.ജി. സെല്ലിൽ തെരഞ്ഞെടുത്തിട്ടുള്ളത്. ആ സെൽ ഇവരുടെ കാര്യം ഭംഗിയായി നിർവ്വഹിക്കുകയാണ്. പല എൻ.ജി.ഒ. സംഘടനകളും കലോത്സവം നടത്തുന്നുണ്ട്. വകുപ്പ് മുൻകയ്യെടുത്തുകൊണ്ട് ഏപ്രിൽ മാസത്തിൽ ട്രാൻസ്ജെൻഡേഴ്സിന്റെ കലോത്സവം നടത്തുന്നതിനും ഭാവിയിൽ കായിക പരിപാടികൾ നടത്തുന്നതിനും തീരുമാനിച്ചുകഴിഞ്ഞു. ട്രാൻസ്ജെൻഡേഴ്സിന്റെ എല്ലാ കാര്യങ്ങളിലും ഒരു കണ്ണ് ഉണ്ടായിട്ടുണ്ട്. ഓരോന്നായി നടപ്പാക്കിവരികയാണ്. അതിന് നമുക്കെല്ലാവർക്കും ഒരുമിച്ച് സഹകരിച്ചുകൊണ്ട് സഹോദരങ്ങളുടെ ജീവിതം മെച്ചപ്പെടുത്താൻ ശ്രമിക്കാം.

ഡോ. എം. കെ. മുനീർ: സർ, അന്ന് പോളിസി രൂപീകരിച്ചെങ്കിലും ഒന്നും നടന്നില്ല എന്നുപറഞ്ഞു. പോളിസി രൂപീകരിക്കുകയും ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, ആദ്യമായി അവരുടെ കലോത്സവം സംഘടിപ്പിച്ച്, ജെൻഡർ ഇക്വാലിറ്റിക്കുവേണ്ടിയുള്ള വലിയ കലോത്സവം നടത്തി. അവർക്കുവേണ്ടി മാത്രം ഒരു സെഷൻ നടത്തി. അപേക്ഷാ ഫോമുകളിൽ മെയിൽ, ഫീമെയിൽ എന്നതിനു പുറമേ ട്രാൻസ്ജെൻഡേഴ്സ് എന്ന സെക്ഷനും കൂടി വേണമെന്ന നിർദ്ദേശമൊക്കെ ആ കാലഘട്ടത്തിൽ വന്നിട്ടുണ്ട്. അത് തുടരുന്നതിൽ സന്തോഷമുണ്ട്. ഈ യോഗങ്ങൾ കൃത്യമായി ചേർന്നിട്ടും, പ്രസ്തുത യോഗത്തിൽ പോലീസ് ഉണ്ടായിട്ടും, പോലീസിന്റെ അതിക്രമങ്ങൾ ഇപ്പോഴും തുടരുന്നു എന്നുള്ളതാണ് വലിയ ചോദ്യമായി നമ്മുടെ മുന്നിൽ നിൽക്കുന്നത്. അതിന് പരിഹാരമുണ്ടാക്കുന്നതിന് മുൻഗണന കൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നിയമനിർമ്മാണത്തിന് സെൻട്രൽ നിയമം നിർമ്മിക്കുന്നതുവരെ കാത്തിരിക്കേണ്ട ആവശ്യമല്ല. നമ്മുടെ സംസ്ഥാനം എല്ലാ കാര്യത്തിലും വളരെ മുന്നിൽ നിന്നിട്ടുണ്ട്. മാതൃകയായി ധാരാളം നിയമങ്ങൾ നമ്മൾ നിർമ്മിച്ചിട്ടുണ്ട്. ഈ നിയമം ഇപ്പോൾത്തന്നെ രൂപീകരിച്ച്, ലോകത്തിലും ഇന്ത്യയിലും, നിയമം വരുന്ന സമയത്ത് അതിനനുസൃതമായ അമെന്റ്മെന്റോടുകൂടി

ആ നിയമത്തെ ഒന്നുകൂടി സമ്പന്നമാക്കാം. IPC 377 ഇവരെ സംബന്ധിച്ചിടത്തോളം വലിയ പ്രശ്നമുണ്ടാക്കുന്ന വകുപ്പാണ്. പൊതു നിയമത്തിന്റെ മറവിൽ പോലീസിന് ആക്ഷനെടുക്കാൻ പറ്റുന്ന അവസ്ഥാവിശേഷം ഉണ്ടാക്കുന്നതിന് ഈ വകുപ്പ് വലിയ പങ്കുവഹിക്കുന്നുണ്ട്. ഇത്തരം കാര്യങ്ങൾ പരിശോധിച്ച് ഗൗരവമായി നിയമം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അങ്ങ്, നല്ല കാര്യത്തെ അഭിനന്ദിച്ചുകൊണ്ടാണ് തുടങ്ങിയത്. ബഹുമാനപ്പെട്ട മെമ്പർക്ക് അതിലൊരു കുറ്റബോധമോ, അതിലേയ്ക്ക് ചെയ്തിട്ടില്ലെന്ന തോന്നലോ ഉണ്ടാകേണ്ടതില്ല. 2013-ൽ പോളിസി ഉണ്ടായിരുന്നു, വളരെ നല്ല കാര്യമാണ്. ഇംപ്ലിമെന്റേഷൻ ഉണ്ടായിട്ടുള്ളത് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ്, അത് വസ്തുതയാണ്. താങ്കൾ കൊണ്ടുവന്നിട്ടുള്ള നയത്തിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യങ്ങൾ ചെയ്യുന്നത്. അതുകൊണ്ട് പരസ്പരം യോജിച്ചുകൊണ്ട് ഇനിയും ഒരുപാട് കാര്യങ്ങൾ ചെയ്യാൻ സാധിക്കും. ഞാൻ ആ അർത്ഥത്തിൽ തന്നെയാണ് പറഞ്ഞത്. ഇത്രയും കാര്യങ്ങൾ ഈ ഗവൺമെന്റ് വന്നതിനുശേഷം ചെയ്തതു തന്നെയാണ്. അക്കാര്യം നമുക്ക് പറയാതിരിക്കാൻ നിർവ്വാഹമില്ല. നിയമത്തിന്റെ കാര്യം ലാ ഡിപ്പാർട്ടുമെന്റുമായി ചർച്ച ചെയ്തിരുന്നു. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 253 പ്രകാരം അന്താരാഷ്ട്ര സമ്മേളനങ്ങളിൽ വന്നിട്ടുള്ള ഗൈഡ്‌ലൈൻസും പ്രിൻസിപ്പളും അതുപോലെ ഇതുവരെ നിയമത്തിൽ വ്യാഖ്യാനിക്കപ്പെടാത്ത വിഭാഗത്തിനായുള്ള നിയമനിർമ്മാണവും ഒരു സംസ്ഥാനത്തിനായി ചെയ്യാൻ സാധിക്കില്ല എന്നാണ് വ്യക്തമായും പറഞ്ഞിട്ടുള്ളത്. അത് നിയമപരമായ തടസ്സമാണ്. നമുക്ക് മറ്റെല്ലാ നിയമങ്ങളും കൊണ്ടുവരാം. മറ്റെല്ലാ കാര്യങ്ങളും ഭരണഘടനയിലും അതുപോലെ ഇന്ത്യയിലെ മറ്റ് നിയമങ്ങളിലും വ്യാഖ്യാനിക്കപ്പെട്ടിട്ടുള്ളതാണ്. അതിനെ ഒന്നുകൂടി പുതുക്കിക്കൊണ്ട് സംസ്ഥാനം പുതിയ നിയമം നിർമ്മിക്കുന്നു എന്നേയുള്ളൂ. എന്നാൽ ഇത് ഒരു പുതിയ കാര്യമായി വരികയാണ്. അന്താരാഷ്ട്ര തലത്തിലുള്ള ഇത്തരം പ്രിൻസിപ്പിൾസ് വന്നുകഴിഞ്ഞാൽ, നിയമങ്ങളിൽ ഇത്തരത്തിലുള്ള പുതിയ കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സെൻട്രൽ ആക്ട് വരുമ്പോഴാണ് ചെയ്യാൻ സാധിക്കുന്നത്. വേണമെങ്കിൽ ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശമനുസരിച്ച് ഒന്നുകൂടി നിയമവകുപ്പുമായി ഇക്കാര്യങ്ങൾ ആലോചിച്ച് സംസ്ഥാനത്തിനായി ചെയ്യാൻ കഴിയുമെങ്കിൽ, ഗവൺമെന്റിന് ആ കാര്യത്തിൽ സന്തോഷമേയുള്ളൂ. എല്ലാവർക്കും ചേർന്ന് ഈ സഹോദരങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ വീണ്ടും ശ്രമിക്കാമെന്ന് സൂചിപ്പിക്കുന്നു.

## VI സബ്മിഷൻ

### (1) എൽ.ഡി ക്ലാർക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധി

ശ്രീ. കെ. രാജൻ: സർ, അങ്ങ് കേരളത്തിന്റെ മുഖ്യമന്ത്രി ആയതിനുശേഷം ചെറുപ്പക്കാർക്ക് ആവേശകരമായത് എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് പ്രഖ്യാപിച്ചതാണ്. ആദ്യമായി പ്രഖ്യാപിച്ച നാല് കാര്യങ്ങളിൽ ഒന്നാണിത്. വളരെ ആവേശത്തോടെയാണ് കേരളത്തിലെ ഇടതുപക്ഷ യുവജന വിദ്യാർത്ഥി പ്രസ്ഥാനം ഈ തീരുമാനത്തെ സ്വാഗതം ചെയ്തത്. എന്നാൽ അങ്ങനെ ചെയ്യാത്ത വകുപ്പുകളിൽ മുഖ്യമന്ത്രി നേരിട്ട് ഇടപെട്ട് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുള്ള സാധ്യതകൾ ഉണ്ടാക്കുന്നുണ്ട്. സംസ്ഥാനത്തെ പതിനാല് ജില്ലകളിലും പി.എസ്.സി.യുടെ എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഈ മാസം 30-ാം തീയതി അവസാനിക്കുകയാണ്. 31-3-2015-ലാണ് ഈ റാങ്ക് ലിസ്റ്റുകൾ നിലവിൽവന്നത്. പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്നപ്പോഴും, യു.ഡി.എഫ്. ഗവൺമെന്റ് നിശ്ചയിച്ച പ്രകാരമുള്ള സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചതിന്റെ ഫലമായി expected vacancy ആയി 1961 ഒഴിവുകൾ 2015-നുമുമ്പുള്ള റാങ്ക് ലിസ്റ്റിലുള്ളവർക്കായി കൊടുത്തു. 2015 മാർച്ച് 31-ന് നിലവിൽ വന്ന റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയത് ഒക്ടോബർ മാസത്തിലാണ്. 1961 ഒഴിവുകൾ നഷ്ടപ്പെട്ടുവെന്ന് മാത്രമല്ല, ഏതാണ്ട് ആറ് മാസത്തോളം സമയവും ഇവർക്ക് നഷ്ടപ്പെട്ടു. സൂപ്പർന്യൂമററി തസ്തികകൾ വഴി 1961 ഒഴിവുകൾ എടുത്ത സാഹചര്യത്തിലും ആറ് മാസക്കാലം നിയമനം വൈകിയ സാഹചര്യത്തിലും ഇവർക്ക് റാങ്ക് ലിസ്റ്റ് നീട്ടിക്കൊടുക്കേണ്ട വളരെ പ്രധാനപ്പെട്ട പ്രശ്നം നിലനിൽക്കുന്നുണ്ട്. 23922 ഉദ്യോഗാർത്ഥികളാണ് നിലവിൽ റാങ്ക് ലിസ്റ്റിലുള്ളത്. അതിൽ 8163 പേർക്കാണ് ഈ കാലയളവിൽ നിയമനം ലഭിച്ചത്. 34.31 ശതമാനം ഉദ്യോഗാർത്ഥികൾക്ക് മാത്രമാണ് ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ചത്. ഞാൻ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടണമെന്നോ കൂടുതൽ ആളുകൾക്കുവേണ്ടി അവസരം ഒരുക്കണമെന്നോ ആവശ്യപ്പെടുന്നില്ല. സാധാരണ നിലവാരത്തിൽ ആളുകൾക്ക് കിട്ടേണ്ട സാമൂഹ്യനീതി നടപ്പിലാക്കേണ്ടതുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 2018 ജനുവരി 22-ലെ വിധി ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ജിഷ, എൽസീന, സുജിത്ത് തുടങ്ങിയ ആളുകൾ സമർപ്പിച്ച കേസ്സിൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ വിധി പറഞ്ഞിട്ടുണ്ട്. 'It is therefore prayed that the period of annex-A10 ranked list may be extended for a period of four and half years or atleast by 8 months, considering the fact, first advice from annex-A10 ranked list was

issued after 8 months of its issuance.' ഇതൊരു ഗൗരവമേറിയ പ്രശ്നമാണ്. നമുക്ക് വിശ്വസിക്കാവുന്ന അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ തന്നെ പറഞ്ഞത്, ആറ് മാസം നീട്ടികൊടുക്കുകയോ അല്ലെങ്കിൽ അവർക്കാവശ്യമായ ഒഴിവുകൾ കൊടുക്കുകയോ ചെയ്യണമെന്നാണ്. വനിതാ ദിനമായ മാർച്ച് 8-ന് നൂറു കണക്കിന് പെൺകുട്ടികൾ സെക്രട്ടേറിയറ്റിന് മുന്നിൽ അനിശ്ചിതകാല നിരാഹാരം ആരംഭിച്ചിരിക്കുകയാണ്. ഇതിനാവശ്യമായ സൗകര്യം ചെയ്തുകൊടുക്കണമെന്ന് ഒരു യുവജന പ്രവർത്തകൻ എന്ന നിലയിൽ ഈ സഭയുടെ മുന്നിൽ ആവശ്യപ്പെടാൻ ഞാൻ ആഗ്രഹിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽനിന്നും പരമാവധി നിയമനം ഉറപ്പുവരുത്തുന്നതിന് സത്വരനടപടി സ്വീകരിച്ചിട്ടുണ്ട്. ഒഴിവുകളുണ്ടാകുന്നമുറയ്ക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. ഒഴിവുകൾ ഓൺലൈനായി റിപ്പോർട്ട് ചെയ്യുന്നതിന് ഇ-സോഫ്റ്റ്‌വെയർ രൂപകല്പന ചെയ്തിട്ടുണ്ട്. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എല്ലാ വകുപ്പ് സെക്രട്ടറിമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ പരിശോധനകൾ നടത്തി റിപ്പോർട്ട് ചെയ്യപ്പെടാത്ത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന നിയമനാധികാരികൾക്കുമേൽ കർശന നടപടി സ്വീകരിച്ചുവരികയാണ്.

ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ 12680 തസ്തികകളാണ് പുതുതായി സൃഷ്ടിച്ചിട്ടുള്ളത്. അറുപതിനായിരത്തോളം പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. നിലവിലുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റുകളിൽനിന്നും ഇതുവരെ 9656 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നടത്തേണ്ട സാഹചര്യം നിലവിലില്ല. മാത്രമല്ല ഇത്തരത്തിൽ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നത് അഭികാമ്യവുമല്ല. നിയമന നടപടികൾ ത്വരിതപ്പെടുത്തിയിട്ടുള്ളതിനാൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് വെള്ളിയാഴ്ച ആയതുകൊണ്ട് 12.30-ന് സഭ പിരിയേണ്ടതുണ്ട്. പുതിയതായി നാല് അനൗദ്യോഗിക ബില്ലുകളും തുടർ ചർച്ചയുള്ള മൂന്ന് ബില്ലുകളുമുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു മിനിട്ടിൽ സബ്മിഷൻ അവതരിപ്പിക്കാൻ പരമാവധി ശ്രമിക്കണം.

## (2) വളാഞ്ചേരി - വട്ടപ്പാറ റോഡപകടം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വളാഞ്ചേരി വട്ടപ്പാറയിൽ നടന്ന അതിദാരുണമായ അപകടമരണത്തെക്കുറിച്ചാണ് ഈ സബ്മിഷനിലൂടെ ഞാൻ അവതരിപ്പിക്കുന്നത്. ഒരു കുടുംബത്തിലെ രണ്ട് സ്ത്രീകളും (ഖദീജ - 48 വയസ്, ഷാഹിന - 25 വയസ്) അവർ യാത്ര ചെയ്തിരുന്ന ഓട്ടോറിക്ഷയിലെ ഡ്രൈവർ 33 വയസ്സുള്ള മുഹമ്മദ് നിസാറുമാണ് മരണപ്പെട്ടത്. അവർ സഞ്ചരിച്ചിരുന്ന ഓട്ടോറിക്ഷയുടെ മുകളിലേയ്ക്ക് കണ്ടെയ്നർ ലോറി മറിഞ്ഞ് മൃതശരീരം അരഞ്ഞുപോകുകയായിരുന്നു. മൃതശരീരം കൊണ്ടുപോയ നടക്കാവിൽ ഹോസ്പിറ്റലിലെ, ഡോക്ടർ മുഹമ്മദലി പോലും ആ മൃതശരീരം കാണാൻ വളരെ പ്രയാസമുണ്ടെന്ന് സാക്ഷ്യപ്പെടുത്തുകയുണ്ടായി. ഈ പ്രദേശത്ത് വളരെക്കാലമായി ഇതുപോലെയുള്ള അപകടങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. പച്ച മാംസവും എല്ലും തലച്ചോറുമൊക്കെ പെറുക്കിമാറ്റി മനസ്സ് മരവിച്ചവരാണ് പ്രദേശവാസികൾ. സാമ്പത്തികസഹായം അനുവദിച്ച് വട്ടപ്പാറ പ്രദേശത്തെ കഞ്ഞിപ്പുര - മൂടാൽ ബൈപ്പാസിന്റെ പണി പൂർത്തീകരിക്കുകയാണ് ഇതിനുള്ള ശാശ്വത പരിഹാരം. നിലവിൽ ഏറ്റെടുത്ത സ്ഥലത്തെങ്കിലും റോഡുപണി പൂർത്തിയാക്കി ബാക്കിയുള്ള ഭാഗം പുനരുദ്ധരിക്കാൻ കഴിയുമോയെന്ന് അങ്ങ് പരിശോധിച്ചാൽ നന്നായിരുന്നു.

വളരെ സാധുക്കളും ജോലിയില്ലാത്തവരും പ്രയാസമനുഭവിക്കുന്നവരുമാണ് മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾ. അവർക്ക് സാമ്പത്തിക സഹായം നൽകാനാവശ്യമായ അടിയന്തരനടപടി ബഹുമാന്യനായ മുഖ്യമന്ത്രിയുടെയും റോഡ് പൂർത്തീകരിക്കാനാവശ്യമായ നിലപാട് പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ദേശീയപാത 66-ൽ മലപ്പുറം ജില്ലയിലെ വളാഞ്ചേരി - വട്ടപ്പാറ വളവ് ഒരു അപകട മേഖലയാണ്. ശാശ്വത പരിഹാരമെന്ന നിലയിൽ കഞ്ഞിപ്പുര- മൂടാൽ ബൈപ്പാസ് നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 25 കോടി രൂപയുടെ ഭരണാനുമതി നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾക്ക് 7.123 ഹെക്ടർ ഭൂമി ആവശ്യമാണ്. ഇതിൽ 2.25 ഹെക്ടർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ആദ്യത്തെ അടങ്കൽ തുകയിൽ ഭൂമി ഏറ്റെടുക്കുന്നതിന് 10 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഭൂമിയുടെ വില വർദ്ധനവ് കാരണം 2016 ആഗസ്റ്റ് 3-ാം തീയതി 10 കോടി രൂപകൂടി ഗവൺമെന്റ് അധികമായി അനുവദിച്ചിരുന്നു. സ്ഥലമെടുപ്പിന് 23.64 കോടി രൂപ അധികമായി

ആവശ്യപ്പെട്ടത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലുണ്ട്. വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനും കെ.എസ്.ഇ.ബി.യുടെ ലൈനുകൾ മാറ്റുന്നതിനും കൂടുതൽ ഫണ്ട് ആവശ്യമാണ്. പദ്ധതി പൂർത്തിയാക്കാനാവശ്യമായ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

2018 മാർച്ച് 6-ാം തീയതിയുണ്ടായ വാഹനാപകടത്തിൽ മൂന്നുപേർ മരണമടഞ്ഞ ദാരുണ സംഭവത്തിൽ അശ്രദ്ധമായി വാഹനം ഓടിച്ച ലോറി ഡ്രൈവർക്കെതിരെ നിയമപ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്. വാഹനാപകടത്തിൽ മരണപ്പെട്ടതിനാൽ വാഹന ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ ലഭ്യമാക്കുമെന്നാണ് കരുതുന്നത്. എന്നിരുന്നാലും പരിശോധിച്ച് കൂടുതൽ ധനസഹായ നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടത് ചെയ്യുന്നതാണ്.

(3) കുന്നത്തൂർ താലൂക്ക് ഓഫീസിലെ തസ്തികകൾ

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കുന്നത്തൂർ താലൂക്ക് ഓഫീസിലെ തസ്തികകളെ സംബന്ധിച്ച വിവരമാണ് ഞാൻ ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആദ്യമേ ആവശ്യപ്പെടുകയാണ്. കേരളത്തിലെ ഏറ്റവും വലിയ താലൂക്കായ കാഞ്ഞിരപ്പള്ളി താലൂക്ക് ഓഫീസ് പോലെയുള്ള ഓഫീസുകളിലെ നിലവിലുള്ള സ്റ്റാറ്റസ് തഹസിൽദാർ -1, അഡീഷണൽ തഹസിൽദാർ -1, ഡെപ്യൂട്ടി തഹസിൽദാർ -10, ഹെഡ് ക്ലാർക്ക് -1, യു.ഡി. ക്ലാർക്ക് -25, എൽ.ഡി. ക്ലാർക്ക് -20, പ്യൂൺ -16, പി.റ്റി.എസ്. -3, സർവ്വേയർമാർ -3, ടൈപ്പിസ്റ്റ് -3 എന്നിങ്ങനെയാണ്. ഏഴ് വില്ലേജുകളുള്ള വളരെ വിസ്തൃതമായ ഭൂപ്രദേശമുള്ള താലൂക്കാണ് കുന്നത്തൂർ താലൂക്ക്. ഇവിടെ ധാരാളം റീ-സർവ്വേ അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. ജീവനക്കാരുടെ കുറവുമൂലമാണ് ഇത്തരം കാര്യങ്ങൾ പൂർണ്ണമായും ചെയ്യാൻ കഴിയാത്തത്. റവന്യൂ വകുപ്പിൽ ഇപ്പോഴും 1970-ലെ സ്റ്റാഫ് പാറ്റേൺ ആണ് നിലനിൽക്കുന്നത്. വില്ലേജ് ഓഫീസുകൾ ചെറിയ മുറികളിലാണ് പ്രവർത്തിക്കുന്നത്. വില്ലേജ് ആഫീസർക്ക് നന്നായി ഇരുന്ന് പ്രവർത്തിക്കാൻ കഴിയുന്നില്ല. ആവശ്യത്തിന് ജീവനക്കാരില്ല. ഇരുപത്തിയെട്ടോളം വാർഡുകളുള്ള പഞ്ചായത്തുകളിൽ ഒറ്റ വില്ലേജാണ് ഇപ്പോഴും നിലനിൽക്കുന്നത്. എന്റെ സ്വന്തം പഞ്ചായത്തായ മൈനാഗപ്പള്ളി പഞ്ചായത്തിൽപ്പോലും 22 വാർഡുകളുണ്ട്. വില്ലേജ് ഓഫീസ് ഒന്നേയുള്ളൂ. ഇങ്ങനെയുള്ള നിരവധി പ്രശ്നങ്ങളുണ്ട്. കൂടുതൽ ജീവനക്കാരെ നിയമിക്കണം.

പത്തനാപുരം താലൂക്ക് ഓഫീസിൽ 35 പേരാണ് ക്ലറിക്കൽ സ്റ്റാഫായുള്ളത്. കുന്നത്തൂർ താലൂക്ക് ഓഫീസിൽ 15 സ്റ്റാഫ് മാത്രമേയുള്ളൂ. പത്തനാപുരം കുന്നത്തൂർ താലൂക്ക് ഓഫീസുകളുമായി ബന്ധപ്പെട്ട് അത്രയും വലിയ വ്യത്യാസമുണ്ട്. വില്ലേജ് ഓഫീസുകളുടെയും താലൂക്ക് ഓഫീസുകളുടെയും പ്രവർത്തനം സുഗമമായി നടക്കുന്നതിന് കൂടുതൽ സ്റ്റാഫിനെ ആവശ്യമുണ്ട്. കൂടാതെ സർവ്വേയർമാരുടെ ഷോർട്ടേജുമുണ്ട്. കുന്നത്തൂർ താലൂക്ക് ഓഫീസിൽ ഒരു സർവ്വേയർ മാത്രമേയുള്ളൂ. എല്ലാ തസ്തികകളെക്കുറിച്ചും ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഒന്നുരണ്ട് തവണ ആ പ്രദേശം സന്ദർശിച്ചിട്ടുള്ള വ്യക്തിയെന്ന നിലയിൽ ഇതിന്റെ ഗൗരവം ഉൾക്കൊണ്ട് അധിക സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാന്യനായ കോവൂർ കുഞ്ഞുമോൻ 7 വില്ലേജുകൾ ഉൾപ്പെട്ട, കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിന്റെ കാര്യമാണ് പറഞ്ഞത്. ഇതിന്റെ വിസ്തൃതി 13,765.29 ഹെക്ടറാണ്. നിലവിലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് തഹസിൽദാർ -2, ഡെപ്യൂട്ടി തഹസിൽദാർ -6, ഹെഡ് ക്ലാർക്ക്-1, സീനിയർ ക്ലാർക്ക് -8, ക്ലാർക്ക് -7, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് -2, ഡ്രൈവർ ഗ്രേഡ് I - 1, ഓഫീസ് അറ്റൻഡർ - 7, സർവ്വേയർ - 1 എന്നിങ്ങനെയുള്ള തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. താലൂക്ക് പരിധിയിലുള്ള വില്ലേജുകളുടെ എണ്ണം 7 മാത്രമാണെങ്കിലും താരതമ്യേന ഓരോ വില്ലേജും വിസ്തൃതിയുടെ കാര്യത്തിൽ വലുതാണ്. ജോലി ക്രമീകരണ വ്യവസ്ഥ പ്രകാരം അധിക ജീവനക്കാരെ നിയമിച്ചിരുന്നുവെങ്കിലും നിലവിൽ ജോലി ക്രമീകരണ വ്യവസ്ഥ നിർത്തലാക്കിയത് താലൂക്കാഫീസിലെ ജോലികളുടെ കാര്യക്ഷമതയെ ബാധിച്ചിട്ടുണ്ടെന്ന് തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ താലൂക്കിന്റെ ജോലിഭാരം സംബന്ധിച്ച് പ്രത്യേക പഠനം നടത്തി ആവശ്യമായ ശിപാർശകൾ ലഭ്യമാക്കി താലൂക്കാഫീസിന്റെ പ്രവർത്തനം കാര്യക്ഷമ മാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം തീർച്ചയായും പരിശോധിക്കുന്നതാണ്. ഇത് 7 വില്ലേജുള്ള ഒരു താലൂക്കിന്റെ കാര്യമാണെങ്കിൽ തൃശ്ശൂർ ജില്ലയിൽ 74 വില്ലേജുകളുള്ള ഒരു താലൂക്കുകൂടിയുണ്ടെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതിനെ സംബന്ധിച്ചിടത്തോളം പരിശോധിച്ച് ആവശ്യമായ വിധത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നുള്ളത് ആലോചിക്കാം.

## (4) കടൽഭിത്തി പുനർനിർമ്മാണം

ശ്രീ. വി. എസ്. ശിവകുമാർ: സർ, എന്റെ നിയോജകമണ്ഡലമായ തിരുവനന്തപുരത്ത് കടലാക്രമണ ഭീഷണി നേരിടുന്ന തീരപ്രദേശങ്ങളിൽ അടിയന്തരമായി കടൽഭിത്തി നിർമ്മിക്കണമെന്ന ആവശ്യമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ വലിയതുറ കടൽപ്പാലത്തിന്റെ വലതുഭാഗമായ വലിയതുറ മുതൽ കൊച്ചുതോപ്പുവരെയും ഇടതുഭാഗത്ത് ചെറിയതുറ സുനാമി കുരിശ്ശടി, വേളാങ്കണ്ണി കടപ്പുറം, ബീമാപള്ളി, മാമോട്ടുവിളാകം, തയ്ക്കാപ്പള്ളി, കൈതവിളാകം എന്നീ പ്രദേശങ്ങളിലും അതിരൂക്ഷമായ കടലാക്രമണംമൂലം കടൽഭിത്തികൾ നശിക്കുകയും കടൽഭിത്തിയില്ലാത്ത സ്ഥലങ്ങളിൽ വീടുകളും തീരദേശ റോഡുകളും തകർന്ന അവസ്ഥയിലുമാണ്. ഇതുകൂടാതെ പൂന്തുറ ചേരിയമുട്ടം, നടുത്തുറ, മുടവം എന്നീ പ്രദേശങ്ങൾ അതിരൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ വെട്ടുകാട് മുതൽ പൂന്തുറ വരെയുള്ള മേഖലകൾ അതിരൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളാണ്. ജൂൺ-ജൂലൈ മാസങ്ങളിലാണ് തീരപ്രദേശത്ത് കടലാക്രമണമുണ്ടാകുന്നത്.

ഓഖി ദുരന്തത്തിനുശേഷം കടൽ പിൻവലിഞ്ഞിട്ടില്ല. അതുകൊണ്ട് ഇപ്പോൾ ചെറിയ കാറ്റടിച്ചാൽപ്പോലും തീരപ്രദേശത്തുള്ള വീടുകൾ നശിക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ടാകുന്നു. കടലാക്രമണ സീസണിനുമുമ്പ് നടപടികൾ സ്വീകരിച്ചാൽ മാത്രമേ കടൽഭിത്തി നിർമ്മിക്കുന്നതിന് കഴിയുകയുള്ളൂ. ഇതോടൊപ്പം പൂന്തുറ പ്രദേശത്തുള്ള 8 പുലിമുട്ടുകളും കേടുപാടുകൾ സംഭവിച്ച അവസ്ഥയിലാണ്. ആ പുലിമുട്ടുകളുടെ നീളംകൂട്ടി പുനർനിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. സംസ്ഥാന ഗവൺമെന്റ് തുക അനുവദിച്ചാൽത്തന്നെ കടൽഭിത്തി നിർമ്മിക്കുന്നതിന് പാറകൾ കിട്ടുന്നില്ലെന്നുള്ളത് ഏറ്റവും പ്രധാനമാണ്. വലിയതുറയിൽ 75 ലക്ഷം രൂപ അനുവദിച്ച് ടെൻഡർ വിളിച്ചിട്ടും ആരും വരുന്നില്ല. ഉദ്യോഗസ്ഥർ തന്നെ ആരെയെങ്കിലും ഏൽപ്പിക്കണമെന്ന് വിളിച്ചു പറയുകയാണ്. അതൊരു വലിയ പ്രശ്നമാണ്. കാരണം പാറകൾ കിട്ടാത്തതുകൊണ്ടാണ് കടൽഭിത്തി നിർമ്മാണം നടക്കാത്തത്. എന്റെ നിയോജകമണ്ഡലത്തിൽ മാത്രമല്ല, സംസ്ഥാന വ്യാപകമായുള്ള പ്രശ്നമാണിത്. കടലാക്രമണ ഭീഷണി നേരിടുന്നതിനുവേണ്ടി, സംസ്ഥാനത്ത് ക്വാറി ഉടമകളുടെ അടിയന്തരയോഗം ബഹുമാനപ്പെട്ട മന്ത്രിതന്നെ വിളിച്ചുചേർത്ത് അവർ ഉല്പാദിപ്പിക്കുന്ന പാറക്കല്ലുകളുടെ ഒരു നിശ്ചിത വിഹിതം തീരദേശ മേഖലകളിൽ കടൽഭിത്തി നിർമ്മാണത്തിനുവേണ്ടി നൽകണമെന്നുള്ള കരാർ ഉണ്ടാക്കണം. ജൂൺ-ജൂലൈ മാസങ്ങളിൽ രൂക്ഷമായ കടലാക്രമണം ഉണ്ടാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല.

ഇപ്പോൾ എല്ലാകാര്യങ്ങളും വിഴിഞ്ഞം തുറമുഖത്തിലേയ്ക്ക് പോകുകയാണ്. വിഴിഞ്ഞം തുറമുഖ നിർമ്മാണം വേണ്ടതുതന്നെയാണ്. എന്നാൽ കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളൊന്നും നടക്കുന്നില്ല. ഒരു കാര്യംകൂടി സൂചിപ്പിക്കാനുള്ളത്, ബീമാപള്ളി ചെറിയതുറ പ്രദേശത്ത് 18 കോടി രൂപയുടെ 18 പുലിമുട്ടുകളുടെ നിർമ്മാണം തുടങ്ങിയിട്ട് ഒന്നരവർഷമായി. പുലിമുട്ടുകൾ പൂർത്തീകരിക്കേണ്ട കാലാവധി 18 മാസമാണ്. എന്നാൽ അതിൽ 10 ശതമാനം പണിപോലും പൂർത്തീകരിച്ചിട്ടില്ല. അതുകൊണ്ട് അടിയന്തരമായി അവിടെ പാറക്കല്ലുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകണം. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് കേന്ദ്ര സംഘം സന്ദർശിച്ചപ്പോൾ കടൽഭിത്തി നിർമ്മിക്കുന്നതിനും തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതിനും സാമ്പത്തികസഹായം അനുവദിക്കണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. 169 കോടി രൂപ മാത്രമാണ് കേന്ദ്രഗവൺമെന്റ് അനുവദിച്ചിട്ടുള്ളത്; അത് പ്രതിഷേധാർഹമാണ്. കടൽഭിത്തി നിർമ്മിക്കുന്നതിനും വീടുകൾ പുനർനിർമ്മിക്കുന്നതിനുമുള്ള തുക അനുവദിച്ചിട്ടുണ്ടെങ്കിൽ അതുംകൂടി ഈ പ്രദേശത്തെ പ്രവർത്തനങ്ങൾക്ക് നൽകുന്നതിനുള്ള നടപടി ഉണ്ടാകണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിലുൾപ്പെട്ട കടൽത്തീരത്തിന്റെ 7 കിലോമീറ്റർ ദൂരത്തിൽ, മുൻകാലത്ത് നിർമ്മിച്ചിട്ടുള്ള കടൽഭിത്തികളുടെ മിക്കവാറും ഭാഗങ്ങൾ കടലാക്രമണത്തെ തുടർന്ന് സാരമായ കേടുപാടുകൾ സംഭവിക്കുകയും ചില ഭാഗങ്ങൾ തകർന്നുപോകുകയും ചെയ്തിട്ടുണ്ട്. വലിയതുറ കടൽപ്പാലത്തിന്റെ വടക്കുവശം, വലിയതുറ പാലം മുതൽ ശംഖുംമുഖം വരെ കടൽഭിത്തിക്ക് ബലക്ഷയം സംഭവിക്കുകയും ഏകദേശം 1700-ഓളം മീറ്റർ കടൽഭിത്തി തകർന്നുപോകുകയും ചെയ്തിട്ടുണ്ട്. ആ പ്രദേശത്തെ കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. എന്നാൽ വലിയതുറ പാലം മുതൽ ചെറിയതുറ പാലം വരെ കടൽഭിത്തി പൂർണ്ണമായും തകർന്ന അവസ്ഥയിലാണ്. ചെറിയതുറയിൽ 36 ലക്ഷം രൂപയുടെയും വലിയതുറയിൽ 37 ലക്ഷം രൂപയുടെയും രണ്ട് പുനരുദ്ധാരണ പ്രവൃത്തികൾക്ക് അനുവാദം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, നിരവധി തവണ ടെൻഡറും ക്വട്ടേഷനും വിളിച്ചിട്ടുണ്ട്. കരാറുകാർ ആരുംതന്നെ പാറയുടെ ദൗർലഭ്യം കാരണം പ്രവൃത്തി ഏറ്റെടുക്കുന്നില്ല.

ഓഖി ചുഴലിക്കാറ്റിനോടനുബന്ധിച്ച് ഈ ഭാഗത്ത് കൂടുതൽ നാശനഷ്ടങ്ങളുണ്ടായി. ഈ പ്രദേശത്തെ 575 മീറ്റർ കടൽഭിത്തി

പുനർനിർമ്മിക്കാനുള്ള എസ്റ്റിമേറ്റും തയ്യാറാക്കി വരികയാണ്. പൂന്തുറ മടവം മുതൽ ചർച്ച് വരെയുള്ള ഭാഗങ്ങളിൽ 35 മീറ്റർ, 30 മീറ്റർ നീളത്തിൽ രണ്ട് കടൽഭിത്തികൾ 24.9 ലക്ഷം രൂപയും 24.23 ലക്ഷം രൂപയും പുനർനിർമ്മിച്ചിട്ടുണ്ട്. കൈതവിളാകം ഭാഗങ്ങൾ ഈ പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടില്ല. ഓഖി ചുഴലിക്കാറ്റിനെത്തുടർന്ന് ടി പ്രദേശങ്ങളിൽ കടൽഭിത്തിക്ക് നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. ചെറിയതുറ കുരിശ്ശടി മുതൽ തെക്കോട്ട് 1,245 മീറ്റർ നീളത്തിൽ 16.8 കോടി രൂപയുടെ 15 പുലിമുട്ടുകളുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയാണ്. അതിന്റെ സൈറ്റ് കരാറുകാരന് കൈമാറി നൽകിയത് 05-10-2016-ലാണ്. 18 മാസംകൊണ്ട് പൂർത്തീകരിക്കണമെന്ന് പറയുന്ന കാലാവധി 2018 ഏപ്രിൽ മാസത്തിലാണ് കഴിയുന്നത്. എന്നാൽ 20 ശതമാനത്തോളം പണികൾ മാത്രമാണ് ഇപ്പോൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. അതിനുകാരണം ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ പാറയുടെ ദൗർലഭ്യമാണ്. ഈ പ്രവൃത്തികളൊക്കെ വളരെ മന്ദഗതിയിലാണ് പുരോഗമിക്കുന്നത്. ചില സ്ഥലങ്ങളിൽ കരാർ ഏറ്റെടുക്കാൻ തന്നെ ആളുകളില്ല. ചെറിയതുറയിൽ 27 മീറ്റർ നീളത്തിൽ കടൽഭിത്തി ബലപ്പെടുത്താനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. ഇവിടെ പൊട്ടിച്ചെടുക്കുന്ന പാറയുടെ ഒരു നിശ്ചിത ശതമാനം കടൽഭിത്തി നിർമ്മാണത്തിനുവേണ്ടി മാറ്റിവയ്ക്കണമെന്ന നിബന്ധന വയ്ക്കാൻ കഴിയുമോ എന്ന് പരിശോധിക്കാം. അതിന് നിയമപരമായി സാധ്യതയുണ്ടോയെന്ന് അറിയില്ല. അതേസമയംതന്നെ കേരളത്തിലെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്ക് മറ്റു മാർഗ്ഗങ്ങൾ, അതായത് ജിയോ ട്യൂബിൽ മണൽ നിറച്ചുകൊണ്ട് സംരക്ഷിക്കുന്നതടക്കമുള്ള കാര്യങ്ങളിൽ പരീക്ഷണം നടത്തുകയാണ്. ചെല്ലാനത്തും ആലപ്പുഴ പ്രദേശങ്ങളിലും പ്രസ്തുത പരീക്ഷണം നടത്തിയിട്ടുണ്ട്. മറ്റു സ്ഥലങ്ങളിലേയ്ക്കുകൂടി ഇത് വ്യാപിപ്പിക്കണം. ഇപ്പോൾ പാറ ലഭിക്കാത്ത അവസ്ഥയിൽ അത്തരത്തിലുള്ള സാങ്കേതികവിദ്യയിലേയ്ക്ക് പോകുന്നതായിരിക്കും അഭികാമ്യമെന്ന് കണ്ടെത്തി പരീക്ഷണാടിസ്ഥാനത്തിൽ അത്തരത്തിലുള്ള പണികൾ ആരംഭിച്ചിട്ടുണ്ട്.

(5) നെൽകൃഷി വികസനം

ശ്രീ. കെ. ദാസൻ: സർ, കൊയിലാണ്ടി - പേരാമ്പ്ര നിയോജക മണ്ഡലത്തിലെ കൊയിലാണ്ടി നഗരസഭയിലും അരിക്കുളം കീഴരിയൂർ ഗ്രാമപഞ്ചായത്തിലും ഉൾപ്പെടുന്ന വെളിയന്നൂർ ചില്ലിയിൽ ഏതാണ്ട് 1360 ഏക്കർ ഭൂമി തരിശായി കിടക്കുകയാണ്. നിരവധി കർഷകരുടെ കൈകളിലാണ് ഈ സ്ഥലമുള്ളത്. വർഷങ്ങളായി കൃഷി ചെയ്യാൻ കഴിയാത്തതിനാൽ പലരും കൃത്യമായി ഭൂനികുതി അടയ്ക്കുന്നില്ല. തരിശ് സ്ഥലത്ത് കൃഷി ചെയ്യുതിന്റെ

ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കാൻ, എല്ലാവരോടും ഭൂനികുതി അടയ്ക്കാൻ കൃഷി വകുപ്പ് അധികൃതർ നിർദ്ദേശം നൽകിയിട്ടുണ്ട്. നാൽപ്പത് വർഷത്തോളമായി പുല്ലും പായലും നിറഞ്ഞ് തരിശായി കിടന്ന ഭൂമിയിലാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 'ഹരിതകേരളം മിഷന്റെ' ഭാഗമായി നെൽ കൃഷി ആരംഭിക്കുന്നത്. ഈ പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തനം മലബാറിന്റെ കാർഷിക മേഖലയ്ക്കുതന്നെ ഉണർവ്വായി മാറിയിട്ടുണ്ട്. ഈ സ്ഥലം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും ഡോ. സീമയും സന്ദർശിക്കുകയും കാര്യങ്ങളെല്ലാം നേരിട്ട് മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. ജല സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി 6 തോടുകളും ജൈവപച്ചക്കറി വ്യാപനവും ഇതിന്റെ ഭാഗമായിട്ടുണ്ട്. പാടശേഖരത്തിലെ പായലും പുല്ലും വെള്ളക്കെട്ടുമാണ് കൃഷിക്ക് അനുയോജ്യമല്ലാതെ തരിശായി കിടക്കാൻ കാരണം. ആദ്യഘട്ടത്തിൽ 5 കിലോ മീറ്റർ നീളത്തിൽ പാടത്തിനു കുറുകെ തോട് നിർമ്മിച്ച് വെള്ളക്കെട്ട് ഒഴിവാക്കുന്ന പദ്ധതിക്കാണ് തുടക്കം കുറിച്ചത്. ഇതിനോടകം തന്നെ 2 മീറ്റർ ആഴത്തിലും 6 മീറ്റർ വീതിയിലും 2550 മീറ്റർ നീളത്തിലും തോട് നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. തോട് നിർമ്മാണത്തിന് ചെലവായ നാലര ലക്ഷം രൂപ വിവിധ ഫണ്ടുകളിൽ നിന്നും കണ്ടെത്താൻ ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രി റ്റി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ കോഴിക്കോട് കളക്ടറേറ്റിൽ ചേർന്ന യോഗത്തിൽ ധാരണയായിട്ടുണ്ട്. പദ്ധതിയുടെ തുടർ ഘട്ടത്തിൽ തോടിന്റെ ബാക്കിയുള്ള ഭാഗത്ത് അനുബന്ധമായ ചെറുതോടുകൾ നിർമ്മിക്കാനുണ്ട്. ഈ തോടിന്റെ നിർമ്മാണം പ്രദേശങ്ങളെ കൂട്ടിയിണക്കുക മാത്രമല്ല ജില്ലയിലെ ജല സംരക്ഷണ പ്രവർത്തനത്തിന്റെ പ്രധാന പ്രവർത്തനംകൂടിയായി മാറും. കയർ ഭൂവസ്ത്രം ഉപയോഗിച്ച് തോട് സംരക്ഷിക്കുന്നതിനുവേണ്ട നടപടിയും സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ഈ തോട് വഴി ബന്ധിപ്പിക്കപ്പെടുന്ന, മരിച്ചുകൊണ്ടിരിക്കുന്ന മായാട് പുഴയ്ക്കും ചെറിയോത്താൽ പുഴയ്ക്കും ഇതുവഴി പുതുജീവൻ ലഭിക്കുകയും ചെയ്യും. 1360 ഏക്കറോളം വരുന്ന ഈ തരിശു പാടശേഖരത്തിൽ ആദ്യഘട്ടത്തിൽ 500 ഏക്കറോളം സ്ഥലത്താണ് നെൽകൃഷി ഇറക്കിയിരിക്കുന്നത്. ഇതിനാവശ്യമായ 7500 കി. ഗ്രാം നെൽ വിത്ത് സൗജന്യമായും ജനകീയാസൂത്രണ പദ്ധതിയിൽ നിന്നും 50 ശതമാനം സബ്സിഡി നിരക്കിൽ വളവും വിതരണം ചെയ്തു കഴിഞ്ഞു. മങ്കൊമ്പ് കാർഷിക ഗവേഷണ കേന്ദ്രത്തിൽ വികസിപ്പിച്ചെടുത്ത ഉമ ഇനത്തിൽപ്പെട്ട നെൽവിത്താണ് അവിടെ നട്ടത്. ജനകീയോത്സവമായിട്ടായിരുന്നു ഞാറ് നടീൽ പ്രവൃത്തി നടന്നത്. നിലമൊരുക്കലിനും മറ്റ് കൃഷിപ്പണികൾക്കുമായി ഒരു ഹെക്ടറിന് 30,000 രൂപ നിരക്കിൽ ഇതുവരെ 42 ലക്ഷം രൂപ ചെലവായിട്ടുണ്ട്. നിലമൊരുക്കൽ, വിത്ത്,

വളം, കുമ്മായം, പമ്പ് സെറ്റ് എന്നീ ഇനങ്ങളിലായി ആകെ 60 ലക്ഷത്തോളം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനുപുറമേ തോട് നിർമ്മാണത്തിന് നാലരലക്ഷം രൂപയും ഇതിനോടകം തന്നെ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ചിട്ടുണ്ട്. ആകെ 65 ലക്ഷത്തോളം രൂപ ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്. വലിയ സാമ്പത്തിക ബാധ്യതയാണ് ഇതിനുവേണ്ടി ഉണ്ടായിട്ടുള്ളത്. മലബാറിലെ തന്നെ ഏറ്റവും വിസ്തൃതമായ പാടശേഖരത്തിലെ ഈ നെൽകൃഷി ബാക്കി ഭാഗത്തേയ്ക്കുകൂടി വ്യാപിപ്പിക്കാനും മണ്ഡലത്തിലെ 2 നഗരസഭകളിലും 4 പഞ്ചായത്തുകളിലുമായി ഏകദേശം രണ്ടായിരത്തോളം ഏക്കർ തരിശുഭൂമി കൃഷിയോഗ്യമാക്കാനുമുള്ള, 'തരിശുഭൂമികൾ കൃഷിയോഗ്യമാക്കൽ' എന്ന സർക്കാർ ലക്ഷ്യത്തെ മുൻനിർത്തി ആവശ്യമായ സാമ്പത്തിക സഹായവും സാങ്കേതിക സഹായവും നൽകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിൽ ഏകദേശം മുപ്പത്തിനാലായിരത്തോളം ഏക്കർ തരിശ് നിലങ്ങളിൽ കൃഷി ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. കൊയിലാണ്ടി-പേരാമ്പ്ര മണ്ഡലങ്ങളിലായി വ്യാപിച്ചുകിടക്കുന്ന കൊയിലാണ്ടി, അരിക്കുളം, കീഴരിയൂർ കൃഷിഭവനുകളുടെ പരിധിയിൽ വരുന്ന വിസ്തൃതമായ ഭൂപ്രദേശമാണ് വെളിയന്നൂർ ചില്ലി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ കൃഷി വകുപ്പിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ വെളിയന്നൂർ ചില്ലിയിൽ ഉൾപ്പെടുന്ന ഏകദേശം 500 ഏക്കർ സ്ഥലത്ത് കൃഷിയിറക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിർത്തി നിർണ്ണയിക്കാൻ കഴിയാത്ത തരത്തിൽ വർഷങ്ങളായി തരിശായി കിടന്ന ഈ ചതിപ്പുനിലം ഘട്ടംഘട്ടമായി മാത്രമേ കൃഷിയോഗ്യമാക്കാൻ കഴിയുകയുള്ളൂവെന്നാണ് കൃഷി വിദഗ്ദ്ധർ പറയുന്നത്. ഈ പ്രദേശത്തെ തരിശ് കൃഷിക്ക് ഹെക്ടർ ഒന്നിന് മുപ്പതിനായിരം രൂപ നിരക്കിൽ ഇപ്പോൾത്തന്നെ പണം അനുവദിക്കുകയുണ്ടായി. ഇതിനുപുറമെ 7500 കിലോഗ്രാം നെൽ വിത്ത് സൗജന്യമായി നൽകുകയുണ്ടായി. 50 ശതമാനം സബ്സിഡി നിരക്കിൽ വളവും 70 ശതമാനം സബ്സിഡി നിരക്കിൽ കുമ്മായവും നൽകുകയുണ്ടായി. വെളിയന്നൂർ ചില്ലിയിൽ നെൽകൃഷിക്കായി കൊയിലാണ്ടി കൃഷി ഭവൻ മുഖേന 60 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. കൂടാതെ അരിക്കുളം കൃഷി ഭവൻ മുഖേന മറ്റൊരു 60 ലക്ഷം രൂപയ്ക്കു കൂടി അനുവാദം നൽകിയിട്ടുണ്ട്. ജെ.സി.ബി. ഉപയോഗിച്ച് 2 മീറ്റർ ആഴത്തിലും 6 മീറ്റർ വീതിയിലും 2580 മീറ്റർ നീളത്തിലും ഏകദേശം നാലര ലക്ഷം രൂപ ചെലവിൽ തോണിച്ചാൽ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. ഇതിനുപുറമേ കൊയിലാണ്ടി കൃഷിഭവൻ പരിധിയിൽ വരുന്ന പ്രദേശത്ത് തോട് നിർമ്മാണത്തിനായി ATMA ഡിസ്ട്രിക്ട് സ്പെസിഫിക് ആക്ടിവിറ്റീസിൽനിന്നും

മൂന്നര ലക്ഷം രൂപ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അരിക്കുളം കൃഷിഭവൻ പരിധിയിൽ വരുന്ന തോട് നിർമ്മാണത്തിന് പഞ്ചായത്ത് റിസോഴ്സ് ഗ്രൂപ്പ് ആൻഡ് പഞ്ചായത്ത് ഫാം പ്ലാൻ പദ്ധതിയിൽ നിന്നും നാല് ലക്ഷം രൂപയും അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൃഷി-റവന്യൂ വകുപ്പുകൾ സംയുക്തമായി വെളിയന്നൂർ ചില്ലിയുടെ അതിർത്തി നിർണ്ണയിക്കുകയും നികത്തപ്പെട്ട നിലത്തിന്റെ വിസ്തൃതി സംബന്ധിച്ച വിവര ശേഖരണം പൂർത്തിയാകുകയും ചെയ്യുന്ന മുറയ്ക്ക് വെളിയന്നൂർ ചില്ലിയിലെ കൃഷിയോഗ്യമായ മുഴുവൻ പ്രദേശത്തും വിവിധ പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട് നെൽ കൃഷിയിറക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഈ പ്രത്യേക പദ്ധതി പൂർത്തിയാകുന്നതോടെ ഈ പ്രദേശം പൂർണ്ണമായും തരിശ് രഹിതമാകുകയും ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം പൂർത്തിയാകുകയും ചെയ്യും. സമയബന്ധിതമായി ഈ പദ്ധതി പൂർത്തീകരിക്കാൻ കൃഷി വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ പ്രത്യേക ചുമതലയുള്ള ഓഫീസറായി നിയമിക്കുന്നതാണ്.

## (6) ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് നവീകരണം

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ് ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് (ടി.സി.സി.). കഴിഞ്ഞ രണ്ടുവർഷമായി ടി.സി.സി. നഷ്ടത്തിൽനിന്നും കരകയറി ലാഭത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഈ സർക്കാർ ഓപ്പൺ ആക്സസ് വഴി വൈദ്യുതി വാങ്ങാനുള്ള അനുമതി നൽകിയതിനെത്തുടർന്നും ആ സ്ഥാപനം മെച്ചപ്പെട്ട ഉൽപ്പാദനക്ഷമത കൈവരിച്ചതിനെത്തുടർന്നും മാർക്കറ്റിൽ ഇടപെട്ടുകൊണ്ട് ഉൽപ്പന്നത്തിന് നല്ല വില കിട്ടുന്ന സാഹചര്യം ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞതിനാലുമാണ് കഴിഞ്ഞ രണ്ടുവർഷമായി നഷ്ടത്തിൽ നിന്നും ലാഭത്തിലേയ്ക്ക് കരകയറിയത്. രാജ്യത്താകമാനം കെമിക്കൽ വ്യവസായം വലിയ പ്രതിസന്ധി നേരിടുകയാണ്. ഈ പ്രതിസന്ധി ടി.സി.സി.-യെ ഇനിയും ബാധിക്കാം. അതുകൊണ്ട് അധികകാലം ഈ നിലയിൽ ലാഭത്തിൽ പോകാൻ ടി.ടി.സി.-ക്ക് കഴിയില്ല. അതിന് കഴിയണമെങ്കിൽ ഇപ്പോഴുള്ള ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്. ആ ലക്ഷ്യം വച്ചുകൊണ്ട് കാസ്റ്റിക് സോഡ ഉൽപ്പാദിപ്പിക്കുന്ന എ.ജി.സി. പ്ലാന്റിന്റെ കപ്പാസിറ്റിയും എച്ച്.സി.എൽ. പ്ലാന്റിന്റെ ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ കഴിയണം. 10 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള കാലാവധി ഫെബ്രുവരി 15-ന് അവസാനിച്ചു. എന്നാൽ അതിന്റെ ടെൻഡർ നടപടി സ്വീകരിച്ച് അടിയന്തരമായി ടി.സി.സി.-യുടെ വളർച്ചയ്ക്ക് സഹായകരമായ നടപടി എടുക്കേണ്ടതുണ്ട്. ഇപ്പോൾ ആരംഭിച്ചാൽ

മാത്രമേ വളരെ വേഗത്തിൽ പ്ലാന്റുകളുടെ നവീകരണവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ കഴിയൂ. അതിന് അടിയന്തരമായി ഗവൺമെന്റ് മുൻകയ്യെടുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നാണ് ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്. ടി.സി.സി.-യുടെ പ്രതിദിന കാസ്റ്റിക് സോഡ ഉൽപ്പാദനശേഷി 175 ടൺ ആണ്. 1996-ൽ ആരംഭിച്ച പ്ലാന്റിൽ നിന്നും 125 ടണ്ണും 2005, 2006 എന്നീ വർഷങ്ങളിൽ ആരംഭിച്ച പ്ലാന്റുകളിൽ നിന്നും 25 ടൺ വീതവും പ്രതിദിനം ഉൽപ്പന്നം ലഭിക്കുന്നു. 1996-ൽ പ്രവർത്തനം തുടങ്ങിയ പ്ലാന്റ് പഴയതും സാങ്കേതിക വിദ്യയിലെ ആദ്യ തലമുറയിൽപ്പെട്ടതുമാണ്. എന്നാൽ പുതിയ പ്ലാന്റുകൾ ആധുനിക സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായതും ഊർജ്ജ ഉപയോഗം പരമാവധി കുറയ്ക്കുന്ന തരത്തിലുള്ളതുമാണ്. സമീപകാലത്തായി കാസ്റ്റിക് സോഡയുടെ വർദ്ധിച്ചുവരുന്ന ആവശ്യകത നിറവേറ്റുന്നതിനും ഈ മേഖലയിലെ നിർണ്ണായക ശക്തിയായി മാറേണ്ടതിനും ടി.സി.സി.-യുടെ പ്രതിദിന കാസ്റ്റിക് സോഡ ഉൽപ്പാദന ശേഷി 175 ടണ്ണിൽ നിന്നും 350 ടണ്ണിലേയ്ക്ക് ഉയർത്തേണ്ടതുണ്ട്. ഈ മേഖല നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് പഠിക്കുന്നതിന് ഒരു പ്രമുഖ കൺസൾട്ടന്റിനെ നിയമിക്കുകയും 175-ൽ നിന്നും 350 ടണ്ണിലേയ്ക്ക് പ്രതിദിന ഉൽപ്പാദനം ഘട്ടംഘട്ടമായി ഉയർത്തുന്നത് കമ്പനിക്ക് ലാഭകരമായിരിക്കുമെന്ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയ്ക്ക് പുതിയൊരു 75 ടൺ പ്ലാന്റ് അടിയന്തരമായി നടപ്പാക്കി ഉൽപ്പാദനശേഷി 250 ടൺ ആക്കുകയും അടുത്ത ഘട്ടത്തിൽ ഉൽപ്പാദനം 350 ടണ്ണായി ഉയർത്തുകയും ചെയ്യും. പുതിയ 75 ടൺ പ്ലാന്റിന്റെ വിശദമായ പദ്ധതിരേഖ 19-02-2018-ൽ നടന്ന പബ്ലിക് എന്റർപ്രൈസസ് ബോർഡ് മീറ്റിംഗിൽ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രോജക്ടിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. പ്രസ്തുത പദ്ധതിച്ചെലവിനാവശ്യമായ 50 കോടി രൂപയിൽ 20 കോടി രൂപ കമ്പനിയുടെ സ്വന്തം ഫണ്ടിൽ നിന്നും ബാക്കി 30 കോടി രൂപ ബാങ്കുകളിൽ നിന്നും കടമെടുത്ത് ചെയ്യാനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി 16 മാസംകൊണ്ട് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മേൽ പദ്ധതി നടപ്പാക്കി കഴിയുമ്പോൾ വാർഷിക വരുമാനത്തിൽ 90 കോടി രൂപയുടെയും ലാഭത്തിൽ 11 കോടി രൂപയുടെയും വർദ്ധനവുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. എച്ച്.സി.എൽ. പ്ലാന്റിന്റെ ഉൽപ്പാദനക്ഷമത

വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള പഴയ 30 ടണ്ണിന്റെ എച്ച്.സി.എൽ. ഓവൻ മാറ്റി പുതിയ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ 60 ടണ്ണിന്റെ ഓവൻ സ്ഥാപിക്കുകവഴി കമ്പനിയുടെ ഫർണസ് ഓയിൽ ഉപയോഗം കുറയ്ക്കുന്നതിനും ഏതാണ്ട് 350 ലക്ഷം രൂപ പ്രതിവർഷം ലാഭിക്കാനും കഴിയും. ഈ നിർദ്ദേശം റിയാബും പ്ലാനിംഗ് ബോർഡും ഗവൺമെന്റും അംഗീകരിക്കുകയും ടെൻഡർ വിളിക്കുന്നതിനുള്ള അനുമതി നൽകുകയും ചെയ്തതിനെത്തുടർന്ന് കമ്പനി ആഗോള ടെൻഡർ വിളിക്കുകയുണ്ടായി. രണ്ട് കമ്പനികൾ പ്രസ്തുത ടെൻഡറിൽ താൽപ്പര്യം പ്രകടിപ്പിക്കുകയും ഓഫർ നൽകുകയും ചെയ്തു. ഈ ഓഫറുകളുടെ സൂക്ഷ്മ പരിശോധനയ്ക്കായി സാങ്കേതിക വിദഗ്ദ്ധരുടെ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ടി കമ്മിറ്റിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ എസ്.ജി.എൽ. കാർബൺ എന്ന കമ്പനിയെ പരിഗണിക്കാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത ടെൻഡർ അംഗീകരിക്കുന്ന വിഷയം സ്റ്റോർ പർച്ചേസ് വകുപ്പിന്റെ പരിശോധനയിലാണ്. നടപടിക്രമങ്ങൾ എത്രയുംവേഗം പൂർത്തിയാക്കി പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ സത്വരനടപടികൾ സ്വീകരിക്കുന്നതാണ്.

(7) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇടുക്കി ജില്ലയിലെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി പ്രതിസന്ധിയിലാണ്. തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റീരിയൽ വർക്ക് ചെയ്യുന്നതിന് മെറ്റീരിയലിന്റെ റേറ്റ് തീരുമാനിക്കുന്നത് പി.ഡബ്ല്യൂ.ഡി. (ബിൽഡിംഗ്സ്) എൽ.എം.ആർ. പ്രകാരമാണ്. പി.ഡബ്ല്യൂ.ഡി. എൽ.എം.ആർ.-ൽ പറഞ്ഞിട്ടുള്ള റേറ്റുകളാണ് ഇപ്പോൾ തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റീരിയൽ എടുക്കുന്നതിനായി ഉപയോഗിച്ചുവരുന്നത്. ഇതിൻപ്രകാരം മണലിന്റെ റേറ്റ് കോഡ് നമ്പർ 982 പ്രകാരം 2880-ഉം കോഡ് നമ്പർ 983 പ്രകാരം 2760-ഉം ആണ്. ഈ റേറ്റ് ഉപയോഗിച്ചാണ് പഞ്ചായത്തിലും പി.ഡബ്ല്യൂ.ഡി.-യിലും വർക്കുകൾ ചെയ്യുന്നത്. ഈ റേറ്റ് എം.ജി.എൻ.ആർ.ഇ.ജി.എസ്.-ലും അനുവദിച്ചുതരണമെന്നുള്ളതാണ് പ്രധാന ആവശ്യം. യാതൊരു കാരണവുമില്ലാതെ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ ഇത് നിരാകരിച്ചിരിക്കുകയാണ്. ഇടുക്കി ജില്ലയെ സംബന്ധിച്ചിടത്തോളം ക്വാറികൾ കുറവായതിനാലും ദൂരം കൂടുതലായതിനാലും ഇപ്പോൾ ചീഫ് എഞ്ചിനീയർ ചെയർമാനായ ടെക്നിക്കൽ കമ്മിറ്റി പറഞ്ഞിട്ടുള്ള റേറ്റ് വച്ച് മണൽ ലഭ്യമല്ല. ടെക്നിക്കൽ കമ്മിറ്റി നിശ്ചയിച്ച റേറ്റ് കോഡ് നമ്പർ 982 പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസ്.-ൽ 1930-ഉം പി.ഡബ്ല്യൂ.ഡി 2880-ഉം ആണ്. കോഡ് നമ്പർ 983 പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസ്-ൽ 1780-ഉം

പി.ഡബ്ല്യൂ.ഡി.-യിൽ 2760-ഉം ആണ്. ഇതാണ് ഇപ്പോൾ നിലവിലുള്ള വ്യത്യാസം. 03-02-2012-ൽ ഇടുക്കി ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ കൂടിയ കമ്മിറ്റി പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ റേറ്റ് അംഗീകരിച്ച് നൽകണമെന്ന് ആവശ്യപ്പെടുകയും ബഹുമാനപ്പെട്ട മന്ത്രിയെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ കണ്ട് ഇടുക്കിയിലെ അവസ്ഥ വിവരിക്കുകയും ചെയ്തു. കാര്യം മനസ്സിലാക്കിയ മന്ത്രി മിഷൻ ഡയറക്ടറോട് ഈ നിരക്ക് പ്രാബല്യത്തിൽ വരുത്താൻ നിർദ്ദേശിച്ചു. തുടർന്ന് മൂന്ന് ദിവസം എം.ജി.എൻ.ആർ.ഇ.ജി.എസ്.-ന്റെ സെക്വയർ സോഫ്റ്റ് വെയറിൽ പി.ഡബ്ല്യൂ.ഡി. നിരക്ക് പ്രാബല്യത്തിൽ വരികയും മൂന്ന് ദിവസത്തിനുശേഷം എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശത്തെ തുടർന്ന് ഈ റേറ്റ് മാറ്റി പഴയ റേറ്റാക്കുകയും ചെയ്തു. ഇതുമൂലം തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുന്നു. ഗ്രാമീണ മേഖലയിൽ ഉണ്ടാകാവുന്ന വികസന പ്രവർത്തനങ്ങൾക്ക് 200 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യമുണ്ട്. ഇത് കണക്കിലെടുത്ത് പി.ഡബ്ല്യൂ.ഡി.-യും എൽ.എസ്.ജി.ഡി.-യും നിലവിൽ എടുത്തിട്ടുള്ള റേറ്റ് പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ വർക്കുകൾ ചെയ്യുന്നതിന് ആവശ്യമായ റേറ്റ് നിശ്ചയിച്ച് നൽകാൻ വേണ്ട നിർദ്ദേശം നൽകണമെന്നതാണ് ഈ സബ്മിഷൻ.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, മാനുഫാക്ച്ചേർഡ് സാൻഡ് അഥവാ എം. സാൻഡിനും പ്ലാസ്റ്ററിംഗ് സാൻഡ് അഥവാ പി. സാൻഡിനും വില സെക്വയർ സോഫ്റ്റ്വെയറിൽ നിശ്ചയിച്ചിരുന്നു. പി.ഡബ്ല്യൂ.ഡി.-യും എൽ.എസ്.ജി.ഡി.-കളും ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റിലാണ് എസ്റ്റിമേറ്റ് എടുക്കുന്നത്. ഇത് താരതമ്യേന കുറവാണ്. അതുകൊണ്ടാണ് ലോക്കൽ മാർക്കറ്റ് റേറ്റ് പ്രസിദ്ധീകരിക്കുന്നത്. ലോക്കൽ മാർക്കറ്റ് റേറ്റ് ഉപയോഗിച്ചാണ് എം.ജി.എൻ.ആർ.ഇ.ജി.എസ്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ഇത് പി.ഡബ്ല്യൂ.ഡി.-യെക്കാൾ ഉയർന്ന നിരക്കാണ്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച എം.ജി.എൻ.ആർ.ഇ.ജി.എസ് ലോക്കൽ മാർക്കറ്റ് റേറ്റിൽ എം. സാൻഡിനും പി. സാൻഡിനും പുതുക്കിയ നിരക്ക് പ്രാബല്യത്തിൽ വന്നിട്ടില്ല. ഇത് പരിശോധിക്കുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറും പി.ഡബ്ല്യൂ.ഡി. (ബിൽഡിംഗ്സ്) ചീഫ് എഞ്ചിനീയറും ഉൾപ്പെട്ട കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. ഇവർ ഇതിനകം രണ്ട് യോഗങ്ങൾ ചേർന്നുകഴിഞ്ഞു. ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിന്റെ റേറ്റും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ റിപ്പോർട്ട് ചെയ്യുന്ന അതത് ജില്ലകളുടെ റേറ്റും താരതമ്യപ്പെടുത്തി എം.ജി. എൻ.ആർ.ഇ.ജി.എസ്.-ൽ റേറ്റ് നിശ്ചയിക്കാനാണ്

കമ്മിറ്റി തീരുമാനിച്ചിരിക്കുന്നത്. എത്രയും വേഗം ഇത് ലഭ്യമാക്കി എല്ലാ ജില്ലകളിലും പ്രസിദ്ധീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. റോഷി അഗസ്റ്റിൻ: ഇടുക്കി ജില്ലയിലെ ഗ്രാമീണ മേഖലയിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്.-മായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങളെല്ലാം സ്തംഭനാവസ്ഥയിലാകും.

ഡോ. കെ. ടി. ജലീൽ: രണ്ട് ദിവസത്തിനുള്ളിൽ തീരുമാനമെടുക്കാം.

(8) ഹൈഡൽ ടൂറിസം പദ്ധതി

ശ്രീ. ഡി. കെ. മുരളി: സർ, എന്റെ നിയോജകമണ്ഡലത്തിലെ നന്ദിയോട് പഞ്ചായത്തിൽപ്പെട്ട മീൻമുട്ടി ഹൈഡൽ ടൂറിസം പദ്ധതിയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽകൊണ്ടുവരുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 2006-ൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്താണ് ഈ പദ്ധതി അവിടെ ആരംഭിച്ചത്. ഏകദേശം 2.5 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്ന ഒരു പവർഹൗസ് വാമനപുരം നദിക്കരയിൽ സ്ഥാപിച്ചിട്ടുണ്ട്. അതിനുചുറ്റുമുള്ള ക്യാച്മെന്റ് ഏരിയയിൽ നല്ല രീതിയിലുള്ള ഹൈഡൽ ടൂറിസം പദ്ധതിയാണ് ആരംഭിച്ചത്. ആദ്യകാലത്ത് അവിടെ നിന്നും പ്രതിദിനം 60,000 രൂപയോളം വരുമാനം ലഭിക്കുമായിരുന്നു. 2004-ലോ മറ്റോ ഉണ്ടായ വെള്ളപ്പൊക്കത്തിൽ ഒരു ബോട്ട് ഒലിച്ചുപോകുകയും മറ്റൊരു ബോട്ടിന് കേടുപാട് സംഭവിക്കുകയും ചെയ്തു. എന്നാൽ കഴിഞ്ഞ ഗവൺമെന്റ് ഈ ബോട്ടുകൾ നന്നാക്കുന്നതിനോ അവിടെ ആവശ്യമായ റെനൊവേഷൻ നടത്തി ആ പദ്ധതി ഫലപ്രദമായി നടത്തിക്കൊണ്ടു പോകുന്നതിനോ തയ്യാറായില്ല. അതിന്റെ ഭാഗമായി യു.ഡി.എഫ്. ഗവൺമെന്റ് അത് നിർത്തിവയ്ക്കുന്നതിന് ചില നീക്കങ്ങൾ നടത്തുകയും ചെയ്തു. അന്നത്തെ ജനപ്രതിനിധി ബഹുമാന്യനായ കോലിയക്കോട് എൻ. കൃഷ്ണൻനായരുടെ ഇടപെടലിന്റെ ഫലമായി വീണ്ടും ആ പദ്ധതി തുടരുകയാണുണ്ടായത്. എന്നിട്ടുപോലും ആളുകൾ പവർഹൗസ് കാണാൻ വരുന്നതിലൂടെ പ്രതിദിനം 2,500 രൂപ വരുമാനം അവിടെ നിന്നും ലഭിക്കുകയാണ്. ഇപ്പോൾ അവിടെ കാടുപിടിച്ച് കിടക്കുകയാണ്. ഈ ഗവൺമെന്റ് കാട് വെട്ടുന്നതിനും റെനൊവേഷനുവേണ്ടിയും ചെറിയ തുകയ്ക്ക് ടെൻഡർ ചെയ്ത് നടപടികൾ ആരംഭിച്ചിട്ടുണ്ട്. അവിടെ കെ.എസ്.ഇ.ബി.-ക്ക് 16 ഏക്കർ സ്ഥലമുണ്ട്. ആഗോള ടെൻഡർ വിളിച്ച് ഫീസിബിളായ കമ്പനിയെ ഏൽപ്പിച്ച് അവിടെ ഫലപ്രദമായ രീതിയിൽ ഒരു വാട്ടർ തീം പാർക്ക് യാഥാർത്ഥ്യമാക്കിയാൽ തെക്കൻ കേരളത്തിലെ ഏറ്റവും ശ്രദ്ധേയമായ ഒരു പദ്ധതിയായി അതിനെ കൊണ്ടുവരാൻ സാധിക്കും. ഇതിലൂടെ കെ.എസ്.ഇ.ബി.-ക്ക് വരുമാനമുണ്ടാക്കുവാനും അതോടൊപ്പം വൈദ്യുതി ഉല്പാദനത്തിൽ വർദ്ധനവുണ്ടാക്കാനും കഴിയും.

അക്കാര്യത്തിൽ ആവശ്യമായ നടപടിയും ശ്രദ്ധയുമുണ്ടാകണം. അടിയന്തരമായി അത് വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 2006 നവംബറിൽ, അന്ന് വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. കെ. ബാലനാണ് ലോവർ മീൻമുട്ടിയിൽ ഹൈഡൽ ടൂറിസം സെന്റർ ഉദ്ഘാടനം ചെയ്തത്. ബോട്ടിംഗ് അടക്കമുള്ള പ്രവർത്തനങ്ങൾ അവിടെ നടന്നുവന്നിരുന്നു. എന്നാൽ 2013-ലുണ്ടായ പ്രകൃതിക്ഷോഭത്തിൽ ടൂറിസം സെന്ററിന് കേടുപാടുകൾ സംഭവിച്ചു. പിന്നീട് സെന്റർ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സെന്ററിന്റെ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 4,70,000 രൂപയുടെ പ്രവൃത്തികൾ ടെൻഡർ ചെയ്ത് നടപ്പാക്കുകയും ബോട്ടിംഗ് അടക്കമുള്ള പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പ്രദേശത്തെ ടൂറിസം രംഗത്തെ വികസന സാധ്യതകൾ കണക്കിലെടുത്തുകൊണ്ട് എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താൻ കഴിയുമെന്നത് പരിശോധിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതി തയ്യാറാക്കിയതിനുശേഷം ഹൈഡൽ ടൂറിസം സെന്ററിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## VII നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാനുള്ള അനുവാദം

മി. ഡെപ്യൂട്ടി സ്പീക്കർ: കേരള നിയമസഭയുടെ കാര്യനിർവ്വഹണവും നടപടിക്രമങ്ങളും സംബന്ധിച്ച ചട്ടം 170(1) അനുസരിച്ച് സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ട് ശ്രീ. ടി. എ. അഹമ്മദ് കബീർ ഒരു അവധി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ വായിക്കാം.

"ചില ശാരീരിക ബുദ്ധിമുട്ടുള്ളതിനാൽ 14-ാം കേരള നിയമസഭയുടെ 10-ാം സമ്മേളനത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ എനിക്ക് അവധി അനുവദിച്ച് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു".

ശ്രീ. ടി. എ. അഹമ്മദ് കബീറിന് 14-ാം കേരള നിയമസഭയുടെ 10-ാം സമ്മേളനത്തിലെ സഭയുടെ എല്ലാ യോഗങ്ങളിലും ഹാജരാകാതിരിക്കുന്നതിന് അനുവാദം നൽകുന്നതിന് സഭയ്ക്ക് സമ്മതമാണോ?

സഭയുടെ അനുമതിയോടെ ഹാജരാകാതിരിക്കുന്നതിന് അനുവാദം നൽകിയിരിക്കുന്നു.

## VIII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

മി. ഡെപ്യൂട്ടി സ്പീക്കർ: കാര്യവിവരപ്പട്ടികയിൽ അഞ്ചാമത്തെ ഇനമായി ചേർത്തിട്ടുള്ള ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന ചില സാങ്കേതിക കാരണങ്ങളാൽ മറ്റൊരു ദിവസത്തേയ്ക്ക് മാറ്റിവയ്ക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അഭ്യർത്ഥിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഇനം ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ നിന്നും ഒഴിവാക്കുന്നു.

## IX അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (1) റിപ്പോർട്ട് പരിഗണന അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട്

ശ്രീ. എ. എം. ആരിഫ്: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

### (2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

### (i) 2016-ലെ കേരള മോട്ടോർ വാഹന അപകട ഇരകൾക്കുള്ള അടിയന്തര സമാശ്വാസ നിധി രൂപീകണ ബിൽ

ശ്രീ. എസ്. രാജേന്ദ്രൻ: സർ, 2016-ലെ കേരള മോട്ടോർ വാഹന അപകട ഇരകൾക്കുള്ള അടിയന്തര സമാശ്വാസ നിധി രൂപീകരണ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഇത്തരം ഇരകൾക്ക് സമാശ്വാസം നൽകുന്നതിന് മറ്റ് പദ്ധതികൾ നിലവിലുള്ള സാഹചര്യത്തിൽ ശ്രീ. എസ്. രാജേന്ദ്രൻ നോട്ടീസ് നൽകിയ 2016-ലെ കേരള മോട്ടോർ വാഹന അപകട ഇരകൾക്കുള്ള അടിയന്തര സമാശ്വാസ നിധി രൂപീകരണ ബിൽ അവതരിപ്പിക്കേണ്ടതില്ല എന്നതാണ് ഗവൺമെന്റിന്റെ നിലപാട്.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, ഇവിടെ ഈ ബിൽ വളരെ ആവശ്യമാണെന്നാണ് മനസ്സിലാക്കുന്നത്. രാവിലെ സഭയിൽ റോഡപകടത്തെ സംബന്ധിച്ച് ഒരു സബ്മിഷൻ അവതരിപ്പിച്ചിരുന്നു. ഇത്തരത്തിലുള്ള പദ്ധതികൾ അല്ലെങ്കിൽ സംരക്ഷണം നിയമപരമായി ഉണ്ടെന്ന് പറയുന്നുവെങ്കിലും അതൊന്നും ആവശ്യക്കാർക്ക് ലഭ്യമാകുന്നില്ലെന്നുള്ളതാണ് പ്രശ്നം. അപകടസ്ഥലങ്ങളിൽനിന്ന് അവരെ ആശുപത്രികളിൽ എത്തിക്കുന്ന സന്ദർഭങ്ങളിൽ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ കാരണമാണ് അതിൽ നിന്ന് മാറി നിൽക്കുന്ന സാഹചര്യമുണ്ടാകുന്നത്. അതിനെക്കാളുപരി അപകടത്തിനിരയാകുന്നവർക്ക് വേണ്ടി വരുന്ന ചെലവിന്റെ പ്രശ്നമാണ്. എങ്ങനെ അവർക്ക് സാമ്പത്തിക സഹായം നൽകാൻ സാധിക്കുമെന്നത് സംബന്ധിച്ചുള്ള പ്രയാസം നിലനിൽക്കുകയാണ്. അവിടെയാണ് ഈ ബില്ലിന്റെ പ്രധാനപ്പെട്ട ആവശ്യം വരുന്നത്. തുകയുണ്ട്, ആര് കൊടുക്കും; ഇത് എങ്ങനെ ചെലവ് ചെയ്യും; ഇതിന് ആരാണ് ഉത്തരവാദി എന്നതിലാണ് ഈ ബില്ലിന്റെ പ്രധാന വിഷയം വരുന്നത്. ആശുപത്രിയിൽ കൊണ്ടുപോകാൻ ആളുകൾ മടിക്കുന്നതും അതുകൊണ്ടാണ്. നമുക്കറിയാം, മുരുകൻ എന്നയാൾ അപകടത്തിൽ മരണപ്പെട്ടതിനോട് അനുബന്ധമായിട്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട്, അപകടം സംഭവിച്ച് ആദ്യ 48 മണിക്കൂറിലെ ചെലവ് മുഴുവൻ ഗവൺമെന്റ് വഹിക്കുമെന്നുള്ള ഉത്തരവ് നൽകുകയും മാതൃകാപരമായ സമീപനം സ്വീകരിക്കുകയും ചെയ്തത്. അതിന് മുമ്പും ഇപ്പോഴും അത്തരം ചില സംഭവങ്ങൾ നടക്കുന്നുണ്ട്. അതിൽ ഒരെണ്ണം ശ്രദ്ധയിൽ വന്നു. അതുകൊണ്ട് അതിന് ചില സംരക്ഷണം കിട്ടി. നിലവിൽ ചില സംഭവങ്ങൾ അതുപോലെ നടക്കുന്നുണ്ടെങ്കിലും അത്തരത്തിലുള്ള സംരക്ഷണം ലഭിക്കുന്നില്ല. 2007-ൽ ഇതുപോലെ ഒരു സംഭവമുണ്ടായി. കോട്ടയം മെഡിക്കൽ കോളേജിലെ സൂപ്രണ്ട് അശോകന്റെ പേരിൽ കേസ് നിലവിൽവന്നു. അദ്ദേഹത്തിന്റെ ജോലി നഷ്ടപ്പെട്ടു. അവസാനം അദ്ദേഹം ആത്മഹത്യ ചെയ്യേണ്ട സാഹചര്യമുണ്ടായി. അവിടെ 23 വയസ്സുള്ള മേജോ എന്നയാളാണ് മരണപ്പെട്ടത്. അങ്ങനെ നിരവധി സംഭവങ്ങൾ ഇതുമായി ബന്ധപ്പെട്ടുണ്ടായിട്ടുണ്ട്. ഇതിനെല്ലാം നിയമ സംരക്ഷണമുണ്ടെന്ന് ഗവൺമെന്റ് ഉറപ്പുനൽകുമ്പോഴും വാസ്തവത്തിൽ അത് ലഭ്യമാകുന്നില്ല എന്നുള്ളതാണ് പ്രധാനം. ക്ലെയിം സെറ്റിൽമെന്റ് കമ്മീഷണർ എന്നുള്ള ഒരു പോസ്റ്റ് കളക്ടർക്കുണ്ട്. അങ്ങനെയൊരു തസ്തികയുണ്ടെന്നോ, ഒരു കമ്മീഷണർ എന്നുള്ള ചുമതല കളക്ടർക്കുണ്ടെന്നോപോലും പലർക്കും അറിയില്ല. അദ്ദേഹം അങ്ങനെയുള്ള ഒരു ചുമതല നിർവ്വഹിക്കുന്നുണ്ടെന്ന കാര്യം ബഹുജനങ്ങൾക്ക് മനസ്സിലാക്കാനുള്ള അവസരമുണ്ടായിരുന്നുവെങ്കിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ വർദ്ധിക്കില്ലായിരുന്നു. യാത്ര ചെയ്യുന്നവർ അപകടം സംഭവിക്കുമെന്ന് കരുതി ഒരിക്കലും കാശുമായി

പോകാറില്ല. കാശുമായി പോകുന്ന ആർക്കെങ്കിലും വാഹനാപകടം ഉണ്ടായാൽ അവരുടെ കയ്യിലുള്ള കാശ് ചിലർ അടിച്ചുമാറ്റുന്ന സംഭവങ്ങളും നമുക്കറിയാം. ഇതിനുവേണ്ടി ചില സംഭവങ്ങൾ സൃഷ്ടിക്കുന്നതായി പത്ര വാർത്തകൾ നമ്മൾ കാണാറുണ്ട്. അപകടം സൃഷ്ടിക്കുന്ന സാഹചര്യം വരെയുണ്ട്. ചിലർ കൊണ്ടുപോകുന്ന തുക, യാത്രക്കാർ അല്ലെങ്കിൽ വിനോദസഞ്ചാരികൾ കരുതിവയ്ക്കുന്ന പണം അപഹരിക്കുന്നതിനുവേണ്ടി അപകടമുണ്ടാക്കുന്ന സാഹചര്യങ്ങൾവരെ പത്രത്തിൽ നമ്മൾ വായിക്കാറുണ്ട്. അതുകൊണ്ട് കാശുണ്ടെങ്കിലും പ്രയോജനമില്ല. ആ സമയത്ത് നിയമപരമായി സംരക്ഷിക്കുന്നതോടൊപ്പം തന്നെ അവരെ സാമ്പത്തികമായി സഹായിക്കുന്ന ഒരു സമീപനം സ്വീകരിക്കുന്നതിനാവശ്യമായ സംവിധാനം കൂടി വേണമെന്നതാണ് ഇവിടെ പ്രസക്തമായി വരുന്നത്. അതിന് ഗവൺമെന്റിന് പ്രത്യേകമായ സാമ്പത്തിക ബാധ്യത വരുന്നില്ല. ഇതിനുവേണ്ടി റോഡ് സേഫ്റ്റി ഫണ്ടിൽനിന്നുൾപ്പെടെയുള്ള സഹായങ്ങൾ നൽകാനുള്ള ഒട്ടനവധി വ്യവസ്ഥകൾ നിലവിലുണ്ട്. ആ വ്യവസ്ഥകൾ അനുസരിച്ചുള്ള ഒരു സഹായമാണ് നിയമപരമായി ഈ മേഖലകളിലേക്ക് എത്തിച്ചേരേണ്ടത്. അപകടത്തിൽപ്പെട്ട് ജീവൻ നഷ്ടപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്കുണ്ടാകുന്ന ബാധ്യതകൾ, കുട്ടികളുടെ വിദ്യാഭ്യാസം, വിവാഹം അങ്ങനെ പലതുമുണ്ട്. ജീവൻ നഷ്ടപ്പെടാതെ അംഗവൈകല്യമുണ്ടായാൽ തുടർന്നുള്ള പ്രശ്നങ്ങൾ, ഇതൊക്കെ വലിയ പ്രയാസം തന്നെയാണ്. ഈ ബിൽ നമുക്ക് മാതൃകാപരമായ, സംസ്ഥാനത്തുടനീളം എല്ലാവർക്കും ഗുണകരമായ ഒന്നാണ്. ഈ ബിൽ അവതരിപ്പിക്കുന്നതിൽ എല്ലാവരുടെയും മാനസിക പൊരുത്തം ഉണ്ടാകുമെന്ന് തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. അപകടത്തെത്തുടർന്നുണ്ടാകുന്ന പ്രശ്നങ്ങൾ അവസാനിപ്പിക്കുന്നതിന് തീർച്ചയായും ഗവൺമെന്റ് നടപടി എടുക്കേണ്ടതുണ്ട്. ഇവിടെ പറഞ്ഞതുപോലെ മോട്ടോർ ആക്സിഡന്റൽ ക്ലെയിം ട്രിബ്യൂണലുണ്ട്. പക്ഷേ ആ ട്രിബ്യൂണൽവഴി ഏത് കാലത്താണ് ക്ലെയിം കിട്ടുക കോടതിയിൽ കേസ് ഫയൽ ചെയ്യുമ്പോൾ വക്കീൽ ഫീസിന്റെ പെർസന്റേജ് നിശ്ചയിക്കുന്നതിനോ മുൻകൂർ കാശ് കൊടുക്കുന്നതിനോ, ക്ലെയിം വിധിയായശേഷം ബന്ധപ്പെട്ടവർക്ക് തുക കൊടുക്കുന്നത് സംബന്ധിച്ചോ യാതൊരു വ്യക്തതയുമില്ല. അങ്ങനെയൊരു ട്രിബ്യൂണലിന്റെ പ്രയോജനം നിലവിലില്ല. അതാണ് അതിന്റെ പ്രത്യേകത. നമുക്ക് നിയമമുണ്ടെന്ന് അവകാശപ്പെടാമെന്നല്ലാതെ ആ ട്രിബ്യൂണൽകൊണ്ട് ഒരു പ്രയോജനവുമില്ല. അപകടത്തിൽപ്പെട്ടയാളിനോ കുടുംബാംഗങ്ങൾക്കോ യാതൊരുവിധ നിയമസംരക്ഷണവും ഇപ്പോൾ നിലവിലില്ല .

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ എസ്. രാജേന്ദ്രൻ വളരെ ഗൗരവമേറിയതും കേരളത്തിലെ ജനങ്ങൾ ബുദ്ധിമുട്ടുന്നതുമായ വിഷയമാണ് സൂചിപ്പിച്ചത്. പക്ഷേ അതിന്റെ കൂടെ ഈ അപകടം എങ്ങനെ ഉണ്ടാകുന്നുവെന്ന് ആമുഖമായി പറയേണ്ടതാണ്. കേരളത്തിൽ ഇന്ന് അശ്രദ്ധയോടെ വാഹനമോടിക്കുന്നു, ലഹരി ഉപയോഗിക്കുന്നതിന്റെ ഭാഗമായുള്ള പ്രശ്നങ്ങളുണ്ട്. റോഡിന്റെ ചില പ്രശ്നങ്ങളുണ്ട്. അത്തരം വിഷയങ്ങൾ കൂടി പ്രതിപാദിച്ചുകൊണ്ട് ഇന്ന കാരണം കൊണ്ടാണ് അപകടം നടന്നത്, അപകടത്തിന്റെ അടിസ്ഥാനത്തിൽ അനാഥമാകുന്ന കുടുംബങ്ങളുടെ കാര്യം കൂടി ചേർത്ത് പറയുന്നതല്ലേ നല്ലത്. അത് വേണ്ടതാണെന്ന് മെമ്പർക്ക് തോന്നുന്നില്ലേ?

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, അങ്ങ് പറയുന്നത് വളരെ കറക്ടാണ്.

<u>ശ്രീ. കെ. ബാബു</u>: സർ, വാഹനാപകടങ്ങളുണ്ടാകുന്നത് റോഡിന്റെയും അശ്രദ്ധയോടുകൂടി വാഹനമോടിക്കുന്നതിന്റെയും ഭാഗമായി മാത്രമല്ല, വാഹനങ്ങളുടെ സ്പെയർപാർട്ട്സിൽ ഉണ്ടാകുന്ന തേയ്മാനം കാരണവും അപകടങ്ങളുണ്ടാകാറുണ്ട്. അതുകൂടി സൂചിപ്പിക്കണം.

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> ബഹുമാനപ്പെട്ട രണ്ട് അംഗങ്ങളും പറയുന്നത് വളരെ ശരിയാണ്. സബ്മിഷനിലൂടെ ചൂണ്ടിക്കാണിക്കാൻ പ്രധാന കാരണം അപകടം പ്രധാനപ്പെട്ട ഒരു വിഷയമായതുകൊണ്ടാണ്. പകൽ സമയത്തും രാത്രി സമയത്തും സ്കൂൾ സമയത്തും തടി കയറ്റിയ ലോറികൾ പോകാറുണ്ട്. സിഗ്നൽ ഇല്ലാതെ പോകുന്ന സാഹചര്യത്തിൽ പ്രശ്നങ്ങൾ വരാറുണ്ട്. ഇവിടെ ബഹുമാനപ്പെട്ട ചെയർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതുകൊണ്ടാണ് വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കാത്തത്. അപകടത്തിന് പല കാരണങ്ങളുണ്ട്. വാഹനത്തിന്റെ പ്രശ്നംകൊണ്ടും ഡ്രൈവറുടെ അശ്രദ്ധകൊണ്ടും അപകടം ഉണ്ടാകാറുണ്ട്. ഇവിടെ പ്രധാനപ്പെട്ട ഒരു കാര്യം, നിയമം ഉണ്ടെങ്കിലും സംരക്ഷണമില്ല. അവകാശപ്പെട്ട ഇൻഷ്വറൻസ് ക്ലെയിം ഉണ്ടെങ്കിലും അത് കിട്ടാറില്ല. അങ്ങനെ കിട്ടുന്നത് സമയബന്ധിതമായി ഉപയോഗിക്കാൻ കഴിയാറില്ല. ഇതെല്ലാം കണക്കിലെടുത്തു കൊണ്ട് പ്രത്യേക സാമ്പത്തിക ബാധ്യതയില്ലാതെ നിലവിലുള്ള ബോർഡിനെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു പ്രത്യേക സമിതി/ബോർഡ് അതത് ജില്ലകളിലെ കളക്ടർമാരുടെ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് രൂപീകരിക്കുന്നതിന് ഗവൺമെന്റ് മുന്നോട്ടുവരണം. ഈ ബിൽ ഗവൺമെന്റ് ഏറ്റെടുത്ത് ഇതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ട് പോകണമെന്നാണ് എന്റെ അഭ്യർത്ഥന. ചർച്ച തുടരാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ. നോട്ടീസ് നൽകിയ 2016-ലെ കേരള മോട്ടോർ വാഹന അപകട ഇരകൾക്കുള്ള അടിയന്തര സമാശ്വാസ നിധി രൂപീകരണ ബിൽ സംബന്ധിച്ച് അപകടത്തിൽപ്പെടുന്നവർക്ക് അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിനായി 27-12-2011-ൽ കേരള മോട്ടോർ വെഹിക്കിൾ ആക്സിഡന്റ് വിക്ടിംസ് എമർജൻസ് റിലീഫ് ഫണ്ട് എന്ന പേരിൽ ഒരു ബിൽ സർക്കാർ റോഡ് സുരക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുകയുണ്ടായി. എന്നാൽ അപകടത്തിൽപ്പെടുന്നവർക്ക് അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിന് പുതിയ ബില്ലിന്റെ ആവശ്യമില്ലെന്നും 2007-ലെ കേരള റോഡ് സേഫ്റ്റി ആക്ടിലെ 13-ാം വകുപ്പ് പ്രകാരം ട്രോമാകെയർ പദ്ധതികൾക്ക് തുക ചെലവഴിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും വിലയിരുത്തിയ 16-6-2012-ൽ കൂടിയ 16-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം നിലവിലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിൽ അപകട ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ഇത്തരത്തിൽ ഭേദഗതി ആവശ്യമില്ലെന്ന് അന്ന് തീരുമാനിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ മോട്ടോർ വാഹന അപകട ഇരകൾക്ക് സമാശ്വാസ നിധി രൂപീകരിക്കുന്നതിന് ഒരു പ്രത്യേക ബിൽ ഇപ്പോൾ ആവശ്യമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എസ്. രാജേന്ദ്രൻ, അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ചർച്ച തുടരാം.

മി. ഡെപ്യൂട്ടി സ്പീക്കർ: തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(ii) 2017-ലെ മലയാള ഭാഷ (ഔദ്യോഗിക ഭാഷ) ബിൽ

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രസ്തുത ബില്ലിന്റെ അവതരണാനുമതിക്ക് ശ്രീ. കെ. സി. ജോസഫ് നോട്ടീസ് നൽകിയിരുന്നു. അദ്ദേഹം സഭയിൽ ഹാജരല്ലാത്തതിനാൽ പ്രമേയം ലാപ്സായിരിക്കുന്നു.

(iii) 2016-ലെ കേരള സംസ്ഥാന ബാർ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രസ്തുത ബില്ലിന്റെ അവതരണാനുമതിക്കായി ശ്രീ. അൻവർ സാദത്ത് നോട്ടീസ് നൽകിയിരുന്നു. നോട്ടീസ് പിൻവലിക്കുന്നതായി അദ്ദേഹം അറിയിച്ചിട്ടുള്ളതിനാൽ ബിൽ പിൻവലിച്ചിരിക്കുന്നു.

(iv) 2018-ലെ കേരള ഐ.ടി. മേഖലയിലെ ജീവനക്കാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

ശ്രീ. പി. ടി. തോമസ്: സർ, 2018-ലെ കേരള ഐ.ടി. മേഖലയിലെ ജീവനക്കാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, വിദേശ പ്രോജക്ടുകളെ പ്രധാനമായും ആശ്രയിച്ച് പ്രവർത്തിക്കുന്ന വലുതും ഇടത്തരവുമായ കമ്പനികളാണ് സംസ്ഥാനത്തെ ഐ.ടി. മേഖലകളിൽ പൊതുവെ പ്രവർത്തിക്കുന്നത്. ആയതിനാൽ ഏകീകൃത ക്ഷേമപ്രവർത്തനങ്ങൾ, ചട്ടങ്ങൾ, നിബന്ധനകൾ എന്നിവ ഏർപ്പെടുത്തുന്നത് പ്രായോഗികമല്ല. ലഭ്യമാകുന്ന പ്രോജക്ടുകളുടെ ആവശ്യത്തിന് അനുയോജ്യമായ യോഗ്യതയും പ്രവൃത്തി പരിചയവുമുള്ള ഉദ്യോഗാർത്ഥികളെ നിശ്ചിത കാലയളവിലേയ്ക്ക് നിയമിക്കുകയാണ് മിക്ക ഐ.ടി. കമ്പനികളും ചെയ്യുന്നത്. ഈ പ്രോജക്ടുകളുടെ തുടർലഭ്യതയനുസരിച്ച് നിയമന കാലാവധിയിൽ തുടരുകയാണ് പതിവ്. ആയതിനാൽ കമ്പനികൾക്ക് ലഭിക്കുന്ന പ്രോജക്ടുകളെ അടിസ്ഥാനപ്പെടുത്തിയാണ് ജോലി സ്ഥിരതയുള്ളത്. മാറിമാറിവരുന്ന ടെക്നോളജികൾക്ക് അനുസരിച്ച് കമ്പനിക്ക് ലഭിക്കുന്ന പ്രോജക്ടുകൾ, ജീവനക്കാരുടെ എണ്ണം, യോഗ്യത, പരിചയ സമ്പത്ത് എന്നിവ വ്യത്യാസപ്പെട്ടിരിക്കും. മറ്റ് പല തൊഴിൽ മേഖലകളിലുമില്ലാത്ത flexible time, five days week, work from home തുടങ്ങിയ ആനുകൂല്യങ്ങൾ നിലവിൽ ഐ.ടി. മേഖലയിലുണ്ട്. നിലവിൽ കമ്പനി പാലിക്കേണ്ട വ്യവസ്ഥകൾ പാലിച്ചുകൊണ്ട് സ്വതന്ത്രമായി പ്രവർത്തിച്ചുവരുന്ന കമ്പനികൾക്ക് ക്ഷേമ പ്രവർത്തനങ്ങളിൽ സർക്കാർതല ഇടപെടലുകൾ സ്വീകാര്യമാകില്ല. വിദേശികൾ ഉൾപ്പെടെയുള്ള ജീവനക്കാരിൽ വിഭിന്ന ഫലങ്ങളാണ് ഉണ്ടാക്കുക. ഐ.ടി. മേഖലയിലെ സ്ഥാപനങ്ങളെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിയമത്തിന്റെ ചില വ്യവസ്ഥകളിൽനിന്നും ഐ.ടി. മേഖലയെ ഒഴിവാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിലും ഈ ബിൽ പ്രായോഗികമാകില്ല. മേൽ സാഹചര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. പി. ടി. തോമസ് നിർദ്ദേശിച്ച പ്രകാരമൊരു ബിൽ ഇപ്പോൾ കൊണ്ടുവരേണ്ട ആവശ്യമുള്ളതായി കാണുന്നില്ല.

ശ്രീ. പി. ടി. തോമസ്: സർ, സംസ്ഥാനത്ത് ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്നവരുടെ ജോലി സ്ഥിരതയും മിനിമം വേതനവും അവരുടെ സംരക്ഷണവും ക്ഷേമവും ഉറപ്പുവരുത്തുന്നതിനും ഈ മേഖലയിലെ ചൂഷണം തടയുന്നതിനും കേരള ഐ.ടി. മേഖലയിലെ ജീവനക്കാരുടെ ക്ഷേമനിധി ബോർഡ് രൂപീകരിക്കേണ്ടത് ഏറ്റവും അനിവാര്യമാണ്. ഇന്ന് ഏറ്റവും ഗൗരവതരമായ ഒരു ഇടപെടൽ ഭരണരംഗത്തുനിന്നും ഉണ്ടാകേണ്ട ഒരു മേഖലയായി ഐ.ടി. മേഖല മാറിയിരിക്കുകയാണ്. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലുണ്ടായ ഉണർവ്വും ആഗോളതലത്തിലുള്ള സാങ്കേതികവിദ്യയുടെ വളർച്ചയുമാണ് ഐ.ടി. മേഖല എന്ന പുതിയൊരു സംരംഭമെന്ന് വേണമെങ്കിൽ പറയാവുന്നതാണ്. നിലവിൽ കേരളത്തിൽ ജോലി ചെയ്യുന്ന ഐ.ടി. ജീവനക്കാരുടെ എണ്ണം ഒരു ലക്ഷത്തിലധികം വരുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഐ.ടി. മേഖലയുടെ വളർച്ചയനുസരിച്ച് നോക്കുകയാണെങ്കിൽ സമീപഭാവിയിൽത്തന്നെ ജീവനക്കാരുടെ എണ്ണം കൂടാനാണ് സാധ്യത. സോഫ്റ്റ്‌വെയർ കയറ്റുമതിയിലൂടെയും നികുതിയിലൂടെയും ഈ മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാർ സംസ്ഥാനത്തിന്റെ വളർച്ചയ്ക്കായി നൽകുന്ന സംഭാവന ചെറുതല്ല. തീർത്തും അസംഘടിതമായ സ്വകാര്യ മേഖലയായതിനാലും എല്ലാ ജീവനക്കാരുടെയും വരുമാനം വളരെ ഉയർന്നതാണെന്ന തെറ്റിദ്ധാരണയുള്ളതിനാലും ജീവനക്കാരുടെ തൊഴിൽ സുരക്ഷിതത്വത്തിനുവേണ്ടി നാളിതുവരെ സർക്കാരുകൾ ഒരു പദ്ധതിയും ആലോചിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ കേരള ഷോപ്പ് ആന്റ് കൊമേഴ്ഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിലെ ചില വകുപ്പുകളാണ് ആകെ ബാധകമായി വന്നിട്ടുള്ളത്. ഐ.ടി. മേഖല ഏകദേശം പൂർണ്ണമായി വിദേശത്തുള്ള ജോലിക്രമത്തെ ആശ്രയിച്ചാണിരിക്കുന്നത്. അതുകൊണ്ടുതന്നെ ആഗോള പ്രതിസന്ധികളെല്ലാംതന്നെ ജോലി സ്ഥിരതയെ ബാധിക്കും. നിയമപരമായി സ്ഥാപനങ്ങൾക്ക് ഏപ്പോൾ വേണമെങ്കിലും ജീവനക്കാരെ പിരിച്ചുവിടാൻ കഴിയും. മാത്രമല്ല, പ്രവൃത്തി പരിചയം കൂടിവരുന്തോറും തൊഴിൽ സുരക്ഷിതത്വം കുറഞ്ഞുവരുന്ന ഈ ഐ.ടി. മേഖലയിൽ, ഏകദേശം 20 വർഷത്തോളമാണ് ഒരു സാധാരണ ഐ.ടി. ജീവനക്കാരന്റെ ജോലി കാലയളവായി കണക്കാക്കിയിരിക്കുന്നത്. ജീവനക്കാരുടെ ഒരു ക്ഷേമപദ്ധതി വിവരസാങ്കേതിക മേഖലയ്ക്ക് അനുയോജ്യമായ രീതിയിൽ നടപ്പിലാക്കേണ്ടത് അനിവാര്യമാണെന്നുള്ളതുകൊണ്ടാണ് ഐ.ടി. ജീവനക്കാർക്ക് മാത്രമുള്ള ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുന്നത്. കമ്പ്യൂട്ടർ, കമ്പ്യൂട്ടർ അനുബന്ധ മേഖലയിൽ സംസ്ഥാനത്താകെ 2184 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. രണ്ട് പ്രധാന

സിറ്റികളെടുത്താൽ, തിരുവനന്തപുരത്ത് 256 സ്ഥാപനങ്ങളിലായി 41622-ഓളം ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. എറണാകുളത്ത് 650 സ്ഥാപനങ്ങളിലായി ഏകദേശം 35000-ഓളം ജീവനക്കാർ ജോലിചെയ്യുന്നുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഐ.ടി. മേഖലയിൽ മാത്രമായി ഏകദേശം ആയിരത്തിലധികം ആളുകൾക്ക് ജോലി നഷ്ടപ്പെട്ട സാഹചര്യമുണ്ട്. പലരും ഏത് അവസരത്തിലും ജോലി നഷ്ടപ്പെടുന്ന ഗുരുതരമായ സാഹചര്യത്തിലാണ് കഴിയുന്നത്. കുടുംബ ബന്ധങ്ങൾപോലും ശിഥിലമായിക്കൊണ്ടിരിക്കുകയാണ്. ഐ.ടി. മേഖലയുടെ വളർച്ചയ്ക്കനുഗുണമായി പല നേട്ടങ്ങൾ ഉണ്ടെങ്കിലും അവരുടെ കുടുംബബന്ധങ്ങൾപോലും തകരുന്ന അവസ്ഥയാണുള്ളത്. ധാരാളം വിവാഹമോചനങ്ങൾ നടക്കുന്നു. സമയം കഴിഞ്ഞും ജോലി ചെയ്യേണ്ടി വരുന്നതിനെത്തുടർന്ന് ഉണ്ടാകുന്ന പ്രശ്നങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. ഐ.ടി. സ്ഥാപനങ്ങളുടെ വളർച്ചയും വിവാഹമോചന കേസുകളുടെ വർദ്ധനയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഒരു ഗവേഷണം നടത്തിയാൽ അത് വളരെ പരിതാപകരമായ പല കണക്കുകളും ചൂണ്ടിക്കാണിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കണ്ണുനീർത്തുള്ളിയെ സ്ത്രീയോടുപമിച്ചത് കാവ്യ ഭാവനയാണെങ്കിൽ ഇന്ന് ഐ.ടി. മേഖലയിലെ സ്ത്രീകളുടെ സ്ഥിതി ഒരു കണ്ണീർക്കയമായി മാറിയിരിക്കുകയാണ്. ഗൗരവതരമായ ഒരു സാഹചര്യമാണ് ഇന്ന് ഈ മേഖലയിലുള്ളത്. തൊഴിൽ മികവ് പോരെന്ന കാരണം പറഞ്ഞ് ടെക്നോപാർക്കിലെ പ്രമുഖ കമ്പനിയടക്കം ജീവനക്കാരെ കൂട്ടത്തോടെ പിരിച്ചുവിടുന്നെന്ന വ്യപകമായ പരാതിയുണ്ട്. പെർഫോർമൻസ് ഇംപ്രൂവ്മെന്റ് പ്ലാൻ എന്ന ഓമനപ്പേരിട്ടാണ് കമ്പനികൾ സ്വന്തം ജീവനക്കാർക്ക് പുറത്തേയ്ക്ക് വഴി തുറന്നുകൊടുക്കുന്നത്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> സർ, പുതിയ സാങ്കേതികവിദ്യ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള സാങ്കേതികവിദ്യയുടെ കടന്നുവരവാണ് ഈ മേഖലയിൽ കൂട്ടത്തോടെയുള്ള പിരിച്ചുവിടലിന് കാരണമാകുന്നത്. അത് തരണംചെയ്യാൻ എങ്ങനെ സാധിക്കുമെന്നതിനെക്കുറിച്ച് എല്ലാവരുമായി ചർച്ച ചെയ്യേണ്ടതിന്റെ സമയം അതിക്രമിച്ചിരിക്കുകയല്ലേ?

<u>ശ്രീ. പി. ടി. തോമസ്:</u> സർ, തീർച്ചയായും. അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അത് ഗൗരവതരമായി ഗവൺമെന്റുകൾ പ്രത്യേകിച്ച് പരിശോധിക്കേണ്ടതാണ്. അങ്ങയുടെ അഭിപ്രായത്തെ ഞാൻ മാനിക്കുകയാണ്. 10 വർഷത്തിലേറെ ജോലി ചെയ്താൽപോലും കമ്പനികളുടെ കരുണയറ്റ പെരുമാറ്റത്തിൽ മനംനൊന്ത് കോടതിക്കും തൊഴിൽ വകുപ്പിനും പരാതി നൽകി കാത്തിരിക്കേണ്ടി വരുന്നു. ടെക്നോപാർക്ക് അധികൃതർക്ക് ഒട്ടേറെ പരാതികൾ ലഭിച്ചെങ്കിലും 'തങ്ങൾക്ക് വിഷയത്തിൽ ഇടപെടാൻ കഴിയില്ല' എന്ന നിലപാടാണ്

അവർ സ്വീകരിച്ചിട്ടുള്ളത്. പാർക്കിലെ ഒട്ടേറെ കമ്പനികൾ തൊഴിൽ സുരക്ഷ ഉറപ്പാക്കുമ്പോൾ ചില കമ്പനികളുടെ തൊഴിലാളിവിരുദ്ധ നയമാണ് ഇപ്പോൾ പ്രശ്നങ്ങൾക്ക് തുടക്കമിട്ടിരിക്കുന്നത്. കമ്പനികൾക്ക് ഭൂമിയും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്ന സംസ്ഥാന സർക്കാർ ഈ വിഷയത്തിൽ അടിയന്തരമായി ഇടപെടണമെന്ന ആവശ്യം ഞാൻ വീണ്ടും മുന്നോട്ടുവയ്ക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇത് ഇപ്പോൾ പരിഗണിക്കാൻ കഴിയില്ലെന്ന് പറഞ്ഞാലും ഈ അടിസ്ഥാന സൗകര്യങ്ങളൊക്കെ ഉണ്ടാക്കിക്കൊടുത്തത് നമ്മളാണ്. കേരളം അതിൽ വളരെ മുന്നോട്ടുപോയി. സിലിക്കോൺ വാലിക്ക് സമാനമായ വളർച്ച നമുക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് അവിടത്തെ ജീവനക്കാരുടെ സുരക്ഷിതത്വം സംരക്ഷിക്കില്ല, അല്ലെങ്കിൽ അതിനുവേണ്ടി നിയമനിർമ്മാണം ഉണ്ടാവില്ല എന്നുപറയുന്നത് ശരിയായൊരു നടപടിയാണെന്ന് ഞാൻ കരുതുന്നില്ല. അത് പുരോഗമന സ്വഭാവമുള്ള ഗവൺമെന്റിന് ഒട്ടും യോജിച്ചതല്ല.

പരിചയസമ്പന്നരായ ജീവനക്കാരെ Performance Improvement Plan (PIP)-ലേയ്ക്ക് തള്ളിവിടുന്നതിന്റെ ഉദ്ദേശ്യം ഒന്നുമാത്രമാണ്. ഒരു ലക്ഷം രൂപ ശമ്പളം പറ്റുന്നയാളെ പറഞ്ഞുവിട്ടാൽ പകരം 20,000 രൂപ വീതം ശമ്പളം നൽകി 5 പേരെ കമ്പനിക്ക് പുതുതായി നിയമിക്കാം. തൊഴിൽ അവകാശങ്ങളൊന്നും ചോദിച്ച് ആരും ഐ.ടി കമ്പനിക്ക് മുന്നിൽ കൊടി കുത്തുകയില്ല. ലക്ഷ്യം ലാഭം മാത്രം. ഒരാൾ PIP-ൽ ആണെങ്കിൽ അയാൾ ഈ ഐ.ടി. ഫീൽഡിൽ ഒന്നിനും കൊള്ളാത്തവനാണ് എന്ന സ്ഥിതിവിശേഷം ഉണ്ടാവുകയും അതോടെ സ്വയം ഒഴിഞ്ഞുപോകേണ്ട ഒരു സാഹചര്യത്തിലേയ്ക്ക് വരികയും ചെയ്യും. യഥാർത്ഥത്തിൽ ഇപ്പോൾ ഐ.ടി. കമ്പനികൾ സ്വീകരിച്ചിരിക്കുന്ന ഒരു പ്രധാനപ്പെട്ട സമീപനം, Performance Improvement Plan എന്നു പറയുന്ന, PIP എന്ന് ഓമനപ്പേരിട്ട് വിളിക്കുന്ന ഈ സമീപനം ഏത് സമയത്തും തൊഴിലാളിക്കെതിരായി അല്ലെങ്കിൽ ജീവനക്കാർക്കെതിരായി ഉപയോഗിക്കാവുന്ന ഒരു ആയുധമായി മാറിയിരിക്കുകയാണ്. അതോടൊപ്പംതന്നെ, ഇതിന് തയ്യാറാകാത്തവരെ ഒരു പണിയും നൽകാതെ വെറുതെ ഇരുത്താനും 'പ്രകടനം മെച്ചപ്പെടുത്താൻ അവസരം നൽകിയ കാലയളവിൽപ്പോലും അദ്ദേഹം വെറുതെ ഇരിക്കുകയായിരുന്നു' എന്നുവരുത്തി സ്വയം രാജിവച്ച് ഒഴിഞ്ഞില്ലെങ്കിൽ പിന്നാലെ ടെർമിനേഷൻ ഉണ്ടാവുകയും പുറത്താക്കിയ ഒരാൾക്ക് പിന്നീടൊരിടത്തും പണി കിട്ടാതിരിക്കുകയും ചെയ്യുന്ന വലിയൊരു ദുരവസ്ഥ ഐ.ടി. മേഖലയിലെ വിദ്യാസമ്പന്നരായ നമ്മുടെ ചെറുപ്പക്കാർ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള ഗുരുതരമായ കാര്യങ്ങൾ കാണാതിരിക്കാൻ ഗവൺമെന്റിന് കഴിയില്ല. വനിതകളുടെ സ്ഥിതി ഗൗരവമേറിയതും പരിതാപകരവുമാണ്. അക്കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയുണ്ടായി.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, പ്ലാനിംഗ് ബോർഡ് അംഗവും ടെക്നോപാർക്കിന്റെ മുൻ സി.ഇ.ഒ.-യുമായിരുന്ന ശ്രീ. ജി. വിജയരാഘവൻ പറയുന്ന ഒരു വാചകം ഞാനിവിടെ ഉദ്ധരിക്കാം. എല്ലാ വർഷവും ഒരുവിധം എല്ലാ ഐ.റ്റി. കമ്പനികളിൽനിന്നും 10 മുതൽ 15 ശതമാനം വരെ ജീവനക്കാർ സ്വമേധയാ പിരിഞ്ഞുപോകുകയോ അല്ലെങ്കിൽ under performance മുഖാന്തരം പിരിച്ചു വിടപ്പെടുകയോ ചെയ്യാറുണ്ട്. ജോലി ചെയ്യുമ്പോൾ ആകർഷകമായ ശമ്പളമുണ്ടെങ്കിലും ലോകത്തെ ഐ.ടി. കമ്പനികളൊന്നും ജോലി സ്ഥിരത വാഗ്ദാനം ചെയ്യുന്നില്ല. മറ്റുള്ള ജോലിയേക്കാൾ ശമ്പളം കിട്ടുമ്പോൾതന്നെ ഇങ്ങനെയൊരു ന്യൂനത ഈ ജോലിക്കുണ്ട്. ഇത് അറിഞ്ഞുകൊണ്ടുതന്നെയാണ് ജീവനക്കാർ അവിടെ തുടരുന്നത്. നിലനിൽക്കുന്നിടത്തോളംകാലം സമ്പാദിക്കുക എന്ന പ്രായോഗിക തത്വത്തിലാണ് അവർ മുന്നോട്ട് പോകുന്നത്. ടി.സി.എസ്.-ലെ ജീവനക്കാരുടെ കാര്യംതന്നെ ഇതിനൊരു ഉദാഹരണമായി ചൂണ്ടിക്കാണിക്കാൻ കഴിയും. അങ്ങനെയുള്ള വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങളുണ്ട്.

അടിസ്ഥാനശമ്പളം ഉറപ്പുവരുത്താൻ കഴിയുന്നില്ല എന്നതാണ് മറ്റൊരു പ്രധാനപ്പെട്ട കാര്യം. നഴ്സിംഗ് മേഖലയിലെ ജീവനക്കാർ ഉൾപ്പെടെയുള്ളവർക്ക് തൊഴിൽ സമൂഹം 20,000 രൂപയോളം മിനിമം വേതനം ആവശ്യപ്പെട്ട് സമരം ചെയ്യുമ്പോൾ പൊതുസമൂഹം അറിയാതെ പോകുന്ന ഒരു പ്രധാനപ്പെട്ട സത്യമാണ് ഐ.ടി., ബി.പി.ഒ. ഉൾപ്പെടുന്ന മേഖലയിൽ എഞ്ചിനീയറിംഗ്, എം.ബി.എ. തുടങ്ങിയ പ്രൊഫഷണൽ ഡിഗ്രികൾ പഠിച്ചിറങ്ങിയ ഒരു വലിയ വിഭാഗം ജീവനക്കാരുടെ മാസ ശമ്പളം 10,000 രൂപയിൽ താഴെയാണ്. അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന ഇവിടെ തൊഴിൽ ചൂഷണം തന്നെയാണ് നടക്കുന്നത്. 7000, 8000 രൂപ മാസം ശമ്പളം കിട്ടുന്ന, മറ്റു ജില്ലകളിൽനിന്ന് വന്ന് ജോലി ചെയ്യുന്ന ജീവനക്കാരെ സംബന്ധിച്ചിടത്തോളം വാടക കൊടുത്തു കഴിഞ്ഞാൽ കാര്യമായിട്ടൊന്നും മിച്ചം ഇല്ലാത്ത സാഹചര്യമാണുള്ളത്. ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഗവൺമെന്റ് ഒരു വിദഗ്ധ സമിതിയെ അടിയന്തരമായി നിയോഗിക്കാൻ തയ്യാറായാൽ ഇക്കാര്യങ്ങൾ കുറേക്കൂടി ബോധ്യമാകും.

മറ്റൊന്ന് ഇവിടെ ബഹുമാന്യനായ എം.എൽ.എ. ശ്രീ. കെ. കൃഷ്ണൻകുട്ടി ചൂണ്ടിക്കാണിച്ചതാണ്. നൂതന സാങ്കേതിക മാറ്റങ്ങളുടെ പെട്ടെന്നുള്ള കടന്നുവരവ്. Automation, Artificial intelligence തുടങ്ങിയ നൂതന സാങ്കേതികവിദ്യകളുടെ പെട്ടെന്നുള്ള കടന്നുവരവ് വരുന്ന മൂന്നുനാല് വർഷത്തിനുള്ളിൽ തൊഴിൽ മേഖലയിൽ വലിയ പിരിച്ചുവിടലിന് കാരണമാകാൻ ഇടയുണ്ടെന്ന് ഞാൻ ശങ്കിക്കുകയാണ്. നാം വിചാരിക്കുന്നതിലും വേഗത്തിലാണ് സാങ്കേതിക മാറ്റങ്ങളുടെ വളർച്ച. കമ്പനികൾ തന്നെ ലാഭം വർദ്ധിപ്പിക്കുന്നതിനുവേണ്ടി വലിയ

തുകയാണ് സാങ്കേതിക മാറ്റങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നത്. ഇതുമൂലം 30-40 വയസ്സ് പ്രായത്തിലുള്ള, ഉയർന്ന ശമ്പളത്തോടു കൂടി ജോലി ചെയ്യുന്ന, എന്നാൽ പുതിയ സാങ്കേതിക മാറ്റങ്ങളിൽ പരിജ്ഞാനമില്ലാത്ത ഒരു വലിയ തൊഴിൽ സമൂഹം പിരിച്ചുവിടൽ ഭീഷണി നേരിടും എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഒരുപക്ഷേ വിദേശത്ത് തൊഴിലിന് പോയി കേരളത്തിൽ മടങ്ങിയെത്താൻ സാധ്യതയുള്ള നമ്മുടെ തൊഴിൽ വർഗ്ഗത്തിന്റെ എണ്ണത്തേക്കാൾ പതിന്മടങ്ങ് കൂടുതലാകാം ഇത് നാളെകളിൽ എന്നതും നാം മുന്നിൽ കാണേണ്ടതാണ്. ഇതിനുള്ള മുൻകരുതൽ എന്ന നിലയിൽ ഗവൺമെന്റ് പുതിയ സാങ്കേതിക മാറ്റങ്ങൾക്ക് ട്രെയിനിംഗ് നൽകുവാനുള്ള ഫിനിഷിംഗ് സ്കൂളുകൾ ഐ.ടി. ഹബ്ബ് കേന്ദ്രീകരിച്ച് തുടങ്ങുകയും ഒപ്പം കൂടുതൽ തൊഴിൽ ദാതാക്കളെ കേരളത്തിലേയ്ക്ക് ആകർഷിച്ച് കൂടുതൽ തൊഴിലവസരങ്ങൾ നിലനിർത്തേണ്ടതും ആവശ്യമാണ്. ഇവിടെയാണ് ബഹുമാനപ്പെട്ട എം.എൽ.എ. കെ. കൃഷ്ണൻകുട്ടി ചൂണ്ടിക്കാണിച്ച കാര്യം വരുന്നത്. ആധുനിക തൊഴിൽ മാറ്റങ്ങൾക്കനുസൃതമായി ഫിനിഷിംഗ് സ്കൂളുകളും ഐ.റ്റി. ഹബ്ബുകളുമൊക്കെ സ്ഥാപിച്ച് ലോകോത്തര നിലവാരത്തിൽ നമ്മുടെ ജീവനക്കാരെ പരിശീലിപ്പിച്ചെടുക്കാനുള്ള പദ്ധതികൾക്ക് ഇപ്പോൾതന്നെ നമ്മൾ രൂപം കൊടുക്കേണ്ടതാണെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്.

കഴിഞ്ഞ മൂന്നുനാല് വർഷങ്ങളായി കമ്പനികൾ നഷ്ടക്കണക്ക് പറഞ്ഞ് വർഷംതോറും നൽകിവരുന്ന ശമ്പള വർദ്ധനവ് 6 അല്ലെങ്കിൽ 7 ശതമാനം മാത്രമാണ്. ജീവിതച്ചെലവിന്റെ വർദ്ധനവ് വച്ചുനോക്കുമ്പോൾ ഇത് വളരെ തുച്ഛമാണെന്ന് ഞാൻ പ്രത്യേകം പറയേണ്ടതില്ല. പ്രത്യേകിച്ച് സാക്ഷരരായ ആളുകളാണ് ഐ.ടി. മേഖലയിലെ എല്ലാവരും എന്നുള്ളതുകൊണ്ട് ഇത് എത്രയോ തുച്ഛമാണ് എന്നത് നമ്മൾ ആലോചിച്ചു നോക്കുക. ഈ വർദ്ധനവ് ഈ മേഖലയിലെ തൊഴിലാളികളോട് സംസാരിക്കുമ്പോൾ മനസ്സിലാകുന്നുണ്ട്. ദുഃഖം അടക്കിപ്പിടിച്ചാണ് ഐ.ടി. മേഖലയിലെ ജീവനക്കാർ ജീവിക്കുന്നത്. നമ്മൾ അവർ വലിയ ആളുകളാണെന്നൊക്കെയാണ് ധരിക്കുന്നത്. ഞാൻ ഇത് പ്രത്യേകിച്ച് പറയാൻ കാരണം, എന്റെ മണ്ഡലത്തിലാണ് ഇൻഫോപാർക്ക് സ്ഥിതിചെയ്യുന്നത്. സ്മാർട്ട് സിറ്റി എന്റെ മണ്ഡലത്തിലാണ്. അവിടെനിന്ന് ആയിരക്കണക്കിന് സുന്ദരൻമാരും സുന്ദരികളുമായ ജീവനക്കാർ പുറത്തേയ്ക്ക് പോകുമ്പോൾ ആളുകളെല്ലാം വിചാരിക്കും അവരെല്ലാം നല്ല നിലയിൽ കഴിയുകയാണെന്ന്. അവരുടെയൊക്കെ സ്ഥിതി വളരെ ദയനീയമാണ്. അവരോട് സംസാരിച്ചുകഴിഞ്ഞാൽ അവരുടെ ജീവിത പ്രയാസങ്ങളും ജോലിയെ സംബന്ധിച്ച സംഘർഷങ്ങളുമൊക്കെ നന്നായി മനസ്സിലാക്കാൻ കഴിയുന്നതാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, ഇവരുടെ മാനസിക സമ്മർദ്ദമാണ്. ഒൻപത്

മണിക്കൂറാണ് ഈ മേഖലയിൽ പൊതുവെ അംഗീകരിച്ചിട്ടുള്ള ജോലി സമയം. എങ്കിലും ജോലി സമ്മർദ്ദംമൂലം 12 മുതൽ 14 മണിക്കൂർ വരെ ജോലി ചെയ്യേണ്ടതുണ്ട്. പല പെൺകുട്ടികൾക്കും പാതിരാത്രി ആയാൽപ്പോലും വീട്ടിൽപ്പോകാൻ കഴിയുന്നില്ല. ദൂരെ സ്ഥലങ്ങളിൽനിന്ന് വരുന്നവർക്ക് വാഹനങ്ങൾ കിട്ടുന്നില്ല. അതോടെ അവരുടെ കുടുംബ ജീവിതംപോലും താറുമാറാവുകയാണ്. അത് കഴിഞ്ഞുവേണം വീട്ടിൽച്ചെന്ന് ഭക്ഷണമൊക്കെ ഉണ്ടാക്കാൻ. ഭർത്താവിനെയോ കുട്ടികളെയോ നോക്കാൻ കഴിയുന്നില്ല. വല്ലാത്തൊരു ദുരന്തം. വലിയ വർദ്ധനവും വലിയ സാങ്കേതിക മികവും നമ്മുടെ നാട്ടിൽ വന്നപ്പോൾ അതിനനുസൃതമായി കുടുംബ ബന്ധങ്ങളിൽ ഉണ്ടാകുന്ന ശിഥിലതയും മാനസിക പിരിമുറുക്കവും ഗൗരവതരമായി കാണേണ്ടതാണ്. അതൊരു ഭരണകൂടം കാണേണ്ടതാണ്. പ്രത്യേകിച്ച് ഇടതുപക്ഷ ഗവൺമെന്റ് അക്കാര്യത്തിൽ അനുഭാവപൂർവ്വമായ ഒരു നിലപാട് സ്വീകരിക്കേണ്ടതാണെന്നാണ് എനിക്ക് പറയുവാനുള്ളത്. ജോലിയിലുള്ള സമ്മർദ്ദം കുടുംബ ബന്ധങ്ങളെപ്പോലും ബാധിക്കുന്നു. ഓവർടൈം വർക്കിന് പല അളവുകോലുകൾ വച്ചാണ് കമ്പനികൾ പണം നൽകുന്നത്. ഒരുപക്ഷേ കേരള സമൂഹത്തിൽ ഇന്ന് ഏറ്റവും കൂടുതൽ വിവാഹ ബന്ധങ്ങൾ വേർപിരിയുന്നതും അതോടൊപ്പംതന്നെ കുടുംബ ബന്ധങ്ങൾ ശിഥിലമാകുന്നതും ഈ മേഖലയിലായിരിക്കും. Work life balance ഈ മേഖലയിൽ യുവജനങ്ങൾക്ക് സാധിക്കാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ജോലി സമയം നിജപ്പെടുത്തൽ, വിദഗ്ദ്ധ സമിതിയെ നിയോഗിക്കൽ, ഐ.ടി. ഹബ്ബ് കേന്ദ്രീകരിച്ച് റിക്രിയേഷൻ ക്ലബ്ബുകൾ ആരംഭിക്കൽ തുടങ്ങിയ പോംവഴികൾകൊണ്ട് മാത്രമേ ഇത് പരിഹരിക്കാൻ കഴിയുകയുള്ളൂ. സ്ത്രീകളുൾപ്പെടെ രാത്രികാല ഷിഫ്റ്റിൽ ജോലി ചെയ്യുന്ന ഈ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളും ശക്തമായ സുരക്ഷയും ഇന്നും ഫയലിലും വർത്തമാനത്തിലും മാത്രമേയുള്ളൂ. ഐ.ടി. പാർക്കുകളോട് ചേർന്ന് ഒരു പബ്ലിക് ടോയ്‌ലെറ്റുപോലും നമുക്ക് കാട്ടിത്തരാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണ്. രാത്രികാല പോലീസ് പട്രോളിംഗ് അടക്കമുള്ള കാര്യങ്ങൾ നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ടെക്നോപാർക്കിനടുത്ത് ഒരു പെൺകുട്ടി ദാരുണമായി കൊല്ലപ്പെട്ട സംഭവം നമ്മുടെ മനസ്സാക്ഷിയെ ഞെട്ടിച്ചതാണ്.

ജോലിക്കാരെ കൊണ്ടുപോകാൻ കമ്പനി നൽകുന്ന വാഹനങ്ങളിലെ ഡ്രൈവർമാർ പലപ്പോഴും ഉപദ്രവിക്കുകയും അവരെ പല രീതിയിൽ അപമാനിക്കുകയും ചെയ്യുന്നു. പലതും നമ്മുടെ സഹോദരിമാർ പുറത്ത് പറയാതിരിക്കുകയാണ്. അസമയത്ത് പോകുമ്പോൾ അവർക്കുണ്ടാകുന്ന പല ദുരനുഭവങ്ങളും പുറത്തു പറയാതിരിക്കുകയാണ്. പുറത്തുപറഞ്ഞാൽ ജോലിയിൽ

നിൽക്കാൻ കഴിയാതെ വരുമോ എന്നും വീട്ടിൽ അറിയുമോ എന്നും അവർ ഭയപ്പെടുന്നു. വളരെ ദുഃഖം അടക്കിപ്പിടിച്ചാണ് അവർ കഴിയുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

സമയം ഇനിയും ധാരാളം ആവശ്യമുണ്ട്. അതുകൊണ്ട് എന്റെ ചർച്ച അടുത്ത പ്രാവശ്യത്തേയ്ക്ക് മാറ്റിവയ്ക്കാം. ഒരുകാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. വിദേശ രാജ്യങ്ങളെ ആശ്രയിച്ചാണ് ഐ.ടി. മേഖല ഇവിടെ പ്രവർത്തിക്കുന്നത് എന്നുള്ളതുകൊണ്ട് ഇവിടെ ഹർത്താലും പണിമുടക്കുമൊക്കെ വരുമ്പോൾ ഏറ്റവും കൂടുതൽ യാതന അനുഭവിക്കുന്നത് ഇവരാണ്. അങ്ങനെയുള്ള നിരവധി പ്രശ്നങ്ങൾ ഇതുമായി ബന്ധപ്പെട്ടുണ്ട്. സമയക്കുറവായതുകൊണ്ട് ഞാൻ ഈ ചർച്ച അടുത്ത അവസരത്തിലേയ്ക്ക് മാറ്റി വയ്ക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, അദ്ദേഹം അടുത്തയോഗത്തിൽ ചർച്ച തുടരുമെന്ന് പറയുകയുണ്ടായി. ഗവൺമെന്റിന്റെ ഇപ്പോഴത്തെ സമീപനം ഇവിടെ പറഞ്ഞു. അദ്ദേഹംതന്നെ രണ്ട് ഭാഗവും നന്നായി പറഞ്ഞിട്ടുണ്ട്. വിദേശ കമ്പനികളാണ്, അവിടെയുള്ള നിയമങ്ങൾ, പലവിധ ഉൽപ്പാദനങ്ങളാണ്, ഒരു ഫാക്ടറി നിയമം നമുക്ക് ബാധകമാക്കാൻ പറ്റുകയില്ല. സ്വദേശ കമ്പനികളും വിദേശ കമ്പനികളുമുണ്ട് എല്ലാം കോൺട്രാക്ട് അപ്പോയ്മെന്റുകളാണ്. പ്രോജക്ടുകളിൽ നിന്നാണ് പ്രൊമോഷൻ വരുന്നത്. മിനിമം വേതനം പോലെയുള്ള നമ്മുടെ നിയമങ്ങൾ, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട്, മിനിമം വേജസ് ആക്ട്, ഗ്രാറ്റുവിറ്റി ആക്ട്, പെൻഷൻ ആക്ട്, പ്രോവിഡന്റ് ഫണ്ട് ആക്ട് ഇതൊന്നും as it is ഇവിടെ വരുന്നില്ല, അതാണ് മറ്റൊരു പ്രശ്നം. 8 മണിക്കൂർ സമയമെന്നുള്ളതും ആ ഇന്റർനാഷണലായിട്ടുള്ളതിന് കുറച്ചു വ്യത്യാസം ഇവിടെ വരുന്നുണ്ട്. നമ്മുടെ ഗവൺമെന്റ് പറഞ്ഞുവല്ലോ, ഒരു പൊതു നിയമം ഉണ്ടാക്കിയാൽ ആ കമ്പനികൾ അവിടെ നിന്നും ഷിഫ്റ്റ് ചെയ്തുപോകും. പുതിയ ടെക്നോളജിയുടെ അടിസ്ഥാനത്തിൽ ഓരോ ദിവസവും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് വിശദമായ പഠനം നടത്തുന്നത് നല്ലതുതന്നെയാണ്. അങ്ങനെയൊരു പഠനം നടന്നിട്ടില്ല. ദേശീയ- സംസ്ഥാന- ഇന്റർനാഷണൽ നിയമങ്ങൾ, ഉല്പാദന രീതികൾ, ടെക്നോളജി, ഇതെല്ലാംകൂടി വച്ച് ഒരു പഠനം നടത്തുന്നത് നന്നായിരിക്കും. അതിനെപ്പറ്റി ഗവൺമെന്റിന് ആലോചിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാകുകയില്ല, അത് എങ്ങനെ വേണമെന്നുള്ളതാണ് ആലോചിക്കേണ്ടത്. ഇപ്പോഴത്തെ രീതികളെപ്പറ്റി പറയുമ്പോൾ, പുതിയ രീതികളാണ് വരുന്നത്. ഇതിലൊക്കെ അഭിരമിക്കുന്ന വലിയ വിഭാഗമുണ്ടെന്നതാണ് സത്യം. ഇപ്പോൾ പുതിയ രീതിയെന്നു പറഞ്ഞാൽ,

കൗമാരപ്രായമുള്ള ഒരാളും ഒരു കുമാരിയും തമ്മിൽ കണ്ണിറുക്കി കാണിച്ചതാണ് ലോകത്തെ ഏറ്റവും വലിയ സംഭവം. നമുക്കും വേണമെങ്കിൽ അങ്ങനെ കണ്ണിറുക്കി കാണിക്കാൻ പറ്റും, ഒന്ന് പരിശീലിച്ചാൽ മതി അങ്ങനെയൊക്കെയുള്ള പുതിയ നോട്ട ടെക്നോളജിയാണ്. പരസ്പരം കാണുന്ന ടെക്നോളജിയിൽ മാറ്റം വരുന്ന കാലത്ത്, പുതിയ കാര്യങ്ങൾ വരുമ്പോൾ എല്ലാം ഒന്നു പഠിച്ച് നന്നായി പരിശോധിച്ച് ഒരു തീരുമാനമെടുക്കുന്നതായിരിക്കും നല്ലത്. ഇപ്പോൾ ഒരു നിയമം കൊണ്ടുവരുന്നതിന് ബുദ്ധിമുട്ടുവരുമെന്ന കാര്യമാണ് ഗവൺമെന്റ് പറഞ്ഞത്. അദ്ദേഹം ചർച്ച തുടരുന്നതുകൊണ്ട് കൂടുതലായി ഒന്നും പറയുന്നില്ല.

(ചർച്ച തുടരും)

(3) അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച

(i) 2016-ലെ കേരള കണ്ടൽവനം സംരക്ഷണ-വികസന ബിൽ.

(ശ്രീ. ജെയിംസ് മാത്യു എം.എൽ.എ സീറ്റിലില്ലാതിരുന്നതിനാൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

(ii) 2017-ലെ കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ് രൂപീകരണ ബിൽ

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കൃഷിക്കാരുടെ കാര്യം പറയുമ്പോൾ ആരും ശ്രദ്ധിക്കാൻ തന്നെയില്ല, സഭയിൽ കാണുന്നതും അതുതന്നെയാണ്, പ്രതിപക്ഷത്ത് ആരും ഇല്ല. ഇതാണ് കൃഷിക്കാരനോടുള്ള സമീപനം. ഞാൻ ഇങ്ങനെയൊരു ബിൽ ഇന്ന് ചർച്ചക്ക് പ്രതീക്ഷിച്ചില്ല. കാരണം കഴിഞ്ഞ നിയമസഭയിൽ ഇത് ചർച്ച ചെയ്തപ്പോൾ ഈ സഭയിൽ ഈ ബിൽ കൊണ്ടുവരുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുപറഞ്ഞതാണ്. അതുകൊണ്ട് ചർച്ച പ്രതീക്ഷിച്ചില്ല, ഇനി അതിൽനിന്നും അദ്ദേഹം പിൻമാറുകയില്ലെന്ന് പ്രതീക്ഷിക്കുന്നു. ഈ ബിൽ കൊണ്ടുവരണം. അത് ഈ സഭയുടെ ചരിത്രത്തിലും കേരള ചരിത്രത്തിലും വളരെ പ്രധാനപ്പെട്ടതാണ്. ഇപ്പോൾ കാർഷികരംഗം വല്ലാത്തൊരു സാഹചര്യമാണ് നേരിടുന്നത്. ഒരു ദിവസം 2500 പേരാണ് കൃഷി ഉപേക്ഷിച്ചുപോകുന്നത്. ഇത് ഔദ്യോഗിക കണക്കാണ്, വെറുതെ പറഞ്ഞതല്ല. കൃഷികൊണ്ട് ജീവിക്കാൻ പറ്റുന്നില്ല എന്നുള്ളത് തന്നെയാണ് ഇതിന്റെ പ്രധാനഘടകം. ഈ സഭയിൽ 140 ആളുകളുണ്ട്, ഇതിൽ ആരുടെയെങ്കിലും മക്കളെ കൃഷിയിൽ നിലനിർത്താൻ വിടുമോ? ആരും വിടുന്നില്ല. കൃഷിക്കുവേണ്ടിയും കൃഷിക്കാരനാക്കി മാറ്റാനും

ശ്രമിക്കുമോ? ശ്രമിക്കുകയില്ല. കാരണം ആ കൃഷികൊണ്ട് ഉപജീവനം നടത്താൻ സാധിക്കുന്നില്ലെന്ന തോന്നൽ തന്നെയാണ്. 5 ഏക്കർ സ്ഥലത്ത് കൃഷിയുണ്ടെങ്കിൽ 1970-ൽ ഒരു ജില്ലാ കളക്ടറെക്കാളും വരുമാനമായിരുന്നു. 76 രൂപയാണ് അന്ന് ഒരു ക്വിന്റൽ നെല്ലിന്റെ വില. ഇന്ന് ആ 5 ഏക്കർ കൃഷിക്കാരന് എന്താണ് വരുമാനം; മാസം 5,000 രൂപ കിട്ടുകയില്ലെന്ന് കൃഷി വകുപ്പുമന്ത്രിതന്നെ എന്റെ ചോദ്യത്തിന് ഉത്തരമായി പറഞ്ഞു. 5,000 രൂപകൊണ്ട് എങ്ങനെയാണ് ഒരു കുടുംബം ജീവിക്കുക? 10 ഏക്കർ നിലത്ത് കൃഷിയുണ്ടെങ്കിൽ 10,000 രൂപ കിട്ടും, ഒരു കുടുംബത്തിന് ജീവിക്കാൻ പറ്റുമോ? ഇന്ന് ഒരു ക്ലാസ്സ് IV ജീവനക്കാരന് ജീവിക്കണമെങ്കിൽ 18,000 രൂപ വേണമെന്ന് സുപ്രീം കോടതിതന്നെ പറഞ്ഞിരിക്കുകയാണ്. ആ ക്ലാസ്സ് IV ജീവനക്കാരന്റെ വരുമാനമെങ്കിലും കിട്ടേണ്ടതല്ലേ? ഞാൻ നേരത്തെ പറഞ്ഞു 1976-ൽ 5 ഏക്കർ ഭൂമിയുണ്ടെങ്കിൽ ഒരു ജില്ലാ കളക്ടറെക്കാളും ശമ്പളവും മാന്യതയും ജീവിക്കാനും സാധിക്കുമായിരുന്നു. അതുകൊണ്ട് കൃഷിക്കാരനെ എങ്ങനെ നിലനിർത്തും എന്നതിനെക്കുറിച്ച് ഗൗരവതരമായി ആലോചിക്കണം. 130 കോടി ജനതയെ തീറ്റിപ്പോറ്റുന്നത് കൃഷിക്കാരനല്ലേ? 100 കോടി മൃഗങ്ങളെയും തീറ്റിപ്പോറ്റുന്നത് കൃഷിക്കാരനാണ്. നമ്മൾ 3 നേരം ഭക്ഷണം കഴിക്കുന്നു?, ആ ഭക്ഷണം കഴിക്കുന്ന സമയത്തുപോലും കൃഷിക്കാരനെ ഒരു സെക്കന്റ് സമയത്ത് നമ്മൾ ഓർക്കുന്നുവോ; ഓർക്കേണ്ടതല്ലേ, അവരല്ലേ യഥാർത്ഥത്തിൽ ഈ രാജ്യത്തെ സേവിക്കുന്നത്. മൂന്നുനേരം തീറ്റിപോറ്റുന്ന കൃഷിക്കാരൻ സേവനം ചെയ്യുന്നുവെന്ന് നമ്മൾ അംഗീകരിക്കേണ്ടതല്ലേ? അംഗീകരിക്കുന്നതേയില്ലല്ലോ. യഥാർത്ഥത്തിൽ കർഷകരാണ് രാജ്യത്ത് സേവനം ചെയ്യുന്നത്, ബാക്കിയുള്ളവരെല്ലാം ഭരിക്കപ്പെടുന്നതാണ്. ഒരു എം.എൽ.എ. ആയിക്കഴിഞ്ഞാൽ സേവനം ചെയ്തുവെന്ന് അംഗീകരിക്കും ക്ലർക്കായാൽ അംഗീകരിക്കും മറ്റ് ഏത് ഉദ്യോഗം ചെയ്താലും പ്രധാനമന്ത്രിയായാലും സേവനം ചെയ്തുവെന്ന് അംഗീകരിക്കും. സേവനം ചെയ്തുവെന്ന് അംഗീകരിക്കുന്ന ആ ഒരു വ്യവസ്ഥ കൃഷിക്കാരന്റെ കാര്യത്തിലും വേണ്ടേ? അത് അംഗീകരിക്കണമെന്നുള്ളതാണ് ഈ ബില്ലിന്റെ പ്രധാന ഉദ്ദേശം. ഒരു ദിവസം നമ്മൾ എം.എൽ.എ. ആയാൽ അതിന് പെൻഷൻ കിട്ടുന്നു, ആരോഗ്യത്തിനുള്ള സംരക്ഷണം കിട്ടുന്നു, കുടുംബത്തിന്റെ ആരോഗ്യത്തിനുള്ള സംരക്ഷണം കിട്ടുന്നു. ഈ രാജ്യത്തെ തീറ്റിപ്പോറ്റി 60 വയസ്സുകഴിഞ്ഞാൽ മനുഷ്യൻ തിരിഞ്ഞുനോക്കാത്ത ഒരു അവസ്ഥയിൽ, മക്കൾപോലും തിരിഞ്ഞു നോക്കാത്ത അവസ്ഥയിലാകുമ്പോൾ അവനൊരു സംരക്ഷണം കൊടുക്കാനുള്ള ബാധ്യത ഈ സമൂഹത്തിനില്ലേ? അത് സമൂഹം

ചെയ്യണമെന്നുള്ളതാണ് ഈ ബില്ലിന്റെ പ്രധാന കാരണം. അതുകൊണ്ടാണ് ഈ കർഷകക്ഷേമ ബോർഡ് രൂപീകരണ ബില്ലെന്നുള്ള നിലയ്ക്ക് ഞാൻ അവതരിപ്പിച്ചത്. ഇത് കേട്ടപ്പോൾ പലരും വിമർശിച്ചു. ഇത്രയൊക്കെ കൃഷിക്കാർക്ക് കൊടുക്കാൻ പറ്റുമോ എന്ന ചോദ്യം ഞാൻ ഇത് അവതരിപ്പിച്ച് നാട്ടിൽ പോയപ്പോൾ ചില ആളുകൾ ചോദിച്ചു. ഇത്രയൊക്കെ കൊടുക്കാൻ പറ്റുമോ? അംഗമായിട്ടുള്ള കൃഷിക്കാരന് 60 വയസ്സുകഴിഞ്ഞാൽ 10,000 രൂപ പ്രതിമാസം പെൻഷൻ കൊടുക്കണം. കുടുംബാംഗത്തിന് മരണശേഷം 5,000 രൂപവച്ച് പെൻഷൻ കൊടുക്കണം. ഇതൊക്കെ മറ്റുള്ള എല്ലാപേർക്കുമില്ലേ? അതല്ലേ കൃഷിക്കാരനും ചോദിച്ചിട്ടുള്ളൂ, അതിന്റെയപ്പുറത്ത് ഒന്നും ചോദിച്ചിട്ടില്ലല്ലോ? അവശതയുള്ള അംഗം, രോഗത്താലോ, അപകടംകൊണ്ടോ പ്രയാസം അനുഭവിക്കുന്നവർക്ക് 5,000 രൂപവച്ച് പ്രതിമാസം കൊടുക്കണം. മരണാനന്തരം കുടുംബത്തിന്റെ ആനുകൂല്യം 50,000 രൂപ കൊടുക്കണം. ഇതൊക്കെ മറ്റുള്ള എല്ലാപേർക്കുമുണ്ട്. അതു മാത്രമേ ചോദിച്ചിട്ടുള്ളൂ, അല്ലാതെ പുതിയ ഒരു ചോദ്യവും നമ്മൾ ഇതിൽ ചോദിച്ചിട്ടില്ല. ഇതിന് എങ്ങനെയാണ് പണം കിട്ടുക എന്നു ചോദിച്ചാൽ, ഇതിന് പണമുണ്ടാക്കാൻ വേറെ ആരുടെയടുത്തും പോകണ്ട, വേറെ ആരുടെയും വരുമാനത്തിൽ നിന്നും പിടിച്ചുകൊടുക്കേണ്ട ആവശ്യമില്ല. കൃഷിക്കാരൻ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങളിൽ നിന്ന്, ചട്ടം 130 അനുസരിച്ച് അവകാശ ലാഭം കൊണ്ടുവരാമെന്നും അതിനുവേണ്ട ശ്രമം നടത്തുമെന്നും ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇവിടെ പറഞ്ഞു. അൻപത് ഗ്രാം ഉരുളക്കിഴങ്ങ് വിൽക്കുന്നത് ഇരുപത്തിയഞ്ച് രൂപയ്ക്കാണ്. യഥാർത്ഥത്തിൽ അൻപത് ഗ്രാം ഉരുളക്കിഴങ്ങിന് എന്തുവിലയുണ്ടാകും? ഇപ്പോൾ മാങ്ങയ്ക്ക് വില അല്പം കൂടുതലാണെങ്കിലും ഒരു കിലോ മാങ്ങയ്ക്ക് നാൽപ്പതോ അൻപതോ കൂടിപ്പോയാൽ എഴുപത് രൂപയോ മാത്രമേ വരികയുള്ളൂ, എന്നാൽ ഫ്രൂട്ടിയായി 425 രൂപയ്ക്കാണ് വിൽക്കുന്നത്. ഒരു ലിറ്റർ പാൽ വിൽക്കുമ്പോൾ മിൽമയ്ക്ക് ലഭിക്കുന്ന ലാഭം 175 രൂപയാണ്. മറ്റ് വലിയ കമ്പനികൾ പലതരം ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിനാൽ അതിനേക്കാൾ ലാഭമുണ്ടാകും. അരിയുടെ കാര്യം തന്നെയെടുക്കാം, ഒരു കിലോ അരി നാൽപ്പത് രൂപയ്ക്ക് വിൽക്കുമ്പോൾ കൃഷിക്കാരന് ലഭിക്കുന്നത് ഇരുപത്തിരണ്ടര രൂപയാണ്. ബാക്കിയുള്ള പണം ആരെല്ലാമോ കൊണ്ടുപോകുകയാണ്. ആ നാൽപ്പത് രൂപയിൽ എം.ആർ.പി.യിൽ നിന്നും ഒരു രൂപയെടുത്താൽ കേരളത്തിന് എത്ര കിട്ടും? ഇവിടെ നാൽപ്പത് ലക്ഷം ടൺ അരി വിൽക്കുന്നുണ്ട്, അതിൽ നിന്നും 400 കോടി രൂപ ലഭിക്കും. അങ്ങനെ ലഭിക്കുമ്പോൾ ഒരു ഏക്കർ ഭൂമിയിൽ കൃഷി ചെയ്യാൻ 15000 രൂപ കൊടുക്കാം,

അതിൽ പണിയെടുക്കുന്ന മൂന്ന് തൊഴിലാളികൾക്ക് 2500 രൂപ വീതം കൊടുക്കാൻ 50 കോടി രൂപ മതി. ബാക്കി 350 കോടി രൂപയില്ലേ, ആ 350 കോടി രൂപയുണ്ടെങ്കിൽ അവർക്ക് പ്രൊവിഡൻഡ് ഫണ്ടും വിദ്യാഭ്യാസ ആനുകൂല്യവും ചികിത്സാ സൗകര്യവും പെൻഷനുമൊക്കെ ഏർപ്പെടുത്താനുള്ള പണമുണ്ടാകും, മറ്റാരുടെയും പണം ഇതിനായി ആവശ്യമില്ല. ഈ ചൂഷണം ചെയ്യുന്ന പണം മാത്രം മതി. അതുകൊണ്ടാണ് അവകാശ ലാഭം എന്ന ആശയം വച്ചത്. നാലഞ്ച് സ്റ്റേറ്റുകൾ അതംഗീകരിച്ചു, കേന്ദ്ര ഗവൺമെന്റും ഒരു പരിധിവരെ അതംഗീകരിച്ചിരുന്നു. അങ്ങനെയാണ് കൃഷി കല്യാൺ സെസ് കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നത്. ഇപ്പോൾ ജി.എസ്.ടി. വന്നതോടെ അതില്ലാതാക്കി എന്നത് വസ്തുതയാണ്. കൃഷിക്കാരനെ അതല്ലാതെ രക്ഷിക്കാൻ ഒരു മാർഗ്ഗവുമില്ല. ഇതിന് വേറെയാരുടെയും പണം വേണ്ട, അവരെ ചൂഷണം ചെയ്യുന്ന പണം മാത്രം മതി അവനെ രക്ഷിക്കാൻ. അങ്ങനെ കൃഷിക്കാരന് മാന്യമായ വരുമാനമുണ്ടെങ്കിലേ കൃഷിയിലേയ്ക്ക്, കാർഷിക തൊഴിലിലേയ്ക്ക് ആളുകൾ വരികയുള്ളൂ. സാങ്കേതികമായി ലാ ഡിപ്പാർട്ടുമെന്റിനോടോ ബന്ധപ്പെട്ടവരോടോ ചോദിച്ചാൽ, ജി.എസ്.ടി വന്നതുകൊണ്ട് പറ്റുകയേയില്ല എന്ന വാദമായിരിക്കും ഉയർത്തുക എന്ന് ഞാനിപ്പോഴേ പറയുകയാണ്. അങ്ങനെയാണെങ്കിൽ നിയമനിർമ്മാണം നടത്താൻ നമുക്കധികാരമുണ്ടോ? അല്ലെങ്കിൽ അതിനായി ശക്തമായ രീതിയിൽ നാം സമ്മർദ്ദം ചെലുത്തിയാലേ കൃഷിക്കാരന് ഈ രംഗത്ത് പിടിച്ചുനിൽക്കാൻ കഴിയുകയുള്ളൂ. ഇന്ന് കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ നിശ്ചയിക്കാനുള്ള മീറ്റിംഗ് നടക്കുമെന്ന് തോന്നുന്നു, പത്രത്തിൽ വായിച്ചതാണ്. കൃഷി വകുപ്പുമന്ത്രി എന്നെ വിളിച്ചിരിക്കുകയാണ്. ആ കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ നിശ്ചയിക്കുന്നതിലെ രീതിയെന്താണ്? കോസ്റ്റ് ഓഫ് പ്രൊഡക്ഷന്റെ ഒന്നരയിരട്ടി താങ്ങുവില (എം.എസ്.പി) നിശ്ചയിക്കും എന്ന രീതിയിൽ ശ്രീ. നരേന്ദ്രമോദി വലിയ പ്രസ്താവന നടത്തി. കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ നിശ്ചയിക്കുന്നതിലെ മാനദണ്ഡമെന്താണ്, സ്റ്റേറ്റ് ഗവൺമെന്റ് ഏത് രീതിയിലാണ് അയച്ചതെന്ന് എനിക്കറിയില്ല. ആ മാനദണ്ഡത്തിൽ ഒരു മാറ്റം വരുത്തണ്ടേ; അതിൽ ഇൻപുട്ട്സ് മാത്രം മതിയോ? അതുമാത്രം പോരല്ലോ, അതിൽ കൃഷിച്ചെലവെല്ലാം ഉൾപ്പെടുത്തണം. കൃഷിക്കാരന്റെ കുടുംബത്തിന്റെ മുഴുവൻ അദ്ധ്വാനവും ഉൾപ്പെടണ്ടേ? അതുമാത്രമല്ല ഭൂമിയുടെ വില കണക്കാക്കണം. അതിൽ ലോൺ എടുത്തിട്ടുണ്ടെങ്കിൽ അതിന്റെ പലിശ ഉൾപ്പെടുത്തണ്ടേ? ഇതെല്ലാം കോസ്റ്റ് ഓഫ് പ്രൊഡക്ഷനിൽ ഉൾപ്പെടണം. അങ്ങനെ കണക്കാക്കിയാൽപ്പോലും നെല്ലിന് ഇരുപത്തിയഞ്ചോ ഇരുപത്തിയാറോ രൂപ മാത്രമേ വരുകയുള്ളൂവെന്നാണ് ഞാൻ

കണക്കാക്കുന്നത്. അങ്ങനെ വന്നാൽപ്പോലും ഒരു കുടുംബത്തിന് എന്തു വരുമാനം കിട്ടും? ഇരുപത്തിയാറ് രൂപ കണക്കാക്കിയാൽപ്പോലും പത്തേക്കർ ഭൂമിയിൽ കൃഷി ചെയ്യുന്നയാൾക്ക് ഒരു മാസം പതിനയ്യായിരം രൂപയേ വരുമാനം കിട്ടുകയുള്ളൂ. കോസ്റ്റ് ഓഫ് പ്രൊഡക്ഷന്റെ ഒന്നരയിരട്ടിയെന്ന് പറയുമ്പോൾ കൃഷി നിലനിൽക്കാൻ പ്രയാസമാണ്. അതിനുപുറമേ വരാൻ പോകുന്ന അപകടം കരാറുകളാണ്. ആസിയാൻ (ASEAN)കരാറും (Regional Comprehensive Economic Partnership) RCEP കരാറുൾപ്പെടെയുള്ളവ വന്നാൽ നമ്മുടെ കൃഷിമേഖല ഇവിടെ തകർന്ന് തരിപ്പണമാകും. ആർ.സി.ഇ.പി. കരാർ പ്രകാരം നെതർലാന്റിൽ നിന്നും ഇറക്കുമതി ചെയ്താൽ ഒരു ലിറ്റർ പാൽപ്പൊടി 15 രൂപയ്ക്ക് കിട്ടും. ഇവിടെ പാലിന് നാൽപ്പത് രൂപ വിലയുള്ളപ്പോൾ കമ്പനികൾ മുപ്പത് രൂപയ്ക്ക് പാൽ ഇറക്കിയാൽ ഇവിടെയുള്ള ലക്ഷക്കണക്കിന് പാവപ്പെട്ടയാളുകളുടെ പ്രത്യേകിച്ചും സ്ത്രീകളുടെ ഉപജീവനമാർഗ്ഗം ഇല്ലാതാകും. അപ്പോൾ ആ മേഖല തകരും, അതിന് നമുക്ക് എന്തു ചെയ്യാൻ സാധിക്കും; ഇതിനെതിരായി ശക്തമായ പ്രതിരോധം കെട്ടിപ്പടുക്കേണ്ട ബാദ്ധ്യത നമുക്കില്ലേ? കേന്ദ്ര സർക്കാർ മുഴുവൻ കൃഷി വകുപ്പ് മന്ത്രിമാരുടെയും യോഗം വിളിക്കണം. അതുപോലെ ഇന്നലെ ഞാൻ കൊപ്ര ഇറക്കുമതിയുടെ കാര്യം പറഞ്ഞു. കുരുമുളക്, ജാതി തുടങ്ങി എല്ലാ മേഖലയും നശിക്കാൻ പോകുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരു ബിൽകൂടി ഇന്നെടുക്കാനുള്ളതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ചർച്ച തുടരും.

മി. ഡെപ്യൂട്ടി സ്പീക്കർ: പറഞ്ഞോളൂ, കൺക്ലൂഡ് ചെയ്താൽ മതി.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ചർച്ച തുടരുന്നുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്.സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം നല്ലൊരു കർഷകനാണ്, കാർഷികമേഖലയിലെ വിഷയങ്ങളെല്ലാം നന്നായി പഠിച്ചിട്ടുള്ളയാളാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കാർഷിക നയം രൂപീകരിക്കുന്നതിൽ നേതൃത്വം കൊടുത്ത കമ്മിറ്റിയുടെ ചെയർമാനായിരുന്നു ശ്രീ. കെ. കൃഷ്ണൻകുട്ടി. അദ്ദേഹം പറഞ്ഞ കാര്യങ്ങളെല്ലാം അക്ഷരംപ്രതി ശരിയാണ്. അദ്ദേഹം പറയുന്നപോലെതന്നെ കർഷകരുടെ ക്ഷേമത്തിനുവേണ്ടി, പ്രത്യേകിച്ച് ഇന്ന് കർഷകർ നേരിട്ടുകൊണ്ടിരിക്കുന്ന വിഷയങ്ങൾ പരിഹരിക്കുന്നതിനായുള്ള ആത്മാർത്ഥമായ പരിശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്. കർഷകക്ഷേമ ബോർഡ് ബിൽ അവതരിപ്പിക്കാൻ പാകത്തിലുള്ള

ഘട്ടത്തിലേയ്ക്കെത്തി നിൽക്കുകയാണ്. ധനകാര്യ വകുപ്പിന്റെ കൺകറൻസിനു വേണ്ടി മാത്രം കാത്തിരിക്കുകയാണ്. അതു കഴിഞ്ഞാലുടൻതന്നെ ഈ സഭയിൽ അവതരിപ്പിക്കാനാണ് ഉദ്ദേശിച്ചിരുന്നത്, അതിനായി ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. എല്ലാരീതിയിലും ഡ്രാഫ്റ്റ് ചെയ്ത് കഴിഞ്ഞു, ഗവൺമെന്റ് അതിനായി ബജറ്റിൽ ഇരുപത്തിയഞ്ച് ലക്ഷം രൂപ മാറ്റിവയ്ക്കുകയും ചെയ്തു. ഈ സാമ്പത്തിക വർഷംതന്നെ ഈ സഭയിൽ അവതരിപ്പിക്കാൻ കഴിയുമെന്നായിരുന്നു വിശ്വസിച്ചിരുന്നത്. സാങ്കേതികമായ കാരണങ്ങളാൽ അവതരിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിലും പൂർണ്ണമായും അത് നടപ്പാക്കാനുള്ള ഉത്തരവാദിത്വം ഗവൺമെന്റിനുണ്ട്. ഈ വർഷത്തിൽത്തന്നെ കർഷക ക്ഷേമ ബോർഡ് ഇവിടെ രൂപീകരിക്കും, അതിനുള്ള ബിൽ അവതരിപ്പിക്കും. ഒരു കാര്യം കൂടി പറഞ്ഞവസാനിപ്പിക്കാം. അങ്ങിവിടെ കാർഷിക മേഖലയിലെ നഷ്ടത്തെക്കുറിച്ച് പറഞ്ഞു. ലാഭമില്ലാത്തതുകൊണ്ടുമാത്രമല്ല ഈ മേഖലയിൽ ആളുകൾ വരാത്തത്. ബഹുമാനപ്പെട്ട പി. ടി. തോമസ് അവിടെ പറഞ്ഞു, രാവിലെ സുന്ദരന്മാരും സുന്ദരികളും ആഫീസിലേയ്ക്ക് പോകുമ്പോൾ വലിയ വരുമാനം കിട്ടുന്നവരാണെന്ന് നമ്മൾ പ്രതീക്ഷിക്കുകയാണ്, പക്ഷേ പതിനായിരം രൂപയിൽത്താഴെയാണ് അവർക്ക് കിട്ടുന്നത് എന്ന്. പതിനായിരം രൂപയിൽത്താഴെ കിട്ടുമ്പോഴും ഈ സുന്ദരന്മാരും സുന്ദരികളും ഐ.ടി. മേഖലയിലേയ്ക്ക് പോകുന്നതിന് കാരണം ഐ.ടി. മേഖലയ്ക്ക് എന്തോ ഒരു സ്റ്റാറ്റസ് സമൂഹം കൽപ്പിച്ചു കൊടുക്കുന്നതുകൊണ്ടാണ്. കാർഷിക മേഖലയോട് നമ്മുടെ സമൂഹം കാണിക്കുന്ന പരമപുച്ഛം അവസാനിപ്പിക്കേണ്ട കാലമായിരിക്കുന്നു. മണ്ണിൽ പണിയെടുക്കുന്ന കൃഷിക്കാരനാണ് അന്നം തരുന്നതെന്ന വസ്തുത നമ്മുടെ സമൂഹത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. കർഷകൻ എന്ന നിലയിൽ അവന്റെ ആത്മാഭിമാനബോധം ഉയർത്തണമെങ്കിൽ ആ രീതിയിലേയ്ക്കുള്ള ഒരു നയം ഉണ്ടാകേണ്ടതുണ്ട്. ആ നയമാണ് ഗവൺമെന്റ് നടപ്പാക്കുന്നത്. കൃഷിക്കാരനെന്ന് പറയുമ്പോൾ I am a farmer എന്ന് തല ഉയർത്തിപ്പിടിച്ച് പറയാൻ ഒരു കൃഷിക്കാരന് കഴിയാവുന്ന അവസ്ഥയിലേയ്ക്ക് വരണം. ഐ.ടി.യിലേയ്ക്ക് പോകുന്ന കുട്ടികൾ കൃഷിയിലേയ്ക്ക് വരണം. ഐ.ടി.യെക്കാൾ കൂടുതൽ സാധ്യതയുള്ള മേഖലയാണ് കൃഷി. കൃഷി നഷ്ടമാണ് എന്ന് പ്രചരിപ്പിക്കാനല്ല സർക്കാർ ഉദ്ദേശിക്കുന്നത്. കൃഷിക്ക് ഒരുപാട് ലാഭമുണ്ടാക്കാൻ കഴിയുക എന്നത് ഒരു സാമൂഹിക ഉത്തരവാദിത്വം കൂടിയാണ്. കൃഷിക്കാരനുണ്ടാകുന്ന നഷ്ടം അവന്റെ മാത്രം നഷ്ടമല്ല. സമൂഹംകൂടി ആ നഷ്ടം ഏറ്റെടുക്കുക എന്നുള്ളതാണ് സംസ്ഥാന ഗവൺമെന്റിന്റെ നയം. അതുകൊണ്ട് കർഷകരുടെ രക്ഷയ്ക്കായി ഇന്ത്യയിൽത്തന്നെ ആദ്യത്തെ കർഷകക്ഷേമ ബോർഡ്

ബിൽ നമ്മുടെ കേരള നിയമസഭയിൽ അംഗീകരിക്കപ്പെടും. ഈ വർഷംതന്നെ അത് പ്രാബല്യത്തിൽ കൊണ്ടുവരുമെന്നാണ് എനിക്ക് പറയാനുള്ളത്.

(ചർച്ച തുടരും)

(iii) 2016- ലെ കേരള നിർദ്ധനരായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കൽ ബിൽ

ശ്രീമതി യു. പ്രതിഭ ഹരി: സർ, ലോകമെങ്ങും സാർവ്വദേശീയ വനിതാ ദിനം ആഘോഷിച്ചതിന്റെ പിറ്റേദിവസമാണ് വീണ്ടും വളരെ പ്രസക്തമായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കൽ ബിൽ തുടർ ചർച്ചയ്ക്ക് വന്നിരിക്കുന്നത്. സ്ത്രീകൾക്ക് അഭിമാനിക്കാവുന്നതരത്തിൽ വളരെ വ്യത്യസ്തമായ ഒട്ടേറെ അനുഭവങ്ങളുടെ ദിവസമായിരുന്നു ഇന്നലെ. വിവിധ തലങ്ങളിൽപ്പെട്ട സ്ത്രീകളെ നാടൊന്നാകെ ആദരിക്കുകയും അവരോടൊപ്പം ചേരുകയും ചെയ്യുന്ന നല്ല അനുഭവങ്ങളായിരുന്നു നമ്മുടെ മനസ്സിലുണ്ടായിരുന്നത്. ഒരുപക്ഷേ ഈ ബിൽ പതിനാലാം കേരള നിയമസഭയിലെ ആദ്യത്തെ പ്രൈവറ്റ് ബില്ലായിരുന്നു. ആദ്യത്തെ ബില്ലായതിനാൽ അന്ന് സഭയിൽ എല്ലാവരുമുണ്ടായിരുന്നു. എം.എൽ.എ.-മാരുടെ നിറഞ്ഞ സാന്നിദ്ധ്യത്തിലാണ് ബിൽ അവതരിപ്പിച്ചത്. വളരെ സജീവമായ ധാരാളം ഇടപെടലും നല്ല നിർദ്ദേശങ്ങളുമുണ്ടായിരുന്നു. വളരെ പാർശ്വവത്കരിക്കപ്പെട്ട ഒരു വിഭാഗമാണ് ഭർത്താവ് നഷ്ടപ്പെട്ടവർ. പലർക്കും അകാലത്തിൽത്തന്നെ ഭർത്താക്കൻമാരുടെ സാമീപ്യമില്ലാതെ കഴിയേണ്ടി വരുന്നു. ദാരിദ്ര്യദുഃഖമാണെങ്കിലും സമൂഹത്തിലെ ഒറ്റപ്പെടലാണെങ്കിലും പറഞ്ഞറിയിക്കാൻ കഴിയാത്ത വേദന അനുഭവിക്കുന്ന പാർശ്വവത്കരിക്കപ്പെടുന്ന ആ സഹോദരിമാരോടൊപ്പം നിൽക്കാനുള്ള നിയമസഭയിലെ എല്ലാ അംഗങ്ങളുടെയും മനസ്സ് ഇതവതരിപ്പിച്ച അംഗം എന്ന നിലയിൽ എനിക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ കാരണങ്ങളാൽ ഭർത്താക്കന്മാരുടെ സാന്നിദ്ധ്യം നഷ്ടമാകുന്നതുവഴി നമ്മുടെ നാട്ടിലെ സ്ത്രീകൾ നിരാലംബരായിത്തീരുന്നുണ്ട്. അതുകൊണ്ടുതന്നെ അവർ സൈഡ്‌ലൈൻ ചെയ്യപ്പെടുകയാണ്. സാമ്പത്തികമായോ ധാർമ്മികമായോ ആകാം അവർ തകരുകയും ഒറ്റപ്പെടുകയും ചെയ്യുന്നത്. ഇത്തരത്തിലുള്ള സ്ത്രീകളുടെ ഭാവി സുരക്ഷിതമാക്കണമെന്നുള്ളതാണ് ഈ ബില്ലിലൂടെ മുന്നോട്ടുവയ്ക്കാനുള്ള നിർദ്ദേശം, ഇതിന്റെ ലക്ഷ്യവും അതുതന്നെയാണ്. വിധവകൾ സംരക്ഷിക്കപ്പെടണം. ഒരുപാടു നിയമങ്ങൾ നമ്മുടെ നാട്ടിലുണ്ട്. പുതിയതായി ചർച്ചയിലൂടെ ഒരു നിയമനിർമ്മാണം വന്നാൽ നടപടികൾ യാഥാർത്ഥ്യമാകും എന്നുള്ളതാണ് ഈ ബിൽകൊണ്ട് അർത്ഥമാക്കുന്നത്. ഞാൻ പ്രതിനിധീകരിക്കുന്ന എന്റെ മണ്ഡലത്തിൽ പല കാരണങ്ങളാൽ അപകടങ്ങളിൽ ധാരാളം പേർ മരണപ്പെടുന്നുണ്ട്. 30-40 വയസ്സിനിടയിലുള്ള യുവാക്കളാണ് കൂടുതലായി അപകടത്തിൽപ്പെട്ട് മരിക്കുന്നത്. അവരുടെ വീടുകളിലേയ്ക്ക് ചെല്ലുമ്പോൾ വളരെ ചെറുപ്പത്തിൽത്തന്നെ വൈധവ്യമെന്ന വലിയൊരു ബുദ്ധിമുട്ട് അനുഭവിക്കുന്ന

പെൺകുട്ടികളെയാണ് കാണാൻ കഴിയുന്നത്. എത്ര പുരോഗമന സമൂഹമായാലും വിധവകളെ നല്ല രീതിയിലല്ല സമൂഹം ട്രീറ്റ് ചെയ്യുന്നതെന്നുള്ളത് പൊതുപ്രവർത്തകരായ നമുക്ക് നന്നായി അറിയാൻ കഴിയുന്ന കാര്യമാണ്. അത്തരം വീടുകളിൽ ചെല്ലുമ്പോൾ പറക്കമുറ്റാത്ത കുഞ്ഞുങ്ങളുമായി ജീവച്ഛവമായിരിക്കുന്ന പെൺകുട്ടിയെ ആശ്വസിപ്പിക്കാൻപോലും നമുക്ക് കഴിയുന്നില്ല. പിന്നീട് എന്താണ് അവരുടെ ജീവിതത്തിൽ സംഭവിക്കുന്നതെന്ന് നാം അറിയുന്നില്ല. ഈ ബിൽ ചർച്ച ചെയ്തപ്പോൾത്തന്നെ പറഞ്ഞത് നിർഭാഗ്യവശാൽ വിധവകളുടെ ആധികാരികമായ കണക്കുപോലും നമ്മുടെ നാട്ടിലില്ല എന്നാണ്. 48 ലക്ഷത്തിലധികം വിധവകൾ കേരളത്തിൽത്തന്നെ ഉണ്ടെന്നാണ് അനൗദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നത്. ഭർത്താക്കൻമാർ നഷ്ടപ്പെടുന്ന സ്ത്രീകൾ പ്രായമുള്ളവരാണെങ്കിൽ അവരെ സംരംക്ഷിക്കാൻ മക്കളുണ്ടാകും. പക്ഷേ പറക്കമുറ്റാത്ത കുഞ്ഞുങ്ങളുമായി കഴിയേണ്ടിവരുന്ന വിധവകളെ സംരംക്ഷിക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു ചർച്ചയാണ് നമ്മൾ നടത്തേണ്ടത്. ഇവർക്ക് പ്രിവിലേജ്ഡ് സിസ്റ്റർ എന്ന പരിഗണന കൊടുക്കണമെന്നുള്ള പ്രൊപ്പോസൽ മുന്നോട്ടുവച്ചിരുന്നു. വിധവകൾ സർക്കാർ ഓഫീസുകളിലും മറ്റും വിവിധ ആവശ്യങ്ങൾക്കായി ചെല്ലുമ്പോൾ അവരുടെ കാര്യങ്ങൾ വേഗത്തിൽ സാധിച്ചുകൊടുക്കുന്ന തരത്തിലേയ്ക്കുള്ള നിയമ സഹായം വേണം. ഭർത്താവ് മരിച്ചുപോകുന്ന സ്ത്രീകൾ വീടുകളിൽനിന്ന് നിഷ്കാസിതരാകുന്നുണ്ട്. ആരും ചോദിക്കാനും പറയാനുമില്ലാത്ത അവസ്ഥയിൽ അവർ സ്വത്ത് തർക്കത്തിൽപ്പെടുകയും കോടതിയെ സമീപിക്കേണ്ട അവസ്ഥയുണ്ടാകുകയും ചെയ്യുന്നു. കോടതിയിൽ ചെല്ലുന്ന വാദിയും പ്രതിയും ഒട്ടും സുഖകരമല്ലാത്ത അവസ്ഥയിലാണ് കോടതി മുറിയിൽ നിൽക്കുന്നത്. അഭിഭാഷകരുടെ സേവനം പഞ്ചായത്തുതലത്തിലേയ്ക്ക് ലഭ്യമാക്കാൻവേണ്ടിയുള്ള നിർദ്ദേശം ഈ ബില്ലിലൂടെ മുന്നോട്ടുവയ്ക്കാൻ ആഗ്രഹിക്കുകയാണ്. അധികാര വികേന്ദ്രീകരണത്തിന് ഏറ്റവും കൂടുതൽ പിന്തുണ നൽകുന്ന ഗവൺമെന്റാണ് കേരളത്തിലുള്ളത്. അതുകൊണ്ടുതന്നെ വിധവകളുടെ നിയമപരമായ പ്രശ്നങ്ങൾക്ക് തീർപ്പുണ്ടാക്കുന്നതിന് പഞ്ചായത്തുകളുടെ കീഴിൽ അഭിഭാഷകന്റെ സേവനം ഉറപ്പുവരുത്താൻ കഴിഞ്ഞാൽ വിധവകളുടെ സ്വത്തിന്റെ കൈമാറ്റവും ഭർതൃകുടുംബത്തിൽനിന്ന് ലഭിക്കേണ്ട അർഹതപ്പെട്ട സ്വത്തുകളുടെ കൈമാറ്റവും സർക്കാർ റിക്കോർഡുകളിൽ വരുന്ന പ്രശ്നങ്ങളുമുൾപ്പെടെ പരിഹരിക്കുന്നതിന് അവരെ സഹായിക്കാൻ കഴിയുമെന്ന് പറയാൻ ആഗ്രഹിക്കുന്നു. സ്ത്രീകൾ പോലീസ് സ്റ്റേഷനിലേയ്ക്ക് ചെല്ലുമ്പോൾ ചില പോലീസുകാരെങ്കിലും ഒരു മുൻവിധിയോടുകൂടിയാണ് പല സ്ത്രീകളെയും കാണുന്നത്. രണ്ട് സ്ത്രീകൾ തമ്മിൽ എന്തെങ്കിലും പ്രശ്നമുണ്ടായി പോലീസ് സ്റ്റേഷനിലേയ്ക്ക് ചെന്നാൽ പുരുഷൻമാരോട് പെരുമാറുന്നതുപോലെയല്ല പല പോലീസുകാരും സ്ത്രീകളോട് പെരുമാറുന്നത്. പ്രത്യേകിച്ച് വിധവകൾ പോലീസ് സ്റ്റേഷനിലേയ്ക്ക് ചെല്ലുമ്പോൾ പോലീസ് സ്റ്റേഷനിൽ മാന്യമായ പെരുമാറ്റം ലഭിക്കാനും വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട്

വിധവകളുടെ പരാതികൾക്ക് മുന്തിയ പരിഗണന ഉറപ്പുവരുത്താനുമുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. അതുപോലെ കോടതികളിലും പോലീസ് സ്റ്റേഷനുകളിലും വിധവകൾ പോകേണ്ടിവരുമ്പോൾ പഞ്ചായത്ത് ജില്ലാതല അഭിഭാഷകരുടെ സൗജന്യ സേവനവും നിയമസഹായവും ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള ഇടപെടൽകൂടി നടത്തേണ്ടതുണ്ട്.

ശ്രീ. വി. ടി. ബൽറാം: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് നല്ലൊരു വിഷയമാണ്. എല്ലാവരുടെയും പങ്കാളിത്തത്തോടെ ഇതുസംബന്ധിച്ച് കൂടുതൽ ചർച്ച നടക്കേണ്ടതാണ്. പ്രസക്തമായ ചില നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചത്. വളരെ ചെറിയ പ്രായത്തിൽത്തന്നെ വിധവകളാകുന്ന സഹോദരിമാരെ നമുക്കെല്ലാം പരിചയമുണ്ട്. അവർക്ക് തൊഴിൽ ലഭിക്കുകയാണെങ്കിൽ സ്വന്തം നിലയിൽ കുടുംബം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. പി.എസ്.സി. പരീക്ഷകളിൽ ഇത്തരം സഹോദരിമാരെ പ്രത്യേകം പരിഗണിക്കുകയും അവർക്ക് വെയിറ്റേജ് മാർക്ക് നൽകാൻ കഴിയുന്ന തരത്തിലുള്ള സംവിധാനമുണ്ടാക്കണമെന്നുള്ള അഭിപ്രായം അങ്ങ് പങ്കുവയ്ക്കുന്നുണ്ടോ; അത് ഗവൺമെന്റിനുമുന്നിൽ നിർദ്ദേശമായി വയ്ക്കുമോ?

ശ്രീമതി യു. പ്രതിഭ ഹരി: സർ, തീർച്ചയായും. വളരെ നല്ല നിർദ്ദേശമാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. ഈ നിർദ്ദേശം ഞങ്ങൾതന്നെ മുന്നോട്ടുവച്ചിട്ടുണ്ട്. പി.എസ്.സി. പരീക്ഷകളിൽ റാങ്ക് ലിസ്റ്റിന്റെ മാനദണ്ഡമനുസരിച്ചാണ് നിയമനം ലഭിക്കുന്നത്. അവിടെ വിധവ എന്ന കാറ്റഗറി വരുന്നില്ല. വിധവകളായ സഹോദരിമാർ വനിതാ എം.എൽ.എ. മാരെ വന്നുകാണുകയും അവർ ഈ അഭിപ്രായം മുന്നോട്ടുവയ്ക്കുകയും ചെയ്തിട്ടുണ്ട്. അതുകൂടി കൂട്ടിച്ചേർത്തുകൊണ്ടുതന്നെയാണ് ഈ ചർച്ച തുടരേണ്ടതെന്ന് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. ഗവൺമെന്റ് ഏകദേശം 58 കോടി രൂപയാണ് വിധവകളുടെ പുനരധിവാസത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ളത്. വിധവകൾ മാത്രമല്ല, ഭർത്താക്കൻമാർ ഉപേക്ഷിച്ച സ്ത്രീകളും വളരെയധികം വേദനയോടുകൂടി ജീവിക്കുന്നതായി നമുക്കറിയാം. അവർക്കുകൂടി പ്രത്യേക പരിഗണന നൽകേണ്ടതാണ്. ഇവരുടെ ക്ഷേമത്തിനായി 58 കോടി രൂപ നീക്കിവച്ച ധനകാര്യ വകുപ്പുമന്ത്രിയെ പ്രത്യേകമായി ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. പണം മാറ്റിവച്ചതുകൊണ്ടുമാത്രം ഇവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയില്ല. ഇത് താഴെത്തട്ടിലേയ്ക്ക് എങ്ങനെ നടപ്പാക്കുമെന്നുള്ള കാര്യമാണ് ചർച്ച ചെയ്യേണ്ടത്. അതിന് ആധികാരികമായി പഞ്ചായത്തുകളിൽ വിധവകളെ കാറ്റഗറൈസ് ചെയ്തുകൊണ്ട് ലിസ്റ്റുണ്ടാക്കണം. വിധവകൾതന്നെ പല തരത്തിലുള്ളവരുണ്ടാകും. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവരെ സാമൂഹികമായി ശാക്തീകരിക്കേണ്ടതായി വരും. എന്നാൽ ദാരിദ്ര്യമനുഭവിക്കുന്നവരെ അതിൽനിന്ന് മോചിപ്പിച്ച് ഉയർത്തിക്കൊണ്ട്

വരേണ്ടതായുണ്ട്. അതുകൊണ്ട് പഞ്ചായത്തിൽ വിധവകളെ കാറ്റഗറൈസ് ചെയ്തുകൊണ്ടുള്ള ലിസ്റ്റ് ഉണ്ടാകണമെന്നാണ് ആവശ്യപ്പെടുന്നത്. 60 വയസ്സ് കഴിഞ്ഞ വിധവകളുടെ എണ്ണമെത്ര, വളരെ അകാലത്തിൽ ഭർത്താക്കൻമാരെ നഷ്ടപ്പെട്ട് വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർ ആരൊക്കെ എന്നെല്ലാം അറിയേണ്ടതുണ്ട്. അങ്ങനെയുള്ളവർക്ക് മുൻഗണന നൽകി ഈ തുകയുടെ ഗുണഭോക്താക്കളാക്കി മാറ്റണമെന്ന നിർദ്ദേശംകൂടി വയ്ക്കുകയാണ്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, വിധവാ വിവാഹം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശംകൂടി ഉൾപ്പെടുത്താൻ കഴിയില്ലേ? വി. ടി. ഭട്ടതിരിപ്പാട് വർഷങ്ങൾക്കുമുമ്പ് 'അടുക്കളയിൽനിന്ന് അരങ്ങത്തേയ്ക്ക്' എന്ന നാടകം എഴുതാൻ തന്നെ കാരണമിതാണ്. 12 വയസ്സായ പെൺകുട്ടിയെ 72 വയസ്സായ വൃദ്ധന് കല്യാണം കഴിച്ചുകൊടുക്കുന്ന സാമൂഹ്യ വ്യവസ്ഥ ഇന്നില്ല. നമ്മുടെ നേതാക്കൻമാർ പലരും വിധവകളെ കല്യാണം കഴിച്ച് മാതൃക കാട്ടിയിട്ടുണ്ട്. വിധവാ വിവാഹം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശം കൂടി ഇതിൽ ഉൾപ്പെടുത്തണം.

ശ്രീമതി യു. പ്രതിഭ ഹരി: സർ, കേരളത്തിന്റെ സാമൂഹ്യ പശ്ചാത്തലത്തിൽ വിധവാ വിവാഹത്തിന് തടസ്സങ്ങളൊന്നുമില്ല. വിധവകൾ വിവാഹം കഴിക്കുന്നതായി കാണുന്നുണ്ട്. എങ്കിൽപ്പോലും അവർ സുരക്ഷിതരാണോയെന്ന കാര്യം നമുക്ക് അറിയില്ല. അത്തരം ഇഷ്യൂസ് നമ്മുടെ ശ്രദ്ധയിൽപ്പെട്ടാൽ വലിയ രീതിയിലുള്ള ക്യാമ്പയിനായിത്തന്നെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന് ചൂണ്ടിക്കാണിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ചർച്ച തുടരുന്നുണ്ടോ?

ശ്രീമതി യു. പ്രതിഭ ഹരി: സർ, ഈ വിഷയത്തിൽ ചർച്ച തുടരേണ്ടതുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ചർച്ച തുടരുന്നെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് അവതരിപ്പിച്ചിരിക്കുന്നത്. വിധവകളുടെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും അവർ നേരിടുന്ന സാമൂഹ്യ വിഷയങ്ങളുമെല്ലാം ഗവൺമെന്റ് വളരെ ഗൗരവത്തോടെ തന്നെയാണ് കാണുന്നത്. ഇപ്പോൾത്തന്നെ വിവിധ പദ്ധതികൾ വിധവകളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയിട്ടുണ്ട്. വിധവകൾക്കായി 58 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം നേരത്തെ സൂചിപ്പിക്കുകയുണ്ടായി. 2008 മുതൽ വിധവകളുടെ പുനർവിവാഹത്തിനു വേണ്ടിയുള്ള 'മംഗല്യ ധനസഹായ പദ്ധതി' നടപ്പാക്കുന്നുണ്ട്. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുവേണ്ടി ഒറ്റത്തവണ സഹായം നൽകുന്നുണ്ട്.

വിധവകൾക്ക് പ്രതിമാസം 1,100 രൂപ പെൻഷൻ നൽകുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. വിധവകളെ താമസിപ്പിക്കുന്ന ബന്ധുക്കൾക്ക് 1,000 രൂപ നൽകുന്ന 'അഭയകിരണം പദ്ധതി' നടപ്പാക്കുന്നുണ്ട്. വിധവകൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് സെന്റർ ഫോർ മാനേജ്മെന്റിന്റെ നേതൃത്വത്തിൽ നൈപുണ്യ പരിശീലന പരിപാടി ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെ വിധവകൾക്കാവശ്യമായ ഭക്ഷണം, താമസം, കൗൺസിലിംഗ് തുടങ്ങിയവയ്ക്കു വേണ്ടിയുള്ള പദ്ധതികളും മാതാവ്/പിതാവ് മരണമടഞ്ഞ കുട്ടികളെ അനാഥാലയത്തിൽ താമസിപ്പിക്കാതെ വീടുകളിൽത്തന്നെ താമസിപ്പിക്കുന്നതിനുള്ള പദ്ധതിയും നടപ്പാക്കുന്നുണ്ട്. വനിതാ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ കുറഞ്ഞ പലിശ നിരക്കിൽ പണം കടമായി ലഭിക്കാനുള്ള പദ്ധതികളും വിധവകളുടെ ക്ഷേമത്തിനുവേണ്ടി നടപ്പാക്കുന്നുണ്ട്. ലീഗൽ സർവീസസ് അതോറിറ്റി വഴി പാവപ്പെട്ട വിധവകൾക്ക് നിയമസഹായം നൽകിവരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച ഈ ബില്ലിലെ വ്യവസ്ഥകൾ 1973-ലെ ക്രിമിനൽ നടപടി സംഹിതയിലും 1872-ലെ ഇന്ത്യൻ തെളിവു നിയമത്തിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ ഭരണഘടനയിൽ 254-ാം അനുച്ഛേദം രണ്ടാം ഖണ്ഡപ്രകാരം ഈ ബിൽ നിയമസഭ പാസ്സാക്കിയാൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കിവയ്ക്കുകയും അദ്ദേഹത്തിന്റെ അനുമതി ലഭിക്കുകയും ചെയ്താൽ മാത്രമേ പ്രസ്തുത നിയമത്തിന് സംസ്ഥാനത്തിന്റെ അതിപ്രഭാവമുണ്ടാവുകയുള്ളൂ. പ്രസ്തുത ബിൽ നിയമമായി പ്രാബല്യത്തിൽ കൊണ്ടുവരുമ്പോൾ സംസ്ഥാന സഞ്ചിത നിധിയിൽനിന്നും 75 ലക്ഷം രൂപ പ്രതീക്ഷിക്കുന്നതായി ധനകാര്യ മെമ്മോറാണ്ടത്തിൽ നിർദ്ദേശിച്ചിരിക്കുന്നതിനാൽ അപ്രകാരമൊരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് അനുച്ഛേദം 207(3) പ്രകാരം ഗവർണറുടെ ശിപാർശ ആവശ്യമാണ്. മേൽപ്രസ്താവിച്ച നിയമപരമായ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ 2016-ലെ കേരള നിർദ്ധനരായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കൽ ബിൽ ഇപ്പോൾ പരിഗണിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി യു. പ്രതിഭ ഹരി അവതരിപ്പിച്ച 2016-ലെ കേരള നിർദ്ധനരായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കൽ ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

ഓർഡർ....ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും ചേരുന്നതുമാണ്.

(2018 മാർച്ച് മാസം 12-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

## അനുബന്ധം

## 25-1-2018 -ലെ നക്ഷത്രചിഹ്നമിട്ട 84-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

### ഇതര സംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ

(*84) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി സി. കെ. ആശ : സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ ഒരുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു;

(ബി) സംസ്ഥാന പ്ലാനിംഗ് ബോർഡ് പഞ്ചവത്സര പദ്ധതിയുടെ (2017-2022) ഭാഗമായി മറുനാടൻ തൊഴിലാളികളുടെ ക്ഷേമത്തിനായി കർമ്മസമിതി രൂപവൽക്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് ചുരുങ്ങിയ ചെലവിൽ വാസസ്ഥലങ്ങൾ നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ഇവർക്ക് അപകട ആരോഗ്യ ഇൻഷ്വറൻസ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് സർക്കാർ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആവാസ്) ആവിഷ്കരിച്ചിട്ടുണ്ട്. 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളിൽ 83000 പേർക്ക് ഇതിനകം രജിസ്ട്രേഷൻ കാർഡ് നൽകിയിട്ടുണ്ട്. തൊഴിൽ വകുപ്പ് "ഭവനം ഫൗണ്ടേഷൻ കേരള" മുഖേന നടപ്പിലാക്കി വരുന്ന "അപ്നാഘർ" പദ്ധതിയിലൂടെ ഇതരസംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കുന്നു. ഇതരസംസ്ഥാന തൊഴിലാളികൾക്കായി സംസ്ഥാനത്തെ 14 ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്ന വിഷയം പരിശോധനയിലാണ്.

(ബി) പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികളുടെ കുടിയേറ്റം സംബന്ധിച്ച് പ്രൊഫസർ ഡി. നാരായണ, ശ്രീ.കെ.ബിജു ഐ.എ.എസ്. എന്നിവരെ അദ്ധ്യക്ഷരാക്കിക്കൊണ്ട് ഒരു കർമ്മസമിതി രൂപീകരിച്ചിട്ടുണ്ട്. നടപടിക്രമം അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്.

(ഡി) 2-3-2017-ലെ സ.ഉ.(സാധാ) നമ്പർ 274/17/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം "ആവാസ്" പദ്ധതിയിൻകീഴിൽ 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസിനൊപ്പം 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസും കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.